നബി ﷺ യെ അറിയുക

നബി ﷺ യെ അറിയുക

സലീം പട്ല

നബി ﷺ യെ അറിയുക

'ജനങ്ങളേ! നിങ്ങളുടെരക്ഷിതാവിങ്കൽനിന്നുള്ള സത്യവുമായി നിങ്ങളുടെ അടുക്കലിതാ റസൂൽ(ദൈവദൂതൻ) വന്നിരിക്കുന്നു. അതിനാൽ നിങ്ങളുടെ നന്മയ്ക്കായി നിങ്ങൾ വിശ്വസിക്കുക '. ... (വിശുദ്ധ ഖുർആൻ 4/170)

'പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിൻറെ ദൂതനാകുന്നു.'... (വിശുദ്ധ ഖുർആൻ 7/158)

ലോകാവസാനം വരെയുള്ള മനുഷ്യർക്ക് നന്മതിന്മകളും, ശരിതെറ്റുകളും ,ധർമ്മാധർമ്മങ്ങളും, പുണ്യവും പാപവും, സന്മാർഗവുംദുർമാർഗവും, വേർതിരിച്ചു വ്യക്തമാക്കി കൊടുക്കാനും ദൈവീക കൽപനകളനുസനസരിച്ച് ജീവിച്ച് കാണിക്കുവാനും സർവ്വലോകരക്ഷിതാവ് മനുഷ്യരിൽ നിന്ന് തെരെഞ്ഞെടുത്ത് ദൗത്യ മേൽപിച്ച്കൊടുത്ത അന്ത്യപ്രവാചകൻ മുഹമ്മദ് നബി ﷺ യെ സത്യസന്ധവും സുവ്യക്തവുമായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ ലളിതമായി അവതരിപ്പിക്കുന്നു

നബി ﷺ യെ അറിയാനും, നബി ﷺ യെ കുറിച്ചുള്ള തെറ്റിദ്ധാരണകളകറ്റാനും, നബി ﷺ യുടെ ജിവിതം പിന്തുർന്ന് ഇഹലോകത്ത് സമാധാനവും പരലോകത്ത് ശാശ്വത രക്ഷയും ലഭിക്കാനും ആഗ്രഹിക്കുന്ന സത്യാന്വേഷികളായ എല്ലാ സഹോദരങ്ങളും തീർച്ചയായും വായിച്ചിരിക്കേണ്ട പുസ്തകം

നന്മ ബുക്സ് | PO പടല കാസർഗോഡ് | ₹160/-

പരമകാരുണികനും

കരുണാനിധിയുമായ

അല്ലാഹുവിന്റെ നാമത്തിൽ

നബി ﷺ യെ അറിയുക

സലീം പട്ല

Malayalam l Study l Nabi(ﷺ)ye ariyuka
നബി(ﷺ)യെ അറിയുക
Author: Saleem Patla
First Edition: November 2016
Publishing l Distribution
Nanma Books l Patla l PO Patla l Kasaragod l Ph:09020730568
Email: saleempatlakar@gmail.com
Cover & Unicode Type Setting:Bluemango Graphic Vengara 9544236401
Printing: Hopuz
Price: ₹ 160.00

Copyright © saleem patla
All rights reserved under international and nanma books & publications copyright conventions. No part of this book may be used or reproduced in any manner whatsoever without written permission from the publisher, except in the case of brief quotations embodied in critical articles and reviews

ഉള്ളടക്കം

1. അവതാരിക 11
2. ആമുഖം 14

ഭാഗം 1
നബി ﷺയെ അറിയുക നബിജീവിതത്തിൽ നിന്ന്

3. നബി ﷺയുടെ വംശം, പരമ്പര, പേരുകൾ... 33
4. നബി ﷺയുടെ ശരീര ഘടന 35
5. നബി ﷺയുടെ മുടി 37
6. നബി ﷺയുടെ വസ്ത്രം, പാദരക്ഷ... 40
7. നബി ﷺയുടെ പ്രവാചകത്വമുദ്ര, മോതിരം.... 44
8. നബി ﷺയുടെ കുതിര, ഒട്ടകം, വാൾ... 46
9. നബി ﷺ കഴിച്ചിരുന്ന ഭക്ഷണങ്ങൾ 48
10. നബി ﷺയുടെ ഇരുത്തം, കിടത്തം... 52
11. നബി ﷺയുടെ ചിരി 54
12. നബി ﷺയുടെ തമാശ 56
13. നബി ﷺയും വിനോദങ്ങളും 58
14. നബി ﷺയും കവിതകളും 60
15. നബി ﷺയുടെ ഖുർആൻ പാരായണം 62
16. നബി ﷺയുടെ ഭക്തി, ദൈവഭയം, കരച്ചിൽ 64
17. നബി ﷺയുടെ കാരുണ്യം, ദുഃഖം, കരച്ചിൽ 66
18. നബി ﷺയുടെ സംസാരം, ഉപദേശം..... 69
19. നബി ﷺയുടെ സ്വഭാവസവിശേഷത 70
20. നബി ﷺയുടെ വ്യക്തി വിശുദ്ധിയെപറ്റി ശത്രുക്കൾ 75
21. നബി ﷺയുടെ വിനയം 80
22. നബി ﷺയുടെ വിനയത്തിന്റെ ജീവിതപാഠങ്ങൾ 82
23. നബി ﷺ സമാധാനത്തിന്റെ ദൂതൻ 85
24. നബി ﷺയുടെ ക്ഷമ, സഹനം, വിട്ടുവീഴ്ച 87
25. നബി ﷺയുടെ വിശാലമനസ്കത, വിവേകം, വിട്ടുവീഴ്ച 89
26. നബി ﷺയുടെ കാരുണ്യം, ഹൃദയ വിശാലത, മാപ് നൽകൽ 91
27. നബി ﷺയുടെ സൗമ്യത, ശാന്തത, വിവേകം 93
28. നബി ﷺയും ശത്രുക്കളും 95
29. നബി ﷺയുടെ പെരുമാറ്റവും ശത്രുക്കളുടെ മനം മാറ്റവും 97
30. നബി ﷺയുടെ നീതി 100
31. നബി ﷺയുടെ ധീരതയും പോരാട്ടവീര്യവും 102
32. നബി ﷺയുടെ അചഞ്ചല വിശ്വാസവും അർപണവും 104
33. നബി ﷺ സഹിച്ച പരീക്ഷണങ്ങളും പീഢനങ്ങളും 106
34. നബി ﷺയുടെ ദാനശീലം 108

35. നബി ﷺ യും ജാബിറിന്റെ ഒട്ടകവും 111
36. നബി ﷺ യുടെ ജീവിതലാളിത്യം 113
37. നബി ﷺ യുടെ സമ്പാദ്യം 116
38. നബി ﷺ യുടെ ദിവ്യബോധനം 118
39. നബി ﷺ ക്ക് ദിവ്യസന്ദേശം ലഭിച്ച രീതികൾ 120
40. നബി ﷺ യുടെ പ്രബോധനാരംഭം 122
41. നബി ﷺ യുടെ മുഖ്യപ്രബോധനം 124
42. നബി ﷺ യുടെ പ്രബോധനവും മാറ്റങ്ങളും 126
43. നബി ﷺ പറഞ്ഞ ഉപമകളും ഉദാഹരണങ്ങളും 129
44. നബി ﷺ സന്ദർഭമനുസരിച്ച് പറഞ്ഞ ഉപമകൾ 131
45. നബി ﷺ യുടെ പ്രസംഗം 134
46. നബി ﷺ പറഞ്ഞ കഥകൾ 136
47. നബി ﷺ യും കുഞ്ഞുമക്കളും 143
48. നബി ﷺ യും സത്യവിശ്വാസിനികളും 151
49. നബി ﷺ യും പാവങ്ങളും 153
50. നബി ﷺ യും അടിമകളും 156
51. നബി ﷺ യും അമുസ്‌ലിംകളും 158
52. നബി ﷺ യും രോഗികളും 160
53. നബി ﷺ യുടെ ചികിത്സാവിധികൾ 163
54. നബി ﷺ യും പക്ഷി മൃഗാദികളും 165
55. നബി ﷺ യും പാപികളും ദുർവൃത്തരും 167
56. നബി ﷺ വീട്ടിൽ 170
57. നബി ﷺ യും പൂർവ്വ പ്രവാചകന്മാരും 172
58. നബി ﷺ യും യേശു ക്രിസ്തുവും 174
59. നബി ﷺ യിലൂടെ വെളിപെട്ട അൽഭുതങ്ങൾ 178
60. നബി ﷺ യെ നിന്ദിച്ചവരുടെ പര്യവസാനം 183
61. നബി ﷺ യുടെ ശ്രേഷ്ഠതകൾ 185
62. നബി ﷺ പ്രവാചകന്മാരിൽ അന്തിമൻ 191
63. നബി ﷺ യെ സ്നേഹിക്കൽ 193
64. നബി ﷺ ക്ക് വേണ്ടിയുള്ള സ്വലാത്ത് 196
65. നബി ﷺ യുടെ ശഫാഅത്ത് 198
66. നബി ﷺ യും അമിത പ്രശംസയും 200
67. നബി ﷺ യും മത തീവ്രതയും 202
68. നബി ﷺ യുടെ മരണം 204
69. നബി ﷺ യുടെ ഖബർ 211

ഭാഗം 2

നബി ﷺ യെ അറിയുക നബി വചനത്തിലൂടെ

70. അല്ലാഹുവിനെ അറിയുക 216
71. ഈമാൻ, ഇസ്‌ലാം, ഇഹ്‌സാൻ 226
72. വിധി വിശ്വാസം 228
73. തൗഹീദ് അഥവാ ഏകദൈവത്വം 230
74. ഇസ്‌ലാമിന്റെ മഹത്വം 232
75. ഇസ്‌ലാം കാര്യങ്ങൾ 233
76. സത്യവിശ്വാസി 236
77. ആദർശ സാഹോദര്യം 241
78. കുടുംബ ബന്ധം 244
79. മാതാപിതാക്കൾ 246
80. മക്കൾ 249
81. ഭാര്യ ഭർത്താ ബന്ധം 251
82. തൊഴിലാളികൾ 253
83. അനാഥ, അഗതി, വിധവ 254
84. അടിമകൾ 255
85. അയൽവാസി, അതിഥി 257
86. ഭരണാധികാരി, ഭരണീയർ 259
87. മനുഷ്യേതര ജീവജാലങ്ങൾ 260
88. പൊതുവഴി 262
89. നന്മ, പുണ്യം, സൽകർമ്മം, സദാചാരം 264
90. സത്യം, നീതി, വിശ്വസ്തത 268
91. ധീരത, അർപണബോധം, വിശ്വാസ ദൃഢത 271
92. രക്തസാക്ഷ്യം 274
93. ജീവിത വിശുദ്ധി ദൈവ ഭയം, ധർമ്മനിഷ്ഠ സൂക്ഷ്മത 277
94. പശ്ചാതാപമനസ്ഥിതി, ഹൃദയശുദ്ധി 279
95. ഉദ്ദേശശുദ്ധി, സദ്‌വിചാരം 281
96. സ്വഭാവ വിശുദ്ധി, സൽസ്വഭാവം 282
97. ഖുർആൻ പഠനം 284
98. മനഃസംതൃപ്തി 286
99. സാമ്പത്തിക വിശുദ്ധി, നിരാശ്രയത്വം 287
100. ദാനശീലം, ഉദാരത 289
101. നന്മ കല്പിക്കൽ, തിന്മ തടയൽ, ഗുണകാംക്ഷ 291
102. വിശാല മനസ്കത, നിസ്വാർത്ഥത 293
103. വിട്ടുവീഴ്ചയും മാപ്പ് നൽകലും 295
104. വിനയം, ലാളിത്യം, ലജ്ജ 297
105. സൗമ്യത 299
106. ക്ഷമ 301

107. കാരുണ്യം..... 304
108. സൽ പ്രവർത്തികളും സൽഗുണങ്ങളും..... 306
109. തിന്മ, പാപം, ദുഷ്കർമ്മം, ദുസ്വഭാവം, ദുർവൃത്തി..... 309
110. ശിർക്കും കുഫ്റും..... 313
111. അഹങ്കാരം, ആത്മ പ്രശംസ..... 315
112. കോപവും പരുഷസ്വഭാവവും..... 317
113. കാപട്യം, വഞ്ചന, കരാർ ലംഘനം..... 319
114. അസൂയ, പക, സ്വാർത്ഥത, അശ്രദ്ധ..... 322
115. അക്രമം, മർദ്ദനം, മനുഷ്യവധം..... 324
116. കളവ്, കള്ള സാക്ഷ്യം, ഊഹം, കുതർക്കം..... 327
117. അസഭ്യം, പരനിന്ദ, ശാപവർഷം..... 330
118. ഏഷണി, പരദൂഷണം, ആരോപണം, മുഖസ്തുതി..... 332
119. വർഗ്ഗീയത, തീവ്രവാദം, യുക്തിവാദം..... 334
120. പിശുക്ക്, ആഡംബരം, ധൂർത്ത്, ആർത്തി..... 335
121. അത്യാഗ്രഹം, അധികാരമോഹം, അഴിമതി..... 337
122. യാചന, കടം, ദാനം തിരിച്ച് വാങ്ങൽ..... 339
123. ചതി, ഭൂമി കയ്യേറ്റം, കൈകൂലി, പൂഴ്ത്തിവെപ്പ്..... 341
124. പലിശയും നിഷിദ്ധ സമ്പാദ്യങ്ങളും..... 343
125. ആത്മഹത്യ..... 345
126. മദ്യവും ലഹരി വസ്തുക്കളും..... 347
127. വ്യഭിചാരം..... 349

ഭാഗം 3

നബി ﷺ യെ അറിയുക ഖുർആനിൽ നിന്ന്

128. എന്താണ് വിശുദ്ധ ഖുർആൻ..... 354
129. ആരാണ് അല്ലാഹു..... 360
130. പ്രവാചകന്മാരുടെ മുഖ്യ പ്രബോധനം..... 366
131. തൗഹീദ് ഏകദൈവവിശ്വാസം..... 369
132. ശിർക്ക് അഥവാ ബഹുദൈവവിശ്വാസം..... 378
133. ഇസ്ലാം എന്നാൽ..... 380
134. പരലോകം..... 387
135. ആർക്കാണ് സ്വർഗം?..... 395
136. മുഹമ്മദ് നബി ﷺ ഖുർആനിൽ..... 399
137. യേശുക്രിസ്തുവും ക്രിസ്തുവിന്റെ മതവും ഖുർആനിൽ..... 417

അവതാരിക

മനുഷ്യൻ സ്വമേധയാ നന്മ ആഗ്രഹിക്കുന്നവനാണ്. സ്വയം നാശമടയാനോ, തന്റെ ജീവിതം ഒരു ദുരന്തമായി കലാശിക്കാനോ അറിഞ്ഞുകൊണ്ട് ഒരാളും ആഗ്രഹിക്കുകയില്ല. പക്ഷെ സാഹചര്യം മനുഷ്യനെ തിന്മയിൽ വീഴ്ത്തുകയാണ്. അത് അവൻ അറിയുന്നില്ലെന്ന് മാത്രം.

അപകട സാധ്യത കൂടിയ ഒരു വഴിയിൽ കൂടി അശ്രദ്ധമായി ഓടുന്ന ഒരു വണ്ടിയെപ്പറ്റി സങ്കല്പിക്കുക. അതിലിരുന്ന് യാത്ര ചെയ്യുന്നവർ തീർത്തും അശ്രദ്ധരാണ്. സംഭവിക്കാനിരിക്കുന്ന ദുരന്തത്തെപ്പറ്റി അവർ ബോധവാന്മാരല്ല. എന്നാൽ പുറത്ത് നിന്ന് നോക്കുന്നവർ നെറ്റി ചുളിക്കുന്നു. ആ ഓട്ടത്തിന്റെ ഭയാനകത അവർക്ക് വേഗം മനസ്സിലാകുന്നു.

മനുഷ്യ ജീവിതത്തെപ്പറ്റി ഈ ഉപമ അർത്ഥവത്താണ്. ലോക നിയന്താവായ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ ആസ്വദിച്ച് ആഹ്ലാദിച്ച് ജീവിക്കുകയാണ് മനുഷ്യൻ. എന്നാൽ അവനോട് നന്ദി ചെയ്യണമെന്ന കല്പന അവൻ കേൾക്കുന്നില്ല. അഥവാ അതിന്നു പകരം ധിക്കാരിയാവുകയാണവൻ. സർവ്വശക്തനായ അല്ലാഹുവിന്ന് ഏതു സമയത്തും അവനെ പിടികൂടാൻ കഴിയും. ചിലപ്പോൾ ആ ശിക്ഷ ഈ ലോകത്ത് നിന്ന് തന്നെ അവൻ അനുഭവിക്കേണ്ടിവരും. പരലോകത്ത് നിന്ന് ഉറപ്പായും അവൻ ശിക്ഷിക്കപ്പെടും. തെറ്റു ചെയ്തവർ ശിക്ഷയനുഭവിക്കുക എന്നത് മനുഷ്യൻ അംഗീകരിക്കുന്ന നീതിയുടെ ഭാഗമാണ്. അല്ലാഹുവാകട്ടെ നീതിമാനുമാണ്. ഈ ശിക്ഷയെപ്പറ്റി ലവലേശം പോലും ബോധവാനല്ലാതെ ജീവിക്കാൻ മനുഷ്യന് എങ്ങനെ തോന്നും?

ജീവിതത്തിന്റെ യാഥാർത്ഥ്യത്തെപ്പറ്റിയുള്ള അറിവിന്റെ അഭാവമാണ് പ്രശ്നം. ജന്മനാ അവനു ചില അറിവുകൾ ലഭിക്കുന്നുണ്ട്. അത്, പക്ഷെ അവന്റെ ഇഹപര വിജയത്തിന്നു നിദാനമായ അറിവുകളല്ല. ഈ അറിവു ലഭിക്കണമെങ്കിൽ അതിന്നുള്ള സന്ദർഭങ്ങൾ ലഭിച്ചേ തീരൂ. വിശപ്പും ദാഹവും ലൈംഗിക വിചാരവുമെല്ലാം ജന്മനാ ഒരു വ്യക്തിക്ക് ലഭിക്കുന്ന ബോധമാണ്. അതിനുള്ള മാർഗ്ഗങ്ങളന്വേഷിക്കാനും അവനെ ആരും പ്രത്യേകം

പഠിപ്പിച്ചിട്ടു വേണ്ട. എന്നാൽ അവയിലെ ശരിയും തെറ്റും പഠിച്ചെങ്കിലേ അവനറിയൂ. അനുവദനീയമായ ഭക്ഷ്യ പദാർത്ഥങ്ങളും പാനീയങ്ങളും ലൈംഗിക ചേഷ്ഠകളും നിഷിദ്ധമായതിൽ നിന്ന് വേർതിരിച്ചറിയണമെങ്കിൽ മനുഷ്യൻ പഠിപ്പിക്കപ്പെടണം. ഇത് കൊണ്ടാണ് ഇസ്‌ലാം അറിവു സമ്പാദിക്കുന്നതിന്ന് അതിരുകവിഞ്ഞ പ്രാധാന്യം നൽകിയത്. മനുഷ്യ സമുദായത്തിൽ നിലക്കാത്ത വിധം പ്രവാചകന്മാരെ അയച്ചതും അവരുടെ മാർഗ്ഗദർശനങ്ങൾ മനുഷ്യനുള്ള കാലം വരെ നിലനിർത്തിയതും.

മാനവികത കാത്തു സൂക്ഷിക്കുവാനാവശ്യമായ അറിവുകളുടെ ഉറവിടങ്ങളാണ് വേദഗ്രന്ഥങ്ങളും നബിമാരും. അവർ നൽകിയ ജ്ഞാനം മനുഷ്യന്റെ വിശകലന ബുദ്ധിക്ക് അപ്രാപ്യമാണ്. എന്നാൽ ബുദ്ധിക്കെതിരുമല്ല. സ്വയം അധ്വാനിച്ചുണ്ടാക്കിയ പണം കൊടുത്ത് വാങ്ങിയ ഒരു ഭക്ഷണവും, അതേ ഭക്ഷണം അന്യരുടെത് മോഷ്ടിച്ചെടുത്തതും തമ്മിൽ രുചിക്കോ വിശപ്പിന്റെ ശമനത്തിനോ പോഷക ഘടനകൾക്കോ വ്യത്യാസമില്ല. പക്ഷെ, ആദ്യത്തേത് അവന് അനുവദനീയമാണ്. രണ്ടാമത്തേത് നിഷിദ്ധമാണ്. ഈ വകതിരിവ് മനുഷ്യന്ന് മതപരമായ ജ്ഞാനത്തിൽ നിന്നല്ലാതെ ലഭിക്കുകയില്ല. അധ്വാനിച്ച് ജീവിക്കുന്ന ഒരു സമൂഹം മതബോധത്തിന്റെ ഉല്പന്നമാണ്. ആ സമൂഹത്തിന്നേ ലോകത്ത് നന്മ സൃഷ്ടിക്കാൻ കഴിയൂ. രണ്ടാമത്തെ വിഭാഗം ലോകത്തിന്ന് നാശമാണ്. ഒരാൾക്ക് അനുവദനീയമായ ഇണമുഖേനയുള്ള ലൈംഗിക ബന്ധം സദാചാരമാണ്. ഈ സദാചാരത്തെയാണ് എല്ലാവരും ആഗ്രഹിക്കുന്നത്. സമൂഹത്തിന്റെ ശാന്തിക്കും സുസ്ഥിരതക്കും അത് ആവശ്യവുമാണ്. എന്നാൽ വ്യഭിചാരമോ? അത് നാശമാണ്. മാനവികതക്ക് മഹാവിപത്താണ്. തന്റെ സ്വന്തം ഇണയുമായുള്ള ലൈംഗിക ബന്ധവും, വ്യഭിചാരവും തമ്മിൽ തമ്മിൽ രൂപത്തിലോ ഭാവങ്ങളിലോ വൈകാരിക ശമനത്തിലോ വ്യത്യാസങ്ങളില്ലായിരിക്കാം. പിന്നെ എങ്ങനെയാണ് ഈ വേർതിരിവ് മനുഷ്യൻ തിരിച്ചറിഞ്ഞത്? പലരും ഇത് തിരിച്ചറിയാത്തത് എന്തുകൊണ്ട്?

അപ്പോൾ അറിവില്ലായ്മയാണ് പ്രശ്നം. മനുഷ്യന്റെ ബോധമണ്ഡലത്തെയും, വൈകാരികതയെയും തന്നിമിത്തം പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്ന അറിവാണ് മനുഷ്യന്ന് വേണ്ടത്. ഈ ത്രിതല സ്പർശിയായ അറിവുകൾ വിശ്വാസത്തെയും വിചാരഗതിയെയും ജീവിതത്തെയും മാറ്റും. അഥവാ മനുഷ്യൻ സ്വയം മാറും.

ഒരു മനുഷ്യൻ തന്റെ റബ്ബിനെ (രക്ഷിതാവിനെ) അറിയണം. അവന്റെ മാർഗ്ഗദർശനം ഗ്രഹിക്കണം. എന്നിട്ട് സത്യമാർഗ്ഗത്തിലുള്ള ജീവിതത്തിന്റെ മധുരമറിയണം. അപ്പോൾ മാത്രമെ അവന്ന് യഥാർത്ഥ തഖ്‌വ(ഭക്തി, ജീവിത വിശുദ്ധി) കൈവരിക്കാനാവൂ.

“നിശ്ചയം അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ അടിമകളിൽ അറിവുള്ളവർ മാത്രമാണ്.” (വിശുദ്ധ ഖുർആൻ: 35/28) ഈ അറിവാണ് ശാന്തിയുടെ മാർഗ്ഗം. അല്ലാഹുവിനെപ്പറ്റി ശരിയായ ബോധമുള്ളവർക്കെ

ശാന്തി കൈവരിക്കാനാവൂ.

"അറിയുക, അല്ലാഹുവിനെപ്പറ്റിയുള്ള സ്മരണകൊണ്ടത്രെ ഹൃദയങ്ങൾ സമാധാനമടയുന്നത്." (വിശുദ്ധ ഖുർആൻ: 13/28)

ഈ ഗ്രന്ഥത്തെപ്പറ്റി

മനുഷ്യന്റെ ഇഹപര രക്ഷക്ക് ആവശ്യമുള്ള അറിവുകൾ ഗഹനമായ വിഷയങ്ങളല്ല. ബുദ്ധിപരമായ വ്യാപാരം അധികം ആവശ്യമുള്ളതല്ല. പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി കണ്ടെത്തേണ്ടതല്ല. നേരെ മറിച്ച് സാധാരണ മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട ഗഹനവും എന്നാൽ ലളിതവും പ്രായോഗികവുമായ നിയമ നിർദ്ദേശങ്ങളാണവ.

"ഈ മതത്തിൽ നിങ്ങൾക്ക് യാതൊരു പ്രയാസവും അല്ലാഹു ഉണ്ടാക്കിയിട്ടില്ല." (വിശുദ്ധ ഖുർആൻ: 22/78)

"അല്ലാഹു ഒരു ദേഹത്തിനോടും അതിന്റെ കഴിവിൽ പെട്ടതല്ലാതെ കല്പിച്ചിട്ടില്ല." (വിശുദ്ധഖുർആൻ: 2/286)

ഇങ്ങനെയുള്ള ലളിതമായ വിഷയങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഭാഷ ലളിതമാണ്, അവതരണ രീതി മുതിർന്നവർക്കും, ചെറിയവർക്കും, ബുദ്ധിജീവികൾക്കും, സാധാരണക്കാർക്കും, പഠിച്ചവർക്കും, പഠിക്കുന്നവർക്കും അനുയോജ്യമാണ്. പ്രമാണബദ്ധവുമാണ്. വിശ്വാസ കർമ്മ സ്വഭാവ കാര്യങ്ങളുടെ സമ്മിശ്രമാണ്. അതുകൊണ്ട് തന്നെ എല്ലാവരും വായിച്ചിരിക്കേണ്ടതും പുനഃർ വായനക്ക് കരുതി വെക്കേണ്ടതുമാണ്. ഗ്രന്ഥകാരൻ പരമാവധി പരിശോധിച്ചും ശ്രദ്ധിച്ചുമാണ് ഇത് എഴുതി തയ്യാറാക്കിയതെന്ന് മനസ്സിലാകുന്നു. സ്ഖലിതങ്ങളുണ്ടെങ്കിൽ മാന്യ വായനക്കാർ തിരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത് ഗ്രന്ഥകാരന് ഇഹത്തിലും പരത്തിലും നിത്യ നന്മ ലഭിക്കുന്ന സൽകർമ്മമായി അല്ലാഹു സ്വീകരിക്കുമാറാവട്ടെ. ആമീൻ

-കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ

ആമുഖം

മുഹമ്മദ് നബി(സ)

നന്മതിന്മകൾ വേർതിരിച്ചറിയാനുള്ള കഴിവുകളടക്കം മറ്റു സൃഷ്ടികൾക്കൊന്നുമില്ലാത്ത പ്രത്യേകതകൾ നൽകി മനുഷ്യനെ ഭൂമിയിലേക്കയച്ച പ്രപഞ്ചനാഥൻ, ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അവർ പാലിക്കേണ്ട വിധിവിലക്കുകൾ. പഠിക്കേണ്ടതിനാവശ്യമായ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ആദി മനുഷ്യനായ ആദം ഭൂമിയിൽ വാസമുറപ്പിച്ച നാൾതൊട്ട് ദൈവത്തിൽ നിന്നുള്ള മാർഗനിർദ്ദേശങ്ങൾ ലഭിച്ച് പോന്നിട്ടുണ്ട്. സ്രഷ്ടാവിൽ നിന്നുള്ള മാർഗ്ഗദർശനത്തിന്റെ അടിസ്ഥാനത്തിൽ സ്രഷ്ടാവിനെ മാത്രം ആരാധിച്ച് അവന്റെ വിധി വിലക്കുകളനുസരിച്ച് ആദം ജീവിച്ചു. കാലങ്ങൾ പിന്നിടുകയും ആദം സന്തതികൾ പെരുകുകയും ചെയ്തപ്പോൾ വിശ്വാസങ്ങൾക്ക് വ്യതിയാനം സംഭവിക്കാൻ തുടങ്ങി. സമൂഹത്തിലെ മഹത്തുക്കളോടുള്ള അതിരുവിട്ട ബഹുമാനവും മനുഷ്യന്റെ ജന്മശത്രുവായ പിശാചിന്റെ ദുർമന്ത്രണവുമാണ് വഴികേടിനു നിമിത്തമായത്. പുണ്യവാളന്മാരോടുള്ള ആദരവ് അവരെ പൂജിക്കുന്നതിലേക്കും അവരോട് സഹായമഭ്യർത്ഥിക്കുന്നതിലേക്കും അവരെ ആരാധ്യരായി പ്രതിഷ്ഠിക്കുന്നതിലേക്കും മനുഷ്യരെ എത്തിച്ചു.

പ്രപഞ്ചനാഥനെ ഭയപ്പെട്ട്, അവന് കീഴ്പെട്ട്, അവനെ മാത്രം ആരാധിച്ച്, അവനോട് മാത്രം പ്രാർത്ഥിച്ചിരുന്ന മനുഷ്യത്തറവാട്ടിൽ വിള്ളലുകളുണ്ടായി. അങ്ങനെ മനുഷ്യസമൂഹം ഭിന്നിച്ചു. അനേകം ആരാധ്യരും, അരാധനാസമ്പ്രദായങ്ങളും, പ്രാർത്ഥനാരീതികളും, ആരാധ്യവസ്തുക്കളും നിലവിൽ വന്നു. സർവ്വലോക രക്ഷിതാവ് അവതരിപ്പിച്ചു കൊടുത്ത ശുദ്ധ പ്രകൃതിയുടെ മതത്തിന് പകരം മനുഷ്യനിർമ്മിതങ്ങളായ പല മതങ്ങളുമുണ്ടായി. വിവിധനാടുകളിലേക്ക് കുടിയേറി പാർത്തതോട് കൂടി ഓരേ മാതാപിതാക്കളുടെ മക്കളായിരുന്ന ആദം സന്തതികൾ വ്യത്യസ്ത സമൂഹങ്ങളും, ദേശങ്ങളും, ഗോത്രങ്ങളും, സമുദായങ്ങളും വർഗ്ഗങ്ങളുമായി മാറി.

ദൈവത്തിന്റെ വിശാലമായ ഭൂമിയിൽ വരമ്പുകളും, വേലികളും, മതിൽ കെട്ടുകളും, രാജ്യാതിർത്തികളുമുണ്ടായി. സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച അവരിലെ വലിയൊരു വിഭാഗം, സാക്ഷാൽ ആരാധ്യനായ ദൈവത്തിന്റെ വിധിവിലക്കുകൾ ചെവികൊള്ളാതെ ദുർവ്യത്തികളിലും

ദുരാചാരങ്ങളിലും വ്യാപൃതരായപ്പോൾ പ്രവാചകന്മാരുടെ നിയോഗങ്ങളും വേദഗ്രന്ഥങ്ങളുടെ അവതരണങ്ങളും ഉണ്ടായി.

നന്മയും തിന്മയും മനുഷ്യർക്ക് വേർതിരിച്ച് വ്യക്തമാക്കി കൊടുക്കാനും, ദൈവിക കല്പനകളനുസരിച്ച് ജീവിച്ച് കാണിച്ച് കൊടുക്കാനും കാരുണ്യവാനായ സ്രഷ്ടാവ് മനുഷ്യർക്കിടയിൽ നിന്ന് തന്നെ തെരെഞ്ഞെടുത്ത് ദൗത്യമേല്പിക്കുന്നവർക്കാണ് ദൈവദൂതന്മാർ എന്നും പ്രവാചകന്മാർ എന്നു പറയുന്നത്.

പ്രവാചകന്മാരിലൂടെ ദൈവമവതരിപ്പിക്കുന്ന ഇഹപരജീവിതത്തിന്നാവശ്യമായ നിയമനിർദ്ദേശങ്ങളുടെ സമാഹാരമാണ് വേദഗ്രന്ഥങ്ങൾ.

പ്രവാചകന്മാർക്ക് ശേഷം വന്ന ചിലർ പ്രവാചകധ്യാപനങ്ങൾ മാറ്റി മറിക്കുകയും വേദഗ്രന്ഥങ്ങളിൽ കൈകടത്തലുകൾ നടത്തുകയും ചെയ്തു. പ്രവാചകന്മാരെ ദൈവാവതാരങ്ങളായി പ്രതിഷ്ഠിക്കുന്നവരും, ദൈവപുത്രന്മാരായി അവരോധിക്കുന്നവരും, ദൈവം തന്നെയായിരുന്നു അവരെന്ന് വാദിക്കുന്നവരും, പ്രവാചകന്മാരുടെയും മഹാന്മാരുടെയും വിശുദ്ധ ശരീരം അടക്കം ചെയ്ത കല്ലറകൾ പടുത്തുയർത്തി വെള്ളപൂശി പ്രാർത്ഥനാ വഴിപാടുകളുമായി കഴിഞ്ഞുകൂടുന്നവരും അവരിലുണ്ടായി. ഏകദൈവത്തെ മാത്രം ആരാധിക്കണമെന്ന് പറഞ്ഞതിന്റെ പേരിൽ മർദ്ദനങ്ങളും പീഢനങ്ങളും ഏറ്റുവാങ്ങിയ പ്രവാചകന്മാർ തന്നെ പിൽകാലത്ത് ആരാധിക്കപ്പെടുന്ന വൈരുധ്യത്തിന് മനുഷ്യ ചരിത്രം സാക്ഷിയായി.

അപ്പോഴൊക്കെ സത്യവും അസത്യവും ധർമ്മവും അധർമ്മവും മനസ്സിലാക്കികൊടുക്കുവാനും, ഭിന്നിച്ച വിഷയത്തിൽ തീർപ്പു കല്പിക്കുവാനുമായി ദൈവ ദൂതന്മാർ വന്നുകൊണ്ടിരുന്നു. ലോകത്ത് എവിടെയൊക്കെ മനുഷ്യവാസമുണ്ടായിട്ടുണ്ടോ അവിടെയെല്ലാം സ്വർഗത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവരും നരകത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നവരുമായ പ്രവാചകന്മാരുടെ നിയോഗവും നടന്നിട്ടുണ്ട്. പ്രവാചകന്മാരെ വിശ്വസിക്കുന്നവരും തള്ളികളയുന്നവരും അവരിലുണ്ടായിരുന്നു. സർവ്വലോക രക്ഷിതാവിന് സർവ്വവും സമർപ്പിച്ച് കീഴ്പ്പെട്ട് പ്രവാചകന്മാരെ അനുസരിച്ച് ജീവിച്ചതിനാൽ ഒന്നാമത്തെ വിഭാഗം മുസ്ലിംകൾ എന്നും ദൈവത്തെയും ദൂതന്മാരെയും അവിശ്വസിച്ച് തള്ളിക്കളഞ്ഞതിനാൽ രണ്ടാമത്തെ വിഭാഗം അവിശ്വാസികൾ (കാഫിർ) എന്നും അറിയപ്പെട്ടു.

വിവിധ ഘട്ടങ്ങളിലായി വ്യത്യസ്ത സമൂഹങ്ങളിലേക്ക് അയക്കപ്പെട്ട ദൈവദൂതന്മാരുടെ പിൻഗാമിയായും പൂർവ്വ പ്രവാചകന്മാർ നിലകൊണ്ട ദൈവസമർപണത്തിന്റെ മതമായ ഇസ്ലാമിന്റെ പൂർത്തീകരണത്തിനായും, അവസാന നാൾ വരെയുള്ള മനുഷ്യർക്ക് മാതൃകയായും വന്ന അന്ത്യപ്രവാചകനാണ് മുഹമ്മദ് നബി ﷺ.

ക്രിസ്താബ്ദം 571 ഏപ്രിൽ 20ന് തിങ്കളാഴ്ചയാണ് അറേബ്യയിലെ മക്കയിൽ മുഹമ്മദ് നബി ﷺ ജനിച്ചത്. ജനനത്തിന് മുമ്പ് പിതാവും ആറു

വയസ്സുള്ളപ്പോൾ മാതാവും മരിച്ചതിനാൽ അനാഥനായാണ് വളർന്നത്. ബഹുദൈവാരധനയടക്കമുള്ള വലുതും ചെറുതുമായ എല്ലാ തിന്മകളും നിലനിന്നിരുന്ന അറേബ്യയിലെ ജീർണ്ണതകളോ മാലിന്യങ്ങളോ അശേഷം സ്പർശിക്കാതെ വിശ്വസ്തനെന്നും സത്യസന്ധനെന്നും സർവ്വരാലും അദ്ദേഹം വാഴ്ത്തപ്പെട്ടു. ഇരുപത്തഞ്ചാമത്തെ വയസ്സിൽ ഖദീജയെന്ന നാല്പതുകാരിയെ വിവാഹം ചെയ്തു. നാല്പതാം വയസ്സിലാണ് മുഹമ്മദ് നബി ﷺ ക്ക് ദൈവത്തിൽ നിന്ന് ബോധനങ്ങൾ ലഭിക്കാനാരംഭിച്ചത്. പ്രവാചകനായി തെരെഞ്ഞെടുക്കപ്പെട്ട മുഹമ്മദ് ﷺ, സ്രഷ്ടാവിൽ നിന്ന് ലഭിച്ച സന്ദേശം എത്തിച്ച് കൊടുത്തപ്പോൾ, പരിഹാസങ്ങളും ആരോപണങ്ങളും, മർദ്ദനങ്ങളും കൊലവിളികളുമായാണ് സ്വസമൂഹം എതിരേറ്റത്. സത്യമതമനുസരിച്ച് ജീവിക്കാനുള്ള സ്വാതന്ത്ര്യം തടയപ്പെട്ടപ്പോൾ കുറഞ്ഞ അനുയായികളോടൊപ്പം ജനിച്ച് വളർന്ന നാട് വിട്ട് മദീനയിലേക്ക് പാലായനം ചെയ്യുകയും അവിടെ ഒരു ഇസ്ലാമിക രാഷ്ട്രമുണ്ടാവുകയും മുഹമ്മദ് നബി ﷺ അതിന്റെ നേതൃത്വമേറ്റെടുക്കുകയും ചെയ്തു. മദീനയിലും ഇസ്ലാമനുസരിച്ച് ജീവിക്കാൻ അവിശ്വാസികൾ സമ്മതിക്കാതിരുന്നപ്പോൾ മതസ്വാതന്ത്ര്യത്തിന് വേണ്ടി അവരുമായി യുദ്ധങ്ങൾ നടന്നു.

ഇരുപത്തിമൂന്ന് വർഷത്തെ പ്രവാചക ജീവിതത്തിന് ശേഷം ലോകത്തിന് മുഴുവൻ മാതൃകായോഗ്യരായ ഒരു സമൂഹത്തെ അവശേഷിപ്പിച്ചുകൊണ്ട് അറുപത്തിമൂന്നാമത്തെ വയസ്സിൽ നബി ﷺ ഇഹലോകവാസം വെടിഞ്ഞു.

നബി(സ)യുടെ ചരിത്രപരത

ചരിത്രത്തിന്റെ ദശാസന്ധികളിലൂടെ നിരവധി മതാചാര്യന്മാരും രാഷ്ട്രസ്ഥാപകരും ദിഗ്വിജയികളും ശാസ്ത്രപ്രതിഭകളും മഹാദർശനികന്മാരും ധർമ്മോപദേഷ്ടാക്കളും കടന്നുപോയിട്ടുണ്ട്. അവരുടെ ജീവിതത്തിലെ വാക്കുകളും കർമ്മങ്ങളും അംഗീകാരങ്ങളും സ്വഭാവവിശേഷങ്ങളും ശരീരഘടനയുമൊക്കെ കൂട്ടിച്ചേർക്കലുകളോ വെട്ടിച്ചുരുക്കലുകളോ ഇല്ലാതെ, ഉള്ളത് ഉള്ളത്പോലെ ലഭ്യമല്ലെന്ന് മാത്രമല്ല അങ്ങനെയൊന്ന് സങ്കല്പിക്കുകപോലും സാധ്യമല്ല. ശ്രീബുദ്ധൻ, മഹാവീരൻ, കൺഫ്യൂഷ്യസ്, ശ്രീകൃഷ്ണൻ, ലാവോൽസെ, സൊറാഷ്ടർ, ശ്രീരാമൻ, അലക്സാണ്ടർ, സോക്രട്ടീസ്, പ്ലാറ്റോ, അരിസ്റ്റോട്ടിൽ.... ഇവരുടെയൊന്നും ജീവചരിത്രം കണിശവും കുറ്റമറ്റതുമായ രീതിയിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഇതിൽ ചിലരുടെയെങ്കിലും ജീവിതം ചരിത്രപരമായി തെളിയിക്കാൻ അവരുടെ അനുയായികൾക്ക് പോലും കഴിഞ്ഞിട്ടില്ല. മോശെ പ്രവാചകന്റെയും യേശുക്രിസ്തുവിന്റെയും ജീവിതത്തിൽ നിന്നുള്ള ചില സംഭവങ്ങൾ പഴയ, പുതിയ നിയമങ്ങളിൽ വന്നതൊഴിച്ചാൽ, അവരുടെ മറ്റനേകം ജീവിത മേഖലകളെകുറിച്ച് ബൈബിൾ പൂർണ്ണ മൗനത്തിലാണ്. കഴിഞ്ഞ നൂറ്റാണ്ടു

കളിൽ ജീവിച്ചിരുന്ന, മാർക്ക്സ്, ലിങ്കൺ, മഹാത്മാഗാന്ധി എന്നിവരുടെ പോലും സത്യസന്ധവും സമഗ്രവുമായ ജീവിത ചിത്രമോ ജീവചരിത്രമോ നമുക്ക് മുമ്പിലില്ല. ഉള്ളത് തന്നെ അസത്യത്തിന്റെ കലർപ്പില്ലാത്തതാണെന്ന് ആരും ഉറപ്പ് വരുത്തിയിട്ടില്ല.

എന്നാൽ ചരിത്രത്തിന്റെ തെളിഞ്ഞ വെളിച്ചത്തിലാണ് മുഹമ്മദ് നബിﷺ ജീവിച്ചത്. നബിﷺയുടെ ചരിത്രപരത ആർക്കും പരിശോധിച്ച് ഉറപ്പ് വരുത്താവുന്ന വിധം സുതാര്യവും സുവ്യക്തവും രേഖകളാൽ സമൃദ്ധവുമാണ്. സംശയത്തിനിടയില്ലാത്തവിധം ചരിത്ര വസ്തുതകളുടെ ബലിഷ്ഠമായ അടിത്തറയിൽ പടുതുയർത്തപ്പെട്ട പ്രവാചക ജീവിതം പ്രകാശ സമാനമായ പകൽ പോലെ ലോകത്തിന് മുന്നിൽ ജ്വലിച്ച് നിൽക്കുന്നു. നാല്പതാം വയസ്സിൽ പ്രവാചക ജീവിതം ആരംഭിച്ചതിന് ശേഷമുള്ള കാലഘട്ടം എന്നല്ല, അതിന് മുമ്പുള്ള യുവത്വവും ശൈശവവും ജനനവുമടക്കമുള്ള കാര്യങ്ങളും സത്യസന്ധമായി എഴുതപ്പെട്ടിരിക്കുന്നു. പ്രവാചകത്വം തൊട്ടിങ്ങോട്ടുള്ള അവിടുത്തെ വാക്കും നോക്കും അനക്കവും അടക്കവുമെല്ലാം നിയമ സ്വഭാവമുള്ളതിനാൽ അതിന്റെ മുഴുവൻ ഭാവതലങ്ങളും ചോരാതെ ചരിത്രരേഖകളായി ഇന്നും ലഭ്യമാണ്. നബിﷺയുടെ ജീവിതം നേർക്കുനേരെ മനസ്സിലാക്കുകയും അത് രേഖപ്പെടുത്തുകയോ, പറഞ്ഞ് കൊടുക്കുകയോ ചെയ്യുമ്പോൾ, തെറ്റുകൾ കടന്നു കൂടാതിരിക്കാൻ അതീവ ജാഗ്രത പുലർത്തുകയും ചെയ്തവരിൽ നിന്ന് ലഭിച്ച ചരിത്രരേഖകളാണത്. പൊതു ജീവിതത്തിലും സ്വകാര്യജീവിതത്തിലുമുള്ള മുഹമ്മദ് നബിﷺയുടെ വാക്കുകളും നടപടികളും മാത്രമല്ല അവിടുത്തെ ശ്വാസനിശ്വാസങ്ങളും- മൗനങ്ങൾ പോലും- ഹദീസുകളായി സമാഹരിക്കപ്പെട്ടിക്കുകയാണ്. പ്രസ്തുത ഹദീസുകൾ പലതലമുറകളിലും പെട്ട സത്യസന്ധരും ആദർശപ്രതിബദ്ധതയുള്ളവരും പ്രതിഭാധനരും പ്രഗൽഭരുമായ ശതകണക്കിന് ഗവേഷകരുടെ കണിശവും സൂക്ഷ്മവുമായ പരിശോധനക്ക് വിധേയമായിട്ടുണ്ട്. സൂക്ഷ്മതക്കും കൃത്യതക്കും അവർ നിശ്ചയിച്ച കർശന നിബന്ധനകൾ പൂർത്തിയാകാത്ത എല്ലാ നിവേദനങ്ങളെയും അവർ തള്ളികളഞ്ഞു. ഹദീസ് സമാഹർത്താക്കളായ ബുഖാരിﷺ മുസ്ലിംﷺ എന്നിവർ അവരിൽ പ്രമുഖരാണ്.

മുഹമ്മദ് നബിﷺ പറയാത്തതോ ചെയ്യാത്തതോ ആയ കാര്യങ്ങളെന്തെങ്കിലും അദ്ദേഹത്തിൽ ആരോപിക്കാൻ കഴിയാതത്ര സൂക്ഷ്മമായാണ് ഹദീസുകൾ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നത്. പ്രവാചക ജീവിതത്തിലെ സത്യതയും കൃത്യതയും ഉറപ്പ് വരുത്തുന്നതിന്നായി ഈ പണ്ഡിതന്മാർക്ക് ആയിരക്കണക്കിന് നിവേദകരുടെ ജീവചരിത്രങ്ങൾ പഠിക്കേണ്ടിവന്നിട്ടുണ്ട്. ഒരു ലക്ഷത്തിലധികം വരുന്ന സത്യസന്ധരുടെ ദൃക്സാക്ഷി വിവരണത്തിന്റെ നേർ സാക്ഷ്യമാണ് ഹദീസുകൾ. മക്കാ വിജയ വേളയിൽ പതിനായിരം സഹാബികൾ നബിﷺയെ അനുഗമിച്ചിരുന്നു. തബൂക്ക് യുദ്ധക്കാലത്ത്

മുപ്പതിനായിരവും. നബിﷺയുടെ വിടവാങ്ങൽ പ്രസംഗത്തിൽ ഒരു ലക്ഷം സഖാക്കളാണ് സന്നിഹിതരായിരുന്നത്. നബിﷺ മരണപ്പെടുമ്പോൾ ജീവിച്ചിരുന്ന സഹാബികളുടെ എണ്ണം ഒരു ലക്ഷത്തിന് മുകളിലായിരുന്നു. സാംസ്കാരികമായി വട്ടപൂജ്യത്തിലായിരുന്ന ഒരു ജനതയെ അവസാന നാൾ വരെയുള്ള മുഴുവൻ മനുഷ്യർക്കും മാതൃകയാവുന്നവിധം ധാർമ്മികമായി പരിവർത്തിപ്പിച്ച്, തന്റെ ദൗത്യ നിർവഹണം പൂർത്തിയാക്കി അതിന്റെ കൈത്തിരി നാളം ലക്ഷത്തിലധികം വരുന്ന തന്റെ അനുയായികൾക്ക് കൈമാറിയതിന് ശേഷമാണ് നബിﷺ വിടവാങ്ങിയത്. അല്ലാഹു സംരക്ഷിക്കുമെന്ന് ഉറപ്പ് നൽകിയ വേദഗ്രന്ഥത്തോടൊപ്പം അതിന്റെ പ്രായോഗിക വിശദീകരണമായ പ്രവാചക ജീവിതവും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അൽ-ഹംദുലില്ലാഹ്.

നബി(സ)യുടെ ജീവിതത്തിന്റെ പൂർണ്ണത

മറ്റെല്ലാ ചരിത്ര പുരുഷന്മാരിൽ നിന്നും വ്യത്യസ്തനായാണ് പതിനാല് നൂറ്റാണ്ട് മുമ്പ് ജീവിച്ച മുഹമ്മദ് നബിﷺ ചരിത്രത്തിൽ നിലകൊള്ളുന്നത്. നബിﷺയുടെ ജീവിതം മുഴുവനും ചരിത്രത്താളുകളിൽ ലിഖിതമാണ്. ആ ജീവിതത്തിലെ ഒരു സംഭവവും ഒളിച്ചു വെക്കപ്പെട്ടതോ മൂടലിൽ മാഞ്ഞുപോയതോ ആയിട്ടില്ല. പ്രവാചക ജീവിതമെന്ന തുറന്ന പുസ്തകത്തിൽ കീറിക്കളഞ്ഞ അദ്ധ്യായങ്ങളോ വെട്ടിത്തിരുത്തിയ ഭാഗങ്ങളോ ഒട്ടിപ്പിടിച്ച പേജുകളോ മായ്ച്ചു കളഞ്ഞ വരികളോ ഇല്ല. നിഴലുകൾക്കും നിഗൂഢതകൾക്കും പകരം ചരിത്ര സത്യമാണ് നബിﷺക്ക് വേണ്ടി സംസാരിക്കുന്നത്.

ജനനം, ശൈശവം, കൗമാരം, യൗവ്വനം, വ്യാപാരം, പര്യടനങ്ങൾ, വിവാഹം, പ്രവാചകത്വത്തിന് മുമ്പുള്ള സുഹൃത്തുക്കൾ, ഖുറൈഷികളുമായുള്ള സമരങ്ങൾ, സന്ധിവ്യവസ്ഥകൾ, വിശ്വസ്തത(അമാനത്ത്), കഅ്ബയിലെ ശിലാസ്ഥാപനം, ഏകാന്ത പ്രതിപത്തി, ഹിറാഗുഹയിലെ വാസം, ദിവ്യബോധനങ്ങൾ, ഇസ്ലാമിന്റെ ഉദയം, മതപ്രബോധനം, പ്രതിയോഗികളുടെ ശത്രുത, അനുയായികളുടെ സഹകരണം, താഇഫ് യാത്ര, ഇസ്റാഅ്, മിഅ്റാജ്, നടത്തിയ പോരാട്ടങ്ങൾ, ഏർപ്പെട്ട ഉടമ്പടികൾ, ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ടുള്ള കത്തുകൾ, മതപൂർത്തീകരണം, വിടവാങ്ങൽ പ്രസംഗം, അന്ത്യോപദേശങ്ങൾ, രോഗം, മരണം, മരണാനന്തര കർമ്മങ്ങൾ എന്നിത്യാദി സർവ്വ കാര്യങ്ങളും സൂര്യപ്രകാശം പോലെ സ്പഷ്ടമായി നമുക്ക് മുന്നിൽ നിലകൊള്ളുന്നു. അവിടുന്ന് നിൽക്കുകയും ഇരിക്കുകയും ചെയ്തത്, ഉറങ്ങുകയും ഉണരുകയും ചെയ്ത രീതി, വിവാഹം, സന്താനങ്ങളോടും സുഹൃദ് ജനങ്ങളോടും വർത്തിച്ചിരുന്നത്, ശത്രുക്കളോടും മിത്രങ്ങളോടും സ്വീകരിച്ച നിലപാടുകൾ, ധനികരോടും ദരിദ്രരോടും രാജാവിനോടും പ്രജകളോടുമുള്ള സമീപനം, പ്രാർത്ഥനകളു

ടെയും ആരാധനാനുഷ്ഠാനങ്ങളുടെയും തലനാരിഴകീറിയുള്ള വിവരങ്ങൾ, സഹനവും സമരവും, ചിരിയും കരച്ചിലും, വസ്ത്രധാരണവും, ഇഷ്ട ഭക്ഷണ പാനിയങ്ങളും കഴിച്ച രീതികളും, ഫലിതം പറഞ്ഞതും ആസ്വദിച്ചതും. സംഭാഷണം, ഉപദേശിച്ച രീതികൾ, തിന്മകൾക്കെതിരെ രോഷം കൊണ്ടത്, ഏകനായിരിക്കുമ്പോഴും കൂട്ടുകാരൊന്നിച്ചിരിക്കുമ്പോഴുമുള്ള നില, നിറങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും ഉപയോഗം, തലമുടി വെട്ടിയിരുന്നത്, വീട്ടിൽ സ്വപത്നിമാരുമായുള്ള പെരുമാറ്റം, ഉറക്കം, ഉണർവ്വ്, രഹസ്യം, പരസ്യം എല്ലാം -കുളിമുറിയിലെയും കിടപ്പറയിലെയും സ്വകാര്യതകൾ പോലും- ഒന്നൊഴിയാതെ രേഖപ്പെട്ടു കിടക്കുന്നു. നബി ﷺ യുടെ തലയിലെ വെളുത്ത മുടികളുടെ എണ്ണം, എത്ര താടിരോമങ്ങൾ നരച്ചു, അനുചരന്മാർ എണ്ണിതിട്ടപ്പെടുത്തിയ കൃത്യമായ രേഖയുണ്ട്.

നബി പൈതൃകത്തെയും നബി ﷺ വിട്ടേച്ചുപോയ വസ്തുവകകളെകുറിച്ചും ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. നബി ﷺ യുടെ കുതിര, കഴുത, കോവർ കഴുത, ഒട്ടകം, ആയുധങ്ങൾ, വസ്ത്രങ്ങൾ ഉറങ്ങിയ കട്ടിൽ.... തുടങ്ങിയവയുടെയെല്ലാം നിറവും വലിപ്പവും ആകൃതിയുമുൾപെടെയുള്ള വിശദാംശങ്ങൾ നമുക്കിന്ന് ലഭ്യമാണ്. ഇത്ര സൂക്ഷ്മവും വിശദവുമായി മറ്റേത് ലോക നേതാവിന്റെ ചരിത്രമാണുള്ളത്? മറ്റു മതാചാര്യന്മാരുടെയും നേതാക്കളുടെയും ചരിത്ര രചനകളിലെന്നപോലെ സംശയാസ്പദ തെളിവുകൾ, ദുർബല നിവേദനങ്ങൾ, ഊഹാപോഹങ്ങളുടെ ധൂമപടലങ്ങൾ, ചരിത്രമിഥ്യകൾ, കേട്ടു കേൾവികളും കെട്ടുകഥകളും..... ഇവയൊന്നും ആധാരമാക്കേണ്ട അവസ്ഥ നബി ﷺ യുടെ കാര്യത്തിലില്ല. ജീവ ചരിത്ര രചനയിലും ജീവിതചര്യയുടെ സമാഹരണത്തിലും, വചന കർമ്മങ്ങളുടെ ശേഖരണത്തിലും ഇത്രയും കരുതലും സൂക്ഷ്മതയും ദീക്ഷിക്കപ്പെട്ട മറ്റൊരു വ്യക്തിയും ലോക ചരിത്രത്തിലില്ല.

വിശുദ്ധ ഖുർആൻ

പ്രപഞ്ചനാഥനായ അല്ലാഹു മാനവരാശിക്ക് അന്തിമദൂതനിലൂടെ അവതരിപ്പിക്കപ്പെട്ട അവസാനത്തെ വേദഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. നാല്പതു വയസ്സു മുതൽ അറുപത്തിമൂന്ന് വയസ്സ് വരെയുള്ള നബിജീവിതത്തിലെ വ്യത്യസ്ത സന്ദർഭങ്ങളിൽ അവതരിപ്പിക്കപ്പെട്ട ദൈവവചനങ്ങളുടെ സമാഹാരമാണത്. അവസാന നാളുവരെയുള്ള മുഴുവൻ മനുഷ്യർക്കുള്ള മാർഗ്ഗ ദർശക ഗ്രന്ഥമായതിനാൽ അന്ത്യനാളുവരെ ഖുർആനിനെയാതൊരു മാറ്റത്തിരുത്തലുമില്ലാതെ നിലനിർത്തുമെന്ന് അവതരിപ്പിച്ച അല്ലാഹു മനുഷ്യർക്ക് വാഗ്ദാനം നൽകിയിട്ടുണ്ട്. എല്ലാ വിധ മാനുഷിക കൈകടത്തലുകളിൽ നിന്നും മുക്തമായി ഇന്ന് നിലനിൽക്കുന്ന ഏക മതഗ്രന്ഥം ഖുർആനാണ്. ഖുർആൻ ഒരു മാർഗ്ഗ ദർശക ഗ്രന്ഥം മാത്രമല്ല. അന്ത്യ പ്രവാചകന് നൽകപ്പെട്ട ഒരു ദൈവിക ദൃഷ്ടാന്തം കൂടിയാണ്.

വിശുദ്ധ ഖുർആനിന്റെ ക്രോഡീകരണം

നബിﷺയുടെ ജീവിതത്തെ കുറിച്ച് നമുക്ക് അറിവ് നൽകുന്ന പ്രാഥമികമായ സ്രോതസ്സ് വിശുദ്ധ ഖുർആനാണ്. ഖുർആൻ സൂക്തങ്ങൾ അവതരിപ്പിക്കപ്പെട്ട ക്രമത്തിൽ തന്നെ മുഹമ്മദ് നബിﷺ ഹൃദിസ്ഥമാക്കുകയും അനുചരർക്ക് പാരായണം ചെയ്തു കൊടുക്കുകയും അതവർ മനഃപാഠമാക്കുകയും ചെയ്തു വന്നിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന എഴുത്ത് വസ്തുക്കളായ ഇല, തോൽ, ചുരുൾ, എല്ലിൻ കഷ്ണം, ശിലാഫലകം തുടങ്ങിയവയിൽ എഴുതിവെക്കാൻ കല്പിക്കുകയും ചെയ്തു.

നബിﷺയുടെ മരണ ശേഷം ഇസ്ലാമിക രാഷ്ട്ര ചുമതലയേറ്റെടുത്ത അബൂബക്കർ ﵁ ഒരു വർഷത്തിനകം തന്നെ നബിﷺയുടെ എഴുത്തുകാരിൽ പ്രധാനിയായിരുന്ന സൈദുബ്നു സാബിത്ത് ﵁ന്റെ നേതൃത്വത്തിൽ രണ്ട് ചട്ടകൾക്കുള്ളിലായി ഖുർആൻ വചനങ്ങൾ ക്രോഡീകരിച്ച് ഗ്രന്ഥ രൂപത്തിലാക്കുകയും ചെയ്തു. ഇങ്ങിനെ ഗ്രന്ഥരൂപത്തിലാക്കിയ ഖുർആൻ, അറബി ആധാര ഉച്ചാരണമായ ഖുറൈശി ഉച്ചാരണ രീതി പ്രകാരമുള്ള പകർപ്പുകളെടുക്കാൻ മൂന്നാം ഖലീഫയായ ഉസ്മാൻ ﵁, ഖുർആൻ പാരായണ രംഗങ്ങളിൽ അഗ്രഗണ്യരായിരുന്ന സൈദ്ബ്നുസാബിത് ﵁, അബ്ദുല്ലാഹിബ്നു സുബൈർ ﵁, സഈദുബ്നുൽ ആസ് ﵁, അബ്ദുറഹ്മാനിബ്നു ഹാരിസ് ﵁ എന്നിവരെ ചുമതലപ്പെടുത്തുകയും, അങ്ങനെ നിർമ്മിക്കപ്പെട്ട ഖുർആൻ പകർപ്പുകൾ ഇസ്ലാമിക രാഷ്ട്രത്തിന്റെ പ്രാവിശ്യാ തലസ്ഥാനങ്ങളിലേക്ക് അയച്ച് കൊടുക്കുകയും ചെയ്തു. ലോകമെങ്ങുമുള്ള മുസ്ലിംകൾ പഠനപാരായണങ്ങൾക്കുപയോഗിക്കുന്നത് ഉസ്മാൻ ﵁ന്റെ ഭരണകാലത്തെ മുസ്ഹഫിന്റെ പകർപ്പുകളാണ്. ഖുർആൻ പൂർണ്ണമായും മനഃപാഠമാക്കുക എന്ന നബിﷺയുടെ കാലത്ത് തുടങ്ങിയ പതിവ് ഇന്നും മുസ്ലിം സമൂഹത്തിൽ തുടർന്നുകൊണ്ടിരിക്കുന്നുണ്ട്. ഖുർആൻ പൂർണ്ണമായും മനഃപാഠമുള്ള ലക്ഷക്കണക്കിന് ആളുകൾ ഇന്നും ജീവിക്കുന്നുണ്ട്.

ഹദീസ് എന്നാൽ...

സാങ്കേതികാർത്ഥത്തിൽ നബിﷺയുടെ വാക്കും പ്രവർത്തിയും സമ്മതവും നബിﷺയെക്കുറിച്ചുള്ള വിശേഷണം വർണ്ണന എന്നിവയുമാണ് ഹദീസ്-സുന്നത്ത്-നബിചര്യ എന്നീ പേരുകളിലറിയപ്പെടുന്നത്.

വാക്കുകൾ - നബിﷺയുടെ പ്രസ്താവങ്ങൾ, കല്പനകൾ, നിരോധനങ്ങൾ, ഉപദേശനിർദ്ദേശങ്ങൾ, പ്രസംഗം, സംസാരം, പ്രോത്സാഹനങ്ങൾ, സംഭവവിവരണങ്ങൾ, ഖുർആൻ സൂക്തങ്ങളുടെ വിശദീകരണങ്ങൾ, മുന്നറിയിപ്പുകൾ, പ്രവചനങ്ങൾ.... തുടങ്ങി നബിﷺ പറഞ്ഞ കാര്യങ്ങളാണ് വാചൃമായ ഹദീസ്.

പ്രവർത്തികൾ - ആരാധനകൾ, അനുഷ്ഠാനമുറകൾ, പരസ്പര

ബന്ധങ്ങൾ, സാമ്പത്തികവും മറ്റുമായ ഇടപാടുകൾ, ശിക്ഷാവിധികൾ, രാഷ്ട്രീയ നടപടികൾ, യുദ്ധം, സന്ധി, സൈനികവിന്യാസം, സമഷ്ടി സ്നേഹം, ജനസേവനം, പ്രബോധന പ്രവർത്തനങ്ങൾ, സംസ്കരണ കാര്യങ്ങൾ, വിവാഹം, കുടുംബബന്ധങ്ങൾ... തുടങ്ങി പ്രവാചകൻ ﷺ യുടെ ജീവിതത്തിലെ മുഴുവൻ കർമ്മങ്ങളും ഇത്തരം കാര്യങ്ങളിൽ നബി ﷺ യുടെ സമീപനരീതികൾ സഹാബിമാർ വിശദമായി വിവരിച്ചിട്ടുണ്ട്.

സമ്മതം - നബി ﷺ യുടെ സന്നിധിയിലോ നബി ﷺ യുടെ അഭാവത്തിലോ അനുയായികളിലാരെങ്കിലും ചെയ്ത ഏതെങ്കിലും ഒരു കാര്യത്തെ കുറിച്ച് നബി ﷺ വിസമ്മതമൊന്നും പ്രകടിപ്പിക്കാതെ, മൗനം ദീക്ഷിക്കുകയോ, സമ്മതമോ സംതൃപ്തിയോ പ്രകടിപ്പിക്കുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നതാണ് സ്ഥിരീകരണം കൊണ്ടുദ്ദേശിക്കുന്നത്.

വിശേഷണം / വർണ്ണന - തിരുദൂതർ ﷺ യുടെ സ്വഭാവമഹിമയെയും ശരീര പ്രകൃതിയെയും കുറിച്ച വർണ്ണനയാണ് ഇതു കൊണ്ടർത്ഥമാക്കുന്നത്.

ഹദീസിന്റെ ക്രോഡീകരണം

നാല്പതാം വയസ്സിൽ പ്രവാചകത്വം ലഭിച്ചതിന് തൊട്ടിങ്ങോട്ടുള്ള നീണ്ട ഇരുപത്തിമൂന്ന് വർഷത്തെ നബി ﷺ യുടെ ജീവിതം തന്റെ സഹാബികൾക്ക് മുന്നിൽ തുറന്ന് കിടക്കുകയായിരുന്നു. സാധാരണക്കാരായ സഹാബികളോടൊപ്പം അവരിലൊരാളെ പോലെയായിരുന്നു നബി ﷺ യുടെ ജീവിതം. നാട്ടിലും, വീട്ടിലും, പള്ളിയിലും അങ്ങാടിയിലും സമരങ്ങളിലും സന്ധികളിലും യാത്രയിലും വിശ്രമത്തിലുമെല്ലാം അനുയായികൾ നബിയോടൊപ്പമുണ്ടായിരുന്നു. അവർ നബി ﷺ യുടെ വാക്കുകൾ സാകൂതം ശ്രദ്ധിക്കുകയും ഓർമ്മയിൽ കുറിച്ചിടുകയും ജീവിതത്തിൽ എങ്ങനെ പ്രയോഗവൽക്കരിക്കണമെന്ന് പഠിക്കുകയും ചെയ്തു. പ്രാർത്ഥനകളും ആരാധനാ കർമ്മങ്ങളും അതേപോലെ അനുഷ്ഠിക്കുകയും ചെയ്തു. ജീവിത വ്യവഹാരങ്ങളും സ്വഭാവങ്ങളും നിലപാടുകളും സാമ്പത്തിക ഇടപാടുകളും സൂക്ഷ്മമായി നിരീക്ഷിക്കുകയും അവ അനുധാവനം ചെയ്യാൻ പരമാവധി പരിശ്രമിക്കുകയും ചെയ്തു. തിരുദൂതർ ﷺ യിലൂടെ പ്രകാശിതമാകുന്നത് അല്ലാഹുവിന്റെ പ്രമാണമാണെന്നും വിശുദ്ധ ഖുർആൻ എത്തിച്ച് കൊടുക്കുക മാത്രമല്ല വിശദീകരിച്ചു കൊടുക്കുകയും നബി ﷺ യുടെ കർത്തവ്യമാണെന്നും, ഖുർആൻ കൂടാതെ നബി ﷺ ക്ക് വഹ്യ് ലഭിക്കുന്നുണ്ടെന്നും, ദൈവിക വെളിപാടുകൾ പ്രകാരം ജീവിക്കുകയും സംസാരിക്കുകയും അനുവദിക്കുകയും വിലക്കുകയും ചെയ്ത നബി ﷺ യുടെ ജീവിതം പിൻപറ്റൽ അനിവാര്യമാണെന്നും ഖുർആനിൽ നിന്ന് മനസ്സിലാക്കിയ അവർ, പരമാവധി സമയം നബി ﷺ യോടൊപ്പമുണ്ടാവണമെന്ന് സ്വയം നിഷ്കർഷിക്കുകയും നബി ﷺ യെ നിരീക്ഷിക്കാൻ ഊഴം നിശ്ചയിക്കുകയും ചെയ്തു. ഒരാൾ ഏതു നേരത്തും കൂടെയുണ്ടാവും.

അപരൻ ഉപജീവനം തേടിപോകും ഇങ്ങനെ മാറി മാറി സഹവസിച്ച് അവർ എല്ലാ വിവരങ്ങളും പരസ്പരം കൈമാറികൊണ്ടിരുന്നു. ആരിലൂടെയാണോ ഖുർആൻ അവതരിപ്പിച്ച് കിട്ടിയത്. ആ വ്യക്തിമാത്രമാണ് ഖുർആനികാധ്യാപനങ്ങളുടെ യഥാർത്ഥ വ്യാഖ്യാതാവ് എന്ന് തിരിച്ചറിഞ്ഞ അവർ സ്വജീവിതം കൊണ്ട് ഖുർആനിന് വ്യാഖ്യാനം രചിച്ച മുഹമ്മദ് നബി ﷺ യെ നിരുപാധികം പിന്തുടർന്നു. ധർമ്മാധർമ്മങ്ങളുടെ കാര്യത്തിലൊന്നും അവർ സ്വന്തമായ തീരുമാനങ്ങളെടുത്തില്ല ഖുർആനിന്റെ ജീവിക്കുന്ന പതിപ്പായിരുന്ന നബി ﷺ യായിരുന്നു അവരുടെ മാർഗദർശി. തങ്ങൾക്ക് അറിയാത്ത കാര്യങ്ങളിലുള്ള പ്രവാചക നിർദ്ദേശം ലഭിക്കുന്നതിനായി കഷ്ടപാടുകൾ സഹിച്ച് നാഴികകൾ യാത്ര ചെയ്യാൻ അവർക്ക് മടിയുണ്ടായിരുന്നില്ല. വിജ്ഞാനം മറച്ച് വെക്കുന്നതിന്റെ കുറ്റത്തെകുറിച്ചും ഒരാളെയെങ്കിലും സന്ദേശമെത്തിച്ച് സന്മാർഗത്തിലാക്കുന്നതിന്റെ പ്രതിഫലത്തെകുറിച്ചും പൂർണ്ണ ബോധ്യമുണ്ടായിരുന്ന അവർ, നബി ﷺ യിൽ നിന്ന് പഠിച്ച കാര്യങ്ങൾ ഇതരർക്ക് എത്തിച്ചുകൊണ്ടിരുന്നു. അന്തപുര ജീവിതത്തെ സംബന്ധിച്ചായാലും പള്ളിയിലെ നടപടി ക്രമങ്ങളെക്കുറിച്ചായാലും പോർക്കളത്തിലെ പെരുമാറ്റ രീതികളെ പറ്റിയായാലും നബി ﷺ യുടെ ജീവിത ക്രമങ്ങൾ തുറന്ന് കാണിക്കുന്നതിനും, നബി ﷺ യെ കുറിച്ച് ഓരോരുത്തർ അറിഞ്ഞിരിക്കുന്ന കാര്യങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നതിനുള്ള പൊതുവായ അധികാരം നൽകപ്പെട്ടവരായിരുന്നു സ്വഹാബികൾ. നബി ﷺ യോടൊപ്പം കൂടുതൽ നേരം സഹവസിച്ചവരിൽ നിന്ന് മറ്റുള്ളവർ നബി ജീവിതത്തിലെ സൂക്ഷ്മ വശങ്ങൾ ചോദിച്ചറിഞ്ഞു. കുടുംബ ലൈംഗിക ജീവിതങ്ങളിലെയും രാത്രി ആരാധനകളിലെയും നബി മാതൃകയെപറ്റി അവർ നബി പത്നിമാരിൽ നിന്നാണ് പഠിച്ചത്. നബി ﷺ യുടെ ജീവിതത്തിലെ അതി സ്വകാര്യവും തീർത്തും വൈയക്തികവുമായ കാര്യങ്ങൾ തുറന്ന് പറയുന്നതിന് ലജ്ജയോ, നാണമോ അവർക്ക് തടസ്സമായിരുന്നില്ല. ഈ വിവരസംപ്രേഷണത്തിൽ അവരെല്ലാം സൂക്ഷ്മത പാലിച്ചു. അതിൽ കളവോ അബദ്ധമോ കടന്നു കൂടാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. ഓർമ്മയില്ലാത്തതൊന്നും അവർ മറ്റുള്ളവരോട് പറഞ്ഞില്ല. നബി ﷺ യെകുറിച്ച് കള്ളം പറയുന്നവരുടെ ഇരിപ്പിടം നരകമാണെന്ന് പഠിപ്പിക്കപ്പെട്ട അവർ ഖുർആൻ സൂക്തം ഹൃദിസ്ഥമാക്കുന്നതിൽ എത്രത്തോളം ബദ്ധശ്രദ്ധരായിരുന്നുവോ അത്രത്തോളം തന്നെ അവധാന പൂർവ്വം ഹദീസുകളും ഓർമ്മയിൽ സൂക്ഷിച്ചു. "ഞാൻ നിങ്ങളിൽ രണ്ട് കാര്യങ്ങൾ വിട്ടേച്ച് പോകുന്നു. അത് നിങ്ങൾ മുറുകെ പിടിച്ചാൽ നിങ്ങൾ വഴിപിഴക്കുന്നതേയല്ല അല്ലാഹുവിന്റെ ഗ്രന്ഥവും എന്റെ ചര്യയുമാണവ. (മുവത്വ)" നബി ﷺ യുടെ വിയോഗ ശേഷം നബിചര്യ മുറുകെ പിടിച്ചു കൊണ്ടും അതിൽ കൂട്ടിചേർക്കലോ, എടുത്തുമാറ്റലോ, വിട്ടുകളയലോ ഇല്ലാതെ ലോകം മുഴുവൻ പ്രചരിപ്പിച്ചു കൊണ്ടും അതിൽ പുതിയതെന്തെങ്കിലും കടന്നു കൂടി മലീമസമാകാതിരിക്കാൻ നിതാന്ത

ജാഗ്രത പുലർത്തികൊണ്ടും, അതിലില്ലാത്തത് ആരെങ്കിലും ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടാൽ ശക്തമായി തിരുത്തികൊണ്ടുമാണ് സഹാബിവര്യന്മാർ നബി ﷺ യുടെ അന്ത്യോപദേശം നെഞ്ചിലേറ്റിയത്.

ഹദീസിന്റെ വിശ്വസനീയത

വിശുദ്ധ ഖുർആൻ കർമ്മരൂപത്തിൽ തർജ്ജമ ചെയ്ത് ജനങ്ങളെ പഠിപ്പിക്കാൻ അല്ലാഹു നിയോഗിച്ച മുഹമ്മദ് മുസ്തഫ ﷺ സ്വജീവിതം കൊണ്ട് രചിച്ച ആധികാരികവും പ്രായോഗികവുമായ വ്യാഖ്യാനമാണ് സുന്നത്ത്. മുഹമ്മദ് നബി ﷺ യുടെ ജീവചരിത്രത്തെകുറിച്ച് അറിവ് നൽകുന്ന രണ്ടാമത്തെ സ്രോതസ്സാണിത്.

നബി ﷺ യോടൊപ്പം സഹവസിച്ചിരുന്ന സ്വഹാബികൾ തിരു ജീവിതത്തിൽ നിന്ന് നേരിട്ട് കണ്ടറിഞ്ഞ കാര്യങ്ങൾ തെറ്റുകളൊന്നും വരുത്താതെ, സൂക്ഷ്മവും കൃത്യവുമായി അടുത്ത തലമുറക്ക് പറഞ്ഞ് കൊടുത്തതെന്ന് ഉറപ്പുള്ള നിവേദനമാണ് സ്വഹീഹായ ഹദീസുകൾ. അവരുടെയോ അവരിൽ നിന്ന് ഉദ്ധരിച്ചവരുടേയോ വകയായി വ്യാഖ്യാനമോ നിരൂപണമോ ഇല്ലാതെ നബി ﷺ യിൽ നിന്ന് ഗ്രന്ഥകാരനിലോളം ആർ ആരിൽ നിന്ന് ആരോടുദ്ധരിച്ചു അവർ ആരോടുദ്ധരിച്ചു എന്നിങ്ങനെ വിശ്വസ്തരായ ആളുകളിലൂടെ കണ്ണിമുറിയാതെ ഉദ്ധരിക്കപ്പെടുന്ന വചനങ്ങളുടെ സമാഹാരമാണത്. ഹദീസ് ലഭിക്കുന്ന സ്വഹാബി മറ്റു സ്വഹാബികൾക്കും പിൻമുറക്കാരായ താബിഉകൾക്കും കൈമാറുന്നു. അവരിൽ നിന്ന് അടുത്ത തലമുറക്ക് അത് ലഭിക്കുന്നു. ഇങ്ങനെ ഇടമുറിയാതെ പരമ്പര(സനദ്)കളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട് ഹദീസ് സമാഹർത്താവിന്റെ(മുഹദ്ദിസ്) കൈകളിലെത്തിച്ചേരുന്നു. ഈ പ്രക്രിയയെ ഹദീസ് നിവേദനം എന്ന് പറയുന്നു. നബി ﷺ മുതൽ മുഹദ്ദിസ് വരെ ഹദീസ് കൈമാറിപോകുന്ന വ്യക്തികളെ നിവേദകന്മാർ എന്ന് വിളിക്കുന്നു.

ഹദീസുകളുടെ വിശ്വസ്തതയും ആധികാരികതയും ഉറപ്പ് വരുത്തുന്നതിന് ഒരു ശാസ്ത്രീയ ഗവേഷണ ശാഖതന്നെ ഉരുത്തിരിഞ്ഞിട്ടുണ്ട്. ഓരോ നിവേദകന്റെയും ജീവചരിത്രം, ജിവിതവിശുദ്ധി, ഓർമ്മശക്തി, സത്യസന്ധത, മതനിഷ്ഠ, കൃത്യതാബോധം ഇവ കുലങ്കുഷമായ പരിശോധനക്ക് വിധേയമാക്കപ്പെടുന്നു. പ്രതിപാധിക്കപ്പെടുന്ന വചനങ്ങളുടെ/സംഭവങ്ങളുടെ രൂപം, ഉള്ളടക്കം, സന്ദർഭം, ചരിത്ര പശ്ചാത്തലം, തുടങ്ങിയവ പഠനവിധേയമാക്കിയും, വൈരുധ്യമുണ്ടോ എന്ന് പരിശോധിച്ചും, നിവേദക പരമ്പരയിലെ കണ്ണികൾ മുറിഞ്ഞിട്ടുണ്ടോ എന്ന് സൂക്ഷ്മനിരീക്ഷണം നടത്തിയുമാണ് സ്വീകാര്യമായ ഹദീസുകൾ തെരെഞ്ഞെടുക്കുന്നത്.

പ്രവാചകൻ ﷺ ന്റെ പേരിൽ ഉന്നയിക്കപ്പെടുന്ന വ്യാജങ്ങൾ തിരിച്ചറിയുവാനും യഥാർത്ഥ നബിവചനങ്ങളിൽ നിന്ന് അവ വേർതിരിക്കാനുമുള്ള കുറ്റമറ്റസംവിധാനമാണിത്. ഉദ്ധരിക്കപ്പെടുന്ന വചനത്തിന്റെയും സംഭവ

ത്തിന്റെയും സൂക്ഷ്മത ഉറപ്പ് വരുത്തുന്ന ഈ കിടയറ്റ റിപ്പോർട്ടിംഗ് രീതി മാനവ ചരിത്രത്തിൽ തുല്യതയില്ലാത്തതാണ്. ഇതിനായി റിപ്പോർട്ടർമാരുടെ ജീവ ചരിത്രങ്ങൾ എത്രയോ വാള്യങ്ങളിലായി പരന്നു കിടക്കുന്നു. ഹദീസുകളുടെ ശക്തിയും ദൗർബല്യവും മനസ്സിലാക്കാൻ സഹായകമായ ഇവയും ഹദീസുകളോടൊപ്പം സംരക്ഷിച്ചു വരുന്നു. ഇത്രയും കൃത്യവും സൂക്ഷ്മവുമായി രേഖപ്പെടുത്തപ്പെട്ട മറ്റൊരു ജീവചരിത്രവും ലോകത്തിലില്ല. നബിവചനങ്ങൾ മറ്റുള്ളവർക്ക് കൈമാറുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലവും നബി ﷺ യുടെ പേരിൽ വ്യാജം കെട്ടിച്ചമക്കുന്നവർക്ക് താക്കീത് ചെയ്യപ്പെട്ട നരക ശിക്ഷയും പരിഗണിക്കുമ്പോൾ കർണ്ണാകർണ്ണികയായുള്ള നിവേദനത്തിൽ പോലും ഒരു തെറ്റും വരാതിരിക്കാൻ വിശ്വാസികളായ നിവേദകന്മാർ എത്രത്തോളം സൂക്ഷമത പുലർത്തിരുന്നു എന്ന് മനസ്സിലാക്കാം. പണ്ട് നടന്ന ഒരു സംഭവത്തിന്റെ അവശേഷിക്കുന്ന തെളിവുകളോ അതേകുറിച്ച പരമ്പരാഗത ആഖ്യാനങ്ങളോ, പരിശോധിച്ച് എത്തിച്ചേരുന്ന നിഗമനങ്ങളാണ് ഇന്ന് നിലവിലുള്ള ചരിത്രങ്ങളിലേറെയും വാർത്തകളിൽ വലിയൊരു ഭാഗം നുണകളുടെയോ, ഭാഗിക സത്യങ്ങളുടെയോ അടിസ്ഥാനത്തിൽ നിർമ്മിച്ചവയാണ്. സംഭവത്തിന് നേരിട്ട് സാക്ഷികളായ വിശ്വസ്തരുടെ പിൻബലത്തോടെ ഉദ്ധരിക്കപ്പെടുന്ന ഹദീസുകൾ തന്നെയാണ് ആധികാരികവും വിശ്വസനീയവും.

ഈ പുസ്തകത്തെക്കുറിച്ച്

നമ്മൾ നമ്മുടെ രക്ഷിതാവായ അല്ലാഹുവിനെ സ്നേഹിക്കുന്നു. അതിരുകളില്ലാത്തതും, അതിശക്തമായതും അങ്ങേയറ്റത്തെയുമായ സ്നേഹം, നമ്മളോട് ഏറെ സ്നേഹമുള്ള, നമ്മളെ ഏറെ സ്നേഹിക്കുന്ന അല്ലാഹുവോട് മാത്രമാണ്. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറെ സ്നേഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നത് അല്ലാഹുവിനെ നമുക്ക് പരിചയപ്പെടുത്തിത്തന്ന, എങ്ങനെ സ്നേഹിക്കണമെന്ന് കാണിച്ചു തന്ന അല്ലാഹുവിന്റെ ഇഷ്ടദാസനായ റസൂലിനെയാണ്. സ്നേഹിക്കേണ്ടപോലെ, നബി ﷺ യെ ആത്മാർത്ഥമായി സ്നേഹിച്ച സഹാബികളെയാണ് പ്രവാചക സ്നേഹത്തിൽ നാം മാതൃകയാക്കേണ്ടത്.

മാതാപിതാക്കളെ ചീത്ത പറയുമ്പോൾ കേട്ടു നിൽക്കാൻ മക്കൾക്കാവില്ലല്ലോ. മരിച്ചു പോയ മാതാപിതാക്കളെയാണെങ്കിൽ പ്രത്യേകിച്ചും. എങ്കിൽ എല്ലാവരെക്കാളുമേറെ വിശ്വാസികൾ സ്നേഹിക്കുന്ന ജീവന്റെ ജീവനായ മുഹമ്മദുർറസൂലുല്ലാഹ് ﷺ നിന്ദിക്കപ്പെടുമ്പോൾ മുസ്ലിമിന്റെ മനസ്സിലുണ്ടാകുന്ന മുറിവിന്റെയും വേദനയുടെയും അളവും ആഴവും പറഞ്ഞറിയിക്കാൻ കഴിയാത്തവിധം കനത്തതാണ്. നബി ﷺ യെ തെറി പറഞ്ഞു കൊണ്ടുള്ള പോസ്റ്റുകളും ലേഖനങ്ങളും വായിക്കുമ്പോൾ, വിശ്വാസിയുടെ കണ്ണ് നനയുന്നതും മനസ്സ് നോവുന്നതും കണ്ഠമിടറു

ന്നതും മുഴുമിക്കാനാവാതെ വിതുമ്പുന്നതും അതിനാലാണ്. നബിﷺയെ ആരെങ്കിലും നിന്ദിക്കുകയോ അപഹസിക്കുകയോ ചെയ്യുമ്പോൾ താൻ എന്ന വ്യക്തി തന്നെ അക്രമിക്കപ്പെടുന്നതായാണ് മുസ്‌ലിമിന് അനുഭവപ്പെടുക. മതേതര ജീവിതം നയിക്കുന്നവർക്കോ, പുരോഹിത മതങ്ങളുടെ ആളുകൾക്കോ ചൂഷണങ്ങൾക്ക് വേണ്ടി മതത്തെ കൂട്ടുപിടിച്ചവർക്കോ കപടവിശ്വാസികൾക്കോ സത്യവിശ്വാസികളും മുത്തു നബിﷺയുമായുള്ള ആത്മബന്ധത്തിന്റെ മാധുര്യവും തീവ്രതയുമൊന്നും മനസ്സിലായിക്കൊള്ളണമെന്നില്ല. ആയിരത്തിലധികം വർഷം മുമ്പ് അറേബ്യയിൽ ജീവിച്ചിരുന്ന ഒരു മനുഷ്യനു വേണ്ടി ആധുനിക യുഗത്തിലെ ഇവരെന്തിന് വേദനിക്കുകയും രോഷം കൊള്ളുകയും പ്രതിഷേധിക്കുകയും ചെയ്യുന്നതെന്തിന് എന്ന ചോദ്യം ഉയർന്ന് വരുന്നത് അതിനാലാണ്.

പുണ്യ പ്രവാചകന്റെ തിരുജീവിതം ശരിയായ സ്രോതസ്സുകളിൽ നിന്ന് പഠിച്ച ആയിരങ്ങൾ ഇന്ന് സത്യമാർഗ്ഗത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. ഇത് സത്യനിഷേധികളെ പ്രകോപിതരാക്കിയിരിക്കുന്നു. ഇരുട്ടിന്റെ ശക്തികൾ ഇന്ന് അത്യന്തം ആശങ്കാകുലരാണ്. വെളിച്ചത്തെ വെറുക്കുന്ന അധാർമികതയുടെ വളർത്തുകാർ എതിർപ്പിന് ആക്കം കൂട്ടിയിരിക്കുന്നു. റസൂലുല്ലാഹിﷺക്കെതിരെയുള്ള വിമർശനങ്ങൾക്കും അധിക്ഷേപങ്ങൾക്കും മുമ്പത്തേക്കാളേറെ വ്യാപ്തിയും ശക്തിയും വർദ്ധിച്ചിരിക്കുന്നു. അല്ലാഹുവിന്റെ റസൂൽﷺയെ തെറിപറയാനും നിന്ദിക്കാനും നബിജീവിതത്തെ അപനിർമ്മിക്കാനും വേണ്ടി മാത്രം ആയിരക്കണക്കിന് പ്രസ്ഥാനങ്ങളുണ്ടിന്ന്. പതിനായിരക്കണക്കിന് സൈറ്റുകളും, മീഡിയകളും പത്രങ്ങളും സിനിമകളും. ദിനംപ്രതി പുറത്തിറങ്ങി കൊണ്ടിരിക്കുന്ന നബി വിമർശന കൃതികൾ വേറെയും, ഫേസ്ബുക്കും വാട്ട്സപുമടക്കമുള്ള സാമൂഹിക മാധ്യമങ്ങളിലൂടെ വിശുദ്ധ പ്രവാചകനെ യാതൊരു ദയയുമില്ലാതെ അവർ ഭത്സിച്ചു കൊണ്ടിരിക്കുന്നു. അതിന് വേണ്ടി മാത്രം ആയിരകണക്കിന് വ്യാജ ഐഡികളും അക്കൗണ്ടുകളുമാണ് ദിനേന നിർമ്മിച്ചു കൊണ്ടിരിക്കുന്നത്. കാർട്ടൂൺ വരച്ചും ട്രോളി കൊണ്ടും പരിഹസിച്ചും തെറി വിളിച്ചും അവർ നബിയോടുള്ള അരിശം തീർക്കുന്നു.

മുമ്പത്തെക്കാളേറെ ഭീകരമാണ് പുതിയ കാലത്തെ നബിനിന്ദയുടെ മുഖങ്ങൾ. നബിﷺയെ വിമർശിക്കാൻ വേണ്ടി മാത്രം ഖുർആനും ഹദീസും ചരിതങ്ങളും അറബി ഭാഷയും ഉറക്കമൊഴിച്ച് പഠിച്ച് കൊണ്ടിരിക്കുന്ന ഓറിയന്റലിസ്റ്റ് - സയണിസ്റ്റ് - മിഷനറീ ബുദ്ധി (?) ജീവികൾ, അവരെ സഹായിക്കാൻ അച്ചാരം വാങ്ങിയ മുസ്‌ലിം നാമധാരികൾ, നബിജീവിതത്തെ അപനിർമ്മിക്കാനും, കരിവാരിതേക്കാനും വികൃതവൽക്കരിക്കാനും, ശത്രുക്കളുടെ തിരകഥ പൂർത്തിയാക്കാനും സാമ്രാജ്യത്വഅജണ്ട നടപ്പാക്കാനും മുസ്‌ലിം പേരിലും ലേബലിലും രൂപഭാവങ്ങളിലും സംരക്ഷകരുടെ വേഷത്തിലും പ്രത്യക്ഷപ്പെട്ട് ഭൂമിയിൽ നാശം വിതച്ചു കൊണ്ടിരിക്കുന്ന

ഐ.എസ്, അൽ ഖാഇദ, ബോക്കോഹാം... പോലുള്ള ഛിദ്ര ശക്തികൾ...

നബിനിന്ദയുടെ കൊടുങ്കാറ്റ് കേരളക്കരയിൽ പോലും ആഞ്ഞു വീശികൊണ്ടിരിക്കുന്നു. തിരുദൂതർ ﷺ യെ അധിക്ഷേപിക്കുന്ന അവിശുദ്ധ കൂട്ടായ്മയിൽ കേരളത്തിലെ വർഗ്ഗിയ ഫാസിസ്റ്റുകളും കുരിശ്‌യുദ്ധമനസ്സുള്ള മിഷനറിമാരും യുക്തിയില്ലാത്ത യുക്തിവാദികളും ഒന്നാണ്. മതവിരുദ്ധരും ദൈവനിഷേധികളും മതപക്ഷപാതത്തിന്റെ മനോരോഗം ബാധിച്ച് വിഷലിപ്തമായ മനസ്സുമായി ജീവിക്കുന്നവരുമൊക്കെ പുണ്യ പ്രവാചകൻ ﷺ ക്കെതിരെ ഐക്യപ്പെട്ടിരിക്കുന്നു. പാപത്തിലും തിന്മകളിലും അസത്യത്തിന്റെ അപോസ്തലന്മാൻ ഒറ്റകെട്ടാണെന്നതിന്റെ ജീവിക്കുന്ന തെളിവാണ് അലി ദാസ്തി എന്ന ഇറാനി എഴുതിയ 'ബിസ്ത് ഒ സഹ്സാൽ' എന്ന പേർഷ്യൻ കൃതി. 'മുഹമ്മദ് നബി പ്രചരണവും യാഥാർത്ഥ്യവും' എന്ന പേരിൽ ഈ ക്ഷുദ്രകൃതിയുടെ പരിഭാഷയും വിതരണവും പ്രചരണവും ഏറ്റെടുത്തിരിക്കുന്നത് ഫാസിസ്റ്റ് - മിഷനറി - യുക്തിവാദി അച്ചുതണ്ടാണ്.

ലോകത്ത് ഇന്നോളം മറ്റാരെയും എഴുതിയിട്ടില്ലാതത്ര വ്യാജവും തരം താണതുമായ ആരോപണങ്ങൾ പ്രവാചകൻ ﷺ ക്കെതിരെ അവർ നടത്തികൊണ്ടിരിക്കുന്നു. അനുകമ്പയുടെയും അലിവിന്റെയും ആർദ്രതയുടെയും ആൾരൂപമായ കാരുണ്യത്തിന്റെ തിരുദൂതർ ﷺ യെ യുദ്ധകൊതിയനും നിഷ്കരുണനും മാനുഷിക ദുരന്തങ്ങളുടെ മുന്നിൽ ഒരിറ്റു കണ്ണീർ പോലും വീഴ്ത്താത്ത നിർദയനുമായി ചിത്രീകരിക്കുന്നു. മാപ്പും വിട്ടുവീഴ്ചയും ചെയ്ത വിശാലഹൃദയനും സഹനശീലനുമായ തിരു നബി ﷺ യെ രക്തദാഹിയും, കഠിനമനസ്കനും, പ്രതികാരമൂർത്തിയും, നരഹത്യാ ത്വരയുള്ള മനസ്സിനുടമയായും അവതരിപ്പിക്കുന്നു. സൗമ്യനും വിനയാനിതനും, സൽസ്വഭാവിയും വിവേകശാലിയുമായ പുണ്യ റസൂൽ ﷺ യെ പരുഷപ്രകൃതനും, ക്ഷിപ്രകോപിയും, അക്രമിയും, ക്രൂരനുമായി പരിചയപ്പെടുത്തുന്നു. ഏവർക്കും അനുകരിക്കാവുന്ന വിധം ജീവിത വിശുദ്ധിയുടെ ജ്വലിക്കുന്ന മാതൃകയായി ജീവിച്ച അല്ലാഹുവിന്റെ റസൂൽ ﷺ വിശയാസക്തിയുടെയും ദുർന്നടപ്പിന്റെയും ആളായിരുന്നു എന്നും. നന്മകൾക്ക് വേണ്ടിയും തിന്മകൾക്കെതിരിലും ശക്തമായിനിലകൊള്ളുകയും ഭൗതികവും ആത്മീയവുമായ സകല ചൂഷണങ്ങളിൽ നിന്ന് മനുഷ്യരെ മോചിപ്പിക്കുകയും ചെയ്ത തിരുനബി ﷺ അപരിഷ്കൃതനും പ്രാകൃതനും കിരാതനുമായ ഗോത്രതലവനായിരുന്നെന്നും പ്രചരിപ്പിക്കുന്നു.... ഇങ്ങനെ നബി ജീവിതത്തെ കളങ്കപ്പെടുത്തികൊണ്ടും തെറ്റിദ്ധാരണ പരത്തികൊണ്ടുമുള്ള വ്യാപകവും ആസൂത്രിതവും നിരന്തരമുള്ള ശ്രമങ്ങൾ. വിമർശനത്തിന്റെ കുന്തമുന തിരിച്ച് വച്ചിരിക്കുന്നതും, ആക്ഷേപശരങ്ങൾ തൊടുത്തുവിടുന്നതും നബി ﷺ ക്ക് നേരെയാണ്. വർത്തമാനകാല ബുദ്ധിജീവികളെന്നും അഭ്യസ്തവിദ്യരെന്നും പറഞ്ഞ് നടക്കുന്നവർ

നബിﷺക്കെതിരെ നടത്തുന്ന ദുരാരോപണങ്ങൾ പ്രാകൃതരും വിഗ്രഹാരാധകരുമായ ഖുറൈഷികളുടെ പ്രചരണങ്ങളുടെ നിലവാരം പോലും പുലർത്തുന്നവയല്ല. ആവർത്തിച്ചാവർത്തിച്ചുള്ള ഇത്തരം വില കുറഞ്ഞ ആരോപണങ്ങൾ വഴി സത്യമതമായ ഇസ്‌ലാമിനെയും സത്യദൂതനായ മുഹമ്മദ് നബിﷺയെയും അറിയുകയും പഠിക്കുകയും ചെയ്യുന്നതിൽ നിന്ന് സത്യാന്വേഷികളെ അകറ്റാനും തടയാനും കഴിയുമെന്നും അങ്ങനെ സത്യത്തിന്റെ പ്രകാശം ഊതികെടുത്താനാകുമെന്നുമാണ് ഇസ്‌ലാമിന്റെ പ്രതിയോഗികൾ വ്യാമോഹിക്കുന്നത്. സ്ഫടിക സമാനമായ ആ വിശുദ്ധ വ്യക്തിത്വത്തിന്റെ ജീവിതത്തിലെവിടെയെങ്കിലും ഒരു ന്യൂനതയെങ്കിലും കണ്ടു പിടിക്കാനോ നബി ﷺ നന്മയായി പഠിപ്പിച്ചത് തിമയാണെന് തെളിയിക്കാനോ പാപമാണെന്ന് പറഞ്ഞ് വിരോധിച്ചത് പുണ്യമാണെന്ന് സ്ഥാപിക്കാനോ സമകാലികരായ പ്രതിയോഗികൾക്കോ പിൽക്കാലക്കാരായ വിമർശകർക്കോ കഴിഞ്ഞിട്ടില്ല . നബിനിന്ദകരും അവരുടെ കൂട്ടാളികളും അന്ത്യനാളുവരെ ശ്രമിച്ചാലും കഴിയുകയുമില്ല.

നബിനിന്ദ ഇന്ന് തുടങ്ങിയതല്ല. പ്രവാചക നിയോഗത്തോളം പഴക്കമുണ്ടതിന്. ഏകനായ സ്രഷ്ടാവിനെ മാത്രമേ ആരാധിക്കാവൂ എന്ന് പ്രബോധനം ചെയ്ത എല്ലാ ദൈവദൂതന്മാരും നിന്ദിക്കപ്പെട്ടിട്ടുണ്ട്. ആ പ്രവാചകന്മാരുടെ പിൻഗാമിയായി വന്ന മുഹമ്മദ് നബിﷺയുടെ സ്ഥിതിയും വ്യത്യസ്തമല്ല. പതിനാല് നൂറ്റാണ്ട് മുമ്പ് മുഹമ്മദ് നബിﷺ പ്രവാചകത്വം പ്രഖ്യാപിച്ച ദിവസം അബൂലഹബ് തുടങ്ങിവെച്ച നബിനിന്ദ വിവിധ രൂപത്തിലും ഭാവത്തിലും രീതിയിലും ശൈലിയിലും ഒളിഞ്ഞും തെളിഞ്ഞും അഭിനവ അബൂലഹബുമാർ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. അവസാന ദൈവദൂതൻ അറബികളിൽ നിന്നായതിനാൽ സഹിക്കാൻ കഴിയാത്ത സങ്കുചിത വംശീയതയുടെ വക്താക്കളായ ജൂതന്മാരും, ക്രിസ്തുവിന്റെ ജീവിതവും സന്ദേശവും പ്രാമാണികമായി പഠിപ്പിക്കുകയും ക്രിസ്തുമതമല്ല ക്രിസ്തുവിന്റെ മതമെന്ന് തെളിയിച്ച് കൊടുക്കുകയും ചെയ്തപ്പോൾ ക്രിസ്തുവിന്റെ പേരിലുള്ള ചൂഷണം ഇനി വിലപ്പോവില്ലെന്ന് തിരിച്ചറിഞ്ഞ ക്രൈസ്തവ പൗരോഹിത്യവും ബഹുദൈവാരാധകർക്കും കപട വിശ്വാസികൾക്കുമൊപ്പം നബിﷺയെ നിന്ദിക്കാനും ഭത്സിക്കാനുമുള്ള എല്ലാ ശ്രമങ്ങളിലും പങ്കാളികളായിരുന്നു.

റസൂലുല്ലാഹിﷺക്കെതിരെ ചീറിവരുന്ന ഓരോ അമ്പുകളും വിരിമാറു കാണിച്ച് ഏറ്റുവാങ്ങിയ സഹാബികളുടെ പിൻമുറക്കാരാണ് നമ്മൾ. നബിﷺക്കെതിരെ പടച്ചുണ്ടാക്കുന്ന വ്യാജവർത്തമാനങ്ങളെ കണ്ടില്ലെന്ന് നടിക്കാൻ നമുക്കാവില്ല. ഇഹപരജീവിതത്തിന് വഴിക്കാട്ടിയായും ലോകത്തിന്ന് കാരുണ്യമായും പ്രപഞ്ചനാഥനായ അല്ലാഹുവിനാൽ അയക്കപ്പെട്ട നബി തിരുമേനിﷺ, തെറ്റിദ്ധരിക്കപ്പെടുകയും നബി സന്ദേശങ്ങൾ വായിക്കപ്പെടാതിരിക്കുകയും അങ്ങനെ ശാശ്വതരക്ഷയിൽ അകലുകയും

ചെയ്യുന്ന മഹാദുരന്തമായിരിക്കും നമ്മുടെ അലസതയും മൗനവും വഴി മനുഷ്യ കുലത്തിന് വന്ന് ഭവിക്കുക. മനുഷ്യരാശിയോടു സ്നേഹവും കാരുണ്യവും ഗുണകാംക്ഷയുമുള്ള സത്യവിശ്വാസിക്ക് ഈ ദൗത്യത്തിൽ നിന്ന് മാറി നിൽക്കാനാവില്ല. നബിﷺക്കെതിരെ വാളോങ്ങിയ ഉമർ, നബിﷺയെ വധിക്കാൻ ദാറുന്നദ്വയിൽ നടത്തിയ ഗൂഢാലോചനയിലെ പങ്കാളിയും നബിﷺക്കെതിരെ യുദ്ധം നയിച്ച സൈന്യാധിപനുമായിരുന്നു അബൂസുഫ്യാൻ, ഉഹ്ദ് രണാങ്കണത്തിൽ നബിﷺയെയും കുടുംബത്തെയും കൊലവിളിച്ചുകൊണ്ടിരുന്ന ഉത്ബത്തിന്റെ മകളും അബൂസുഫ്യാന്റെ ഭാര്യയുമായ ഹിന്ദ്, ഉഹ്ദിൽ എഴുപത് വിശ്വാസികൾ മരിക്കാൻ കാരണമാവും വിധം പിന്നിലൂടെ മുസ്ലിം സൈന്യത്തെ കടന്നാക്രമിച്ച ആദ്യപരാജയത്തിന്റെ സൂത്രധാരൻ ഖാലിദ്ബ്നുവലീദ്, തിരുദൂതരെ ഭൽസിച്ചും പരിഹസിച്ചും കവിതകളെഴുതിയ കഅ്ബ്ബ്നു സുഹൈർ, പ്രവാചകൻﷺയെ പിടിച്ച് കൊടുക്കുന്നവർക്ക് വാഗ്ദാനം ചെയ്ത സമ്മാനത്തുകയിൽ ആവേശിതനായി ഇറങ്ങി പുറപ്പെട്ട സുറാഖ, നബിﷺയുടെ ബദ്ധശത്രുക്കളിൽ പ്രധാനിയും അബൂജഹലിന്റെ മകനുമായിരുന്നു ഇക്രിമ, നബിﷺയെ കൊല്ലാൻ പദ്ധതിയിട്ട സഫ്വാനും ഉമൈറും, ഹുദൈബിയ്യാ സന്ധിയിൽ നബിﷺക്ക് കനത്ത പ്രയാസമേല്പിച്ച സുഹൈൽ, നബിﷺയെ വകവരുത്തിയിട്ടേ അടങ്ങൂ എന്ന് ദൃഢനിശ്ചയം ചെയ്ത് മക്കാ വിജയദിവസം ഇറങ്ങിത്തിരിച്ച ഫുദാല.... പട്ടിക നീളുകയാണ്. ഇവരൊക്കെ ഇസ്ലാമിന്റെ തണലിലെത്തിയത് സർവ്വവിധ സൽഗുണങ്ങളാലും ജീവിച്ച നബിﷺയുടെ തെളിമയാർന്ന വ്യക്തിത്വം കണ്ടായിരുന്നു.

കടുത്ത നബി നിന്ദകരായിരുന്ന ഇവർക്കെതിരെ കൊലവിളി ഉയർത്തുകയോ ഗറില്ലകളെ വിട്ട് അംഗവിച്ഛേദം നടത്തുകയോ തലക്ക് വില പറയുകയോ, സ്വത്തുകൾ നശിപ്പിക്കയോ അല്ല നബിﷺ ചെയ്തത്. സത്യമത പ്രബോധനത്തിലൂടെ അവരുടെ മനസ്സുകളിലേക്ക് കടന്ന് ചെല്ലുകയായിരുന്നു. തിരുനബിﷺയുടെ ആദർശനിഷ്ഠയും വ്യക്തിവിശുദ്ധിയും നേരിട്ടനുഭവിച്ച അവർ സത്യമതത്തെ വാരിപുണരുകയായിരുന്നു. അങ്ങനെ അവർ അല്ലാഹു ഇഷ്ടപ്പെട്ടവരെന്ന സാക്ഷ്യപത്രം ലഭിച്ച അനുഗ്രഹീതരായിത്തീരുന്നു.

പ്രമാണങ്ങളുടെ വെളിച്ചത്തിൽ നബിﷺയെ ലോകത്തിലേക്ക് പരിചയപ്പെടുത്തികൊണ്ടും നബി മാതൃകയനുസരിച്ച് ജീവിച്ച് കാണിച്ചുകൊണ്ടുമായിരിക്കണം പ്രവാചക വിമർശനങ്ങൾക്കും നബി നിന്ദാ പരിശ്രമങ്ങൾക്കും നമ്മൾ മറുപടി നൽകേണ്ടത്.

വിശുദ്ധ ഖുർആനിൽ നിന്നും സ്വഹീഹായ ഹദീസുകളിൽ നിന്നും ലഭിക്കുന്ന നബിജീവിതം അവതരിപ്പിക്കാനുള്ള എളിയ ശ്രമാണ് ഇൻഷാ അല്ലാഹ് ഈ കൃതിയിലൂടെ ഉദ്ദേശിക്കുന്നത്.

നബിﷺയുടെ അതിവിശിഷ്ടവും സമാനതകളില്ലാത്തതുമായ സ്വ

ഭാവ മഹിമയാണ് ദൈർഘ്യം ഭയന്ന്, വളരെ ചുരുങ്ങിയ നിലയിൽ ഇതിൽ ഉൾകൊള്ളിച്ചിരിക്കുന്നത്. ഈ പുസ്തകത്തിലെ ചില അദ്ധ്യായങ്ങളുടെ പേരിൽ തന്നെ കനപ്പെട്ട പഠനങ്ങൾ മലയാളത്തിൽ നടന്നിട്ടുണ്ട്. നബി പറഞ്ഞ കഥകൾ, നബി കോപിച്ചത്, തിരുത്തിയത്, അന്ത്യനിമിഷങ്ങൾ, അധ്യാപനരീതികൾ, ഭക്ഷണ ശീലങ്ങൾ, മുഅ്ജിസത്തുകൾ, ചരിത്രപരത, സ്വഭാവ സവിശേഷതകൾ, ചികിത്സാരീതികൾ.... ഓരോ വിഷയത്തിലും ബൃഹത്ഗ്രന്ഥം രചിക്കാൻ പാകത്തിൽ സമ്പന്നവും സംഭവബഹുലവും മാതൃകാപരവുമാണ് നബി ﷺ യുടെ ജീവിതം. ദീർഘമായ ഹദീസുകൾ വളരെ കുറച്ചേ ഈ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുള്ളൂ. നബി ﷺ യുടെ നമസ്കാരം, വുദു, നോമ്പ്, ഹജ്ജ്, പ്രാർത്ഥനകൾ, യുദ്ധങ്ങൾ, പ്രവചനങ്ങൾ, മറ്റു കർമ്മാനുഷ്ഠാനങ്ങൾ ഇതൊന്നും ഈ പുസ്തകത്തിൽ ചർച്ച ചെയ്തിട്ടില്ല. പ്രസ്തുത വിഷയത്തിലുള്ള പുസ്തകങ്ങൾ മലയാളത്തിൽ സുലഭമാണ്. മൂന്ന് ഭാഗങ്ങളാണ് ഇതിലുള്ളത്. മൂന്നും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു. ഖുർആനായി ജീവിച്ച മുഹമ്മദ് നബി ﷺ യുടെ ജീവിതവും സന്ദേശവും സത്യാന്വേഷികൾക്കും തെറ്റിദ്ധരിച്ചവർക്കും അടുത്തറിയാനാഗ്രഹിക്കുന്നവർക്കും വേണ്ടി സമർപ്പിക്കുന്നു.

സഹോദരങ്ങളെ...

നബി ﷺ യുടെ ജീവിതവും സന്ദേശവും സത്യസന്ധവും സുവ്യക്തവും പ്രമാണങ്ങളിലൂടെ വായിക്കപ്പെടുകയാണിവിടെ. ഹൃദയം കുളിരണയാതെയും കണ്ണുകൾ നനയാതെയും നെടുവീർപ്പുകളുയരാതെയും നബി ജീവിതം വായിച്ചുതീർക്കാനാവില്ല.

പ്രമാണങ്ങളിലതിഷ്ഠിതവുമായ നബി വായനയിലൂടെ മനസ്സിൽ കാലങ്ങളായി നിങ്ങൾ കൊണ്ട് നടന്നിരുന്ന തെറ്റിദ്ധാരണകളായിരിക്കും അലിഞ്ഞില്ലാതാവുക.

അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിച്ച് നബി ﷺ യെ ജീവനേക്കാളേറെ സ്നേഹിക്കുന്നതിലേക്കും നബി ജീവിതത്തെ നെഞ്ചോട് ചേർത്ത് വെക്കുന്നതിലേക്കും ആ വായന അല്ലാഹു അനുഗ്രഹിച്ചാൽ നിങ്ങളെ എത്തിച്ചിരിക്കും ജീവന്റെ ജീവനായ നബി ﷺ യെ ആരെങ്കിലും നിന്ദിക്കുമ്പോൾ സ്വയം അക്രമിക്കപ്പെടുന്നത് പോലെ അനുഭവപ്പെടാൻ മാത്രം ആത്മാർത്ഥവും പരിശുദ്ധവുമായിരിക്കും പിന്നെ നിങ്ങളുടെ നബിസ്നേഹം. സ്വജീവിതം കൊണ്ട് വിശുദ്ധ ഖുർആന് വ്യഖ്യാനം രചിച്ച തിരു നബി ﷺ യുടെ ജീവിതത്തിലെ ജ്വലിക്കുന്ന ഏടുകളും അവിടുന്ന് നടന്നു നീങ്ങിയ കാൽപാടുകളുമായിരിക്കും ജീവിത വഴിത്താരയിലെ നിങ്ങളുടെ വിളക്കും വെളിച്ചവും വഴിയടയാളവും അല്ലാഹു അനുഗ്രഹിക്കട്ടെ

"ഇതാണ് ഞങ്ങളുടെ നബി നിങ്ങളുടെയും" എന്ന് പറഞ്ഞ് മുസ്ലിംകൾക്കും അമുസ്ലിംകൾക്കും ധൈര്യപൂർവ്വം കൊടുക്കാൻ പറ്റിയ,

കെട്ടുകഥകളുടെയോ, ദുർബലനിവേദനങ്ങളുടേയോ അകമ്പടിയില്ലാതെ തികച്ചും സത്യസന്ധമായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ നബിയെ പരിചയപ്പെടുത്തുന്ന ഒരു പുസ്തകം എഴുതണമെന്ന വർഷങ്ങളായി മനസ്സിൽ സൂക്ഷിന്നിരുന്ന ആഗ്രഹമാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സഫലമായിരിക്കുന്നത്. ഇതെഴുതാൻ എന്നെ അനുഗ്രഹിച്ച, എന്നെ സഹായിച്ച അല്ലാഹുവിന്നാകുന്നു സർവ്വസ്തുതിയും. അൽ ഹംദുലില്ലാഹ്....

ജാതി മത കക്ഷി ഭേത മന്യേ ലക്ഷകണക്കിന് മലയാളികൾ വിശുദ്ധ ഖുർആനിനെ അറിയാൻ വർഷങ്ങളായി അശ്രയിച്ച കൊണ്ടിരിക്കുന്ന മലയാളത്തിലെ ആധികാരിക വിശുദ്ധ ഖുർആൻ പരിഭാഷയുടെ കർത്താക്കളിൽ ഒരാളായ പണ്ഡിതൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ (ഹഫിദഹുല്ലാഹ്) സാഹിബാണ് ഈ പുസ്തകം ആദ്യാവസാനം വരെ പരിശോധിക്കുകയും ഇസ്ലാമിനെ പരിചയപ്പെടുത്തുന്ന പ്രൗഢമായ അവതാരിക എഴുതുകയും ചെയ്തിരിക്കുന്നത്. തിരക്ക് പിടിച്ച ജീവിതത്തിനിടയിൽ ഈ ദൗത്യം സ്നേഹപൂർവ്വം ഏറ്റെടുത്ത അദ്ദേഹത്തിന് സത്യമതമായ ഇസ്ലാമിന് വേണ്ടി ഇനിയും സേവനങ്ങൾ ചെയ്യാൻ അല്ലാഹു അറിവും ആരോഗ്യവും നൽകി അനുഗ്രഹിക്കട്ടെ.

അവസാന ഭാഗത്ത് റഫറൻസായി കൊടുത്തിരിക്കുന്ന ഗ്രന്ഥങ്ങളെ അവലംബമാക്കിയാണ് ഈ പുസ്തകം എഴുതിയിരിക്കുന്നത്. ഗ്രന്ഥകർത്താക്കൾക്ക് അല്ലാഹു അർഹമായ പ്രതിഫലം നൽകട്ടെ. വല്ല അബദ്ധങ്ങളും തെറ്റുകളും മാന്യ വായനക്കാരുടെ ശ്രദ്ധയിൽ പെട്ടാൽ സ്നേഹ ബുദ്ധ്യാ ഉണർത്തണമെന്നപേക്ഷിക്കുന്നു. ഇൻഷാ അല്ലാഹ് അടുത്ത പതിപ്പിൽ തിരുത്തുന്നതാണ്.

ഈ പുസ്തരചനക്കും, പകർത്തിയെഴുതാനും, പ്രൂഫ് റീഡിംഗിനും സഹായിച്ചവർ, പിന്നിൽ പണിയെടുത്തവർ, സഹായ സഹകരണങ്ങൾ നൽകിയവർ, എന്റെ കുടുംബാംഗങ്ങൾ ,സുഹൃത്തുക്കൾ പ്രസ്ഥാന ബന്ധുക്കൾ, നാട്ടുകാർ.... എല്ലാവർക്കും അതിന് അർഹമായ പ്രതിഫലം നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ.

മദ്റസയിലും സ്കൂളിലുമയച്ച് എന്നെ അക്ഷരം പഠിപ്പിച്ച എന്റെ പ്രിയപ്പെട്ട പിതാവ് പി എം അബൂബക്കർ (അക്കച്ച), പരമകാരുണികനും കരുണാനിധിയുമായ അല്ലാഹ്! മരിച്ചുപ്പോയ എന്റെ ഉപ്പാക്ക് നീ പൊറുത്തു കൊടുക്കുകയും, നിന്റെ കാരുണ്യത്താൽ നീ കനിഞ്ഞ് നൽകുന്ന നിന്റെ സ്വർഗത്തിൽ എന്റെ ഉപ്പാക്ക് നീ ഇടം കൊടുക്കുകയും ചെയ്യേണമേ.

എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും (ഉമ്മയും ഉപ്പയും) എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ . (വിശുദ്ധ ഖുർആൻ 17/24)

എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദികാണിക്കുവാനും നീ തൃ

പ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നൻമയുണ്ടാക്കിത്തരികയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു (വിശുദ്ധ ഖുർആൻ: 46/15)

ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ. (വിശുദ്ധ ഖുർആൻ:14/41)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ ഖുർആൻ: 25/74)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും വിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു (വിശുദ്ധ ഖുർആൻ: 59/10)

ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ, ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെ മേൽ നീ ചുമത്തിയതു പോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പു നൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതയ്ക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ. (വിശുദ്ധ ഖുർആൻ 2/286)

ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ, നീ ഇഹത്തിലും പരത്തിലും എന്റെ രക്ഷാധികാരിയാകുന്നു. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ. (വിശുദ്ധ ഖുർആൻ: 12/101)

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (വിശുദ്ധ ഖുർആൻ: 2/127)

സലീം പട്ല
9020730568
saleempatlakar@gmail.com

അദ്ധ്യായം 1

നബി ﷺ യെ അറിയുക നബിജീവിതത്തിൽ നിന്ന്

ഒന്ന്

നബി ﷺ യുടെ വംശം, പരമ്പര, പേരുകൾ...

മുഹമ്മദ് നബി(സ) ലഘുപരിചയം

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: 'അല്ലാഹുവിന്റെ റസൂൽ ﷺ ക്ക് ദിവ്യബോധനം അവതീർണ്ണമായത് അദ്ദേഹത്തിന് നാല്പത് വയസ്സുള്ള പ്പോഴാണ്. പിന്നീട് പതിമൂന്ന് വർഷം മക്കയിൽ ജീവിച്ചു. പിന്നെ ഹിജ്റക്ക് കല്പന ലഭിച്ചു. അപ്പോൾ മദീനയിലേക്ക് പാലായനം ചെയ്തു. പിന്നെ അവിടെ പത്ത് വർഷം താമസിച്ചു. പിന്നെ പരലോകം പ്രാപിച്ചു. (ബുഖാരി)

പിതൃപരമ്പര

'അദ്നാനിന്റെ മകൻ മുഅദ്ദിന്റെ മകൻ നിസാറിന്റെ മകൻ മുദറിന്റെ മകൻ ഇൽയാസിന്റെ മകൻ മുദ്രികത്തിന്റെ മകൻ ഖുസൈമത്തിന്റെ മകൻ കിനാനത്തിന്റെ മകൻ നദ്റിന്റെ മകൻ മാലികിന്റെ മകൻ ഫിഹ്റിന്റെ മകൻ ഗാലിബിന്റെ മകൻ ലുഅയ്യിന്റെ മകൻ കഅ്ബിന്റെ മകൻ മുർറത്തിന്റെ മകൻ കിലാബിന്റെ മകൻ ഖുസയ്യിന്റെ മകൻ അബ്ദുമനാഫിന്റെ മകൻ ഹാശിമിന്റെ മകൻ അബ്ദുൽ മുത്വലിബിന്റെ മകൻ അബ്ദുല്ലയുടെ മക നാണ് മുഹമ്മദ് നബി ﷺ' [ബുഖാരി]

വംശം

വാസിലത്ബ്നുഅസ്ഖഅ് رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞത് ഞാൻ കേട്ടു: 'ഇസ്മാഈലിന്റെ സന്തതികളിൽ നിന്ന് അല്ലാഹു കിനാനത്തിനെ പ്രത്യേകമായി തെരഞ്ഞെടുത്തു. കിനാനത്തിൽ നിന്ന് ഖുറൈശിനെ പ്രത്യേകമായി തിരഞ്ഞെടുത്തു. ഖുറൈശിൽ നിന്ന് ബനൂ

ഹാശിമിനെ പ്രത്യേകമായി തെരഞ്ഞെടുത്തു. ബനൂഹാശിമിൽ നിന്ന് എന്നെ പ്രത്യേകമായി തെരഞ്ഞെടുത്തു' [മുസ്‌ലിം]

പേരുകൾ

❒ ജുബൈർബ്നുമുത്ഇം رضي الله عنه ൽ നിന്ന് നിവേദനം. റസൂൽ ﷺ അരുളി: "എനിക്ക് അഞ്ച് നാമങ്ങളുണ്ട്. ഞാൻ മുഹമ്മദാണ്, അഹ്മദാണ്. ഞാൻ മാഹിയാണ്. എന്നിലൂടെ അല്ലാഹു സത്യ നിഷേധത്തെ മായ്ച്ച് കളയും. ഞാൻ ഹാശിറുമാണ്. ജനങ്ങളെല്ലാം ഒരുമിച്ചു കൂട്ടപ്പെടുന്നത് എനിക്ക് ശേഷമായിരിക്കും. അതുപോലെ ഞാൻ 'ആഖിബുമാണ്' (അതായത് ഞാൻ അന്ത്യപ്രവാചകനാണ് എനിക്ക് ശേഷം ഇനി ഒരു പ്രവാചകൻ വരുവാനില്ല)" [ബുഖാരി, മുസ്‌ലിം]

❒ അബൂ മൂസൽ അശ്അരി رضي الله عنه നിവേദനം: നബി ﷺ ഞങ്ങളോട് അദ്ദേഹത്തിന്റെ ചില പേരുകൾ പറഞ്ഞു തന്നിട്ടുണ്ട്. തിരുമേനി ﷺ പറഞ്ഞു: ഞാൻ മുഹമ്മദും, അഹ്മദും മുഖഫ്ഫിയും (ഇതര പ്രവാചകന്മാരെ പിന്തുടരുന്നവൻ), ഹാശിറും, നബിയുത്തൗബയും (പശ്ചാതാപത്തിന്റെ പ്രവാചകൻ) നബിയുർറഹ്മ (കാരുണ്യത്തിന്റെ പ്രവാചകൻ)യുമാണ് [മുസ്‌ലിം]

■

രണ്ട്

നബി ﷺ യുടെ ശരീര ഘടന

ശരീര ഘടന

❒ അനസ്ബ്നുമാലിക് ؓ നബി ﷺ യെ വർണ്ണിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: 'നബി ﷺ ജനങ്ങളിൽ ഒത്ത ശരീരമുള്ളയാളായിരുന്നു. അധികം നീളമുള്ളവരോ കുറിയവരോ ആയിരുന്നില്ല. വെളുത്ത് ശോഭിക്കുന്ന നിറമുള്ളവരായിരുന്നു. കടുംവെള്ള നിറമുള്ളവരോ ഇരുണ്ട വർണ്ണമുള്ള വരോ ആയിരുന്നില്ല. മുടി പറ്റേ ചുരുണ്ടതോ, പറ്റേ നീണ്ടു കിടന്നതോ ആയിരുന്നില്ല. നാല്പതാം വയസ്സിൽ ദിവ്യബോധനം ലഭിച്ചു. അതിന് ശേഷം തുടരെ വഹ്യ് ഇറങ്ങുന്ന അവസ്ഥയിൽ പത്ത് വർഷം മക്കയിൽ താമസിച്ചു. പത്ത് വർഷം മദീനയിലും കഴിച്ചുകൂട്ടി. മരണ സമയത്ത് തല യിലും താടിയിലും കൂടി ഇരുപത് രോമം പോലും നരച്ചതുണ്ടായിരുന്നില്ല.' [ബുഖാരി, മുസ്ലിം]

❒ ബറാഅ്ബ്നുആസിബ് ؓ നിവേദനം: നബി ﷺ ഒത്ത ശരീര പ്രകൃതി യുള്ളവരായിരുന്നു. രണ്ട് ചുമലുകൾ തമ്മിൽ നല്ല അകലമുണ്ടായിരുന്നു. ചെവികുറ്റിവരെ തൂങ്ങിനിൽക്കുന്ന മുടിയുണ്ടായിരുന്നു. ചുവന്ന വസ്ത്ര മുടുത്ത് ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തെക്കാൾ സുന്ദരനായ ആരെയും ഞാൻ കണ്ടിട്ടില്ല. [ബുഖാരി]

❒ സഈദുൽ ജുറൈജ് ؓ നിവേദനം: അബൂ തുഫൈൽ ؓ പറയുന്നു: ഞാൻ നബി ﷺ യെ കണ്ടിട്ടുണ്ട്. ഈ സമയത്ത് അദ്ദേഹത്തെ കണ്ട ആരും ഭൂമുഖത്ത് അവശേഷിക്കുന്നില്ല. ഞാൻ ചോദിച്ചു: അദ്ദേഹത്തെ എനി ക്കൊന്നു വർണ്ണിച്ച് തരണം. അവിടുന്ന് വെളുത്ത് അഴകുള്ള വടിവൊത്ത ശരീരമുള്ളവരായിരുന്നു [തിർമിദി]

❒ അലിയ്യുബ്നു അബീത്വാലിബ് ؓ നിവേദനം: റസൂൽ ﷺ നീണ്ടവരോ

കുറിയവരോ ആയിരുന്നില്ല. കരുത്തുള്ള മുഷ്ടിയും പാദവുമുള്ളവരും വലിയ ശിരസ്സും തടിച്ച സന്ധിയെല്ലുള്ളവരും രോമാവൃതമായ നെഞ്ചോടു കൂടിയവരുമായിരുന്നു. നടക്കുമ്പോൾ ഉയരങ്ങളിൽ നിന്നിറങ്ങി വരുന്നത് പോലെ മുന്നോട്ട് ചായുമായിരുന്നു. അദ്ദേഹത്തിന് മുമ്പോ പിമ്പോ അവിടുത്തെ പോലെ ആരെയും ഞാൻ കണ്ടിട്ടില്ല. [തിർമിദി]

❒ ബറാഅ് ﷺ പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ ജനങ്ങളിൽ കൂടുതൽ മുഖഭംഗിയുള്ള വ്യക്തിയായിരുന്നു. നല്ല ശരീര ഘടനയുമായിരുന്നു. വളരെ നീണ്ടവരുമല്ല നീളം കുറഞ്ഞവരുമല്ല. [ബുഖാരി]

❒ അബൂതുഫൈൽ ﷺ നിവേദനം: അദ്ദേഹത്തോട് ജുറയ്റി ചോദിച്ചു: 'താങ്കൾ റസൂൽ ﷺ യെ കണ്ടിട്ടുണ്ടോ? അദ്ദേഹം പറഞ്ഞു: ' അതെ ഉണ്ട്. സുന്ദരമുഖമുള്ള വെളുത്ത വ്യക്തിയായിരുന്നു. അവിടുന്ന്.' മുസ്ലിം പറയുന്നു: അവസാനം മരണപ്പെട്ട സഹാബിയാണ് അബുതുഫൈൽ. നൂറാം ആണ്ടിലാണ് അദ്ദേഹം മരണപ്പെട്ടത് [മുസ്ലിം]

❒ ജാബിറുബ്നു സമൂറ ﷺ യിൽ നിന്ന് നിവേദനം: 'പൂർണ്ണചന്ദ്രൻ പ്രകാശിച്ചു നിൽക്കുന്ന രാവിൽ ചുവന്ന (യമനിൽ നിന്ന് നിർമ്മിച്ച ചുവപ്പ് കറുപ്പ് വരകളുള്ള) വസ്ത്രങ്ങളണിഞ്ഞ് ഞാൻ റസൂൽ ﷺ യെ കാണുകയുണ്ടായി. അപ്പോൾ ഞാൻ അദ്ദേഹത്തെയും പൂർണ്ണചന്ദ്രനെയും മാറി മാറി നോക്കി. അവിടുന്നായിരുന്നു എനിക്ക് പൂർണ്ണചന്ദ്രനെക്കാൾ സുന്ദര്യമുള്ളതായി തോന്നിയത് [തിർമിദി]

❒ അനസ് ﷺ പറയുന്നു: രണ്ടു കൈതണ്ടകളും കാല്പാദങ്ങളും മുഴുത്ത ആളായിരുന്നു നബി ﷺ. മുഖസൗന്ദര്യമുള്ളവരുമായിരുന്നു. നബി ﷺ ക്ക് മുമ്പോ പിമ്പോ അദ്ദേഹത്തെപോലെ ഓരാളെ ഞാൻ കണ്ടിട്ടില്ല. അവിടുത്തെ കൈപടങ്ങൾ വിശാലമായിരുന്നു [ബുഖാരി]

❒ അനസ് ﷺ നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബി ﷺ യുടെ കൈപ്പടത്തേക്കൾ ലോലവും മൃദുലവുമായ ഒരു പട്ടുപോലും സ്പർശിച്ചിട്ടില്ല. നബി ﷺ യുടെ പരിമളത്തേക്കൾ ഹൃദ്യമായ ഒരു സുഗന്ധവും ഞാൻ വാസനിച്ചിട്ടില്ല. [ബുഖാരി, മുസ്ലിം]

❒ അബൂജുഹൈഫ ﷺ വിൽ നിന്ന് നിവേദനം:.... ഞാനും അവിടുത്തെ കൈപിടിച്ച് എന്റെ മുഖത്ത് വെച്ചു. അപ്പോഴത് മഞ്ഞിനേക്കാൾ തണുപ്പുള്ളതായിരുന്നു. കസ്തൂരിയേക്കാൾ സുഗന്ധമുള്ളതായിരുന്നു [ബുഖാരി]

■

മൂന്ന്

നബി ﷺ യുടെ മുടി

മുടി

❒ അനസ് رضي الله عنه നിവേദനം: റസൂൽ ﷺ യുടെ മുടി അധികം ചുരുണ്ടതോ ഏറെ നീണ്ടു കിടക്കുന്നതോ ആയിരുന്നില്ല. മിതമായ വിധത്തിൽ ചുരുണ്ടതായിരുന്നു. രണ്ടു ചെവിക്കും പിരടിക്കുമിടക്കായി അത് താഴ്ന്നു കിടന്നിരുന്നു. [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها വിൽ നിന്ന് നിവേദനം: ഞാനും റസൂൽ ﷺ യും ഒരേ പാത്രത്തിൽ നിന്ന് കുളിക്കാറുണ്ടായിരുന്നു. അവിടുത്തേക്ക് ചെവിക്കുറ്റിയിൽ നിന്നിറങ്ങിയതും ചുമലിലേക്ക് എത്താത്തതുമായ രൂപത്തിൽ മുടിയുണ്ടായിരുന്നു. [തിർമിദി]

മുടിചീകൽ

❒ ആഇശ رضي الله عنها യിൽ നിന്ന് നിവേദനം: ചെരുപ്പ് ധരിക്കുമ്പോഴും താടിയും മുടിയും ചീകുമ്പോഴും ശുചീകരിക്കുമ്പോഴും മറ്റെല്ലാ കാര്യങ്ങളിലും വലതു ഭാഗം കൊണ്ട് ആരംഭിക്കാൻ നബി ﷺ പ്രത്യേകം ശ്രദ്ധിച്ചിരുന്നു [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها പറയുന്നു: നബി ﷺ ഇഹ്റാമിലായിരിക്കെ അദ്ദേഹത്തിന്റെ തലയിലെ മുടി ചീകിയ വരയിൽ (മുമ്പ് പുരട്ടിയ) സുഗന്ധ വസ്തുവിന്റെ തിളക്കം ഞാൻ ഇപ്പോഴും കാണുന്നത് പോലെ തോന്നുന്നു. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ വെളുത്ത ആളായിരുന്നു.

വെള്ളിയിൽ നിന്ന് കടഞ്ഞെടുത്തത് പോലെ മുടി ചീകിയൊതുക്കുമായിരുന്നു. [തിർമിദി]

നര

❒ അനസ് رضي الله عنه വിൽ നിന്ന് നിവേദനം: 'റസൂൽ ﷺ യുടെ തലയിലും താടിയിലുമായി നരച്ച പതിനാല് മുടിയല്ലാതെ എനിക്ക് എണ്ണാൻ കഴിഞ്ഞിട്ടില്ല' [തിർമിദി]

❒ നബി ﷺ യുടെ നരയെ കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ അനസ് رضي الله عنه പറഞ്ഞു: വെളുത്ത മുടികൾ കൊണ്ട് അല്ലാഹു അദ്ദേഹത്തെ ഭംഗി കെടുത്തിയിട്ടില്ല [മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറയുന്നു: ഇരുപതോളം മുടികൾ മാത്രമായിരുന്നു നബി ﷺ യുടെത് നരച്ചിരുന്നത് [തിർമിദി]

ചായം തേച്ചിരുന്നില്ല.

അനസ്ബ്നു മാലിക് رضي الله عنه നിവേദനം: ...നബി ﷺ (മുടിക്ക്) ചായമിട്ടിട്ടില്ല. കീഴ്ചുണ്ടിന് താഴെയും രണ്ട് ചെന്നിയിലും മാത്രമേ പ്രവാചകൻ ﷺ ക്ക് നര കാണപ്പെട്ടിരുന്നുള്ളൂ. തലയിൽ അവിടെവിടെയായി ഓരോ മുടികളും [മുസ്‌ലിം]

എണ്ണ തേച്ചിരുന്നു

ജാബിറുബ്നു സമുറ رضي الله عنه നിവേദനം: നബി ﷺ യുടെ നരയെ കുറിച്ചു അദ്ദേഹം ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: അവിടുന്നു എണ്ണ തേച്ചാൽ (നരകളൊന്നും) കാണപ്പെടുകയില്ല. എണ്ണ തേച്ചില്ലെങ്കിൽ (അല്പം നര) കാണപ്പെടും [മുസ്‌ലിം]

താടി

ജാബിറുബ്നുസമൂറ رضي الله عنه നിവേദനം: നബി ﷺ യുടെ തലയുടെ മുൻവശത്തും താടിയുടെ ഭാഗത്തും നര ബാധിച്ചിരുന്നു. തിരുമേനി ﷺ എണ്ണ തേച്ചാൽ വ്യക്തമാവുകയില്ല.... നബി ﷺ ക്ക് ധാരാളം മുടിയും താടിയും ഉണ്ടായിരുന്നു.... [മുസ്‌ലിം]

സുഗന്ധ ലേപനം

❒ അനസ് رضي الله عنه ന്റെ പുത്രൻ പിതാവിൽ നിന്ന്. റസൂൽ ﷺ ക്ക് ഒരു സുഗന്ധ

പാത്രമുണ്ടായിരുന്നു അതിൽ നിന്ന് അദ്ദേഹം സുഗന്ധം പൂശുമായിരുന്നു. [തിർമിദി]

❒ ആഇശ رضي الله عنها പറയുന്നു: ലഭ്യമായതിൽ വെച്ചേറ്റവും നല്ല സുഗന്ധം നബിﷺക്ക് ഞാൻ പൂശികൊടുത്തിരുന്നു. അവിടുത്തെ തലയിലും താടിയിലും അത് തിളങ്ങികൊണ്ടിരിക്കുന്നത് വരെ. [ബുഖാരി]

❒ അനസ് رضي الله عنه വിൽ നിന്ന് നിവേദനം: നബിﷺ സുഗന്ധദ്രവ്യം നിരസിക്കാറുണ്ടായിരുന്നില്ല. [ബുഖാരി]

❒ നാഫിഅ് رحمه الله നിവേദനം: ഇബ്നു ഉമർ رضي الله عنهما അലുവ്വ (ഊദ് പോലുള്ള സുഗന്ധ ചെടി) കൊണ്ട് സുഗന്ധം പുകച്ചിരുന്നു. അതിൽ മറ്റൊന്നും കൂട്ടികലർത്തിരുന്നില്ല. കർപ്പൂരത്തിൽ അലുവ്വ ചേർത്തും പുകച്ചിരുന്നു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ ഇപ്രകാരം സുഗന്ധം പുകച്ചിരുന്നത്. [മുസ്ലിം]

■

നാല്

നബി ﷺയുടെ വസ്ത്രം, പാദരക്ഷ...

പരുത്തി വസ്ത്രം

ഖതാദ رضي الله عنه ൽ നിന്ന് നിവേദനം. 'നബി ﷺക്ക് ഏറ്റവും ഇഷ്ടപ്പെട്ട വസ്ത്രമേതെന്ന് അനസ് رضي الله عنه നോട് ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: യമനിൽ നെയ്ത ഒരു തരം പരുത്തി വസ്ത്രമായിരുന്നു അദ്ദേഹത്തിന് ഏറെ ഇഷ്ടപ്പെട്ടത് [ബുഖാരി, മുസ്ലിം]

നീളകുപ്പായം

ഉമ്മുസലമ رضي الله عنها പറയുന്നു: റസൂൽ ﷺ ധരിക്കാൻ ഏറെ ഇഷ്ടപ്പെട്ടിരുന്ന വസ്ത്രം നീളകുപ്പായമായിരുന്നു. [തിർമിദി]

രോമം കൊണ്ടുള്ള വസ്ത്രം

ആഇശ رضي الله عنها നിവേദനം: ഒരു ദിവസം പ്രഭാതത്തിൽ നബി ﷺ പുറപ്പെടുമ്പോൾ അവിടുന്ന് കറുത്ത രോമം കൊണ്ടുള്ള വീതിയേറിയ വലിയ വസ്ത്രമായിരുന്നു ധരിച്ചിരുന്നത് [തിർമിദി]

ജുബ്ബ

മുഗീറത്ത്ബ്നുശുഅ്ബ رضي الله عنه നിവേദനം: നബി ﷺ റോമിൽ നിർമ്മിച്ച ഇടുങ്ങിയ കഫ്ഫുള്ള ജുബ്ബ ധരിച്ചിരുന്നു [തിർമിദി]

ഖത്വറിൽ നിർമിച്ച വസ്ത്രം

അനസ്ബ്നു മാലിക് رضي الله عنه ൽ നിന്ന് നിവേദനം: നബി ﷺ രോഗിയായിരിക്കെ ഉസാമത്തിബ്നു സൈദ് رضي الله عنه നെ അവലംബിച്ച് കൊണ്ട് പുറത്ത് വരികയുണ്ടായി. അവിടുന്ന് ഖത്വർ പ്രദേശത്ത് നിർമ്മിച്ച ഒരു തരം വസ്ത്രം

ചുമലിലണിഞ്ഞിരിരുന്നു. എന്നിട്ട് ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കുകയും ചെയ്തു. [തിർമിദി]

വെള്ള വസ്ത്രം

സമൂറത്തിബ്നുജുൻദുബ് رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: നിങ്ങൾ വെള്ളയണിയുക. കാരണം അത് വൃത്തിയുള്ളതും നല്ലതുമാകുന്നു. മരിച്ചവരെ അതിൽ പൊതിയുകയും ചെയ്യുക. [തിർമിദി]

കുപ്പായ കയ്യിന്റെ നീളം

അസ്മാഅ് رضي الله عنها ൽ നിന്ന് നിവേദനം. നബിﷺയുടെ കുപ്പായ കൈ മണികണ്ഠം വരെയായിരുന്നു. [അബൂദാവൂദ്, തിർമിദി]

ഉടുമുണ്ട്

❒ അബൂബുർദ رضي الله عنه ൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഒരിക്കൽ ആഇശ رضي الله عنها ഒരു പരുക്കൻ അരയുടുപ്പും ഒരു മേൽ വസ്ത്രവും കാണിച്ച് കൊണ്ട് പറഞ്ഞു: ഈ രണ്ട് വസ്ത്രം ധരിച്ചുകൊണ്ടായിരുന്നു നബിﷺ മരിച്ചത് [ബുഖാരി, മുസ്ലിം]

❒ സലമത്ത്ബ്നു അക്വഇൽ നിന്ന്: ഉസ്മാൻ رضي الله عنه കാൽ തണ്ടയുടെ പകുതി താഴ്ത്തിയേ അരയുടുപ്പണിയാറുള്ളൂ. അദ്ദേഹം പറയുകയുണ്ടായിരുന്നു. ഇങ്ങനെയായിരുന്നു എന്റെ സ്നേഹിതൻ നബിﷺയുടെ അരകച്ച [തിർമിദി]

തലപ്പാവ്

❒ ജാബിർ رضي الله عنه നിവേദനം: ഒരു കറുത്ത തലപ്പാവണിഞ്ഞു കൊണ്ടായിരുന്നു നബിﷺ മക്കാവിജയ ദിവസം മക്കയിൽ പ്രവേശിച്ചത് [തിർമിദി]

❒ അംറുബ്നുൽ ഹാരിഥ് رضي الله عنه നിവേദനം: നബിﷺ മിമ്പറിൽ നിന്ന് ജനങ്ങളോട് പ്രസംഗിക്കവെ ഒരു കറുത്ത തലപ്പാവണിഞ്ഞിരുന്നു. [തിർമിദി]

❒ ഇബ്നു ഉമർ رضي الله عنه പറയുന്നു: നബിﷺ തലപാവണിയുമ്പോൾ അത് രണ്ട് ചുമലുകൾക്കിടയിലൂടെ താഴ്ത്തിയിടുമായിരുന്നു. [തിർമിദി]

പാദരക്ഷ

❒ ഖത്വാദ ﷺ യിൽ നിന്ന് നിവേദനം: ഞാൻ അനസിനോട് ചോദിച്ചു: നബി ﷺ യുടെ ചെരിപ്പ് എങ്ങനെയായിരുന്നു. അദ്ദേഹം പറഞ്ഞു: അവ രണ്ടിനും രണ്ട് വാറുകൾ വീതമുണ്ടായിരുന്നു. [തിർമിദി]

❒ അനസ് ﷺ ൽ നിന്ന് നിവേദനം: വാറുകളുള്ള ദ്രവിച്ചു പഴകിയ രണ്ട് ചെരുപ്പുകൾ പുറത്തെടുത്തു കാണിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: ഇവ രണ്ടും നബി ﷺ യുടെ ചെരുപ്പുകളാണ്. [ബുഖാരി]

❒ ഇബ്നു അബ്ബാസ് ﷺ ൽ നിന്ന് നിവേദനം: നബി ﷺ യുടെ ചെരുപ്പിന് രണ്ട് വാറുകളുണ്ടായിരുന്നു. മുൻഭാഗത്ത് നിന്ന് രണ്ടായി പിളർന്നതായിരുന്നു അത് [തിർമിദി]

❒ അംറിബ്നു ഹുറൈഥ് ﷺ പറയുന്നു: നബി ﷺ കഷ്ണം വെച്ച് തുന്നിയ ചെരുപ്പുകളണിഞ്ഞ് നിസ്കരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. [തിർമിദി]

മേൽജോഡി [ഖുഫ്ഫ]

❒ അബ്ദുല്ലാഹിബ്നു ബുറൈദ് ﷺ പിതാവിൽ നിന്ന്: നജ്ജാഷി ചക്രവർത്തി നബി ﷺ ക്ക് കറുപ്പ് നിറത്തിലുള്ള രണ്ട് ജോഡികൾ സമ്മാനമായി നൽകുകയുണ്ടായി. അവിടുന്ന് അത് ധരിക്കുകയും വുദുവെടുക്കുമ്പോൾ അതിൻ മേൽ തടവുകയും ചെയ്യുമായിരുന്നു. [തിർമിദി]

❒ മുഗീറത്തുബുനുശുഅ്ബ ﷺ പറഞ്ഞതായി അബൂ ഇസ്ഹാഖ് ഉദ്ധരിക്കുന്നു. (സ്വഹാബിയായ) ദാഹിയ്യ ﷺ നബി ﷺ ക്ക് രണ്ട് മേൽ ജോഡികൾ സമ്മാനമായി നൽകി. അവിടുന്നത് ധരിക്കുകയും ചെയ്തു. [തിർമിദ്]

പുതപ്പ്

ആഇശ ﷺ നിവേദനം: ഒരു ദിവസം രാവിലെ നബി ﷺ പുറത്തുവന്നു. അപ്പോൾ അദ്ദേഹത്തിന്റെ മേൽ കറുത്തരോമം കൊണ്ടുള്ള ചിത്രപ്പണികളോടുകൂടിയ ഒരു പുതപ്പുണ്ടായിരുന്നു. [മുസ്ലിം]

തലയിണ

ആഇശ ﷺ നിവേദനം: റസൂൽ ﷺ ചാരി ഇരുന്നിരുന്ന തലയിണ തോലിന്റേതായിരുന്നു. അതിൽ ചകിരിനാര് ആയിരുന്നു നിറച്ചിരുന്നത് [മുസ്ലിം]

കിടക്ക

ആഇശ رضي الله عنها നിവേദനം: നബി ﷺ ഉറങ്ങുന്ന കിടക്ക ഈത്തപന നാര് നിറച്ച് തോലുകൾ കൊണ്ടുള്ളതായിരുന്നു [തിർമിദി]

കട്ടിൽ

അബൂമൂസാ رضي الله عنه പറയുന്നു.... ഞാൻ മടങ്ങി നബി ﷺ യുടെ വീട്ടിൽ പ്രവേശിച്ചു. അവിടുന്ന് കയറ് കൊണ്ട് നിർമ്മിച്ച ഒരു കട്ടിലിലായിരുന്നു. അതിന്മേൽ ഒരു വിരിപ്പുണ്ടായിരുന്നു. കട്ടിലിന്റെ കയറിന്റെ അടയാളം നബി ﷺ യുടെ മുതുകിലും പാർശ്വത്തിലും പാടുകളുണ്ടാക്കിയിരിക്കുന്നു.... [ബുഖാരി]

■

നബി ﷺയുടെ പ്രവാചകത്വമുദ്ര, മോതിരം....

പ്രവാചകത്വ മുദ്ര

❒ സാഇബ്നുയസീദ് رضي الله عنه നിവേദനം. അദ്ദേഹം പറയുന്നു. എന്റെ മാതൃസഹോദരി എന്നെ നബി ﷺയുടെ അടുക്കൽ കൊണ്ട്പോയി. എന്നിട്ട് പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ എന്റെ സഹോദരി പുത്രന് കാലിൽ വലിയ വേദനയുണ്ട്." അപ്പോൾ തിരുമേനി ﷺ എന്നെ തടവുകയും എനിക്ക് അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് നബി ﷺ വുദു ചെയ്തു. ശേഷിച്ച വെള്ളത്തിൽ നിന്ന് അല്പമെടുത്ത് ഞാൻ കുടിച്ചു. എന്നിട്ട് തിരുമേനി ﷺയുടെ പിന്നിൽ നിന്നു. അന്നേരം പ്രവാചകത്വമുദ്ര തിരുമേനി ﷺയുടെ രണ്ട് ചുമലുകൾക്കിടയിൽ ഞാൻ കണ്ടു. മണിയറയിൽ തൂക്കിയിട്ട വിരികളിൽ ഘടിപ്പിച്ച കുടുക്കുകൾ പോലെയുണ്ട്. [ബുഖാരി, മുസ്ലിം]

❒ ജാബിർബ്നുസമുറത്ത് رضي الله عنه നിവേദനം: റസൂൽ ﷺയുടെ മുതുകിൽ പ്രവാചകത്വമുദ്ര ഞാൻ കണ്ടിട്ടുണ്ട്. മാടപ്രാവിന്റെ മുട്ടപോലെ. [മുസ്ലിം]

മോതിരം

❒ അനസ് رضي الله عنه ൽ നിന്ന് നിവേദനം: നബി ﷺ (അന്യനാടുകളിലെ രാജാക്കന്മാർക്ക്) ഒരു കത്തെഴുതി അല്ലെങ്കിൽ എഴുതുവാൻ ഉദ്ദേശിച്ചു. അപ്പോൾ മുദ്രവെക്കപ്പെട്ട കത്തല്ലാതെ അവർ വായിക്കുകയില്ലെന്ന് അദ്ദേഹത്തെ ചിലർ ഓർമ്മപ്പെടുത്തി. അങ്ങനെ നബി ﷺ വെള്ളിയുടെ ഒരു മോതിരമുണ്ടാക്കി. അതിൽ മുഹമ്മദുർറസൂല്ലാഹ് എന്ന് കൊത്തിവെച്ചു. അനസ് رضي الله عنه

പറയുന്നു: തിരുമേനിﷺയുടെ കയ്യിൽകിടന്ന ആ മോതിരത്തിന്റെ പ്രകാശം ഇപ്പോഴും എന്റെ കൺമുമ്പിലുള്ളത് പോലെ തോന്നുന്നു. [ബുഖാരി, മുസ്‌ലിം]

❒ അനസ് ﷺ നിവേദനം: റസൂൽﷺ വെള്ളിയുടെ മോതിരം തന്റെ വലതു കയ്യിൽ ധരിച്ചു. അതിൽ അബ്സീനിയാ കല്ലാണ് ഉണ്ടായിരുന്നത്. ആ കല്ല് ഉള്ളംകൈക്ക് അടുത്തായിരുന്നു. [മുസ്‌ലിം]

❒ അനസ് ﷺ നിവേദനം: ഇടത്തേകയ്യിന്റെ ചെറുവിരൽ കാണിച്ചുകൊണ്ട്: 'നബിﷺയുടെ മോതിരം ഇതിലായിരുന്നു' [മുസ്‌ലിം]

■

നബി ﷺയുടെ കുതിര, ഒട്ടകം, വാൾ...

കുതിര

സഹ്‌ലുബ്നുസഅദ് رضي الله عنه പറയുന്നു: ഞങ്ങളുടെ തോട്ടത്തിൽ നബി ﷺയുടെ ഒരു കുതിരയുണ്ടായിരുന്നു. 'അല്ലുഹൈഫ്' എന്നാണതിന്റെ പേര്. ലുവൈഫ് എന്നും ചിലർ പറയാറുണ്ട്. [ബുഖാരി]

ഒട്ടകം

അനസുബ്നു മാലിക് رضي الله عنه നിവേദനം: അദ്ബാഅ് എന്ന് പേരുള്ള ഒരു ഒട്ടകം നബി ﷺക്കുണ്ടായിരുന്നു...[ബുഖാരി]

കഴുത

മുആദ് رضي الله عنه നിവേദനം: 'ഉഫൈർ' എന്ന് വിളിക്കപ്പെടുന്ന ഒരു കഴുതയുടെ പുറത്ത് ഞാൻ നബി ﷺയുടെ പിറകിലിരുന്നു യാത്ര ചെയ്യുകയായിരുന്നു... [ബുഖാരി]

വാൾ

അനസ് رضي الله عنه നിവേദനം: റസൂൽ ﷺയുടെ വാൾപിടിയിലുള്ള കൊത്ത് പണികൾ വെള്ളികൊണ്ടുള്ളതായിരുന്നു. [തിർമിദി]

പടയങ്കി

❒ സുബൈറുബ്നു അവ്വാം رضي الله عنه നിവേദനം: നബി ﷺ ഉഹ്ദ് യുദ്ധ ദിവസം രണ്ട് അങ്കിയണിഞ്ഞിരുന്നു.... [തിർമിദി]

❒ സാഇദിബ്നു യസീദ് رضي الله عنه നിന്ന്: ഉഹ്ദ് യുദ്ധ ദിവസം നബി ﷺ മേൽ

ക്കുമേൽ രണ്ട് അങ്കിയണിഞ്ഞിരുന്നു. [തിർമിദി]

തലയങ്കി

അനസ് ﷺ ൽ നിന്ന് നിവേദനം: മക്കാ വിജയ ദിവസം നബി ﷺ മക്കയിൽ പ്രവേശിച്ചത് ഇരുമ്പ് തലയങ്കിയണിഞ്ഞുകൊണ്ടായിരുന്നു..... [തിർമിദി]

(19 70 40)

■

നബി ﷺ കഴിച്ചിരുന്ന ഭക്ഷണങ്ങൾ

ഈത്തപഴം

ഉമ്മു മുൻദിർ رضي الله عنها പറയുന്നു: റസൂൽ ﷺ ഒരിക്കൽ എന്റെയടുക്കൽ വന്നു. കൂടെ അലിയ്യുമുണ്ടായിരുന്നു. ഞങ്ങളുടെ അടുക്കൽ പഴുപ്പാകാതെ കെട്ടിവെച്ച ഈത്തപഴകുലയുണ്ടായിരുന്നു. നബി ﷺ അതു കഴിച്ചു തുടങ്ങിയപ്പോൾ അലി رضي الله عنه യും കൂടെ കഴിച്ചു...[തിർമിദി]

ചുരങ്ങ, റൊട്ടി

അനസ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ ഒരു തുന്നൽക്കാരൻ നബി ﷺ യെ ഭക്ഷണത്തിന് ക്ഷണിച്ചു. നബി ﷺ യോടൊപ്പം ആ വിരുന്നിൽ ഞാനും പങ്കെടുത്തു. അപ്പോൾ അദ്ദേഹം റസൂൽ ﷺ യുടെ മുന്നിൽ റൊട്ടിയും, ഉണക്കമാംസവും, ചുരക്കയും ചേർത്തുണ്ടാക്കിയ കറിയും കൊണ്ടുവെച്ചു. നബി ﷺ പാത്രത്തിന്റെ ചുറ്റുഭാഗത്തു നിന്നും ചുരക്ക പൊറുക്കിയെടുത്തു തിന്നുന്നത് ഞാൻ കണ്ടു. അന്ന് മുതൽ ഞാനും ചുരങ്ങ ഇഷ്ടപ്പെടാൻ തുടങ്ങി. [ബുഖാരി, മുസ്‌ലിം]

ഈത്തപഴം, കക്കരി

അബ്ദുല്ലാഹിബ്നുജഅ്ഫർ رضي الله عنه ൽ നിന്ന് നിവേദനം: നബി ﷺ ഈത്തപഴവും കക്കരിയും ചേർത്ത് കഴിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. [ബുഖാരി]

ഈത്തപഴം, വത്തക്ക

ആഇശ رضي الله عنها നിവേദനം: നബി ﷺ പഴുത്ത ഈത്തപഴത്തിന്റെ കൂടെ വത്തക്ക കഴിക്കുമായിരുന്നു. [തിർമിദി]

മധുരപലഹാരം, തേൻ

ആഇശ رضي الله عنها നിവേദനം: നബിﷺ മധുരപലഹാരങ്ങളും തേനും ഇഷ്ടപ്പെട്ടിരുന്നു. [തിർമിദി]

കോഴിയിറച്ചി

അബൂമൂസൽ അശ്അരി رضي الله عنه പറയുന്നു: നബിﷺ കോഴിയിറച്ചി തിന്നുന്നത് ഞാൻ കണ്ടിട്ടുണ്ട്. [ബുഖാരി]

ഥുഹ്ൽ

അനസ് رضي الله عنه ൽ നിന്ന് നിവേദനം: റസൂൽﷺക്ക് ഥുഹ്ൽ ഏറെ ഇഷ്ടമായിരുന്നു. അബ്ദുല്ല رضي الله عنه പറയുന്നു. അതായത് പാത്രത്തിന്റെ അടിയിൽ അവശേഷിക്കുന്ന ഭക്ഷണം. [തിർമിദി]

പാൽകട്ടി

അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽﷺ പാൽകട്ടി കഴിച്ച ശേഷം വുദുവെടുക്കുന്നത് ഞാൻ കാണുകയുണ്ടായി....[തിർമിദി]

ഒലീവ്

ഉമറുബ്നുൽ ഖത്വാബ് رضي الله عنه നിവേദനം: റസൂൽﷺ പറഞ്ഞു: നിങ്ങൾ ഒലീവ് കഴിക്കുകയും എണ്ണയായി ഉപയോഗിക്കുകയും ചെയ്യുക. കാരണമത് അനുഗ്രഹീത വൃക്ഷങ്ങളിൽ പെട്ടതാണ്. [തിർമിദി]

ഗോതമ്പു പലഹാരം

അനസ് رضي الله عنه നിവേദനം: സഫിയ رضي الله عنها യുമായുള്ള വിവാഹ സദ്യയിൽ ഈത്തപ്പഴവും ഗോതമ്പുമാവും കൊണ്ടുള്ള ഒരു തരം പലഹാരം നൽകുകയുണ്ടായി. [തിർമിദി]

പൊടികഞ്ഞി

അബ്ദുല്ലാഹിബ്നു അബീ ഔഫ رضي الله عنه നിവേദനം: ഒരു റമദാനിൽ ഞങ്ങൾ നബിﷺയോടൊപ്പം യാത്രയിലായിരിക്കെ സൂര്യൻ അസ്തമിച്ചപ്പോൾ, നബിﷺ ഒരാളെ വിളിച്ചു പറഞ്ഞു: നീ ഇറങ്ങി നമുക്ക് (നോമ്പുതുറക്കാൻ) പൊടികഞ്ഞി ഉണ്ടാക്കുക.... അങ്ങനെ അദ്ദേഹം ഇറങ്ങി പൊടികഞ്ഞി ഉണ്ടാക്കുകയും അത് നബിﷺക്ക് നൽകുകയും ഉടനെ അവിടുന്ന് അത് കുടിക്കുകയും ചെയ്തു...[മുസ്ലിം]

സുർക്ക റൊട്ടി

❒ ഉമ്മു ഹനീഅ് رضي الله عنها പറയുന്നു: നബിﷺ ഒരിക്കൽ എന്റെയടുക്കൽ കയറിവന്ന് കൊണ്ട് ചോദിച്ചു. നിന്റെയടുക്കൽ കഴിക്കാൻ വല്ലതുമുണ്ടോ? ഞാൻ പറഞ്ഞു: ഉണങ്ങിയ റൊട്ടിയും സുർക്കയുമല്ലാതെ മറ്റൊന്നുമില്ല. അവിടുന്നു പറഞ്ഞു: കൊണ്ടുവാ സുർക്കയില്ലാത്ത ഒരു വീടും ഉണ്ടാവുകയില്ലല്ലോ [തിർമിദി]

❒ ആഇശ رضي الله عنها നിവേദനം: നബിﷺ പറഞ്ഞു: കറികളിൽ ഏറ്റവും നല്ലത് സുർക്കയാകുന്നു. [മുസ്ലിം]

ആട് മാംസം

❒ അത്വാഅ്ബ്നു യാസിർ رضي الله عنه ഉമ്മുസലമ رضي الله عنها പറഞ്ഞതായി നിവേദനം. അവർ റസൂൽﷺക്ക് പൊരിച്ച ആട്ടിറച്ചി നൽകി. അവിടുന്ന് അതിൽ നിന്ന് കഴിച്ച ശേഷം വുദുവെടുക്കാതെ നമസ്കരിക്കാൻ പുറപ്പെടുകയുണ്ടായി. [തിർമിദി]

❒ അബ്ദുല്ലാഹിബ്നു ഹാരിസ് رضي الله عنه നിവേദനം: ഞങ്ങൾ റസൂൽﷺയുടെ കൂടെ പള്ളിയിൽ വെച്ച് ആട് മാംസം കഴിക്കുകയുണ്ടായി. [തിർമിദി]

ആടിന്റെ കയ്യിന്റെ ഭാഗം

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺക്ക് മാംസം കൊണ്ട് വരപ്പെട്ടപ്പോൾ അവിടുത്തേക്ക് ഏറെ ഇഷ്ടപ്പെട്ടിരുന്ന കയ്യിന്റെ ഭാഗം നൽകുകയുണ്ടായി. അതിൽ നിന്ന് അദ്ദേഹം പല്ലുകൊണ്ട് കടിച്ച് തിന്നുകയും ചെയ്തു. [തിർമിദി]

❒ ഇബ്നുമസ്ഊദ് رضي الله عنه നിവേദനം: ആടിന്റെ കയ്യിന്റെ ഭാഗം നബിﷺക്ക് ഏറെ ഇഷ്ടമായിരുന്നു.... കയ്യിന്റെ ഭാഗത്താണ് അവിടുത്തേക്ക് വിഷം നൽകപ്പെട്ടത്. യഹൂദികളായിരുന്നു വിഷം ചേർത്തത്. [തിർമിദി]

ശീതള പാനീയം

ആഇശ رضي الله عنها നിവേദനം: മധുരമുള്ള ശീതളപാനിയമായിരുന്നു നബിﷺ ഏറെ ഇഷ്ടപ്പെട്ടിരുന്നത്. [തിർമിദി]

പാനപാത്രം

❒ ഥാബിത്തി ؓ നിവേദനം: ഒരിക്കൽ അനസ് ؓ പരുക്കൻ മരം കൊണ്ടുണ്ടാക്കിയ ഇരുമ്പ് പട്ടകൊണ്ട് കെട്ടിയ ഒരു പാത്രം ഞങ്ങൾക്ക് കാണിച്ചുതന്നുകൊണ്ട് പറഞ്ഞു: ഥാബിത്തേ ഇതാണ് റസൂൽ ﷺ യുടെ പാനപാത്രം. [തിർമിദി]

❒ അനസ് ؓ നിവേദനം: ഞാൻ റസൂൽ ﷺ ക്ക് എല്ലാത്തരം പാനീയവും കുടിക്കാൻ നൽകിയിരുന്നത് ഈ പാത്രത്തിലായിരുന്നു. അതായത് ഈത്തപഴച്ചാറ്, തേൻ, പാൽ എല്ലാം. [തിർമിദി]

❒ അനസ് ؓ നിവേദനം: നബി ﷺ യുടെ പാനപാത്രം പൊട്ടിയ വിടവ് വെള്ളിചേർത്ത് ഞാൻ യോജിപ്പിച്ചു. [ബുഖാരി]

കുടിച്ചിരുന്ന രൂപം

❒ അനസ് ؓ നിവേദനം: നബി ﷺ ഭക്ഷണം കഴിച്ചാൽ അവിടുത്തെ വിരലുകൾ മൂന്ന് തവണ നക്കുമായിരുന്നു. [തിർമിദി]

❒ കഅ്ബുബ്നു മാലിക് ؓ പിതാവിൽ നിന്ന്: റസൂൽ ﷺ അവിടുത്തെ മൂന്ന് വിരലുകൾ കൊണ്ടായിരുന്നു ആഹാരം കഴിച്ചിരുന്നത്. അവിടുന്ന് അത് തുടച്ച് വൃത്തിയാക്കുന്നതിന് മുമ്പായി നക്കി തുടച്ചിരുന്നു. [മുസ്ലിം]

പാഴാക്കിയിരുന്നില്ല

ജാബിർ ؓ നിവേദനം: റസൂൽ ﷺ പറഞ്ഞു: ഭക്ഷണം അല്പം താഴെ വീണാൽ നിങ്ങൾ അതെടുക്കണം. അതിൽ എന്തെങ്കിലും മാലിന്യമുണ്ടെങ്കിൽ അത് കളഞ്ഞ് ബാക്കി തിന്നണം. അത് പിശാചിന് ഒഴിവാക്കികൊടുക്കരുത്. കൈ നക്കി എടുക്കുന്നത് വരെ ടവ്വൽ കൊണ്ട് തുടക്കരുത്. നിശ്ചയം ഭക്ഷണം ഏതിലാണ് അനുഗ്രഹം എന്ന് അവന് അറിയുകയില്ല. [മുസ്ലിം]

കുറ്റം പറയാറില്ല

അബൂഹുറയ്റ ؓ നിവേദനം: നബി ﷺ ഒരു ഭക്ഷണത്തെയും കുറ്റം പറയാറില്ല. ഇഷ്ടപ്പെട്ടാൽ കഴിക്കും ഇല്ലെങ്കിൽ വേണ്ടെന്ന് വെക്കും. [ബുഖാരി]

■

നബി ﷺയുടെ ഇരുത്തം, കിടത്തം...

ഇരുന്നത്

❒ ജാബിറുബ്നു സമൂറ رضي الله عنه നിവേദനം: റസൂൽ ﷺ അവിടുത്തെ ഇട തുഭാഗത്ത് ഒരു തലയിണവെച്ച് അതിന്മേൽ ചാരിയിരുക്കുന്നത് ഞാൻ കാണുകയുണ്ടായി. [തിർമിദി]

❒ അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ കഅ്ബയുടെ മുറ്റത്ത് കാലുകളിൽ കൈകൊണ്ട് ചുറ്റിപ്പിടിച്ച് ഇപ്രകാരം ഇരിക്കുന്നത് ഞാൻ കണ്ടിരുന്നു. [ബുഖാരി]

❒ അനസ് رضي الله عنه നിവേദനം: തിരുനബി ﷺ ചമ്രംപടിഞ്ഞിരുന്ന് കാരക്ക ഭക്ഷിക്കുന്നത് ഞാൻ കണ്ടു. [മുസ്ലിം]

കിടന്നത്

❒ അബ്ദുല്ലാഹിബ്നു സൈദ് رضي الله عنه നിവേദനം: ഒരിക്കൽ നബി ﷺ ഒരു കാൽ മറ്റേ കാലിൽ കയറ്റിവെച്ച് പള്ളിയിൽ മലർന്നു കിടക്കുന്നതായി അദ്ദേഹം കണ്ടു. [ബുഖാരി, മുസ്ലിം]

❒ അനസ് رضي الله عنه പറയുന്നു. നബി ﷺ തന്റെ വിരിപ്പിനടുത്തെത്തിയാൽ ഇപ്രകാരം പറയാറുണ്ടായിരുന്നു: "ഞങ്ങളെ തീറ്റിപ്പിക്കുകയും കുടിപ്പിക്കുകയും ആവശ്യമായതെല്ലാം നൽകുകയും അഭയം നൽകുകയും ചെയ്ത അല്ലാഹുവിന് സർവ്വസ്തുതിയും. എത്രയാളുകളാണ് ആവശ്യങ്ങൾ നിറവേറാതെ അണയാനൊരു അഭയമില്ലാത്തവരായിട്ടുള്ളത്." [മുസ്ലിം]

❒ അബൂഖതാദ ﷺ നിവേദനം: നബി ﷺ യാത്രയിൽ രാത്രി ഉറങ്ങാനൊരുങ്ങിയാൽ വലതുഭാഗം ചെരിഞ്ഞ് കിടക്കുമായിരുന്നു. സുബ്ഹിക്ക് തൊട്ടുമുമ്പാണ് ഉറങ്ങാനൊരുങ്ങുന്നതെങ്കിൽ തന്റെ പടച്ചട്ട നാട്ടിവെക്കുകയും മുൻകയ്യിൽ തലവെച്ച്കൊണ്ടുറങ്ങുകയും ചെയ്യുമായിരുന്നു. [മുസ്ലിം]

■

നബി ﷺ യുടെ ചിരി

പുഞ്ചിരി

❒ അബ്ദുല്ലാഹ്ബ്നു ഹാരിസ് ؓ നിവേദനം: 'റസൂൽ ﷺ യെക്കാൾ പുഞ്ചിരിക്കുന്ന ആരെയും ഞാൻ കണ്ടിട്ടില്ല.'

മറ്റൊരു നിവേദനത്തിൽ 'റസൂൽ ﷺ യുടെ ചിരി പുഞ്ചിരി മാത്രമായിരുന്നു' എന്നാണുള്ളത്. [തിർമിദി]

❒ ജരീർബ്നു അബ്ദില്ല ؓ നിവേദനം: ഞാൻ മുസ്ലിമായ നാളുകളിൽ റസൂൽ ﷺ എനിക്ക് സന്ദർശനം വിലക്കിയിട്ടില്ല. ചിരിച്ചുകൊണ്ടല്ലാതെ അവിടുന്ന് എന്നെ അഭിമുഖീകരിച്ചിട്ടുമില്ല.

മറ്റൊരു റിപ്പോർട്ടിൽ 'പുഞ്ചിരിച്ചുകൊണ്ടല്ലാതെ' എന്നാണ് ഉള്ളത്. [തിർമിദി]

❒ സിമാക്ബ്നു ഹർബ് ؓ നിവേദനം.... ആളുകൾ ജാഹിലിയ്യത്തിലെ ഓരോ കാര്യങ്ങൾ സംസാരിച്ച് ചിരിക്കും അപ്പോൾ നബി ﷺ യും പുഞ്ചിരിക്കും. [മുസ്ലിം]

❒ നബി പത്നി ആഇശ ؓ പറയുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ അണ്ണാക്ക് കാണുമാറ് ചിരിച്ചതായി ഞാൻ കണ്ടിട്ടില്ല. അവിടുന്ന് പുഞ്ചിരിക്കുക മാത്രമാണ് ചെയ്തിരുന്നത്..[ബുഖാരി]

പൊട്ടിച്ചിരിച്ചത്

അബൂഹുറയ്റ رضي الله عنه പറയുന്നു: ഞങ്ങൾ നബി ﷺ യുടെ അടുത്ത് ഇരിക്കുമ്പോൾ ഒരാൾ നബി ﷺ യുടെ അടുത്ത് വന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ഞാൻ നശിച്ചുപോയി. നബി ﷺ ചോദിച്ചു: എന്തുപറ്റി നിനക്ക്. അയാൾ പറഞ്ഞു: റമദാനിൽ നോമ്പുകാരനായിരിക്കെ ഭാര്യയുമായി ബന്ധപ്പെട്ടു. അപ്പോൾ റസൂൽ ﷺ ചോദിച്ചു: നിനക്ക് പ്രായശ്ചിത്തമായി ഒരടിമയെ മോചിപ്പിക്കാൻ കഴിയുമോ? അയാൾ പറഞ്ഞു: ഇല്ല. നബി ﷺ ചോദിച്ചു: തുടർച്ചയായി രണ്ട് മാസം നിനക്ക് നോമ്പനുഷ്ഠിക്കാൻ കഴിയുമോ? അയാൾ പറഞ്ഞു: ഇല്ല. അപ്പോൾ നബി ﷺ ചോദിച്ചു: അറുപത് ദരിദ്രർക്ക് ഭക്ഷണം നൽകാൻ നിനക്ക് കഴിയുമോ? അയാൾ പറഞ്ഞു: ഇല്ല... ഞങ്ങൾ അങ്ങനെ ഇരിക്കെ ഒരു കൊട്ട ഈത്തപഴം കൊണ്ട് വരപ്പെട്ടു... നബി ﷺ പറഞ്ഞു: ഇതു കൊണ്ട് പോയി ധർമ്മം ചെയ്യൂ. അപ്പോൾ അയാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ എന്നേക്കാൾ പാവപ്പെട്ടവർക്കല്ലേ ധർമ്മം ചെയ്യേണ്ടത്. അല്ലാഹുവാണേ ഈ രണ്ട് കൽ പ്രദേശങ്ങൾക്കിടയിൽ എന്റെ കുടുംബത്തേക്കാൾ ദരിദ്രരായി മറ്റൊരു കുടുംബവുമില്ല. (ഇത് കേട്ട്) അണപ്പല്ല് വെളിവാകുമാറ് നബി ﷺ ചിരിച്ചുപോയി. പിന്നെ പറഞ്ഞു: ഇത് കൊണ്ട് നിന്റെ കുടുംബത്തെ തീറ്റുക. [ബുഖാരി]

■

നബി ﷺ യുടെ തമാശ

തമാശകളും ഫലിതങ്ങളും

❒ അബൂഹുറയ്റ رضي الله عنه വിൽ നിന്ന് നിവേദനം: റസൂലേ താങ്കൾ ഞങ്ങളോട് തമാശ പറയുന്നല്ലോ എന്ന് അവർ ചോദിച്ചപ്പോൾ റസൂൽ ﷺ പറഞ്ഞു: അതെ പക്ഷേ ഞാൻ സത്യമല്ലാതെ പറയുകയില്ല. [തിർമിദി]

❒ അനസ് رضي الله عنه നിവേദനം: നബി ﷺ ഒരിക്കൽ എന്നെ ഇരു ചെവിയൻ എന്ന് വിളിച്ചു. അബൂ ഉസാമ رضي الله عنه പറയുന്നു. നബി ﷺ അദ്ദേഹത്തോട് തമാശ പറയുകയായിരുന്നു അത്. [തിർമിദി]

❒ അനസ് رضي الله عنه നിവേദനം. ഒരാൾ റസൂൽ ﷺ യോട് തന്നെ ഒട്ടക പുറത്ത് കയറ്റണമെന്ന് ആവശ്യപ്പെട്ടു. അവിടുന്ന് പറഞ്ഞു: നിന്നെ ഞാൻ ഒട്ടക കുട്ടിയുടെ പുറത്ത് കയറ്റാം. അയാൾ ചോദിച്ചു ഒട്ടക കുട്ടിയെകൊണ്ട് ഞാനെന്ത് ചെയ്യാനാണ്. നബി ﷺ പറഞ്ഞു: എല്ലാ ഒട്ടകങ്ങളും ഒട്ടകകുട്ടികൾ തന്നെയാണ്. [തിർമിദി]

❒ അനസ് رضي الله عنه നിവേദനം: സാഇർ എന്ന ഗ്രാമീണൻ നബി ﷺ ക്ക് നാട്ടിൻ പുറത്തെ സാധനങ്ങൾ സമ്മാനമായി കൊണ്ട് വരാറുണ്ടായിരുന്നു. തിരിച്ച് പോകുമ്പോൾ നബി ﷺ അവനെ യാത്രയാക്കുകയും ചെയ്യും... ഒരു വിരൂപനായിരുന്ന അവനെ നബി ﷺ ഏറെ ഇഷ്ടപ്പെട്ടിരുന്നു. ഒരിക്കൽ ചന്തയിൽ സാധനങ്ങൾ വിൽക്കുമ്പോൾ നബി ﷺ അയാൾ കാണാതെ പിന്നിലൂടെ അദ്ദേഹത്തെ ഇരു കൈകൾ കൊണ്ടും ചേർത്തു പിടിച്ചു. ഉടൻ അവൻ ചോദിച്ചു: ഇതാരാണ് എന്നെ വിടൂ. തിരിഞ്ഞു നോക്കുമ്പോൾ നബിയാണെന്നറിഞ്ഞപ്പോൾ തന്റെ മുതുക് നബി ﷺ യുടെ നെഞ്ചിൽ തന്നെ

ചേർത്തു വെക്കുകയാണദ്ദേഹം ചെയ്തത്. നബി ﷺ പറഞ്ഞു: ഈ അടിമയെ ആരുണ്ട് വാങ്ങാൻ. അയാൾ ചോദിച്ചു: ഞാനൊരു വിറ്റൊഴിയാത്ത ചരക്കാണോ? നബി ﷺ പറഞ്ഞു: അല്ല അല്ലാഹുവിങ്കൽ നീ വിറ്റൊഴിയാത്ത സാധനമല്ല. അല്ലെങ്കിൽ നബി ﷺ പറഞ്ഞത്: അല്ലാഹുവിങ്കൽ നീ വിലപിടിപ്പുള്ളവനാണ്. [തിർമിദി]

❒ ഹസൻ ﷺ നിവേദനം: ഒരിക്കൽ ഒരു വൃദ്ധസ്ത്രീ നബി ﷺ യുടെ അടുക്കൽ വന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ എന്നെ സ്വർഗത്തിൽ പ്രവേശിക്കാൻ അങ്ങ് പ്രാർത്ഥിക്കണം. അവിടുന്ന് പറഞ്ഞു: ഹേ വലിയുമ്മാ! സ്വർഗത്തിൽ വൃദ്ധകൾ പ്രവേശിക്കുകയില്ലല്ലോ. അത് കേട്ടപ്പോൾ അവർ കരഞ്ഞുകൊണ്ട് പിന്തിരിഞ്ഞുപോയി. അപ്പോൾ നബി ﷺ പറഞ്ഞു: അവരോട് പറയുക അവർ സ്വർഗത്തിൽ വൃദ്ധയായികൊണ്ട് പ്രവേശിക്കുകയില്ലെന്ന്. കാരണം അല്ലാഹു പറയുന്നു "തീർച്ചയായും അവരെ (സ്വർഗസ്ത്രീകളെ) നാം ഒരു പ്രത്യേക പ്രകൃതിയോടെ സൃഷ്ടിച്ചുണ്ടാക്കിയിരിക്കുന്നു. അങ്ങനെ നാം അവരെ കന്യകമാരും സ്നേഹവതികളും സമപ്രായക്കാരും ആക്കിയിരിക്കുന്നു. (വിശുദ്ധ ഖുർആൻ: 56/35-37) [തിർമിദി]

■

■ പതിനൊന്ന്

നബി ﷺയും വിനോദങ്ങളും

ദഫ്മുട്ട്, അഭ്യാസ പ്രകടനങ്ങൾ, കളികൾ

❒ ആഇശ ؓ നിവേദനം: മിനായിൽ ആളുകൾ കഴിയുന്ന ദിവസങ്ങളിൽ ഒരു ദിവസം എന്റെ സമീപത്ത് രണ്ട് പെൺകുട്ടികൾ ദഫ്മുട്ടി പാട്ടു പാടുമ്പോൾ അബൂബക്കർ ؓ അവരുടെ അടുത്തേക്ക് കടന്ന് ചെന്നു. ആ സമയത്ത് നബി ﷺ അവിടെ പുതച്ചുമൂടി കിടക്കുന്നുണ്ടായിരുന്നു. അപ്പോൾ അബൂബക്കർ ؓ അവരിരുവരെയും അധിക്ഷേപിച്ചു. അപ്പോൾ നബി ﷺ മുഖത്ത് നിന്ന് പുതപ്പ് നീക്കികൊണ്ട് പറഞ്ഞു: അവരെ വിട്ടേക്കൂ അബൂബക്കർ: ഇത് പെരുന്നാൾ ദിനങ്ങളും ആ ദിനങ്ങൾ മിനാ ദിവസങ്ങളും ആണല്ലോ.

❒ ആഇശ ؓ പറയുന്നു: എത്യോപിയക്കാർ മസ്ജിദിൽ വെച്ച് കളിക്കുന്നത് ഞാൻ നോക്കിക്കാണുന്ന അവസരത്തിൽ എനിക്ക് മറപിടിച്ച് തന്നിരുന്നത് ഞാൻ കണ്ടിട്ടുണ്ട്. അപ്പോൾ ഉമർ ؓ അവരെ (എത്യോപ്യക്കാരെ) വിരട്ടി. അപ്പോൾ നബി ﷺ പറഞ്ഞു: അവരെ വിട്ടേക്കൂ. "എത്യോപ്യക്കാരെ നിങ്ങൾ നിർഭയത്വത്തോടെ കളിച്ചു കൊള്ളുക." [ബുഖാരി]

❒ ആഇശ ؓ പറഞ്ഞു.... അത് ഒരു പെരുന്നാൾ ദിവസമായിരുന്നു. അതിൽ സുഡാനികളായ ആളുകൾ കുന്തവും പരിചയും കൊണ്ട് അഭ്യാസം നടത്തുന്നുണ്ടായിരുന്നു. അപ്പോൾ ഞാൻ നബി ﷺയോട് അനുവാദം ചോദിച്ചു. അപ്പോൾ അദ്ദേഹം നിനക്ക് കാണണോ എന്ന് ചോദിച്ചു. ഞാൻ അതെ എന്ന് പറഞ്ഞു. അങ്ങനെ അവിടുന്ന് എന്നെ അദ്ദേഹത്തിന്റെ പിന്നിലാക്കി. എന്റെ കവിൾ അവിടുത്തെ കവിളിന്റെ മീതെയായിരുന്നു.

അപ്പോൾ നബി ﷺ പറയുന്നുണ്ടായിരുന്നു. ഹേ അബ്സീനിയൻ മക്കളേ ഉഷാറായിട്ടുണ്ട്....[ബുഖാരി, മുസ്ലിം]

കുതിരപ്പന്തയം

ഇബ്നു ഉമർ رضي الله عنه നിവേദനം: ശരീരം മെലിപ്പിച്ച് പാകപ്പെടുത്തിയ ചില കുതിരകളെ സംഘടിപ്പിച്ച് ഒരിക്കൽ നബി ﷺ ഒരു പന്തയം നടത്തി. ഓട്ടമാരംഭിച്ചത് ഹൈഫായിൽ നിന്നാണ്. ഓട്ടം അവസാനിക്കേണ്ട സ്ഥലം സനിയത്തുൽ വദാഅ് ആയിരുന്നു. ഇപ്രകാരം തന്നെ ശരീരം മെലിയിച്ചിട്ടില്ലാത്ത ചില കുതിരകളെ സംഘടിപ്പിച്ചും നബി ﷺ പന്തയം നടത്തി. സനിയത്തുൽ വദാഇൽ നിന്ന് മസ്ജിദ് ബനീ സുറൈക്ക് വരെയായിരുന്നു ഓട്ടത്തിന്റെ പരിധി നിശ്ചയിച്ചിരുന്നത്. ഇബ്നു ഉമറും ആ കുതിര പന്തയത്തിൽ പങ്കെടുത്തിരുന്നു. [ബുഖാരി, മുസ്ലിം]

ഓട്ട മത്സരം

ആഇശ رضي الله عنها നിവേദനം: ഞാൻ നബി ﷺ യോടൊപ്പം ഒരു യാത്രക്കൊരുങ്ങി. ഞാനന്ന് വണ്ണംകുറഞ്ഞ് മെലിഞ്ഞ ഒരു യുവതിയാണ്. നബി ﷺ ജനങ്ങളോട് മുന്നിൽ നടന്നു പോകാൻ കല്പിച്ചു. ശേഷം എന്നോട് പറഞ്ഞു: വരൂ നമുക്ക് ഓട്ട മത്സരം നടത്താം. അങ്ങനെ മത്സരത്തിൽ ഞാൻ ജയിച്ചു. നബി ﷺ അതിനെ പറ്റി നിശബ്ദനായി. അങ്ങനെ കാലങ്ങൾക്ക് ശേഷം എനിക്ക് തടികൂടുകയും കനംകൂടുകയും ചെയ്ത ഒരു വേളയിൽ നബി ﷺ യോടൊപ്പം ഞാനൊരു യാത്രക്ക് പുറപ്പെട്ടു. അവിടുന്ന് ജനങ്ങളോട് മുമ്പേ നടക്കാൻ കല്പിച്ചു. എന്നിട്ട് എന്നോടായി പറഞ്ഞു: വരൂ നമുക്ക് ഓട്ട മത്സരമാകാം. അപ്രാവശ്യം നബി ﷺ എന്നെ പരാജയപ്പെടുത്തി. അവിടുന്ന് ചിരിക്കാൻ തുടങ്ങി. എന്നിട്ട് എന്നോട് പറഞ്ഞു: ഇത് മറ്റതിന് പകരമാണ്. [അഹ്മദ്]

■

നബി ﷺയും കവിതകളും

നല്ല കവിതകൾ

❒ ജുൻദുബ്നുസുഫ്യാൻ ؓ നിവേദനം: റസൂൽ ﷺയുടെ വിരലിൽ കല്ലുതട്ടി മുറിവേറ്റു രക്തം ഒലിക്കുകയുണ്ടായി. അപ്പോൾ അവിടുന്നു പാടി: 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ത്യാഗങ്ങൾ അനുഭവിച്ച രക്തം പുരണ്ട വിരലാണ് നീ' [തിർമിദി]

❒ ജാബിറുബ്നു സമൂറ ؓ നിവേദനം നബി ﷺയുടെ കൂടെ ഞാൻ നൂറിലധികം തവണ ഇരുന്നിട്ടുണ്ട്. അവിടുത്തെ അനുചരന്മാർ പരസ്പരം കവിത ആലപിക്കുകയും ജാഹിലിയത്തിലെ കാര്യങ്ങൾ പരസ്പരം അനുസ്മരിക്കുകയും ചെയ്യാറുണ്ടായിരുന്നു. അവിടുന്ന് മൗനമവലംബിക്കും ചിലപ്പോൾ അവരുടെ കൂടെ പുഞ്ചിരിക്കും. [തിർമിദി]

❒ ആഇശ ؓ നിവേദനം: റസൂൽ ﷺ ഹസ്സാനുബ്നു സാബിത്ത് ؓന് പള്ളിയിൽ പീഠം വെച്ചു കൊടുക്കാറുണ്ടായിരുന്നു. എന്നിട്ടതിൽ മേൽ കയറി നിന്ന് അദ്ദേഹം റസൂൽ ﷺന്റെ മഹത്വം വർണ്ണിക്കും അല്ലെങ്കിൽ നിവേദകൻ പറഞ്ഞത് പോലെ റസൂൽ ﷺയെ പ്രതിയോഗികളുടെ ആരോപണങ്ങളിൽ നിന്ന് മുക്തനാക്കും എന്നാണ്. അവിടുന്ന് പറയും നിശ്ചയം അല്ലാഹുവിന്റെ ദൂതരുടെ മഹത്വം വർണ്ണിക്കുകയോ അല്ലെങ്കിൽ റസൂൽ ﷺ പറഞ്ഞത് ആരോപണങ്ങളിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുകയാൽ ഹസ്സാനെ പരിശുദ്ധാത്മാവിനാൽ (ജിബ്രീൽ മാലാഖ)അല്ലാഹു ശക്തിപെടുത്തും എന്നാണ്. [തിർമിദി]

❒ അംറബ്നു ശരീദ് ؓ തന്റെ പിതാവിൽ നിന്ന് നിവേദനം: ഞാൻ ഒരു

ദിവസം നബിﷺയുടെ വാഹനത്തിന്റെ പിറകിലിരുന്ന് യാത്ര ചെയ്തു. അപ്പോൾ നബിﷺ എന്നോട് ചോദിച്ചു. നിന്റെ അടുക്കൽ ഉമയ്യത്ത് ബിൻ അബിസ്വൽത്തിന്റെ കവിതയിൽ നിന്ന് വല്ലതുമുണ്ടോ? ഞാൻ പറഞ്ഞു: അതെ. അപ്പോൾ നബിﷺ പറഞ്ഞു: എങ്കിൽ അതു ചൊല്ലുക. അപ്പോൾ ഞാൻ ഒരു വരി പാടി. അപ്പോൾ നബിﷺ പറഞ്ഞു: ഇനിയും ചൊല്ലുക... എത്രത്തോളമെന്നാൽ അങ്ങനെ ഞാൻ നൂറ് വരിവരെ പാടി [മുസ്‌ലിം]

❒ ഉബയ്യബ്നു കഅ്ബ്ﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: നിശ്ചയമായും കവിതയിൽ തത്വജ്ഞാനമുണ്ട്. [ബുഖാരി]

ചീത്ത കവിതകൾ

അബൂഹുറയ്റﷺ നിവേദനം: നബിﷺ പറഞ്ഞു: നിങ്ങളിൽ ഒരാളുടെ ഹൃദയത്തിൽ ചലം നിറയലാണ് അതിൽ ദൈവസ്മരണ അന്യമാകുന്ന കവിത നിറയുന്നതിനേക്കാൾ ഉത്തമം. [ബുഖാരി, മുസ്‌ലിം]

■

നബി ﷺയുടെ ഖുർആൻ പാരായണം

ഖുർആൻ പാരായണം

❒ അനസ്ബ്നു മാലിക് ؓ നിവേദനം: നബി ﷺയുടെ ഖുർആൻ പാരായണം എങ്ങനെയായിരുന്നുവെന്ന് അദ്ദേഹം ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: അവിടുന്ന് നീട്ടി പാരായണം ചെയ്യും. പിന്നെ അദ്ദേഹം ഓതി: 'ബിസ്മില്ലാഹിർറഹ്മാനിർറഹീം.' 'ബിസ്മില്ലാഹി' എന്ന് നീട്ടി ഓതും. പിന്നെ 'അർറഹ്മാനി' എന്നതും 'അർറഹീം' എന്നതും നീട്ടി ഓതും. [ബുഖാരി]

❒ ഫാത്വിമ ؓ പറയുന്നു: നബി ﷺ എന്നോട് സ്വകാര്യം പറഞ്ഞു. ജിബ്രീൽ എല്ലാ വർഷവും വന്ന് ഖുർആൻ വായിച്ച് കേൾപ്പിക്കാറുണ്ട്. ഈ വർഷം രണ്ട് തവണ വായിച്ച് കേൾപ്പിച്ചു. അതിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് എന്റെ അവധി എത്തികഴിഞ്ഞു എന്നാണ്. [ബുഖാരി]

❒ ഇബ്നു മസ്ഊദ് ؓ പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺയുടെ വായിലൂടെ എഴുപതിൽ പരം സൂറത്തുകൾ ഞാൻ കേട്ടു പഠിച്ചിട്ടുണ്ട്. [ബുഖാരി]

❒ അബൂഹുറയ്റ ؓ പറയുന്നു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു: ഖുർആൻ ഉച്ചത്തിലും മണിച്ചു കൊണ്ടും നല്ല ശബ്ദത്തിലും പാരായണം ചെയ്യാൻ പ്രവാചകന് അനുവാദം കൊടുത്ത രീതിയിൽ മറ്റൊന്നും ആലപിക്കാൻ അല്ലാഹു അനുവാദം കൊടുത്തിട്ടില്ല. [മുസ്ലിം]

❒ അബൂഹുറയ്റ ؓ പറയുന്നു. നബി ﷺ പറഞ്ഞു: പ്രവാചകൻ ഈണത്തിൽ ഖുർആൻ പാരായണം ചെയ്യുന്നത് ശ്രദ്ധിച്ച് കേൾക്കുന്നവിധത്തിൽ

മറ്റു യാതൊരു കാര്യവും അല്ലാഹു ശ്രദ്ധിച്ചു കേട്ടിട്ടില്ല. അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഉറക്കെയാക്കലാണ്. [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു മുഗ്ഫൽ ؓ പറയുന്നു: നബിﷺ മക്കാവിജയ ദിവസം അദ്ദേഹത്തിന്റെ ഒട്ടകപുറത്തിരുന്ന് സൂറത്തുൽ ഫത്ഹ് സ്ഫുടമായി ഓതികൊണ്ടിരിക്കുന്നത് ഞാൻ കണ്ടു....[ബുഖാരി]

❒ ബറാഅ് ؓൽ നിന്ന് നിവേദനം. ഇശാ നമസ്കാരത്തിൽ റസൂൽﷺ 'വത്തീനി വസൈത്തൂനി' പാരായണം ചെയ്യുന്നത് ഞാൻ കേട്ടു. തിരുമേനിﷺയെക്കാൾ മനോഹരമായ ശബ്ദം മറ്റൊരാളിൽ നിന്നും ഞാൻ കേട്ടിട്ടില്ല. [ബുഖാരി, മുസ്‌ലിം]

■

നബി ﷺ യുടെ ഭക്തി, ദൈവഭയം, കരച്ചിൽ

ഭയഭക്തി, തക്വ്വ

❒ മുഗീറത്തിനു ശുഅ്ബ رضي الله عنه നിവേദനം: നിശ്ചയം നബി ﷺ നമസ്കരിക്കാൻ നിൽക്കാറുണ്ടായിരുന്നു. തന്റെ കാല്പാദം അല്ലെങ്കിൽ കണങ്കാൽ നീരുകെട്ടി വീർക്കുവോളം അതിനെ പറ്റി ചോദിച്ചാൽ അവിടുന്നു പറയും: 'ഞാൻ നന്ദിയുള്ള അടിമയാകേണ്ടതല്ലേ' [ബുഖാരി, മുസ്ലിം]

❒ ആഇശ رضي الله عنها പറഞ്ഞു: റസൂൽ ﷺ ഏത് സമയത്തും അവസരങ്ങളിലും അല്ലാഹുവെ സ്മരിക്കാറുണ്ടായിരുന്നു. [മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه പറയുന്നു. റസൂലുല്ലാഹ് ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു. അല്ലാഹുവാണെ ഞാൻ ഒരു ദിവസം എഴുപതിൽ കൂടുതൽ തവണ അല്ലാഹുവോട് പാപമോചനത്തിന്നായി തേടുകയും ഖേദിച്ച് മടങ്ങുകയും ചെയ്യുന്നു. [ബുഖാരി]

❒ അബ്ദുല്ലാഹിബ്നു ശിഖ്ഖ് رضي الله عنه നിവേദനം: റസൂൽ ﷺ നമസ്കരിച്ച് കൊണ്ടിരിക്കെ ഞാൻ അവിടുത്തെ അടുത്തു ചെന്നു. അപ്പോൾ കരച്ചിൽ കാരണം അവിടുത്തെ അന്തർഭാഗത്ത് നിന്ന് തിളക്കുന്ന വെള്ളം കണക്കെ ഒരു തേങ്ങൽ ഉണ്ടായിരുന്നു. [തിർമിദി]

❒ അബ്ദുല്ലാഹിബ്നു അംറ് رضي الله عنه നിവേദനം: റസൂൽ ﷺ യുടെ കാലത്ത് ഒരിക്കൽ സൂര്യന് ഗ്രഹണം ബാധിച്ചു... (ഗ്രഹണ നമസ്കാരത്തിലെ) സുജൂദിൽ നിന്ന് തല ഉയർത്താതെ അവിടുന്ന് തേങ്ങികരയുകയും നിശ

സിക്കുകയും ചെയ്തുകൊണ്ട് ഇങ്ങനെ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.... [തിർമിദി]

❒ അലിؓ പറഞ്ഞു: ബദ്ർ യുദ്ധ ദിവസം ഞങ്ങളുടെ കൂട്ടത്തിൽ യുദ്ധ കുതിരയുള്ളവനായി മിഖ്ദാദ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. രാത്രിയിൽ ഞങ്ങളെല്ലാവരും തളർന്ന് ഉറങ്ങുകയായിരുന്നു. നബിﷺ മാത്രം ഒരു മര ച്ചുവട്ടിൽ ഇരുന്ന് പുലരുന്നത് വരെ കരഞ്ഞ് നമസ്കരിച്ചുകൊണ്ടിരുന്നു. [ഇബ്നു ഖുസൈമ, അഹ്മദ്]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ്ؓ നിവേദനം നബിﷺ പറഞ്ഞു: എനിക്ക് ഖുർആൻ പാരായണം ചെയ്ത് കേൾപിക്കൂ. ഞാൻ പറഞ്ഞു. താങ്കൾക്ക് ഞാൻ ഖുർആൻ പാരായണം ചെയ്ത് തരികയോ? താങ്കൾക്കല്ലേ അത് ഇറക്കപ്പെട്ടിട്ടുള്ളത്? അപ്പോൾ നബിﷺ പറഞ്ഞു: തീർച്ചയായും മറ്റുള്ളവരിൽ നിന്ന് അത് കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.... ഞാൻ സൂറത്തുന്നിസാ ഇലെ "അപ്പോൾ ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം ഹാജറാക്കുകയും ഇവർക്ക് സാക്ഷിയായി നിന്നെ ഞാൻ ഹാജരാക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ എന്തായിരിക്കും സ്ഥിതി!" എന്ന് സൂചിപ്പിക്കുന്ന ആയത്ത് വരെ ഞാൻ പാരായണം ചെയ്ത് എത്തി. അപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു ഓത്ത് നിർത്തൂ. അപ്പോൾ അവിടുത്തെ രണ്ട് കണ്ണുകളും നിറഞ്ഞൊഴുകുന്നതായി ഞാൻ കണ്ടു. [ബുഖാരി, മുസ്ലിം]

❒ അബൂബക്കർؓ പറയുന്നു. ഹിജ്റ ഒന്നാം വർഷം റസൂൽﷺ ഞങ്ങ ളെ അഭിസംബോധന ചെയ്യാൻ വേണ്ടി എഴുന്നേറ്റുനിന്നു. മൂന്ന് തവണ കണ്ണുനീർ അദ്ദേഹത്തിന്റെ സംസാരം തടസ്സപെടുത്തി അവിടുന്നു പറഞ്ഞു: നിങ്ങൾ അല്ലാഹുവിനോട് സൗഖ്യത്തിന് വേണ്ടി ആവശ്യപ്പെട്ടുകൊള്ളുക. സൗഖ്യത്തിന് ശേഷം ദൃഢ വിശ്വാസം പോലൊരു അനുഗ്രഹം ആർക്കും നൽകപ്പെട്ടിട്ടില്ല. സത്യനിഷേധത്തിന് ശേഷം സംശയത്തേക്കാൾ ഗുരുത രമായ ഒരു തിന്മയും ആർക്കും നൽകപ്പെട്ടിട്ടില്ല. നിങ്ങൾ സത്യസന്ധത മുറുകെ പിടിക്കുക. അത് പുണ്യത്തിലേക്കാണ് വഴികാണിക്കുക. അത് രണ്ടും സ്വർഗത്തിലാണെത്തുക. നിങ്ങൾ കള്ളം പറയുന്നത് സൂക്ഷിക്കുക. തീർച്ചയായും അത് ദുർവൃത്തിയിലേക്ക് വഴി കാണിക്കും. അത് രണ്ടും നരകത്തിലാണെത്തുക. [അഹ്മദ്, തിർമിദി, ഇബ്നുമാജ]

■

■ പതിനഞ്ച്

നബി ﷺ യുടെ കാരുണ്യം, ദുഃഖം, കരച്ചിൽ

കരഞ്ഞത്

❒ ഉസാമത്ത്ബ്നു സൈദ് رضي الله عنه പറയുന്നു. തന്റെ പുത്രന് മരണം ആസന്നമായിരിക്കുകയാണെന്നും. അത് കൊണ്ട് ഇവിടം വരെ വന്നാൽ നന്നായിരുന്നു എന്നും അറിയിച്ചു കൊണ്ട് മകൾ നബി ﷺ യുടെ അടുത്തേക്ക് ആളെ അയച്ചു. നബി ﷺ പുത്രിക്ക് സലാം പറഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞയച്ചു. അല്ലാഹു വിട്ട് തന്നതും അവൻ തിരിച്ചെടുത്തതും അവന്റേതു തന്നെയാണ്. എല്ലാ കാര്യങ്ങൾക്കും അവന്റെയടുക്കൽ ഒരു നിശ്ചിത അവധിയുണ്ട്. അതിനാൽ അല്ലാഹുവിങ്കൽ നിന്ന് പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവർ ക്ഷമ കൈ കൊള്ളട്ടെ. അപ്പോൾ നബി ﷺ വരികതന്നെ വേണമെന്ന് സത്യം ചെയ്തുകൊണ്ട് അവൾ വീണ്ടും ആളെ അയച്ചു..... അവിടെ എത്തിയപ്പോൾ കുട്ടിയെ നബി ﷺ യുടെ അടുത്തേക്ക് ഉയർത്തിക്കാണിച്ചു. ആ കുട്ടിയുടെ ജീവൻ കിടന്ന് പിടയുന്നുണ്ട്. ഉണങ്ങിയ തോൽ പാത്രത്തിൽ വെള്ളം ഒഴിക്കുമ്പോൾ ഉണ്ടാകുന്നത് പോലെയുള്ള ഒരു ശബ്ദം പുറപ്പെടുന്നുണ്ട്. ഇത് കണ്ടപ്പോൾ നബി ﷺ യുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അപ്പോൾ സഅ്ദ് رضي الله عنه ചോദിച്ചു. ഇതെന്താണ്. അല്ലാഹുവിന്റെ ദൂതരെ? (അങ്ങ് കരയുകയാണോ?) അപ്പോൾ അവിടുന്ന് പറഞ്ഞു: "ഇത് അല്ലാഹു അവന്റെ ദാസന്മാരുടെ ഹൃദയങ്ങളിൽ ഇട്ടുകൊടുത്തിട്ടുള്ള കാരുണ്യമാണ്. കരുണ ചെയ്യുന്ന ദാസന്മാർക്കു മാത്രമാണ് അല്ലാഹു കരുണ ചെയ്യുക. [ബുഖാരി, മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറയുന്നു. ഒരിക്കൽ സഅ്ദ്ബ്നു ഉബാദക്ക് രോഗം ബാധിച്ചു.... നബിﷺ അദ്ദേഹത്തിന്റെ അടുത്ത് പ്രവേശിച്ചപ്പോൾ കുടുംബാംഗങ്ങൾ ചുറ്റുംകൂടി നിൽക്കുന്നത് കണ്ടു. നബിﷺ ചോദിച്ചു. അദ്ദേഹം മരിച്ചു കഴിഞ്ഞോ? അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ ഇല്ല. നബിﷺ കരഞ്ഞു. നബിﷺയുടെ കരച്ചിൽ കണ്ട് അവരും കരഞ്ഞു....[ബുഖാരി, മുസ്ലിം]

❒ അനസ്ബ്നു മാലിക് رضي الله عنه പറയുന്നു: നബിﷺ പറയുകയുണ്ടായി. പതാക സൈദ് പിടിച്ചു. അദ്ദേഹം മുറിവേറ്റ് മരണപ്പെട്ടു. പിന്നെ ജഅ്ഫർ പതാകയെടുത്തു അദ്ദേഹം മുറിവേറ്റ് മരണപ്പെട്ടു. പിന്നെ അബ്ദുല്ലാഹിബ്നു റവാഹ പതാകയെടുത്തു. അദ്ദേഹവും മുറിവേറ്റു മരണപ്പെട്ടു. (ഇത് പറയുമ്പോൾ) അല്ലാഹുവിന്റെ റസൂലിന്റെ കണ്ണിൽ നിന്നും കണ്ണീർ ഒഴുകികൊണ്ടിരുന്നു.....[ബുഖാരി]

❒ ആഇശ رضي الله عنها നിവേദനം: ഉസ്മാനുബ്നു മദ്ഊൻ മരിച്ചപ്പോൾ നബിﷺ അദ്ദേഹത്തിന്റെ മൃതശരീരം കെട്ടിപിടിച്ച് ചുംബിക്കുകയും കരയുകയും ചെയ്തു. നബിﷺയുടെ കവിളിലൂടെ കണ്ണീരൊഴുകുന്നത് ഞാൻ കണ്ടു. [തിർമിദി, അബൂദാവൂദ്]

❒ അസ്മാഅ് ബിൻത് ഉവൈസ് رضي الله عنها പറയുന്നു: റസൂൽﷺ എന്റെ അടുക്കൽ വന്നു. (രക്തസാക്ഷിയായ) ജഅ്ഫറിന്റെ മക്കളെ(അടുത്തിരുത്തി) വാത്സല്യത്തോടെ മുഖത്തേക്കടുപ്പിക്കുന്നത് ഞാൻ കണ്ടു. നബിﷺയുടെ കൺതടങ്ങൾ കവിഞ്ഞൊഴുകി....[തിർമിദി, ഇബ്നുമാജ]

❒ അനസ്ബ്നു മാലിക് رضي الله عنه നിവേദനം:..... അപ്പോൾ (പ്രവാചക പുത്രൻ) ഇബ്റാഹിം മരണ ശ്വാസം വലിക്കുകയായിരുന്നു. ഇത് കണ്ട് നബിﷺയുടെ മിഴികൾ നിറഞ്ഞൊഴുകാൻ തുടങ്ങി. അപ്പോൾ അബ്ദുറഹ്മാനിബ്നു ഔഫ് ചോദിച്ചു അല്ലാഹുവിന്റെ റസൂലേ താങ്കളും കണ്ണീർ പൊഴിക്കുകയോ? റസൂൽﷺ പറഞ്ഞു: ഔഫിന്റെ മോനേ ഇത് വാത്സല്യമാണ്. പിന്നീട് കണ്ണുകൾ നിറഞ്ഞൊഴുകുമ്പോൾ റസൂൽﷺ പറഞ്ഞു: കണ്ണ് കരയുന്നു. ഹൃദയം ദുഃഖിക്കുന്നു. എന്നാലും ഞങ്ങൾ പറയുക എന്റെ റബ്ബിന് തൃപ്തിയുള്ളത് മാത്രമാണ്. പ്രിയ പുത്രാ! ഇബ്രാഹിം നിന്റെ വേർപാടിൽ ഞങ്ങൾ അതീവ ദുഃഖിതനാണ്. [ബുഖാരി, മുസ്ലിം]

അനസ്ബ്നു മാലിക് رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽﷺയുടെ ഒരു പുത്രിയുടെ മരണ സംസ്കരണ വേളയിൽ ഞങ്ങൾ പങ്കെടുത്തു.... അപ്പോൾ അവിടുത്തെ ഇരുകണ്ണുകളും നിറഞ്ഞൊഴുകുന്നത് ഞാൻ

കണ്ടു....[ബുഖാരി]

ദുഃഖിച്ചത്

ആസിം ﷺ പറയുന്നതായി അനസ് ﷺ പറയുന്നു..... ബഹുദൈവ വിശ്വാസികളിൽ പെട്ട ഒരു വിഭാഗത്തിലേക്ക് നാല്പത് അല്ലെങ്കിൽ എഴുപത് ഖുർആൻ മനഃപാഠമുള്ളവരെ അയച്ചു (ശത്രുക്കൾ) അവരോട് എതിർത്തു അവരെ കൊല്ലുകയും ചെയ്തു. നബി ﷺ യും അവരും തമ്മിൽ ഒരു കരാറുണ്ടായിരുന്നു. അവിടെ വധിക്കപ്പെട്ടവരുടെ പേരിൽ ദുഃഖിച്ചതു പോലെ മറ്റൊരിക്കലും (നബി) ദുഃഖിച്ചതായി ഞാൻ കണ്ടിട്ടില്ല. [ബുഖാരി, മുസ്‌ലിം]

കോപവും, രോഷവും

❒ അബൂമസ്ഊദുൽ അൻസാരിയ്യ് ﷺ പറയുന്നു: നബി ﷺ യുടെ അടുക്കൽ ഒരാൾ വന്നു പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അല്ലാഹുവാണ് സത്യം, ഇന്നയാൾ ഞങ്ങളെയും കൊണ്ട് ദീർഘിപ്പിച്ചു നമസ്കരിക്കുന്നതിനാൽ ഞാൻ സുബ്ഹി നമസ്കാരത്തിൽ പിന്തി നിൽക്കും. അദ്ദേഹം പറയുന്നു. അന്നത്തെ ദിവസം നബി ﷺ കോപിച്ചത് പോലെ മറ്റൊരു ദിവസവും നബി ﷺ കോപിച്ചതായി ഞാൻ കണ്ടിട്ടില്ല. പിന്നെ നബി ﷺ പറഞ്ഞു: ഹേ ജനങ്ങളേ! തീർച്ചയായും നിങ്ങളിൽ നിന്ന് ഓടി പോകുന്നവരുണ്ട്. അതിനാൽ നിങ്ങളിൽ നിന്ന് ആരെങ്കിലും ജനങ്ങളെയും കൊണ്ട് നമസ്കരിക്കുന്നുവെങ്കിൽ അവൻ നമസ്കാരം ലഘൂകരിക്കട്ടെ. തീർച്ചയായും അവർകിടയിൽ വൃദ്ധരും ബലഹീനരും അത്യാവശ്യക്കാരും ഉണ്ട്. [ബുഖാരി, മുസ്‌ലിം]

❒ ആഇശ ﷺ യിൽ നിന്ന് നിവേദനം: നബി ﷺ ജനങ്ങളോട് എന്തെങ്കിലും കല്പിക്കുമ്പോൾ അവർക്ക് ചെയ്യാൻ കഴിയുന്നത് മാത്രമാണ് കല്പിക്കാറുണ്ടായിരുന്നത്. അവർ പറയുമായിരുന്നു അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അങ്ങയെ പോലെയല്ല. അങ്ങേക്ക് അല്ലാഹു അങ്ങയുടെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ പാപങ്ങളെയും പൊറുത്തു തന്നിരിക്കുന്നുവല്ലോ? ഇതു കേട്ടപ്പോൾ നബി ﷺ കോപിക്കും. കോപം അവിടുത്തെ മുഖത്ത് പ്രകടമാകും എന്നിട്ട് പറയും: നിങ്ങളെക്കാൾ അധികം അല്ലാഹുവിനെ സൂക്ഷിക്കുകയും അറിയുകയും ചെയ്യുന്നവൻ - ഞാനാകുന്നു. [ബുഖാരി] ■

നബി ﷺയുടെ സംസാരം, ഉപദേശം....

സംസാരവും ഉപദേശവും

❒ ആഇശ നിവേദനം: നബി സംസാരിക്കുമ്പോൾ ഒരാൾക്ക് വേണമെങ്കിൽ അതിലെ വാക്കുകൾ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുമായിരുന്നു. [ബുഖാരി, മുസ്‌ലിം]

❒ ആഇശ പറയുന്നു: നിങ്ങൾ തിരക്ക് കൂട്ടി സംസാരിക്കുന്നതുപോലെ നബി സംസാരിച്ചിരുന്നില്ല. [ബുഖാരി]

അനസ് നിവേദനം: നബി പറയുന്ന ഓരോ വാക്കും ജനങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടി മൂന്ന് തവണ ആവർത്തിച്ചിരുന്നു....[ബുഖാരി]

❒ ആഇശ നിവേദനം: റസൂൽ നിങ്ങളീ സംസാരിക്കുന്നത് പോലെ തുരുതുരാ സംസാരിക്കാറില്ലായിരുന്നു. പ്രത്യുത അടുത്ത് ഇരിക്കുന്നവർക്ക് ഹൃദിസ്ഥമാക്കാവുന്ന തരത്തിൽ സ്പഷ്ടവും വ്യക്തവുമായിരുന്നു അവിടുത്തെ സംസാരം. [തിർമിദി]

❒ ആഇശ നിവേദനം: റസൂൽ യുടെ സംസാരം മുഴുവൻ ഗ്രാഹ്യമാകും വിധം സ്ഫുടവും വ്യക്തവുമായ വചനങ്ങളായിരുന്നു. [അബൂദാവൂദ്]

ഇബ്നു മസ്ഊദ് നിവേദനം:.... ഞങ്ങൾക്ക് മടുപ്പ് തോന്നാതിരിക്കാൻ സ്ഥലവും സന്ദർഭവും നോക്കി ചില പ്രത്യേക ദിവസങ്ങളിൽ മാത്രമാണ്. റസൂൽ ഞങ്ങൾക്ക് ഉപദേശങ്ങൾ നൽകിയിരുന്നത്. [ബുഖാരി, മുസ്‌ലിം]

❒ ഇബ്നു മസ്ഊദ് പറയുന്നു: ഞങ്ങൾക്ക് മടുപ്പുണ്ടാക്കുമോ എന്നു കരുതി ചില ദിവസങ്ങളിൽ ഊഴമിട്ടുകൊണ്ടായിരുന്നു. നബി ഞങ്ങൾക്ക് സദോപദേശങ്ങൾ നൽകിയിരുന്നത്. [ബുഖാരി]

നബി ﷺ യുടെ സ്വഭാവസവിശേഷത

സ്വഭാവ വിശേഷങ്ങൾ തൗറാത്തിൽ

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ്വ് ؓ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ യുടെ വിശേഷണത്തെക്കുറിച്ച് തൗറാത്തിൽ പറഞ്ഞതെന്തെന്ന് അദ്ദേഹം ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: അതെ പറയാം: അല്ലാഹുവാണ് സത്യം! ഖുർആനിൽ പറയപ്പെട്ട ചില വിശേഷണങ്ങൾ തൗറാത്തിലും വിശേഷിപ്പിച്ച് പറഞ്ഞിട്ടുണ്ട്. "അല്ലയോ പ്രവാചകരേ, താങ്കളെ നാം നിയോഗിച്ചിട്ടുള്ളത് സാക്ഷിയായും, സന്തോഷവാർത്തയറിയിക്കുന്നവനായും മുന്നറിയിപ്പ് നൽകുന്നവനായും നിരക്ഷരർക്ക് സംരക്ഷകനുമായിട്ടാണ്. നീ എന്റെ ദാസനും ദൂതനുമാണ്. 'മുതവക്കിൽ' (അല്ലാഹുവിൽ ഭരമേല്പിക്കുന്നവൻ) എന്ന് നാം നിനക്ക് പേര് നൽകി. നീ ദുഃസ്വഭാവിയോ കഠിന ഹൃദയനോ അല്ല, അങ്ങാടിയിൽ ഒച്ചവെച്ച് നടക്കുന്നവനുമല്ല. തിന്മയെ തിന്മകൊണ്ട് തടുക്കുന്നവനല്ല. മറിച്ച് വിട്ടു വീഴ്ച ചെയ്യുന്നവനും മാപ്പ് ചെയ്യുന്നവനുമാണ്. വക്രമതത്തെ ചൊവ്വായ നിലയിൽ ആക്കുന്നത് വരെ അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുകയില്ല. അല്ലാഹു അല്ലാതെ യഥാർത്ഥ ആരാധ്യനില്ലെന്ന് അന്ന് അവർ (ജനങ്ങൾ) പറയും. അത് വഴി അന്ധമായ കണ്ണുകളെയും ബധിരമായ ചെവികളെയും മൂടിയടക്കപ്പെട്ട ഹൃദയങ്ങളെയും അദ്ദേഹം തുറപ്പിക്കും. [ബുഖാരി]

സ്വഭാവം ഖുർആനായിരുന്നു

സുറാറ ؓ നിവേദനം: സഅ്ദ്ബ്നു ഹിശാമിബ്നു ആമിർ ؓ..... (ആഇശ ؓ)യോടു ചോദിച്ചു: സത്യവിശ്വാസികളുടെ മാതാവേ, നബി ﷺ യുടെ സ്വഭാവത്തെ കുറിച്ച് എനിക്ക് പറഞ്ഞു തരൂ.

അവർ(ആഇശ ؓ) ചോദിച്ചു: നീ ഖുർആൻ പാരായണം ചെയ്യാറില്ലേ?

ഞാൻ പറഞ്ഞു: അതെ ഞാൻ പാരായണം ചെയ്യാറുണ്ട്.

അവർ (ആഇശ رضي الله عنها) പറഞ്ഞു: നിശ്ചയം നബി ﷺ യുടെ സ്വഭാവം ഖുർആനായിരുന്നു....[മുസ്‌ലിം]

നബി(സ)യുടെ സ്വഭാവത്തെകുറിച്ചുള്ള വിവരണം

❒ അനസ് رضي الله عنه നിവേദനം: നബി ﷺ മദീനയിൽ വന്നപ്പോൾ അബൂത്വൽഹ എന്റെ കൈപിടിച്ച് കൊണ്ട് നബി ﷺ യുടെ അടുത്തേക്ക് കൊണ്ട് പോയി. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ അനസ് സമർത്ഥനായ കുട്ടിയാണ്. അവൻ താങ്കൾക്ക് സേവനം ചെയ്യും. അങ്ങനെ ഞാൻ നബി ﷺ യെ നാട്ടിലും യാത്രയിലും സേവിച്ചു. അല്ലാഹുവാണെ അവിടുന്ന് ഒരിക്കലും എന്നോട് ഞാനെന്തെങ്കിലും ചെയ്താൽ നീ എന്തിനതു ചെയ്തു എന്നോ, ഒരു കാര്യം ചെയ്യാതിരുന്നാൽ നീ എന്തുകൊണ്ടിതു ചെയ്തില്ല എന്നോ എന്നോട് പറഞ്ഞിട്ടില്ല. [ബുഖാരി, മുസ്‌ലി]

❒ അനസ് رضي الله عنه നിവേദനം അദ്ദേഹം പറഞ്ഞു: ഞാൻ നബി ﷺ ക്ക് പത്ത് വർഷം സേവനം ചെയ്തു. അതിനിടക്ക് ഒരിക്കൽ പോലും അദ്ദേഹം എന്നോട് ഛെ എന്നോ, നീ എന്തിനിത് ചെയ്തു. നിനക്ക് ഇങ്ങനെ ചെയ്യാമായിരുന്നില്ലേ എന്നോ പറഞ്ഞിട്ടില്ല. [ബുഖാരി, മുസ്‌ലിം]

❒ മാലിക്ബുനുൽ ഹുവൈരിസി رضي الله عنه പറയുന്നു. നബി ﷺ എന്റെ ജനതയിൽ നിന്നുള്ള ഒരു സംഘത്തിൽ ആയിരിക്കെ, ഞങ്ങൾ കുറച്ചു പേർ റസൂൽ ﷺ യുടെ അടുക്കൽ ചെല്ലുകയും അദ്ദേഹത്തിന്റെ അടുക്കൽ ഇരുപത് ദിവസം താമസിക്കുകയും ചെയ്തു. നബി ﷺ കരുണാമനസ്കനും ലോലഹൃദയനുമായിരുന്നു....[ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها നിവേദനം: റസൂൽ ﷺ അസഭ്യം പറയുകയോ പ്രവർത്തിക്കുകയോ ചെയ്തിരുന്നില്ല. അങ്ങാടികളിൽ ബഹളമുണ്ടാക്കുകയോ തിന്മ കൊണ്ട് പ്രതികാരം ചെയ്യുകയോ ചെയ്തിരുന്നില്ല. മറിച്ച് വിട്ടുവീഴ്ചയും വിശാലമനസ്കതയും കാണിക്കുന്നയാളായിരുന്നു. [തിർമിദി]

❒ ആഇശ رضي الله عنها നിവേദനം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിലേർപെടുമ്പോളല്ലാതെ, റസൂൽ ﷺ തന്റെ കൈ കൊണ്ട് ഒന്നിനെയും അടിച്ചിട്ടില്ല. ഭൃത്യരെയും ഭാര്യയെയും അടിച്ചിട്ടില്ല. [തിർമിദി]

❒ അബ്ദുല്ലാഹിബ്നു അംറ് رضي الله عنه നിവേദനം. അദ്ദേഹം പറഞ്ഞു: നബി ﷺ അസഭ്യം പറയുകയോ മ്ലേഛത പ്രവർത്തിക്കുകയോ ചെയ്യുന്ന ആളായിരുന്നില്ല. അവിടുന്ന് ഇങ്ങനെ പറയാറുണ്ടായിരുന്നു: "നിങ്ങളിൽ ഏറ്റവും

ഉത്തമർ ഏറ്റവും നല്ല സ്വഭാവമുള്ളവരാകുന്നു" [ബുഖാരി, മുസ്‌ലിം]

❒ അനസ് ﷺ നിവേദനം: നബിﷺ മനുഷ്യരിൽ വെച്ച് ഏറ്റവും ഉത്തമമായ സ്വഭാവത്തിന്റെ ഉടമയായിരുന്നു. [ബുഖാരി, മുസ്‌ലിം]

❒ ബറാഅ് ﷺ പറയുന്നു: നബിﷺ ജനങ്ങളിൽ വെച്ചേറ്റവും മുഖ സൗന്ദര്യമുള്ളവരും സൽസ്വഭാവിയുമായിരുന്നു.... [ബുഖാരി, മുസ്‌ലിം]

❒ അനസ് ﷺ പറയുന്നു. നബിﷺ ചീത്ത പറയുന്ന ആളായിരുന്നില്ല. അശ്ലീലമായ വാക്കുകൾ പറയുന്ന ആളുമായിരുന്നില്ല. ശപിക്കുന്ന ആളുമായിരുന്നില്ല. ഞങ്ങൾ ആരെയെങ്കിലും അധിക്ഷേപിക്കുമ്പോൾ അവിടുന്ന് പറയും അവനെന്തു പറ്റി അവന്റെ നെറ്റിയിൽ മണ്ണ് പുരളട്ടെ. [ബുഖാരി]

❒ ആഇശ ﷺ നിവേദനം: നബിﷺയോട് ആരെയെങ്കിലും കുറിച്ച് വല്ലതും പറയപ്പെട്ടാൽ, 'എന്ത് കൊണ്ടാണ് ഈ വ്യക്തി അങ്ങനെ പറഞ്ഞത്' എന്നിങ്ങനെ അവിടുന്ന് പ്രതികരിക്കാറില്ല. മറിച്ച് എന്ത്കൊണ്ടാണ് ആളുകൾ ഇങ്ങനെ എന്ന് പൊതുവായിട്ടായിരുന്നു അവിടുന്ന് പറഞ്ഞിരുന്നത്. [തിർമിദി]

❒ ഇബ്നു മസൂദ് ﷺ നിവേദനം: റസൂൽﷺ പറഞ്ഞു: എന്റെ അനുചരന്മാരിൽ ഒരാളെക്കുറിച്ചുള്ള ഒരു കാര്യവും (കുറ്റവും കുറവും) ആരും എന്നെ ധരിപ്പിക്കേണ്ടതില്ല. നിർമ്മലവും സുരക്ഷിതവുമായ ഹൃദയത്തോടെ നിങ്ങൾക്കിടയിലേക്ക് ഇറങ്ങിവരാനാണ് ഞാനാഗ്രഹിക്കുന്നത്. [അബൂദാവൂദ്, തിർമിദി]

❒ ജരീർ ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ ഇസ്‌ലാമാശ്ലേഷിച്ചത് മുതൽ നബിﷺ എന്നെ വീട്ടിൽ പ്രവേശിക്കുന്നതിൽ നിന്നും തടഞ്ഞിട്ടില്ല. പുഞ്ചിരിച്ചു കൊണ്ടല്ലാതെ അവിടുന്ന് എന്നെ എതിരേറ്റിട്ടില്ല....[ബുഖാരി, മുസ്‌ലിം]

❒ അബൂമൂസൽ അശ്അരി നിവേദനം: നബിﷺ അവിടുത്തെ എന്തെങ്കിലും കാര്യത്തിന് സ്വഹാബികളിൽ പെട്ട ഒരാളെ അയക്കുമ്പോൾ ഇങ്ങനെ പറയാറുണ്ടായിരുന്നു. നിങ്ങൾ സന്തോഷിപ്പിക്കുവിൻ അകറ്റി കളയരുത്. എളുപ്പമുണ്ടാക്കിക്കൊടുക്കുവിൻ പ്രയാസമുണ്ടാക്കരുത്. [മുസ്‌ലിം]

❒ ആഇശ ﷺ നിവേദനം... ഖദീജ ﷺ (നബിയെ ആശ്വസിപ്പിച്ചുകൊണ്ട്) പറഞ്ഞു: ഇല്ല ഒരിക്കലുമില്ല. അല്ലാഹുവാണെ സത്യം. അവനൊരിക്കലും

താങ്കളെ കൈവെടിയുകയില്ല. (കാരണം) താങ്കൾ കുടുംബബന്ധം പുലർത്തുന്നവനും, ആലംബഹീനരുടെ ഭാരം ചുമക്കുന്നവനും, അഗതികൾക്ക് (അർഹതപ്പെട്ടത്) നേടികൊടുക്കുന്നവനും അതിഥികളെ സൽക്കരിക്കുന്നവനും, കാലവിപത്തു ബാധിച്ചവനെ സഹായിക്കുന്നവനുമാകുന്നു.... [ബുഖാരി]

❒ സാഇബ് ﷺ നിവേദനം: അദ്ദേഹം നബിﷺയോടു പറയാറുണ്ടായിരുന്നു: നിങ്ങൾ ജാഹിലിയത്തിൽ എന്റെ കൂട്ടു കച്ചവടക്കാരനായിരുന്നു. നിങ്ങൾ തർക്കിക്കുകയോ എതിർക്കുകയോ ചെയ്യാത്ത നല്ല പങ്കാളിയായിരുന്നു. [ഇബ്നുമാജ]

❒ ജാബിറുബ്നു അബ്ദില്ല പറയുന്നു.... അവിടുന്നു എനിക്ക് കടം തിരിച്ച് തരാനുണ്ടായിരുന്നു. അപ്പോൾ എനിക്കതു തിരിച്ചു തന്നു. കുറച്ചു കൂടുതലും തന്നു [ബുഖാരി]

❒ അബ്ദുല്ല നിവേദനം: നബിﷺ ഏതെങ്കിലും സമൂഹത്തിന്റെ വീടിന്റെ വാതിൽ എത്തിയാൽ വാതിലിന്റെ നേരെ അഭിമുഖമായി നിൽക്കുമായിരുന്നില്ല. വാതിലിന്റെ വലതു ഭാഗത്തോ ഇടതു ഭാഗത്തോ ആണ് നിൽക്കുക. കാരണം അന്ന് വീടുകൾക്ക് വിരികളുണ്ടായിരുന്നില്ല. [അബൂദാവൂദ്]

❒ ആഇശ ﷺ പറയുന്നു നബിﷺ പാരിതോഷികം സ്വീകരിക്കുകയും പകരം നൽകുകയും ചെയ്യുമായിരുന്നു. [ബുഖാരി]

❒ അബൂ സഈദുൽ ഖുദ്രി ﷺ നിവേദനം: കൂടാരത്തിൽ പുറത്തിറങ്ങാതെ ഇരിക്കുന്ന കന്യകമാരേക്കാൾ ലജ്ജയുള്ള വ്യക്തിയായിരുന്നു നബിﷺ. അവിടുന്ന് ഒരു കാര്യം വെറുത്താൽ അവിടുത്തെ മുഖത്ത് ഞങ്ങളറിയും. [മുസ്ലിം]

❒ അബൂഹുറയ്റ ﷺ നിവേദനം: നബിﷺ ഒരു ഭക്ഷണത്തെയും കുറ്റം പറയാറില്ല. ഇഷ്ടപ്പെട്ടൽ കഴിക്കും ഇല്ലെങ്കിൽ വേണ്ടെന്ന് വെക്കും. [ബുഖാരി]

❒ ആരെങ്കിലും അവിടുത്തോട് സംസാരിക്കുമ്പോൾ അക്ഷമത കാണിക്കുകയോ മുഖം തിരിക്കുകയോ ഇല്ല. [തിർമിദി]

❒ ജാബിറുബ്നു അബ്ദില്ലാ ﷺ നിവേദനം: റസൂൽﷺയോട് എന്ത് ചോദിച്ചാലും അവിടുന്ന് ഇല്ല എന്ന് പറയാറില്ല. [തിർമിദി]

❒ അനസ് رضي الله عنه നിവേദനം: റസൂൽ ﷺ രാത്രി തന്റെ വീട്ടുകാരെ മുട്ടി വിളിക്കുമായിരുന്നില്ല. രാവിലെയോ വൈകുന്നേരമോ ആയിരുന്നു എത്തിച്ചേരുക [ബുഖാരി, മുസ്‌ലിം]

❒ സിയാദ് رضي الله عنه തന്റെ പിതൃവ്യൻ ഖുതുബ رضي الله عنه വിൽ നിന്ന് നിവേദനം: നബി ﷺ പ്രാർത്ഥിക്കാറുണ്ടായിരുന്നു. "അല്ലാഹുവേ ദുഃസ്വഭാവങ്ങളിൽ നിന്നും, ദുഷിച്ച പ്രവർത്തനങ്ങളിൽ നിന്നും, ദുർവിചാരങ്ങളിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു. [തിർമിദി]

❒ അനസ്ബ്നു മാലിക് رضي الله عنه നിവേദനം: നബി ﷺ ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു. അല്ലാഹുവേ, ദുർബലതയിൽ നിന്നും, അലസതയിൽ നിന്നും, ഭീരുത്വത്തിൽ നിന്നും, പിശുക്കിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു....[മുസ്‌ലിം]

■

പതിനെട്ട്

നബി ﷺ യുടെ വ്യക്തി വിശുദ്ധിയെപറ്റി ശത്രുക്കൾ

അബൂസുഫ്യാന്റെ സാക്ഷ്യം

അബ്ദുല്ലാഹിബ്നു അബ്ബാസ് ؓ നിവേദനം. അബൂ സുഫ്യാനു ബ്നു ഹർബ് ؓ അദ്ദേഹത്തോട് പറഞ്ഞു. ഖുറൈശികളിൽ പെട്ട ഒരു സംഘത്തിൽ -അന്ന് സിറിയയിൽ കച്ചവടക്കാരായി എത്തിയതായിരുന്നു- ആയിരിക്കെ ഹിറക്കൽ ചക്രവർത്തി അദ്ദേഹത്തിന്റെ അടുക്കലേക്ക് ആളെ അയച്ചു.

അബൂ സുഫ്യാനുമായും ഖുറൈശികളുമായും റസൂൽ ﷺ സന്ധി ചെയ്ത കാലഘട്ടത്തിലായിരുന്നു അത്.

അങ്ങനെ അവർ അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നു. അവർ ഈലിയാത്ത് പ്രദേശത്തായിരുന്നു. അദ്ദേഹം അവരെ സദസ്സിലേക്ക് ക്ഷണിച്ചു. അദ്ദേഹത്തിനു ചുറ്റും പ്രമാണിമാർ ഉണ്ടായിരുന്നു. അദ്ദേഹം തന്റെ പരിഭാഷകനെ വിളിച്ച് വരുത്തി എന്നിട്ട് ചോദിച്ചു പ്രവാചകനെന്ന് അവകാശപെടുന്ന ആ മനുഷ്യരോട് നിങ്ങളിൽ കൂടുതൽ കുടുംബ ബന്ധമുള്ളത് ആർക്കാണ്?

അബൂ സുഫ്യാൻ പറയുകയാണ്.

അപ്പോൾ ഞാൻ പറഞ്ഞു: ഞാനാണ് അദ്ദേഹത്തോട് കൂടുതൽ ബന്ധമുള്ളവൻ. അപ്പോൾ അദ്ദേഹം പറഞ്ഞു: അയാളെ എന്റെ അടുത്തേക്ക് കൊണ്ടുവരൂ. അയാളുടെ സുഹൃത്തുക്കളെയും അടുത്തേക്ക് കൊണ്ട് വന്നു. അവരെ അയാളുടെ പിറകിൽ നിർത്തുക.

പിന്നെ പരിഭാഷകനോട് പറഞ്ഞു: ഇവരോട് (സുഹൃത്തുക്കളോട്) പറയുക. ആ മനുഷ്യനെ [നബിയെ] കുറിച്ച് ഇയാളോട് ചോദിക്കും അപ്പോൾ എന്നോട് ഇയാൾ കളവ് പറഞ്ഞാൽ അത് കളവാണെന്ന് നിങ്ങൾ പറയണം.

(അബൂസുഫ്യാൻ പറയുകയാണ്) എന്റെ സുഹൃത്തുക്കൾ ഞാൻ പറയുന്നത് കള്ളമാണെന്ന് പറയില്ലായിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തെക്കുറിച്ച് കള്ളം പറയുക തന്നെ ചെയ്യുമായിരുന്നു.

എന്നിട്ട് അദ്ദേഹത്തെക്കുറിച്ച് ആദ്യമായി ചോദിച്ചത് ഇങ്ങനെയായിരുന്നു: നിങ്ങൾക്കിടയിൽ അദ്ദേഹത്തിന്റെ കുടുംബസ്ഥിതി എങ്ങനെയാണ്? ഞാൻ പറഞ്ഞു: അദ്ദേഹം ഞങ്ങളിലെ ശ്രേഷ്ഠമായ തറവാടുള്ളവനാണ്.

അദ്ദേഹം ചോദിച്ചു അദ്ദേഹത്തിന് മുമ്പ് നിങ്ങളിൽ ആരെങ്കിലും ഈ പറച്ചിൽ (പ്രവാചകനാണെന്ന്) നടത്തിയിട്ടുണ്ടോ? ഞാൻ പറഞ്ഞു: ഇല്ല.

അദ്ദേഹം ചോദിച്ചു: ജനങ്ങളിലെ പ്രമാണിമാരാണോ ദുർബലരാണോ അദ്ദേഹത്തെ പിന്തുടരുന്നത്?

അപ്പോൾ ഞാൻ പറഞ്ഞു: അല്ല അവരിലെ ദുർബലർ

അദ്ദേഹം ചോദിച്ചു: അവർ വർദ്ധിക്കുകയാണോ കുറയുകയാണൊ?

ഞാൻ പറഞ്ഞു: വർദ്ധിക്കുകയാണ്.

അദ്ദേഹം ചോദിച്ചു: അദ്ദേഹത്തിന്റെ മതത്തിൽ പ്രവേശിച്ച ശേഷം അതിനോടുള്ള വെറുപ്പ് നിമിത്തം ആരെങ്കിലും ആ മതത്തിൽ നിന്ന് പിന്മാറുന്നുണ്ടോ?

ഞാൻ പറഞ്ഞു: ഇല്ല.

അദ്ദേഹം ചോദിച്ചു: ഈ മതകാര്യം പറയുന്നതിന് മുമ്പ് അദ്ദേഹം നുണ പറയുന്നവനായിരുന്നുവോ?

ഞാൻ പറഞ്ഞു: ഇല്ല.

അദ്ദേഹം ചോദിച്ചു: അദ്ദേഹം വഞ്ചിക്കാറുണ്ടോ?

ഞാൻ പറഞ്ഞു: ഇല്ല. ഞങ്ങൾ ഇപ്പോൾ ഒരു സന്ധിയിലാണ് അതിൽ അദ്ദേഹം എന്താണ് കാണിക്കുകയെന്ന് എനിക്കറിയില്ല.

അബൂസുഫ്യാൻ പറയുകയാണ്. ഞാൻ ഈയൊരു വാക്കല്ലാതെ അദ്ദേഹത്തെ (മോശപ്പെടുത്തി പറയാൻ) എനിക്ക് കഴിഞ്ഞില്ല.

അദ്ദേഹം ചോദിച്ചു: നിങ്ങൾ അദ്ദേഹവുമായി യുദ്ധം ചെയ്തിട്ടുണ്ടോ?

ഞാൻ പറഞ്ഞു: അതെ ഉണ്ട്.

അദ്ദേഹം ചോദിച്ചു: അദ്ദേഹവുമായ യുദ്ധങ്ങൾ എങ്ങനെയായിരുന്നു ഞാൻ പറഞ്ഞു: ഒന്നിട വിട്ട വിജയങ്ങൾ ഞങ്ങൾ ഇരുവർക്കും.

അദ്ദേഹം ചോദിച്ചു: അദ്ദേഹം നിങ്ങളോട് കല്പിക്കുന്നതെന്ത്? ഞാൻ പറഞ്ഞു: നിങ്ങൾ ഏകനായ അല്ലാഹുവെ മാത്രം ആരാധിക്കുക അവനിൽ ഒന്നിനെയും പങ്കു ചേർക്കാതിരിക്കുക. നിങ്ങളുടെ പൂർവ്വപിതാക്കൾ പറഞ്ഞുണ്ടാക്കിയത് വർജ്ജിക്കുക. നമസ്കരിക്കുവാനും, സത്യം പറയുവാനും സദാചാരം പുലർത്തുവാനും കുടുംബ ബന്ധം ചേർക്കാനും. അദ്ദേഹം ഞങ്ങളോട് കല്പിക്കുന്നു.

അപ്പോൾ അദ്ദേഹം തന്റെ പരിഭാഷകനോട് പറഞ്ഞു:

അയാളോട് പറയുക: അദ്ദേഹത്തിന്റെ (നബിയുടെ) കുടുംബത്തെക്കുറിച്ച് നിങ്ങളോട് ഞാൻ ചോദിച്ചപ്പോൾ നിങ്ങളിലെ ഉയർന്ന കുടുംബക്കാരനാണെന്ന് നിങ്ങൾ മറുപടി പറഞ്ഞു. അങ്ങനെ തന്നെയാണ് ദൈവ ദൂതന്മാർ അവരിലെ ഉയർന്ന കുടുംബത്തിൽ നിന്നാണവർ നിയോഗിതരാവുക.

ഈ പുതിയ വാദം ഇതിനു മുമ്പ് നിങ്ങളിലാരെങ്കിലും ഉന്നയിച്ചിരുന്നുവോയെന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ ഇല്ലായെന്നാണ് ഉത്തരം തന്നത്. അങ്ങനെ ഇതിന് മുമ്പ് നിങ്ങളിലാരെങ്കിലും പറഞ്ഞിരുന്നുവെങ്കിൽ ഇദ്ദേഹവും അതിനെ പിന്തുടരുകയാണെന്ന് പറയാമായിരുന്നു.

അദ്ദേഹത്തിന്റെ പൂർവ്വപിതാക്കളിൽ രാജാക്കന്മാരാരെങ്കിലും ഉണ്ടായിരുന്നുവോ എന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ ഇല്ലായെന്ന് നിങ്ങൾ മറുപടി നൽകി. ഞാൻ പറയട്ടെ അദ്ദേഹത്തിന്റെ പൂർവ്വികരിൽ രാജാക്കന്മാരുണ്ടായിരുന്നുവെങ്കിൽ തന്റെ പിതാവിന്റെ രാജാധിപത്യം തിരിച്ച് ആവശ്യപ്പെടുന്നവനാണെന്നവനാണദ്ദേഹം എന്ന് പറയാമായിരുന്നു.

അദ്ദേഹം ഈ പുതിയ മതം പറയുന്നതിന് മുമ്പ് കളവ് പറഞ്ഞിരുന്നോയെന്ന് ഞാൻ ചോദിച്ചപ്പോൾ ഇല്ലായെന്ന് നിങ്ങൾ മറുപടി നൽകി. ജനങ്ങളോട് കളവ് പറയാതിരിക്കുകയും അല്ലാഹുവിന്റെ പേരിൽ കളവ് പറയുകയും ചെയ്യുക ഉണ്ടാവുകയില്ലെന്ന് എനിക്കറിയാം.

ജനങ്ങളിലെ പ്രമാണിമാരാണൊ ദുർബലരാണൊ അദ്ദേഹത്തെ പിന്തുടരുന്നതെന്ന് നിങ്ങളോട് ഞാൻ ചോദിച്ചപ്പോൾ നിങ്ങൾ പറഞ്ഞു ദുർബലരാണ് അദ്ദേഹത്തെ പിന്തുടരുന്നതെന്ന്. അവർ തന്നെയാണ് ദൈവ ദൂതരെ പിന്തുടരുക പതിവ്.

അവരുടെ എണ്ണം കൂടുകയാണോ കുറയുകയാണോയെന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ കൂടിക്കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ മറുപടി പറഞ്ഞു. അങ്ങനെ തന്നെയാണ് സത്യവിശ്വാസത്തിന്റെ സ്ഥിതി. അത് പൂർണ്ണത പ്രാപിക്കും വരെ.

ആ മതത്തിൽ പ്രവേശിച്ചതിന് ശേഷം അതിനെ വെറുത്ത് ആരെങ്കിലും പിന്മാറുന്നുണ്ടോയെന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ ഇല്ലായെന്ന് നിങ്ങൾ മറുപടി പറഞ്ഞത്. സത്യവിശ്വാസത്തിന്റെ തിളക്കം ഹൃദയങ്ങളിൽ കലർന്നാൽ അതിന്റെ സ്ഥിതി അങ്ങനെ തന്നെയാണ്.

അദ്ദേഹം വഞ്ചന നടത്തിയിട്ടുണ്ടോയെന്ന് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ ഇല്ലായെന്ന് നിങ്ങൾ പറഞ്ഞു. ദൈവദൂതന്മാർ വഞ്ചിക്കുകയില്ല.

അദ്ദേഹം കല്പിക്കുന്നതെന്താണെന്ന് നിങ്ങളോട് ചോദിച്ചു അല്ലാഹുവിനെ മാത്രം ആരാധിക്കുവാനും അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുവാനുമാണ് അദ്ദേഹം കല്പിക്കുന്നതെന്നും, വിഗ്രഹാരാധന നിരോധിക്കുന്നുവെന്നും, നമസ്ക്കരിക്കുവാനും, സത്യം പറയുവാനും, സദാചാരം പാലിക്കുവാനും കല്പിക്കുന്നുവെന്നും നിങ്ങൾ

പറഞ്ഞു.

നിങ്ങൾ പറഞ്ഞതെല്ലാം സത്യമാണെങ്കിൽ എന്റെ ഈ രണ്ട് കാലടി ഇരിക്കുന്ന സ്ഥലം വരെ അദ്ദേഹം അധീനപ്പെടുത്തും. ഒരു പ്രവാചകന്റെ പുറപ്പാട് ഉണ്ടാവുമെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ അദ്ദേഹം നിങ്ങളിൽ നിന്നാകുമെന്ന് ഞാൻ കരുതിയിരുന്നില്ല. അദ്ദേഹത്തിന്റെയടുത്തേക്ക് എത്തിച്ചേരാൻ എനിക്ക് കഴിയുമായിരുന്നെങ്കിൽ എന്തു പ്രയാസം സഹിച്ചും ഞാനവിടെ എത്തുമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ കാല്പാദം ഞാൻ കഴുകുമായിരുന്നു.

പിന്നീട് ദിഹ്യത്തുൽ കൽബീ ﷺ വിന്റെ പക്കൽ ബസ്റയിലെ ഭരണകർത്താവ് മുഖേന ഹിറഖിൽ ചക്രവർത്തിക്ക് നബി ﷺ കൊടുത്തയച്ച കത്ത് കൊണ്ട് വരാൻ കല്പിച്ചു. എന്നിട്ട് ആ കത്ത് വായിച്ചു. അതിൽ ഇപ്രകാരമായിരുന്നു ഉണ്ടായിരുന്നത്.

"ബിസ്മില്ലാഹിർറഹ്മാനിർറഹീം, ദൈവദാസനും അവന്റെ ദൂതനുമായ മുഹമ്മദ്, റോമയുടെ അധിപൻ ഹിറഖലിന് എഴുതുന്നത്, താങ്കൾ ഇസ്ലാം സ്വീകരിക്കുക. എങ്കിൽ താങ്കൾ രക്ഷപ്പെടും. അല്ലാഹു താങ്കൾക്ക് ഇരട്ടി പ്രതിഫലം നൽകും ഇനി താങ്കൾ പിന്മാറുന്ന പക്ഷം അരീസീങ്ങളുടെ (റോമിലെ കർഷകരുടെ) പാപവും താങ്കൾക്കാണ് ലഭിക്കുക. (നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്) . എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുക. (ഖുർആൻ 3/64)

അബൂസുഫ്യാൻ പറയുന്നു. ഹിറഖിൽ പറഞ്ഞു കഴിയുകയും കത്ത് വായനയിൽ നിന്ന് വിരമിക്കുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെയടുക്കൽ ശബ്ദം ഉയരുകയും ബഹളം വർദ്ധിക്കുകയും ചെയ്തു. ഞങ്ങൾ അവിടെ നിന്ന് പുറത്താക്കപ്പെട്ടു. അപ്പോൾ ഞാൻ എന്റെ സുഹൃത്തുക്കളോട് പറഞ്ഞ്: അബൂകബ്ശയുടെ പുത്രന്റെ [നബിയുടെ] സ്ഥാനം ഉയർന്നിരിക്കുന്നു.

ബനൂ അസ്ഫർ (റോമക്കാർ) ക്കാരുടെ രാജാവ് പോലും അയാളെ ഭയക്കുന്നു. അദ്ദേഹത്തിന്(നബിക്ക്) വിജയമുണ്ടാകുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. അവസാനം അല്ലാഹു എനിക്ക് ഇസ്ലാമാശ്ലേഷിക്കാൻ അനുഗ്രഹം നൽകി.....[ബുഖാരി]

നാട്ടുകാരുടെ സാക്ഷ്യം

ഇബ്നു അബ്ബാസ് رضي الله عنهما പറയുന്നു. നീ നിന്റെ അടുത്ത ബന്ധുക്കളെയും അവരിൽ നിന്നുള്ള നിഷ്കളങ്കരായ സഖാക്കളെയും മുന്നറിയിപ്പ് നൽകുക എന്ന വാക്യം അവതരിച്ചപ്പോൾ, നബി ﷺ വീട്ടിൽ നിന്ന് പുറത്ത് പോയി സഫാകുന്നിന്റെ മുകളിൽ കയറി ഇപ്രകാരം വിളിച്ച് പറഞ്ഞു: വേഗം ആഗതരാവുക. ആരാണീ വിളിച്ച് പറയുന്നതെന്ന് അവർ അന്വേഷിക്കുകയും അങ്ങനെ, നബി ﷺ യുടെ അടുത്തേക്ക് എല്ലാവരെയും ഒരുമിച്ച് കൂട്ടുകയും ചെയ്തു. അപ്പോൾ നബി ﷺ പറഞ്ഞു: ഈ മലയുടെ താഴ്വരയിലൂടെ ഒരു കുതിരപ്പട പുറപ്പെട്ടു വരുന്നുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങളെന്നെ വിശ്വസിക്കുമോ?

അവർ പറഞ്ഞു:"വിശ്വസിക്കും കാരണം താങ്കളിതുവരെ കളവ് പറഞ്ഞതായി ഞങ്ങൾക്കനുഭവപ്പെട്ടിട്ടില്ല....[ബുഖാരി, മുസ്ലിം]

നബി ﷺയുടെ വിനയം

വിനയവും എളിമയും

❒ ഉമർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: മർയമിന്റെ പുത്രനെ ക്രൈസ്തവർ പുകഴ്ത്തിയത് പോലെ നിങ്ങളെന്നെ പുകഴ്ത്തരുത് ഞാനൊരു അടിമ മാത്രമാണ്. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിന്റെ ദാസൻ, അവന്റെ ദൂതൻ എന്ന് പറഞ്ഞ് കൊള്ളുക. [തിർമിദി]

❒ അനസ് رضي الله عنه നിവേദനം: റസൂൽ ﷺയെക്കാൾ പ്രിയപ്പെട്ടവരായി മറ്റാരെയും ഞങ്ങൾ കണ്ടിരുന്നില്ല. എന്നാൽ അവിടുത്തെ കാണുമ്പോൾ അവർ എഴുന്നേറ്റു നിൽക്കുമായിരുന്നില്ല. കാരണം അവിടുത്തേക്ക് അതിഷ്ടമല്ലെന്ന് അറിയാമായതിനാൽ. [തിർമിദി]

❒ അബൂ ഉമാമ رضي الله عنه പറയുന്നു: ഒരിക്കൽ നബി ﷺ കയറി വന്നപ്പോൾ ഞങ്ങൾ എഴുന്നേറ്റു നിന്നു. ഒരു വടിമേൽ ഊന്നികൊണ്ടാണ് നബി ﷺ പ്രവേശിച്ചത്. അപ്പോൾ നബി ﷺ പറഞ്ഞു: നിങ്ങൾ എഴുന്നേറ്റു നിൽക്കരുത്. അത് അനറബികൾ പരസ്പരം ആദരിക്കാൻ വേണ്ടി ചെയ്യുന്ന സമ്പ്രദായമാണ്. [അബൂദാവൂദ്]

❒ ഇബ്നു മസൂദ് رضي الله عنه പറയുന്നു: നബി ﷺയുടെ അടുക്കൽ ഒരാൾ വന്നു സംസാരിക്കുകയുണ്ടായി. ഭയം കൊണ്ട് അയാൾ വിറക്കാൻ തുടങ്ങി. അപ്പോൾ അദ്ദേഹത്തോട് നബി ﷺ പറഞ്ഞു: ശാന്തനാകൂ, ഞാൻ രാജാവല്ല. ഉണക്ക റൊട്ടി കഷ്ണങ്ങൾ തിന്നുന്ന ഒരു സ്ത്രീയുടെ മകനാണ് ഞാൻ (ഇബ്നു മാജ)

❒ അനസ് رضي الله عنه നിവേദനം: ഒരിക്കൽ ഒരു സ്ത്രീ വന്ന് കൊണ്ട് നബി ﷺയോടു പറഞ്ഞു: എനിക്ക് താങ്കളോട് ചില ആവശ്യങ്ങളെല്ലാം ഉണ്ട്. അവിടുന്ന് പറഞ്ഞു: മദീനയിലെ ഏതു തെരുവിൽ നിങ്ങളിരുന്നാലും ഞാൻ നിങ്ങളുടെ കൂടെയിരിക്കാം. [തിർമിദി]

❒ അനസ്ؓ നിവേദനം: നബിﷺ രോഗികളെ സന്ദർശിക്കുകയും, മയ്യിത്തിനെ അനുഗമിക്കുകയും, അടിമകളുടെ ക്ഷണം സ്വീകരിക്കുകയും കഴുതപ്പുറത്ത് യാത്ര ചെയ്യുകയും ചെയ്തിരുന്നു. [ബൈഹഖി, ഇബ്നു മാജ]

❒ അനസ്ؓ നിവേദനം: നബിﷺ തൊലികളയാത്ത ഗോതമ്പ് റൊട്ടിയും രുചിഭേതം വന്ന വെണ്ണയും കഴിക്കാൻ ക്ഷണിക്കപ്പെട്ടാലും അവിടുന്ന് ക്ഷണം സ്വീകരിക്കുമായിരുന്നു...[തിർമിദി]

❒ അബൂഹുറയ്റؓ നിവേദനം: നബിﷺ പറഞ്ഞു: ഒരു (മൃഗത്തിന്റെ) മുൻകൈയോ കണങ്കാലോ കൊണ്ട് സദ്യയൊരുക്കി എന്നെ ക്ഷണിച്ചാൽ ആ ക്ഷണം സ്വീകരിക്കും. ഒരു (മൃഗത്തിന്റെ) കയ്യോ, കാലോ, എനിക്ക് പാരിതോഷികമായി തന്നാൽ ഞാനത് സ്വീകരിക്കും. [ബുഖാരി]

❒ അനസ്ؓ നിവേദനം: നബിﷺ പറഞ്ഞു: ഒരാടിന്റെ കുളമ്പ് സമ്മാനമായി നൽകപ്പെടുകയോ അതിനു വേണ്ടി ക്ഷണിക്കപ്പെടുകയോ ചെയ്താലും ഞാനതു സ്വീകരിക്കും. [തിർമിദി]

❒ ജാബിർؓ നിവേദനം: റസൂൽﷺ എന്നെ സന്ദർശിക്കാൻ വന്നത് കഴുതയുടെയോ കോവർ കഴുതയുടെ പുറത്തായിരുന്നില്ല. [ബുഖാരി]

❒ ജാബിർؓ നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ രോഗിയായി കിടന്നപ്പോൾ നബിﷺയും അബൂബക്കർؓവും എന്നെ സന്ദർശിച്ചു. അവർ രണ്ട് പേരും നടന്നായിരുന്നു വന്നത്.....[ബുഖാരി, മുസ്ലിം]

❒ അനസ്ؓ നിവേദനം: നബിﷺ ഒരു നുരുമ്പിയ തുണി ഒട്ടകപുറത്ത് വിരിച്ച് കൊണ്ടും, നാലു ദിർഹം പോലും വില തികയാത്ത ഒരു പുതപ്പ ണിഞ്ഞുകൊണ്ടും, ഹജ്ജിന് പുറപ്പെടുമ്പോൾ അവിടുന്ന് പ്രാർത്ഥിക്കു കയാണ്. ഈ ഹജ്ജ് പ്രകടനത്തിനോ പ്രശസ്തിക്കോ വേണ്ടിയല്ലാത്ത ഹജ്ജാക്കി നീ മാറ്റേണമേ. [തിർമിദി]

❒ അനസ്ؓ നിവേദനം: നബിﷺ ആരെയെങ്കിലും ഹസ്തദാനം ചെയ്താൽ അയാൾ കൈ വിട്ടാലല്ലാതെ അവിടുന്ന് ആദ്യം കൈ വിട്ടിരുന്നില്ല. അയാൾ തിരിഞ്ഞ് പോവുകയല്ലാതെ അവിടുന്ന് ആദ്യം അയാളിൽ നിന്ന് മുഖം തിരിക്കുമായിരുന്നില്ല കൂടെയിരിക്കുന്ന ആളെക്കാൾ കാൽമുട്ടുകൾ മുന്നോട്ട് വെക്കാതിരിക്കാൻ അവിടുന്നു ശ്രദ്ധിച്ചിരുന്നു. [തിർമിദി]

■

നബി ﷺയുടെ വിനയത്തിന്റെ ജീവിതപാഠങ്ങൾ

അഹംഭാവം സ്പർശിക്കാത്ത തിരുദൂതർ

❒ ബർറാഅ് ؓ നിവേദനം: അദ്ദേഹം പറഞ്ഞു: ഖന്ദഖ് യുദ്ധദിവസം കിടങ്ങ് കുഴിക്കാൻ റസൂൽ ﷺ മണൽ നീക്കുന്നതായി ഞാൻ കണ്ടു. അവിടുത്തെ വയറിന്റെ വെളുപ്പിനെ മണൽ മൂടിയിട്ടുണ്ടായിരുന്നു....[ബുഖാരി, മുസ്‌ലിം]

❒ അനസ് ؓ പറയുന്നു: അവിടുത്തെ(മദീന) താമസഘട്ടത്തിൽ നബി ﷺ പള്ളിയുണ്ടാക്കാൻ കല്പിച്ചു.... ഉടഞ്ഞു പൊളിഞ്ഞു കിടന്നിരുന്ന സാധനങ്ങളെല്ലാം നീക്കം ചെയ്ത് ആ സ്ഥലം സമനിരപ്പാക്കി. ഈത്തപനകളെല്ലാം മുറിപ്പിച്ചു. അവയുടെ തടികൾ പള്ളിയുടെ ഖിബ്‌ലയുടെ ഭാഗത്ത് അണിയായി നാട്ടിനിറുത്തി. പാർശ്വങ്ങളിൽ കല്ല് വെച്ച് പടുത്തു. സഹാബികൾ തന്നെയാണ് പാട്ടുപാടി കല്ലുകൾ ചുമന്നുകൊണ്ട് വന്നത്. നബി ﷺയും അവരെപോലെ പാട്ടുപാടി ജോലി ചെയ്തുകൊണ്ടിരുന്നു. ഇപ്രകാരമായിരുന്നു അത്. 'അല്ലാഹുവേ, പരലോകത്ത് വെച്ച് ലഭിക്കുന്ന നന്മയാണ് യഥാർത്ഥ നന്മ. അൻസാരികൾക്കും മുഹാജിറുകൾക്കും നീ പൊറുത്തു കൊടുക്കേണമേ. [ബുഖാരി, മുസ്‌ലിം]

❒ ജാബിർ ؓ പറയുന്നു: ഞങ്ങൾ ഖന്ദക്ക് യുദ്ധത്തിൽ കിടങ്ങ് കുഴിക്കുകയായിരുന്നു. അപ്പോൾ കടുപ്പമുള്ള ഒരു പാറക്കല്ല്, വെളിവായി..... നബി ﷺ പറഞ്ഞു ഞാനിറങ്ങാം. പിന്നെ അവിടുന്ന് അതിലിറങ്ങാൻ തയ്യാറായി (വിശപ്പ് മൂലം) അദ്ദേഹത്തിന്റെ വയറിൻമേൽ കല്ല് വെച്ച് കെട്ടിയിരുന്നു. ഒരു ഭക്ഷണവും രുചിക്കാതെ മൂന്ന് ദിവസമായി ഞങ്ങൾ കഴിഞ്ഞ്

കൂടുകയാണ്. നബിﷺ പിക്കാസെടുത്ത് ആ പാറയിൽ വെട്ടി. അത് ചിന്നി ചിതറി മണൽ കൂമ്പാരം പോലെയായി. [ബുഖാരി]

❒ ആഇശ؇ പറയുന്നു... നബിﷺ പള്ളിയുടെ ഖിബ്‌ലയുടെ ചുമരിൽ അല്പം തുപ്പൽ, കഫം കണ്ടു. ഉടനെ അവിടുന്നത് തുടച്ചു കളഞ്ഞു. [ബുഖാരി, മുസ്‌ലിം]

❒ അസ്‌വറ് ؇ നിവേദനം: നബിﷺ വീട്ടിൽ എന്തൊക്കെ ജോലികളാണ് ചെയ്തിരുന്നതെന്ന് ഞാൻ ആഇശ؇യോടു ചോദിച്ചു. അവർ പറഞ്ഞു: നബിﷺ തന്റെ ഭാര്യമാരെ വിട്ടു ജോലികളിൽ സഹായിക്കുമായിരുന്നു. എന്നാൽ നമസ്കാരത്തിന് സമയമായാൽ അവിടുന്ന് (ജോലി നിർത്തി) നമസ്കാരത്തിന്നായി പുറപ്പെടുമായിരുന്നു. [ബുഖാരി, തിർമിദി, അഹ്മദ്]

❒ ആഇശ؇ പറയുന്നു: നബിﷺ വീട്ടിൽ എന്തെല്ലാം ജോലി ചെയ്യുമായിരുന്നു എന്ന് അവരോട് ചോദിക്കുകയുണ്ടായി. അവർ പറഞ്ഞു: അവിടുന്ന് തന്റെ വസ്ത്രവും ചെരുപ്പും തുന്നുമായിരുന്നു. വീടുകളിൽ പുരുഷന്മാർ ചെയ്യുന്ന ജോലികളെല്ലാം ചെയ്യുമായിരുന്നു. [അഹ്മദ്]

❒ അബൂ റിഫാഅ ؇ നിവേദനം: നബിﷺ പ്രസംഗിച്ചു കൊണ്ടിരിക്കെ, ഞാനൊരിക്കൽ അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്നിട്ട് പറഞ്ഞു: പ്രവാചകരേ, ഞാനൊരു പരദേശിയാണ് മതകാര്യങ്ങളെ സംബന്ധിച്ച് ചോദിച്ച് പഠിക്കാൻ വന്നത്. മതത്തെക്കുറിച്ച് എനിക്കൊന്നും അറിഞ്ഞു കൂടാ. അപ്പോൾ റസൂൽﷺ പ്രസംഗം നിർത്തി എന്നെ അഭിമുഖീകരിച്ചു. എന്റെ അടുത്തെത്തിയപ്പോൾ ഒരു കസേര കൊണ്ടുവന്നു. അതിലിരുന്നുകൊണ്ട് അല്ലാഹു അദ്ദേഹത്തിന് പഠിപ്പിച്ച കാര്യങ്ങൾ എന്നെ പഠിപ്പിക്കാൻ തുടങ്ങി. അതിന് ശേഷം പ്രസംഗിച്ചേടത്തേക്ക് തിരിച്ച് പോവുകയും അത് പൂർത്തിയാക്കുകയും ചെയ്തു. [മുസ്‌ലിം]

❒ അനസ് ؇ നിവേദനം നബിﷺ ഒരിക്കൽ തന്റെ ഒരു പത്നിയുടെ അടുത്തായിരുന്നു. അപ്പോൾ സത്യവിശ്വാസികളുടെ മാതാക്കളിലൊരാൾ തന്റെ ഭൃത്യന്റെ പക്കൽ അങ്ങോട്ട് ഒരു ഭക്ഷണതളിക കൊടുത്തയച്ചു. അപ്പോൾ അവർ(പത്നി) കൈ കൊണ്ട് ആ പാത്രം തട്ടി. അത് നിലത്ത് വീണ് പൊട്ടി. അപ്പോൾ നബിﷺ അത് കൂട്ടിച്ചേർത്ത് ഭക്ഷണം അതിൽ വെച്ചു. അവിടുന്ന് പറഞ്ഞു: തിന്നുകൊള്ളുക. എല്ലാവരും ഭക്ഷണം കഴിച്ചു വിരമിക്കുന്നത് വരെ ഭൃത്യനെ തിരിച്ചയച്ചില്ല. പാത്രം തിരിച്ച് കൊടുത്തതുമില്ല. എന്നിട്ട് നബിﷺ നല്ലൊരു പാത്രം കൊടുത്തയക്കുകയും പൊട്ടിയത് അവിടെ വെക്കുകയും ചെയ്തു. [ബുഖാരി]

❒ അനസ് ؓ നിവേദനം: ഞങ്ങൾ നബി ﷺ യോടൊപ്പം പള്ളിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ ഒട്ടകപുറത്ത് വന്ന് പള്ളിയിൽ പ്രവേശിച്ച് ഒട്ടകത്തെ മുട്ട് കുത്തിച്ചു. അതിനെ അവിടെ കെട്ടിയിട്ടു എന്നിട്ട് അവിടെയുള്ളവരോടു ചോദിച്ചു: നിങ്ങളുടെ കൂട്ടത്തിൽ ആരാണ് മുഹമ്മദ്? നബി ﷺ അവർക്കിടയിൽ ചാരിയിരിക്കുകയായിരുന്നു . അപ്പോൾ ഞങ്ങൾ പറഞ്ഞു: ആ ചാരിയിരിക്കുന്ന വെളുത്തയാളാണ്....[ബുഖാരി]

■

ഇരുപത്തിയൊന്ന്

നബി ﷺ സമാധാനത്തിന്റെ ദൂതൻ

പ്രതികാര ദാഹിയോ, നിർദയനോ, പരുഷ പ്രകൃതനോ അല്ല

❒ ആഇശ ؓ നിവേദനം: നബി ﷺ ക്ക് രണ്ടിലൊന്ന് തെരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചാൽ, അതിൽ ഏറ്റവും എളുപ്പമുള്ളതും കുറ്റകരമല്ലാത്തതും തെരെഞ്ഞെടുക്കുമായിരുന്നു. അത് കുറ്റകരമാണെങ്കിൽ ജനങ്ങളിൽ നിന്ന് ഏറ്റവും അകന്നു നിൽകുന്നവരും അദ്ദേഹമായിരുന്നു. വ്യക്തിപരമായ കാര്യങ്ങൾക്ക് വേണ്ടി അവിടുന്ന് ആരോടും പ്രതികാരം ചെയ്തിട്ടില്ല. അല്ലാഹു പവിത്രമാക്കിയതിനെ വല്ലവനും അനാദരിച്ചാലല്ലാതെ. അങ്ങനെ സംഭവിച്ചാൽ അതിന്റെ പേരിൽ അല്ലാഹുവിന് വേണ്ടി പ്രതികാര നടപടിയെടുക്കും [ബുഖാരി, മുസ്‌ലിം]

❒ ആഇശ ؓ യിൽ നിന്ന് നിവേദനം: റസൂൽ ﷺ ഏതെങ്കിലും അക്രമത്തിന് പ്രതികാരം ചെയ്യുന്നത് ഞാനൊരിക്കലും കണ്ടിട്ടില്ല. അല്ലാഹുവിന്റെ പവിത്രതകൾ ഏതെങ്കിലും ലംഘിക്കപ്പെടുമ്പോഴല്ലാതെ. അല്ലാഹുവിന്റെ പവിത്രതകൾ വല്ലതും ലംഘിച്ചാൽ അതിൽ കഠിനമായി കോപിക്കുന്നയാൾ അവിടുന്നാകുമായിരുന്നു....[തിർമിദി]

❒ ആഇശ ؓ നിവേദനം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്ന സന്ദർഭത്തിലല്ലാതെ റസൂൽ ﷺ ഒരു സ്ത്രീയേയോ ഒരു ഭൃത്യനെയോ മറ്റോ തന്റെ വിശുദ്ധകരം കൊണ്ട്. അടിച്ചിട്ടില്ല. റസൂൽ ﷺ യെ ആരെങ്കിലും ഉപദ്രവിച്ചാൽ, ഒരിക്കലും അയാൾക്ക് നേരെ പ്രതികാരം ചെയ്തിരുന്നില്ല. പ്രത്യുത, അല്ലാഹു പവിത്രത കല്പിച്ചവ അനാദരിക്കപ്പെട്ടാൽ, അല്ലാഹുവിന് വേണ്ടി പ്രതികാരനടപടി സ്വീകരിച്ചിരുന്നു. [മുസ്‌ലിം]

❒ അബ്ദുല്ലാഹ് ഇബ്നു അംറ് ഇബ്നു അൽ ആസ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: തീർച്ചയായും ഖുർആനിലെ ആയത്തിൽ (നബിയെ വിശേഷിപ്പിച്ചത് ഇപ്രകാരമാകുന്നു) "നബിയേ തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും നിരക്ഷരർക്ക് സംരക്ഷകനും ആയികൊണ്ട് അയച്ചിരിക്കുന്നു. നീ എന്റെ ദാസനും ദൂതനുമാകുന്നു. നാം നിനക്ക് 'അൽ മുതവക്കിൽ' എന്ന് നാമകരണം ചെയ്തിരിക്കുന്നു. അദ്ദേഹം (നബി) കഠിന ഹൃദയനോ പരുഷ സ്വഭാവിയോ അങ്ങാടികളിൽ ബഹളമുണ്ടാക്കുന്നവനോ അല്ല. അദ്ദേഹം തിന്മയെ തിന്മകൊണ്ട് പ്രതിരോധിക്കുകയില്ല. എന്നാൽ പൊറുക്കുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യും.....[ബുഖാരി]

❒ ഇബ്നുസ്സുബൈർ ﷺ പറയുന്നു. ജനങ്ങളുടെ സ്വഭാവങ്ങളോട് വിട്ടുവീഴ്ച കൈകൊള്ളാൻ അല്ലാഹു അവന്റെ പ്രവാചകനോട് കല്പിച്ചു. [ബുഖാരി]

❒ അനസ് ﷺ നിവേദനം: പ്രതികാരം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് മുഹമ്മദ് നബി ﷺ യുടെ അടുക്കൽ സമർപ്പിക്കപ്പെട്ട കേസുകളിലൊന്നും നബി ﷺ വിട്ടുവീഴ്ച ചെയ്യാൻ നിർദ്ദേശികാത്ത നിലക്ക് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. [അബൂദാവൂദ്]

■

ഇരുപത്തിരണ്ട്

നബി ﷺ യുടെ ക്ഷമ, സഹനം, വിട്ടുവീഴ്ച

വിട്ടുവീഴ്ചാ മനസ്ഥിതി, ക്ഷമ, സഹനം

❒ അനസ് ﷺ പറയുന്നു: ഞാൻ ഒരിക്കൽ നബി ﷺ യോടപ്പം നടക്കുകയായിരുന്നു. നജ്റാനിൽ നെയ്തുണ്ടാക്കിയ പരുപരുത്ത വക്ക് കട്ടിയുള്ള ഒരു തട്ടം നബി ﷺ യുടെ കഴുത്തിലുണ്ട്. അപ്പോൾ ഒരു ഗ്രാമീണൻ നബി ﷺ യെ കണ്ടു. അങ്ങനെ അയാൾ നബി ﷺ യുടെ തട്ടം പിടിച്ചു വലിച്ചു. ഞാൻ നബി ﷺ യുടെ കഴുത്തിലേക്ക് നോക്കുമ്പോൾ അയാളുടെ വലിയുടെ ശക്തിയിൽ ആ തട്ടത്തിന്റെ പരുപരുത്ത ഭാഗം നബി ﷺ യുടെ കഴുത്തിൽ അടയാളമുണ്ടാക്കിയിരിക്കുന്നു. പിന്നീട് അയാൾ പറഞ്ഞു: നിന്റെ കൈവശമുള്ള അല്ലാഹുവിന്റെ ധനത്തിൽ നിന്നും എനിക്ക് അല്പം തരാൻ കല്പിക്കുക. അപ്പോൾ നബി ﷺ അയാളുടെ നേരെ തിരിഞ്ഞ് ഒന്ന് പുഞ്ചിരിക്കുകയും ശേഷം അയാൾക്ക് അല്പം ദാനം കൊടുക്കാൻ കല്പിക്കുകയും ചെയ്തു. [ബുഖാരി, മുസ്ലിം]

❒ ജുബൈറിബ്നു മുത്ഇം ﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ യുടെ കൂടെ അദ്ദേഹവും മറ്റാളുകളും ഹുനൈനിൽ നിന്ന് മടങ്ങവെ, ഗ്രാമീണ അറബികൾ റസൂൽ ﷺ യോട് പലതും ചോദിച്ചുകൊണ്ട് ഒപ്പം കൂടി. നബി ﷺ യെ അവർ സമീപത്തുണ്ടായിരുന്ന ഇലന്തമരം വരെ തള്ളി നീക്കി. അദ്ദേഹത്തിന്റെ തട്ടം അതിന്റെ മുള്ളുകളിൽ കൊളുത്തി. റസൂൽ ﷺ അവരോടു പറഞ്ഞു: എന്റെ തട്ടം തരൂ. ഈ കാണുന്ന മുള്ളുകളുടെ എണ്ണം ഒട്ടകം എനിക്കുണ്ടായിരുന്നാൽ അത് തീരും വരെ നിങ്ങൾക്ക് ഞാൻ ഭാഗിച്ച് തരും. എന്നെ ഒരു പിശുക്കനായി പിന്നെ നിങ്ങൾ കാണുകയില്ല. കള്ളം പറയുന്നവനായും ഭീരുവായും കാണുകയില്ല. [ബുഖാരി]

❒ അബ്ദുല്ലാഹ് رضي الله عنه പറയുന്നു:....നബി ﷺ പറഞ്ഞു: അല്ലാഹുവും അവന്റെ റസൂലും നീതി കാണിച്ചിട്ടില്ലെങ്കിൽ പിന്നെ ആരാണ് നീതി കാണിക്കുക. മൂസാ നബിക്ക് അല്ലാഹു കരുണചൊരിയട്ടെ. ഇതിലും കൂടുതൽ പീഢനങ്ങൾക്ക് അദ്ദേഹം വിധേയനായിട്ടുണ്ട് അപ്പോഴൊക്കെ അദ്ദേഹം സഹനമവലംബിച്ചു. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: ഒരാൾ നബി ﷺ യുടെ അടുത്ത് തന്റെ കടം വീട്ടാൻ ആവശ്യപ്പെട്ടു വന്നു. അയാൾ വളരെ പരുഷമായി സംസാരിച്ചു. അത് നബി ﷺ യുടെ സഹാബികൾക്ക് മനഃപ്രയാസമുണ്ടാക്കി. അപ്പോൾ നബി ﷺ പറഞ്ഞു: നിങ്ങൾ അയാളെ വിട്ടേക്കുക. അവകാശിക്ക് സംസാരിക്കാൻ അധികാരമുണ്ട്. നബി ﷺ തുടർന്നു പറഞ്ഞു: അയാൾ തന്ന ഒട്ടകത്തിന്റെ തുല്യ പ്രായമുള്ള ഒരൊട്ടകത്തെ അയാൾക്ക് നൽകുക. അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അയാളുടെ ഒട്ടകത്തെക്കാൾ കൂടുതൽ പ്രായമായതിനെ(മെച്ചപ്പെട്ടതിനെ)യല്ലാതെ ഞങ്ങൾ കാണുന്നില്ല. നബി ﷺ പറഞ്ഞു: നിങ്ങളത് കൊടുത്തേക്കൂ. നിങ്ങളിൽ ഉത്തമൻ നല്ല നിലയിൽ കടം വീട്ടുന്നവനാണ്. [ബുഖാരി]

■

ഇരുപത്തിമൂന്ന്

നബി ﷺയുടെ വിശാലമനസ്കത, വിവേകം, വിട്ടുവീഴ്ച

വിശാലമനസ്കത, വിവേകം, വിട്ടുവീഴ്ച

❒ അനസ് رضي الله عنه നിവേദനം: ഒരിക്കൽ ഗ്രാമീണ അറബി പള്ളിയിൽ മൂത്രമൊഴിച്ചു. അപ്പോൾ ചിലർ അയാളെ തടയാൻ ഒരുങ്ങി. അപ്പോൾ നബി ﷺ പറഞ്ഞു: നിങ്ങൾ അയാളെ വിടുക. മൂത്രം മുറിച്ച് കളയരുത്. (അയാൾ മൂത്രമൊഴിച്ചു കഴിഞ്ഞപ്പോൾ) ഒരു ബക്കറ്റ് വെള്ളം കൊണ്ട് വന്ന് അതിന്മേൽ ഒഴിക്കാൻ അവിടുന്ന് ആവശ്യപ്പെട്ടു. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه പറയുന്നു: ഒരു ഗ്രാമീണ അറബി വന്ന് പള്ളിയിൽ മൂത്രമൊഴിച്ചു. ജനങ്ങൾ അയാളെ എതിർക്കാനൊരുങ്ങി. നബി ﷺ പറഞ്ഞു: നിങ്ങളദ്ദേഹത്തെ വിട്ടേക്കുക. അയാൾ മൂത്രമൊഴിച്ചേടത്ത് ഒരു തൊട്ടി വെള്ളം ഒഴിച്ചേക്കൂ. അല്ലെങ്കിൽ ഒരു ബക്കറ്റ് വെള്ളം. നിങ്ങൾ എളുപ്പമാക്കുന്നവരായിട്ടാണ് നിയോഗിതരായിട്ടുള്ളത്. പ്രയാസമുണ്ടാക്കുന്നവരായിട്ടില്ല. [ബുഖാരി]

❒ അനസ് رضي الله عنه നിവേദനം:.....മൂത്രമൊഴിച്ച് കഴിഞ്ഞപ്പോൾ റസൂൽ ﷺ അയാളെ വിളിച്ചു. എന്നിട്ട് പറഞ്ഞു: ഈ പള്ളിയിൽ മൂത്രമൊഴിക്കുകയോ, മലിനമാക്കുന്ന മറ്റെന്തെങ്കിലും ചെയ്യാനോ പാടില്ല. ഇത് അല്ലാഹുവിന് സ്തുതി കീർത്തനങ്ങൾ നടത്താനും ഖുർആൻ പാരായണം ചെയ്യാനുള്ളതാണ്....[മുസ്ലിം]

❒ മുആവിയതുബ്നുൽ ഹകം رضي الله عنه നിവേദനം: ഞാൻ മറ്റുള്ളവരോടൊപ്പം നബി ﷺയുടെ കൂടെ നമസ്ക്കരിക്കുമ്പോൾ ഒരാൾ തുമ്മി. അന്നേരം, ഞാൻ

പറഞ്ഞു യർഹമുകല്ലാഹ്. (അല്ലാഹു നിങ്ങൾക്ക് കാരുണ്യം നൽകട്ടെ) അപ്പോൾ ആളുകൾ എന്നെ തുറിച്ച് നോക്കി. ഞാൻ പറഞ്ഞു. 'കഷ്ടം! എന്താണ് നിങ്ങളുടെ കാര്യം? നിങ്ങൾ എന്താണ് എന്നെ നോക്കുന്നത്!! അപ്പോൾ അവർ കൈകൾ കൊണ്ട് അവരുടെ തുടകളിൽ അടിക്കാൻ തുടങ്ങി. അവർ എന്നെ നിശ്ശബ്ദനാക്കാൻ ശ്രമിക്കുന്നത് കണ്ടപ്പോൾ ഞാനടങ്ങി. നബിﷺ നമസ്കരിച്ചു കഴിഞ്ഞപ്പോൾ - അദ്ദേഹത്തെപോലെ നന്നായി പഠിപ്പിക്കുന്ന ഒരധ്യാപകനെ അതിന് ശേഷവും മുമ്പും ഞാൻ കണ്ടിട്ടില്ല അല്ലാഹുവാണെ സത്യം തിരുമേനിﷺ എന്നെ ഗൗരവത്തോടെ നോക്കുകയോ അടിക്കുകയോ, ആക്ഷേപിക്കയോ ചെയ്തില്ല. - അവിടുന്ന് പറഞ്ഞു: നിശ്ചയമായും ഈ നമസ്കാരത്തിൽ സാധാരണ സംസാരമൊന്നും പാടില്ല. അല്ലാഹുവിന്റെ പരിശുദ്ധത പ്രകീർത്തനം ചെയ്യുക. അവനെ മഹത്വപെടുത്തുക. ഖുർആൻ പാരായണം ചെയ്യുക. എന്നിങ്ങനെയുള്ള കാര്യങ്ങൾ മാത്രമാണ് നമസ്കാരത്തിൽ വേണ്ടത്.....[മുസ്ലിം]

■

ഇരുപത്തിനാല്

നബി ﷺയുടെ കാരുണ്യം, ഹൃദയ വിശാലത, മാപ് നൽകൽ

കാരുണ്യം, ഹൃദയവിശാലത, പൊറുക്കുകയും ക്ഷമിക്കുകയും ചെയ്തത്

❒ ആഇശ ؓ നിവേദനം: അവർ ഒരു ദിവസം നബി ﷺയോടു ചോദിച്ചു. ഉഹ്ദ് ദിവസത്തെക്കാൾ കഠിനമായ ദിവസം താങ്കളുടെ ജീവിതത്തിൽ വന്നിട്ടുണ്ടോ?

തിരുമേനി ﷺ അരുളി: നിന്റെ ജനതയിൽ നിന്ന് അനുഭവിക്കേണ്ടതെല്ലാം ഞാനനുഭവിച്ചു. എനിക്കേറ്റവും അസഹ്യമായ അനുഭവമുണ്ടായത് അകബാ ദിവസമാണ്. അന്നാണ് ഞാൻ ഇബ്നു അബ്ദിയാലിന്റെ മുമ്പിൽ സമർപ്പിച്ചത്. എന്നിട്ട് ഞാനാവശ്യപ്പെട്ടതിനനുകൂലമായി അയാൾ പ്രവർത്തിച്ചില്ല. അപ്പോൾ ദുഃഖിതനായികൊണ്ട് ഞാനയാളെ വിട്ട് പോയി.

പിന്നീട് ഖർനുസ്സആലിബ് എന്ന സ്ഥലത്തെത്തിയപ്പോളാണ് എനിക്ക് സുബോധം തിരിച്ച് കിട്ടിയത്. അവിടെ വെച്ച് തലപൊക്കിനോക്കിയപ്പോൾ ഞാൻ കാണുന്ന കാഴ്ചയെന്താണ്. മേഘം എനിക്ക് തണലിട്ട് തന്നിരിക്കുന്നു. സൂക്ഷിച്ച് നോക്കിയപ്പോൾ ആ മേഘത്തിൽ ജിബ്രീലുണ്ട്. ഉടനെ ജിബ്രീൽ എന്നെ വിളിച്ച് പറഞ്ഞു: താങ്കളുടെ ജനത താങ്കളോട് പറഞ്ഞ വാക്കും അവർ താങ്കൾക്ക് നൽകിയ പ്രതികരണവും അല്ലാഹു കേട്ട് കഴിഞ്ഞിട്ടുണ്ട്.

ഉടനെ പർവ്വതങ്ങളുടെ ചുമതലയുള്ള മലക്ക് എന്നെ വിളിച്ച് എനിക്ക് സലാം ചൊല്ലി. എന്നിട്ട് പറഞ്ഞു: "മുഹമ്മദ്! എല്ലാം താങ്കളുടെ ഹിതമനുസരിച്ച് വിട്ട് തന്നിരിക്കുകയാണ്. അഖ് ശൈബൈൻ(മക്കയിലെ രണ്ട് പർവ്വതങ്ങൾ) എടുത്തുകൊണ്ട് വന്ന് അവരുടെ മേലെയിടണമെന്ന് താങ്കൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഞാനങ്ങനെ ചെയ്തു കൊള്ളാം." അപ്പോൾ

നബി ﷺ പറഞ്ഞു: "ഇല്ലാ ഞാനങ്ങനെ ഉദ്ദേശിക്കുന്നില്ല അല്ലാഹുവിനെ മാത്രം ആരാധിക്കുകയും, അവന്റെ അധികാരവകാശങ്ങളിൽ ആർക്കും പങ്ക് അനുവദിക്കാതിരിക്കുകയും ചെയ്യുന്ന ചില സന്താനങ്ങൾ അവരിൽ നിന്ന് ജനിച്ച് വരുമെന്ന് ഞാൻ ആശിക്കുന്നു. [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്ൻ മസ്ഊദ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബി ﷺ, മുൻ പ്രവാചകന്മാരിൽ പെട്ട ഒരു പ്രവാചകനെ കുറിച്ച് വിവരിക്കുന്നത് ഞാൻ കണ്ടു. നബി ﷺ പറഞ്ഞു: ആ പ്രവാചകന്റെ ജനത അദ്ദേഹത്തെ അടിച്ച് രക്തമൊഴുക്കി. അപ്പോൾ ആ പ്രവാചകൻ തന്റെ മുഖത്ത് നിന്ന് രക്തം തുടച്ച് കൊണ്ട് ഇങ്ങനെ പ്രാർത്ഥിച്ചു" അല്ലാഹുവേ എന്റെ ജനതക്ക് നീ പൊറുത്തുകൊടുക്കേണമേ അവർ അറിവില്ലാത്തവരാണ്." [ബുഖാരി, മുസ്‌ലിം]

■

ഇരുപത്തഞ്ച്

നബി ﷺയുടെ സൗമ്യത, ശാന്തത, വിവേകം

ശാന്തത, സൗമ്യത, അവധാനത, കരുണ

❒ അബൂഹുറയ്റ ؓൽ നിവേദനം: അദ്ദേഹം പറഞ്ഞു: ഥുഫൈലിബ്നു അംറും അദ്ദേഹത്തിന്റെ ചില കൂട്ടുകാരും ഖൈബർ ദിവസം നബി ﷺയുടെ അടുക്കൽ വന്ന് ഇങ്ങനെ ബോധിപ്പിച്ചു: അല്ലാഹുവിന്റെ റസൂലേ, ദൗസ് ഗോത്രം അല്ലാഹുവിനെയും തിരുദൂതരെയും ധിക്കരിച്ചിരിക്കുന്നു. അതിനാൽ അവർക്കെതിരെ പ്രാർത്ഥിച്ചാലും. ജനങ്ങൾ പറഞ്ഞു: ദൗസ് നശിച്ചത് തന്നെ!!! നബി ﷺ ഇങ്ങനെയാണ് പ്രാർത്ഥിച്ചത്: "അല്ലാഹുവേ നീ ദൗസ് ഗോത്രത്തെ നേർവഴിയിലാക്കേണമേ. അവരെ(സത്യത്തിൽ) വരുത്തേണമേ. [ബുഖാരി]

❒ ആഇശ ؓ നിവേദനം: നബി ﷺയോടു ആരോ പറഞ്ഞു: ബഹുദൈവ വിശ്വാസികൾക്കെതിരെ താങ്കൾ പ്രാർത്ഥിക്കുക നബി ﷺ പറഞ്ഞു: ഞാൻ ശപിക്കുവാനായിട്ടല്ല. കാരുണ്യമായിട്ടാണ് അയക്കപ്പെട്ടിരിക്കുന്നത്. [മുസ്ലിം]

❒ ആഇശ ؓ നിവേദനം: ഒരു സംഘം ജൂതന്മാർ റസൂൽ ﷺയുടെ അടുക്കൽ വന്ന് അസ്സാമു അലൈക്ക (താങ്കൾക്ക് മരണം ഭവിക്കട്ടെ) എന്ന് പറഞ്ഞു. ഇത് മനസ്സിലാക്കിയ ഞാൻ പറഞ്ഞു: വ അലൈക്കുമുസ്സാമു വലഅ്നത്തുഹു (നിങ്ങളുടെ മേൽ മരണവും ശാപവുമുണ്ടാകട്ടേ) അപ്പോൾ റസൂൽ ﷺ എന്നോടു പറഞ്ഞു: ആയിശാ സാവകാശം! നിശ്ചയം അല്ലാഹു എല്ലാ കാര്യങ്ങളിലും സൗമ്യതയെയാണ് ഇഷ്ടപ്പെടുന്നത്. അന്നേരം

ഞാൻ റസൂൽ ﷺ യോടു ചോദിച്ചു. ഈ ജൂതൻ പറഞ്ഞ താങ്കൾ കേട്ടില്ലേ? റസൂൽ ﷺ പറഞ്ഞു: ഞാൻ അവരോട് വ അലൈക്കും എന്നാണല്ലോ പറഞ്ഞത്. [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها നിന്ന് നിവേദനം....(അപ്പോൾ) നബി ﷺ പറഞ്ഞു: ആയിശ നിർത്തൂ. ചീത്തവാക്ക് പറയുന്നതും ദുഷ്ടയാവുന്നതും അല്ലാഹു ഇഷ്ടപ്പെടുകയില്ല. [മുസ്‌ലിം]

■

ഇരുപത്താറ്

നബി ﷺ യും ശത്രുക്കളും

ശത്രുക്കൾക്ക് മാപ്പ് നൽകിയത്

❒ ജാബിർ ؓ നിവേദനം: ദാത്തുർറിഖാഅ് യുദ്ധത്തിൽ നബി ﷺ യോടൊന്നിച്ച് ഞങ്ങളും പങ്കെടുത്തിരുന്നു. നല്ല തണലുള്ള ഒരു മരച്ചു വട്ടിലെത്തിയപ്പോൾ നബി ﷺ ക്ക് വേണ്ടി ഞങ്ങളത് നീക്കി വെച്ചു നബി ﷺ അവിടെ വിശ്രമിച്ചുകൊണ്ടിരിക്കെ ബഹുദൈവ വിശ്വാസികളിൽ പെട്ട ഒരാൾ അവിടെ പ്രത്യക്ഷപെട്ടു. നബി ﷺ യുടെ വാൾ മരകൊമ്പിൽ തൂ ക്കിയിട്ടിരിക്കുകയായിരുന്നു. അയാൾ അത് കയ്യിലെടുത്തു. ഊരി പിടിച്ച് നബി ﷺ യോടു ചോദിച്ചു: നിങ്ങൾ എന്നെ ഭയക്കുന്നോ?

നബി ﷺ പറഞ്ഞു: ഇല്ല. അയാൾ ചോദിച്ചു: എന്നിൽ നിന്ന് താങ്കളെ ആര് രക്ഷിക്കും? നബി ﷺ പറഞ്ഞു: അല്ലാഹു [ബുഖാരി]

മറ്റൊരു റിപോർട്ടിൽ ഇത്രകൂടിയുണ്ട്. "അപ്പോൾ അയാളുടെ കയ്യിൽ നിന്ന് വാൾ താഴെ വീണു. നബി ﷺ അതെടുത്ത് കയ്യിൽ പിടിച്ച് ചോദിച്ചു: ഇപ്പോൾ നിന്നെ എന്നിൽ നിന്ന് ആര് രക്ഷിക്കും?

അയാൾ പറഞ്ഞു: താങ്കൾ നന്നായി ശിക്ഷിക്കുന്നവനാകുക. നബി ﷺ ചോദിച്ചു: അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും ഞാൻ ദൈവദൂതനാ ണെന്നും നീ അംഗീകരിക്കുന്നുവോ? അയാൾ പറഞ്ഞു: ഇല്ല. എങ്കിലും താങ്കളുമായി ഞാൻ യുദ്ധം ചെയ്യുകയില്ല. താങ്കളോട് യുദ്ധം ചെയ്യുന്നവ രുമായി ചേരുകയുമില്ല. അതോടെ നബി ﷺ അയാളെ വിട്ടയച്ചു. അങ്ങനെ ആ ബഹുദൈവ വിശ്വാസി തന്റെ കൂട്ടുകാരുടെ അടുത്ത് ചെന്ന് പറഞ്ഞു: ജനങ്ങളിൽ വെച്ച് ഏറ്റവും ഉത്തമനായ ആളുടെ അടുത്ത് നിന്നാണ് ഞാൻ ഇങ്ങോട്ട് വരുന്നത്. [അഹ്മദ്]

❒ അനസ് رضي الله عنه നിവേദനം: ഒരിക്കൽ ഒരു ജൂതസ്ത്രീ വിഷം കലർത്തിയ ഒരു ആടിന്റെ മാംസവുമായി തിരുസന്നിധിയിൽ വന്നു. നബിﷺ അതിൽ നിന്ന് ഭക്ഷിച്ചു. പിന്നീടവർ നബിﷺയുടെ മുന്നിൽ ഹാജരാക്കപ്പെട്ടപ്പോൾ നബിﷺയോടു ആരോ ചോദിച്ചു: താങ്കളവളെ വധിക്കുമോ? അവിടുന്ന് പറഞ്ഞു: ഇല്ല. നിവേദകൻ പറയുന്നു: വിഷബാധയുടെ അടയാളങ്ങൾ തിരുകണ്ഠത്തിൽ ഞാൻ കാണാറുണ്ടായിരുന്നു. [ബുഖാരി, മുസ്‌ലി]

❒ ഉബയ്യുബ്നു കഅ്ബ് رضي الله عنه പറയുന്നു. ഉഹ്ദു യുദ്ധത്തിൽ അൻസാറുകളിൽ പെട്ട അറുപത്തിനാല് പേർക്ക് പരിക്കേറ്റു. മുഹാജിറുകളിൽ നിന്ന് ആറ് പേർക്കും. അവരിൽ റസൂൽﷺയുടെ പിതൃസഹോദരനായ ഹംസയും ഉണ്ടായിരുന്നു. ശത്രുക്കൾ അവരുടെ അംഗ വിച്ഛേദം നടത്തി. ശരീരം വികൃതമാക്കി. അപ്പോൾ അൻസാറുകൾ പറഞ്ഞു: "ഇത് പോലൊരു ദിവസം ഞങ്ങൾക്ക് കിട്ടിയാൽ ഞങ്ങൾ അവർക്ക് കാണിച്ചു കൊടുക്കുക തന്നെ ചെയ്യും" അങ്ങനെ മക്കാ വിജയമായപ്പോൾ അല്ലാഹു ആയത്തവതരിപ്പിച്ചു. "നിങ്ങൾ ശിക്ഷാ നടപടി സ്വീകരിക്കുകയാണെങ്കിൽ (എതിരാളികളിൽ നിന്ന്) നിങ്ങളുടെ നേരെയുണ്ടായ ശിക്ഷാ നടപടിക്ക് തുല്യമായ നടപടി നിങ്ങൾ സ്വീകരിച്ചു കൊള്ളുക. നിങ്ങൾ ക്ഷമിക്കുകയാണെങ്കിലോ അതു തന്നെയാണ് ക്ഷമാ ശീലർക്ക് കൂടുതൽ ഉത്തമം (ഖുർആൻ: 16/126) അപ്പോൾ ഒരാൾ പറഞ്ഞു: ഇന്നത്തെ കഴിഞ്ഞാൽ പിന്നെ ഖുറൈശികളുണ്ടാവില്ല. നബിﷺ അവരെ തടഞ്ഞു. അവിടുന്നു പറഞ്ഞു: നാം ക്ഷമിക്കുന്നു. പ്രതികാരം ചെയ്യുന്നില്ല. [തിർമിദി]

■

ഇരുപത്തിയേഴ്

നബി ﷺ യുടെ പെരുമാറ്റവും ശത്രുക്കളുടെ മനം മാറ്റവും

നബി(സ)യും സുമാമയും

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ നജ്ദിന്റെ ഭാഗത്തേക്ക് ഒരു സംഘം കുതിര പട്ടാളത്തെ അയച്ചു. അവർ ബനൂഹാതിം ഗോത്രക്കാരനായ സുമാമയെ പിടിച്ച് കൊണ്ടുവന്നു പള്ളിയുടെ ഒരു തൂണിൽ കെട്ടിയിട്ടു.

നബി ﷺ അയാളുടെ അടുത്തേക്ക് ചെന്ന് ചോദിച്ചു: സുമാമാ നീയെന്ത് വിചാരിക്കുന്നു.

സുമാമ പറഞ്ഞു: അങ്ങ് എന്നെ വധിക്കുകയാണെങ്കിൽ ഒരു കൊലപുള്ളിയെയാണ് വധിക്കുന്നത്. അങ്ങ് ഔദാര്യം കാണിക്കുകയാണെങ്കിൽ നന്ദിയുള്ള ഓരാളോടായിരിക്കും ഔദാര്യം കാണിക്കുന്നത്. അങ്ങേക്ക് പണം ആവശ്യമുള്ളത്രെ ചോദിച്ചുകൊള്ളുക....

അതിന് ശേഷം നബി ﷺ അയാളെ വിട്ട് പോയി. പിറ്റേ ദിവസം അവിടുന്ന് വീണ്ടും അയാളോടു ചോദിച്ചു: സുമാമാ!! നീയെന്ത് വിചാരിക്കുന്നു. സുമാമ പറഞ്ഞു: ഞാനങ്ങയോട് പറഞ്ഞത് തന്നെ..... അപ്പോൾ നബി ﷺ അയാളെ വിട്ട് പോയി. അടുത്ത ദിവസം പിന്നെയും അവിടുന്ന് ചോദിച്ചു: സുമാമാ! നീയെന്ത് വിചാരിക്കുന്നു. സുമാമ പറഞ്ഞു: ഞാനങ്ങയോട് പറഞ്ഞത് തന്നെ. അപ്പോൾ നബി ﷺ അരുളി. സുമാമയെ വിട്ടയക്കുക.

വിട്ടയക്കപ്പെട്ട ഉടനെ പള്ളിക്കടുത്തുള്ള ഒരു കുളത്തിൽ നിന്ന് കുളിച്ച് തിരിച്ച് വന്ന് പള്ളിയിൽ പ്രവേശിച്ചിട്ട് ഇങ്ങനെ പറഞ്ഞു:

“അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും ഞാനിതാ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്! ഈ ഭൂമുഖത്ത് താങ്കളുടെ മുഖത്തോളം എനിക്ക് വെറുപ്പുള്ള മറ്റൊരു മുഖവുമുണ്ടായിരുന്നില്ല. എന്നാൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ട മുഖം താങ്കളുടേതായിത്തീർന്നിരിക്കുന്നു. അല്ലാഹുവാണേ താങ്കളുടെ മതത്തിനേക്കാൾ

വെറുപ്പുള്ള മറ്റൊരു മതവുമുണ്ടായിരുന്നില്ല. എന്നാൽ എനിക്ക് ഏറ്റവും പ്രിയമുള്ള മതം താങ്കളുടെ മതമായിത്തീർന്നിരിക്കുന്നു. അല്ലാഹുവാണേ താങ്കളുടെ നാടിനോളം എനിക്ക് വെറുപ്പുള്ള മറ്റൊരു നാടുമുണ്ടായിരുന്നില്ല. ഇന്ന് എനിക്ക് ഏറ്റവും ഇഷ്ടമുള്ള നാട് താങ്കളുടെ നാടായിരിക്കുന്നു..... [ബുഖാരി, മുസ്‌ലിം]

നബി ﷺ യും ജൂതപുരോഹിതനും

ഒരിക്കൽ നബി ﷺ തന്റെ അനുചരന്മാരോടൊപ്പം ഒരു മയ്യിത്ത് സംസ്കരണ ചടങ്ങിൽ പങ്കെടുത്തുകൊണ്ടിരിക്കെ സൈദുബ്നു സുഅ്ന എന്ന ജൂതൻ റസൂൽ ﷺ ന്റെ അടുത്തെത്തി. അയാളിൽ നിന്ന് നബി ﷺ കുറച്ച് ഗോതമ്പ് കടമായി വാങ്ങിയിരുന്നു. അയാൾ നബി ﷺ യുടെ കുപ്പായവും മേൽമുണ്ടും കൂട്ടിപ്പിടിച്ച് ശക്തമായി വലിക്കുകയും പരുഷഭാവത്തോടെ ഇങ്ങനെ പറയുകയും ചെയ്തു. "മുഹമ്മദേ എന്റെ അവകാശം എനിക്ക് തരൂ!! ഇത് കണ്ടപ്പോൾ ഉമർ رضي الله عنه ദേഷ്യം അടക്കാനാവാതെ കോപത്തോടെ ജൂതനെ നോക്കി കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ ശത്രു! അല്ലാഹുവിന്റെ ദൂതനോട് എന്താണീ നീ പറയുന്നതായി കേൾക്കുന്നത്. അദ്ദേഹത്തെ നിയോഗിച്ചവനാണെ സത്യം, അദ്ദേഹത്തിന്റെ ആക്ഷേപത്തെ ഞാൻ ഭയപ്പെട്ടില്ലായിരുന്നെങ്കിൽ ഈ രോഷപ്രകടനങ്ങൾക്കപ്പുറം ഈ വാളു കൊണ്ട് നിന്നെ ഞാൻ കൊലപെടുത്തുമായിരുന്നു.

നബി ﷺ ശാന്തനായി ഉമർ رضي الله عنه നോട് പറഞ്ഞു: എന്നോടും ഇദ്ദേഹത്തോടും നീ ഇപ്രകാരമായിരുന്നില്ല പെരുമാറേണ്ടിയിരുന്നത്. മറിച്ച് എന്നോട് ഏറ്റവും നല്ല രീതിയിൽ കടം വീട്ടുവാനും അദ്ദേഹത്തോട് നല്ല രീതിയിൽ കടമുള്ളത് ആവശ്യപ്പെടാനുമായിരുന്നു നീ ചെയ്യേണ്ടിയിരുന്നത്.

പിന്നീട് നബി ﷺ പറഞ്ഞു: ഉമർ. അദ്ദേഹത്തെ കൂട്ടി കൊണ്ട് പോയി അദ്ദേഹത്തിന്റെ അവകാശം നൽകുക. ഇരുപത് സാഅ് കൂടുതൽ നൽകുകയും ചെയ്യുക.

അങ്ങനെ കൂടുതൽ നൽകിയപ്പോൾ ജൂതൻ (ഉമറിനോട്): എന്തിനാണ് എനിക്ക് കൂടുതൽ നൽകിയത്

ഉമർ رضي الله عنه: നിങ്ങൾക്ക് പ്രതികാരമെന്ന നിലയിലാണ്.

ജൂതൻ: താങ്കൾക്ക് എന്നെ പരിചയമുണ്ടോ?

ഉമർ رضي الله عنه: ഇല്ല താങ്കൾ ആരാണ്?

ജൂതൻ: ഞാൻ സൈദ്ബ്നു സുഅ്ന

ഉമർ رضي الله عنه: ആ പുരോഹിതനാണോ താങ്കൾ

ജൂതൻ: അതെ.

ഉമർ رضي الله عنه: എന്തിനാണ് താങ്കൾ ഇങ്ങനെയെല്ലാം ചെയ്തത്?

ജൂതൻ: അവിടുത്തെ (മുഹമ്മദ് നബി) മുഖത്ത് ഞാൻ നോക്കി പ്രവാചകത്വത്തിന്റെ രണ്ട് അടയാളങ്ങളൊഴിച്ച് എല്ലാം ഞാൻ തിരിച്ചറിഞ്ഞു. ആ

രണ്ട് അടയാളങ്ങൾ അദ്ദേഹത്തിൽ നിന്ന് ഞാൻ മനസ്സിലാക്കിയിരുന്നില്ല.

അവ ഇതാണ് " അദ്ദേഹത്തിന്റെ വികാരം വിവേകത്തെ മറികടക്കുന്നുവോ അതല്ല എത്ര കഠിനമാണെങ്കിലും അവിവേകം കാണിക്കാതെയുക്തിദീക്ഷയോടെ പ്രവർത്തിക്കുവോ എന്ന് ഞാൻ പരീക്ഷിക്കുകയായിരുന്നു.

അതിനാൽ എനിക്ക് ബോധ്യമായിരിക്കുന്നു. അല്ലാഹുവിനെ രക്ഷിതാവായും ഇസ്ലാമിനെ മതമായും മുഹമ്മദിനെ പ്രവാചകനായും ഞാൻ തൃപ്തിപെട്ടിരിക്കുന്നു. മാത്രമല്ല എന്റെ പകുതി ധനം ഞാൻ മുഹമ്മദിന്റെ സമുദായത്തിനായി ധർമ്മം ചെയ്തിരിക്കുന്നു. പിന്നീട് അദ്ദേഹം പ്രവാചക സന്നിധിയിലെത്തുകയും ഇസ്ലാം സ്വീകരിച്ചുകൊണ്ട് സാക്ഷ്യവചനങ്ങൾ ഉരുവിടുകയും ചെയ്തു.

"അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും ദാസനുമാണെന്നും ഞാൻ വിശ്വസിച്ച് സത്യപ്പെടുത്തി സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. [ഹാക്കിം, നസാഈ] ■

നബി ﷺയുടെ നീതി

നീതിയുടെ കാവലാൾ

ആഇശ رضي الله عنها നിവേദനം: മക്കാ വിജയ ദിവസം മോഷണം നടത്തിയ ഒരു സ്ത്രീയുടെ കാര്യം ഖുറൈഷികളെ വല്ലാതെ വിഷമിപ്പിച്ചു. അവർ പറഞ്ഞു: ഈ കാര്യത്തിൽ നബി ﷺയോട് ആര് സംസാരിക്കും... നബി ﷺക്ക് ഏറെ പ്രിയപ്പെട്ട ഉസാമയല്ലാതെ മറ്റാര് ധൈര്യപ്പെടും? അവർ അഭിപ്രായപ്പെട്ടു. അവളെ നബി ﷺയുടെ അടുക്കൽ കൊണ്ട് വന്നപ്പോൾ ഉസാമ رضي الله عنه നബി ﷺയോടു സംസാരിച്ചു. നബി ﷺയുടെ മുഖഭാവം മാറി (ക്ഷോഭത്തോടെ) ഉസാമയോടു ചോദിച്ചു: 'അല്ലാഹുവിന്റെ വിധിയിലാണോ നീ ശുപാർശ നടത്തുന്നത്?' ഉസാമ رضي الله عنه പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം. അന്ന് വൈകുന്നേരം നബി ﷺ അവരോടൊരു പ്രസംഗം നടത്തി. അല്ലാഹുവിനെ സ്തുതിച്ചതിന് ശേഷം പറഞ്ഞു: 'നിങ്ങളുടെ സമൂഹങ്ങൾ നശിപ്പിക്കപ്പെടാനുള്ള കാരണം അവരിലെ ഉന്നതൻ മോഷ്ടിച്ചാൽ വെറുതെ വിടും. ദുർബ്ബലർ മോഷ്ടിച്ചാൽ അവന്റെ മേൽ ശിക്ഷ നടപ്പിലാക്കുകയും ചെയ്യും. അല്ലാഹുവാണെ സത്യം. മുഹമ്മദിന്റെ മകൾ ഫാതിമ തന്നെ മോഷ്ടിച്ചാലും അവളുടെ കൈ ഞാൻ മുറിക്കുക തന്നെ ചെയ്യും!

ആഇശ رضي الله عنها പറയുന്നു. പിന്നീടവർ പശ്ചാത്തപിക്കുകയും നല്ല ജീവിതം നയിക്കുകയും ചെയ്തു. തുടർന്ന് വിവാഹിതയായി. അവൾ എന്റെ അടുക്കൽ വരുമായിരുന്നു. അവളുടെ ആവശ്യങ്ങൾ ഞാൻ നബിയുടെ മുന്നിൽ സമർപ്പിക്കുമായിരുന്നു. [മുസ്‌ലിം]

യുദ്ധത്തിൽ പോലും

ബുറൈദ رضي الله عنه പറയുന്നു: റസൂൽ ﷺ സൈന്യത്തിന് നേതാവിനെ നി

ശ്ചയിച്ചാൽ അദ്ദേഹത്തോട് പ്രത്യേകമായി അല്ലാഹുവിനെ സൂക്ഷിക്കാൻ അനുശാസിക്കുമായിരുന്നു. ഒപ്പമുള്ള മുസ്‌ലിംകളോട് നന്മ ചെയ്യുവാനും. പിന്നീട് തിരുമേനി ﷺ പറയും: അല്ലാഹുവിന്റെ മാർഗത്തിൽ, അല്ലാഹുവിന്റെ നാമത്തിൽ നിങ്ങൾ യുദ്ധം ചെയ്യുവിൻ അല്ലാഹുവിനെ നിഷേധിച്ചവരോട് നിങ്ങൾ യുദ്ധം ചെയ്യുവിൻ ചതിയും വഞ്ചനയും കാണിക്കരുത്. നിങ്ങൾ മരിച്ചവരെ അംഗവിച്ഛേദം ചെയ്യരുത് കുഞ്ഞുങ്ങളെ കൊല്ലരുത്.... [മുസ്‌ലിം, തിർമിദി, അബൂദാവൂ, ഇബ്നുമാജ, അഹ്മദ്]

■

നബി ﷺ യുടെ ധീരതയും പോരാട്ടവീര്യവും

ധൈര്യം

❒ അനസ് ؓ നിവേദനം: നബി ﷺ ജനങ്ങളിൽ വെച്ചേറ്റവും ഉത്തമനും ധീരനുമായിരുന്നു. ഒരു രാത്രി മദീനാവാസികൾ (ശത്രുവെ ഭയന്ന്) ഭയവിഹ്വലരായി. അവരെല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്ക് പുറപ്പെട്ടു. അപ്പോഴതാ നബി ﷺ അവർക്ക് അഭിമുഖമായി വരുന്നു. അദ്ദേഹം അവരേക്കാൾ മുമ്പേ അബൂ ത്വൽഹയുടെ ജീനിയിടാത്ത കുതിരപ്പുറത്ത് വിവരമറിയാൻ അങ്ങോട്ട് പോയതായിരുന്നു. ആ കുതിരയുടെ കഴുത്തിൽ ഒരു വാൾ തൂക്കിയിട്ടിട്ടുണ്ടായിരുന്നു. അദ്ദേഹം കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി.

ജനങ്ങളോട് പറഞ്ഞു: ഭയപ്പെടേണ്ട, ഭയപ്പെടേണ്ട:

നിവേദകൻ തുടരുന്നു: ആ കുതിര അതിവേഗത്തിൽ സഞ്ചരിക്കുന്നത് ഞങ്ങൾ കാണുകയുണ്ടായി. [ബുഖാരി, മുസ്‌ലിം]

❒ സഅ്‌ലുബ്നു സഅ്ദ് ؓ നിവേദനം. അദ്ദേഹത്തോട് ഉഹ്ദ് ദിവസം തിരുമേനി ﷺ ക്ക് പറ്റിയ മുറിവിനെ കുറിച്ച് ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: നബിതിരുമേനി ﷺ യുടെ മുഖത്തിന് പരിക്ക്പറ്റി. മുൻപല്ലിന്റെയും കോമ്പല്ലിന്റെയും ഇടയിലുള്ള പല്ല് പറിഞ്ഞ് പോകുകയും തന്റെ തലയിൽ ധരിച്ചിരുന്ന പടത്തൊപ്പി വലിച്ച് കീറപ്പെടുകയും ചെയ്തു. അപ്പോൾ പുത്രി ഫാത്വിമ ؓ നബി ﷺ യുടെ മുറിവിൽ നിന്ന് ഒലിക്കുന്ന രക്തം കഴുകുകയും അലി ؓ മുറിവ് വെച്ച് കെട്ടുകയും ചെയ്തു. രക്തം നിലക്കാതെ ഒഴുകുന്നത് കണ്ടപ്പോൾ ഫാത്വിമ ؓ ഒരു പായകഷ്ണം മുറിച്ച് അതിന്റെ ചാരമെടുത്ത് തിരുമേനി ﷺ യുടെ മുറിവിൽ വെച്ച്കെട്ടി. തന്നിമിത്തം രക്തം

നിലക്കുകയും ചെയ്തു. [ബുഖാരി, മുസ്‌ലിം]

❒ ജുൻദുബ്ബിൻ സുഫ്‌യാൻ رضي الله عنه നിവേദനം: ഒരു യുദ്ധത്തിൽ(ഉഹ്ദ്) തിരുമേനി ﷺ യുടെ ഒരു വിരലിന് മുറിവ്പറ്റി രക്തം വന്നു. അന്നേരം അവിടുന്ന് പാടി. "ദൈവ മാർഗ്ഗത്തിൽ പോരാടി മുറിവ് പറ്റിയ വിരലാണ് നീ" [ബുഖാരി, മുസ്‌ലിം]

❒ ബറാഅ് رضي الله عنه പറയുന്നു: ഖൻദഖ് യുദ്ധത്തിന്റെ സന്ദർഭത്തിൽ നബി ﷺ മണ്ണ് നീക്കം ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. മണ്ണ് തിരുമേനി ﷺ യുടെ രോമത്തെ മറച്ചു കളഞ്ഞിരുന്നു. തിരുമേനി ﷺ ധാരാളം രോമമുള്ള ആളായിരുന്നു. ആളുകളെ പ്രോത്സാഹിപ്പിച്ചു കൊണ്ടും പ്രാർത്ഥനയോടുകൂടിയും അബ്ദുല്ല രചിച്ച പദ്യശകലം തിരുമേനി ﷺ ഇങ്ങനെ ചൊല്ലിയിരുന്നു. "അല്ലാഹുവേ നീ അനുഗ്രഹിച്ചില്ലായിരുന്നുവെങ്കിൽ ഞങ്ങൾക്ക് സന്മാർഗം ലഭിക്കുമായിരുന്നില്ല. ഞങ്ങൾ ദാനധർമ്മങ്ങൾ നൽകുകയോ നമസ്ക്കരിക്കുകയോ ചെയ്യുമായിരുന്നില്ല. ഞങ്ങളിൽ സമാധാനം വർഷിക്കേണമേ, ശത്രുക്കളെ മുന്നിൽ കാണുമ്പോൾ പാദങ്ങൾ ഉറപ്പിച്ച് നിർത്തേണമേ, ശത്രു ഞങ്ങളെ ആക്രമിക്കുകയാണ്. അവർ നാശമുണ്ടാക്കാൻ ആഗ്രഹിക്കുന്ന പക്ഷം ഞങ്ങൾ അതിന് സമ്മതിക്കുകയില്ല." ശബ്ദമുയർത്തികൊണ്ടാണ് തിരുമേനി ﷺ ഇത് ചൊല്ലിയിരുന്നത്. (മുസ്‌ലിം, അഹ്മദ്, ദാരിമി)

■

■ മുഷ്ത്

നബി ﷺ യുടെ അചഞ്ചല വിശ്വാസവും അർപണവും

തവക്കുൽ

❒ അബൂബക്കർ رضي الله عنه പറയുന്നു: ഞാൻ നബി ﷺ യുടെ കൂടെ (സൗർ) ഗുഹയിലായിരുന്നു. ഞാൻ തലയുയർത്തി നോക്കിയപ്പോൾ(ശത്രുക്കളുടെ) കാല്പാദങ്ങൾ കാണാനിടയായി അപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ അവരാരെങ്കിലും തലതാഴ്ത്തി നോക്കിയാൽ നമ്മെ കണ്ടതു തന്നെ!!! നബി ﷺ പറഞ്ഞു: അബൂബക്കർ മിണ്ടാതിരിക്കൂ. നാം രണ്ടു പേരാണെങ്കിലും മൂന്നാമനായി അല്ലാഹു നമ്മോടൊപ്പമുണ്ട്. [ബുഖാരി]

അബൂബക്കർ رضي الله عنه നിവേദനം:.....നബി ﷺ പറഞ്ഞു: അബൂബക്കർ മൂന്നാമനായി. അല്ലാഹു കൂടെയുള്ള രണ്ടാളുകളെകുറിച്ച് നീ എന്ത് വിചാരിക്കുന്നു. [ബുഖാരി, മുസ്ലിം]

❒ ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: ഞങ്ങൾക്ക് അല്ലാഹുമതി ഭരമേല്പിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. (ഖുർആൻ 3/173) എന്ന് തീയിലേക്ക് വലിച്ചെറിയപ്പെട്ടപ്പോൾ ഇബ്രാഹിം നബി عليه السلام പറയുകയുണ്ടായി. "ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്ന് ആളുകൾ അവരോട് പറഞ്ഞപ്പോൾ അത് അവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേല്പിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ" (ഖുർആൻ 3/173) ഇത് പറയപ്പെട്ടപ്പോൾ മുഹമ്മദ് നബി ﷺ യും അങ്ങനെ

പറയുകയുണ്ടായി. [ബുഖാരി]

❒ ജാബിറുബ്നു അബ്ദുല്ല رضي الله عنه റസൂൽﷺന്റെ കൂടെ നജ്ദിനെ ലക്ഷ്യമാക്കി ഒരു യുദ്ധത്തിനായി പോയകാര്യം പറഞ്ഞു. നബിﷺയോടൊപ്പം അദ്ദേഹവും മടങ്ങിപോന്നു. വൻ മുള്ളുമരങ്ങൾ നിറഞ്ഞ താഴ്വരയിലെത്തിയപ്പോൾ അവർക്ക് ഉച്ചയുറക്കത്തിന്റെ സമയമായി. റസൂൽﷺ വിശ്രമിക്കാനായി ഇറങ്ങി. മരങ്ങൾക്കു താഴെ ജനങ്ങളും പലഭാഗങ്ങളിലായി വിശ്രമിക്കുകയായിരുന്നു. തന്റെ വാൾ ഒരു മരത്തിൽ തൂക്കി നബിﷺ വിശ്രമിച്ചു. ഞങ്ങളും ഉറങ്ങുകയായിരുന്നു. അപ്പോഴതാ റസൂൽﷺ ഞങ്ങളെ വിളിക്കുന്നു. അദ്ദേഹത്തിന്റെ അരികിലായി ഒരു അഅ്റാബി(ഗ്രാമവാസി) നിൽക്കുന്നു. നബിﷺ പറഞ്ഞു: "ഞാൻ ഉറങ്ങുമ്പോൾ എന്റെ വാളെടുത്ത് ഇയാൾ എന്റെ നേരെ ഓങ്ങുകയായിരുന്നു. ഞാൻ ഉണർന്നപ്പോൾ കൈയിൽ ഊരിപിടിച്ച വാളുമായി എന്നെ നേരിട്ട അയാൾ ചോദിച്ചു. എന്റെ ആക്രമണത്തിൽ നിന്ന് നിന്നെ ആരാണ് രക്ഷിക്കുക? ഞാൻ പറഞ്ഞു: അല്ലാഹു. ഞാനത് മൂന്ന് തവണ ആവർത്തിച്ചു."

നബിﷺ അനന്തരം അയാളെ ശിക്ഷിക്കാതെ നബിﷺ അവിടെ ഇരുന്നു. [ബുഖാരി, മുസ്ലിം]

■

നബി ﷺ സഹിച്ച പരീക്ഷണങ്ങളും പീഡനങ്ങളും

പരീക്ഷണങ്ങൾ, മർദ്ദനങ്ങൾ

❒ ഹുദൈഫ ؓ പറയുന്നു. നബി ﷺ പറഞ്ഞു: ജനങ്ങളിൽ വെച്ച് ഇസ്‌ലാം സ്വീകരിച്ചതായി പ്രഖ്യാപിച്ചവരുടെ പേരുകൾ നിങ്ങൾ എനിക്കൊന്ന് എഴുതി തരിക. അപ്പോൾ ആയിരത്തിയഞ്ഞൂറ് ആളുകളുടെ പേര് ഞങ്ങൾ നബി ﷺ ക്ക് എഴുതികൊടുത്തു. ആയിരത്തിയഞ്ഞൂറുപേരുള്ള അവസ്ഥയിൽ നാം എന്തിന് ഭയപ്പെടണം? എന്ന് ആ സമയത്ത് ഞങ്ങൾ പറഞ്ഞു. തീർച്ചയായും ഒരു കാലത്ത് ഞങ്ങൾ പരീക്ഷിക്കപ്പെട്ടിരുന്നു. എത്രത്തോളമെന്നാൽ ഒറ്റക്ക് നമസ്ക്കരിക്കുവാൻ പോലും ഭയപ്പെട്ടിരുന്ന ഒരു പരീക്ഷണ ഘട്ടം ഞങ്ങൾക്ക് നേരിടേണ്ടിവന്നിരുന്നു. [ബുഖാരി, മുസ്‌ലിം]

❒ സഅ്ദ് ؓ നിവേദനം: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അസ്ത്രമെറിഞ്ഞ ആദ്യത്തെ അറബിയാണ് ഞാൻ. ഞങ്ങൾ അല്ലാഹുവിന്റെ ദൂതന്റെ കൂടെ യുദ്ധത്തിന് പോകുമ്പോൾ ഞങ്ങൾക്ക് ഭക്ഷണമൊന്നും ഉണ്ടായിരുന്നില്ല; ഹുബ്‌ല, സമൂറ് എന്നീ വൃക്ഷങ്ങളുടെ ഇലകളല്ലാതെ. ഇക്കാരണത്താൽ ഞങ്ങൾ കാഷ്ടിച്ചിരുന്നത് ആട് കാഷ്ടിക്കും വിധം ഉണങ്ങി വരണ്ടിട്ടായിരുന്നു. [ബുഖാരി, മുസ്‌ലിം]

❒ അനസ് ؓ നിവേദനം: നബി ﷺ പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ മറ്റാരും ഭീതിതനായിട്ടല്ലാത്തത്ര ഭീതിതനായിട്ടുണ്ട്. ആരും പീഡിപ്പിക്കപ്പെട്ടില്ലാതത്ര ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പീഡിപ്പിക്കപ്പെട്ടിട്ടുണ്ട്. മുപ്പത് രാവുകൾ എനിക്കും ബിലാലിനും കഴിക്കാനുണ്ടായിരുന്ന ഭക്ഷണം ബിലാലിന്റെ കക്ഷത്തിൽ ഒളിപ്പിച്ചു വെക്കാവുന്നത്ര

മാത്രമായിരുന്നു. [തിർമിദി]

❒ അല്ലാഹുവിന്റെ ദൂതനോട് ബഹുദൈവ വിശ്വാസികൾ ചെയ്ത ഏറ്റവും ഗുരുതരമായ പാതകത്തെക്കുറിച്ച് അബ്ദുല്ലാഹിനു അംറ് ﷺ പറയുന്നു. നബിﷺ നമസ്കരിച്ചു കൊണ്ടിരിക്കുമ്പോൾ ഉഖ്ബതുബ്നു അബീമുഅയ്ത്ത് വന്ന് തന്റെ മേൽമുണ്ട് നബിﷺയുടെ കഴുത്തിലിട്ടു ശക്തിയായി വലിച്ചു ശ്വാസം മുട്ടിക്കുന്നതായി ഞാൻ കണ്ടു. അപ്പോഴേക്ക് അബൂബക്കർ ﷺ വന്ന് അവരെ തടയുകയും ഈ ഖുർആൻ വാക്യം ഉദ്ധരിക്കുകയും ചെയ്തു.

"തന്റെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുന്നതിന്റെ പേരിൽ ഒരു മനുഷ്യനെ നിങ്ങൾ കൊല്ലുകയോ? അദ്ദേഹമാകട്ടെ നിങ്ങളുടെ രക്ഷിതാവിൽ നിന്ന് വ്യക്തമായ തെളിവുകളുമായിട്ടാണ് വന്നിരിക്കുന്നത്. (ഖുർആൻ 40/28) [ബുഖാരി, അഹ്മദ്]

❒ അനസ് ﷺ നിവേദനം: ഒരിക്കൽ ഖുറൈശികൾ നബിﷺയെ അദ്ദേഹം വിളറി വെളുക്കുവോളം അടിക്കുകയും മർദ്ദിക്കുകയും ചെയ്തു. ഇതു കണ്ട അബൂബക്കർ ﷺ കരഞ്ഞുകൊണ്ടു ചോദിച്ചു. നിങ്ങൾക്ക് നാശം! അല്ലാഹുവാണ് തന്റെ നാഥനെന്ന് പറഞ്ഞ കാരണത്താൽ നിങ്ങൾ ഒരാളെ കൊല്ലുകയാണൊ അപ്പോൾ അവർ നബിﷺയെ വിടുകയും അബൂബക്കർ ﷺ നെ മർദ്ദിക്കാനാരംഭിക്കുകയും ചെയ്തു. [അബൂയഅ്ല, ബസ്സാർ]

■

നബി ﷺയുടെ ദാനശീലം

ഉദാരത, ദാനശീലം

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: അദ്ദേഹം പറയുന്നു. നബി ﷺ ജനങ്ങളിലേറ്റവും വലിയ ദാനശീലനായിരുന്നു. റമദാൻ മാസത്തിൽ ജിബ്‌രീൽ عليه السلام നബി ﷺയെ സന്ദർശിക്കുന്ന വേളയിലാണ് നബി ﷺയിൽ ഏറ്റവും കൂടുതൽ ഔദാര്യശീലം പ്രകടമായിരുന്നത്. ജിബ്‌രീൽ عليه السلام റമദാനിലെ എല്ലാ രാവിലും തിരുമേനി ﷺയെ സന്ദർശിക്കുകയും ഖുർആൻ ഓതികേൾപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. നന്മയുടെ വഴിയിൽ അടിച്ചു വീശികൊണ്ടിരിക്കുന്ന ഇളംകാറ്റിനെക്കാൾ കൂടുതൽ ഉദാരശീലനത്രെ റസൂൽ ﷺ. [ബുഖാരി, മുസ്‌ലിം]

❒ അബൂദർറ് رضي الله عنه പറയുന്നു. ഞാൻ നബി ﷺയുടെ കൂടെയായിരുന്നു അവിടുന്ന് ഉഹ്ദ് മല കണ്ടപ്പോൾ പറഞ്ഞു: 'ഉഹ്ദ് മല എനിക്ക് വേണ്ടി സ്വർണ്ണമായി മാറ്റപ്പെടുകയാണെങ്കിൽ അതിൽ നിന്ന് ഒരു ദീനാർ പോലും മൂന്ന് ദിവസത്തിൽ കൂടുതൽ എന്റെ പക്കൽ നിലനിർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. കടം വീട്ടാൻ കരുതി വെക്കുന്ന ഒരു ദീനാറല്ലാതെ. തുടർന്ന് നബി ﷺ പറഞ്ഞു: ഭൗതിക വിഭവങ്ങൾ കൂടുതലുള്ളവരാണ്(പരലോകത്ത്) പ്രതിഫലം കുറഞ്ഞവർ. പണം ഇങ്ങനെയൊക്കെ ചെയ്തവരൊഴികെ....[ബുഖാരി]

❒ മൂസബ്നു അനസ് رضي الله عنه തന്റെ പിതാവിൽ നിന്ന് നിവേദനം: റസൂൽ ﷺ ഇസ്‌ലാമിന്റെ പേരിൽ എന്ത് ചോദിക്കപ്പെട്ടാലും അതുകൊടുക്കാതിരുന്നിട്ടില്ല. അങ്ങനെ നബി ﷺയുടെ അടുക്കൽ ഒരാൾ വന്നു. രണ്ട് കുന്നുകൾക്കിടയിലുള്ള ആടുകളെ അയാൾക്കു കൊടുത്തു. അപ്പോൾ അയാൾ തന്റെ ജനതയിലേക്ക് മടങ്ങിയിട്ട് പറഞ്ഞു: 'എന്റെ ജനങ്ങളേ നിങ്ങൾ ഇസ്‌ലാം

മതം സ്വീകരിച്ചുകൊള്ളുവിൻ. മുഹമ്മദ് ദാരിദ്ര്യത്തെ ഭയക്കാത്തവിധം ധർമ്മം ചെയ്യുന്നു.

അനസ് رضي الله عنه പറയുന്നു: ഐഹിക ലോകത്തെ ഉദ്ദേശിച്ചാണ് അയാൾ ഇസ്ലാം മതം സ്വീകരിച്ചെതെങ്കിലും. ഇസ്ലാം മതം ഇഹലോകത്തേക്കാളും അതിലുള്ളതിനേക്കാളും അദ്ദേഹത്തിന് പ്രിയങ്കരമായിട്ടല്ലാതെ അദ്ദേഹത്തിന്റെ ഇസ്ലാമാശ്ലേഷണം ആയിട്ടില്ല. [മുസ്ലിം]

❒ അബൂ സഈദുൽ ഖുദ്രിയ്യ് رضي الله عنه പറയുന്നു: അൻസാരികളിൽ പെട്ട ചില ആളുകൾ നബിﷺയോടു യാചിച്ചു. അപ്പോൾ നബിﷺ അവർക്ക് ധർമം നൽകി. പിന്നെയും അവർ യാചിച്ചു. അപ്പോഴും നബിﷺ അവർക്ക് ധർമ്മം നൽകി. നബിﷺയുടെ അടുക്കലുള്ള ധനം തീരുവോളം (ധർമ്മം ചെയ്തു). എന്നിട്ട് നബിﷺ പറഞ്ഞു: എന്റെ അടുക്കൽ വല്ല ധനവുമുണ്ടെങ്കിൽ നിങ്ങൾക്ക് തരാതെ ഞാനത് സൂക്ഷിച്ച് വെക്കുകയില്ല. ആരെങ്കിലും മറ്റുള്ളവരോട് യാചിക്കാതെ അഭിമാനം പുലർത്തി കൊണ്ട് ജീവിച്ചാൽ അല്ലാഹു അവനെ പരിശുദ്ധനാക്കും. ആരെയും ആശ്രയിക്കാതെ ജീവിക്കാൻ ആഗ്രഹിച്ചാൽ അല്ലാഹു അവനെ പരാശ്രയരഹിതനാക്കും ആരെങ്കിലും തന്റെ കഷ്ടപ്പാടുകൾ മനസ്സിൽ ഒതുക്കി നിർത്തിയാൽ അല്ലാഹു അവന് ആത്മനിയന്ത്രണ ശക്തി നൽകും. ക്ഷമയേക്കാൾ വിശാലവും ഉൽകൃഷ്ടവുമായ ഒരു ധർമ്മം അല്ലാഹുവിൽ നിന്ന് ആർക്കും നൽകപ്പെട്ടില്ല. [ബുഖാരി, മുസ്ലിം]

❒ ഉഖ്ബ رضي الله عنه നിവേദനം: അദ്ദേഹം പറയുന്നു. ഞാൻ മദീനയിൽ വച്ച് ഒരിക്കൽ നബിﷺയുടെ പിന്നിൽ നിന്ന് അസ്ർ നമസ്കരിച്ചു. നബിﷺ സലാം വീട്ടിയ ഉടനെ വേഗത്തിൽ എഴുന്നേറ്റ് ജനങ്ങളുടെ പിരടികൾ മറികടന്ന് അവിടുത്തെ ഒരു പത്നിയുടെ മുറിയിലേക്ക് കുതിച്ചു. റസൂലിന്റെ ധൃതിയിൽ ജനങ്ങൾ അന്ധാളിച്ചു പോയി. പെട്ടെന്ന് തന്നെ അവിടുന്ന് തിരിച്ചുവന്നു. തന്റെ ബദ്ധപ്പാടിൽ ജനങ്ങൾ ആശ്ചര്യപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കിയ തിരുമേനിﷺ പറഞ്ഞു: ഞങ്ങളുടെ അടുക്കലുള്ള അല്പം സ്വർണ്ണത്തെക്കുറിച്ച് എനിക്കോർമ്മ വന്നു. അത് തടഞ്ഞ് വെക്കുന്നത് ഞാനിഷ്ടപ്പെട്ടില്ല." അത് വിതരണം ചെയ്യാൻ കല്പിച്ചു. [ബുഖാരി]

❒ സഹ്ൽ رضي الله عنه പറയുന്നു: ഒരു സ്ത്രീ അവൾ നെയ്തുണ്ടാക്കിയ കരയുള്ള ഒരു വസ്ത്രവുമായി നബിﷺയുടെ അടുക്കൽ വന്നു.... എന്നിട്ട് ആ സ്ത്രീ പറഞ്ഞു: ഞാനെന്റെ കൈകൊണ്ട് നെയ്തുണ്ടാക്കിയതാണിത്. ഇത് താങ്കളെ അണിയിക്കാനാണ് വന്നത്. അപ്പോൾ നബിﷺ അത് സ്വീകരിച്ചു. അത് അദ്ദേഹത്തിന് ആവശ്യമുണ്ടായിരുന്നു. ആ വസ്ത്രം

ധരിച്ചുകൊണ്ട് നബി ﷺ ഞങ്ങളുടെ അടുത്തേക്കു വന്നു. ആ വസ്ത്രം നന്നായി തോന്നിയ ഒരാൾ നബി ﷺ യോടു പറഞ്ഞു: ഇതെത്ര നല്ല വസ്ത്രം ഇതെനിക്ക് തരുമോ? ആളുകൾ അയാളോടു പറഞ്ഞു: നീ ചെയ്തതു ശരിയായില്ല. നബി ﷺ തനിക്ക് ആവശ്യമുള്ളത് കൊണ്ടാണ് അത് ധരിച്ച് വന്നത്. ഏതൊരു വസ്തു ചോദിച്ചാലും നബി ﷺ അത് തള്ളികളയില്ല എന്ന് മനസ്സിലാക്കികൊണ്ടാണ് നീ അത് ചോദിച്ചത്! അയാൾ പറഞ്ഞു: അല്ലാഹുവാണെ സത്യം. ഞാനത് ചോദിച്ചത് എനിക്ക് ഉടുക്കാൻ വേണ്ടിയല്ല; എന്റെ മൃതദേഹം പൊതിയാനാണ്. ആ വ്യക്തിയുടെ കഫൻ പുടവ(മഞ്ഞിത്തിന്റെ വസ്ത്രം) അതായിരുന്നു. [ബുഖാരി, അഹ്മദ്]

❒ ജാബിറുബ്നു അബ്ദില്ലാ ﷺ നിവേദനം: റസൂൽ ﷺ യോടു എന്ത് ചോദിച്ചാലും അവിടുന്നു ഇല്ല എന്ന് പറയാറില്ല. [തിർമിദി]

■

മുപ്പത്തിമൂന്ന്

നബി ﷺയും ജാബിറിന്റെ ഒട്ടകവും

ദാനശീലത്തിന്റെ മാതൃക

ജാബിറുബ്നു അബ്ദില്ല رضي الله عنه പറയുന്നു. നബി ﷺയുടെ കൂടെ ഞാനൊരു യുദ്ധത്തിലായിരുന്നു. തിരിച്ച് വരുമ്പോൾ എന്റെ ഒട്ടകം ക്ഷീണിച്ച് ഞാൻ പിറകിലായി. നബി ﷺ എന്റെ അടുത്ത് വന്ന് ജാബിർ എന്ന് വിളിച്ചു.

....നബി ﷺ ചോദിച്ചു നീ വിവാഹിതനായോ?

അതെയെന്നു ഞാൻ മറുപടി പറഞ്ഞു.

"കന്യകയെയോ വിധവയെയോ?"

വിധവയെയെന്ന് ഞാൻ മറുപടി പറഞ്ഞു.

നബി ﷺ ചോദിച്ചു: നിനക്കൊരു കന്യകയെ വിവാഹം കഴിക്കാമായിരുന്നില്ലേ. നിനക്കും അവർക്കും കൂടി സല്ലപിക്കാൻ കഴിയുന്നവളെ ഞാൻ പറഞ്ഞു: എനിക്ക് കുറേ സഹോദരിമാരുണ്ട്. അവരെ സംരക്ഷിക്കാനും പരിചരിക്കാനും അവരുടെ മുടിവാർന്നു കൊടുക്കാനും പറ്റിയ ഒരു സ്ത്രീയെ വിവാഹം കഴിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു നബി ﷺ പറഞ്ഞു: നീ മദീനയിൽ പോവുകയാണല്ലോ? അവിടെയെത്തിയാൽ നിന്റെ ഭാര്യയോടു നീ വളരെ ബുദ്ധിപൂർവ്വം പെരുമാറുക.

പിന്നെ നബി ﷺ ചോദിച്ചു: നീ നിന്റെ ഒട്ടകത്തെ വിൽക്കുന്നുണ്ടോ?

അതെ എന്ന് ഞാൻ പറഞ്ഞു.

അങ്ങനെ നബി ﷺ ഒരു ഊഖിയ വെള്ളിക്ക് അത് എന്നിൽ നിന്ന് വാങ്ങി.

നബി ﷺ എന്നേക്കാൾ വേഗത്തിൽ (മദീനയിൽ) എത്തി. അടുത്ത ദിവസം ഞാനും എത്തി. ഞങ്ങൾ പള്ളിയിൽ വന്നു... നബി ﷺ പറഞ്ഞു: നിന്റെ ഒട്ടകത്തെ അവിടെ വിട്ടിട്ട് പള്ളിയിൽ കയറി രണ്ട് റകഅത്ത്

നമസ്കരിക്കുക...

നബി ﷺ ബിലാലിനോട് ഒരു ഊഖിയ വെള്ളി എനിക്ക് തൂക്കിത്തരാൻ കല്പിച്ചു. അദ്ദേഹം എനിക്കത് തൂക്കി തന്നു.

തുലാസ് മുൻതൂക്കം നിന്നിരുന്നു. ഞാൻ അവിടെ നിന്ന് മടങ്ങി. അപ്പോൾ നിങ്ങൾ ജാബിറെ വിളിക്കൂ എന്ന് നബി ﷺ പറഞ്ഞു: എന്റെ ഒട്ടകത്തെ ഇപ്പോൾ തിരിച്ച് തരുമെന്ന് ഞാൻ വിചാരിച്ചു. എനിക്കാകട്ടെ അതിനെക്കാൾ വെറുപ്പുള്ള യാതൊന്നുമുണ്ടായിരുന്നില്ല.

നബി ﷺ പറഞ്ഞു: നീ നിന്റെ ഒട്ടകത്തെ എടുത്തു കൊള്ളുക. അതിന്റെ വിലയും നിനക്ക് തന്നെയാണ്. [ബുഖാരി, മുസ്ലിം]

■

നബി ﷺ യുടെ ജീവിതലാളിത്യം

ലളിത ജീവിതം

❒ ആഇശ رضي الله عنها നിവേദനം: മദീനയിൽ എത്തിയശേഷം നബി ﷺ മരണപ്പെടുന്നത് വരെ, അവിടുത്തെ കുടുംബം ഗോതമ്പിന്റെ ആഹാരം തുടർച്ചയായി മൂന്ന് ദിവസം വയറു നിറയെ കഴിച്ചിട്ടില്ല. [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها നിവേദനം: അവർ പറഞ്ഞു: മുഹമ്മദ് നബി ﷺ യുടെ കുടുംബം ഒരു നേരം കാരക്കയല്ലാതെ ഒരു ദിവസം രണ്ട് നേരം ധാന്യ ഭക്ഷണം കഴിച്ചിട്ടില്ല. [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها നിവേദനം: അവർ പറഞ്ഞു: ഈത്തപഴവും വെള്ളവും കഴിച്ച് ഞങ്ങൾ വയറു നിറച്ചിരുന്ന കാലത്താണ് നബി ﷺ പരലോകം പൂകിയത്. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ മരണപ്പെടുന്നത് വരെ മൂന്ന് ദിവസം തുടർച്ചയായി അവിടുത്തെ കുടുംബം വയറ് നിറച്ച് ഒരു ഭക്ഷണവും കഴിച്ചിട്ടില്ല. [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها നിവേദനം: അവർ ഉർവ്വ رضي الله عنه യോടു പറഞ്ഞു: "എന്റെ സഹോദരീ പുത്രാ! ഞങ്ങൾ ഒരു മാസപിറവി കാണും. പിന്നെയും ഒരു മാസപിറവി കാണും. അങ്ങനെ മൂന്ന് മാസപിറവികൾ കണ്ട് കൊണ്ട് തിരുമേനി ﷺ യുടെ ഭവനങ്ങളിൽ തീ പുകയാത്ത രണ്ട് പൂർണ്ണമാസം കടന്നു പോകും." അന്നേരം ഉർവ്വ رضي الله عنه ആഇശ رضي الله عنها യോട് ചോദിച്ചു. എന്റെ മാതൃ സഹോദരി. എങ്കിൽ അന്നൊക്കെ നിങ്ങളെങ്ങിനെയാണ് കഴി

ഞ്ഞിരുന്നത്? "രണ്ട് കറുത്ത സാധനങ്ങൾ - ഈത്തപ്പഴവും വെള്ളവും - മാത്രമായിരുന്നു ഞങ്ങളുടെ ജീവിതാവലംബം. പക്ഷെ തിരുമേനി ﷺ ക്ക് അയൽവാസികളായി ചില അൻസാരികളും അവർക്ക് പാൽ കറക്കുന്ന ചില നാൽക്കാലികളുമുണ്ടായിരുന്നു. ചിലപ്പോഴൊക്കെ അവയുടെ പാൽ തിരുമേനി ﷺ ക്ക് അവർ സമ്മാനിക്കും അവിടുന്ന് അതിൽ നിന്ന് ഒരു ഭാഗം ഞങ്ങൾക്കും തരും. [ബുഖാരി, മുസ്‌ലിം]

❒ അനസ് ﷺ നിവേദനം: ബാർലിയുടെ റൊട്ടിയും പഴക്കം ചെന്ന് ഗന്ധം മാറിയ നെയ്യുമായി അദ്ദേഹം നബി ﷺ യുടെ അടുത്തേക്ക് ചെന്നു. നബി ﷺ യാകട്ടെ മദീനയിൽ വെച്ച് ഒരു യഹൂദിയുടെ അടുക്കൽ തന്റെ പടയങ്കി പണയം വെച്ച് അത് കൊണ്ട് തന്റെ വീട്ടുക്കാർക്ക് ബാർലി വാങ്ങിയിട്ടുണ്ടായിരുന്നു. അവിടുന്ന് പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്." ഒരു സായാഹ്ന വേളയിലും മുഹമ്മദിന്റെ കുടുംബത്തിന്റെയടുക്കൽ ഒരു സ്വാഅ് ഗോതമ്പോ ഒരു സ്വാഅ് മറ്റു ധാന്യമോ ഉണ്ടായിട്ടില്ല." അദ്ദേഹത്തിനാകട്ടെ ഒമ്പത് ഭാര്യമാരുണ്ടായിരുന്നു. [ബുഖാരി]

❒ അനസ് ﷺ പറയുന്നു: റസൂൽ ﷺ മരിക്കുന്നത് വരെ നേർമയായ റൊട്ടിയോ രോമം കളഞ്ഞ് ചുട്ടെടുത്ത ആടിനെയോ ഭക്ഷിച്ചിട്ടില്ല. [ബുഖാരി]

❒ അനസ് ﷺ നിവേദനം: (വിവിധങ്ങളായ ഭക്ഷണ പദാർത്ഥങ്ങളുള്ള) പാത്രങ്ങൾ നിരത്തിവെച്ച് ഭക്ഷിക്കുകയോ, നേർമ്മയായ റൊട്ടി നബി ﷺ ക്ക് വേണ്ടി തയ്യാറാക്കുകയോ ആഹാരം മേശപ്പുറത്ത് വെച്ച് ഭക്ഷിക്കുകയോ ചെയ്തതായി എനിക്കറിയില്ല. [ബുഖാരി]

❒ ഹിശാം ബ്നു ഉർവ്വത് ﷺ നിവേദനം: നബി ﷺ യുടെ പത്നിയായ ആഇശ ﷺ പറഞ്ഞു: നബി ﷺ ഈ ലോകത്തോട് വിട പറഞ്ഞു: ഒരു ദിവസം രണ്ട് പ്രാവശ്യം റൊട്ടിയും ഒലീവ് എണ്ണയും കഴിച്ച് കൊണ്ട് അല്ലാഹുവിന്റെ റസൂൽ ﷺ മതിയായ രൂപത്തിൽ വിശപ്പടക്കിയിരുന്നില്ല. [മുസ്‌ലിം]

❒ സിമാക്ബ്നു ഹർബ് ﷺ നിവേദനം: നുഅ്മാൻ ﷺ പ്രസംഗിക്കുന്നതായി ഞാൻ കേട്ടു. ദുൻയാവിൽ നിന്നും ജനങ്ങൾക്ക് ലഭിച്ചത് അദ്ദേഹം ഓർത്തു. എന്നിട്ട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതൻ ﷺ വിശപ്പ് കൊണ്ട് ഞെരിപിരികൊണ്ടിരുന്നത് ഞാൻ കണ്ടിട്ടുണ്ട്. തിരുമേനി ﷺ ക്ക് വയറു നിറക്കാൻ താണതരം ഈത്തപഴം പോലുമുണ്ടായിരുന്നില്ല. [മുസ്‌ലിം]

❒ മാലിക് ബ്നു ദീനാർ ﷺ നിവേദനം: റസൂൽ ﷺ അതിഥികളെ സൽക്കരിക്കുമ്പോളല്ലാതെ റൊട്ടിയോ മാംസമോ വയറു നിറയെ കഴിച്ചിട്ടേയില്ല.

[തിർമിദി]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: റസൂൽ ﷺ യും അവിടുത്തെ വീട്ടുകാരും തുടർച്ചയായ രാത്രികളിൽ ഭക്ഷണമൊന്നും ലഭിക്കാതെ വയറൊട്ടിയ നിലയിൽ കഴിച്ചുകൂട്ടുമായിരുന്നു. അവരുടെ മുഖ്യ ഭക്ഷണം തൊലികളയാത്ത ഗോതമ്പു റൊട്ടിയായിരുന്നു. [തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "അല്ലാഹുവേ നീ മുഹമ്മദിന്റെ കുടുംബത്തിന് അന്നന്ന് കഴിഞ്ഞ് പോകാനുള്ള ഭക്ഷണം നൽകേണമേ. [ബുഖാരി]

■

നബി ﷺയുടെ സമ്പാദ്യം

സമ്പത്തും അനന്തര സ്വത്തും

❒ ഉമർ ഇബ്നു ഖത്ത്വാബ് رضي الله عنه പറയുന്നു. ഞാൻ റസൂൽ ﷺയുടെയടുക്കൽ ചെന്നു. അവിടുന്ന് ഒരു പായയിലായിരുന്നു. ഞാൻ ഇരുന്നു. അന്നേരം അവിടുന്ന് ഒരു തുണിയുടുത്തിട്ടുണ്ട്. മറ്റൊരു വസ്ത്രവും ഇല്ല. പായയാണെങ്കിൽ അദ്ദേഹത്തിന്റെ പാർശ്വഭാഗത്ത് അടയാളങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഏകദേശം ഒരു സ്വാഅ് വരുന്ന ഒരു പിടി ബാർലി, മുറിയിലൊരു ഭാഗത്ത് ഊറക്കിടാനുള്ള കൊന്നയില, തൂക്കിയിട്ട ഒരു മൃഗത്തോൽ എന്നിവ ഞാൻ കണ്ടു എന്റെ കണ്ണുകളിൽ നിന്ന് കണ്ണീരൊഴുകി. അവിടുന്ന് ചോദിച്ചു: ഖത്വാബിന്റെ മകനേ നിന്നെ കരയിപ്പിക്കുന്ന കാര്യമെന്താണ്? അപ്പോൾ ഞാൻ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ എങ്ങനെ ഞാൻ കരയാതിരിക്കും? ഈ പായയിതാ അങ്ങയുടെ പാർശ്വങ്ങളിൽ അടയാളമുണ്ടാക്കിയിരിക്കുന്ന. അങ്ങയുടെ ഖജനാവാണിത്. ഇതിൽ കാണുന്നതല്ലാതെ മറ്റൊന്നും കാണാനില്ലെല്ലോ? അവിടെയതാ ഖിസ്റയും ഖൈസറും പഴ വർഗ്ഗങ്ങളും നദികളും ആസ്വദിക്കുന്നു. താങ്കൾ അല്ലാഹുവിന്റെ പ്രവാചകനും അവൻ തെരെഞ്ഞെടുത്ത വിശിഷ്ട വ്യക്തിയുമാണ്. എന്നിട്ടും ഇതാണല്ലോ അങ്ങയുടെ ഖജനാവ്!!!

തിരുമേനി ﷺ ചോദിച്ചു: ഖത്വാബിന്റെ മകനേ നമുക്കുള്ളത് പരലോകവും അവർകുള്ളത് ഐഹിക ലോകവും ആയിരിക്കുന്നത് നിനക്ക് ഇഷ്ടമല്ലേ?

ഞാൻ പറഞ്ഞു: അതെ. [ഇബ്നുമാജ്]

❒ ഇബ്നു മസൂദ് رضي الله عنه നിവേദനം: റസൂൽ ﷺ ഒരു പായയിൽ കിടന്നുറങ്ങി.

എഴുന്നേറ്റപ്പോൾ തന്റെ പുണ്യ ശരീരത്തിൽ പാടുകൾ പതിഞ്ഞിട്ടുണ്ടായിരുന്നു. ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! താങ്കൾക്ക് ഞങ്ങളൊരു വിരിപ്പുണ്ടാക്കിത്തരട്ടേ! അവിടുന്നു പറഞ്ഞു: ഞാനും ഈ ദുൻയാവും തമ്മിൽ എന്തുണ്ട് ബന്ധം? ഒരു വൃക്ഷത്തിന്റെ ചുവട്ടിൽ തണലേറ്റ് വിശ്രമിക്കുകയും പിന്നീടത് വിട്ടകലുകയും ചെയ്യുന്ന ഒരു സഞ്ചാരിയെ പോലെ മാത്രമാണ് ഞാനീ ദുൻയാവിൽ. [തിർമിദി]

❒ അംറുബ്നുൽ ഹാരിസ് ﷺ പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ മരണമടഞ്ഞപ്പോൾ ദിർഹം, ദീനാർ, അടിമ, അടിമ സ്ത്രീ എന്നിവയൊന്നും വിട്ടേച്ചു പോയിട്ടില്ല; ഒരു വെള്ള കോവർ കഴുതയും, ആയുധവും, ദാനമാണെന്ന് നിശ്ചയിച്ച ഒരു നിലവുമല്ലാതെ. [ബുഖാരി]

❒ അബൂഹുറയ്റ ﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: എന്റെ അനന്തരാവകാശികൾ ദീനാറോ, ദിർഹമോ പങ്കിട്ടെടുക്കില്ല. എന്റെ ഭാര്യമാരുടേ ചെലവിന്നായി ഞാൻ നീക്കിവെച്ചതിന്റെയും എന്റെ സേവകരുടെ ചെലവിന്നായി നീവെച്ചതിന്റെയും ശേഷമുള്ളത് ധർമ്മമാണ്. [ബുഖാരി]

❒ ആഇശ ﷺ നിവേദനം: പ്രവാചകൻ ﷺ മരണപ്പെടുന്ന സന്ദർഭത്തിൽ അവിടുത്തെ പടയങ്കി മുപ്പത് സാഅ് ബാർലിക്ക് ഒരു ജൂതന്റെ അടുക്കൽ പണയത്തിലായിരുന്നു. [ബുഖാരി]

അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: ഞങ്ങൾ അനന്തരം എടുക്കപെടുകയില്ല. ഞങ്ങൾ ഉപേക്ഷിച്ചത് ധർമ്മമാകുന്നു. [മുസ്ലിം]

■

നബി ﷺ യുടെ ദിവ്യബോധനം

വഹ്‌യിന്റെ ആരംഭം

ആഇശ رضي الله عنها പറയുന്നു: നബി ﷺ ക്ക് ആരംഭത്തിൽ ലഭിച്ച ദൈവിക സന്ദേശങ്ങളുടെ തുടക്കം ഉറക്കത്തിൽ കാണുന്ന സത്യസന്ധമായ സ്വപ്നങ്ങളായിരുന്നു. അവിടുന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതത്തിലെ പ്രകാശം പോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു. പിന്നീട് നബി ﷺ ക്ക് ഏകാന്തവാസം ഇഷ്ടമായിത്തോന്നി. അങ്ങനെ ഏതാനും രാത്രികൾ ഹിറാഗുഹയിൽ ഏകാന്തവാസം അനുഷ്ഠിച്ചു. ആ രാത്രിക്കുള്ള ഭക്ഷണങ്ങളുമായി ഗുഹയിലേക്ക് പോകും. കുറെ രാത്രി ആരാധനയിൽ മുഴുകി അവിടെ കഴിച്ചു കൂട്ടും. പിന്നെ ഖദീജ رضي الله عنها യുടെ അടുക്കലേക്ക് തിരിച്ച് വരും. വീണ്ടും ആഹാരം തയ്യാറാക്കി പുറപെടും. ഹിറാഗുഹയിൽ വെച്ച് നബി ﷺ ക്ക് സത്യം വന്ന് കിട്ടുന്നത് വരെ ഈ നില തുടർന്നു.

അങ്ങിനെയിരിക്കെ മലക്ക് (മാലാഖ) തിരുമേനിയുടെ മുന്നിൽ പ്രത്യക്ഷപെട്ട് വായിക്കുക എന്ന് പറഞ്ഞു. "നബി ﷺ മറുപടി പറഞ്ഞു: ഞാൻ വായിക്കാൻ അറിയുന്നവനല്ല." നബി ﷺ പറയുന്നു. "പിന്നെ മലക്ക് എന്നെ പിടിച്ച് ശക്തിയായി ആശ്ലേഷിച്ചു. എനിക്ക് വളരെ പ്രയാസം അനുഭവപ്പെട്ടു. പിന്നീട് എന്നെ വിട്ട് വീണ്ടും വായിക്കുക എന്ന് കല്പിച്ചു. വായിക്കാൻ അറിയില്ലെന്ന് അപ്പോഴും ഞാൻ മറുപടി പറഞ്ഞു. മലക്ക് എന്നെ പിടിച്ച് ശക്തിയായി ആശ്ലേഷിച്ചു. എനിക്ക് വളരെ പ്രയാസം തോന്നി. പിന്നെ എന്നെ വിട്ട ശേഷം വായിക്കുക എന്ന് പറഞ്ഞു. എനിക്ക് വായിക്കാനറിയില്ലെന്ന് പിന്നെയും ഞാൻ പറഞ്ഞപ്പോൾ മൂന്നാമതും മലക്ക് എന്നെ പിടിച്ച് ശക്തിയായി ആശ്ലേഷിച്ചു. പിന്നീട് എന്നെ വിട്ടശേഷം പറഞ്ഞു:

"സ്രഷ്ടാവായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ നീ വായിക്കുക. മനുഷ്യനെ അവൻ രക്തപിണ്ഡത്തിൽ നിന്ന് സൃഷ്ടിച്ചു. വായിക്കുക നിന്റെ രക്ഷിതാവ് അത്യുദാരനത്രെ"

അപ്പോൾ പിടക്കുന്ന ഹൃദയത്തോടെ ഈ സന്ദേശവുമായി നബി ﷺ മടങ്ങി. ഖദീജ رضي الله عنها യുടെ അടുക്കൽ കയറിച്ചെന്ന് പുതച്ചുതരിക, പുതച്ചു തരിക എന്ന് അവിടുന്നു പറഞ്ഞു. അവർ പുതച്ചു കൊടുത്തു. ആ ഭയം നീങ്ങിയപ്പോൾ നടന്ന സംഭവങ്ങളെല്ലാം ഖദീജ رضي الله عنها യോട് പറഞ്ഞു. തന്റെ ജീവന് എന്തെങ്കിലും ആപത്തു സംഭവിക്കുമോ എന്ന് ഭയപ്പെടുന്നതായും അവിടുന്ന് പറഞ്ഞു.

അപ്പോൾ ഖദീജ പറഞ്ഞു "ഇല്ല, അല്ലാഹു സത്യം അവൻ അങ്ങയെ ഒരിക്കലും അപമാനിക്കുകയില്ല. താങ്കൾ കുടുംബബന്ധം പുലർത്തുന്നു. പാവപെട്ടവരെ രക്ഷിക്കുന്നു. അഗതികൾക്ക് സ്വയം അധ്വാനിച്ച് സഹായം ചെയ്തുകൊടുക്കുന്നു. അതിഥികളെ സൽക്കരിക്കുന്നു. ആപൽ ഘട്ടങ്ങളിൽ ശരിയായ സഹായം നൽകുന്നു."

പിന്നെ നബി ﷺ യെയും കൊണ്ട് തന്റെ പിതൃവ്യ പുത്രനായ വറഖത്ത്ബ്നു നൗഫലിന്റെ അടുക്കൽ ചെന്നു. വറഖത്ത് അജ്ഞാത കാലത്ത് ക്രിസ്ത്യാനിയായവനും അബ്റാനി(ഹിബ്രു) ഭാഷ എഴുതാൻ പഠിക്കുകയും ചെയ്തവനായിരുന്നു. അതിനാൽ ഇഞ്ചീലിൽ നിന്ന് കുറെ ഭാഗങ്ങൾ ഹിബ്രുവിൽ എഴുതി എടുക്കാറുണ്ടായിരുന്നു. അദ്ദേഹം വയോവൃദ്ധനായി കാഴ്ചതന്നെ നഷ്ടപ്പെട്ട ഒരാളായിരുന്നു.

അപ്പോൾ ഖദീജ رضي الله عنها പറഞ്ഞു: പിതൃവ്യപുത്രാ! താങ്കളുടെ സഹോദര പുത്രന്റെ വിശേഷങ്ങൾ ശ്രദ്ധിക്കുക.

വറഖത് ചോദിച്ചു: എന്റെ സഹോദരപുത്രാ നീ എന്താണ് ദർശിച്ചത്? കണ്ട കാഴ്ചകളെല്ലാം വറഖതിനെ നബി ﷺ അറിയിച്ചു.

വറഖത്ത് പറഞ്ഞു: ഇത് അല്ലാഹു മൂസാനബി عليه السلام യുടെ അടുക്കലേക്ക് അയച്ചിരുന്ന അതേ സന്ദേശവാഹകനാണ്. താങ്കൾ മതപ്രബോധനം ചെയ്യുന്ന സന്ദർഭത്തിൽ ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ നന്നായിരുന്നു. താങ്കളെ സ്വദേശത്തിൽ നിന്ന് സ്വജനത ബഹിഷ്ക്കരിക്കുന്ന ഘട്ടത്തിൽ ഞാൻ ജീവിച്ചിരുപ്പുണ്ടെങ്കിൽ!

നബി ﷺ ചോദിച്ചു: 'അവർ എന്നെ ബഹിഷ്ക്കരിക്കുകയോ? വറഖത്ത് പറഞ്ഞു: 'അതെ താങ്കൾ കൊണ്ടുവന്നത് പോലെയുള്ള സന്ദേശങ്ങളുമായി വന്ന ഒരാളും തന്റെ ജനതയുടെ ശത്രുതക്ക് പാത്രമാകാതിരുന്നിട്ടില്ല. താങ്കളുടെ പ്രവർത്തനങ്ങൾ നടക്കുന്ന നാളുകളിൽ ഞാൻ ജീവിച്ചിരിപ്പുണ്ടെങ്കിൽ ശക്തമായ ഒരു സഹായം താങ്കൾക്ക് ഞാൻ നൽകുക തന്നെ ചെയ്യും. [ബുഖാരി, മുസ്ലിം]

■

നബി ﷺക്ക് ദിവ്യസന്ദേശം ലഭിച്ച രീതികൾ

നാല്പതാം വയസ്സിൽ തുടക്കം

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു. അല്ലാഹുവിന്റെ റസൂൽ ﷺക്ക് വഹ്യ് അവതീർണ്ണമായത് അദ്ദേഹത്തിന് നാല്പതു വയസ്സുള്ളപ്പോഴാണ്. പിന്നീട് പതിമൂന്ന് വർഷം മക്കയിൽ കഴിച്ചുകൂട്ടി. പിന്നെ ഹിജ്റക്ക് കല്പന ലഭിച്ചു. അപ്പോൾ മദീനയിലേക്ക് പാലായനം ചെയ്തു. പിന്നെ അവിടെ പത്തു വർഷം താമസിച്ചു. പിന്നെ പരലോകം പ്രാപിച്ചു. [ബുഖാരി]

തിങ്കളാഴ്ച

അബൂ ഖതാദ رضي الله عنه നിവേദനം: തിങ്കളാഴ്ചയിലെ നോമ്പിനെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ പറഞ്ഞു: 'അന്നാണ് ഞാൻ ജനിച്ചത് അന്നാണ് എനിക്ക് ദിവ്യസന്ദേശം ഇറക്കപ്പെട്ടതും. [മുസ്ലിം]

മണിനാദം പോലെ

ആഇശ رضي الله عنها നിവേദനം: ഒരിക്കൽ ഹാരിസുബ്നു ഹിഷാം നബി ﷺയോടു ചോദിച്ചു. "അല്ലാഹുവിന്റെ റസൂലേ! താങ്കൾക്ക് ദിവ്യ സന്ദേശം വരുന്നതെങ്ങനെയാണ്. നബി ﷺ പറഞ്ഞു: "ചിലപ്പോൾ മണിനാദം മുഴങ്ങുന്നത് പോലെ എനിക്ക് താങ്ങാൻ ഏറ്റവും പ്രയാസമുള്ള ഒരവസ്ഥയാണത്. എന്നിട്ട് അത് അവസാനിക്കും. അപ്പോഴേക്കും ആ സന്ദേശവാഹകൻ പറഞ്ഞത് ഞാൻ ഗ്രഹിച്ചിരിക്കും. മറ്റ് ചിലപ്പോൾ സന്ദേശവാഹകനായ മാലാഖ ഒരു പുരുഷരൂപത്തിൽ പ്രത്യക്ഷപ്പെട്ട് എന്നോട് സംസാരിക്കും അപ്പോൾ ആ മലക്ക് പറയുന്നത് ഞാൻ മനസ്സിലാക്കും."

ആഇശ رضي الله عنها പറയുന്നു: കഠിന ശൈത്യമുള്ള ദിവസം നബി ﷺക്ക് വഹ്യ് ഇറങ്ങുന്നത് ഞാൻ കണ്ടിട്ടുണ്ട്. അതിൽ നിന്ന് അദ്ദേഹം വിരമി

ക്കുന്ന സമയത്ത് നബി ﷺ യുടെ നെറ്റിത്തടം വിയർത്തൊലിക്കുന്നുണ്ടാവും. [ബുഖാരി, മുസ്‌ലിം]

മുഖം വിവർണ്ണമാകും

ഉബാദത്ബ്നു സ്വാമിത്ത് رضي الله عنه നിവേദനം: നബി ﷺ ക്ക് വഹ്‌യ് ഇറക്കപ്പെട്ടാൽ അതു നിമിത്തം ക്ലേശിക്കപ്പെടുന്നു. മുഖം വിവർണ്ണമായി ചുവന്നു തുടിക്കുന്നു. [മുസ്‌ലിം]

തല താഴ്ത്തും

ഉബാദത്ബ്നു സ്വാമിത്ത് رضي الله عنه നിവേദനം: നബി ﷺ ക്ക് വഹ്‌യ് ഇറങ്ങുമ്പോൾ തലതാഴ്ത്തും. സ്വഹാബികളും അവരുടെ തല താഴ്ത്തും. വഹ്‌യ് നൽകപ്പെട്ടുകഴിഞ്ഞാൽ തല ഉയർത്തും. [മുസ്‌ലിം]

മരണപ്പെടുന്ന വർഷം രണ്ട് തവണ ഖുർആൻ വായിച്ചു കേൾപിച്ചു.

ഫാത്വിമ رضي الله عنها പറയുന്നു. നബി ﷺ എന്നോട് രഹസ്യം പറഞ്ഞു: "ജിബ്‌രീൽ എല്ലാവർഷവും വന്ന് ഖുർആൻ വായിച്ചു കേൾപിക്കാറുണ്ട്. ഈ വർഷം രണ്ട് തവണ വായിച്ചു കേൾപ്പിച്ചു. അതിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് എന്റെ അവധി എത്തികഴിഞ്ഞുവെന്നാണ്. [ബുഖാരി]

നബി ﷺയുടെ പ്രബോധനാരംഭം

അബൂലഹബിന്റെ പ്രതികരണം

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: "നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക" എന്ന വാക്യം അവതരിച്ചപ്പോൾ നബി ﷺ വീട്ടിൽ നിന്ന് പുറത്ത് പോയി സഫാകുന്നിന്റെ മുകളിൽ കയറി ഇപ്രകാരം വിളിച്ചു പറഞ്ഞു: "വേഗം ആഗതരാവുക!!!"

ആരാണിത് വിളിച്ച് പറയുന്നതെന്ന് അവർ അന്വേഷിക്കുകയും അങ്ങനെ നബി ﷺയുടെ അടുത്തേക്ക് എല്ലാവരെയും ഒരുമിച്ച് കൂട്ടുകയും ചെയ്തു. അപ്പോൾ നബി ﷺ പറഞ്ഞു: "ഈ മലയുടെ താഴ്വരയിലൂടെ ഒരു കുതിരപ്പട വരുന്നുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങളെന്നെ വിശ്വസിക്കുമോ?

അവർ പറഞ്ഞു: വിശ്വസിക്കും കാരണം നിങ്ങളിന്നു വരെ കളവ് പറഞ്ഞതായി ഞങ്ങൾക്കനുഭവപ്പെട്ടിട്ടില്ല.

നബി ﷺ പറഞ്ഞു: എന്നാൽ ഞാൻ ഭയങ്കരമായ ഒരു ശിക്ഷയെകുറിച്ച് മുന്നറിയിപ്പ് നൽകുകയാണ്.

അപ്പോൾ അബൂലഹബ് പറഞ്ഞു: നിനക്ക് നാശം ഇതിന് വേണ്ടിയാണോ ഞങ്ങളെ നീ ഒരുമിച്ചു കൂട്ടിയത്. പിന്നെ അയാൾ (അബൂലഹബ്) എഴുന്നേറ്റുപോയി. അപ്പോഴാണ് "അബൂലഹബിന്റെ ഇരു കൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു." എന്ന അദ്ധ്യായം അവതരിച്ചത്. [ബുഖാരി, മുസ്ലിം]

ബന്ധുക്കളിലേക്ക് പ്രബോധനം

അബൂഹുറയ്റ رضي الله عنه പറയുന്നു: "നിന്റെ അടുത്ത കുടുംബങ്ങൾക്ക് നീ താക്കീത് നൽകികൊള്ളുക" എന്ന വചനം അല്ലാഹു അവതരിപ്പിച്ചപ്പോൾ നബി ﷺ എഴുന്നേറ്റ് പോയിട്ട് ഇപ്രകാരം പറഞ്ഞു: ഖുറൈശി ഗോത്രമേ! നിങ്ങൾ സ്വന്തം ആത്മാക്കളെ പാപങ്ങളിൽ നിന്ന് മുക്തമാക്കികൊള്ളുക.

അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അല്പം പോലു നിങ്ങളെ രക്ഷിക്കാൻ എനിക്ക് കഴിയുകയില്ല.

അബ്ദുൽ മുത്തലിബിന്റെ പുത്രൻ അബ്ബാസേ, അല്ലാഹുവിൽ നിന്ന് അല്പം പോലും താങ്കളെ രക്ഷിക്കാൻ എനിക്ക് കഴിയുകയില്ല അല്ലാഹുവിന്റെ ദൂതന്റെ പിതൃസഹോദരി സ്വഫിയ്യാ! അല്ലാഹുവിൽ നിന്ന് അല്പം പോലും നിങ്ങളെ രക്ഷിക്കാൻ എനിക്ക് കഴിയില്ല. മുഹമ്മദിന്റെ പുത്രി ഫാതിമാ, എന്റെ ധനത്തിൽ നിനക്കാവശ്യമുള്ളത് ചോദിച്ചുകൊള്ളുക. അല്ലാഹുവിൽ നിന്ന് അല്പം പോലും നിന്നെ രക്ഷിക്കാൻ എനിക്ക് കഴിയില്ല. [ബുഖാരി, മുസ്‌ലിം]

■

നബി ﷺയുടെ മുഖ്യപ്രബോധനം

ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിക്കുന്നു

❒ മഹ്മൂദിബ്നു ലബീദ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹ് ﷺ പറഞ്ഞിരിക്കുന്നു: "ഞാൻ അല്ലാഹുവിന്റെ റസൂലാണ്. അവൻ എന്നെ അടിയാറുകളിലേക്ക് നിയോഗിച്ചു. അവർ അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാതെ അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്നതിലേക്ക് ഞാൻ അവരെ ക്ഷണിക്കുന്നു. [അഹ്മദ്]

❒ റബീഅത്ത്ബ്നു ഇബാദ് ﷺ നിവേദനം. അദ്ദേഹം പറഞ്ഞു: ദിൽ മജാസ് അങ്ങാടിയിൽ വെച്ച് അല്ലാഹുവിന്റെ റസൂലിനെ ഞാൻ കണ്ടു. അവിടുന്ന് പറയുന്നുണ്ടായിരുന്നു: "ജനങ്ങളെ നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് (അല്ലാഹുവല്ലാതെ ആരാധ്യനില്ല) എന്ന് പറയൂ നിങ്ങൾ വിജയിക്കും: അദ്ദേഹം മലമടക്കുകളിലെ വഴികളിലൂടെ പ്രവേശിക്കുന്നു. ജനങ്ങൾ അദ്ദേഹത്തിനെതിരിൽ ചുറ്റും കൂടിയിരിക്കുന്നു. ആരും ഒന്നും പറയുന്നതായി ഞാൻ കണ്ടില്ല. അദ്ദേഹമാണെങ്കിൽ മിണ്ടാതിരിക്കുന്നുമില്ല; അദ്ദേഹം പറയുന്നു. "ജനങ്ങളേ നിങ്ങൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറയൂ നിങ്ങൾ വിജയിക്കും." [അഹ്മദ്]

❒ റബീഅത്ത്ബ്നു അബ്ബാദ് അദ്ദിലിയ്യ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ മദീനയിലേക്ക് ഹിജ്റ പോകുന്നതിന് മുമ്പ് (മക്കാ പ്രബോധനക്കാലത്ത്) മീനയിൽ തങ്ങളുടെ താമസ സ്ഥലങ്ങളിൽ ചുറ്റി നടക്കുന്നത് ഞാൻ കണ്ടു. അദ്ദേഹം അവരോട് പറയുന്നു: "ജനങ്ങളേ! അല്ലാഹു നിങ്ങളോട് അവനെ മാത്രം നിങ്ങൾ ആരാധിക്കണമെന്നും അവനിൽ യാതൊന്നിനെയും പങ്കു ചേർക്കരുതെന്നും കല്പിച്ചിരിക്കുന്നു"

അപ്പോൾ അദ്ദേഹത്തിന് പിന്നിൽ നിന്ന് ഒരു മനുഷ്യൻ വിളിച്ച് പറയും "ജനങ്ങളേ ഇയാൾ നിങ്ങളോട് നിങ്ങളുടെ പൂർവ്വപിതാക്കളുടെ ആദർശത്തെ വെടിയാനാണ് കല്പിക്കുന്നത്. അപ്പോൾ ഞാൻ ചോദിച്ചു. ആരാണ് ഈ വ്യക്തി? പറയപ്പെട്ടു 'അബൂലഹബ്' എന്ന്. [അഹ്മദ്, ഹാകിം]

❒ ഹാരിസുബ്നു ഹാരിസിൽ ആഇദ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ പിതാവിനോട് ചോദിച്ചു: ഏതാണ് ഈ സംഘം" പിതാവ് പറഞ്ഞു: അവർ അവരിലെ ഒരു സാബിഇ (പുത്തൻ വാദി) യുടെ ചുറ്റും ഒരുമിച്ചു കൂടിയിരിക്കുകയാണ്. നബി ﷺ ജനങ്ങളെ സത്യവിശ്വാസത്തിലേക്കും ഏകദൈവാരാധനയിലേക്കും ക്ഷണിക്കുകയായിരുന്നു അവിടെ. [ബുഖാരി താരീഖുൽ കബീർ]

❒ അബൂസുഫ്യാൻ ﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ ഹിറാക്ലിയസ് രാജാവിന് ഒരു കത്തെഴുതി. അതിൽ ഇപ്രകാരം വന്നു. "അല്ലാഹുവിന്റെ ദാസനും ദൂതനുമായ മുഹമ്മദ് റോമയിലെ ഹിറാക്ലിയസ് രാജാവിന് എഴുതുന്നത്. സന്മാർഗ്ഗം പിൻപറ്റിയവർക്ക് സമാധാനമുണ്ടാവട്ടെ! ഞാൻ നിങ്ങളെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നു. നിങ്ങൾ മുസ്ലിമാവുക എങ്കിൽ അല്ലാഹു രണ്ട് തവണ പ്രതിഫലം തരും. താങ്കൾ പിന്തിരിഞ്ഞാൽ അരിസിയ്യീകളുടെ (കർഷകരുടെ) പാപം കൂടി താങ്കൾക്കുണ്ടായിരിക്കും...." വേദക്കാരെ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും. നമ്മളിൽ ചിലർ ചിലരെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്) എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക ഞങ്ങൾ അല്ലാഹുവിന് കീഴപെട്ടവരാണ് എന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുക. " (വിശുദ്ധ ഖുർആൻ: 3/64) [ബുഖാരി, മുസ്ലിം]

❒ അനസ് ﷺ നിവേദനം: നബി ﷺ കിസ്റാക്കും കൈസറിനു നേഗശിനും എല്ലാ സേച്ഛാധിപതികൾക്കും അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചു കൊണ്ട് കത്തെഴുതി. [മുസ്ലിം]

■

നബി ﷺയുടെ പ്രബോധനവും മാറ്റങ്ങളും

ഗ്രാമീണ അറബിയും നബി ﷺയും

അനസ് ؓ നിവേദനം: ഞങ്ങൾ നബി ﷺയോടൊപ്പം പള്ളിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ ഒട്ടകപ്പുറത്ത് വന്ന് പള്ളിയിൽ പ്രവേശിച്ച് ഒട്ടകത്തെ മുട്ടുകുത്തിച്ചു. അതിനെ അവിടെ കെട്ടിയിട്ടു. എന്നിട്ട് അവിടെയുള്ളവരോട് ചോദിച്ചു: നിങ്ങളുടെ കൂട്ടത്തിൽ ആരാണ് മുഹമ്മദ്?

നബി ﷺ അവർകിടയിൽ ചാരി ഇരിക്കുകയായിരുന്നു. അപ്പോൾ ഞങ്ങൾ പറഞ്ഞു: ഈ ചാരിയിരിക്കുന്ന വെളുത്തയാളാണ്. ആഗതൻ വിളിച്ചു. അബ്ദുൽ മുത്തലിബിന്റെ മകനേ! അപ്പോൾ നബി ﷺ പറഞ്ഞു, ഞാനിതാ ഉത്തരം നൽകുന്നു.

അയാൾ പറഞ്ഞു: ഞാൻ അങ്ങയോട് ചിലത് ചോദിക്കുകയാണ്. ചിലപ്പോൾ ചോദ്യത്തിൽ തീവ്രത കാണും. എന്നോട് ഒന്നും വിചാരിക്കരുത് അപ്പോൾ നബി ﷺ പറഞ്ഞു: ശരി! താങ്കൾക്ക് തോന്നുന്നത് ചോദിച്ചുകൊള്ളുക.

അപ്പോൾ അയാൾ പറഞ്ഞു: അങ്ങയുടെയും അങ്ങയുടെ മുമ്പുള്ളവരുടെയും നാഥനെ മുൻനിർത്തി ഞാൻ ചോദിക്കുന്നു. 'ആ അല്ലാഹുവാണോ അങ്ങയെ അഖില ജനതകളിലേക്കും ദൂതനായി അയച്ചത്?

അപ്പോൾ നബി ﷺ പറഞ്ഞു: അല്ലാഹുവാണെ സത്യം! അതെ.

അയാൾ വീണ്ടും പറഞ്ഞു: അല്ലാഹുവിനെ മുൻനിർത്തി ഞാൻ ചോദിക്കുന്നു. ആ അല്ലാഹുവാണോ ഒരു രാപകലുകളിലായി അഞ്ച് തവണ ഞങ്ങൾ നമസ്കരിക്കണമെന്ന് അങ്ങയോട് കല്പിച്ചത്?

നബി ﷺ പറഞ്ഞു: അല്ലാഹുവാണെ സത്യം! അതെ.

അയാൾ പറഞ്ഞു: അല്ലാഹുവിനെ മുൻനിർത്തി ഞാൻ ചോദിക്കുന്നു. ആ അല്ലാഹുവാണോ വർഷത്തിൽ ഒരു മാസം ഞങ്ങൾ നോമ്പനു

ഷ്ഠിക്കാൻ അങ്ങയോട് കല്പിച്ചത്. നബി ﷺ പറഞ്ഞു: അല്ലാഹുവാണെ സത്യം! അതെ.

അയാൾ പറഞ്ഞു: അല്ലാഹുവിനെ മുൻനിർത്തി ഞാൻ ചോദിക്കുന്നു ആ അല്ലാഹുവാണോ ഞങ്ങളിലെ സമ്പന്നരിൽ നിന്ന് സകാത്ത് പിരിച്ചെടുത്ത്ഞങ്ങളിലെ ദരിദ്രന്മാർക്കിടയിൽ ഭാഗിച്ച് നൽകണമെന്ന് അങ്ങയോട് കല്പിച്ചത്? നബി ﷺ പറഞ്ഞു: അല്ലാഹുവാണെ സത്യം! അതെ.

അപ്പോൾ അയാൾ പറഞ്ഞു: അങ്ങ് കൊണ്ട് വന്നതിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. ഞാൻ എന്റെ ജനതയിലെ ദൂതനായാണ് ഇവിടെ വന്നിട്ടുള്ളത്. ഞാൻ ദീമാമിബ്നു ഥഅ്ലബ. ബനൂ സഅ്ദ്ബ്നു ബകറിലെ ഒരംഗമാണ്. [ബുഖാരി]

മന്ത്രവാദി ഇസ്ലാമിലേക്ക്

ഇബ്നു അബ്ബാസ് ﷺ നിവേദനം: അസ്ദ് ശനൂഅ ഗോത്രക്കാരനായ ദീമാദ് ഒരിക്കൽ മക്കയിൽ വന്നു. അയാൾ മന്ത്രവാദം നടത്തുമായിരുന്നു. മുഹമ്മദ് ﷺ ഭ്രാന്തനാണെന്ന മക്കയിലെ ഭോഷന്മാരുടെ സംസാരം അയാളുടെ ചെവിയിലുമെത്തിയിരുന്നു.... അയാൾ നബി ﷺ യെ കണ്ടുമുട്ടി. അയാൾ പറഞ്ഞു: മുഹമ്മദ് താങ്കളുടെ പിശാച് ബാധക്ക് ഞാൻ മന്ത്രവാദം നടത്തിത്തരാം. അല്ലാഹു ഉദ്ദേശിച്ചാൽ എന്റെ കയ്യാൽ അവനുദ്ദേശിക്കുന്നവർക്ക് ശമനം നൽകും. താങ്കൾക്ക് ഇതിൽ ആഗ്രഹമുണ്ടോ?

നബി ﷺ പറഞ്ഞു: "എല്ലാ സ്തുതിയും അല്ലാഹുവിന്നാകുന്നു. ഞാൻ അവനെ സ്തുതിക്കുന്നു. അവനോട് സഹായം ചോദിക്കുന്നു. ആരെങ്കിലും അല്ലാഹു നേർവഴിയിലാക്കിയാൽ ഒരാളും തന്നെ അവനെ വഴിപിഴപ്പിക്കുകയില്ല. അവൻ വഴികേടിലാക്കിയാൽ ഒരാളും തന്നെ അവനെ നേർമാർഗ്ഗതിലാക്കുകയുമില്ല. അല്ലാഹു അല്ലാതെ ആരാധ്യനില്ലെന്നും അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അവന്റെ ദൂതനും അടിമയുമാണെന്നും." അപ്പോൾ അയാൾ പറഞ്ഞു: 'താങ്കൾ ആ വാചകങ്ങൾ ഒരിക്കൽ കൂടി എനിക്ക് പറഞ്ഞു തരൂ!' അപ്പോൾ നബി ﷺ അത് മൂന്ന് തവണ ആവർത്തിച്ചു. അപ്പോൾ അയാൾ പറഞ്ഞു: 'ഞാൻ ജോത്സ്യന്മാരുടെയും, മാരണക്കാരുടെയും, കവികളുടെയും വചനങ്ങൾ ശ്രവിച്ചിട്ടുണ്ട്. പക്ഷെ താങ്കളുടെ ഈ വാചകങ്ങൾ പോലുള്ളത് ഒന്നും ഞാൻ കേട്ടിട്ടില്ല. തീർച്ചയായും അവ സമുദ്രത്തിന്റെ ആഴങ്ങളെ പ്രാപിച്ചിരിക്കുന്നു. എന്നിട്ട് അയാൾ പറഞ്ഞു: താങ്കൾ കൈ നീട്ടുക. ഞാനിതാ ഇസ്ലാം സ്വീകരിച്ച് (പ്രഖ്യാപിച്ച്) ബൈഅത്ത് (പ്രതിജ്ഞ) ചെയ്യുന്നു.... [മുസ്ലിം]

അല്ലാഹുവിനെ പരിചയപ്പെടുത്തിയപ്പോൾ മുസ്ലിമായി

അബൂ തമീമത്ത് ﷺ അദ്ദേഹത്തിന്റെ ഗോത്രത്തിൽ പെട്ട ഒരാളിൽ

നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ റസൂൽﷺന്റെ അടുത്ത് ഉണ്ടായിരിക്കെ ഒരാൾ വന്നുകൊണ്ട് പറഞ്ഞു: താങ്കൾ അല്ലാഹുവിന്റെ ദൂതനാണോ?

തിരുമേനിﷺ പറഞ്ഞു: അതെ!

അയാൾ ചോദിച്ചു: ഏത് ആദർശത്തിലേക്കാണ് താങ്കൾ ക്ഷണിക്കുന്നത്?

നബിﷺ പറഞ്ഞു: ഞാൻ ഏകനായ അല്ലാഹുവിലേക്കാണ് ക്ഷണിക്കുന്നത്.

അഥവാ, താങ്കൾക്ക് ബുദ്ധിമുട്ടുണ്ടായാൽ താങ്കൾ പ്രാർത്ഥിക്കുമ്പോൾ താങ്കളിൽ നിന്ന് ആ ബുദ്ധിമുട്ട് നീക്കുന്നവനായ, വരൾച്ചയുണ്ടായാൽ, കൃഷിനാശമുണ്ടായാൽ താങ്കൾ പ്രാർത്ഥിക്കുകയും കൃഷി മുളപ്പിക്കുകയും ചെയ്യുന്നവനുമായ, താങ്കൾ വിജനമായ ഭൂമിയിലായിരിക്കെ വാഹനം നഷ്ടപ്പെടുകയും അപ്പോൾ താങ്കൾ പ്രാർത്ഥിച്ചാൽ താങ്കൾക്ക് നഷ്ടമായത് തിരിച്ച് നൽകുന്നവനുമായ (അല്ലാഹുവിലേക്കാണ് ഞാൻ ക്ഷണിക്കുന്നത്) ഉടനെ തന്നെ അയാൾ മുസ്‌ലിമായി. [അഹ്മദ്, അബൂദാവൂദ്]

■

നാല്പത്തിയൊന്ന്

നബി ﷺ പറഞ്ഞ ഉപമകളും ഉദാഹരണങ്ങളും

നല്ല സുഹൃത്തും ചീത്ത സുഹൃത്തും

അബൂമൂസാ رضي الله عنه നിവേദനം: നബി ﷺ അരുളി: നല്ല കൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉപമ അത്തറ് കച്ചവടക്കാരന്റെയും ഉലയിൽ ഊതുന്നവന്റെയും ഉപമയാണ്. അത്തറ് കച്ചവടക്കാരൻ നിനക്ക് അതിൽ നിന്ന് എന്തെങ്കിലും സമ്മാനമായി നൽകും. അതല്ലെങ്കിൽ അതിൽ നിന്നും നിനക്ക് വിലക്ക് വാങ്ങാൻ കഴിയും. ഏറ്റവും ചുരുങ്ങിയത് അവനിൽ നിന്ന് സുഗന്ധമെങ്കിലും ആസ്വദിക്കാനാവും. എന്നാൽ ഉലയിൽ ഊതുന്നവൻ ചിലപ്പോൾ നിന്റെ വസ്ത്രം കരിച്ചു കളയും. ചുരുങ്ങിയത് നിനക്ക് ദുർഗന്ധമെങ്കിലും സഹിക്കേണ്ടിവരും. [ബുഖാരി, മുസ്‌ലിം]

വിശ്വാസിയും കപടനും

കഅ്ബ്ബ്നു മാലിക് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "സത്യവിശ്വാസി പുതുതായി മുളച്ച ചെടിയുടെ തണ്ട് പോലെയാണ്. കാറ്റടിക്കുമ്പോൾ അത് ആടികൊണ്ടിരിക്കും മറ്റൊരിക്കൽ അത് നിവർന്ന് നിൽക്കും. എന്നാൽ കപടവിശ്വാസി ദേവദാരു മരത്തെപോലെയാണ്. അത് ചായാതെ നേരെ നിവർന്നു നിൽക്കും. അത് കടപുഴകി വീഴുന്നത് പെട്ടെന്നായിരിക്കും. [ബുഖാരി, മുസ്‌ലിം]

ദൈവ സ്മരണ

അബൂമൂസാ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിനെ സ്മരിക്കുന്ന വീടിന്റെയും അല്ലാഹുവിനെ സ്മരിക്കാത്ത വീടിന്റെയും ഉപമ ജീവനുള്ളവനെ പോലെയും മരിച്ചവനെ പോലെയുമാകുന്നു. [മുസ്‌ലിം]

കപട വിശ്വാസിയുടെ സ്വഭാവം

ഇബ്നു ഉമർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: കപട വിശ്വാസിയുടെ ഉദാഹരണം ആട്ടിൻപറ്റങ്ങൾക്കിടയിൽ സംശയാലുവായ ഒരാടിനെപോലെയാണ് ഒരിക്കൽ ഒരു പറ്റത്തോടൊപ്പം ചേരും മറ്റൊരിക്കൽ മറുപക്ഷത്തോടൊപ്പം. [മുസ്ലിം]

ഇഹലോകവും പരലോകവും

❒ മുസ്തൗറിദ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: പാരത്രിക ജീവിതവുമായി തുലനം ചെയ്യുമ്പോൾ ഐഹിക ജീവിതത്തിന്റെ ഉപമ: നിങ്ങളിൽ ഒരാൾ മഹാ സമുദ്രത്തിൽ തന്റെ കൈവിരൽ മുക്കിയെടുക്കുന്ന പോലെയാണ്. അവന് എന്ത് ലഭ്യമാകുന്നു എന്ന് അവൻ ചിന്തിച്ചുകൊള്ളട്ടെ. [മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: ദുൻയാവ് സത്യവിശ്വാസിക്ക് ജയിലറയാണ്. സത്യനിഷേധിയുടെ സ്വർഗവും. [മുസ്ലിം]

അല്ലാഹുവിന്റെ കാരുണ്യവും സ്നേഹവും

അബ്ദുല്ലാഹ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: 'അല്ലാഹുവിന് വിശ്വാസിയായ തന്റെ അടിയാന്റെ പശ്ചാതാപത്തിൽ അതിയായ സന്തോഷമുണ്ട്. ഇങ്ങനെയുള്ള ഒരു മനുഷ്യനേക്കാളും; അയാൾ വിജനമായ മരുഭൂമിയിലൂടെ സഞ്ചരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കൂടെ തന്റെ വാഹനമുണ്ടായിരുന്നു. അതിലായിരുന്നു അദ്ദേഹത്തിന്റെ ഭക്ഷണപാനീയങ്ങൾ. അങ്ങനെ അദ്ദേഹം ഉറങ്ങി. ഉറക്കമുണർന്നപ്പോൾ അതിനെ കണ്ടില്ല. തുടർന്ന് അയാൾക്ക് ദാഹിക്കുന്നത് വരെ അയാൾ അതിനെ അന്വേഷിച്ചു. പിന്നീട് അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ സ്ഥാനത്തേക്ക് തന്നെ പോയി അവിടെ മരിക്കുന്നത് വരെ കിടന്നുറങ്ങാം. അങ്ങനെ അദ്ദേഹം മരിക്കുന്നത് വരെ ഉറങ്ങാൻ തന്റെ ശിരസ്സ് കൈതലത്തിൽ വെച്ചു. എന്നിട്ട് അദ്ദേഹം ഉണർന്നു. അപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ തന്റെ വാഹനം നിൽക്കുന്നുണ്ടായിരുന്നു. അതിന്മേൽ തന്റെ പാഥേയവും ഭക്ഷണവും പാനീയവുമുണ്ടായിരുന്നു. ഈ മനുഷ്യൻ തന്റെ വാഹനവും പാഥേയവും കണ്ടെത്തിയപ്പോൾ ഉണ്ടായതിനേക്കാൾ സന്തോഷം അല്ലാഹുവിന് വിശ്വാസിയായ തന്റെ ദാസന്റെ പശ്ചാതാപം കൊണ്ടുണ്ടാകും' [മുസ്ലിം]

■

നബി ﷺ സന്ദർഭമനുസരിച്ച് പറഞ്ഞ ഉപമകൾ

അല്ലാഹുവിനെ കാണൽ

ജരീർ ؓ പറയുന്നു: ഞങ്ങൾ ഒരിക്കൽ നബി ﷺയുടെ അടുക്കലായിരിക്കുമ്പോൾ അവിടുന്ന് ഒരു രാത്രി ചന്ദ്രനെ നോക്കി. അതായത് പൂർണ്ണ ചന്ദ്രനെ! എന്നിട്ട് നബി ﷺ പറഞ്ഞു: നിങ്ങൾ ഈ ചന്ദ്രനെ കാണുന്നത് പോലെ തീർച്ചയായും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ (പരലോകത്ത്) കാണുന്നതാണ്. അവനെ കാണുന്നതിൽ നിങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. സൂര്യോദയത്തിന്റെയും അസ്തമനത്തിന്റെയും മുമ്പുള്ള നമസ്ക്കാരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാൻ നിങ്ങൾക്ക് സാധിച്ചാൽ എന്നു പറയുകയും ചെയ്തു. പിന്നെ തിരുമേനി ﷺ "സൂര്യോദയത്തിന്റെ മുമ്പും സൂര്യാസ്തമനത്തിന്റെ മുമ്പും നീ നിന്റെ രക്ഷിതാവിന്റെ സ്തോത്രം പ്രകീർത്തനം ചെയ്തുകൊള്ളുക" എന്ന സൂക്തം പാരായണം ചെയ്തു. [ബുഖാരി, മുസ്ലിം]

സത്യവിശ്വാസിയും സത്യനിഷേധിയും

അബൂഖതാദത്ബ്നു റബിഇയ്യ് ؓ നിവേദനം: നബി ﷺയുടെ അരികിൽ കൂടി ഒരു മൃതദേഹം കൊണ്ട് പോയി. അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇവൻ രക്ഷപ്പെട്ടു - അല്ലെങ്കിൽ ഇവനിൽ നിന്നും മറ്റുള്ളവർ രക്ഷപ്പെട്ടു.' അപ്പോൾ സഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ!.... താങ്കൾ പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? അപ്പോൾ അവിടുന്ന് പറഞ്ഞു: 'സത്യവിശ്വാസിയായ ഒരു ദാസൻ മരണത്തോടുകൂടി ഇഹലോകത്തെ ക്ലേശങ്ങളിൽ നിന്നും രക്ഷപ്പെടുന്നു. ദുർവൃത്തനായ ദാസൻ മരിക്കുന്നതോടുകൂടി അവന്റെ ഉപദ്രവങ്ങളിൽ നിന്ന് മനുഷ്യരും നാടുകളും വൃക്ഷങ്ങളും ഇതര ജീവജാലങ്ങളും രക്ഷപെടുന്നു" [മുസ്ലിം]

അല്ലാഹുവിന്റെ ധാർമികരോഷം

മുഗീറത്തുബ്നു ശുഅ്ബ رضي الله عنه നിവേദനം: സഅ്ദ് رضي الله عنه ഒരിക്കൽ പറഞ്ഞു: 'എന്റെ ഭാര്യയുടെ കൂടെ മറ്റൊരു പുരുഷനെ കണ്ടാൽ ഞാൻ എന്റെ വാളിന്റെ മൂർച്ചയേറിയ ഭാഗം കൊണ്ട് തന്നെ അവന്റെ കഥ കഴിക്കും. ഈ വിവരം നബിﷺ അറിഞ്ഞു. അദ്ദേഹം പറഞ്ഞു: 'സഅ്ദിന്റെ അഭിമാന ബോധത്തിൽ നിങ്ങൾ അത്ഭുതപ്പെടുന്നുവോ...! അല്ലാഹുവാണെ സത്യം ഞാൻ അദ്ദേഹത്തേക്കാൾ അഭിമാനബോധമുള്ളവനാണ്. അല്ലാഹു എന്നേക്കാൾ അഭിമാനബോധമുള്ളവനാണ്. അല്ലാഹു തന്റെ അഭിമാന ബോധത്തിന്റെ ഫലമായിട്ടാണ് രഹസ്യവും പരസ്യവുമായ നീച വൃത്തിക ളെല്ലാം നിഷിദ്ധമാക്കിയിട്ടുള്ളത്. അല്ലാഹുവെക്കാൾ അഭിമാനബോധമുള്ള മറ്റൊരാളില്ല. അല്ലാഹുവെക്കാൾ ഒഴിവ് കഴിവ് ഇഷ്ടപ്പെടുന്ന മറ്റൊരാളുമില്ല. അത് കൊണ്ടാണ് ഒഴിവ്കഴിവുകൾ ബോധിപ്പിക്കാതിരിക്കാൻ അല്ലാഹു സന്തോഷവാർത്ത നൽകുന്നവരും മുന്നറിയിപ്പ് നൽകുന്നവരുമായി പ്രവാചകന്മാരെ നിയോഗിച്ചത്. അല്ലാഹുവെക്കാൾ സ്തുതികൾ ഇഷ്ട പ്പെടുന്നവർ മറ്റൊരാളുമില്ല. അത്കൊണ്ടാണ് അവൻ സ്വർഗം വാഗ്ദാനം ചെയ്തിരിക്കുന്നത്. [മുസ്ലിം]

അല്ലാഹുവിന്റെ കാരുണ്യവും വാത്സല്യവും

ഉമറുബ്നുൽ ഖത്ത്വാബ് رضي الله عنه നിവേദനം: റസൂൽ ﷺയുടെ സന്നിധിയിൽ ഏതാനും യുദ്ധതടവുകാർ ഹാജരാക്കപ്പെട്ടു. ആ തടവുകാർക്കിടയിലൂടെ ഒരു സ്ത്രീ (തന്റെ കുഞ്ഞിനെ അന്വേഷിച്ച്) ഓടി നടക്കുന്നുണ്ടായിരുന്നു. തടവുകാരുടെ കൂട്ടത്തിൽ തന്റെ കുഞ്ഞിനെ കണ്ടപ്പോൾ അവൾ അതിനെ വാരിയെടുത്തു. ശേഷം, അതിനെ മാറോട് ചേർത്തു മുലയൂട്ടാൻ തുടങ്ങി. അപ്പോൾ നബിﷺ പറഞ്ഞു: ഈ സ്ത്രീ തന്റെ കുഞ്ഞിനെ തീയിലേക്ക് എറിയുമെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

ഞങ്ങൾ പറഞ്ഞു: ഒരിക്കലുമില്ല. അല്ലാഹുവാണെ!

പ്രവാചകൻﷺ പറഞ്ഞു: എന്നാൽ ഈ സ്ത്രീക്ക് തന്റെ കുഞ്ഞി നോടുള്ളതിനേക്കാൾ ഉപരിയായി അല്ലാഹു തന്റെ അടിമകളോട് വാത്സ ല്യമുള്ളവനാണ്. [ബുഖാരി, മുസ്ലിം]

ആയുസ്സും മനുഷ്യന്റെ മോഹങ്ങളും

അബ്ദുല്ല رضي الله عنه പറയുന്നു: നബിﷺ ഒരു ചതുരത്തിലുള്ള ഒരു കള്ളി വരച്ചു. അതിന്റെ മധ്യത്തിൽ നിന്ന് പുറത്തേക്ക് നീട്ടി ഒരു വര വരച്ചു. മധ്യത്തിലുള്ള വരയിലേക്ക് പാർശ്വ ഭാഗങ്ങളിൽ നിന്ന് കുറേ ചെറിയ വരകൾ വരച്ചു. എന്നിട്ട് പറഞ്ഞു: ഇത് (നീണ്ടവര) മനുഷ്യനാണ്. ഇത് (ചതുരം) അവനെ വലയം ചെയ്ത അവന്റെ ആയുസ്സാണ്. പുറത്തേക്ക് തള്ളി നിൽക്കുന്നത് അവന്റെ മോഹങ്ങളാണ്. ഈ കൊച്ചു വരകൾ പ്രതി

ബന്ധങ്ങളാണ്. ഇതിലൊന്നിൽ നിന്ന് അവൻ രക്ഷപെട്ടാൽ മറ്റൊന്നവനെ ബാധിക്കും. [ബുഖാരി]

അനസ് ﷺ പറയുന്നു: നബി ﷺ കുറെ വരകൾ വരച്ചു. എന്നിട്ട് പറഞ്ഞു: ഇത് മനുഷ്യന്റെ മോഹങ്ങളാണ്. ഇത് അവന്റെ ആയുസ്സിന്റെ പരിധിയാണ്. അവനങ്ങിനെ കഴിഞ്ഞുകൂടവെ അവനോടടുത്തവർ (മരണം) അവനിലേക്ക് വന്നെത്തുന്നു. [ബുഖാരി]

■

നബി ﷺ യുടെ പ്രസംഗം

ഖുത്വ്ബ

❒ ജാബിറുബ്നു അബ്ദുല്ലാഹ് رضي الله عنه നിവേദനം: നബി ﷺ ഖുതുബ നിർവഹിക്കുമ്പോൾ രാവിലെയോ, വൈകുന്നേരമോ (ഏതു നിമിഷത്തിലും) ശത്രു സൈന്യം നിങ്ങളെ ആക്രമിക്കുവാൻ സാധ്യതയുണ്ടെന്ന് പറഞ്ഞുകൊണ്ട് സൈന്യത്തിന് മുന്നറിയിപ്പ് നൽകുന്നത് പോലെ ഇരു കണ്ണുകളും ചുവന്നുകൊണ്ടും ശബ്ദം ഉയർത്തികൊണ്ടുമായിരിക്കും. നടുവിരലും ചൂണ്ടുവിരലും ചേർത്തുപിടിച്ചു കൊണ്ട് അദ്ദേഹം പറയും." എന്റെ നിയോഗവും അന്ത്യനാളിന്റെ (സംഭവ്യതയും) ഇപ്രകാരമാണ്. ശേഷം 'വചനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു. ഏറ്റവും നല്ല മാതൃക മുഹമ്മദ് നബി ﷺ യുടേതാണ്. ഏറ്റവും ചീത്തയായ കാര്യം പുത്തൻ നിർമ്മിതങ്ങളാണ് (ബിദ്അത്ത്). എല്ലാ പുത്തനാചാരങ്ങളും വഴികേടാണ്' എന്ന് പറയും....(മുസ്ലിം)

❒ ജാബിർ ബ്നു അബ്ദുല്ല رضي الله عنه നിവേദനം: നബി ﷺ ഖുത്ബ ആരംഭിക്കുമ്പോൾ അല്ലാഹുവിനെ സ്തുതിക്കുകയും അവന്റെ മഹത്വം അർഹതപ്പെട്ട രീതിയിൽ പുകഴ്ത്തുകയും ചെയ്യും പിന്നീട് പറയും: അല്ലാഹു നേർവഴിയിലാക്കിയവനെ വഴിപിഴപ്പിക്കുവാൻ ആർക്കും സാധിക്കുകയില്ല. അവൻ വഴിപിഴപിച്ചവനെ നേർവഴിയിലാക്കാനും ആർക്കും സാധ്യമല്ല. ഏറ്റവും നല്ല വൃത്താന്തം അല്ലാഹുവിന്റെ ഗ്രന്ഥമാകുന്നു. [മുസ്ലിം]

അവസാന പ്രസംഗങ്ങളിലൊന്ന്

ഇർബാദ്ബ്നു സാരിയ رضي الله عنه നിവേദനം: ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ ﷺ ഞങ്ങളോട് ഒരു പ്രൗഢ ഗംഭീരമായ പ്രസംഗം നടത്തി. അത്

മൂലം ഞങ്ങളുടെ ഹൃദയങ്ങൾ ഭയവിഹ്വലമാവുകയും കണ്ണുകൾ ഈറനണിയുകയും ചെയ്തു. ഞങ്ങൾ പറഞ്ഞു. അല്ലാഹുവിന്റെ ദൂതരെ ഇതൊരു വിടവാങ്ങൽ പ്രസംഗം പോലെ തോന്നുന്നുവല്ലോ. അത് കൊണ്ട് ഞങ്ങൾക്ക് അന്ത്യോപദേശം നൽകിയാലും. തിരുമേനിﷺ പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കണമെന്നും ഒരടിമയാണ് നിങ്ങളെ ഭരിക്കുന്നതെങ്കിലും അവനെ അനുസരിക്കണമെന്നും ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങളിൽ നിന്ന് ദീർഘകാലം ജീവിച്ചിരിക്കുന്നവർക്ക് ധാരാളം അഭിപ്രായ ഭിന്നതകൾ ഉണ്ടാവുന്നതാണ്. അന്നേരം നിങ്ങൾ എന്റെ ചര്യയും സച്ചരിതരും മാർഗദർശകരുമായ ഖലീഫമാരുടെ ചര്യയും മുറുകെ പിടിക്കുക. അത് നിങ്ങൾ അണപ്പല്ല് കൊണ്ട് കടിച്ച് പിടിക്കുക. നൂതനമായ കാര്യങ്ങൾ നിങ്ങൾ കരുതിയിരിക്കുക. കാരണം എല്ലാ നൂതനമായതും അനാചാരമാണ്. [അബൂദാവൂദ്, തിർമിദി]

■

നബി ﷺ പറഞ്ഞ കഥകൾ

സത്യസന്ധരായ രണ്ടാളുകൾ

അബൂഹുറയ്റ നിവേദനം: നബി ﷺ പറഞ്ഞു: ഒരാൾ മറ്റൊരാളിൽ നിന്നും ഒരു വീട് വാങ്ങി. വാങ്ങിയ വ്യക്തിക്ക് അതിൽ നിന്നും സ്വർണ്ണത്തിന്റെ ഒരു ഭരണി കിട്ടി. അപ്പോൾ ആദ്യത്തെ ഉടമയോടു പറഞ്ഞു: 'നിങ്ങളുടെ സ്വർണ്ണം നിങ്ങൾ എടുത്തുകൊള്ളുക. ഞാൻ താങ്കളിൽ നിന്നും ഭൂമി മാത്രമേ വാങ്ങിയിട്ടുള്ളൂ. സ്വർണ്ണം വാങ്ങിയിട്ടില്ല. വിറ്റ വ്യക്തി പറഞ്ഞു.' ഞാൻ താങ്കൾക്ക് ഭൂമിയും അതിലുള്ളതും കൂടിയാണ് വിറ്റത്.' ഇവർ രണ്ടുപേരും മറ്റൊരാളിലേക്ക് വിധി തേടിപോയി. വിധികർത്താവ് ചോദിച്ചു: നിങ്ങൾക്ക് മകളുണ്ടോ? ഒരാൾ പറഞ്ഞു: എനിക്കൊരു ആൺകുട്ടിയുണ്ട്. മറ്റയാൾ പറഞ്ഞു: എനിക്കൊരു പെൺകുട്ടിയുണ്ട്. വിധികർത്താവ് പറഞ്ഞു: പെൺകുട്ടിയെ ആൺകുട്ടിയെ കൊണ്ട് കല്ല്യാണം കഴിപ്പിക്കുകയും എന്നിട്ട് ഈ സ്വർണ്ണത്തിൽ നിന്ന് അവർക്ക് വേണ്ടി ചെലവഴിക്കുകയും സദഖ (ധർമ്മം) നൽകുകയും ചെയ്യുക. [ബുഖാരി]

വ്യാപാരിയുടെ നല്ല മനസ്സ്

അബൂഹുറയ്റ നിവേദനം: നബി ﷺ പറഞ്ഞു: ജനങ്ങൾക്ക് കടം നൽകുന്ന ഒരു കച്ചവടക്കാരനുണ്ടായിരുന്നു. അയാളൊരു ഞെരുക്കക്കാരനായ കടക്കാരനെ കണ്ടാൽ തന്റെ കാര്യസ്ഥന്മാരോട് പറയും: നിങ്ങൾ അവന് വിട്ടുവീഴ്ച ചെയ്യുക. അല്ലാഹു നമുക്കും വിട്ടുവീഴ്ച ചെയ്തേക്കാം. അപ്പോൾ അല്ലാഹു അദ്ദേഹത്തിന് വിട്ടുവീഴ്ച നൽകി. [ബുഖാരി, മുസ്ലിം]

വിശ്വസ്തരായ സുഹൃത്തുക്കൾ

അബൂഹുറയ്റ നിവേദനം: നബി ﷺ പറഞ്ഞു: ഇസ്രായേൽ സന്തതികളിൽ പെട്ട ഒരാൾ മറ്റൊരാളോട് ആയിരം ദീനാർ കടം ചോദിച്ചു.

അപ്പോൾ അയാൾ സാക്ഷിയെ കൊണ്ട് വരാൻ പറഞ്ഞു. സാക്ഷിയായി അല്ലാഹു മതിയായവനാണ് എന്ന് കടം ചോദിച്ചയാൾ പറഞ്ഞു. അപ്പോൾ അയാൾ കഫീലിനെ (ഉത്തരവാദിത്വം ഏറ്റെടുക്കുന്നയാൾ) കൊണ്ട് വരാൻ പറഞ്ഞു. കഫീലായി അല്ലാഹു മതി എന്ന് പറഞ്ഞു. നീ പറഞ്ഞത് സത്യ മാണെന്ന് കടം കൊടുക്കുന്ന വ്യക്തിയും പറഞ്ഞു.

അങ്ങനെ നിശ്ചിത അവധിവെച്ച് കടം കൊടുത്തു. കടം വാങ്ങിയ വ്യക്തി (കച്ചവടാവശ്യാർത്ഥം) കടൽമാർഗ്ഗം യാത്ര പോയി. തന്റെ ആവശ്യ ങ്ങൾ നിർവഹിച്ച ശേഷം നിശ്ചിത അവധിക്ക് കടം തിരിച്ച് കൊടുക്കാൻ കപ്പൽ തേടി കടൽ തീരത്തെത്തി. പക്ഷെ തിരിച്ച് പോകാൻ വാഹനം കിട്ടിയില്ല.

അപ്പോൾ അദ്ദേഹം ഒരു മരപ്പലകയെടുത്ത് തുളച്ച് അതിൽ ആയിരം ദീനാർ വെച്ചു. ശേഷം ദ്വാരം ഭദ്രമായി അടച്ചു. എന്നിട്ടതുമായി കടലിലെത്തി ശേഷം ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലാഹുവേ ഞാൻ ആയിരം ദീനാർ കടം വാങ്ങിയതായി നിനക്കറിയാം. കഫീലിനെ കുറിച്ച് അദ്ദേഹം എന്നോട് ചോദിച്ചപ്പോൾ കഫീൽ അല്ലാഹുവാണെന്ന് പറഞ്ഞു. അദ്ദേഹം നിന്നെ കൊണ്ട് തൃപ്തിപെട്ടു. സാക്ഷിയെ ചോദിച്ചപ്പോൾ സാക്ഷി അല്ലാഹു വാണെന്ന് പറഞ്ഞു. അപ്പോഴും അദ്ദേഹം നിന്നെകൊണ്ട് തൃപ്തിപെട്ടു. ഇപ്പോൾ പണം എത്തിക്കാൻ വേണ്ടി ഞാൻ വാഹനം അന്വേഷിച്ചു. പക്ഷെ എനിക്ക് കഴിഞ്ഞില്ല. അല്ലാഹുവേ, അതു ഞാൻ നിന്നെ ഏല്പിക്കുന്നു. എന്നിട്ടദ്ദേഹം ആ മരപ്പലക കടലിലെറിഞ്ഞു. അത് കടലിലേക്ക് പ്രവേ ശിച്ചു. അദ്ദേഹം അവിടം വിട്ട് പോയി.

കടം കൊടുത്ത വ്യക്തി കടലിന്നിപ്പുറത്ത് തന്റെ പണവുമായി വല്ല വാഹനവും വരുമെന്ന പ്രതീക്ഷയിലായിരുന്നു. അപ്പോഴതാ കടലിലൂടെ ഒരു മരം ഒഴുകി വരുന്നു. അദ്ദേഹം വിറക് എന്ന നിലക്ക് ആ മരം എടുത്തു കൊണ്ട് പോയി (വീട്ടിലെത്തി) അതു കീറിയപ്പോൾ ഒരു കത്തും ആയിരം ദീനാറും അതിൽ നിന്ന് കിട്ടി.

അപ്പോഴേക്കും പണം വാങ്ങിയ വ്യക്തി (ആയിരം ദീനാറുമായി) അവിടെ എത്തുകയും ചെയ്തു.

അദ്ദേഹം പറഞ്ഞു: അല്ലാഹുവാണെ സത്യം താങ്കളുടെ പണവുമായി വരാൻ ഒരു വാഹനം ഒരു പാട് അന്വേഷിച്ചു. പക്ഷേ വാഹനം കിട്ടിയില്ല. അങ്ങനെയാണ് ഇപ്പോൾ ഞാൻ വൈകിയത്.... കടം കൊടുത്ത വ്യക്തി പറഞ്ഞു: മരത്തിൽ താങ്കൾ അയച്ച പണം അല്ലാഹു എനിക്ക് എത്തിച്ചു തന്നിട്ടുണ്ട്. അങ്ങനെ സന്തോഷത്തോടെ ആയിരം ദീനാറും കൊണ്ടദ്ദേഹം മടങ്ങി. [ബുഖാരി]

ധർമ്മനിഷ്ഠനായ മനുഷ്യൻ

അബൂഹുറയ്റ നിവേദനം. നബിﷺ പറഞ്ഞു: ഞാൻ ഇന്ന് ഒരു

ദാനധർമ്മം ചെയ്യുമെന്ന് ഒരാൾ പറഞ്ഞു. എന്നിട്ട് ദാനവുമായി അയാൾ പുറപ്പെട്ടു. (അശ്രദ്ധയിൽ) ഒരു കള്ളന്റെ കയ്യിലാണ് അദ്ദേഹം അത് വെച്ചത്. പ്രഭാതത്തിൽ ആളുകൾ പറഞ്ഞു: ഒരു കള്ളന് ദാനം ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു. അല്ലാഹുവേ നിനക്ക് സ്തുതി. തീർച്ചയായും ഞാൻ ഇന്നും മറ്റൊരു ദാനം ചെയ്യും. അതുമായി അദ്ദേഹം പുറപ്പെട്ടു. (അറിയാതെ) അത് ഒരു അഭിസാരികക്കാണ് നൽകിയത്. പ്രഭാതമായപ്പോൾ (ജനങ്ങൾ) പറഞ്ഞു. വേശ്യക്ക് രാത്രി ദാനം ചെയ്തു എന്ന്. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവേ നിനക്ക് സ്തുതി. ഞാൻ ഇന്നും ഒരു ദാനം തീർച്ചയായും ചെയ്യുന്നതാണ്. അതുമായി അദ്ദേഹം പുറപ്പെട്ടു. അത് ഒരു ധനികനാണ് കൊടുത്തത്. ധനികന് ദാനം ചെയ്തു എന്ന് പ്രഭാതമായപ്പോൾ ജനങ്ങൾ പറഞ്ഞു. അല്ലാഹുവേ! നിനക്ക് സ്തുതി! കള്ളനും വ്യഭിചാരിണിക്കും ധനികനുമാണ് ഞാൻ ദാനം ചെയ്തത്. അപ്പോൾ അദ്ദേഹത്തോട് ഇപ്രകാരം പറയപ്പെട്ടു. താങ്കൾ കള്ളനു കൊടുത്ത ദാനം കൊണ്ട് കളവിൽ നിന്ന് അയാൾ വിരമിക്കാൻ ഇടയുണ്ട്. വ്യഭിചാരിണി വ്യഭിചാരത്തിൽ നിന്ന് വിരമിച്ചേക്കാം. ധനികൻ താങ്കളുടെ ദാനത്തിൽ നിന്ന് ഗുണപാഠം ഉൾകൊണ്ട് അല്ലാഹു നൽകിയ ധനത്തിൽ നിന്നും ദാനം ചെയ്യാൻ ഇടയുണ്ട്. [ബുഖാരി, മുസ്ലിം]

അഭിസാരികയുടെ സൽപ്രവർത്തി

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരിക്കൽ ദാഹം കാരണം ചാകാറായ ഒരു നായ ഒരു കിണറ്റിനു ചുറ്റും കറങ്ങുകയായിരുന്നു. അപ്പോൾ അത് കണ്ട ഇസ്റാഈൽ സന്തതികളിൽ പെട്ട ഒരു വേശ്യാസ്ത്രീ അതിന് തന്റെ കാലുറയിൽ ആ കിണറ്റിൽ നിന്നും വെള്ളം നിറച്ച് ആ നായക്ക് കുടിക്കാൻ കൊടുത്തു. ഈ സൽപ്രവർത്തനം കാരണത്താൽ അവളുടെ പാപങ്ങൾ പൊറുക്കപ്പെട്ടു. [ബുഖാരി, മുസ്ലിം]

സ്ത്രീയുടെ ക്രൂരത

ഇബ്നു ഉമർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു പൂച്ചയുടെ പേരിൽ ഒരു സ്ത്രീ ശിക്ഷിക്കപ്പെട്ടു. മരിക്കുന്നത് വരെ അവൾ അതിനെ കെട്ടിയിട്ടു. അക്കാരണത്താൽ അവൾ നരകത്തിൽ പ്രവേശിച്ചു. അവൾ അതിന് ഭക്ഷണ പാനീയങ്ങൾ നൽകിയില്ലെന്ന് മാത്രമല്ല, പുറത്തിറങ്ങി ഭൂമിയിൽ നിന്ന് പ്രാണികളെ ഭക്ഷിക്കുന്നതിൽ നിന്നും അതിനെ തടയുകയും ചെയ്തു. [ബുഖാരി, മുസ്ലിം]

ഉറുമ്പും ഒരു പ്രവാചകനും

അബൂഹുറയ്റ رضي الله عنه പറയുന്നു. നബി ﷺ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. "ഒരിക്കൽ ഒരു പ്രവാചകനെ ഒരു ഉറുമ്പ് കടിച്ചു. അപ്പോൾ

അദ്ദേഹം ഉറുമ്പുകൾ താമസിക്കുന്ന പുറ്റ് ഒന്നടങ്കം ചുട്ടു കരിക്കാൻ കല്പിച്ചു. അപ്പോൾ അല്ലാഹു അദ്ദേഹത്തിന് വഹ്യ് നൽകി. "ഒരു ഉറുമ്പ് കടിച്ചതിന്റെ പേരിൽ അല്ലാഹുവിനെ പ്രകീർത്തനം ചെയ്യുന്ന ഒരു സമൂഹത്തെ താങ്കൾ കരിച്ചുകളഞ്ഞുവോ? [ബുഖാരി, മുസ്‌ലിം]

ക്ഷമാ ശീലനായ ദൈവദൂതൻ

ഇബ്നു മസൂദ് ﷺ നിവേദനം: മുൻ പ്രവാചകന്മാരിൽ ഒരാളെ കുറിച്ച് നബിﷺ പറഞ്ഞത് ഞാനിപ്പോഴും നബിﷺയെ നോക്കിക്കാണുന്നത് പോലെ തോന്നുന്നു. ആ പ്രവാചകനെ ജനങ്ങൾ അടിച്ച് രക്തമൊലിപ്പിച്ചു. അദ്ദേഹമാകട്ടെ തന്റെ മുഖത്ത് നിന്ന് രക്തം തുടച്ചുകൊണ്ട് പ്രാർത്ഥിച്ചു. അല്ലാഹുവേ എന്റെ ജനങ്ങൾക്ക് നീ പൊറുത്തുകൊടുക്കേണമേ. അവർ അറിവില്ലാത്തവരാകുന്നു. [ബുഖാരി]

സത്യവിശ്വാസികളും പീഢനങ്ങളും

ഖബ്ബാബ് ബ്നുൽ അറത്ത് ﷺ പറയുന്നു: നബിﷺ കഅബയുടെ തണലിൽ തന്റെ പുതപ്പു ചാരി ഇരിക്കവെ, ഞങ്ങൾ ഇങ്ങനെ ആവലാതിപെട്ടു. "ഞങ്ങൾക്ക് വേണ്ടി അങ്ങ് സഹായമഭ്യാർത്ഥിക്കുന്നില്ലേ? ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നില്ലേ?" നബിﷺ പറഞ്ഞു: നിങ്ങൾക്ക് മുമ്പുള്ള ചിലരെ നിലത്ത് കുഴികുഴിച്ച് അതിൽ നിർത്തി ഈർച്ചവാൾ കൊണ്ട് വന്ന് അവരുടെ തലയിൽ വെച്ച് രണ്ടായി പിളർത്തിയിരുന്നു. അതൊന്നും അവരെ തങ്ങളുടെ സത്യമതത്തിൽ നിന്ന് പിന്തിരിപ്പിച്ചില്ല. അതുപോലെ ഇരുമ്പിന്റെ ചീർപ്പുകൾ കൊണ്ട് എല്ലിൻ പുറത്തുള്ള മാംസവും ഞരമ്പുകളും വാർന്നെടുക്കുമായിരുന്നു. അതൊന്നും സത്യമതത്തിൽ നിന്ന് അവരെ പിന്തിരിപ്പിച്ചില്ല....[ബുഖാരി]

അല്ലാഹുവിന്റെ ദിവ്യകാരുണ്യവും പാപിയായ മനുഷ്യനും

അബൂ സഈദുൽ ഖുദ്രി ﷺ നിവേദനം: നബിﷺ പറഞ്ഞു: നിങ്ങളുടെ മുൻ സമൂഹത്തിൽ തൊണ്ണൂറ്റൊമ്പത് ആളെ കൊന്ന ഒരാളുണ്ടായിരുന്നു. അങ്ങനെ അയാൾ ഭൂമുഖത്തെ ഏറ്റവും അറിവുള്ള ആളെക്കുറിച്ച് ചോദിച്ചു. അപ്പോൾ ഒരു പുരോഹിതനെ കുറിച്ച് അറിയിച്ച് കൊടുത്തു. അപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് അയാൾ പറഞ്ഞു: ഞാൻ തൊണ്ണൂറ്റി ഒമ്പത് ആളെ കൊന്നിട്ടുണ്ട്. എനിക്ക് പശ്ചാതാപം ഉണ്ടോ? അദ്ദേഹം പറഞ്ഞു: ഇല്ല. അപ്പോൾ അയാൾ അദ്ദേഹത്തെയും വധിച്ചു. അങ്ങനെ നൂറ് തികച്ചു. പിന്നീട് ഭൂമുഖത്തെ ഏറ്റവും അറിവുള്ള മറ്റൊരാളെ കുറിച്ച് അന്വേഷിച്ചു. അപ്പോൾ ഒരു പണ്ഡിതനെക്കുറിച്ച് അറിയിക്കപ്പെട്ടു. എന്നിട്ട് അദ്ദേഹത്തോട് ചോദിച്ചു: ഞാൻ നൂറ് ആളെ കൊന്നിട്ടുണ്ട് എനിക്ക് പശ്ചാതാപമുണ്ടോ? അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഉണ്ട്!'

ആരാണ് നിനക്കും പശ്ചാത്താപത്തിനുമിടയിൽ മറയിടുന്നത്? നീ ഇന്ന ഇന്ന നാടുകളിലേക്ക് പോകുക. അവിടെ അല്ലാഹുവിനെ ആരാധിക്കുന്ന ആളുകളുണ്ട്. നീയും അവരുടെ കൂടെ അല്ലാഹുവിനെ ആരാധിക്കുക. നീ നിന്റെ നാട്ടിലേക്ക് തിരിച്ച് വരരുത് കാരണം അത് തിന്മയുടെ നാടാണ്.

അങ്ങനെ അയാൾ പുറപ്പെട്ടു. വഴി മധ്യേ മരണം അദ്ദേഹത്തെ പിടികൂടി. അപ്പോൾ കാരുണ്യത്തിന്റെ മലക്കുകളും ശിക്ഷയുടെ മലക്കുകളും അയാളുടെ കാര്യത്തിൽ തർക്കിച്ചു. കാരുണ്യത്തിന്റെ മലക്കുകൾ പറഞ്ഞു: 'അദ്ദേഹം പശ്ചാത്താപിച്ചു കൊണ്ട് ഹൃദയം അല്ലാഹുവിലേക്ക് തിരിച്ച് കൊണ്ടാണ് വന്നത്'

ശിക്ഷയുടെ മലക്കുകൾ പറഞ്ഞു: 'അവൻ തീരെ നന്മ ചെയ്തിട്ടില്ല.' അപ്പോൾ ഒരു മലക്ക് മനുഷ്യരൂപത്തിൽ അവരുടെ അടുക്കൽ വന്നു. അവർ അദ്ദേഹത്തെയും അവരിൽ കൂട്ടി. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ രണ്ട് നാടുകൾ തമ്മിലുള്ള ദൂരം അളന്നു നോക്കുക. ഏതിലേക്കാണ് അവൻ ഏറ്റവും കൂടുതൽ അടുത്തിരിക്കുന്നത് എങ്കിൽ അയാൾ അതിൽ പെട്ടതാണ്.' അങ്ങനെ അവർ അളന്നു നോക്കിയപ്പോൾ അയാൾ ഉദ്ദേശിച്ച നാട്ടിലേക്ക് അടുത്തതായി കണ്ടു. അങ്ങനെ കാരുണ്യത്തിന്റെ മലക്കുകൾ അദ്ദേഹത്തെ എടുത്തു. [മുസ്‌ലിം]

സുലൈമാൻ നബി ﷺ യുടെ ന്യായവിധി

അബൂഹുറയ്റ ﷺ നിവേദനം. നബി ﷺ പറഞ്ഞു: "സ്ത്രീകൾ തങ്ങളുടെ കുട്ടികളുമായി ഇരിക്കെ ഒരു ചെന്നായ വന്ന് അതിൽ ഒരു സ്ത്രീയുടെ കുട്ടിയെ പിടിച്ച് കൊണ്ട് പോയി.

നിന്റെ കുട്ടിയെയാണ് ചെന്നായ കൊണ്ട് പോയതെന്ന് രണ്ട് സ്ത്രീകളും പരസ്പരം പഴിചാരാൻ തുടങ്ങി. രണ്ട് പേരും ദാവൂദ് നബി ﷺ യുടെ അടുക്കലേക്ക് വിധി തേടിപോവുകയും അവരിലെ വലിയ സ്ത്രീക്കനുകൂലമായി ദാവൂദ്നബി ﷺ വിധിക്കുകയും ചെയ്തു. അപ്പോൾ ദാവൂദ് നബി ﷺ യുടെ മകൻ സുലൈമാൻ നബി ﷺ യെ സമീപിച്ചു. സുലൈമാൻ നബി ﷺ പറഞ്ഞു: ഒരു കത്തി കൊണ്ട് വരൂ. ഞാൻ കുട്ടിയെ മുറിച്ച് രണ്ട് പേർക്കും വീതിച്ചു തരാം. അപ്പോൾ ചെറിയ സ്ത്രീ പറഞ്ഞു: നിങ്ങൾ അങ്ങനെ ചെയ്യരുത്. അല്ലാഹു നിങ്ങളോട് കരുണ കാണിക്കട്ടെ. അത് അവളുടെ കുട്ടിയായിരുന്നു. അങ്ങനെ ചെറിയവൾക്ക് വേണ്ടി കുട്ടിയെ വിധിച്ചു. [ബുഖാരി, മുസ്‌ലിം]

തൊട്ടിലിൽ സംസാരിച്ച ശിശുക്കൾ

അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: മൂന്നാളുകളാണ് തൊട്ടിൽ കിടന്ന് സംസാരിച്ചത് ഒരാൾ ഈസാ ﷺ ആയിരുന്നു.

ഇസ്റാഈല്യരിൽ ജുറൈജ് എന്ന് പേരായ ഒരാളുണ്ടായിരുന്നു.

ഒരിക്കൽ അദ്ദേഹം നമസ്കാരം നിർവ്വഹിച്ചു കൊണ്ടിരിക്കെ തന്റെ മാതാവ് അദ്ദേഹത്തിന്റെയടുക്കൽ വന്ന് അദ്ദേഹത്തെ വിളിച്ചു. അപ്പോൾ അദ്ദേഹം ചോദിച്ചു ഞാൻ എന്റെ മാതാവിന്റെ ക്ഷണം സ്വീകരിക്കണമോ, അതോ നമസ്കാരം തുടരണമോ? ഇത് കേട്ട് അവരുടെ മാതാവ് ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലാഹുവേ വ്യഭിചാരിണികളുടെ മുഖങ്ങൾ അവന് കാണിക്കുന്നത് വരെ അവനെ മരിപ്പിക്കരുത്.

അങ്ങനെ ഒരിക്കൽ ജുറൈജ് തന്റെ മഠത്തിൽ ആരാധനാ കർമ്മങ്ങളിൽ മുഴുകിയിരിക്കുമ്പോൾ ഒരു സ്ത്രീ അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപെട്ട് അദ്ദേഹത്തെ തന്റെ വികാരപൂർത്തീകരണത്തിന് പ്രേരിപ്പിച്ചു. എന്നാൽ അദ്ദേഹം അതിന് വഴങ്ങിയില്ല. അപ്പോൾ ആ സ്ത്രീ ഒരു ആട്ടിടയന്റെ അടുത്ത് അവൾ തന്റെ ശരീരം അവന് സമർപ്പിച്ചു. അങ്ങനെ അവൾ ഒരു കുട്ടിക്ക് ജന്മം നൽകി. ഇത് ജുറൈജിന്റെ സന്തതിയാണെന്ന് അവൾ പ്രചരിപ്പിച്ചു. അപ്പോൾ ജനങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് അദ്ദേഹത്തിന്റെ മഠം തകർത്തു കളഞ്ഞു. അദ്ദേഹത്തെ അവിടെ നിന്നും ഇറക്കിവിട്ടു. അദ്ദേഹത്തെ ശകാരിച്ചു.

അപ്പോൾ അദ്ദേഹം വുദു ചെയ്ത് നമസ്കരിച്ചു. പിന്നീട് ആ കുട്ടിയുടെ അടുക്കൽ ചെന്നു. എന്നിട്ട് ആ കുട്ടിയോടു ചോദിച്ചു: നിന്റെ പിതാവാരാണ്?

കുട്ടി പറഞ്ഞു: ഒരു ആട്ടിടയൻ.

അപ്പോൾ ജനങ്ങൾ അദ്ദേഹത്തോട് പറഞ്ഞു. ഞങ്ങൾ താങ്കൾക്ക് സ്വർണ്ണത്തിന്റെ മഠം നിർമ്മിച്ച് നൽകാം. അദ്ദേഹം പറഞ്ഞു: വേണ്ട, മണ്ണിന്റേതു നിർമ്മിച്ചു തന്നാൽ മതി.

ഇസ്റാഈൽ സന്തതികളിൽ പെട്ട് ഒരു സ്ത്രീ മകന് മുലയൂട്ടുകയായിരുന്നു. അവളുടെ അടുത്തുകൂടി സുമുഖനും പ്രൗഢമായി വസ്ത്രം ധരിച്ചവനുമായ ഒരാൾ കടന്നുപോയി. അപ്പോൾ അവൾ പ്രാർത്ഥിച്ചു. 'അല്ലാഹുവേ എന്റെ മകനെ ഇദ്ദേഹത്തെ പോലെയാക്കേണമേ.' ഉടനെ ആ കുഞ്ഞ് മാതാവിന്റെ മുലക്കണ്ണ് ഉപേക്ഷിച്ച് അയാളുടെ നേരെ നോക്കി എന്നിട്ടിങ്ങനെ പ്രാർത്ഥിച്ചു "അല്ലാഹുവേ, നീയെന്നെ അയാളെപോലെയാക്കരുതേ!.... തുടർന്ന് ആ സ്ത്രീ ഒരു അടിമ പെണ്ണിന്റെ അടുത്തുകൂടി നടന്നു പോയി. അപ്പോൾ അവൾ പ്രാർത്ഥിച്ചു. 'അല്ലാഹുവേ നീയെന്റെ കുഞ്ഞിനെ അവളെപോലെയാക്കരുതേ! ഉടനെ കുഞ്ഞ് മുലകുടി നിർത്തി ആ സ്ത്രീയുടെ നേരെ നോക്കി തുടർന്ന് പ്രാർത്ഥിച്ചു. "അല്ലാഹുവേ, നീയെന്നെ അവളെ പോലെയാക്കേണമേ. ഉടനെ മാതാവ് ചോദിച്ചു എന്താണിതിന് കാരണം?

കുഞ്ഞ് മറുപടി നൽകി: ആദ്യം കണ്ട സഞ്ചാരി ക്രൂരനും മർദ്ദകനുമായ ഭരണാധികാരിയാണ്. ഈ അടിമ സ്ത്രീയാകട്ടെ, കളവ് നടത്തിയവൾ എന്നും വ്യഭിചാരിണി എന്ന് ജനങ്ങൾ പറയുന്നുണ്ടെങ്കിലും അവൾ

അതൊന്നും ചെയ്തിട്ടില്ല. [ബുഖാരി, മുസ്‌ലിം]

തോട്ടത്തിലേക്കൊരു കാർമേഘം

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരാൾ ഒരു ഭൂമിയിലൂടെ സഞ്ചരിക്കവെ മേഘത്തിൽ നിന്നും ഒരു ശബ്ദം കേട്ടു. ഇന്നയാളുടെ തോട്ടം നീ നനക്കൂ" അങ്ങനെ ആ കാർമേഘം അവിടെ നിന്ന് തെന്നിമാറി ഒരു ചർൽ പ്രദേശത്ത് അതിലുള്ള വെള്ളം ചൊരിഞ്ഞു. അവിടെയുള്ള തോടുകളിൽ ഒന്ന് ആ വെള്ളം മുഴുവൻ സ്വീകരിച്ചു. ആ ശബ്ദം കേട്ട വ്യക്തി ആ വെള്ളത്തെ പിന്തുടർന്നു. അപ്പോൾ ഒരാൾ തന്റെ തോട്ടത്തിൽ നിൽക്കുന്നതായി കണ്ടു. അദ്ദേഹം മൺവെട്ടികൊണ്ട് വെള്ളം തിരിച്ച് വിടുകയാണ്. ആഗതൻ തോട്ടക്കാരനോട് ചോദിച്ചു: "അല്ലാഹുവിന്റെ ദാസാ നിന്റെ പേരെന്താണ്? അദ്ദേഹം തന്റെ പേര് പറഞ്ഞു. മേഘത്തിൽ നിന്ന് കേട്ട അതേ പേര്. തോട്ടക്കാരൻ ചോദിച്ചു. അല്ലാഹുവിന്റെ ദാസാ നീ എന്താണ് എന്റെ പേര് ചോദിക്കുന്നത്? അദ്ദേഹം മറുപടി പറഞ്ഞു: ഈ വെള്ളം വഹിച്ച് കൊണ്ട് വരുന്ന മേഘത്തിൽ നിന്ന് ഞാനൊരു സന്ദേശം കേട്ടു. നിന്റെ പേരുള്ള വ്യക്തിയുടെ തോട്ടം നനക്കാൻ താങ്കളുടെ പേരാണ് കേട്ടത്. ഇത്രമാത്രം പരിഗണന ലഭിക്കാൻ ഇവിടെ താങ്കൾ എന്ത് സുകൃതമാണ് ചെയ്യുന്നത്? തോട്ടക്കാരൻ പറഞ്ഞു: നീ ചോദിച്ചത് കൊണ്ട് മാത്രം ഞാൻ പറയുന്നു. കാര്യമിതാണ്. ഈ തോട്ടത്തിൽ നിന്ന് ഉല്പന്നങ്ങളെ മൂന്നായി ഭാഗിക്കുന്നു മൂന്നിലൊന്ന് ഞാൻ ധർമ്മം ചെയ്യുന്നു. മൂന്നിലൊന്ന് ഞാനും കുടുംബവും ഭക്ഷിക്കുന്നു. മൂന്നിലൊന്ന് അതിൽ തന്നെ വിളവിറക്കുകയും ചെയ്യുന്നു. [മുസ്‌ലിം] ■

നബി ﷺയും കുഞ്ഞുമക്കളും

പാപികളല്ല

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: എല്ലാ കുട്ടികളും ജനിക്കുന്നത് ശുദ്ധമായ പ്രകൃതിയോടെയാണ്. പിന്നീട് അവന്റെ മാതാപിതാക്കളാണ് അവനെ ജൂതനോ ക്രൈസ്തവനിയോ അഗ്നിയാരാധകരോ ആക്കിത്തീർക്കുന്നത്....[ബുഖാരി, മുസ്ലിം]

❒ സമൂറ رضي الله عنه നിവേദനം....നബി ﷺ പറഞ്ഞു സ്വർഗീയ പൂങ്കാവനത്തിലുണ്ടായിരുന്ന നീണ്ട മനുഷ്യൻ ഇബ്രാഹിം നബി عليه السلام ആണ്. കൂടെയുണ്ടായിരുന്ന കുഞ്ഞുങ്ങൾ ശുദ്ധ പ്രകൃതിയിൽ മരണപ്പെട്ട ശിശുക്കളാണ്. അപ്പോൾ മുസ്ലിംകളിൽ ചിലർ ചോദിച്ചു. ബഹുദൈവാരാധകരുടെ കുഞ്ഞുങ്ങളും? നബി ﷺ പറഞ്ഞു: ബഹുദൈവ വിശ്വാസികളും കുഞ്ഞുങ്ങളും (പരിശുദ്ധരാണ്)...[ബുഖാരി, മുസ്ലിം]

കുഞ്ഞുങ്ങൾ മരിച്ചാൽ

❒ അനസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: മുസ്ലിമായ ഏതൊരാളുടെയും പ്രായപൂർത്തിയാകാത്ത മൂന്ന് കുട്ടികൾ മരണപ്പെട്ടാൽ, അല്ലാഹു അവനെ തീർച്ചയായും സ്വർഗത്തിൽ പ്രവേശിപ്പിക്കും. അവരോടുള്ള അവന്റെ ശ്രേഷ്ടമായ കാരുണ്യം കൊണ്ടാണത്. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ അൻസാറുകളിൽ പെട്ട സ്ത്രീകളോടു പറഞ്ഞു: നിങ്ങളിൽ ഒരാളുടെ മൂന്ന് കുഞ്ഞുങ്ങൾ മരിക്കുകയും അതിന് അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിക്കുകയും ചെയ്താൽ അവൾ

സ്വർഗത്തിൽ പ്രവേശിക്കും. അപ്പോൾ അവരിൽ ഒരു സ്ത്രീ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! രണ്ടു കുഞ്ഞുങ്ങളാണെങ്കിലോ? നബി ﷺ പറഞ്ഞു: രണ്ട് കുഞ്ഞുങ്ങളാണെങ്കിലും.....[മുസ്‌ലിം]

കൊല്ലപ്പെടരുത്

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: ഒരു യുദ്ധത്തിൽ ഒരു സ്ത്രീ വധിക്കപ്പെട്ടതായി കാണപ്പെട്ടു. അപ്പോൾ പ്രവാചകൻ ﷺ സ്ത്രീകളെയും കുട്ടികളെയും വധിക്കുന്നത് നിഷിദ്ധമാക്കി. [ബുഖാരി, മുസ്‌ലിം]

❒ യസീദ്ബ്നു ഹുർമുസ് رحمه الله നിവേദനം: നജ്ദത്ത്, ഇബ്നു അബ്ബാസ് رضي الله عنه നോട് അഞ്ച് കാര്യങ്ങൾ ചോദിച്ചറിയുന്നതിന് കത്തെഴുതി.... നബി ﷺ സ്ത്രീകളെയും കൊണ്ട് യുദ്ധംചെയ്തിരുന്നോ? അവർക്ക് വിഹിതം നിശ്ചയിച്ചിരുന്നോ? അവിടുന്നു കുട്ടികളെ കൊന്നിരുന്നോ? അനാഥയുടെ അനാഥത്വം അവസാനിക്കുന്നതെപ്പോൾ, അഞ്ചിലൊന്ന് ആർക്കുള്ളതാണ്? ഇത്രയും കാര്യങ്ങൾ എനിക്ക് പറഞ്ഞു തരൂ! അപ്പോൾ ഇബ്നു അബ്ബാസ് رضي الله عنه അദ്ദേഹത്തിന് ഇപ്രകാരം എഴുതി.... റസൂൽ ﷺ കുട്ടികളെ കൊന്നിട്ടില്ല. അതിനാൽ നിങ്ങൾ കുട്ടികളെ കൊല്ലരുത്!...[മുസ്‌ലിം]

❒ ബുറൈദ رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: നിങ്ങൾ അല്ലാഹുവിന്റെ പേരിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുക. അല്ലാഹുവിനെ നിഷേധിക്കുന്നവരോട് പോരാടുക. യുദ്ധമാവാം, വഞ്ചന, ചതി, അംഗവിച്ഛേദം, ശിശുഹത്യ ഇതൊന്നുമരുത്. [അബൂദാവൂദ്]

കാരുണ്യം കാണിക്കുക

അംറുബ്നു ശുഐബ് رحمه الله നിവേദനം: നബി ﷺ പറഞ്ഞു: ചെറിയവരോട് കരുണ കാണിക്കാത്തവരും വലിയവരുടെ മഹത്വം തിരിച്ചറിയാത്തവരും നമ്മിൽ പെട്ടവനല്ല [അബൂദാവൂദ്, തിർമിദി]

ചുംബിച്ചിരുന്നു

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: "റസൂൽ ﷺ ഒരിക്കൽ അലിയുടെ മകൻ ഹസൻ رضي الله عنه നെ ചുംബിച്ചു. അപ്പോൾ പ്രവാചകൻ ﷺ ന്റെ അടുക്കൽ അഖ്റഅ്ബ്നു ഹാബിസുത്തമീമി ഇരിക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു: എനിക്ക് പത്ത് മക്കളുണ്ട്. ഞാനവരിൽ ഒരാളെയും ഇതേവരെ ചുംബിച്ചിട്ടില്ല. അപ്പോൾ പ്രവാചകൻ ﷺ അയാളുടെ നേരെ തിരിഞ്ഞ് ഇങ്ങനെ പറഞ്ഞു: മറ്റുള്ളവരോട് കരുണ കാണിക്കാത്തവന്

അല്ലാഹുവിൽ നിന്നും കാരുണ്യം ലഭിക്കുകയില്ല. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ നിവേദനം: ഒരു ദിവസം പകൽ നബിﷺ വീട്ടിൽ നിന്നും പുറപെട്ടു. ഞാനും കൂടെ ഉണ്ടായിരുന്നു.....നബിﷺ ഫാത്വിമയുടെ മുറ്റത്തിരുന്നു. എന്നിട്ട് കുഞ്ഞുമോൻ ഇവിടെയില്ലേ എന്ന് നബിﷺ വിളിച്ചു ചോദിച്ചു.... അല്പം കഴിഞ്ഞപ്പോൾ കുഞ്ഞ് ഓടി നബിﷺയുടെ അടുക്കൽ വന്നു. അവിടുന്ന് അവനെ കെട്ടിപിടിച്ച് ചുംബിച്ച് കൊണ്ടിങ്ങനെ പ്രാർത്ഥിച്ചു: 'അല്ലാഹുവേ നീ ഇവനെ സ്നേഹിക്കേണമേ! ഇവനെ സ്നേഹിക്കുന്നവരെയും നീ സ്നേഹിക്കേണമേ. [ബുഖാരി, മുസ്‌ലിം]

❒ അനസ് നിവേദനം:..... നബിﷺ ഇബ്രാഹീമിനെ തന്റെ മടിയിലിരുത്തി മുത്തി മണത്തു. [ബുഖാരി, മുസ്‌ലിം]

മടിയിലിരുത്തി താലോലിച്ചു

❒ ഉസാമത്ത് ബ്നു സൈദ് പറയുന്നു: നബിﷺ എന്നെ എടുത്ത് അവിടുത്തെ തുടമേൽ ഇരുത്തി. ഹസനെ മറ്റെ തുടമേലുമിരുത്തി. എന്നിട്ട് രണ്ട് പേരെയും ചേർത്തു പിടിച്ചിട്ട് പറഞ്ഞു: അല്ലാഹുവേ, ഇവരോട് നീ കരുണ കാണിക്കേണമേ, തീർച്ചയായും ഞാൻ ഇവർ രണ്ടുപേരോടും കരുണ കാണിക്കുന്നു. [ബുഖാരി]

❒ യൂസുഫ് നിവേദനം: റസൂൽﷺ എന്നെ യൂസുഫ് എന്ന് പേർ വിളിക്കുകയും അവിടുത്തെ മടിയിലിരുത്തുകയും എന്നിട്ട് എന്റെ ശിരസ്സ് തടവുകയും ചെയ്തു. [തിർമിദി]

കവിളുകളിൽ തലോടി

ജാബിറുബ്നു സമുറ നിവേദനം: നബിﷺയുടെ കൂടെ ഞാൻ ദുഹ്ർ നമസ്കരിച്ചു. എന്നിട്ട് നബിﷺ തന്റെ വീട്ടുകാരുടെ അടുത്തേക്ക് പുറപ്പെട്ടു. ഞാനും കൂടെ പുറപ്പെട്ടു. അപ്പോൾ തിരുമേനിﷺയുടെ മുമ്പിൽ കുറച്ച് കുട്ടികളെ കണ്ടുമുട്ടി. നബിﷺ അവരുടെ ഇരു കവിളുകളിലും ഓരോരുത്തരുടേതായി തടവി. സമുറ പറയുന്നു. അപ്പോൾ നബിﷺയുടെ കയ്യിന്റെ തണുപ്പും സുഗന്ധവും എനിക്കനുഭവപെട്ടു. അത് അത്തറ് കച്ചവടക്കാരന്റെ ഡപ്പിയിൽ നിന്ന് പുറത്തെടുത്തത് പോലെ. [മുസ്‌ലിം]

വാഹനത്തിൽ മുന്നിലും പിറകിലുമിരുത്തി

ഇബ്നു അബ്ബാസ് പറയുന്നു: നബിﷺ മക്കയിൽ വന്നപ്പോൾ അബ്ദുൽ മുത്വലിബ് വംശത്തിലെ കൊച്ചു കുട്ടികൾ അദ്ദേഹത്തെ

സ്വീകരിച്ചു. അപ്പോൾ അവരിൽ ഒരുവനെ തന്റെ മുമ്പിലും മറ്റൊരുവനെ പിറകിലും (ഒട്ടകപ്പുറത്ത്) ഇരുത്തി. [ബുഖാരി]

തോളിലിരുത്തിയത്

ബറാഅ് رضي الله عنه നിവേദനം: ഹസൻ رضي الله عنهനെ തന്റെ ചുമലിലിരുത്തി ഇങ്ങിനെ പ്രാർത്ഥിക്കുന്ന അവസ്ഥയിൽ ഞാൻ നബിﷺയെ കണ്ടു. അല്ലാഹുവേ! ഞാൻ അവനെ -ഹസനെ- ഇഷ്ടപ്പെടുന്നു. നീയും അവനെ ഇഷ്ടപ്പെടേണമേ. [ബുഖാരി, മുസ്‌ലിം]

തന്റെ പുറത്തിരുത്തി കളിപ്പിക്കുന്നു

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: നബിﷺ ഒരിക്കൽ ഹസനുബ്നു അലിയെ ചുമലിലേറ്റി പോവുകയായിരുന്നു. അത് ഒരാൾ കാണുകയും ഇങ്ങനെ പറയുകയും ചെയ്തു. കുട്ടി നീ കയറിയിരിക്കുന്ന വാഹനം നല്ല വാഹനം തന്നെ. നബിﷺ പറഞ്ഞു: യാത്രക്കാരനും നല്ലവൻ. [തിർമിദി]

കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു

❒ അബൂ മൂസാ رضي الله عنه നിവേദനം: എനിക്ക് ഒരു കുഞ്ഞു ജനിച്ചു. ഞാൻ അവനെയും കൊണ്ട് നബിﷺയുടെ അടുക്കൽ ചെന്നു. നബിﷺ അവന് ഇബ്രാഹിം എന്ന് പേരിട്ടു. ഈത്തപഴത്തിന്റെ മധുരനീര് അവന്റെ വായിൽ തൊട്ടു കൊടുക്കുകയും അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. അവസാനം കുട്ടിയെ എനിക്ക് തിരിച്ച് നൽകി. [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها നിവേദനം: നബിﷺയുടെ അടുക്കൽ കുഞ്ഞുങ്ങളെ കൊണ്ട്വരികയും, നബിﷺ അവർക്ക് അനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥിക്കുകയും അവർക്ക് മധുരം നൽകുകയും ചെയ്തിരുന്നു. [മുസ്‌ലിം]

കുഞ്ഞ് മൂത്രമൊഴിച്ചത്

ആഇശ رضي الله عنها നിവേദനം: റസൂൽﷺയുടെ അടുത്ത് മുലപാൽ കുടിക്കുന്ന ഒരു കുട്ടിയെ കൊണ്ട് വന്നു. അങ്ങനെ നബിﷺയുടെ മടിത്തട്ടിൽ അവൻ മൂത്രമൊഴിച്ചു. അപ്പോൾ അവിടുന്നു അല്പം വെള്ളം കൊണ്ട് വരാൻ ആവശ്യപ്പെടുകയും ആ വെള്ളം അവിടെ ഒഴിക്കുകയും ചെയ്തു. [മുസ്‌ലിം]

കളി തമാശകളിൽ

❒ മഹ്മൂദുബ്നു റബീഅ് رضي الله عنه നിവേദനം: എനിക്ക് അഞ്ച് വയസ്സ് പ്രായമുള്ളപ്പോൾ നബിﷺ ഒരു ബക്കറ്റിലെ വെള്ളം വായിൽ നിറച്ച് എന്റെ

മുഖത്തേക്ക് തെറിപ്പിച്ചതായി ഞാനിപ്പോൾ ഓർമ്മിക്കുന്നുണ്ട്. [ബുഖാരി]

❒ ഉമ്മുഖാലിദ് ബിൻതു ഖാലിദ്ؓ പറയുന്നു: ഞാൻ എത്യോപ്യയിൽ നിന്ന് വരുമ്പോൾ ഒരു കൊച്ചു പെൺകുട്ടിയായിരുന്നു. അപ്പോൾ നബിﷺ എന്നെ വരകളുള്ള ഒരു വസ്ത്രം ഉടുപ്പിച്ചു എന്നിട്ട് അല്ലാഹുവിന്റെ റസൂൽﷺ ആ വരകളിൽ കൈ കൊണ്ട് തടവികൊണ്ടു പറഞ്ഞു: സനാഅ്! സനാഅ്! വളരെ നല്ലത്, വളരെ നല്ലത് എന്നർത്ഥം. [ബുഖാരി]

❒ ....ഉമ്മുഖാലിദ്ؓ പറയുന്നു: ഞാൻ ഒരു മഞ്ഞകുപ്പായം ധരിച്ചുകൊണ്ട് എന്റെ പിതാവിന്റെ കൂടെ നബിﷺയുടെ അടുത്തെത്തി. അപ്പോൾ റസൂൽﷺ സനഃ, സനഃ, എന്ന് പറഞ്ഞു; നല്ലത് എന്നാണ് എത്യോപ്യൻ ഭാഷയിൽ അതിന്റെ അർത്ഥം. അവർ പറയുന്നു. ഞാൻ പ്രവാചകന്റെ ശരീരത്തിലുള്ള പ്രവാചകത്വമുദ്രമേൽ പിടിച്ച് കളിക്കാൻ തുടങ്ങി. അപ്പോൾ എന്റെ പിതാവ് എന്നെ പിടിച്ച് മാറ്റി. റസൂൽﷺ പറഞ്ഞു: അവളെ വിട്ടേക്കൂ.. (കളിക്കട്ടേ)....[ബുഖാരി]

❒ അബൂഹുറയ്റؓ നിവേദനം: റസൂൽﷺ തന്റെ തിരുനാവ് പേരകിടാവായ ഹസൻؓന്റെ മുന്നിൽ നീട്ടും. കുഞ്ഞ് അദ്ദേഹത്തിന്റെ നാവിന്റെ ചുവപ്പു കാണുകയും അതിൽ മേൽ തട്ടുകയും ചെയ്യാറുണ്ടായിരുന്നു. [സിൽസിലത്തുസ്വഹീഹ 70]

❒ അനസ്ؓ നിവേദനം: റസൂൽﷺ ഉമ്മുസലമയുടെ മകൾ സൈനബിനെ കളിപ്പിക്കാറുണ്ടായിരുന്നു. കുഞ്ഞു സൈനബേ, കുഞ്ഞു സൈനബേ എന്ന ദ്ദേഹം ഒരുപാടു തവണ പറയാറുണ്ടായിരുന്നു. [സ്വഹീഹുൽ ജാമിഅ് 5025]

കുഞ്ഞുമോനെ എന്നാണ് വിളിച്ചിരുന്നത്

❒ അനസ്ؓ നിവേദനം: എന്നോട് നബിﷺ എന്റെ കുഞ്ഞുമോനേ എന്നു പറഞ്ഞു. [മുസ്ലിം]

❒ മുഗീറؓ നിവേദനം:....നബിﷺ എന്നോട് പറഞ്ഞു: എന്റെ കുഞ്ഞുമോനേ!....[മുസ്ലിം]

കുഞ്ഞു ഉമൈറുമായി കൊച്ചു വർത്തമാനം

❒ അനസ്ؓ പറയുന്നു: നബിﷺ ഞങ്ങളോട് ഇടകലർന്ന് സഹവസിച്ചിരുന്നു. എത്രത്തോളമെന്നാൽ എന്റെ കുഞ്ഞനിയനോട് ഇങ്ങനെ ചോദി

ച്ചിരുന്നു: അബൂ ഉമൈർ നിന്റെ കുഞ്ഞിക്കിളി എന്ത് ചെയ്യുന്നു. [ബുഖാരി]

❒ അനസ് ﷺ നിവേദനം: നബിﷺ ജനങ്ങളിൽ വെച്ച് ഏറ്റവും നല്ല സ്വഭാവമുള്ള വ്യക്തിയായിരുന്നു. എനിക്ക് അബൂ ഉമൈർ എന്ന് പറയുന്ന ഒരു സഹോദരനുണ്ടായിരുന്നു... അങ്ങനെ നബിﷺയുടെ അടുക്കൽ ചെന്നാൽ നബിﷺ പറയും. അബൂ ഉമൈർ നുഗൈർ എന്തായി. (നുഗൈർ എന്നത് ഒരു കുഞ്ഞു പക്ഷിയുടെ പേരാണ്) നബിﷺ കളിതമാശയായിട്ടാണ് ഇത് പറഞ്ഞിരുന്നത്. [മുസ്‌ലിം]

കുഞ്ഞ് അനസ്

അനസ് ﷺ നിവേദനം: നബിﷺ ഏറ്റവും ഉത്തമ സ്വഭാവക്കാരനായിരുന്നു. എന്നെ ഒരു ദിവസം ഒരാവശ്യത്തിന് പറഞ്ഞയച്ചു. അപ്പോൾ ഞാൻ പറഞ്ഞു: 'തീർച്ചയായും ഞാൻ പോവുകയില്ല.' എന്റെ മനസ്സിൽ നബിﷺ കല്പിച്ചതിന് പോകണമെന്ന് തന്നെയായിരുന്നു. അങ്ങനെ ഞാൻ പുറപ്പെട്ടു. അങ്ങാടിയിൽ കുട്ടികൾ കളിക്കുന്നേടത്ത് കൂടി ഞാൻ നടന്നു. അപ്പോഴതാ എന്റെ പിറകിൽ കൂടി എന്റെ പിരടി റസൂൽﷺ പിടിച്ചിരിക്കുകയാണ്. എന്നിട്ട് പറഞ്ഞു: 'കുഞ്ഞു അനസേ ഞാൻ പറഞ്ഞേടത്തേക്ക് നീ പോയോ? ഞാൻ പറഞ്ഞു: ഞാൻ പോവുകയാണ് അല്ലാഹുവിന്റെ റസൂലേ' [മുസ്‌ലിം]

നമസ്കാരം ലഘൂകരിക്കുന്നു

അനസ് ﷺ പറയുന്നു. നബിﷺ പറഞ്ഞു: ഞാൻ നമസ്കാരം ദീർഘിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ട് നമസ്കാരത്തിൽ പ്രവേശിക്കും അപ്പോൾ ഞാൻ ശിശുവിന്റെ കരച്ചിൽ കേൾക്കും. ആ കുട്ടിയുടെ കരച്ചിൽ കാരണം അതിന്റെ മാതാവിനുണ്ടാകുന്ന വിഷമം ഞാൻ മനസ്സിലാക്കിയതിനാൽ എന്റെ നമസ്കാരം ഞാൻ ലഘൂകരിക്കും. [ബുഖാരി, മുസ്‌ലിം]

കുഞ്ഞു ഉമാമയുമായി നമസ്കാരത്തിൽ

അബൂഖതാദഃ ﷺ നിവേദനം: നബിﷺ അവിടുത്തെ മകളായ സൈനബ് ﷺന്റെയും അബുൽ ആസി ﷺന്റെയും മകൾ ഉമാമത്തിന്റെ തന്റെ ചുമലിലിരുത്തി ജനങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം കൊടുക്കുന്നത് ഞാൻ കണ്ടു. അവിടുന്ന് റുകൂഅ് ചെയ്യുമ്പോൾ ഉമാമതിനെ താഴെ വെക്കും സുജൂദിൽ നിന്നുയരുമ്പോൾ വീണ്ടും ചുമലിലിരുത്തും. [മുസ്‌ലിം]

ആദ്യ പഴം കുഞ്ഞുങ്ങൾക്ക്

നബിﷺയുടെ അടുത്ത് ആദ്യമായി വിളവെടുക്കുന്ന പഴം കൊണ്ട് വന്നാൽ ഇപ്രകാരം പ്രാർത്ഥിച്ചിരുന്നു.... പിന്നെ അടുത്ത് വരുന്ന കുട്ടി

കൾക്ക് അത് നൽകും. [മുസ്‌ലിം]

തെറ്റ് തിരുത്തുന്നു

❒ ഉമറുബ്നു അബൂ സലമയിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ നബിﷺയുടെ സംരക്ഷണത്തിൽ വളർന്ന ഒരു ബാലനായിരുന്നു. ആഹാരസമയത്ത് എന്റെ കൈ പാത്രത്തിൽ അങ്ങുമിങ്ങും ചലിച്ചുകൊണ്ടിരിക്കും.

റസൂൽﷺ എന്നോട് പറഞ്ഞു: "കുട്ടി! ഭക്ഷണ വേളയിൽ നീ ബിസ്മി ചൊല്ലുക. പാത്രത്തിന്റെ അടുത്ത് നിന്ന് ഭക്ഷിക്കുക. വലത് കൈകൊണ്ട് ഭക്ഷിക്കുക." അതിനു ശേഷം എന്റെ ആഹാരരീതി ഇതേ രീതിയിലായിരുന്നു. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റﷺ നിവേദനം.... ഒരിക്കൽ ഹസൻﷺ ഹുസൈൻﷺ എന്നീ കുട്ടികൾ (സകാത്തിന്റെ) ഈത്തപഴം എടുത്ത് കളിക്കാൻ തുടങ്ങി. അപ്പോൾ അവരിലൊരാൾ ഈത്തപഴമെടുത്തു തന്റെ വായിലിട്ടു. ഉടനെ നബിﷺ അവിനിലേക്ക് നോക്കുകയും അവന്റെ വായിൽ നിന്ന് അത് എടുത്തുകളയുകയും എന്നിട്ട് ഇങ്ങനെ പറയുകയും ചെയ്തു. "മുഹമ്മദിന്റെ കുടുംബങ്ങൾ സകാത്തിന്റെ ധനം തിന്നുകയില്ലെന്ന് നിനക്കറിയില്ലേ?.... [ബുഖാരി, മുസ്‌ലിം]

സാരോപദേശങ്ങൾ

അബ്ദുല്ലാഹിബ്നു അബ്ബാസ്ﷺനിവേദനം: റസൂൽﷺയുടെ പിന്നിലായിരിക്കെ റസൂൽﷺ പറഞ്ഞു: കുട്ടീ, നിനക്ക് ചില വാചകങ്ങൾ പഠിപ്പിച്ചു തരട്ടെ! നീ അല്ലാഹുവിനെ സൂക്ഷിക്കുക. എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്ക് അവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്. നീ വല്ലതും ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക....[തിർമിദി]

ജൂതബാലൻ സത്യവിശ്വാസത്തിലേക്ക്

അനസ്ﷺ നിവേദനം: ജൂതനായ ഒരു കുട്ടി നബിﷺക്ക് സേവനം ചെയ്തിരുന്നു. അവൻ രോഗിയായപ്പോൾ നബിﷺ അവനെ സന്ദർശിക്കാനായി ചെന്നു. എന്നിട്ട് അവന്റെ തല ഭാഗത്തിരുന്നു. അവനോട് പറഞ്ഞു: 'നീ ഇസ്‌ലാം സ്വീകരിക്കു' അപ്പോൾ അവൻ തന്റെ പിതാവിന്റെ നേരെ നോക്കി. അദ്ദേഹം അവിടെ ഉണ്ടായിരുന്നു. അദ്ദേഹം അവനോട് പറഞ്ഞു:

അബുൽ ഖാസിമിനെ(റസൂൽ) അനുസരിക്കൂ. അങ്ങനെ അവൻ ഇസ്‌ലാം സ്വീകരിച്ചു. പിന്നെ നബി ﷺ അവിടെ നിന്ന് ഇങ്ങിനെ പറഞ്ഞുകൊണ്ട് പുറത്തേക്കു വന്നു. നരകത്തിൽ നിന്നവനെ രക്ഷപ്പെടുത്തിയ അല്ലാഹുവിന് സ്തുതി. [ബുഖാരി]

നബിയെ സ്നേഹിച്ച ബാലൻ

സഹ്‌ലുബ്നു സഅദ് ﷺ നിവേദനം: നബി ﷺയുടെ അടുത്തേക്ക് ഒരു കപ്പ് പാനീയം കൊണ്ട് വരപ്പെട്ടു. നബി ﷺ അതിൽ നിന്ന് കുടിച്ചു. നബി ﷺയുടെ വലതു ഭാഗത്ത് സദസ്സിലെ ഏറ്റവും പ്രായം കുറഞ്ഞ കുട്ടിയുണ്ടായിരുന്നു. ഇടത് ഭാഗത്ത് പ്രായം കൂടുതലുള്ളവരും. അപ്പോൾ നബി ﷺ ചോദിച്ചു: കുട്ടീ, ഇത് പ്രായമുള്ളവർക്ക് കൊടുക്കാൻ നീ എനിക്ക് സമ്മതം തരുമോ? അവൻ പറഞ്ഞു: അങ്ങയിൽ നിന്ന് എനിക്ക് ലഭിക്കുന്ന ബാക്കി മറ്റാർക്കും കൊടുക്കാൻ ഞാൻ തയ്യാറല്ല. അല്ലാഹുവിന്റെ റസൂലേ, അപ്പോൾ നബി ﷺ അത് അവന് നൽകി. [ബുഖാരി]

■

നാല്പത്താറ്

നബിﷺയും സത്യവിശ്വാസിനികളും

സത്യവിശ്വാസിനികളുമായുള്ള പ്രതിജ്ഞ

പ്രവാചക പത്നി ആഇശ؇ നിവേദനം: സത്യവിശ്വാസിനികളായ സ്ത്രീകൾ നബിﷺയുടെ അടുക്കലേക്ക് പാലായനം ചെയ്ത് വന്നാൽ അല്ലാഹുവിന്റെ കല്പന പ്രകാരം നബിﷺ അവരെ പരീക്ഷിച്ച് നോക്കിയിരുന്നു. "ഓ, നബീ, അല്ലാഹുവോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും, മോഷ്ടിക്കുകയില്ലെന്നും, വ്യഭിചരിക്കുകയില്ലെന്നും, തങ്ങളുടെ മക്കളെ കൊന്നുകളയുകയില്ലെന്നും തങ്ങളുടെ കൈകാലുകൾക്കിടയിൽ വ്യാജ വാദം കെട്ടിച്ചമച്ചുകൊണ്ടുവരികയില്ലെന്നു, യാതൊരു നല്ല കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നും നിന്നോട് പ്രതിജ്ഞ ചെയ്ത് കൊണ്ട് സത്യവിശ്വാസിനികൾ നിന്റെ അടുത്ത് വന്നാൽ നീ അവരുടെ പ്രതിജ്ഞ സ്വീകരിക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ഖുർആൻ 60/12) ആഇശ؇ പറഞ്ഞു വിശ്വാസിനികൾ ഇക്കാര്യം അംഗീകരിച്ചാൽ പൂർണ്ണമാകും. വിശ്വാസിനികൾ വാക്കിലൂടെ ഇക്കാര്യം അംഗീകരിച്ചാൽ റസൂൽﷺ അവരോടു പറയും: നിങ്ങൾ പോയികൊള്ളുക ഞാൻ നിങ്ങളുമായി പ്രതിജ്ഞ ചെയ്തിരിക്കുന്നു. അല്ലാഹുവാണ് സത്യം! നബിﷺയുടെ കരം ഒരു സ്ത്രീയുടെയും കരവുമായി സ്പർശിച്ചിരുന്നില്ല. നബിﷺ വാക്കിലൂടെയായിരുന്നു അവരുമായി പ്രതിജ്ഞ ചെയ്തിരുന്നത്...[മുസ്ലിം]

ദാനധർമ്മങ്ങളിൽ

ഇബ്നു അബ്ബാസ്؇ നിവേദനം: (ഒരു പെരുന്നാൾ ദിനത്തിൽ) അല്ലാഹുവിന്റെ റസൂൽﷺ (ഈദ്ഗാഹിലേക്ക്) പുറപ്പെട്ടു കൂടെ ബിലാൽ؇വും ഉണ്ടായിരുന്നു. (തന്റെ പ്രസംഗം സ്ത്രീകൾ) കേട്ടില്ലെന്ന് അവിടുന്ന്

വിചാരിച്ചു. അപ്പോൾ അവർക്ക് (പ്രത്യേകം) ഉപദേശം നൽകി. അവരോട് ധർമ്മം ചെയ്യാൻ കല്പിച്ചു. അപ്പോൾ സ്ത്രീകൾ കമ്മലും മോതിരവും ഇട്ടുകൊടുക്കാൻ തുടങ്ങി. ബിലാൽ തന്റെ വസ്ത്രത്തിന്റെ ഒരു ഭാഗത്ത് അവശേഖരിച്ചു കൊണ്ടിരുന്നു. [ബുഖാരി]

നബിﷺയുടെ കൂടെ ധർമ്മസമര രംഗത്ത്

റുബയ്യിഅ് ബിൻത് മുഅവ്വിദ് ؓ പറയുന്നു: ഞങ്ങൾ അല്ലാഹുവിന്റെ റസൂൽﷺയുടെ കൂടെ യുദ്ധം ചെയ്യുകയും ജനങ്ങൾക്ക് വെള്ളം കൊടുക്കുകയും അവർക്കാവശ്യമായ സേവനങ്ങൾ ചെയ്യുകയും മുറിവേറ്റവരെയും വധിക്കപ്പെട്ടവരെയും മദീനയിലേക്ക് അയക്കുകയും ചെയ്തിരുന്നു. [ബുഖാരി]

വിജ്ഞാന സമ്പാദനത്തിൽ

അബൂസഈദിൽ ഖുദ്രി ؓ നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ ഒരു സ്ത്രീ പ്രവാചകൻﷺയുടെ സന്നിധിയിൽ വന്ന് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! പുരുഷന്മാരെല്ലാം താങ്കളുടെ വർത്തമാനം ഹൃദിസ്ഥമാക്കി കഴിഞ്ഞു. അതിനാൽ അവിടുന്ന് ഞങ്ങൾക്കും ഒരു ദിവസം നിശ്ചയിച്ചു തരിക. ആ ദിവസം ഞങ്ങൾ അങ്ങയുടെ അടുക്കൽ വന്ന് അല്ലാഹു താങ്കൾക്ക് പഠിപ്പിച്ച് തന്ന വിജ്ഞാനം നേടികൊള്ളാം. ഇത് കേട്ട് പ്രവാചകൻﷺ പറഞ്ഞു: എങ്കിൽ നിങ്ങളിന്ന ദിവസം ഇന്ന സ്ഥലത്ത് ഒരുമിച്ച് കൂടുക. അവർ അവ്വിധം ഒരു സ്ഥലത്ത് ഒരുമിച്ച് കൂടി. അനന്തരം പ്രവാചകൻﷺ അവരുടെയടുക്കൽ ചെന്ന് അല്ലാഹു തനിക്ക് പഠിപ്പിച്ച വിജ്ഞാനം അവർക്ക് പകർന്നു കൊടുത്തു....[ബുഖാരി, മുസ്‌ലിം]

പള്ളിയിലെ ആരാധനകളിൽ

പ്രവാചകപത്നി ആഇശ ؓ നിവേദനം: സത്യവിശ്വാസിനികളായ സ്ത്രീകൾ വസ്ത്രങ്ങൾ ചുറ്റിപ്പിടിച്ചു കൊണ്ട്, നബിﷺയോടൊപ്പം ഫജ്ർ (പ്രഭാത) നമസ്കാരത്തിൽ പങ്കെടുക്കുമായിരുന്നു. പിന്നീട് അവർ അവരുടെ വീടുകളിലേക്ക് മടങ്ങി പോകും. നബിﷺ നമസ്കാരം നേരെത്തെയാക്കുന്നതിനാൽ (ഇരുട്ട് കാരണത്താൽ) അവർ തിരിച്ചറിയപ്പെട്ടിരുന്നില്ല. [മുസ്‌ലിം]

■

നാല്പത്തേഴ്

നബി ﷺ യും പാവങ്ങളും

പാവങ്ങളുടെ സംരക്ഷകൻ

സഹ്‌ലുബ്നു ഹുനൈഫ് ؓ നിവേദനം: ദരിദ്രരായ ഒരു സ്ത്രീക്ക് രോഗം ബാധിച്ചു. അവരുടെ രോഗവിവരം നബി ﷺ ക്ക് കിട്ടി. പാവപെട്ടവരെ രോഗാവസ്ഥയിൽ സന്ദർശിക്കുകയും അവരെകുറിച്ച് അന്വേഷിച്ചറിയുകയും ചെയ്തിരുന്ന ആളായിരുന്നു അവിടുന്ന്. അവർ മരിച്ചാൽ എനിക്ക് വിവരം തരണമെന്ന് റസൂൽ ﷺ പറഞ്ഞു. രാത്രിയിലാണ് അവരുടെ മൃത ദേഹവുമായി പുറപ്പെട്ടിരുന്നത്. റസൂൽ ﷺ യെ അപ്പോൾ ഉണർത്താൻ അവർ ഇഷ്ടപ്പെട്ടില്ല. നേരം പുലർന്നപ്പോൾ അവരുടെ വിവരം റസൂൽ ﷺ ക്ക് ലഭിച്ചു. അവരെകുറിച്ച് അറിയിക്കാൻ ഞാൻ നിർദ്ദേശിച്ചിരുന്നില്ലേ എന്ന് അവിടുന്ന് ചോദിച്ചു. അവർ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ രാത്രിയിൽ താങ്കളെ ഉണർത്താൻ ഇഷ്ടപ്പെടാതിരുന്നതാണ്. അന്നേരം റസൂൽ ﷺ പുറപ്പെട്ടു. അവരുടെ ഖബ്റിന്നരികിൽ ജനങ്ങളെ അണിനിരത്തി നാല് തവണ തക്ബീർ ചൊല്ലുകയും (നമസ്കരിക്കുകയും) ചെയ്തു. [നസാഇ. മുവത്വ]

ദരിദ്രനും ധനികനും

സഹ്ൽ ؓ നിവേദനം: സമ്പന്നനായ ഒരാൾ റസൂൽ ﷺ യുടെ അടുത്തുകൂടി നടന്നുപോയി. നബി ﷺ ചോദിച്ചു: ഇയാളെ കുറിച്ച് നിങ്ങളെന്ത് പറയുന്നു? അവർ പറഞ്ഞു: "അദ്ദേഹം വിവാഹാലോചന നടത്തിയാൽ വിവാഹം ചെയ്തുകൊടുക്കപ്പെടും ശുപാർശ ചെയ്താൽ ശുപാർശ സ്വീകരിക്കപ്പെടും. അദ്ദേഹം അഭിപ്രായം പറഞ്ഞാൽ മറ്റുള്ളവർ അത് ശ്രദ്ധിച്ച് കേൾക്കും" സഹ്ൽ പറയുന്നു പിന്നെ നബി ﷺ മൗനം പാലിച്ചു. പിന്നീട് മുസ്‌ലിംകളിലെ ഒരു ദരിദ്രൻ അതു വഴി നടന്നു പോയി. അപ്പോൾ നബി ﷺ ചോദിച്ചു: ഇദ്ദേഹത്തെകുറിച്ച് നിങ്ങൾ എന്ത് പറയുന്നു? അവർ പറഞ്ഞു:

അദ്ദേഹം വിവാഹാലോചന നടത്തിയാൽ വിവാഹം ചെയ്തു കൊടുക്കപ്പെടുകയില്ല. ശുപാർശ ചെയ്താൽ ശുപാർശ സ്വീകരിക്കപ്പെടുകയില്ല. അഭിപ്രായം പറഞ്ഞാൽ ആരും ശ്രദ്ധിക്കുകയുമില്ല. അപ്പോൾ റസൂൽ ﷺ പറഞ്ഞു: ആദ്യം പോയവനെപോലുള്ളവർ ഭൂമിനിറയെ ഉണ്ടായാലും അവരെക്കാളേറെ ഉത്തമൻ ഇദ്ദേഹമാണ്. [ബുഖാരി]

ഭക്ഷണ വേളകളിൽ

ഇബ്നു ഉമർ رضي الله عنه നിവേദനം: തന്റെ കൂടെ ഭക്ഷിക്കാൻ ഒരു പാവപെട്ടവനെ കൊണ്ട് വരാതെ തിരുമേനി ﷺ ഭക്ഷണം കഴിക്കുക പതിവില്ല... [ബുഖാരി]

ദരിദ്രരുടെ മഹത്വം

❒ അബൂദർറ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ എന്നെ പാവങ്ങൾക്കിടയിൽ അന്വേഷിക്കുക ദരിദ്രർ കാരണമാണ് നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും സഹായം ലഭിക്കപ്പെടുന്നതും. [അബൂദാവൂദ്]

❒ സഅ്ദ്ബ്നു അബീ വഖാസ് رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: നിങ്ങളിലെ ദുർബലർ കാരണമല്ലേ നിങ്ങൾക്ക് ഭക്ഷണം നൽകപ്പെടുന്നതും നിങ്ങൾ സഹായിക്കപ്പെടുന്നതും. [ബുഖാരി]

ചീത്ത സദ്യ

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: വരേണ്ടതില്ലാത്തവർ ക്ഷണിക്കപ്പെടുകയും വരേണ്ടവരെ തടയുകയും ചെയ്യുന്ന വലീമത്ത് ഭക്ഷണം ചീത്ത ഭക്ഷണമാകുന്നു.... [മുസ്ലിം]

അബൂഹുറയ്റ നിവേദനം: പാവപെട്ടവർ ഒഴിവാക്കപ്പെടുകയും ധനികരെ മാത്രം ക്ഷണിക്കപ്പെടുകയും ചെയ്യുന്ന ഭക്ഷണം ചീത്ത ഭക്ഷണമാകുന്നു...[മുസ്ലിം]

സ്വർഗക്കാരിൽ അധികവും

❒ ഇംറാനുബ്നു ഹുസൈൻ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഞാൻ സ്വർഗത്തിലേക്കൊന്ന് എത്തിനോക്കി അതിലെ അധികമാളുകളും ദരിദ്രരായിരുന്നു. നരകത്തിലേക്കും ഞാൻ എത്തിനോക്കി: അതിലധികവും സ്ത്രീകളായിരുന്നു. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: പ്രവാചകൻ ﷺ പറഞ്ഞു: ധനികരെക്കാൾ

അഞ്ചൂറ് വർഷം മുമ്പ് നിർധനന്മാർ സ്വർഗതിൽ പ്രവേശിക്കുന്നതാണ്. [തിർമിദി]

പാവങ്ങളുടെ രക്ഷകൻ

ജാബിർ ബ്നു അബ്ദുല്ല നിവേദനം.... (നബി ഖുത്ബയിൽ പറഞ്ഞു) ആരെങ്കിലും സമ്പത്തുപേക്ഷിച്ച് മരണപ്പെട്ടാൽ അത് അയാളുടെ ബന്ധുക്കൾക്ക് അവകാശപെട്ടതാണ്. ആരെങ്കിലും കടമോ മറ്റു ബാധ്യതകളോ അവശേഷിപ്പിച്ച് മരണപ്പെട്ടാൽ അതിന്റെ ഉത്തരവാദിത്വം നാം ഏറ്റെടുക്കും അതിന്റെ നിർവഹണവും. [മുസ്ലിം]

ആരാണ് മിസ്കീൻ (സകാത്തിന്നർഹൻ)

അബൂഹുറയ്റ നിവേദനം: നബി പറഞ്ഞു: ജനങ്ങൾക്കിടയിലൂടെ യാചിച്ച് നടന്ന് ഒരു പിടി ഭക്ഷണമോ ഒന്നു രണ്ട് കാരക്ക ചുളയോ ലഭിച്ചാൽ മടങ്ങുന്നവനല്ല യഥാർത്ഥത്തിൽ മിസ്കീൻ അപ്പോൾ അവർ ചോദിക്കുകയുണ്ടായി പിന്നെ ആരായിരിക്കും മിസ്കീൻ? നബി പറഞ്ഞു: തന്റെ അത്യാവശ്യത്തിന് ചെലവിടാനില്ലാതിരിക്കുകയും ആളുകൾ അറിഞ്ഞ് നൽകാതിരിക്കുകയും അവരോട് യാചിക്കാതിരിക്കുകയും ചെയ്യുന്നവനാണ് മിസ്കീൻ. [ബുഖാരി, മുസ്ലിം]

പാവങ്ങൾക്ക് വേണ്ടി പണിയെടുക്കുന്നതിന്റെ മഹത്വം

അബൂഹുറയ്റ പറയുന്നു: നബി പറഞ്ഞു: വിധവകൾക്കും അഗതികൾക്കും വേണ്ടി പരിശ്രമിക്കുന്നവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവനെ പോലെയാണ് അല്ലെങ്കിൽ രാത്രി നിന്ന് നമസ്ക്കരിക്കുകയും പകലിൽ വ്രതമനുഷ്ഠിക്കുകയും ചെയ്യുന്നവനെ പോലെയാണ്. [ബുഖാരി]

നബിﷺയുടെ പ്രാർത്ഥന

അല്ലാഹുവേ നന്മകൾ ചെയ്യുവാനും, തിന്മകൾ വെടിയുവാനും സാധുക്കളെ സ്നേഹിക്കുവാനുള്ള കഴിവും... നിന്നോട് ഞാൻ ചോദിക്കുന്നു. [തിർമിദി] ■

നബി ﷺ യും അടിമകളും

അടിമകൾ നമ്മുടെ സഹോദരന്മാർ

മഅ്റൂർ അബൂദർറ് رضي الله عنه ൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ 'റബ്ദ' എന്ന സ്ഥലത്ത് വെച്ച് അബൂദർറിനെ കണ്ടുമുട്ടി. അപ്പോൾ അദ്ദേഹവും അദ്ദേഹത്തിന്റെ അടിമയും ഒരേപോലെയുള്ള പുതുവസ്ത്രം ധരിച്ചിട്ടുണ്ടായിരുന്നു. അതേകുറിച്ച് ഞാനദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ഒരു മനുഷ്യനെ ചീത്തവിളിക്കുകയും അവന്റെ മാതാവിനെ ശകാരിക്കുകയും ചെയ്തു. അപ്പോൾ നബി ﷺ എന്നോടു പറഞ്ഞു: അബൂദർറേ! നീ അവന്റെ മാതാവിനെ ശകാരിക്കുകയാണോ? നിശ്ചയം താങ്കളിൽ ജാഹിലിയ്യ(ഇസ്ലാമിനു മുമ്പുള്ള) സംസ്കാര ശൂന്യതയുടെ അംശങ്ങളുണ്ട്. അവർ (അടിമകൾ) നിങ്ങളുടെ സഹോദരങ്ങളാണ്. അവരെ അല്ലാഹു നിങ്ങളുടെ നിയന്ത്രണത്തിലാക്കിയിരിക്കുകയാണ്. ഒരാൾക്ക് അല്ലാഹു ഒരു സഹോദരനെ കീഴ്പെടുത്തി കൊടുത്താൽ അയാൾ ഭക്ഷിക്കുന്നതിൽ നിന്ന് അയാളെ ഭക്ഷിപ്പിക്കുകയും അയാൾ ധരിക്കുന്നതിൽ നിന്ന് അവനെ ധരിപ്പിക്കുകയും ചെയ്യട്ടേ.... അവന് ചെയ്യാൻ കഴിയാത്ത ജോലികൾക്ക് അവനെ നിർബന്ധിക്കരുത്. അങ്ങനെ ചെയ്യാൻ കല്പിക്കുന്ന പക്ഷം അതിൽ നിങ്ങൾ അവനെ സഹായിക്കണം. [ബുഖാരി, മുസ്ലിം]

അടിമയെ മർദ്ദിക്കരുത്

അബൂമസൂദ് رضي الله عنه നിവേദനം: ഞാൻ ചാട്ടകൊണ്ട് എന്റെ അടിമയെ അടിക്കുകയായിരുന്നു. അപ്പോൾ എന്റെ പുറകിൽ നിന്ന് ഒരു ശബ്ദം കേട്ടു. 'അബൂ മസൂദ് നീ അറിയണം'. പക്ഷേ കോപം കാരണം ഞാൻ ആ ശബ്ദം കേട്ടില്ല. ആ ശബ്ദം എന്നോടു അടുത്തുവന്നു. അപ്പോൾ അത് അല്ലാഹുവിന്റെ റസൂൽ ﷺ ആയിരുന്നു. അപ്പോൾ തിരുമേനി ﷺ പറയുകയാണ് 'അബൂമസൂദ് നീ അറിയണം' 'അബൂ മസൂദ് നീ അറിയണം' അപ്പോൾ

ഞാൻ എന്റെ കയ്യിൽ നിന്ന് ചാട്ടവാർ നിലത്തിട്ടു. (മറ്റൊരു റിപ്പോർട്ടിൽ ഭയം കാരണം എന്റെ കയ്യിൽ നിന്ന് വീണു) അപ്പോൾ നബിﷺ പറഞ്ഞു: അബൂ മസൂദ് നീ അറിയണം നിനക്ക് അടിമകളുടെ മേലുള്ളതിനേക്കാളും കഴിവ് അല്ലാഹുവിന് നിന്റെ മേലുണ്ട്. അപ്പോൾ ഞാൻ പറഞ്ഞു: 'ഇനി ഞാൻ ഒരിക്കലും ഒരു അടിമയെയും അടിക്കുകയില്ല.'

മറ്റൊരു റിപ്പോർട്ടിൽ..... ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! അവൻ അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി സ്വതന്ത്രനാണ്' അപ്പോൾ നബിﷺ പറഞ്ഞു: എന്നാൽ നീ അത് ചെയ്തില്ലായിരുന്നെങ്കിൽ നരകം നിന്നെ ബാധിക്കുമായിരുന്നു.....[മുസ്ലിം]

■

നബി ﷺയും അമുസ്‌ലിംകളും

അതും ഒരു മനുഷ്യൻ

അബ്ദുറഹ്മാൻ ؓ പറയുന്നു. സഹ്‌ലുബ്നു ഹുനൈഫ് ؓ ഖൈസ്ബ്നു സഅദ് ؓ എന്നിവർ ഒരിക്കൽ ഖാദിസിയ്യയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവരുടെ മുന്നിലൂടെ ഒരു മൃതദേഹം കൊണ്ടുപോകുകയും അവർ രണ്ട് പേരും എഴുന്നേൽക്കുകയും ചെയ്തു. ഇസ്‌ലാമിക ഭരണത്തിന് കീഴിലുള്ള അമുസ്‌ലിംകളിൽ പെട്ടവനാകുന്നു അയാളെന്ന് അവരോട് പറയപ്പെട്ടു. ഉടനെ അവരിരുവരും പറഞ്ഞു: "നബി ﷺയുടെ അരികിലൂടെ ഒരു മൃതശരീരവുമായി കടന്നുപോയപ്പോൾ നബി ﷺ എഴുന്നേറ്റ് നിന്ന സമയത്ത് അതൊരു ജൂതന്റെ മൃതദേഹമാണെന്ന് പറയപ്പെട്ടു. നബി ﷺ പറഞ്ഞു: അതും ഒരു മനുഷ്യനല്ലയോ? [ബുഖാരി, മുസ്‌ലിം]

അമുസ്‌ലിമിനെ കൊലപെടുത്തിയാൽ

❒ അബ്ദുല്ലാഹിബ്നു അംറ് ؓ നിവേദനം നബി ﷺ പറഞ്ഞു: മുസ്‌ലിംകളുമായി സന്ധിയിലേർപ്പെട്ടിട്ടുള്ള അമുസ്‌ലിമിനെ ആരെങ്കിലും വധിച്ചാൽ സ്വർഗത്തിന്റെ സുഗന്ധം അവൻ ആസ്വദിക്കുകയില്ല. അതിന്റെ സുഗന്ധമാകട്ടെ നാല്പതു വർഷത്തെ വഴിയകലെ നിന്നു പോലും അനുഭവവേദ്യമാകുന്നതാണ്. [ബുഖാരി]

❒ അബൂബക്കറ ؓ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: വല്ലവനും ഒരു മുഹാദിനെ (ഇസ്‌ലാമിക ഭരകൂടവുമായി കരാറിൽ കഴിയുന്ന അമുസ്‌ലിം) അനർഹമായ രൂപത്തിൽ കൊന്നാൽ അല്ലാഹു അയാൾക്ക് സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. [അബൂദാവൂദ്, നസാഇ, ഇബ്നുമാജ്]

❒ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: വല്ലവനും അഹ്‌ലുൽ ദിമ്മിൽ പെട്ട ഒരാളെ (ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിം പൗരൻ) കൊന്നാൽ അവൻ സ്വർഗത്തിന്റെ പരിമളം പോലും അനുഭവിക്കുകയില്ല....[നസാഇ]

വിരുന്നുകളിൽ

അനസ് رضي الله عنه നിവേദനം: ഒരു ജൂതൻ നബിﷺയെ ഗോതമ്പ് റൊട്ടിയും മണപ്പകർച്ച വന്ന നെയ്യും (ഒരുക്കി അതിലേക്ക്) ക്ഷണിച്ചു. അപ്പോൾ നബിﷺ ജൂതന് ഉത്തരമേകി. [അഹ്മദ്]

സാമ്പത്തിക ഇടപാടുകൾ

ആഇശ رضي الله عنها നിവേദനം: പ്രവാചകൻﷺ മരണപ്പെടുന്ന സന്ദർഭത്തിൽ അവിടുത്തെ പടയങ്കി മുപ്പത് സാഅ് ബാർലിക്ക് ഒരു ജൂതന്റെ അടുക്കൽ പണയത്തിലായിരുന്നു. [ബുഖാരി]

നബിﷺയും അമുസ്‌ലിം സ്ത്രീയും

ഇംറാബ്നു ഹുസൈൻ رضي الله عنه പറയുന്നു: ഞാൻ ഒരിക്കൽ നബിﷺയോടൊപ്പം ഒരു യാത്രയിലായിരുന്നു... ഞങ്ങളിൽ ഒരു സംഘത്തെ വെള്ളം അന്വേഷിക്കാനായി അയച്ചു. ഞങ്ങൾക്ക് കഠിനമായ ദാഹമുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ നടന്നു പോകുമ്പോൾ (ഒട്ടകപുറത്ത്) വെള്ളം നിറച്ച് രണ്ട് തോൽപാത്രത്തിന്റെ ഇടയിൽ കൂടി കാൽ തൂക്കിയിട്ടിരിക്കുന്ന ഒരു സ്ത്രീയെ കാണുകയുണ്ടായി. അപ്പോൾ ഞങ്ങൾ അവളോട് എവിടെയാണ് വെള്ളമുള്ളതെന്ന് ചോദിച്ചു. അവൾ പറഞ്ഞു: ഇവിടെയൊന്നും വെള്ളമില്ല.... നബിﷺയുടെ അടുത്തേക്ക് ഞങ്ങൾ അവളെ കൂട്ടികൊണ്ട് പോയി.... അവൾ കുറച്ച് അനാഥകുട്ടികളുള്ള സ്ത്രീയാണെന്ന് നബിﷺയോടു പറഞ്ഞു. അപ്പോൾ അവളോട് രണ്ട് തോൽപാത്രങ്ങളും ഇറക്കി വെക്കാൻ കല്പിക്കുകയും എന്നിട്ട് ആ പാത്രത്തിന്റെ വായ്ഭാഗം തടവുകയും ചെയ്തു. അങ്ങനെ ഞങ്ങൾ അതിൽ നിന്ന് നാല്പതു ആളുകൾ ദാഹം തീർക്കുകയും ഞങ്ങളുടെ അടുത്തുള്ള ചെറുതും വലുതുമായ പാത്രങ്ങളിലൊക്കെ ഞങ്ങൾ നിറക്കുകയും ചെയ്തു.... പിന്നെ നബിﷺ പറഞ്ഞു: “നിങ്ങളുടെ അടുത്തുള്ള ഭക്ഷണ സാധനങ്ങളൊക്കെ കൊണ്ട് വരുവീൻ.” അങ്ങനെ ഞങ്ങൾ അവർക്കുവേണ്ടി ഞങ്ങളുടെ അടുക്കലുണ്ടായിരുന്ന കാരക്കയും കാരക്കയുടെ ശഖലങ്ങളും മറ്റും ശേഖരിച്ചു കൊടുത്തു. എന്നിട്ട് നബിﷺ അവളോട് പറഞ്ഞു: നീ പോയി നിന്റെ കുട്ടികൾക്ക് കൊടുക്കുക. നിന്റെ വെള്ളത്തിൽ ഞങ്ങൾ ഒരു കുറവും വരുത്തിയിട്ടില്ലെന്നും നീ മനസ്സിലാക്കുക. അങ്ങനെ അവൾ അവളുടെ കുടുംബത്തിലെത്തി. എന്നിട്ട് അവൾ (അവരോട്) പറഞ്ഞു: ഞാൻ ജനങ്ങളിലെ ഏറ്റവും വലിയ മായാജാലക്കാരനെ കണ്ടുമുട്ടി. അല്ലെങ്കിൽ അവർ പറയുന്നത് പോലെ അദ്ദേഹം ഒരു പ്രവാചകനാണ്. അങ്ങനെ ആ സ്ത്രീക്കാരണം ആ വീടുകളെ (അവരുടെയും അയൽക്കാരുടെയും) അല്ലാഹു നേർമാർഗ്ഗത്തിലാക്കി. അങ്ങനെ അവളും അവരും ഇസ്‌ലാമതം സ്വീകരിച്ചു. [ബുഖാരി, മുസ്‌ലിം]■

നബി ﷺ യും രോഗികളും

പ്രാർത്ഥന

ആഇശ ؓ നിവേദനം: നബി ﷺ വല്ല രോഗിയേയും സന്ദർശിക്കുകയോ, വല്ല രോഗിയേയും തിരുമേനി ﷺ യുടെ അടുക്കൽ കൊണ്ട് വരികയോ ചെയ്താൽ അവിടുന്ന് ഇങ്ങനെ പ്രാർത്ഥിക്കാറുണ്ടായിരുന്നു. "അല്ലാഹുവേ! ഞങ്ങളുടെ നാഥാ, ശമനം നൽകേണമേ, നീയാണ് ശമനം നൽകുന്നവൻ, നിന്റെ ശമനമല്ലാതെ ശമനമേ ഇല്ല. യാതൊരു രോഗവും അവശേഷിപ്പിക്കാത്തവിധം ശമനം നൽകേണമേ." [ബുഖാരി, മുസ്‌ലിം]

ആശ്വാസവാക്ക്

ഇബ്നു അബ്ബാസ് ؓ നിവേദനം:..... രോഗിയെ സന്ദർശിക്കാൻ നബി ﷺ ചെന്നാൽ ഇങ്ങനെ പറയാറുണ്ടായിരുന്നു. "സാരമില്ല അല്ലാഹു ഉദ്ദേശിച്ചാൽ പാപശുദ്ധിയും സുഖം പ്രാപിക്കലുമുണ്ടാകും....[ബുഖാരി]

ആഗ്രഹങ്ങൾ നിറവേറ്റുന്നു

❒ അനസ് ؓ നിവേദനം: നബി ﷺ ഒരു രോഗിയെ സന്ദർശിച്ചാൽ നീ എന്തെങ്കിലും ആഗ്രഹിക്കുന്നുണ്ടോ എന്ന് അയാളോട് ചോദിക്കുകയും എന്തെങ്കിലും ആഗ്രഹം പ്രകടിപ്പിക്കുന്നപക്ഷം അത് നിറവേറ്റികൊടുത്താൽ രോഗിക്ക് ഉപദ്രവം ഉണ്ടാവുകയില്ലെന്ന് നബി ﷺ ക്ക് മനസ്സിലാവുകയും ചെയ്താൽ നബി ﷺ അതിന് നിർദ്ദേശിക്കുമായിരുന്നു. [തിർമിദി]

❒ നബി ﷺ ഒരിക്കൽ ഒരു രോഗിയെ സന്ദർശിച്ചു. എന്നിട്ട് ചോദിച്ചു

എന്താണ് കഴിക്കാനുദ്ദേശിക്കുന്നത്? അയാൾ പറഞ്ഞു: "ഗോതമ്പ് റൊട്ടി." അപ്പോൾ നബി ﷺ പറഞ്ഞു: "ആരുടെയെങ്കിലും അടുക്കൽ ഗോതമ്പ് റൊട്ടിയുണ്ടെങ്കിൽ അത് തന്റെ സഹോദരന് നൽകട്ടെ!" പിന്നീട് പറഞ്ഞു: "നിങ്ങളിൽ ആരുടെയെങ്കിലും രോഗികൾ വല്ലതും ആഗ്രഹിക്കുന്നുവെങ്കിൽ അതവരെ ഭക്ഷിപ്പിക്കട്ടെ. [ഇബ്നുമാജ]

സ്വർഗത്തിലെ ഫലങ്ങൾ

❒ സഹീദ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: രോഗിയെ സന്ദർശിക്കുന്നവൻ സ്വർഗത്തിന്റെ തോപ്പിലാണ്. അവൻ മടങ്ങി വരുന്നത് വരെ. [മുസ്ലിം]

❒ സൗബാൻ ﷺ നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും ഒരു രോഗിയെ സന്ദർശിച്ചാൽ അവൻ സ്വർഗത്തിന്റെ ഖുർഫയിലാണ്. അപ്പോൾ ആരോ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ എന്താണ് 'ഖുർഫ'

തിരുമേനി ﷺ പറഞ്ഞു: അതിന്റെ ഫലങ്ങൾ [മുസ്ലിം]

രോഗിയെ പരിചരിച്ചില്ലെങ്കിൽ

അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: പ്രതാപവാനും മഹാനുമായ അല്ലാഹു അന്ത്യദിനത്തിൽ പറയും 'ആദമിന്റെ പുത്രാ, ഞാൻ രോഗിയായി പക്ഷേ നീ എന്നെ സന്ദർശിച്ചില്ല' അവൻ പറയും: രക്ഷിതാവേ ഞാൻ എങ്ങനെയാണ് നിന്നെ സന്ദർശിക്കുക. നീ ലോകരക്ഷിതാവാണല്ലോ!

അല്ലാഹു പറയും: 'നീ അറിഞ്ഞില്ലേ എന്റെ ഇന്ന അടിമ രോഗിയായിരുന്നു. പക്ഷെ നീ അവനെ സന്ദർശിച്ചില്ല. നിനക്ക് അറിയില്ലേ. നീ അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ അവന്റെ അടുക്കൽ എന്നെ കാണുമായിരുന്നു....[മുസ്ലിം]

റസൂൽ ﷺ രോഗിയായി കിടന്നത്

ഇബ്നു മസൂദ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ ഞാൻ നബി ﷺ യുടെ അടുക്കൽ ചെന്നു. തിരുമേനി ﷺ അപ്പോൾ പനിബാധിച്ചു കിടക്കുകയായിരുന്നു. ഞാൻ നബി ﷺ യോടു ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! നിശ്ചയം താങ്കൾക്ക് കഠിന ജ്വരം ബാധിച്ചിരിക്കുന്നുവല്ലോ? തിരുമേനി ﷺ പറഞ്ഞു: അതെ നിങ്ങൾ രണ്ട് പേർക്ക് ബാധിക്കുന്ന ജ്വരമാണ് ഇപ്പോൾ എനിക്ക് ബാധിച്ചിരിക്കുന്നത്. ഇത് കേട്ടപ്പോൾ ഞാൻ പറഞ്ഞു: 'ഇത് അങ്ങേക്ക് ഇരട്ടി പുണ്യം ലഭിക്കാൻ വേണ്ടിയായിരിക്കും' തിരുമേനി ﷺ അരുളി: അതെ, ശരി തന്നെ. ഒരു മുസ്ലിമിന് വല്ല പ്രയാസ

വും ബാധിച്ചു. അത് ഒരു മുള്ള് തറക്കലോ അതിനേക്കാൾ നിസാരമായത് വല്ലതോ ആകട്ടെ; മരത്തിന്റെ ഇല വീഴും പോലെ അതു മുഖേന അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കും. [ബുഖാരി, മുസ്‌ലിം]

റസൂൽﷺന്റെ രോഗവേദന

ആഇശ رضي الله عنها പറയുന്നു. അല്ലാഹുവിന്റെ റസൂൽﷺയെക്കാൾ രോഗ വേദനയനുഭവിച്ച ആരേയും ഞാൻ കണ്ടിട്ടില്ല. [ബുഖാരി]

■

അമ്പത്തിയൊന്ന്

നബിﷺയുടെ ചികിത്സാവിധികൾ

എല്ലാ രോഗത്തിനും മരുന്നുണ്ട്

❒ ജാബിർ رضي الله عنه നിവേദനം: റസൂൽﷺ പറഞ്ഞു: 'എല്ലാ രോഗത്തിനും മരുന്നുണ്ട്. ഒരു രോഗത്തിനുള്ള മരുന്ന് കിട്ടിയാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ രോഗം സുഖമാകും. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: രോഗശമനമാർഗ്ഗം (ഔഷധം) ഇല്ലാത്ത ഒരു രോഗവും അല്ലാഹു ഇറക്കിയിട്ടില്ല. [ബുഖാരി]

കരിഞ്ചീരകം

❒ ആഇശ رضي الله عنها നിവേദനം: നബിﷺ പറയുന്നത് ഞാൻ കേട്ടു: ഈ കരിംജീരകം എല്ലാവിധ രോഗങ്ങൾക്കുമുള്ള ശമനൗഷധമാണ് 'സാം' ഒഴികെ. ഞാൻ ചോദിച്ചു എന്താണ് സാം. നബിﷺ പറഞ്ഞു: മരണം [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: കരിഞ്ചീരകത്തിൽ മരണമൊഴികെ സകല രോഗത്തിനും ശമനമുണ്ടെന്ന് നബിﷺ പറയുന്നത് ഞാൻ കേട്ടു. [ബുഖാരി, മുസ്‌ലിം]

തേൻ

അബൂ സഈദിൽ ഖുദ്‌രി رضي الله عنه നിവേദനം: ഒരാൾ നബിﷺയുടെ അരികെ വന്ന് പറഞ്ഞു: എന്റെ സഹോദരന് വയറ് രോഗം പിടിപെട്ടിരിക്കുന്നു. അപ്പോൾ നബിﷺ പറഞ്ഞു: അവനെ തേൻ കുടിപ്പിക്കുക. [മുസ്‌ലിം]

അജ്‌വ കാരക്ക

സഅ്ദ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു. "ആരെങ്കിലും പ്രഭാതത്തിൽ മദീനയിലെ മേത്തരം അജ്‌വത്ത് കാരക്ക ഏഴെണ്ണം ഭക്ഷിച്ചാൽ ആ ദിവസം അവന് മാരണമോ, വിഷബാധയോ ഏൽകുകയില്ല. [ബുഖാരി, മുസ്‌ലിം]

കൂൺ

സഈദുബ്നു സൈദ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ അരുളി. കൂൺ മന്നായിൽ പെട്ടതാണ്. അതിന്റെ നീര് കണ്ണ് രോഗത്തിനുള്ള ഔഷധമാണ്. [ബുഖാരി, മുസ്‌ലിം]

ഇന്ത്യൻ ഊദ് (ആലോമരം)

മിഹ്സന്റെ മകൾ ഉമ്മുഖൈസ് رضي الله عنها പറയുന്നു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു: നിങ്ങൾ ചികിത്സക്ക് ഈ ഇന്ത്യൻ ഊദ് ഉപയോഗിക്കുക. ഏഴുതരം രോഗങ്ങൾക്കതിൽ ശമനമുണ്ട്. ഉദ്റത്തിന് (ഒരിനം തൊണ്ടരോഗം) ഇതിന്റെ നീര് മൂക്കിലുറ്റിക്കുക. വായ്ക്കകത്തെ വീക്കത്തിനും ഇത് കൊടുക്കാം....[ബുഖാരി, മുസ്‌ലിം]

പഴരസകുഴമ്പ് (തൽബീൻ)

ആഇശ رضي الله عنها നിവേദനം: പഴരസക്കുഴമ്പ് രോഗിയുടെ ഹൃദയത്തിന് സമാധാനം പ്രധാനം ചെയ്യുകയും ദുഃഖത്തെ ദൂരീകരിക്കുകയും ചെയ്യുമെന്ന് നബി ﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. [ബുഖാരി, മുസ്‌ലിം]

ഒലീവ്

ഉമർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നിങ്ങൾൾ ഒലീവ് കഴിക്കുകയും എണ്ണയായി ഉപയോഗിക്കുകയും ചെയ്യുക. കാരണമത് അനുഗ്രഹീത വൃക്ഷങ്ങളിൽ പെട്ടതാണ്. [തിർമിദി]

■

അമ്പത്തിരണ്ട്

നബി ﷺയും പക്ഷി മൃഗാദികളും

പക്ഷിയെ ഉപദ്രവിക്കരുത്

ഇബ്നു മസ്ഊദ് رضي الله عنه നിവേദനം: ഒരിക്കൽ ഞങ്ങൾ നബി ﷺയുടെ കൂടെയായിരിക്കുമ്പോൾ, അവിടുന്നു വിസർജനാവശ്യത്തിന് പോയിരുന്നപ്പോൾ രണ്ട് കുഞ്ഞുങ്ങളുള്ള ഒരു പക്ഷിയെ കാണുകയുണ്ടായി. ഞങ്ങൾ അതിന്റെ കുഞ്ഞിനെ എടുക്കുമ്പോഴേക്കും ആ തള്ള പക്ഷി ഞങ്ങളുടെ മുകളിലൂടെ വട്ടമിട്ട് പറക്കുന്നുണ്ടായിരുന്നു. നബി ﷺ തിരിച്ച് വന്നപ്പോൾ കുഞ്ഞുങ്ങൾ കാരണം ഈ തള്ള പക്ഷിയെ ശല്യപ്പെടുത്തിയത് എന്ത് എന്ന് ചോദിക്കുകയുണ്ടായി. ശേഷം തിരുമേനി ﷺ പറഞ്ഞു: ആ കുഞ്ഞുങ്ങളെ അതിന് തിരിച്ച് കൊടുക്കുക. ശേഷം തീയിട്ട് നശിപ്പിക്കപ്പെട്ട ഉറുമ്പിൻ മാളം ശ്രദ്ധയിൽ പെട്ടപ്പോൾ റസൂൽ ﷺ ചോദിച്ചു: ആരാണിത് ചെയ്തത്? ഞങ്ങളാണെന്ന് പറഞ്ഞപ്പോൾ റസൂൽ ﷺ പറഞ്ഞു: തീകൊണ്ട് കരിക്കൽ തീയിന്റെ നാഥനല്ലാതെ യോജിച്ചതല്ല. [അബൂദാവൂദ്]

ജീവികളോട് കാരുണ്യം കാണിക്കുക

❒ അബൂ സഈദ് رضي الله عنه നിവേദനം: നബി ﷺ ഒരു മനുഷ്യന്റെ സമീപത്തു കൂടി നടന്നുപോയി. അയാൾ ഒരാടിനെ അതിന്റെ ചെവിപിടിച്ച് വലിച്ച് കൊണ്ടുപോകുകയാണ്. അപ്പോൾ നബി ﷺ പറഞ്ഞു: നീ അതിന്റെ ചെവി വിട്ടേക്കുക. [ഇബ്നുമാജ]

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: ഒരു മനുഷ്യൻ ഒരാടിനെ അതിന്റെ കാലിൽ കയർ കെട്ടി വലിച്ചുകൊണ്ട് അറുക്കാൻ കൊണ്ടുപോകുന്നത് നബി ﷺ കണ്ടു. നബി ﷺ അയാളോട് പറഞ്ഞു: നിനക്ക് നാശം, മരണത്തിലേക്ക് ആ ജീവിയെ നല്ല നിലയിൽ കൊണ്ട് പോകുക. [മുസന്നഫ്]

ചൂട്‌വെച്ചവർ ശപിക്കപ്പെടട്ടെ

ജാബിർ رضي الله عنه നിവേദനം: നബിﷺ മുഖത്ത് ചൂട്‌വെച്ച ഒരു കഴുതയുടെ അരികിലൂടെ നടന്നു. അപ്പോൾ അവിടുന്നു പറഞ്ഞു: ഇതിനു ചൂട് വെച്ച വരെ അല്ലാഹു ശപിക്കട്ടെ. [മുസ്‌ലിം]

ഭക്ഷണം നൽകാതെ കഷ്ടപ്പെടുത്തരുത്

റസൂൽﷺ അൻസാരികളിൽ പെട്ട ഒരാളുടെ തോട്ടത്തിൽ പ്രവേശിച്ചു. അപ്പോഴതാ അവിടെ ഒരു ഒട്ടകം നബിﷺയെ കണ്ടപ്പോൾ തേങ്ങുകയും കണ്ണീർ പൊഴിക്കുകയും ചെയ്യുന്നു. അങ്ങനെ നബിﷺ ഒട്ടകത്തിന്റെയടുത്ത് ചെന്ന് അതിന്റെ ഇരു ചെവിയുടെയും പിൻഭാഗങ്ങളിൽ തടവികൊടുക്കുകയും ചെയ്തു. അപ്പോൾ അത് ശാന്തമായി. എന്നിട്ട് ചോദിച്ചു: ആരാണ് ഈ ഒട്ടകത്തിന്റെ ഉടമസ്ഥൻ. അപ്പോൾ അൻസാരികളിൽ പെട്ട ഒരു യുവാവ് പറഞ്ഞു: അതെന്റേതാണ് അല്ലാഹുവിന്റെ റസൂലേ!

അപ്പോൾ റസൂൽﷺ പറഞ്ഞു: അല്ലാഹു നിനക്ക് ഉടമപ്പെടുത്തിതന്ന ഈ മൃഗത്തിന്റെ കാര്യത്തിൽ നീ അല്ലാഹുവിനെ സൂക്ഷിക്കുന്നില്ലേ? കാരണം നീ അതിനെ പട്ടിണിക്കിടുകയും (ഭാരിച്ച ജോലി ചെയ്യിച്ച്) ബുദ്ധിമുട്ടിക്കുന്നതായും അത് എന്നോട് പരാതിപെട്ടിരിക്കുന്നു. [അബൂദാവൂദ്]

■

അമ്പത്തിമൂന്ന്

നബി ﷺയും പാപികളും ദുർവൃത്തരും

അവരെ ഇണക്കിയെടുക്കാൻ ശ്രമിച്ചു

അംറ്ബ്നു ആസ് ؓ നിവേദനം: റസൂൽ ﷺ ജനങ്ങളിൽ ഏറ്റവും ദുഷ്ടരായ ആളുകളോടു പോലും സംസാരിക്കുമ്പോൾ അവരെ ഇണക്കിയെടുക്കാൻ വേണ്ടി അവർക്കഭിമുഖമായി ഇരിക്കുമായിരുന്നു. [തിർമിദി]

സൗമ്യമായി പെരുമാറി

ആഇശ ؓ പറയുന്നു:..... (ദുർവൃത്തനായ ആൾ) കടന്നു വന്നപ്പോൾ നബി ﷺ അയാളോട് വളരെ സൗമ്യമായി പെരുമാറി..... അയാൾ പോയപ്പോൾ ഞാൻ നബി ﷺയോടു ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ താങ്കളല്ലേ അയാളെ പറ്റി അയാൾ തന്റെ കുടുംബത്തിൽ ഏറെ ദുഷിച്ച മനുഷ്യനാണെന്ന് പറഞ്ഞത്? എന്നിട്ട് താങ്കളയാളോട് വളരെ സൗമ്യമായി സംസാരിക്കുകയും ചെയ്തുവല്ലോ. ഇത് എന്ത് കൊണ്ടാണ്? അപ്പോൾ നബി ﷺ അരുളി: ആഇശാ! ജനങ്ങളിൽ ഏറ്റവും ചീത്തമനുഷ്യൻ അവന്റെ ദുഷ്പ്രവൃത്തി ഭയന്ന് ജനങ്ങളാൽ ഉപേക്ഷിക്കപ്പെട്ടവനാണ്. [ബുഖാരി, മുസ്ലിം]

ഉപദേശിച്ചു കൊണ്ടു സംസ്കരിക്കുന്നു

അബൂ ഉമാമ ؓ നിവേദനം: ഒരിക്കൽ ഒരു യുവാവ് നബി ﷺയുടെ അടുക്കലേക്ക് വന്ന് കൊണ്ട് പറഞ്ഞു: റസൂലുല്ലാഹ് 'എന്നെ വ്യഭിചരിക്കാനനുവദിക്കണം' ജനങ്ങൾ ആ യുവാവിനെ നേരെ തിരിഞ്ഞുകൊണ്ട് അവനെ ചീത്ത പറയാൻ തുടങ്ങി. എന്നാൽ നബി ﷺ പറഞ്ഞു: അവനെ എന്റെ അടുത്തേക്ക് കൊണ്ട് വരിക. നബി ﷺയുടെ അടുത്ത് ഇരുന്ന ശേഷം താഴെ കാണുന്ന സംഭാഷണം നടന്നു.

നബി ﷺ: അത് (വ്യഭിചാരം) നിന്റെ മാതാവുമായി ആകുന്നത് നിന

ക്കിഷ്ടമാണോ?

യുവാവ്: അല്ലാഹുവാണെ അല്ല. ഞാൻ അങ്ങേക്ക് പ്രായശ്ചിത്തമായിരിക്കട്ടെ.

നബി ﷺ: എന്നാൽ ജനങ്ങളും അവരുടെ ഉമ്മമാർക്ക് അത് (വ്യഭിചാരം) ഇഷ്ടപ്പെടുന്നില്ല.

നബി ﷺ: അത് നിന്റെ മകളുമായി ആകുന്നത് നിനക്കിഷ്ടമാണോ?

യുവാവ്: അല്ലാഹുവാണെ അല്ല....

നബി ﷺ പറഞ്ഞു: ജനങ്ങളും അവരുടെ പെണ്മക്കൾക്ക് അത് ഇഷ്ടപ്പെടുന്നില്ല. അത് (വ്യഭിചാരം) നിന്റെ സഹോദരിയുമായി ആകുന്നത് നിനക്കിഷ്ടമാണോ?

യുവാവ്: അല്ലാഹുവാണെ സത്യം അല്ല....

നബി ﷺ: എന്നാൽ ജനങ്ങളും അവരുടെ സഹോദരിമാർക്ക് അത് ഇഷ്ടപ്പെടുന്നില്ല. അത് (വ്യഭിചാരം) നിന്റെ പിതൃസഹോദരിമാരുമായി ആകുന്നത് നിനക്കിഷ്ടമാണോ?

യുവാവ്: അല്ലാഹുവാണെ അല്ല....

നബി ﷺ: എന്നാൽ ജനങ്ങളും അവരുടെ പിതൃസഹോദരിക്ക് ഇഷ്ടപ്പെടുന്നില്ല. അത് നിന്റെ മാതൃ സഹോദരിയുമായി ആകുന്നത് നിനക്കിഷ്ടമാണോ?

യുവാവ്: അല്ലാഹുവാണെ അല്ല.....

നബി ﷺ: എന്നാൽ ജനങ്ങളും അവരുടെ മാതൃസഹോദരിമാർക്ക് അത് (വ്യഭിചാരം) ഇഷ്ടപ്പെടുന്നില്ല!.

ശേഷം നബി ﷺ ആ യുവാവിന്റെ തലയിൽ കൈ വെച്ച് കൊണ്ട് പറഞ്ഞു: "അല്ലാഹുവെ നീ അവന്റെ പാപം പൊറുത്തു കൊടുക്കുകയും അവന്റെ ഹൃദയം ശുദ്ധിയാക്കുകയും അവന്റെ ലൈംഗികാവയവത്തെ (വ്യഭിചാരത്തിൽ നിന്നും) സംരക്ഷിക്കുകയും ചെയ്യേണമേ" അതിന് ശേഷം ആ യുവാവിന് വ്യഭിചാരത്തോട് താല്പര്യം തോന്നിയിട്ടില്ല. [അഹ്മദ്, ത്വബ്റാനി]

സംശയരോഗിയെ യുക്തിപരമായി നേരിടുന്നു

അബൂഹുറയ്റ رضي الله عنه നിവേദനം: ബനീ ഫസാറ ഗോത്രക്കാരനായ ഒരാൾ നബി ﷺയുടെ അടുക്കൽ വന്നു പറഞ്ഞു: 'എന്റെ ഭാര്യ കറുത്ത ഒരു കുട്ടിയെയാണ് പ്രസവിച്ചത്. (ഞാൻ അത് എന്റേത് തന്നെയാണോ എന്ന് സംശയിക്കുന്നു) നബി ﷺ അയാളോട് ചോദിച്ചു: നിനക്ക് ഒട്ടകങ്ങളുണ്ടോ? 'അതെ' അയാൾ പറഞ്ഞു. നബി ﷺ ചോദിച്ചു: അവ ഏതെല്ലാം നിറത്തിലുള്ളവയാണ്? അയാൾ പറഞ്ഞു: ചുവപ്പ് നിറം. നബി ﷺ ചോദിച്ചു: അതിൽ ശുദ്ധ കറുപ്പ് നിറത്തിലുള്ളതും അല്ലാത്തവയുമുണ്ടോ?

അയാൾ പറഞ്ഞു: അതെ ആ നിറമുള്ളവയുണ്ട്.

നബി ﷺ ചോദിച്ചു: ആ നിറം എവിടന്ന് വന്നു?

അയാൾ പറഞ്ഞു: 'അത് ഏതോ പരമ്പരയിൽ സംഭവിച്ച വ്യതിയാനമായിരിക്കാം.'

അപ്പോൾ നബി ﷺ പറഞ്ഞു: 'ഇതും ഏതോ പരമ്പരയിൽ സംഭവിച്ച വ്യതിയാനമായിരിക്കാം. [മുസ്‌ലിം]

ഒരു റിപ്പോർട്ടിൽ അയാൾ പിതൃത്വം നിഷേധിക്കാൻ ഉദ്ദേശിക്കുകയായിരുന്നു എന്നും അയാൾക്ക് കുട്ടിയെ നിഷേധിക്കാൻ ഒരു ഇളവും നൽകിയില്ല എന്നും വന്നിരിക്കുന്നു. [മുസ്‌ലിം]

■

നബി ﷺ വീട്ടിൽ

എല്ലാവരും ഒരുമിച്ച് കൂടിയിരുന്നു

അനസ് ؓ പറയുന്നു: നബി ﷺക്ക് ഒമ്പത് ഭാര്യമാരുണ്ടായിരുന്നു. ഒമ്പത് ദിവസം കഴിഞ്ഞിട്ടല്ലാതെ ആദ്യഭാര്യയിലേക്ക് ഊഴമെത്തിയിരുന്നില്ല. ആരുടെ വീട്ടിലേക്കാണോ നബി ﷺ ഒരു ദിവസം വരുന്നത് അന്ന് രാത്രി ഭാര്യമാരെല്ലാം കുറച്ച് സമയം ഒരുമിച്ച് കൂടൽ പതിവായിരുന്നു....[മുസ്‌ലിം]

ഭാര്യമാർക്കിടയിൽ നീതിയിൽ വർത്തിച്ചു

ആഇശ ؓ നിവേദനം: നബി ﷺ ഒരു യാത്ര ചെയ്യാനുദ്ദേശിച്ചാൽ നറുക്കിടുമായിരുന്നു. ഏതു ഭാര്യക്കാണോ നറുക്ക് വീഴുന്നത് അവരുമായി പുറപ്പെടും. ഭാര്യമാർക്കോരോർത്തർക്കുമായി രാത്രിയും പകലും തിരുമേനി ﷺ വിഭജിച്ചു. [തിർമിദി]

രാത്രി നമസ്കരിക്കുകയും വീട്ടുകാരെ പ്രേരിപ്പിക്കുകയും ചെയ്തു

ആഇശ ؓ പറയുന്നു: നബി ﷺ രാത്രി നമസ്കാരം നിർവ്വഹിക്കും ഞാൻ അദ്ദേഹത്തിന്റെ പായയിൽ വിലങ്ങനെ കിടന്നുറങ്ങുന്നുണ്ടാവും. അവിടുന്ന് വിത്ർ നമസ്ക്കരിക്കാനുദ്ദേശിക്കുമ്പോൾ എന്നെ വിളിച്ചുണർത്തുമായിരുന്നു. [ബുഖാരി, മുസ്‌ലിം]

വീട്ടുജോലികളിൽ പത്നിമാരെ സഹായിച്ചു

❒ അസ്‌വദ് ؒ നിവേദനം: നബി ﷺ വീട്ടിൽ എന്തൊക്കെ ജോലികളാണ് ചെയ്തിരുന്നതെന്ന് ഞാൻ ആഇശ ؓയോടു ചോദിച്ചു. അവർ പറഞ്ഞു: നബി ﷺ വീട്ടു ജോലികളിൽ തന്റെ ഭാര്യമാരെ സഹായിക്കുമായിരുന്നു. എന്നാൽ നമസ്കാരത്തിന് സമയമായാൽ തിരുമേനി ﷺ (ജോലിനിർത്തി)

നമസ്കാരത്തിന്നായി പുറപ്പെടുമായിരുന്നു. [ബുഖാരി, തിർമിദി, അഹ്മദ്]

❒ ആഇശ رضي الله عنها പറയുന്നു: നബി ﷺ വീട്ടിൽ എന്തെല്ലാം ജോലി ചെയ്യുമായിരുന്നു എന്ന് അവരോട് ചോദിക്കുകയുണ്ടായി. അവർ പറഞ്ഞു: തിരുമേനി ﷺ തന്റെ വസ്ത്രവും ചെരുപ്പും തുന്നുമായിരുന്നു. വീടുകളിൽ പുരുഷന്മാർ ചെയ്യുന്ന ജോലികളെല്ലാം ചെയ്യുമായിരുന്നു. [അഹ്മദ്]

നബി ﷺയുടെ രാത്രി നമസ്കാരം

അസ്വദ് رضي الله عنه നിവേദനം: നബി ﷺയുടെ രാത്രി നമസ്ക്കാരം എങ്ങനെയായിരുന്നെന്ന് ഞാൻ ആഇശ رضي الله عنها യോട് ചോദിച്ചു. അവർ പറഞ്ഞു: തിരുമേനി ﷺ രാവിന്റെ ആദ്യത്തിൽ ഉറങ്ങുകയും അന്ത്യത്തിൽ എഴുന്നേറ്റു നമസ്ക്കരിക്കുകയും ചെയ്യും. നമസ്ക്കാര ശേഷം നബി ﷺ വിരിപ്പിലേക്ക് തന്നെ മടങ്ങും. ബാങ്ക് വിളിക്കുന്നത് കേട്ടാൽ അവിടുന്ന് എഴുന്നേൽക്കും. കുളിക്കേണ്ടതുണ്ടെങ്കിൽ കുളിക്കും. ഇല്ലെങ്കിൽ അംഗശുദ്ധി വരുത്തി (പള്ളിയിലേക്ക്) പോകും. [ബുഖാരി, മുസ്ലിം]

■

നബി ﷺയും പൂർവ്വ പ്രവാചകന്മാരും

മൂസാ നബി عليه السلام (മോശെ പ്രവാചകൻ)

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: നബി ﷺ മദീനയിൽ പ്രവേശിച്ചു. അപ്പോൾ ആശൂറാഅ് ദിവസം ജൂതന്മാർ നോമ്പനുഷ്ഠിക്കുന്നത് നബി ﷺ കണ്ടു. അപ്പോൾ തിരുമേനി ﷺ ചോദിച്ചു. ഇതെന്താണ്? ഒരു പുണ്യ ദിന മാണിന്ന്. "അല്ലാഹു ഇസ്റാഈൽ സന്തതികളെ അവരുടെ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുത്തിയ ദിനം." മൂസാനബി عليه السلام ഈ ദിവസത്തിൽ നോമ്പ നുഷ്ഠിച്ചിട്ടുണ്ട്. നബി ﷺ പറഞ്ഞു: മൂസാനബിയുമായി നിങ്ങളേക്കാൾ കൂടുതൽ ബന്ധമുള്ളവൻ ഞാനാണ്. എന്നിട്ട് നബി ﷺ വ്രതമനുഷ്ഠിക്കു കയും വ്രതമനുഷ്ഠിക്കാൻ കല്പിക്കുകയും ചെയ്തു. [ബുഖാരി, മുസ്ലിം]

ദാവൂദ് നബി عليه السلام (ദാവീദ് പ്രവാചകൻ)

അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ് رضي الله عنه പറയുന്നു: നബി ﷺ പറയുന്നു: അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട നമസ്ക്കാരം ദാവൂദ് നബി عليه السلام യുടെ നമസ്ക്കാരമാണ്. അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട നോമ്പ് ദാവൂദ് عليه السلام ന്റെ നോമ്പാണ്. രാത്രി പകുതി അദ്ദേഹം ഉറങ്ങുമായിരുന്നു. മൂന്നിലൊന്നു ഭാഗം നമസ്ക്കരിക്കുകയും ആറിലൊരു ഭാഗം ഉറങ്ങുകയും ചെയ്യുമായിരുന്നു. ഒരു ദിവസം നോമ്പനുഷ്ഠിക്കുകയും ഒരു ദിവസം നോമ്പ് അനുഷ്ഠിക്കാതിരിക്കുകയും ചെയ്തിരുന്നു. [ബുഖാരി, മുസ്ലി]

ഇബ്രാഹിം നബി عليه السلام (അബ്രഹാം പ്രവാചകൻ)

അനസ് رضي الله عنه നിവേദനം: ഒരാൾ നബി ﷺയുടെ അടുത്ത് വന്ന് പറഞ്ഞു: 'സൃഷ്ടികളിൽ ഉത്തമാ' അപ്പോൾ റസൂൽ ﷺ പറഞ്ഞു: അത് ഇബ്റാഹീം عليه السلام ആണ്. [മുസ്ലിം]

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: എന്റെ നിശാ

പ്രയാണത്തിൽ.... ഇബ്റാഹിം നബി ﷺ നെ ഞാൻ കണ്ടു. അദ്ദേഹത്തിന്റെ സന്തതികളിൽ വെച്ച് അദ്ദേഹത്തോട് ഏറ്റവും സാദൃശ്യമുള്ളവൻ ഞാനാണ്...[ബുഖാരി]

യൂനുസ് നബി ﷺ (യോനാ പ്രവാചകൻ)

അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ അരുളി: ഞാൻ യൂനുസുബ്നു മതായെക്കാൾ ശ്രേഷ്ഠനാണെന്ന് പറയാൻ ആർക്കും അവകാശമില്ല. [ബുഖാരി, മുസ്ലിം]

യൂസുഫ് നബി ﷺ (യാക്കോബിന്റെ പുത്രൻ യോസേഫ്)

അബൂഹുറയ്റ ﷺ പറയുന്നു: അല്ലാഹുവിന്റെ റസൂലേ ആരാണ് ജനങ്ങളിൽ ഏറ്റവും ആദരണീയൻ എന്ന് ചോദിച്ചപ്പോൾ നബി ﷺ പറഞ്ഞു: "അവരിലെ ഏറ്റവും കൂടുതൽ സൂക്ഷ്മതയുള്ളവൻ"

അവർ പറഞ്ഞു: അതിനെ കുറിച്ചല്ല ഞങ്ങൾ ചോദിച്ചത്!

നബി ﷺ പറഞ്ഞു: അല്ലാഹുവിന്റെ ഖലീലിന്റെ (ഇബ്രാഹീം നബി) പുത്രനായ; അല്ലാഹുവിന്റെ പ്രവാചകന്റെ (ഇസ്ഹാഖ്) പുത്രൻ അല്ലാഹുവിന്റെ പ്രവാചകന്റെ (യഅ്ഖൂബ്) പുത്രൻ അല്ലാഹുവിന്റെ പ്രവാചകൻ യൂസുഫ് ﷺ...[ബുഖാരി, മുസ്ലിം]

യഹ്യാ നബി ﷺ (സ്നാപകയോഹന്നാൻ)

അൽഹാരിസ അൽ അശ്അരി ﷺ നിവേദനം: സകരിയ്യാ ﷺ യുടെ മകൻ യഹ്യാ ﷺ തന്റെ ജനതയോടു പറഞ്ഞതായി നബി ﷺ പറയുന്നു: "തീർച്ചയായും അല്ലാഹു നിങ്ങളെ സൃഷ്ടിക്കുകയും നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. അതിനാൽ അവനെ (മാത്രം) നിങ്ങൾ ആരാധിക്കുക അവനിൽ നിങ്ങൾ യാതൊന്നിനേയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക. [അഹ്മദ്, ഇബ്നു ഖുസൈമ, ഇബ്നു ഹിബ്ബാൻ]

■

നബി ﷺ യും യേശു ക്രിസ്തുവും

യേശുവിന്റെ മാതാവിന്റെ മഹത്വം

❒ അലി رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. "ദുൻയാവിലെ സ്ത്രീകളിൽ ഏറ്റവും ഉത്തമ മർയമായിരുന്നു. അത്പോലെ ഈ സമുദായത്തിലെ ഏറ്റവും ഉത്തമ സ്ത്രീ ഖദീജയാകുന്നു. [ബുഖാരി, മുസ്‌ലിം]

❒ അബൂ മൂസാ رضي الله عنه നിവേദനം: നബി ﷺ അരുളി: പുരുഷന്മാരിൽ പൂർണ്ണതയുള്ളവരായി കുറെ പേർ കഴിഞ്ഞു പോയിട്ടുണ്ട്. എന്നാൽ സ്ത്രീകളിൽ പൂർണ്ണതയിലെത്തിയവർ ഫിർഔന്റെ (ഫറോവയുടെ) ഭാര്യ ആസിയയും ഇംറാന്റെ മകൾ മർയമും മാത്രമാണ്. എന്നാൽ മറ്റു സ്ത്രീകളിൽ ആയിശയുടെ മഹത്വം മറ്റു ഭക്ഷണങ്ങളെക്കാൾ ഥരീദിനുള്ള (റൊട്ടി പൊടിച്ച് ഇറച്ചിയും കറിയും ചേർത്ത് വേവിക്കുന്ന ഭക്ഷണം) മഹത്വമാണ് [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു അബ്ബാസ് رضي الله عنهما നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ ഭൂമിയിൽ നാല് വരകൾ വരച്ചു. ശേഷം പറഞ്ഞു: നിങ്ങൾക്കറിയുമോ ഇത് എന്താണെന്ന്? അവർ പറഞ്ഞു: അല്ലാഹുവിനും റസൂലിനും കൂടുതൽ അറിയാം. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: സ്വർഗാർഹരായ സ്ത്രീകളിൽ ശ്രേഷ്ഠരായ ഖുവയ്‌ലിദിന്റെ മകൾ ഖദീജ رضي الله عنها, മുഹമ്മദിന്റെ മകൾ ഫാത്വിമ رضي الله عنها, ഇംറാന്റെ മകൾ മർയം رضي الله عنها, മുസാഹിമിന്റെ മകളും ഫറോവയുടെ ഭാര്യയുമായ ആസിയ رضي الله عنها എന്നിവരാണ്. [ഹാകിം]

ഏറ്റവും ആത്മബന്ധമുള്ള നബി

അബൂഹുറയ്റഃ നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറയുന്നതായി ഞാൻ കേട്ടു. "ഈസബ്നു മർയമിനോട് ജനങ്ങളിൽ ഇഹലോകത്തും പരലോകത്തും ഏറ്റവും അടുത്തവൻ ഞാനാണ്. അവർ(സ്വഹാബികൾ) ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ അത് എങ്ങനെയാണ്?

തിരുമേനിﷺ പറഞ്ഞു: എല്ലാ നബിമാരും ഒരു പിതാവിൽ നിന്നുള്ള സഹോദരങ്ങളാണ്. അവരുടെ ഉമ്മമാർ വ്യത്യസ്തരുമാണ്. അവരുടെ ആദർശം ഒന്നാണ്. ഞങ്ങൾ രണ്ട് പേർക്കിടയിൽ ഒരു നബിയും ഇല്ല. [ബുഖാരി, മുസ്ലിം]

യേശുക്രിസ്തു, അല്ലാഹുവിന്റെ അടിമയും ദൂതനും വചനവും

ഉബാദത്ത് ബ്നു സ്വാമിത്റഃ നിവേദനം. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "യഥാർത്ഥ ആരാധ്യനായി അല്ലാഹു അല്ലാതെ മാറ്റാരുമില്ലെന്നും അവന് യാതൊരു പങ്കുകാരുമില്ലെന്നും, തീർച്ചയായും മുഹമ്മദ് അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും, ഈസാ അല്ലാഹുവിന്റെ ദാസനും ദൂതനും മർയമിലേക്ക് അവൻ ഇട്ട് കൊടുത്ത അവന്റെ വചനവും അവനിൽ നിന്നുള്ള ആത്മാവുമാണെന്നും, സ്വർഗം സത്യമാണെന്നും, നരകം സത്യമാണെന്നും, ആര് സാക്ഷ്യം വഹിച്ചുവോ അവനെ താൻ ചെയ്ത പ്രവർത്തനങ്ങൾക്കനുസരിച്ചുള്ള (പദവികളിലായി) അല്ലാഹു സ്വർഗത്തിൽ പ്രവേശിപ്പിക്കും. [ബുഖാരി, മുസ്ലിം]

യേശുക്രിസ്തുവിന് പൈശാചിക സ്പർശത്തിൽ നിന്ന് സുരക്ഷിതത്വം

അബൂഹുറയ്റഃ പറയുന്നു: നബിﷺ പറഞ്ഞു: ഏതൊരു മനുഷ്യ കുഞ്ഞ് ജനിക്കുമ്പോഴും പിശാചിന്റെ സ്പർശം കാരണം നിലവിളിച്ചുകൊണ്ടല്ലാതെ പിറന്നു വീഴുന്നില്ല. മർയം അവരുടെ പുത്രനും ഒഴികെ. (മർയമിന്റെ മാതാവ് ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു) അനന്തരം അബൂഹുറയ്റഃ ഖുർആൻ വാക്യം ഉദ്ധരിച്ചു. "ശപിക്കപ്പെട്ട പിശാചിൽ നിന്ന് അവളെയും അവളുടെ സന്തതികളെയും രക്ഷിക്കാനായി നിന്നോട് ഞാൻ ശരണം തേടുന്നു" (വിശുദ്ധ ഖുർആൻ 3/36) [ബുഖാരി, മുസ്ലിം, അഹ്മദ്]

ശരീര ഘടന

❒ അബൂഹുറയ്റഃ പറയുന്നു: നബിﷺ പറഞ്ഞു: എന്റെ രാപ്രയാണത്തിൽ മൂസാഅ ഞാൻ കാണുകയുണ്ടായി. അദ്ദേഹം ശനൂഅ ഗോത്രത്തിൽ പെട്ട പുരുഷന്മാരെ പോലെ ഒത്ത തടിയുള്ള ഒരു മനുഷ്യനാണ്. ഈസഅയെയും ഞാൻ കണ്ടു. അദ്ദേഹം ചുവപ്പ് നിറത്തിലുള്ള ഒരു ഒത്ത

മനുഷ്യനാണ്. അറയിൽ നിന്ന് പുറത്ത് വരുന്നവനെ പോലെ....[ബുഖാരി, മുസ്‌ലിം]

❐ ഇബ്നു ഉമർ رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: ഞാൻ ഈസ عليه السلام യെയും മൂസാ عليه السلام യെയും ഇബ്റാഹിം عليه السلام നെയും കണ്ടു. ഈസാ ചുവപ്പ് നിറവും ചുരുണ്ട മുടിയും വിടർന്ന നെഞ്ചുമുള്ളയാളായിരുന്നു. മൂസയാകട്ടെ തടിച്ച നിറമുള്ള ചുരുളാത്ത മുടിയുള്ളയാളായിരുന്നു. സ്വുത്ത് പ്രദേശത്ത്കാരെ പോലെ. [ബുഖാരി]

ക്രിസ്തുവിന്റെ രണ്ടാം വരവ്

അബൂഹുറയ്റ رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ, അവനെകൊണ്ട് സത്യം! മർയമിന്റെ പുത്രൻ നീതിയും ന്യായവും നടപ്പിൽ വരുത്തികൊണ്ട് അടുത്ത് തന്നെ നിങ്ങളിൽ വന്നിറങ്ങും എന്നിട്ട് കുരിശ് തകർത്തു കളയുകയും (ക്രൈസ്തവ വിത വണ്ഡവാദങ്ങളെ എതിർക്കും) പന്നിയെ കൊല്ലുകയും, ജിസ്യ എടുത്ത് കളയുകയും ചെയ്യും. അന്ന് ധനം ഒഴുകുവാൻ തുടങ്ങും പക്ഷെ അത് സ്വീകരിക്കാൻ ആരും ഉണ്ടായിരിക്കുകയില്ല. [ബുഖാരി, മുസ്‌ലിം]

ദജ്ജാലിനെ വധിക്കും

അന്നവാസ് ഇബ്നു സംആനിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു:.... അന്നേരം അല്ലാഹു മസീഹ്ബ്നുമർയമിനെ നിയോഗിക്കും. ദിമശ്കസിന്റെ കിഴക്കുള്ള അൽമനാറത്തുൽ ബയ്ദാഇന്നരികിൽ മഞ്ഞ വർണ്ണമുള്ള രണ്ട് വസ്ത്രങ്ങളിലായി രണ്ട് മലക്കുകളുടെ ചിറകുകളിൽ കൈ വെച്ച് അദ്ദേഹം വന്നിറങ്ങും. അദ്ദേഹം തല താഴ്ത്തിയാൽ വെള്ള ത്തുള്ളികൾ ഉറ്റിവീഴും. തല ഉയർത്തിയാലോ തിളക്കമാർന്ന മുത്തുകൾ അദ്ദേഹത്തിൽ നിന്ന് ഉതിർന്ന് വീഴും. അദ്ദേഹത്തിൽ നിന്നുള്ള നിശ്വാ സത്തിന്റെ മണമടിക്കുന്ന യാതൊരു കാഫിറിനും മരിക്കുകയല്ലാതെ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ നിശ്വാസമാകട്ടെ അദ്ദേഹത്തിന്റെ ദൃഷ്ടി എത്തുന്നേടത്ത് ചെന്നെത്തും. അങ്ങനെ അദ്ദേഹം ദജ്ജാലിനെ അന്വേ ഷിക്കുകയും ബാബുലുദ്ദീൽ ദജ്ജാലിനെ കണ്ടുമുട്ടുകയും വധിക്കുകയും ചെയ്യും. [മുസ്‌ലിം]

മുഹമ്മദ് നബി ﷺ യുടെ ശരീഅത്തിലായിരിക്കും

ജാബിറുബ്നു അബദില്ല رضي الله عنه പറയുന്നു. നബി ﷺ പറയുന്നത് ഞാൻ കേട്ടു. "എന്റെ സമുദായത്തിലൊരു വിഭാഗം സത്യത്തിൽ ഉറച്ച് നിന്ന് അന്ത്യനാള് വരെ പോരാടികൊണ്ടിരിക്കും. അങ്ങനെ മർയമിന്റെ പുത്രൻ ഈസാ عليه السلام ഇറങ്ങിവരും. അപ്പോൾ അവരുടെ നേതാവ് അദ്ദേഹത്തോട്

പറയും താങ്കൾ വന്ന് ഞങ്ങൾക്ക് പ്രാർത്ഥനക്ക് നേതൃത്വം നൽകണം അപ്പോഴദ്ദേഹം പറയും ഇല്ല ഈ സമുദായത്തോടുള്ള അല്ലാഹുവിന്റെ ആദരവെന്നോണം നിങ്ങളിൽ ചിലർ ചിലർക്ക് ഇമാമാകണം. [മുസ്‌ലിം, അഹ്മദ്]

ഹജ്ജും ഉംറയും നിർവ്വഹിക്കും

അബൂഹുറയ്റ ﵁ നിവേദനം: മുഹമ്മദ് നബിﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ സത്യം! റൗദാഹ് എന്ന മലമ്പാതയിൽ വെച്ച് ഹജ്ജ് നിർവ്വഹിക്കുന്നവനായോ, ഉംറ നിർവ്വഹിക്കുന്നവനായോ, ഹജ്ജും ഉംറയും ഒന്നിച്ച് നിർവഹിക്കുന്നവനായോ മർയമിന്റെ പുത്രൻ തൽബിയത്ത് പ്രഖ്യാപിക്കുന്നതാണ്. [മുസ്‌ലിം]

യേശുക്രിസ്തുവിന്റെ മരണം

അബൂഹുറയ്റ ﵁ നിവേദനം: നബിﷺ പറഞ്ഞു:..... അങ്ങനെ ഈസ ഭൂമിയിൽ നാല്പതു വർഷം താമസിക്കുകയും ശേഷം മരണം വരിക്കുകയും ചെയ്യും. അപ്പോൾ അദ്ദേഹത്തിന് മുസ്‌ലിംകൾ ജനാസ: (മരണപ്പെട്ടവർക്ക് വേണ്ടിയുള്ള നമസ്കാരം) നമസ്കരിക്കും. [അഹ്മദ്]

■

നബി ﷺയിലൂടെ വെളിപെട്ട അൽഭുതങ്ങൾ

വിശുദ്ധ ഖുർആൻ, ലോകവാസാനം വരെ നിലനിൽക്കുന്ന അൽഭുത ദൃഷ്ടാന്തം

അബൂഹുറയ്റ رضي الله عنه പറയുന്നു. നബി ﷺ പറഞ്ഞു: മനുഷ്യരിൽ വിശ്വാസം ഉണ്ടാക്കാൻ പര്യാപ്തമായ ദൃഷ്ടാന്തങ്ങൾ നൽകപ്പെടാത്ത ഒരു പ്രവാചകനും കടന്നു പോയിട്ടില്ല. എനിക്ക് ലഭിച്ചത് അല്ലാഹുവിൽ നിന്നുള്ള ബോധനമാകുന്നു. (ഖുർആനാകുന്നു)....[ബുഖാരി, മുസ്ലിം]

ഇസ്റാഅ്, മിഅ്റാജ്

അനസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: എന്റെ അടുക്കൽ ബുറാക്കിനെ കൊണ്ടുവരപ്പെട്ടു. അത് കഴുതയേക്കാൾ നീളം കൂടിയതും, കോവർ കഴുതയേക്കാൾ നീളം കുറഞ്ഞതുമായ ഒരു വെളുത്ത മൃഗമാണ്. അത് ദൃഷ്ടി എത്തുന്നതിന്റെ അങ്ങേ അറ്റത്താണ് (ഓടുമ്പോൾ) കൈക്കാലുകൾ എടുത്തു വെക്കുക. അനന്തരം ഞാനതിന്റെ പുറത്ത് കയറി ബൈത്തുൽ മുഖദ്ദസ്സിൽ ചെന്നു. എന്നിട്ട് പ്രവാചകന്മാർ അവരുടെ വാഹനങ്ങൾ ബന്ധിക്കുന്ന കണ്ണിയിൽ അതിനെ ഞാൻ കെട്ടിയിട്ടു. അനന്തരം ഞാൻ അവിടത്തെ പള്ളിയിൽ പ്രവേശിച്ച് രണ്ട് റകഅത്ത് നമസ്കരിക്കുകയും, ശേഷം പുറത്തിറങ്ങുകയും ചെയ്തു. അപ്പോൾ ജിബ്രീൽ അ പറഞ്ഞു: 'താങ്കൾ ഇസ്ലാമിന്റെ അടയാളങ്ങൾ തെരഞ്ഞെടുത്തു' അനന്തരം ജിബ്രീൽ عليه السلام എന്നേയും കൊണ്ട് ആകാശത്തേക്ക് ഉയരുകയും എന്നിട്ട് (അതിന്റെ കവാടം) തുടക്കാൻ ആവശ്യപ്പെടുകയും ചെയ്തു....[മുസ്ലിം]

സിദ്റത്തുൽ മുൻതഹ

അബ്ദുല്ലാഹ് رضي الله عنه നിവേദനം: നബി ﷺ യുടെ നിശാ യാത്രയിൽ സിദ്റത്തുൽ മുൻതഹ വരെ തിരുമേനി ﷺയെ കൊണ്ടു പോവുകയുണ്ടായി.

അത് ആറാം ആകാശത്താണ് സ്ഥിതി ചെയ്യുന്നത്.

ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുന്ന കാര്യങ്ങൾ അവിടെയാണ് ചെന്ന് അവസാനിക്കുന്നത്.... അനന്തരം (അവിടെവെച്ച്) നബി ﷺ ക്ക് മൂന്ന് കാര്യങ്ങൾ നൽകപ്പെടുകയുണ്ടായി. അതായത് നമസ്കാരം, അൽബഖറ അദ്ധ്യായത്തിലെ അവസാന ഭാഗം, തിരുമേനി ﷺ യുടെ സമുദായത്തിൽ നിന്നും അല്ലാഹുവിന്ന് യാതൊന്നിനേയും പങ്ക് ചേർക്കാത്തവർക്ക് മഹാ പാപങ്ങൾ പൊറുത്തു കൊടുക്കുന്നതാണ് എന്നിവയാണത്. [മുസ്ലിം]

ബൈത്തുൽ മുഖദ്ദിസ് ദൃശ്യമാക്കി കൊടുത്തത്

ജാബിറുബ്നു അബ്ദുല്ല رضي الله عنه പറയുന്നു: നബി ﷺ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഖുറൈശികൾ എന്നെ കളവാക്കിയപ്പോൾ (രാപ്രയാണം നിഷേധിച്ചപ്പോൾ) ഞാൻ കഅ്ബയിലെ ഹത്തീമിൽ പോയി നിന്നു. അപ്പോൾ അല്ലാഹു എനിക്ക് ബൈത്തുൽ മുഖദ്ദസ് ദൃശ്യമാക്കിയിരുന്നു. അങ്ങോട്ട് നോക്കികൊണ്ട് അതിലെ ദൃഷ്ടാന്തങ്ങൾ ഞാൻ അവർക്ക് വിവരിച്ചു കൊടുക്കാൻ തുടങ്ങി. [ബുഖാരി, മുസ്ലിം]

ചന്ദ്രൻ പിളർന്നത്

❒ അനസ് رضي الله عنه നിവേദനം: മക്കക്കാർ റസൂൽ ﷺ യോട് അവർക്കൊരു ദൃഷ്ടാന്തം കാണിച്ച് കൊടുക്കാൻ ആവശ്യപ്പെട്ടു. തിരുമേനി ﷺ അവർക്ക് ചന്ദ്രൻ പിളർന്നത് കാണിച്ചു കൊടുത്തു. [ബുഖാരി, മുസ്ലിം]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ യുടെ കാലത്ത് ചന്ദ്രൻ രണ്ടായി പിളർന്നു. അപ്പോൾ നബി ﷺ അരുളി: നിങ്ങൾ നോക്കി കാണുക (നിങ്ങൾ സാക്ഷ്യം വഹിക്കുക). [ബുഖാരി, മുസ്ലിം]

മഴവർഷിച്ചത്

അനസ് رضي الله عنه പറയുന്നു. നബി ﷺ യുടെ കാലത്ത് ജനങ്ങൾക്ക് വരൾച്ച ബാധിച്ചു. അങ്ങനെ നബി ﷺ ഒരു വെള്ളിയാഴ്ച ദിവസം ഖുതുബ നിർവഹിച്ചുകൊണ്ടിരിക്കെ, ഒരു ഗ്രാമീണ അറബി എഴുന്നേറ്റു നിന്ന് കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, സമ്പത്തെല്ലാം നശിച്ചു. കുടുംബങ്ങളെല്ലാം പട്ടിണിയിലായി. അതിനാൽ അല്ലാഹുവിനോട് പ്രാർത്ഥിച്ചാലും. അപ്പോൾ നബി ﷺ രണ്ട് കൈകളും മേല്പോട്ട് ഉയർത്തി.... നബി ﷺ തന്റെ കൈകൾ താഴ്ത്തി കഴിഞ്ഞില്ല. അപ്പോഴേക്കും പർവ്വതങ്ങളെ പോലെ മേഘപടലങ്ങൾ ആകാശത്ത് പ്രത്യക്ഷപെട്ട് ചലിക്കാൻ തുടങ്ങി. അവസാനം നബി ﷺ പ്രസംഗപീഠത്തിൽ നിന്ന് ഇറങ്ങി കഴിഞ്ഞില്ല. അപ്പോഴേക്ക് നബി ﷺ യുടെ താടിയിലൂടെ മഴവെള്ളം ഒലിച്ച് വീഴുന്നത് ഞാൻ കണ്ടു....

അടുത്ത വെള്ളിയാഴ്ച വരേക്കും മഴ തുടർന്നു. ആ ഗ്രാമീണൻ അല്ലെങ്കിൽ മറ്റൊരു ഗ്രാമീണൻ എഴുന്നേറ്റ് നിന്ന് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ കെട്ടിടങ്ങൾ വീണു കഴിഞ്ഞു. ധനം വെള്ളത്തിലാണ്ടു. അതിനാൽ അവിടുന്ന് ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചാലും. ഉടനെ നബിﷺ രണ്ട് കൈകളും ഉയർത്തിയിട്ട് "അല്ലാഹുവേ ഞങ്ങളുടെ ചുറ്റുഭാഗവും മഴവർഷിപ്പിക്കേണമേ, ഞങ്ങളിൽ മഴ വർഷിപ്പിക്കുന്നത് നിർത്തേണമേ എന്ന് പ്രാർത്ഥിച്ചു. അങ്ങനെ നബിﷺ കൈ ചൂണ്ടിക്കാണിച്ച ഭാഗങ്ങളിലുള്ള മേഘങ്ങളെല്ലാം അവിടം വിട്ട് നീങ്ങാൻ തുടങ്ങി. മദീന ഒരു തടാകം പോലെ ആയിത്തീർന്നു. മലഞ്ചെരുവുകളിലെ അരുവികൾ ഒരു മാസം വരെ ഒഴുകികൊണ്ടിരുന്നു. എല്ലാ ഭാഗങ്ങളിൽ നിന്ന് വന്നവരും മഴയുടെ സമൃദ്ധിയെകുറിച്ച് സംസാരിക്കാൻ തുടങ്ങി. [ബുഖാരി, മുസ്‌ലിം]

വിരലുകളിൽ നിന്ന് നീരുറവ

❒ അനസ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ അസ്ർ നമസ്ക്കാരത്തിന് സമയമായപ്പോൾ ഞാൻ നബിﷺയെ കണ്ടു. ജനങ്ങളെല്ലാം വുദു എടുക്കാൻ വെള്ളം തേടിയെങ്കിലും വെള്ളം കിട്ടിയില്ല. അപ്പോൾ റസൂൽﷺന്റെ അടുക്കൽ വുദുവെടുക്കാനുള്ള വെള്ളം കൊണ്ട് വരപ്പെട്ടു. റസൂൽﷺ ആ പാത്രത്തിൽ കൈവെച്ചു. ജനങ്ങളോട് അതിൽ നിന്ന് വുദു ചെയ്യാൻ കല്പിച്ചു." അനസ് ﷺ തുടരുന്നു. "തിരുമേനിﷺയുടെ വിരലുകൾക്കിടയിൽ നിന്നും വെള്ളം ഉറവെടുക്കുന്നത് ഞാൻ കണ്ടു. അങ്ങനെ അവരെല്ലാവരും വുദുവെടുത്തു. [ബുഖാരി, മുസ്‌ലിം]

❒ ജാബിറുബ്നു അബ്ദില്ല ﷺ നിവേദനം: ഹുദൈബിയ സന്ധിയുടെ ദിവസം. ജനങ്ങൾക്കെല്ലാം ദാഹിച്ചു. നബിﷺയുടെ മുമ്പിൽ ചെറിയ ഒരു തോൽപാത്രത്തിൽ വെള്ളമുണ്ടായിരുന്നു. തിരുമേനിﷺ അതിൽ നിന്നും വുദു എടുത്തു. ആളുകൾ ആ പാത്രത്തിന് നേരെ ധൃതിപെട്ടുവരുന്നത് കണ്ടപ്പോൾ തിരുമേനിﷺ ചോദിച്ചു: എന്ത് വേണം നിങ്ങൾക്ക്? അവർ പറഞ്ഞു: അങ്ങയുടെ മുമ്പിലുള്ള ഈ വെള്ളമല്ലാതെ കുടിക്കുവാനോ വുദു എടുക്കുവാനോ ഞങ്ങൾക്കാർക്കും വെള്ളമേയില്ല. അപ്പോൾ തിരുമേനിﷺ തന്റെ കൈ ആ തോല്പാത്രത്തിൽ വെച്ചു. തിരുമേനിﷺയുടെ വിരലുകൾക്കിടയിലൂടെ നീർച്ചാലുകൾ പോലെ വെള്ളം പൊട്ടി ഒഴുകാൻ തുടങ്ങി. ഞങ്ങളെല്ലാവരും കുടിക്കുകയും വുദുഎടുക്കുകയും ചെയ്തു. ഞാൻ ചോദിച്ചു: നിങ്ങൾ എത്ര പേരുണ്ടായിരുന്നു? അദ്ദേഹം പറഞ്ഞു: ഒരു ലക്ഷം പേരുണ്ടായിരുന്നെങ്കിലും ഞങ്ങൾക്ക് തികയുമായിരുന്നു. ഉണ്ടായിരുന്നത് ആയിരത്തഞ്ഞൂറ് ആളുകളായിരുന്നു. [ബുഖാരി, മുസ്‌ലിം]

ഭക്ഷണം അധികരിപ്പിച്ചത്

അനസ്ؓ നിവേദനം:.... അബൂ ത്വൽഹയുടെ കൂടെ വന്ന റസൂൽﷺ ഉമ്മു സുലൈമിനോടായി പറഞ്ഞു: നീ ഉണ്ടാക്കിയ റൊട്ടി കൊണ്ട് വാ" ഉമ്മുസുലൈംؓ ആ റൊട്ടി എടുത്തു കൊണ്ട് വന്നു. അപ്പോൾ അത് ചെറിയ തുണ്ടുകളായി മുറിക്കാൻ റസൂൽﷺ കല്പിച്ചു. ഉമ്മു സുലൈം ഒരു ചെറിയ തോൽപാത്രത്തിലുള്ളത് (നെയ്യോ തേനോ) ഞെക്കി പുറത്തെടുത്ത് ആ റൊട്ടിയിൽ പുരട്ടി. പിന്നീട് ആ ഭക്ഷണം മുമ്പിൽ വെച്ച് അല്ലാഹു ഉദ്ദേശിച്ച എന്തോ വാക്കുകൾ റസൂൽﷺ ഉരുവിട്ടു. പിന്നീട് തിരുമേനിﷺ പറഞ്ഞു: പത്തുപേർക്ക് നീ (ഭക്ഷണം കഴിക്കാൻ) അനുവാദം കൊടുക്കുക. അങ്ങനെ അബൂ ത്വൽഹ അനുവാദം കൊടുത്തു. അവർ വയറു നിറയെ തിന്ന ശേഷം പിന്നെയും പത്തുപേർ. അതും കഴിഞ്ഞു പത്തുപേർ, അങ്ങനെ എഴുപതോ, എൺപതോ വരുന്ന ആളുകൾ മുഴുവനും വയറ് നിറയെ ഭക്ഷണം കഴിച്ചു. [ബുഖാരി, മുസ്‌ലിം, തിർമിദി]

മുറിവ് സുഖപെടുത്തി

സലമത്തുബ്നുൽ അക്വഅ്ؓ നിവേദനം: ഖൈബർ യുദ്ധ ദിവസം എന്റെ കാലിന് വെട്ടേറ്റു. ഞാൻ നബിﷺയുടെ അടുത്തു ചെന്നു. അപ്പോൾ നബിﷺ ആ മുറിവിലേക്ക് മൂന്ന് തവണ ഊതി. പിന്നെ ഈ നിമിഷം വരെയും എനിക്കവിടെ വേദനിച്ചിട്ടില്ല. [ബുഖാരി]

രോഗ ശമനം

സഅ്ലുബ്നു സഅദ്ؓ നിവേദനം:.... തിരുമേനിﷺ ചോദിച്ചു: എവിടെയാണ് അബൂത്വാലിബിന്റെ മകൻ അലി? സ്വഹാബികൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ അദ്ദേഹത്തിന് അസുഖമാണ്... അങ്ങനെ നബിﷺയുടെ അടുത്തേക്ക് അലിؓ വന്നപ്പോൾ തിരുമേനിﷺ അദ്ദേഹത്തിന്റെ രണ്ട് കണ്ണിലേക്കും ഉമിനീർ ആക്കുകയും രോഗം സുഖപ്പെടാൻ വേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കുകയും ചെയ്തു. അദ്ദേഹത്തിന് വേദനയുണ്ടാവാത്ത രൂപത്തിൽ രോഗം സുഖപെടുകയും പതാക അദ്ദേഹത്തെ ഏല്പിക്കുകയും ചെയ്തു.....[ബുഖാരി]

അബൂഹുറയ്റؓയുടെ മറവി

അബൂഹുറയ്റؓ പറയുന്നു. ഞാൻ അല്ലാഹുവിന്റെ റസൂലിനോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ഞാൻ അങ്ങയിൽ നിന്ന് ധാരാളം ഹദീസുകൾ കേൾക്കുന്നു. പക്ഷെ പലതും മറക്കുന്നുവല്ലോ? തിരുമേനിﷺ പറഞ്ഞു: നിന്റെ പുതപ്പ് വിരിക്കൂ. അപ്പോൾ ഞാനത് വിരിച്ചു. അപ്പോൾ പ്രവാചകൻﷺ ഇരു കൈകൊണ്ടും കോരിയെടുക്കുന്നത് പോലെ കാണിച്ചു. എന്നിട്ട് പറഞ്ഞു: നീ അത് ചുരുട്ടി (നെഞ്ചോട്) ചേർത്തുപിടിക്കുക. ഞാൻ

അപ്രകാരം ചേർത്തു പിടിച്ചു. പിന്നീട് ഞാനൊന്നും മറന്നിട്ടില്ല. [ബുഖാരി]

ജിബ്‌രീലും മീഖായിലും

സഅദ്ബ്നു അബീ വഖാസ്ﷺ പറയുന്നു: ഞാൻ ഉഹ്ദ് യുദ്ധ വേളയിൽ നബിﷺയോടൊപ്പം രണ്ടാളുകളെ കണ്ടു. വെളുത്ത വസ്ത്രമാ യിരുന്നു അവർ ധരിച്ചിരുന്നത്. നബിﷺക്ക് വേണ്ടി ഘോരയുദ്ധം ചെയ്യുക യായിരുന്നു അവർ. അതിന് മുമ്പോ ശേഷമോ ഞാനവരെ കണ്ടിട്ടേയില്ല. [ബുഖാരി, മുസ്‌ലിം]

ശത്രുക്കളിൽ നിന്ന് സംരക്ഷണം

അബൂഹുറയ്റﷺ നിവേദനം: അബൂ ജഹ്ൽ പറഞ്ഞു: 'മുഹമ്മദ് നിങ്ങളുടെ മുമ്പിൽ വെച്ച് അവന്റെ മുഖം മണ്ണിൽ നമിക്കാറുണ്ടോ? അപ്പോൾ അയാളോട് പറയപ്പെട്ടു: അതെ' അപ്പോൾ അയാൾ പറഞ്ഞു: 'ലാത്തയും ഉസ്സയും തന്നെയാണ് സത്യം! അവൻ അത് ചെയ്യുന്നത് ഞാൻ കാണുകയാണെങ്കിൽ ഞാൻ അവന്റെ പിരടിക്ക് ചവിട്ടും. അല്ലെങ്കിൽ അവന്റെ മുഖം ഞാൻ മണ്ണിൽ പുരട്ടും' അങ്ങനെ റസൂൽﷺ നമസ്ക്കരിച്ചു കൊണ്ടിരിക്കെ അയാൾ നബിﷺയുടെ അടുക്കൽ ചെന്നു. എന്നിട്ട് നബിﷺ യുടെ പിരടിക്ക് ചവിട്ടാൻ ഭാവിച്ചു. പെട്ടെന്ന് അയാൾ പുറകോട്ട് മാറുക യും. തന്റെ കൈകൊണ്ട് എന്തോ തടുക്കുന്നത് പോലെ കാണിക്കുകയും ചെയ്തു. അപ്പോൾ അയാളോട് ചോദിച്ചു: താങ്കൾക്ക് എന്താണ് പറ്റിയത്? അപ്പോൾ അയാൾ മറുപടി പറഞ്ഞു: മുഹമ്മദിന്റെയും എന്റെയും ഇടയിൽ തീയാലുള്ള ഒരു കിടങ്ങും പേടിപെടുത്തുന്ന ചിറകുകളും ഞാൻ കണ്ടു. "അപ്പോൾ റസൂൽﷺ പറഞ്ഞു: അവൻ എന്റെ നേരെ അടുക്കുകയാണെ ങ്കിൽ മലക്കുകൾ അവനെ ഓരോ അവയവങ്ങളായി റാഞ്ചിയെടുക്കുമാ യിരുന്നു...[മുസ്‌ലിം]

പർവ്വതത്തെ ശാന്തമാക്കിയത്, രക്തസാക്ഷ്യം പ്രവചിച്ചത്

സഈദും ഖത്വാദയും അനസ്ﷺൽ നിന്നുദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബിﷺ ഉഹ്ദ് മലയിൽ കയറി. തിരുമേനിﷺയുടെ കൂടെ അബൂബക്കർﷺ ഉമർﷺ ഉസ്മാൻﷺ എന്നിവരുമുണ്ടായിരുന്നു. അപ്പോൾ ഉഹ്ദ് മല വിറക്കുകയുണ്ടായി തിരുമേനിﷺ പറഞ്ഞു: ഉഹ്ദ്, നീ ശാന്തമാവുക.... നിന്റെ മുകളിൽ ഒരു നബിയും ഒരു സത്യസന്ധനും രണ്ടു രക്തസാക്ഷികളുമല്ലാതെയില്ല." [ബുഖാരി]

അമ്പത്തെട്ട്

നബി ﷺയെ നിന്ദിച്ചവരുടെ പര്യവസാനം

നമസ്കരിക്കുമ്പോൾ ക്രൂരതകാട്ടിയവർ

അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه പറയുന്നു: നബി ﷺ കഅ്ബയുടെ സമീപത്തു വെച്ച് നമസ്കരിക്കുകയായിരുന്നു. ഖുറൈശികളിലെ ഒരു സംഘം അതിനടുത്ത് സമ്മേളിച്ചിട്ടുണ്ട്. അവരിലൊരാൾ പറഞ്ഞു. 'ആളുകളെ കാണിക്കാൻ വേണ്ടി നമസ്ക്കരിക്കുന്ന ഒരുവനെ നിങ്ങൾ കാണുന്നില്ലേ? നിങ്ങളിൽ ആരാണ് ഇന്ന ഗോത്രത്തിലെ പ്രസവിച്ച ഒട്ടകത്തിന്റെയടുത്തു പോയി അതിന്റെ മറുപിള്ളയും മലവും രക്തവും കൊണ്ട് വന്ന് അവൻ സുജൂദ് ചെയ്യുന്നതുവരെ കാത്ത് നിന്ന് അവന്റെ രണ്ട് ചുമലിലൂടെ ഇടാൻ തയ്യാറുള്ളത്?

അപ്പോൾ അവരിലെ ഏറ്റവും ഭാഗ്യം കെട്ടവൻ പോയി (അതു കൊണ്ടുവന്നു.) അല്ലാഹുവിന്റെ റസൂൽ ﷺ സുജൂദ് ചെയ്തപ്പോൾ, ആ വസ്തുക്കൾ അദ്ദേഹത്തിന്റെ ഇരു ചുമലുകളിലൂടെയും ഇട്ടു. നബി ﷺ സുജൂദിലായിത്തന്നെ കിടന്നു. ആ സംഘം പൊട്ടിച്ചിരിച്ച് അന്യോന്യം ആഹ്ലാദത്താൽ ആടികുഴഞ്ഞു. അപ്പോൾ ഒരാൾ ഫാത്വിമയുടെ അടുത്തേക്ക് പോയി. അവളൊരു കൊച്ചുകുട്ടിയായിരുന്നു. അവൾ വേഗത്തിൽ വന്നു. റസൂൽ ﷺ സുജൂദിൽ തന്നെ കിടക്കുകയായിരുന്നു. അവർ അതെടുത്തു മാറ്റി. ഇതു ചെയ്തവരെ ശകാരിച്ചു. അല്ലാഹുവിന്റെ റസൂൽ ﷺ നമസ്ക്കാരം പൂർത്തിയാക്കി ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലാഹുവേ ഖുറൈശികളെ നീ നശിപ്പിക്കേണമേ (മൂന്നു തവണ പറഞ്ഞു) പിന്നെ പേരെടുത്തു പറഞ്ഞു.... അബ്ദുല്ല رضي الله عنه പറയുന്നു: ഇവരൊക്കെ ബദ്ർ ദിനത്തിൽ വധിക്കപ്പെട്ട് വീണു കിടക്കുന്നത് ഞാൻ കണ്ടു.....[ബുഖാരി]

പ്രവാചകത്വത്തെ അവമതിച്ചയാൾ

അനസ് رضي الله عنه പറയുന്നു: കൃസ്ത്യാനിയായിരുന്ന ഒരാൾ ഇസ്‌ലാം സ്വീകരിച്ചു. സൂറത്തുൽ ബഖറയും, ആലുംഇംറാനും അയാൾ പഠിക്കുകയും ചെയ്തു. അയാൾ നബി ﷺ ക്ക് വേണ്ടി വഹ്‌യ് രേഖപെടുത്തിയിരുന്നു. പിന്നീട് അയാൾ ക്രിസ്തുമതത്തിലേക്ക് തിരിച്ചു പോയി. ഞാൻ എഴുതികൊടുത്തതല്ലാത്തതൊന്നും മുഹമ്മദിന് അറിയില്ലെന്ന് അയാൾ പറഞ്ഞുകൊണ്ടിരുന്നു. പിന്നെ അല്ലാഹു അയാളെ മരിപ്പിച്ചു. ആളുകൾ അയാളെ മറമാടി. നേരം പുലർന്നപ്പോൾ ഭൂമി അയാളെ പുറത്തേക്കിട്ടിരിക്കുന്നു. അയാളുടെ ആളുകൾ പറഞ്ഞു: 'ഇത് മുഹമ്മദിന്റെയും അനുയായികളുടെയും പണിയാണ്. അവരുടെ കൂട്ടത്തിൽ നിന്നയാൾ ഓടിപോയതിനാൽ നമ്മുടെ സ്നേഹിതന്റെ ഖബ്‌ർ അവർ മാന്തി പുറത്തിട്ടതാണ്. അനന്തരം ഭൂമിയിൽ ആഴത്തിൽ കുഴിയുണ്ടാക്കി അയാളെ മറമാടി. അടുത്ത പ്രഭാതത്തിലും ഭൂമി അയാളെ പുറത്തേക്കിട്ടു. അയാളുടെ ആളുകൾ വീണ്ടും പറഞ്ഞു: ഇത് മുഹമ്മദിന്റെയും ആളുകളുടെയും പണിയാണ്.... പിന്നെ അവർ ആകാവുന്നത്ര ആഴത്തിൽ അവനു കുഴിയൊരുക്കി അതിൽ അടക്കം ചെയ്തു. പിറ്റെ പ്രഭാതത്തിലും ഭൂമി അയാളെ പുറം തള്ളി. അപ്പോൾ ഇത് മനുഷ്യരുടെ പണിയല്ലെന്ന് അവർക്ക് ബോധ്യമായി. അവർ അയാളെ എവിടെയോ കൊണ്ടുപോയിട്ടു. [ബുഖാരി] ■

അൻപത്തിയൊമ്പത്

നബി ﷺ യുടെ ശ്രേഷ്ഠതകൾ

മനുഷ്യരുടെ നേതാവ്

അബൂഹുറയ്റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "ഞാൻ അന്ത്യനാളിൽ ആദം സന്തതികളുടെ നേതാവാണ് ആദ്യം ഖബർ പിളർന്നു വരുന്നത് ഞാനാണ് ആദ്യം ശുപാർശ ചെയ്യുന്നതും ആദ്യം ശുപാർശ ചെയ്യപ്പെടുന്നതും ഞാനാണ്. [മുസ്ലിം]

ദൈവ വചനമായ ഖുർആൻ നൽകപ്പെട്ടു

❒ അബൂഹുറയ്റ رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: മനുഷ്യരിൽ വിശ്വാസം ഉണ്ടാകുവാൻ പര്യാപ്തമായ ദൃഷ്ടാന്തങ്ങൾ നൽകപ്പെടാത്ത ഒരു പ്രവാചകനും കടന്നു പോയിട്ടില്ല. എനിക്ക് ലഭിച്ചത് അല്ലാഹുവിൽ നിന്നുള്ള ബോധനമാകുന്നു. (ഖുർആനാകുന്നു) അതിനാൽ അന്ത്യനാളിൽ അവരുടെ കൂട്ടത്തിൽ കൂടുതൽ അനുയായികൾ എനിക്കായിരിക്കും ഉണ്ടായിരിക്കുക എന്ന് ഞാൻ പ്രതീക്ഷിക്കുന്നു [ബുഖാരി, മുസ്ലിം]

❒ വാസിലതുബ്നുൽ അസ്കഅ് رضي الله عنه നിവേദനം: നബി ﷺ ഇങ്ങനെ പറയുകയുണ്ടായി: "തൗറാത്തിന്റെ സ്ഥാനത്ത് എനിക്ക് ഏഴ് വചനങ്ങളും, സബൂറിന്റെ സ്ഥാനത്ത് നൂറ് ആയത്തുകളുള്ള അദ്ധ്യായങ്ങളും മുഫസ്സ്വലിന്റെ സ്ഥാനത്ത് എനിക്ക് ശ്രേഷ്ഠത ലഭിക്കുകയുണ്ടായി. [തിർമിദി]

ഏറ്റവുമധികം അനുയായികൾ

അനസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: അന്ത്യനാളിൽ ഏറ്റവും കൂടുതൽ അനുയായികളുള്ള പ്രവാചകൻ ഞാനാണ് സ്വർഗത്തിന്റെ കവാടത്തിൽ ആദ്യമായി മുട്ടുന്നതും ഞാനായിരിക്കും. [മുസ്ലിം]

ആദ്യ ശുപാർശകൻ

അനസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: സ്വർഗത്തിൽ വെച്ച് ആദ്യമായി ശുപാർശ ചെയ്യുന്നത് ഞാനായിരിക്കും....[മുസ്‌ലിം]

അല്ലാഹുവിന്റെ ഖലീൽ

ജുൻദുബ് رضي الله عنه നിവേദനം: നബി ﷺ മരിക്കുന്നതിന് അഞ്ച് ദിവസം മുമ്പ് ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്.....

"ഇബ്റാഹിം നബി عليه السلام യെ അല്ലാഹു ആത്മ മിത്രമായി സ്വീകരിച്ചത് പോലെ നിശ്ചയമായും എന്നെയും ആത്മ മിത്രമായി സ്വീകരിച്ചിരിക്കുന്നു.....[മുസ്‌ലിം]

മഖാമൻ മഹ്മൂദ്

ഇബ്നു ഉമർ رضي الله عنهما പറയുന്നു: ആളുകൾ ഖിയാമത്ത് നാളിൽ വിവിധ സംഘങ്ങളായിത്തീരും. ഓരോ സമുദായവും അവരുടെ പ്രവാചകനെ പിന്തുടർന്നു പറയും: അങ്ങ് ശുപാർശ ചെയ്താലും. അങ്ങ് ഞങ്ങൾക്ക് വേണ്ടി ശൂപാർശ ചെയ്താലും. അങ്ങനെ ശുപാർശയുടെ ആവശ്യവുമായി നബി ﷺ യുടെ അടുത്തെത്തും. സ്തുത്യർഹമായ സ്ഥാനത്ത് അല്ലാഹു അദ്ദേഹത്തെ നിയോഗിക്കുന്ന ദിവസമാണത്. [ബുഖാരി]

പിശാചിനു രൂപം പ്രാപിക്കാൻ കഴിഞ്ഞില്ല

അബൂ സഈദിൽ ഖുദ്രി رضي الله عنه നിവേദനം: നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു. എന്നെ സ്വപ്നത്തിൽ കണ്ടവൻ തീർച്ചയായും സത്യമാണ് കണ്ടത്. കാരണം പിശാചിന് എന്റെ രൂപം പ്രാപിക്കുവാൻ സാധിക്കുകയില്ല. [ബുഖാരി]

ശകാരം പോലും വിശ്വാസിക്ക് അനുഗ്രഹം

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ ഇങ്ങനെ പ്രാർത്ഥിക്കുന്നതായി അദ്ദേഹം കേട്ടു. അല്ലാഹുവേ ഏതെങ്കിലും ഒരു വിശ്വാസിയെ ഞാൻ ശകാരിച്ചു പോയിട്ടുണ്ടെങ്കിൽ അന്ത്യനാളിൽ അത് അദ്ദേഹത്തിന് എന്റെ സാമിപ്യം നേടാനുള്ള ഒരു പുണ്യകർമ്മമായി മാറ്റേണമേ. [ബുഖാരി, മുസ്‌ലിം]

മൂന്ന് ശ്രേഷ്ഠതകൾ

അബൂഹുറയ്റ رضي الله عنه പറയുന്നു: റസൂൽ ﷺ ഇങ്ങനെ പറഞ്ഞു: ആശയ സമഗ്രതയുള്ള സംസാര ശൈലിയോടെയാണ് ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നത്.

ശത്രുക്കൾക്ക് എന്നെകുറിച്ച് ഭയമുണ്ടാകുന്നതിലൂടെ എനിക്ക്

സഹായം നൽകപ്പെടുകയും ചെയ്തിരിക്കുന്നു. ഒരിക്കൽ ഞാൻ ഉറങ്ങുമ്പോൾ ഭൂമിയിലെ ഖജനാവുകളുടെ താക്കോലുകൾ എന്റെ കയ്യിൽ നൽകപ്പെടുകയുണ്ടായി. [ബുഖാരി, മുസ്‌ലിം]

അഞ്ച് മഹത്വങ്ങൾ

ജാബിറുബ്നു അബ്ദുല്ല رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: എനിക്ക് മുമ്പുള്ള പ്രവാചകന്മാർക്ക് നൽകാത്ത അഞ്ച് കാര്യങ്ങൾ എനിക്ക് അല്ലാഹു നൽകിയിരിക്കു. ഒരു മാസത്തെ വഴിദൂരത്തെ ഭയം ഉണ്ടാക്കി കൊണ്ട് ഞാൻ സഹായിക്കപ്പെട്ടു. ഭൂമിയെ എനിക്ക് സാഷ്ടാംഗം ചെയ്യുവാനുള്ള സ്ഥലവും ശുചീകരിക്കാനുള്ള വസ്തുവായും അല്ലാഹു അംഗീകരിച്ചു തന്നു. എന്റെ അനുയായികളിൽ ഏതെങ്കിലും ഒരാൾക്ക് നമസ്കാര സമയം എത്തിയാൽ അവിടെ വെച്ച് അവൻ നമസ്കരിക്കട്ടെ. യുദ്ധാർജ്ജിത സമ്പത്ത് എനിക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. പ്രവാചകന്മാരെ അവരവരുടെ ജനതയിലേക്ക് മാത്രമാണ് മുമ്പ് നിയോഗിച്ചയച്ചിരുന്നത്. എന്നെ അയച്ചിരിക്കുന്നത് മനുഷ്യർക്ക് മുഴുവനായിട്ടാണ്. ശഫാഅത്ത് (ശുപാർശ) എനിക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു [ബുഖാരി, മുസ്‌ലിം]

ആറ് മഹത്വങ്ങൾ

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: മറ്റു പ്രവാചകന്മാരേക്കൾ ആറ് കാര്യങ്ങളാൽ എനിക്ക് ശ്രേഷ്ഠത നൽകപ്പെട്ടിരിക്കുന്നു.

എനിക്ക് വിശുദ്ധഖുർആൻ നൽകപ്പെട്ടിരിക്കുന്നു.

എതിരാളികൾക്ക് എന്നെക്കുറിച്ചുള്ള ഭയം കൊണ്ട് ഞാൻ സഹായിക്കപ്പെട്ടിരിക്കുന്നു.

യുദ്ധാർജ്ജിത സമ്പത്ത് എനിക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു.

ഭൂമിയെ എനിക്ക് ശുദ്ധ(സ്ഥല)മായും പള്ളിയായും ആക്കിതന്നിരിക്കുന്നു.

മുഴുവൻ മനുഷ്യരിലേക്കുമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. എന്നോട് കൂടി നബിമാർ അവസാനിച്ചിരിക്കുന്നു.

കള്ളം പറയുന്നതിന്റെ ഗൗരവം

❒ അലി رضي الله عنه പറയുന്നു. നബി ﷺ പറഞ്ഞു: എന്റെ പേരിൽ നിങ്ങൾ കളവ് പറയരുത്. ആരെങ്കിലും എന്റെ പേരിൽ കളവ് പറഞ്ഞാൽ അവൻ നരകത്തിൽ പ്രവേശിക്കട്ടെ. [ബുഖാരി, മുസ്‌ലിം]

❒ മുഗീറ رضي الله عنه പറയുന്നു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു. എന്റെ പേരിൽ കളവ് പറയുന്നത് മറ്റൊരാളുടെ പേരിൽ കളവ് പറയുന്നത് പോ

ലെയല്ല. എന്റെ പേരിൽ മനഃപ്പൂർവ്വം കളവ് പറയുന്നവൻ നരകത്തിൽ അവന്റെ ഇരിപ്പിടം അവൻ തയ്യാറാക്കികൊള്ളട്ടെ. [ബുഖാരി, മുസ്‌ലിം]

❒ സലമ رضي الله عنه നിവേദനം: നബിﷺ ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു: ഞാൻ പറയാത്ത കാര്യം ഞാൻ പറഞ്ഞുവെന്ന് എന്റെ പേരിൽ ആരെങ്കിലും ആരോപിച്ചാൽ അവൻ നരകത്തിൽ അവന്റെ ഇരിപ്പിടം ഒരുക്കി കൊള്ളട്ടെ. [ബുഖാരി]

നബിﷺ പഠിപ്പിക്കാത്ത ആചാരാനുഷ്ഠാനങ്ങൾ

ആഇശ رضي الله عنها നിവേദനം: ആരെങ്കിലും നമ്മുടെ ഈ കാര്യത്തിൽ ഇല്ലാത്തത് പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപെടേണ്ടതാണ്. [ബുഖാരി, മുസ്‌ലിം]

നബിﷺയുടെ ഹൗദ്

ആഇശ رضي الله عنها നിവേദനം: "തീർച്ചയായും താങ്കൾക്ക് നാം കൗസർ നൽകിയിട്ടുണ്ട്" (ഖുർആൻ 108/1) എന്നതിനെകുറിച്ച് ചോദിക്കപ്പെട്ടു. അവർ പറഞ്ഞു: അത് നബിﷺക്ക് നൽകപ്പെട്ട ഒരു അരുവിയാണ്. അതിന്റെ ഇരു തീരങ്ങളിലും വിശാലമായ രത്നനിർമ്മിതമായ കൊട്ടാരങ്ങളുണ്ട്. അതിലെ പാനപാത്രങ്ങൾ നക്ഷത്രങ്ങളുടെ എണ്ണത്തോളമുണ്ട്. [ബുഖാരി]

നബിﷺയുടെ റൗദ

അബൂ ഹുറയ്റ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: എന്റെ വീടിന്റെയും മിമ്പറിന്റെയും ഇടയ്ക്കുള്ള സ്ഥലം സ്വർഗത്തോപ്പിൽ പെട്ട ഒരു തോപ്പാണ്. എന്റെ മിമ്പറാകട്ടെ എന്റെ ഹൗദിന്നു മുകളിലാണ് . [ബുഖാരി]

നബിﷺയുടെ പള്ളി

അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂലിന്റെ കാലത്ത് പള്ളി ഇഷ്ടിക കൊണ്ട് നിർമ്മിക്കപ്പെട്ടതായിരുന്നു. അതിന്റെ മേൽ തട്ട് ഈത്തപനയോലകൊണ്ടും തൂണുകൾ ഈത്തപനത്തടികൊണ്ടുമായിരുന്നു. അബൂബക്കർ رضي الله عنه അതിൽ ഒരു കൂട്ടിച്ചേർക്കലും നടത്തിയിട്ടില്ല. ഉമർ رضي الله عنه അതിൽ വിസ്തൃതിയുണ്ടാക്കി. നബിﷺയുടെ കാലത്തുണ്ടായിരുന്ന കെട്ടിടത്തിൽ തന്നെ ഇഷ്ടികകളും ഓലകളും മാറ്റി. തൂണുകളുടെ തടി മാറ്റി. തൂണുകൾ മരം കൊണ്ടുണ്ടാക്കി. പിന്നെ ഉസ്മാൻ رضي الله عنه കൂടുതൽ മാറ്റം വരുത്തി. ചുമരുകൾ കൊത്തിമിനുക്കിയ കല്ലുകൾ കൊണ്ടാക്കി. കുമ്മായം കൊണ്ടു പടുത്തു. തൂണുകൾ കൊത്തി പാകപെടുത്തിയ കല്ലുകൾ കൊണ്ടാക്കി. മേൽതട്ട് തേക്കിൻ തടികൾ വിരിച്ചതുമാക്കി. [ബുഖാരി]

നബിﷺയുടെ പള്ളിയുടേ മഹത്വം

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: കൂടുതൽ പുണ്യം ലഭിക്കാൻ മൂന്ന് പള്ളികളിലേക്കല്ലാതെ യാത്ര പോകേണ്ടതില്ല. മസ്ജിദുൽ ഹറാം(മക്കയിലെ പള്ളി), മസ്ജിദുറസൂൽ (മദീനപള്ളി), മസ്ജിദുൽ അഖ്സ എന്നിവയാണവ. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ പറയുന്നു. തീർച്ചയായും നബിﷺ പറയുന്നു "എന്റെ ഈ പള്ളിയിൽ ഒരു പ്രാവശ്യം നമസ്കരിക്കുന്നത് മസ്ജിദുൽ ഹറാമിലെ പള്ളി ഒഴികെയുള്ള ഒരു പള്ളിയിൽ വെച്ച് ആയിരം പ്രാവശ്യം നമസ്കരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണ്. [ബുഖാരി, മുസ്ലിം]

നബിﷺയുടെ നാടിന്റെ മഹത്വം

❒ അബ്ദുല്ലാഹിബ്നു സൈദ് പറയുന്നു: നബിﷺ പറഞ്ഞു: തീർച്ചയായും ഇബ്രാഹിം നബി മക്കയെ ആദരണീയമായി പ്രഖ്യാപിച്ചിട്ടുണ്ട്. അവിടത്തെ വിശ്വാസികളുടെ അനുഗ്രത്തിന്നായി പ്രാർത്ഥിച്ചിട്ടുണ്ട്. ഇബ്രാഹിം നബി മക്കയെ പവിത്രമായി പ്രഖ്യാപിച്ചത് പോലെ ഞാൻ മദീനയെയും പവിത്രമായി പ്രഖ്യാപിച്ചിരിക്കുന്നു. ഇബ്രാഹിം മക്കാനിവാസികളുടെ സമ്പൽ സമൃദ്ധിക്കായി പ്രാർത്ഥിച്ചത് പോലെ മദീനയിലെ അളവ് പാത്രങ്ങളിൽ നൽകുവാനായി ഞാനും പ്രാർത്ഥിക്കുന്നു. [ബുഖാരി, മുസ്ലിം]

❒ അനസ് നിവേദനം: നബിﷺ പറഞ്ഞു: മദീനയുടെ ഇന്ന സ്ഥലം മുതൽ ഇന്ന സ്ഥലം വരെ പവിത്രമാണ്. അവിടുത്തെ വൃക്ഷങ്ങൾ മുറിക്കപ്പെടരുത്. അവിടെ നൂതനാശയങ്ങൾ(ബിദ്അത്തുകൾ) നടപ്പിൽ വരുത്തരുത്. ആരെങ്കിലും പുതുതായി എന്തെങ്കിലും അവിടെ ഉണ്ടാക്കിയാൽ അവന്റെ മേൽ അല്ലാഹുവിന്റെയും മലക്കുകളുടെയും അഖില ജനങ്ങളുടെയും ശാപമുണ്ടാകും. [ബുഖാരി]

❒ അബൂബക്കർ നിവേദനം: നബിﷺ പറഞ്ഞു: മസീഹുദജ്ജാലിനെകുറിച്ചുള്ള ഭയം മദീനയിൽ ഉണ്ടാവുകയില്ല. അന്ന് മദീനക്ക് ഏഴു കവാടങ്ങളുണ്ടായിരിക്കും. ഓരോ കവാടത്തിലും രണ്ട് മലക്കുകളുണ്ടാകും. [ബുഖാരി]

❒ അനസ് നിവേദനം: നബിﷺ പ്രാർത്ഥിച്ചു. അല്ലാഹുവേ മക്കക്ക് നൽകിയ അനുഗ്രഹത്തെക്കൾ ഇരട്ടി അനുഗ്രഹം മദീനക്ക് പ്രാദാനം

ചെയ്യേണമേ. [ബുഖാരി]

നബി ﷺ യുടെ അനുചരന്മാർ അഥവാ സഹാബികൾ

അബൂ സഈദ് رضي الله عنه നിവേദനം. നബി ﷺ അരുളി. എന്റെ അനുചരന്മാരെ നിങ്ങൾ ആക്ഷേപിക്കരുത്. നിങ്ങളിലൊരുവൻ ഉഹ്ദ് മലയോളം സ്വർണ്ണം ചെലവഴിച്ചാലും അവരിലൊരാൾ ചിലവഴിച്ച ഒരു മുദ്ദിനോ (രണ്ട് കൈപത്തികൾ ചേർത്ത് വെച്ചുകൊണ്ടുള്ള ഒരു വാരൽ) അതിന്റെ പകുതിക്ക് പോലുമോ എത്തുകയില്ല. [ബുഖാരി]

നബി ﷺ യുടെ തലമുറയും നൂറ്റാണ്ടിൽ ജീവിച്ചവരും

❒ ഇബ്നു മസൂദ് رضي الله عنه നിവേദനം: നബി ﷺ അരുളി: "മനുഷ്യരിൽ വെച്ച് ഏറ്റവും നല്ലവർ എന്റെ തലമുറക്കാരാണ്. പിന്നെ അടുത്ത തലമുറക്കാരും. അവർക്ക് ശേഷം അടുത്ത തലമുറക്കാരും...[ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ആദം സന്തതികളിലെ ഏറ്റവും ഉത്തമ തലമുറയിലാണ് ഞാൻ പ്രവാചകനായി നിയോഗിതനായിട്ടുള്ളത്. ഓരോ തലമുറ പിന്നിട്ട് ഞാൻ ജീവിച്ച നൂറ്റാണ് വന്നെത്തി. [ബുഖാരി]

❒ ഇബ്നു മസൂദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ജനങ്ങളിൽ ഉത്തമർ ഞാൻ ജനിച്ച നൂറ്റാണ്ടിലുള്ളവരാണ്, പിന്നെ അവരോടടുത്ത നൂറ്റാണ്ടിലുള്ളവർ, പിന്നെ അവരോടടുത്ത നൂറ്റാണ്ടീലുള്ളവർ...[ബുഖാരി]

■

അറുപത്

നബി ﷺ പ്രവാചകന്മാരിൽ അന്തിമൻ

അന്ത്യപ്രവാചകൻ

❒ അബൂഹുറയ്റ നിവേദനം: നബി ﷺ അരുളി: ഇസ്റാഈൽ സന്തതികളെ നബിമാരാണ് നയിച്ചിരുന്നത്. ഓരോ പ്രവാചകനും മരണപ്പെടുമ്പോൾ മറ്റൊരു പ്രവാചകൻ അദ്ദേഹത്തെ പ്രതിനിധീകരിക്കും. എന്നാൽ എനിക്ക് ശേഷം നബിമാരില്ല. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബി ﷺ അരുളി: എന്റെയും എനിക്ക് മുമ്പുള്ള മറ്റ് പ്രവാചകന്മാരുടെയും ഉപമ ഇതാണ് "ഒരാൾ ഒരു വീട് നിർമ്മിച്ചു. അതിന് മോടി പിടിപ്പിച്ചു. അതിന്റെ ഒരു മൂലയിൽ ഒരു ഇഷ്ടികക്കുള്ള സ്ഥലം ഒഴിച്ചിട്ടു. ജനങ്ങൾ അതിന് ചുറ്റും ചുറ്റി നടന്നു. ഈ വിടവ് കണ്ട് അവർ അൽഭുതപ്പെട്ടു. അവർ പറഞ്ഞു. ഈ ഇഷ്ടിക കൂടി വെച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. ഞാനാണ് ആ ഇഷ്ടിക. ഞാനാണ് അന്ത്യ പ്രവാചകൻ. [ബുഖാരി, മുസ്ലിം]

❒ അബൂ ഹുറയ്റ പറയുന്നു: നബി ﷺ പറഞ്ഞു: തീർച്ചയായും പ്രവാചകന്മാരിൽ അന്തിമനാകുന്നു ഞാൻ. പള്ളികളിൽ അവസാനത്തേതാകുന്നു എന്റെ പള്ളി. [മുസ്ലിം]

❒ അനസ് നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: തീർച്ചയായും ദൈവ ദൂതൻ എന്ന സ്ഥാനവും പ്രവാചകത്വവും നിലച്ചു. അത് കൊണ്ട് എന്റെ ശേഷം യാതൊരു റസൂലോ നബിയോ ഇല്ല....[തിർമിദി]

❒ അബൂഹുറയ്റ നിവേദനം: നബി ﷺ പറഞ്ഞു:..... മുഴുവൻ മനുഷ്യ

രിലേക്കുമാണ് ഞാൻ അയക്കപ്പെട്ടിരിക്കുന്നത്. എന്നോട് കൂടി നബിമാർ അവസാനിച്ചിരിക്കുന്നു. [മുസ്‌ലിം]

❒ ജുബൈർ ഇബ്നു മുത്ഇം ﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: തീർച്ചയായും എനിക്ക് നാമങ്ങളുണ്ട്. ഞാൻ മുഹമ്മദ് ആണ്. ഞാൻ അഹ്മദും ആണ്. അല്ലാഹു എന്നെ കൊണ്ട് കുഫറിനെ മായ്ക്കും. അങ്ങനെയുള്ള 'അൽമാഹി'യുമാണ് ഞാൻ. എന്റെ പിന്നിൽ എനിക്ക് ശേഷം ജനങ്ങൾ ഒരുമിച്ച് കൂട്ടപ്പെടും അങ്ങനെയുള്ള 'അൽ ഹാശിർ' ആകുന്നു ഞാൻ. എനിക്ക് ശേഷം ഒരാളും (നബിയായി) ഇല്ലാത്ത അൽ ആകിബാണ് ഞാൻ. [ബുഖാരി, മുസ്‌ലിം].

■

അറുപത്തിയൊന്ന്

നബി ﷺ യെ സ്നേഹിക്കൽ

സൃഷ്ടികളിൽ ഏറ്റവും പ്രിയങ്കരൻ നബിയായിരിക്കണം

❒ അനസ് رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: പിതാവിനോടും സന്താനങ്ങളോടും. മുഴുവൻ മനുഷ്യരോടും ഉള്ളതിനേക്കാൾ കൂടുതൽ സ്നേഹം എന്നോടുണ്ടായിരിക്കുന്നത് വരെയും നിങ്ങളിലൊരാളും വിശ്വാസികളാവുകയില്ല. [ബുഖാരി, മുസ്ലിം[

❒ അബ്ദുല്ലാഹിബ്നു ഹിശാം رضي الله عنه പറയുന്നു: ഞങ്ങൾ നബി ﷺ യോടൊപ്പമായിരുന്നു. അവിടുന്ന് ഉമറുബ്നുൽ ഖത്വാബ് رضي الله عنه ന്റെ കൈപിടിച്ചിട്ടുണ്ട്. നബി ﷺ യോടു ഉമർ رضي الله عنه പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ എന്നെ കഴിച്ചാൽ താങ്കളാണ് മറ്റെന്തിനെക്കാളും എനിക്ക് പ്രിയങ്കരമായിട്ടുള്ളത്. അപ്പോൾ നബി ﷺ പറഞ്ഞു: അല്ല. എന്റെ ആത്മാവ് ആരുടെ കൈയ്യിലാണോ അവനാണെ! താങ്കളെക്കാളും ഞാൻ നിനക്ക് പ്രിയപ്പെട്ടവായിരിക്കുന്നത് വരെ(താങ്കളുടെ ഈമാൻ പൂർത്തിയാവുകയില്ല). അപ്പോൾ നബി ﷺ യോടു ഉമർ رضي الله عنه പറഞ്ഞു: ഇപ്പോഴാണ് (എനിക്ക് കാര്യം മനസ്സിലായത്) അല്ലാഹുവാണെ, എന്റെ ജീവനെക്കാളും താങ്കളെ ഞാൻ സ്നേഹിക്കുന്നു. അപ്പോൾ നബി ﷺ പറഞ്ഞു: ഉമർ ഇപ്പോഴാണ് (താങ്കൾ യഥാർത്ഥ വിശ്വാസിയായത്). [ബുഖാരി]

❒ അനസ് رضي الله عنه നിവേദനം. നബി ﷺ പറഞ്ഞു..... തന്റെ കുടുംബത്തേക്കാളും സമ്പത്തിനെക്കാളും മറ്റെല്ലാ ജനങ്ങളെക്കാളും അധികം പ്രിയപ്പെട്ടവൻ ഞാനാകുന്നതുവരെ നിങ്ങളിലൊരാളും സത്യവിശ്വാസിയാവുകയില്ല. [മുസ്ലിം]

സ്നേഹിക്കുന്നവരുടെ കൂടെ സ്വർഗത്തിൽ

അനസ് رضي الله عنه നിവേദനം: ഒരാൾ നബിﷺയോട് അന്ത്യനാളിനെക്കുറിച്ച് ചോദിച്ചു. എപ്പോഴാണ് അന്ത്യദിനം? നബിﷺ ചോദിച്ചു: അതിനായി നീ എന്താണ് ഒരുക്കിവെച്ചിട്ടുള്ളത്? അദ്ദേഹം പറഞ്ഞു: ഒന്നുമില്ല. അല്ലാഹുവിനെയും അവന്റെ ദൂതനെയും ഞാൻ സ്നേഹിക്കുന്നുവെന്നതൊഴിച്ച്. അപ്പോൾ നബിﷺ പറഞ്ഞു: "നീ ആരെ സ്നേഹിക്കുന്നുവോ അവരുടെ കൂടെയായിരിക്കും". അനസ് رضي الله عنه പറയുന്നു: നീ ആരെ സ്നേഹിക്കുന്നുവോ അവരുടെ കൂടെയായിരിക്കുമെന്ന് നബിﷺ പറഞ്ഞപ്പോൾ ഞങ്ങൾ സന്തോഷിച്ചതു പോലെ മറ്റൊന്നുകൊണ്ടും ഞങ്ങൾ സന്തോഷിച്ചിട്ടില്ല. അനസ് رضي الله عنه പറയുന്നു: ഞാൻ നബിﷺയെയും അബൂബക്കർ رضي الله عنه നെയും ഉമർ رضي الله عنه നെയും സ്നേഹിച്ചു. അവരെ സ്നേഹിക്കുന്നതിനാൽ അവരോടൊപ്പമാകാൻ ഞാൻ ആഗ്രഹിക്കുന്നു അവരുടേതു പോലുള്ള സൽകർമ്മങ്ങൾ ഞാൻ ചെയ്തിട്ടില്ലെങ്കിലും. [ബുഖാരി]

നബിﷺയെ അനുസരിക്കലും അനുധാവനം ചെയ്യലും

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: എന്റെ സമുദായത്തിലെ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും. വിസമ്മതിച്ചവരൊഴികെ.

സഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ആരാണ് വിസമ്മതിച്ചവർ? തിരുമേനിﷺ പറഞ്ഞു: എന്നെ അനുസരിച്ചവർ സ്വർഗത്തിൽ പ്രവേശിക്കും' എന്നെ ധിക്കരിച്ചവർ വിസമ്മതിച്ചവരാണ്. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽﷺ അരുളി: ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നെ ധിക്കരിച്ചാൽ അല്ലാഹുവിനെ അവൻ ധിക്കരിച്ചു.....[ബുഖാരി, മുസ്ലിം]

നബിﷺക്ക് നമ്മളോടുള്ള സ്നേഹവും കാരുണ്യവും

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺ ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു: "എന്റെയും ജനങ്ങളുടെയും ഉപമ ഇപ്രകാരമാണ്. ഒരാൾ തീ കൊളുത്തി. അതു ചുറ്റും പ്രകാശം പരത്തിയപ്പോൾ പ്രാണികളും മറ്റും അതിൽ വന്ന് വീഴാൻ തുടങ്ങി. ആ മനുഷ്യൻ അവയെ അതിൽ നിന്നും അകറ്റാൻ ശ്രമിക്കുന്നു. പക്ഷെ അവ അത് മറികടന്ന് അതിലേക്ക് ചാടികൊണ്ടേയിരിക്കുന്നു. ഇതുപോലെ ഞാൻ നിങ്ങളുടെ ഇടുപ്പിൽ പിടിച്ച് നിങ്ങളെ നരകത്തിൽ നിന്നും പുറകോട്ട് വലിക്കുന്നു. എന്നാൽ

നിങ്ങളത് വകവെക്കാതെ അതിലേക്ക് തന്നെ ചാടികൊണ്ടിരിക്കുന്നു. [ബുഖാരി, മുസ്‌ലിം]

❐ അബൂമൂസാ ﷺ പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: എന്റെയും എന്നെ അയച്ചതിന്റെയും ഉപമ ഒരാളെപോലെയാണ്. അയാൾ ഒരു ജനതയുടെ അടുത്ത് ചെന്നിട്ട് പറഞ്ഞു: ഞാൻ വ്യക്തമായ മുന്നറിയിപ്പ് നൽകുന്നവനാണ്. രക്ഷപെട്ടുകൊള്ളുക. രക്ഷപ്പെട്ടുകൊള്ളുക. അപ്പോൾ ഒരു സംഘമാളുകൾ അയാളെ അനുസരിച്ചു. പതുക്കെ രാത്രിയുടെ തുടക്കത്തിൽ തന്നെ അവിടെ നിന്ന് പോയി; അവർ രക്ഷപ്പെടുകയും ചെയ്തു. എന്നാൽ ഒരു വിഭാഗമാളുകൾ അയാൾ പറഞ്ഞത് നിഷേധിച്ചു. സൈന്യം പ്രഭാതവേളയിൽ അവരെ കടന്നാക്രമിച്ച് കൊലപ്പെടുത്തി.[ബുഖാരി]

■

നബി ﷺക്ക് വേണ്ടിയുള്ള സ്വലാത്ത്

നബി ﷺയുടെ പേരിലുള്ള സ്വലാത്ത്

❒ അബ്ദുല്ലാഹ്ബ്നു അംറ് ؓ നിവേദനം: റസൂൽ ﷺ പറഞ്ഞു: നിങ്ങൾ മുഅദ്ദിൻ(ബാങ്ക്വിളിക്കുന്നത്) കേട്ടാൽ, അയാൾ പറയുന്നത് പോലെ നിങ്ങളും പറയുക. ശേഷം നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക. കാരണം വല്ലവനും എന്റെ മേൽ വല്ല സ്വലാത്തും ചൊല്ലിയാൽ അത് കൊണ്ട് അല്ലാഹു അവന് പത്ത് കാരുണ്യങ്ങളെ വർഷിക്കും. ശേഷം നിങ്ങൾ അല്ലാഹുവോട് എനിക്ക് വേണ്ടി വസീലഃയെ തേടുക. കാരണം അത് സ്വർഗത്തിലെ ഒരു പദവിയാണ് അല്ലാഹുവിന്റെ ദാസന്മാരിൽ ഒരു ദാസനുമാത്രമാണ് അത് ചേരുക. ആ വ്യക്തി ഞാനാകുവാൻ ഞാൻ ആശിക്കുന്നു. വല്ലവനും എനിക്ക് വേണ്ടി വസീലയെ തേടിയാൽ അവന് ശഫാഅത്ത് ലഭിക്കുന്നതാണ്". [മുസ്ലിം]

❒ അബ്ദുല്ല ؓ നിവേദനം: റസൂൽ ﷺ പറയുന്നതായി അദ്ദേഹം കേട്ടു. ആരെങ്കിലും എന്റെ മേൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അയാൾക്ക് അത് മുഖേന പത്ത് അനുഗ്രഹം വർഷിക്കുന്നതാണ്. [മുസ്ലിം]

❒ ഔസ് ؓ നിവേദനം: റസൂൽ ﷺ പറഞ്ഞു: നിങ്ങളുടെ ദിവസങ്ങളിൽ ശ്രേഷ്ഠമായ ദിവസം വെള്ളിയാഴ്ചയാണ്. അന്ന് നിങ്ങൾ എന്റെ മേൽ സ്വലാത്ത് വർദ്ധിപ്പിക്കുക. നിങ്ങളുടെ സ്വലാത്ത് എനിക്ക് സമർപ്പിക്കപ്പെടുന്നുണ്ട്. അനുചരന്മാർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ശരീരം ദ്രവിച്ച് മണ്ണായി കഴിഞ്ഞാൽ ഞങ്ങൾ ചൊല്ലുന്ന സ്വലാത്ത് താങ്കൾക്ക് എങ്ങനെയാണ് സമർപിക്കപ്പെടുക. തിരുമേനി ﷺ പറഞ്ഞു: നിശ്ചയം അല്ലാഹു പ്രവാചകന്മാരുടെ ശരീരങ്ങൾ ഭൂമിക്ക് നിഷിദ്ധമാക്കിയിരിക്കുന്നു. [അബൂദാവൂദ്]

❒ അബൂഹുറയ്റ ؓ നിവേദനം: റസൂൽ ﷺ പറഞ്ഞു: എന്റെ ഖബറിടം

നിങ്ങൾ ആഘോഷ സ്ഥലമാക്കരുത്. നിങ്ങൾ എന്റെ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തുന്നതാണ്. [അബൂദാവൂദ്]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: എന്റെ പേര് പറയപ്പെട്ടിട്ട് എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവന്റെ മൂക്ക് മണ്ണോട് ചേരട്ടെ! (നിന്ദ്യനാവട്ടെ). [തിർമിദി]

❒ അലി رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: എന്റെ പേര് പരാമർശിച്ചിട്ട് എന്റെ മേൽ സ്വലാത്ത് ചൊല്ലാത്തവൻ പിശുക്കനാണ്. [തിർമിദി]

❒ അനസ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു. ആരെങ്കിലും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അയാൾക്ക് പത്ത് കാരുണ്യം വർഷിപ്പിക്കും. അയാളുടെ പത്ത് പാപങ്ങൾ മായ്ക്കപ്പെടും അയാൾക്ക് പത്ത് പദവികൾ ഉയർത്തപെടും. [നസാഇ]

❒ അബൂദർദാഇ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ആരെങ്കിലും രാവിലെയും വൈകുന്നേരവും എന്റെ പേരിൽ പത്തു വീതം സ്വലാത്ത് ചൊല്ലിയാൽ അന്ത്യനാളിൽ എന്റെ ശഫാഅത്ത് അയാൾക്ക് ലഭിക്കുന്നതാണ്. [ത്വബ്റാനി]

❒ അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്തവരും കടപ്പെട്ടവരും എന്റെ പേരിൽ സ്വലാത്ത് വർദ്ധിപ്പിച്ചവരാണ്. [തിർമിദി]

സ്വലാത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ രീതി

കഅ്ബ്ബ്നു ഉജ്റ رضي الله عنه നിവേദനം: നബിﷺയോടു ഒരാൾ ചോദിച്ചു അല്ലാഹുവിന്റെ റസൂലേ, താങ്കളോട് സലാം പറയേണ്ടതെങ്ങനെയെന്ന് ഞങ്ങൾക്കറിയാം. താങ്കളുടെ മേൽ സ്വലാത്ത് ചൊല്ലേണ്ടതെങ്ങനെയാണ്? തിരുമേനി ﷺ പറഞ്ഞു: നിങ്ങൾ ഇങ്ങനെ ചൊല്ലികൊള്ളുക. "അല്ലാഹുവേ, മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിനും നീ കരുണ ചെയ്യേണമേ, ഇബ്റാഹീമിന്റെ കുടുബത്തിന് നീ കരുണ ചെയ്തതു പോലെ. തീർച്ച യായും നീ സ്തുത്യർഹനും മഹത്വമേറിയവനുമാകുന്നു. അല്ലാഹുവേ, മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ, ഇബ്റാഹീമിന്റെ കുടുംബത്തിന് നീ അനുഗ്രഹം ചെയ്തതു പോലെ. തീർച്ചയായും നീ സ്തുത്യർഹനും മഹത്വമേറിയവനുമാകുന്നു." [ബുഖാരി]

■

നബി ﷺ യുടെ ശഫാഅത്ത്

പരലോകത്തുള്ള ശുപാർശ

❒ അനസ് رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: ഓരോ പ്രവാചകന്മാർക്കും ഓരോ പ്രാർത്ഥനയുണ്ട്. ആ പ്രാർത്ഥന അവർ പ്രാർത്ഥിക്കുകയും അവർക്ക് ഉത്തരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്റെ പ്രാർത്ഥനയെ അന്ത്യദിനത്തിൽ എന്റെ സമുദായത്തിന് ശുപാർശ ചെയ്യുവാനായി ഞാൻ കരുതി വെച്ചു. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: എല്ലാ നബിമാർക്കും ഉത്തരം നൽകപ്പെടുന്ന പ്രാർത്ഥനയുണ്ട്. എല്ലാ നബിമാരും അവരുടെ പ്രാർത്ഥനയിൽ ധൃതികാണിച്ചു. (ദുൻയാവിൽ തന്നെ പ്രാർത്ഥിച്ചു) തീർച്ചയായും ഞാൻ എന്റെ പ്രാർത്ഥന എന്റെ സമുദായത്തിന് ശുപാർശക്ക് വേണ്ടി മാറ്റി വെച്ചു. ഇൻഷാ അല്ലാഹ്. അല്ലാഹുവിൽ യാതൊന്നും പങ്കുചേർക്കാതെ എന്റെ ഉമ്മത്തിൽ നിന്ന് ആരാണോ മരണപ്പെടുന്നത് അവന്ന് അത് ലഭിക്കുന്നതാണ്. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ ചോദിച്ചു അല്ലാഹുവിന്റെ റസൂലേ അന്ത്യനാളിൽ താങ്കളുടെ ശഫാഅത്ത് ലഭിക്കുന്ന അതി ഭാഗ്യവാൻ ജനങ്ങളിൽ ആരാണ്? റസൂൽ ﷺ പറഞ്ഞു: "തന്റെ ഹൃദയത്തിൽ നിന്നും നിഷ്കളങ്കതയോടെ "ലാഇലാഹ ഇല്ലല്ലാഹ്" പറഞ്ഞവൻ ആരോ അവൻ. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നിശ്ചയം അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: നിഷ്കളങ്കമായി "ലാഇലാഅ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാ

ഹ്” എന്ന് സാക്ഷ്യം വഹിച്ചവർക്കാണ് എന്റെ ശഫാഅത്ത്. അവന്റെ നാവ് അവന്റെ ഹൃദയത്തെയും അവന്റെ ഹൃദയം അവന്റെ നാവിനെയും സത്യപ്പെടുത്തിയിരിക്കണം. [ഇബ്നു ഹിബ്ബാൻ]

❒ ഔഫ്ബ്നു മാലിക് അശ്ജഈ رضي الله عنه പറയുന്നു: റസൂൽ ﷺ പറഞ്ഞു: എന്റെ റബ്ബിന്റെ അടുക്കൽ നിന്നുള്ള ഒരു ദൂതൻ എന്റെ അടുക്കൽ വന്നു. എന്നിട്ട് എന്റെ സമുദായത്തിലെ പകുതി പേരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുക, ശഫാഅത്ത് എന്നീ രണ്ട് കാര്യങ്ങളിൽ ഇഷ്ടമുള്ളത് തെരഞ്ഞെടുക്കുവാൻ എന്നോട് നിർദ്ദേശിച്ചു. ഞാൻ ശഫാഅത്ത് തെരെഞ്ഞെടുത്തു. അല്ലാഹുവിൽ യാതൊന്നിനെയും പങ്കാളിയാക്കാതെ മരണപ്പെടുന്ന എല്ലാവർക്കുമുള്ളതായിരിക്കും അത്. [തിമിദി, ഇബ്നുമാജ, അഹ്മദ്]

❒ ജാബിർ ഇബ്നു അബ്ദുല്ല رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: വല്ലവനും ബാങ്ക് കേൾക്കുമ്പോൾ “ഈ സമ്പൂർണ്ണ വിളിയുടെയും നിലനിൽക്കുന്ന നമസ്ക്കാരത്തിന്റെയും രക്ഷിതാവായ അല്ലാഹുവേ മുഹമ്മദിന് നീ അൽവസീല, അൽഫദീല’ എന്നീ സ്ഥാനങ്ങൾ നൽകേണമേ. നീ തിരുമേനി ﷺക്ക് വാഗ്ദാനം ചെയ്ത സ്തുത്യർഹമായ സ്ഥാനത്തേക്ക് തിരുമേനിയെ ഉയിർത്തെഴുന്നേല്പിക്കേണമേ.” എന്ന് പ്രാർത്ഥിച്ചാൽ അവന് അന്ത്യനാളിൽ എന്റെ ശഫാഅത്ത്’ ലഭിച്ചു. [ബുഖാരി]

■

നബി ﷺയും അമിത പ്രശംസയും

അമിതമായി വാഴ്ത്തുന്നതിനെ വിലക്കുന്നു

❒ ഉമറുബ്നുൽ ഖത്വാബ് رضي الله عنه നിവേദനം: നബി ﷺ പറയുന്നതായി ഞാൻ കേട്ടു " ക്രൈസ്തവർ മർയമിന്റെ പുത്രനെ അമിതമായി വാഴ്ത്തിയത് പോലെ നിങ്ങളെന്നെ വാഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രമാണ്. അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണെന്ന് എന്നെക്കുറിച്ച് നിങ്ങൾ പറഞ്ഞുകൊള്ളുക. [ബുഖാരി]

❒ അനസ് رضي الله عنه പറയുന്നു. "അല്ലാഹുവിന്റെ ദൂതരെ, ഞങ്ങളിലെ അത്യുത്തമരായവരെ, ഞങ്ങളിലെ ഉത്തമരായവരുടെ പുത്രനായവരെ, ഞങ്ങളുടെ നേതാവേ, നേതാവിന്റെ പുത്രനായവരേ, ... എന്ന് ചിലയാളുകൾ നബി ﷺയെ സംബോധന ചെയ്തു. അപ്പോൾ അവിടുന്ന് പ്രതിവചിച്ചു. "ജനങ്ങളേ നിങ്ങൾ നിങ്ങളുടെ സംസാരം സംസാരിക്കുക. പിശാച് നിങ്ങൾ സ്വേച്ഛകളെ പിൻപറ്റുന്നവരാക്കാതിരിക്കട്ടെ. ഞാൻ അല്ലാഹുവിന്റെ അടിമയും ദൂതനുമായ മുഹമ്മദാണ്. അല്ലാഹു എന്നെ വെച്ചിരിക്കുന്ന സ്ഥാനത്ത് നിന്ന് എന്നെ ഉയർത്തുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. [നസാഈ]

❒ മുഗീറ رضي الله عنه പറയുന്നു: നബി ﷺയുടെ പുത്രൻ ഇബ്റാഹീം മരണപ്പെട്ട ദിവസം സൂര്യന് ഗ്രഹണമുണ്ടായി. ഇബ്റാഹിം മരണപ്പെട്ടത് കൊണ്ടാണ് സൂര്യഗ്രഹണമുണ്ടായതെന്ന് ജനങ്ങൾ പറയുവാൻ തുടങ്ങി. ഇതറിഞ്ഞപ്പോൾ നബി ﷺ പറഞ്ഞു "ആരെങ്കിലും മരിക്കുകയോ ജീവിക്കുകയോ ചെയ്തത് കൊണ്ട് സൂര്യനും ചന്ദ്രനും ഗ്രഹണം ബാധിക്കുകയില്ല. നിങ്ങൾ അതിനെ (ഗ്രഹണത്തെ) കണ്ടാൽ നമസ്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൽ. [ബുഖാരി, മുസ്ലിം]

❒ മുഅവ്വിദിന്റെ മകൾ റുബയ്യിഅ് رضي الله عنها പറയുന്നു: എന്റെ വിവാഹം കഴിഞ്ഞ്

ആദ്യരാത്രി കഴിഞ്ഞതിന്റെ പിറ്റേദിവസം രാവിലെ എന്റെ അടുത്ത് നബി ﷺ വന്നു. അപ്പോൾ ചില പെൺകുട്ടികൾ ദഫ്ഫ് മുട്ടി പാടുകയായിരുന്നു. ബദ്ർ ദിനത്തിൽ വധിക്കപ്പെട്ട അവരുടെ പിതാക്കളെക്കുറിച്ച് വാഴ്ത്തിപ്പാടുകയും ചെയ്തിരുന്നു. അങ്ങനെ പാടികൊണ്ടിരിക്കുമ്പോൾ "നാളെയെക്കുറിച്ച് അറിയുന്ന ഒരു പ്രവാചകൻ ഞങ്ങളുടെ കൂടെയുണ്ടെന്ന്" ഒരു പെൺകുട്ടി പാടി. അപ്പോൾ നബി ﷺ പറഞ്ഞു: നീ അങ്ങനെ പറയരുത്. നിങ്ങൾ നേരത്തെ പറഞ്ഞുകൊണ്ടിരുന്നത് പറഞ്ഞുകൊള്ളുക. [ബുഖാരി]

❒ അബൂഹുറയ്റ ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: ഒരിക്കൽ രണ്ടാളുകൾ കലഹിച്ചു. ഒരാൾ ജൂതനും മറ്റെയാൾ മുസ്ലിമുമായിരുന്നു. മുഹമ്മദ് നബിയെ സർവ്വരേക്കാളും ശ്രേഷ്ഠനായി തെരഞ്ഞെടുത്തവനാണെ സത്യം എന്ന് മുസ്ലിം പറഞ്ഞു. മൂസായെ സർവ്വലോകരെക്കാളും ശ്രേഷ്ഠനായി തെരെഞ്ഞെടുത്തവനാണെ എന്ന് ജൂതനും പറഞ്ഞു. അത് കേട്ടപ്പോൾ മുസ്ലിം തന്റെ കയ്യുയർത്തി ജൂതന്റെ മുഖത്തടിച്ചു. ഉടനെ ജൂതൻ നബി ﷺ യുടേ അടുത്ത് പോയി തനിക്കും മുസ്ലിമിനുമിടയിൽ ഉണ്ടായ സംഭവം വിവരിച്ചു. ജൂതന്റെ ആവലാതി കേട്ട നബി ﷺ മുസ്ലിമിനെ വിളിച്ച് കാര്യം അന്വേഷിച്ചു. മുസ്ലിം ഉണ്ടായതെല്ലാം നബി ﷺ യെ അറിയിച്ചു. അപ്പോൾ നബി ﷺ പറഞ്ഞു: മൂസയെക്കൾ ശ്രേഷ്ഠനായി എന്നെ നിങ്ങൾ കണക്കാക്കരുത്. കാരണം അന്ത്യനാളിൽ മനുഷ്യരെല്ലാം ബോധരഹിതരായി വീഴും. അന്ന് ഞാൻ അവരോടൊപ്പം വീഴും. ഏറ്റവുമാദ്യം ബോധം തിരിച്ച് കിട്ടുന്നത് എനിക്കായിരിക്കും. അപ്പോൾ മൂസാ ദൈവിക സിംഹാസനത്തിന്റെ ഒരു ഭാഗം പിടിച്ച് നിൽക്കുന്നുണ്ടാവും. അദ്ദേഹം ബോധരഹിതനായ ശേഷം എനിക്ക് മുമ്പ് ബോധം തിരിച്ച് കിട്ടിയതോ, അതല്ല, ബോധം കെടുത്താതെ അല്ലാഹു അദ്ദേഹത്തെ ഒഴിച്ചു നിർത്തിയതോ എന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുകയില്ല. [ബുഖാരി, മുസ്ലിം]

❒ ഇബ്നു അബ്ബാസ് ﷺ പറയുന്നു: അല്ലാഹുവും അങ്ങുന്നും ഉദ്ദേശിച്ചത് എന്ന് ഒരു മനുഷ്യൻ ഒരിക്കൽ നബി ﷺ യോട് പറയുകയുണ്ടായി. അപ്പോൾ തിരുമേനി ﷺ പറഞ്ഞു: താൻ എന്നെ അല്ലാഹുവിന് സമനാക്കി!. അല്ലാഹുമാത്രം ഉദ്ദേശിച്ചത് എന്നാണ് പറയേണ്ടത്. [അബൂദാവൂദ്, നസാഇ, ഇബ്നുമാജ]

❒ ഹുദൈഫ ﷺ നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവും ഇന്ന ആളും ഉദ്ദേശിച്ചത് എന്ന് നിങ്ങൾ പറയരുത്. അല്ലാഹു ഉദ്ദേശിച്ചത് എന്നും പിന്നീട് ഇന്ന ആൾ ഉദ്ദേശിച്ചത് എന്നും പറഞ്ഞു കൊള്ളുക. [അബൂദാവൂദ്, നസാഇ, ഇബ്നുമാജ]

■

നബി ﷺയും മത തീവ്രതയും

ഇസ്‌ലാമിലെ മിതത്വം

❐ അനസ് رضي الله عنه പറയുന്നു: നബി ﷺയുടെ ആരാധനകളെക്കുറിച്ച് ചോദിച്ചറിയുവാൻ മൂന്നംഗസംഘം നബി ﷺയുടെ ഭാര്യമാരുടെ വീടുകളിലേക്ക് വന്നു. നബി ﷺയുടെ ആരാധനകളെക്കുറിച്ച് അവരോട് പറയപ്പെട്ടപ്പോൾ അവർക്ക് (തങ്ങളുടേത്) വളരെ കുറഞ്ഞ് പോയെന്ന് തോന്നി. അപ്പോൾ അവർ പറഞ്ഞു: നമ്മളും നബി ﷺയും എവിടെ നിൽക്കുന്നു? നബി ﷺക്ക് കഴിഞ്ഞ് പോയതും വരാനിരിക്കുന്നതുമായ പാപങ്ങളും അല്ലാഹു പൊറുത്തു കൊടുത്തിരിക്കുന്നു. അങ്ങനെ അവരിലൊരാൾ പറഞ്ഞു: തീർച്ചയായും ഞാൻ രാത്രി മുഴുവൻ നമസ്കരിക്കും മറ്റൊരാൾ പറഞ്ഞു: ഞാൻ കാലം മുഴുവൻ വ്രതമനുഷ്ഠിക്കും. മൂന്നാമൻ പറഞ്ഞു: ഞാൻ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കും ഞാൻ വിവാഹിതനാവുകയേ ഇല്ല. അപ്പോൾ നബി ﷺ വന്നു എന്നിട്ട് പറഞ്ഞു: നിങ്ങളാണോ ഇങ്ങനെയൊക്കെ പറഞ്ഞത്? എന്നാൽ അല്ലാഹുവാണെ സത്യം ഞാനാണ് നിങ്ങളെക്കാൾ അല്ലാഹുവിനെ ഏറ്റവും കൂടുതൽ ഭയപ്പെടുന്നവനും, ഏറ്റവും കൂടുതൽ സൂക്ഷിക്കുന്നവനും. എന്നാൽ ഞാൻ നോമ്പ് അനുഷ്ഠിക്കുന്നു നോമ്പ് മുറിക്കുന്നു, രാത്രി നമസ്കരിക്കുന്നു, ഉറങ്ങുന്നു. സ്ത്രീകളെ വിവാഹം ചെയ്യുകയും ചെയ്യുന്നു. എന്റെ ചര്യ ആര് ഇഷ്ടപ്പെടുന്നില്ലെയോ അവൻ എന്നിൽ പെട്ടവനല്ല. [ബുഖാരിം മുസ്‌ലിം]

❐ ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: നബി ﷺ പ്രസംഗിച്ചു കൊണ്ടിരിക്കെ അതാ, ഒരാൾ നിൽക്കുന്നു. അദ്ദേഹത്തെക്കുറിച്ച് നബി ﷺ ചോദിച്ചു. സഹാബികൾ പറഞ്ഞു: അത് അബൂഇസ്റാഈലാണ്. ഇരിക്കുകയില്ലെന്നും, തണൽ കൊള്ളുകയില്ലെന്നും, സംസാരിക്കുകയില്ലെന്നും, വ്രതമ

നുഷ്ഠിക്കുമെന്നും അദ്ദേഹം നേർച്ചയാക്കിയിരിക്കുകയാണ്. അപ്പോൾ നബി ﷺ പറഞ്ഞു: അദ്ദേഹത്തോട് സംസാരിക്കാനും തണൽ കൊള്ളാനും ഇരിക്കാനും പറയുക. നോമ്പ് പൂർത്തിയാക്കുകയും ചെയ്തുകൊള്ളട്ടെ. [ബുഖാരി, മുസ്‌ലിം]

❒ അനസ് رضي الله عنه പറയുന്നു: നബി ﷺ ഒരിക്കൽ പള്ളിയിൽ പ്രവേശിച്ചപ്പോൾ അവിടെ രണ്ട് തൂണുകൾക്കിടയിൽ ഒരു കയർ ബന്ധിച്ചിരിക്കുന്നത് കണ്ടു. നബി ﷺ ചോദിച്ചു: എന്താണീ കയർ? അനുചരന്മാർ പറഞ്ഞു: ഇത് സൈനബയുടെ കയറാണ്. അവർക്ക് (രാത്രി നമസ്ക്കാരത്തിൽ) ക്ഷീണം ബാധിക്കുമ്പോൾ ഈ കയറിൽ പിടിക്കും. അപ്പോൾ നബി ﷺ പറഞ്ഞു: വേണ്ട അത് അഴിച്ചു കളയുവിൻ, നിങ്ങളിൽ ഒരോരുത്തരും അവരവരുടെ ഉന്മേഷാവസരത്തിൽ നമസ്കരിക്കട്ടെ. ക്ഷീണം ബാധിച്ചാൽ ഇരിക്കുകയും ചെയ്യട്ടെ. [ബുഖാരി, മുസ്‌ലിം]

❒ അനസ് رضي الله عنه നിവേദനം: ഒരു വൃദ്ധൻ തന്റെ രണ്ട് മക്കളുടെ പിരടിയിൽ തൂങ്ങി ചാടി നടക്കുന്നതായി കണ്ടു. അപ്പോൾ നബി(സ്) ചോദിച്ചു: അദ്ദേഹത്തിന് എന്ത് പറ്റി? അദ്ദേഹം നടക്കുവാൻ നേർച്ചയാക്കിയിരിക്കുന്നുവെന്ന് അവർ പറഞ്ഞു: അപ്പോൾ തിരുമേനി ﷺ അരുളി: "നിശ്ചയം ഒരുവൻ ഇവ്വിധം തന്റെ ശരീരത്തെ പീഡിപ്പിക്കുന്നത് അല്ലാഹുവിന് ആവശ്യമില്ല തുടർന്ന് അവരോട് വാഹനത്തിൽ സഞ്ചരിക്കുവാൻ കല്പിച്ചു. [ബുഖാരി, മുസ്‌ലിം]

❒ അബൂ ഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: മതം വളരെ ലളിതമാണ്. അതിനെ പ്രയാസകരമാക്കുന്നവനെ അത് പരാജയപ്പെടുത്തുക തന്നെ ചെയ്യും. അതിനാൽ നിങ്ങൾ കർമ്മങ്ങളെ ശരിയായ രീതിയിലാക്കുക്കുക. പൂർണ്ണതയിലേക്കടുപ്പിക്കുക. സന്തോഷഭരിതരാവുക. രാവിലെയും വൈകുന്നേരവും രാത്രിയിൽ കുറച്ച് ഭാഗവും ആരാധന ചെയ്ത് റബ്ബിന്റെ സഹായം തേടുക. [ബുഖാരി]

❒ ഇബ്നു മസൂദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ആരാധനയിൽ തീവ്രത പുലർത്തുന്നവൻ നശിച്ചത് തന്നെ' ഇത് മൂന്ന് തവണ ആവർത്തിച്ചു. [മുസ്‌ലിം]

❒ ജാബിർ ഇബ്നു സമൂറ رضي الله عنه നിവേദനം: ഞാൻ നബി ﷺ യുടെ കൂടെ പല നമസ്കാരങ്ങളിലും സംബന്ധിച്ചിട്ടുണ്ട്. തിരുമേനി ﷺ യുടെ നമസ്ക്കാരവും ഖുത്വുബയുമെല്ലാം മധ്യ നിലയിലുള്ളതായിരുന്നു. [മുസ്‌ലിം]

■

നബി ﷺയുടെ മരണം

രോഗാവസ്ഥയിൽ

ആഇശ رضي الله عنها നിവേദനം: നബി ﷺ രോഗിയായാൽ സൂറത്തുന്നാസും സൂറത്തുൽ ഫലഖും ഓതി തന്റെ ശരീരത്തിൽ ഊതാറുണ്ടായിരുന്നു, തിരുമേനി ﷺയുടെ രോഗം ശക്തമായപ്പോൾ അനുഗ്രഹം പ്രതീക്ഷിച്ച് കൊണ്ട് ഞാൻ ആ സൂറത്തുകൾ ഓതി അദ്ദേഹത്തിന്റെ കൈ കൊണ്ട് അദ്ദേഹത്തിന്റെ ശരീരം തടവിക്കുമായിരുന്നു. [ബുഖാരി, മുസ്‌ലിം]

അന്ത്യ ദിനങ്ങൾ

❒ ആഇശ رضي الله عنها പറയുന്നു: നബി ﷺക്ക് രോഗം കഠിനമായ സമയത്ത് ചോദിച്ചു: ആളുകൾ നമസ്കരിച്ചോ? ഞങ്ങൾ പറഞ്ഞു: ഇല്ല ആളുകൾ അങ്ങയെ പ്രതീക്ഷിച്ചിരിക്കുകയാണ്. നബി ﷺ പറഞ്ഞു: നിങ്ങൾ എനിക്ക് പാത്രത്തിൽ വെള്ളം എടുത്തുവെയ്ക്കൂ. ആഇശ رضي الله عنها പറഞ്ഞു: ഞങ്ങൾ അങ്ങനെ ചെയ്തു. റസൂൽ ﷺ കുളിച്ചു. എന്നിട്ട് എഴുന്നേൽക്കാൻ നോക്കിയപ്പോൾ ബോധരഹിതനായി. ബോധമുണർന്നപ്പോൾ ചോദിച്ചു. 'ആളുകൾ നമസ്ക്കരിച്ചോ?' ഞങ്ങൾ പറഞ്ഞു: ഇല്ല; അല്ലാഹുവിന്റെ റസൂലേ അവർ അങ്ങയെ പ്രതീക്ഷിച്ചിരിക്കുകയാണ്. അപ്പോൾ അവിടുന്ന് പറഞ്ഞു: നിങ്ങൾ എനിക്ക് പാത്രത്തിൽ വെള്ളമെടുത്തുവെക്കൂ. അപ്പോൾ നബി ﷺ ഇരുന്നു. എന്നിട്ട് കുളിച്ചു. വീണ്ടും എഴുന്നേൽക്കാൻ ഒരുങ്ങിയപ്പോൾ ബോധരഹിതനായി.

ബോധമുണർന്നപ്പോൾ ചോദിച്ചു: ആളുകൾ നമസ്കരിച്ചുവോ? ഞങ്ങൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ ഇല്ല. അവർ അങ്ങയെ പ്രതീക്ഷിച്ചിരിക്കുകയാണ്.' ഇശാ നമസ്ക്കാരത്തിന് നബി ﷺ വരുന്നത് പ്രതീ

ക്ഷിച്ചുകൊണ്ട് ആളുകൾ പള്ളിയിൽ തന്നെ ഇരിക്കുകയാണ്. അപ്പോൾ അബൂബക്കർ(റ)ന്റെ അടുത്തേക്ക് നബിﷺ ആളെ അയച്ചു....[ബുഖാരി]

❒ ആഇശ(റ) പറയുന്നു: അല്ലാഹുവിന്റെ റസൂൽﷺ മരിക്കാനിടയായ രോഗം ബാധിച്ചപ്പോൾ, നമസ്ക്കാരത്തിന്റെ സമയമാവുകയും ബാങ്ക് വിളിക്കുകയും ചെയ്തു. തിരുമേനിﷺ പറഞ്ഞു: അബൂബക്കറിനോട് ജനങ്ങൾക്ക് ഇമാമായി നിന്ന് നമസ്ക്കരിക്കാൻ പറയുക. അപ്പോൾ പറയപ്പെട്ടു: തീർച്ചയായും അബൂബക്കർ ഏറെ ലോലഹൃദയനാണ് അതിനാൽ അങ്ങയുടെ സ്ഥാനത്ത് കയറി നിൽക്കാൻ അദ്ദേഹത്തിന് കഴിയില്ല. നബിﷺ അതേ വാക്ക് ആവർത്തിച്ചു.... അങ്ങനെ അബൂബക്കർ(റ) പള്ളിയിലേക്ക് പുറപ്പെടുകയും നമസ്കരിക്കുകയും ചെയ്തു. ആ സമയത്ത് നബിﷺക്ക് അല്പം ആശ്വാസം തോന്നി. അപ്പോൾ രണ്ടാളുകളുടെ ചുമലിൽ ഊന്നികൊണ്ട് പുറപ്പെട്ടു. ഞാൻ ആ അവസരത്തിൽ തിരുമേനിﷺയുടെ കാല്പാദത്തിലേക്ക് നോക്കി. വേദനകൊണ്ട് അത് രണ്ടും വലിച്ചിഴച്ച് നിലത്ത് പാട് വീണിരിക്കുന്നു.

(നബിﷺയെ) കണ്ടപ്പോൾ അബൂബക്കർ(റ) പിറകോട്ട് മാറാൻ ഒരുങ്ങി. അവിടെ തന്നെ നിൽക്കൂവെന്ന് നബിﷺ അദ്ദേഹത്തിന് ആംഗ്യം കാണിച്ചു. പിന്നെ നബിﷺയെ കൊണ്ട് വന്ന് അദ്ദേഹത്തിന്റെ അടുത്തിരുത്തി. നബിﷺ നമസ്ക്കരിച്ചു. അബൂബക്കർ(റ) നബിﷺയെ തുടർന്നു. ജനങ്ങൾ അബൂബക്കർ(റ)നെ തുടർന്നു നമസ്ക്കരിച്ചു. [ബുഖാരി]

അവസാന ദിവസത്തെ പുഞ്ചിരി

അനസ്(റ) നിവേദനം: നബിﷺ മരിക്കാനിടയായ രോഗസമയത്തെ കഠിന വേദനയിൽ അബൂബക്കർ(റ)വാണ് ആളുകൾക്ക് ഇമാമായി നമസ്ക്കരിച്ചിരുന്നത്. അങ്ങനെ തിങ്കളാഴ്ച ആളുകൾ നമസ്ക്കാരത്തിന്നായി വരിവരിയായി നിൽക്കുകയാണ്. അപ്പോൾ നബിﷺ മുറിയുടെ വിരിനീക്കി. ഞങ്ങളെ നോക്കി, തിരുമേനിﷺ നിൽക്കുകയാണ്. തിരുമേനിﷺ യുടെ മുഖം മുസ്ഹഫിന്റെ പേജ് പോലുണ്ട്. എന്നിട്ട് പുഞ്ചിരി തൂകി. ചിരിച്ചു. നബിﷺയുടെ കണ്ട സന്തോഷത്താൽ ഞങ്ങളുടെ നമസ്ക്കാരം കുഴപ്പത്തിലാവുമോ എന്ന് ഞങ്ങൾ ഭയപ്പെട്ടു. അപ്പോൾ അബൂബക്കർ(റ) വരിയിലോട്ട് ചേർന്ന് നിൽക്കാൻ പിറകോട്ട് നീങ്ങി. നബിﷺ നമസ്ക്കരിക്കാൻ ഇറങ്ങി വരികയാണെന്ന് അദ്ദേഹം വിചാരിച്ചു. അപ്പോൾ നബിﷺ ഞങ്ങളുടെ നേരെ 'നമസ്കാരം പൂർത്തിയാക്കൂ എന്ന്' ആംഗ്യം കാണിച്ചു. വിരി താഴ്ത്തിയിട്ടു. അന്നു തന്നെ മരണപ്പെടുകയും ചെയ്തു. [ബുഖാരി]

അന്ത്യ നിമിഷങ്ങൾ

❐ ആഇശ رضي الله عنها നിവേദനം: അവർ പറഞ്ഞു: ഒരു നബിയും ഇഹലോകമോ പരലോകമോ രണ്ടാലൊന്ന് തെരഞ്ഞെടുക്കുന്നത് വരെ മരണപ്പെടുകയില്ലെന്ന് ഞാൻ കേട്ടിട്ടുണ്ട്. തിരുമേനി ﷺ രോഗശയ്യയിലായിരിക്കെ ഇങ്ങനെ പ്രാർത്ഥിക്കുന്നത് ഞാൻ കേട്ടു. അദ്ദേഹത്തിന് ചുമബാധിച്ചിരുന്നു. "അല്ലാഹുവേ നീ അനുഗ്രഹിച്ചവരുടെ കൂട്ടത്തിൽ എന്നെ ഉൾപെടുത്തേണമേ." ഇതു കേട്ടപ്പോൾ തിരുമേനി ﷺ യും തനിക്ക് വേണ്ടത് തിരഞ്ഞെടുത്തു. എന്ന് ഞാൻ കരുതി. [ബുഖാരി, മുസ്‌ലിം]

❐ ആഇശ رضي الله عنها നിവേദനം: അവർ പറഞ്ഞു: റസൂൽ ﷺ ആരോഗ്യവാനായിരിക്കെ ഇങ്ങനെ പറയുമായിരുന്നു. "ഒരു പ്രവാചകനും സ്വർഗത്തിൽ തന്റെ സ്ഥാനം കാണിക്കപ്പെടാതെ മരണപ്പെടുകയില്ല. പിന്നീട് ദുൻയാവിൽ ജീവിച്ചിരിക്കാനോ പരലോകം തെരഞ്ഞെടുക്കാനോ അദ്ദേഹത്തിന് സ്വാതന്ത്ര്യം നൽകപ്പെടും. പിന്നീട് തിരുമേനി ﷺ രോഗിയായിരിക്കെ മരണമാസന്നമായപ്പോൾ അദ്ദേഹത്തിന്റെ തല എന്റെ മടിയിലായിരുന്നു. തിരുമേനി ﷺ ബോധരഹിതനായി. ബോധം വീണപ്പോൾ തിരുമേനി ﷺ തന്റെ ദൃഷ്ടിയെ വീടിന്റെ മച്ചിലേക്ക് ഉയർത്തിയിട്ട് ഇങ്ങനെ പ്രാർത്ഥിച്ചു. "അല്ലാഹുവേ നീ എന്നെ അത്യുന്നതനായ മിത്രത്തോട് ചേർത്താലും" ഇത് കേട്ട ഞാൻ മനസ്സിൽ പറഞ്ഞു: "ഇനി തിരുമേനി ﷺ നമ്മോടൊപ്പം ജീവിക്കുകയില്ല. അപ്പോൾ തിരുമേനി ﷺ ആരോഗ്യവേളയിൽ പറഞ്ഞ കാര്യങ്ങൾ പുലരുന്നതായി ഞാൻ മനസ്സിലാക്കി. [ബുഖാരി, മുസ്‌ലിം]

❐ ആഇശ رضي الله عنها നിവേദനം: നബി ﷺ മരണപ്പെടുന്നതിന് തൊട്ട് മുമ്പ് അവിടുന്ന് ഇങ്ങനെ പ്രാർത്ഥിക്കുന്നതായി ഞാൻ കേട്ടു. അന്നേരം തിരുമേനി ﷺ യുടെ മുതുക് എന്റെ മടിയിൽ വെച്ചിരിക്കുകയായിരുന്നു. "അല്ലാഹുവേ, എനിക്ക് പൊറുത്തു തരികയും എന്നോട് കരുണ കാണിക്കുകയും ഉന്നതരായ കൂട്ടുകാരോട് എന്നെ ചേർക്കുകയും ചെയ്യേണമേ. [ബുഖാരി, മുസ്‌ലിം]

നബി ﷺ യുടെ വഫാത്ത് (മരണം)

ആഇശ رضي الله عنها പറയാറുണ്ടായിരുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ മരണപ്പെട്ടത് എന്റെ ഊഴ ദിവസം എന്റെ മുറിയിൽ വെച്ച് എന്റെ വയറിനു നെഞ്ചിനുമിടക്ക് തലവെച്ചുകൊണ്ടായതും, അവിടുത്തെ മരണ ഘട്ടത്തിൽ എന്റെ ഉമിനീരും തിരുമേനിയുടെ ഉമിനീരും അല്ലാഹു കൂട്ടി കലർത്തിയതും അല്ലാഹു എനിക്കു ചെയ്തു തന്ന അനുഗ്രഹങ്ങളിൽ പെട്ടതാണ്.

എന്റെ അടുത്തേക്ക് (സഹോദരൻ) അബുദുറഹ്മാൻ കടന്നു വന്നു അദ്ദേഹത്തിന്റെ കൈയിൽ ഒരു മിസ്‌വാക്കുണ്ടായിരുന്നു. റസൂൽ ﷺ എന്റെ

മേൽ ചാരി ഇരിക്കുകയാണ്. തിരുമേനിﷺ അബ്ദുറഹ്മാന്റെ നേർക്ക് തന്നെ നോക്കുന്നത് ഞാൻ കണ്ടു. നബിﷺ പല്ലു തേക്കാൻ ആഗ്രഹിക്കുന്നതായി ഞാൻ മനസ്സിലാക്കി. ഞാൻ ചോദിച്ചു. ഞാൻ അത് താങ്കൾക്ക് വാങ്ങിത്ത രട്ടെയോ? വേണമെന്ന് തലകൊണ്ട് ആംഗ്യം കാണിച്ചു. അപ്പോൾ ഞാൻ വാങ്ങി കൊടുത്തു. അത് പരുപരുപ്പുള്ളതായിരുന്നു. ഞാൻ ചോദിച്ചു: മൃദുവാക്കിത്തരണമോ? വേണമെന്ന് തലകൊണ്ട് ആംഗ്യം കാണിച്ചു. ഞാനത് ചവച്ച് മൃദുവാക്കി. നബിﷺ അതു കൊണ്ട് പല്ല് തേച്ചു. നബിﷺ യുടെ മുന്നിൽ ഒരു പാത്രത്തിൽ വെള്ളമുണ്ടായിരുന്നു. തിരുമേനിﷺ ഇരു കൈകളും ആ വെള്ളത്തിലിട്ട് അത് കൊണ്ട് മുഖം തടവി. തിരുമേനിﷺ പറഞ്ഞു: 'ലാ ഇലാഹ ഇല്ലല്ലാഹ്' തീർച്ചയായും മരണത്തിന് ചില വെ പ്രാളങ്ങളുണ്ട്. പിന്നെ കൈ മേലോട്ടുയർത്തി പ്രാർത്ഥിച്ചു. "അല്ലാഹുവേ അത്യുന്നതരായ സുഹൃത്തുക്കളുടെ കൂട്ടത്തിൽ എത്തിക്കേണമേ." അങ്ങനെ തിരുമേനിﷺ മരണപ്പെടുകയും കൈകൾ തളർന്ന് ചായുകയും ചെയ്തു. [ബുഖാരി]

മരണവേദന

ആഇശ رضي الله عنها നിവേദനം: അവർ പറഞ്ഞു: നബിﷺയെക്കാൾ മരണ വേദന അനുഭവിച്ച മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല. [ബുഖാരി, മുസ്ലിം]

ദിവസം

ഇബ്നു അബ്ബാസ് رضي الله عنهما പറയുന്നു: നിങ്ങളുടെ നബിﷺ ജനിച്ചതും മദീ നായിലെത്തിയതും മരിച്ചതും തിങ്കളാഴ്ചയായിരുന്നു. [അഹ്മദ്, ബൈഹഖി]

വയസ്സ്

❒ ആഇശ رضي الله عنها നിവേദനം: നബിﷺ അറുപത്തിമൂന്നാം വയസ്സിൽ നിര്യാ തനായി. [ബുഖാരി, മുസ്ലിം]

❒ അനസ് رضي الله عنه നിവേദനം: അറുപത്തിമൂന്ന് വയസുള്ളപ്പോഴാണ് നബിﷺ മരിച്ചത്. അബൂബക്കർ رضي الله عنه അറുപത്തിമൂന്ന് വയസ്സുള്ളപ്പോൾ ഉമർ رضي الله عنه അറു പത്തിമൂന്ന് വയസ്സുള്ളപ്പോൾ. [മുസ്ലിം]

തിരുശരീരം മൂടിയ വസ്ത്രം

ആഇശ رضي الله عنها നിവേദനം: നബിﷺ മരിച്ചപ്പോൾ യമനിൽ നെയ്ത ഒരു പച്ച പുതപ്പ് കൊണ്ടാണ് മൂടിയിരുന്നത്. [ബുഖാരി, മുസ്ലിം]

പ്രിയ സ്നേഹിതന്റെ അന്ത്യ ചുംബനം

❒ ഇബ്നു അബ്ബാസ്ؓ, ആഇശؓ എന്നിവർ നിവേദനം: നബിﷺ മരിച്ചപ്പോൾ അബൂബക്കർ അവിടുത്തെ ചുംബിക്കുകയുണ്ടായി. [തിർമിദി]

❒ ആഇശؓ നിവേദനം: നബിﷺ മരിച്ച ശേഷം അബൂബക്കർؓ കയറിവന്ന് തിരുമേനിﷺയുടെ ഇരു നേത്രങ്ങൾക്കുമിടയിൽ ചുംബിച്ചു. ഇരു കൈകളും അവിടുത്തെ കൈതണ്ടിൽ വെച്ച് കൊണ്ട് ഇങ്ങനെ പറഞ്ഞു: അല്ലയോ പ്രവാചകരേ! ആത്മ മിത്രമേ, ഉറ്റ സ്നേഹിതാ!. [തിർമിദി]

തിരുശരീരം കുളിപ്പിച്ച രീതി

ആഇശؓ നബിﷺയുടെ തിരുദേഹം കുളിപ്പിക്കാൻ ഉദ്ദേശിച്ചപ്പോൾ അവർ പറഞ്ഞു: അല്ലാഹുവാണ് സത്യം! ഞങ്ങളുടെ മൃതദേഹങ്ങളുടെ വസ്ത്രം ഊരുന്നത് പോലെ നബിﷺയുടെ വസ്ത്രം ഊരേണ്ടതുണ്ടോ? അതല്ല വസ്ത്രം ധരിച്ച അവസ്ഥയിൽ തന്നെ കുളിപ്പിക്കണമോ എന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. അവർക്കിടയിൽ ഭിന്നതയുണ്ടായപ്പോൾ അല്ലാഹു അവരെ ഉറക്കി കളഞ്ഞു: ഉറക്കത്തിൽ താടിയെല്ലുകൾ നെഞ്ചിലേക്കു വന്നു. വീടിന്റെ ഒരു ഭാഗത്തുനിന്നും ആരോ പറഞ്ഞു: നബിﷺയെ വസ്ത്രം ധരിച്ച അവസ്ഥയിൽ തന്നെ കുളിപ്പിക്കുക. വിളിച്ച് പറഞ്ഞത് ആരെന്ന് അവർക്കും അറിയില്ലായിരുന്നു. അങ്ങനെ കുപ്പായത്തിന് മുകളിലൂടെ വെള്ളമൊഴിച്ചു കുളിപ്പിച്ചു. വസ്ത്രത്തോടൊപ്പം ഉരച്ചു കഴുകുകയും ചെയ്തു... [അബൂദാവൂദ്]

ജീവിതത്തിലും മരണത്തിലും വിശുദ്ധൻ

അലിؓ നിവേദനം: ഞാൻ നബിﷺയെ കുളിപ്പിച്ച ശേഷം സാധാരണയായി മൃതശരീരങ്ങൾക്കുണ്ടാകുന്ന വല്ലതും കാണുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിച്ചു. ഒന്നും കാണുകയുണ്ടായില്ല. തിരുമേനി ﷺ ജീവിച്ചിരുന്നപ്പോഴും മരിച്ചപ്പോഴും ഒരുപോലെ വിശുദ്ധനായിരുന്നു. [ഇബ്നുമാജ]

കഫൻ ചെയ്തത്

ആഇശؓ പറയുന്നു: യമനിലെ സുഹൂൽ ദേശത്ത് നെയ്ത ശുദ്ധ വെള്ളയും പരുത്തികൊണ്ടുള്ളതുമായ മൂന്ന് വസ്ത്രങ്ങളിലാണ് നബിﷺയെ കഫൻ ചെയ്തത്. അതിൽ കുപ്പായമോ തലപ്പാവോ ഉണ്ടായിരുന്നില്ല. [ബുഖാരി, മുസ്ലിം]

ജനാസ നമസ്കാരം

നബിﷺയുടെ ജനാസ ഒരുക്കപ്പെട്ടപ്പോൾ ജനങ്ങൾ അബൂബ

ക്കർ ؓനോട് ചോദിച്ചു. നബി ﷺക്ക് വേണ്ടി നമസ്ക്കരിക്കേണ്ടയോ? അദ്ദേഹം പറഞ്ഞു: 'വേണം' ജനങ്ങൾ ചോദിച്ചു: 'എങ്ങനെ?' അബൂബക്കർ ؓ പറഞ്ഞു: ഓരോ വിഭാഗവുമായി അകത്ത് പ്രവേശിക്കുകയും തക്ബീർ ചൊല്ലുകയും നമസ്ക്കരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക. ശേഷം പുറത്ത് വരികയും ചെയ്യുക. ശേഷം അടുത്ത വിഭാഗം പ്രവേശിക്കുക. വീണ്ടും അവർ ചോദിച്ചു: "നബി ﷺയെ മറവ് ചെയ്യേണ്ടയോ." അബൂബക്കർ ؓ പറഞ്ഞു: അവിടുത്തെ ആത്മാവ് പിടിക്കപ്പെട്ട സ്ഥലത്ത്. കാരണം നല്ല സ്ഥലത്തല്ലാതെ നബി ﷺയുടെ റൂഹിനെ അല്ലാഹു പിടികൂടുകയില്ല. അങ്ങനെ അദ്ദേഹം പറഞ്ഞത് സത്യമാണെന്ന് അവർ മനസ്സിലാക്കി. [തിർമിദി]

ഖബ്റിന്റെ സ്ഥലം

ആഇശ ؓ നിവേദനം: നബി ﷺ മരണപ്പെട്ടപ്പോൾ ആ തിരുശരീരം എവിടെ മറവ് ചെയ്യണമെന്നതിൽ അവർ(അനുചരർ) ഭിന്നിച്ചു. അപ്പോൾ അബൂബക്കർ ؓ ഇപ്രകാരം പ്രസ്താവിച്ചു: "ഒരു നബി മറവ് ചെയ്യപ്പെടേണ്ടത് എവിടെയാണോ ആ സ്ഥലത്ത് വെച്ച് മാത്രമേ അല്ലാഹു അദ്ദേഹത്തെ മരിപ്പിക്കുകയുള്ളൂ എന്ന്' നബി ﷺ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് നബി ﷺയെ അവിടുന്ന് കിടന്ന സ്ഥലത്ത് തന്നെ മറവ് ചെയ്യുവിൻ (തിർമിദി).

ഖബ്റിന്റെ രൂപം

❒ അനസ് ؓ നിവേദനം: നബി ﷺ മരണപ്പെട്ടപ്പോൾ ഖബ്റുകൾ കുഴിക്കുന്നയാളെയാണോ തുരക്കുന്നയാളെയാണോ വിളിക്കേണ്ടതെന്ന് സഹാബികൾക്കിടയിൽ ആശയക്കുഴപ്പമുണ്ടായി. അവസാനം രണ്ട് പേരുടെയും അടുത്തേക്ക് ആളെ വിടാനും അവരിൽ ആദ്യം എത്തുന്ന ആളെ കാര്യം ഏല്പിക്കുവാനും അവർ തീരുമാനിച്ചു. അങ്ങനെ ആദ്യമെത്തിയത് തുരക്കുന്നയാളായിരുന്നു. അയാളെ അവർ ഖബ്റെടുക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. [ഇബ്നുമാജ]

❒ ആമിർ ؓ നിവേദനം: സഅ്ദ്ബ്നു അബീ വഖാസ് ؓ തന്റെ മരണ ശയ്യയിലായിരിക്കുമ്പോൾ ഇപ്രകാരം പറഞ്ഞു: നിങ്ങൾ എനിക്ക് വേണ്ടി നബി ﷺയെ ചെയ്തത് പോലെ ഒരു ഖബ്ർ തുരന്നുണ്ടാക്കുകയും എന്നിട്ട് ഇഷ്ടിക നാട്ടി വെച്ച് മൂടുകയും ചെയ്യുക. [മുസ്ലിം]

മറവ് ചെയ്ത ദിവസം

ആഇശ ؓ നിവേദനം: നബി ﷺ മരിച്ചത് തിങ്കളാഴ്ചയും മറവ് ചെ

യ്തത് ചൊവ്വാഴ്ച രാത്രിയുമായിരുന്നു. [അഹ്മദ്]

ദുഃഖ ദിനം

❒ ജഅ്ഫർബ്നു മുഹമ്മദ് ﷺ പിതാവിൽ നിന്ന്: റസൂൽ ﷺ യുടെ ആത്മാവ് പിടിക്കപ്പെട്ടത് തിങ്കളാഴ്ചയാണ്. പിന്നീട് അന്നും ചൊവ്വാഴ്ചയും അങ്ങനെ നിൽക്കുകയും രാത്രി മറമാടുകയും ചെയ്തു. നിവേദകരിൽ ഒരാളായ സുഫ്യാൻ പറയുന്നു. രാത്രിയുടെ അന്ത്യത്തിൽ കൈക്കോട്ടിന്റെ ശബ്ദം ഉയർന്നു കേൾക്കുന്നുണ്ടായിരുന്നു. (തിർമിദി)

❒ 2 അനസ് ﷺ നിവേദനം: റസൂൽ ﷺ മദീനയിൽ പ്രവേശിച്ച നാൾ അവിടെ എല്ലാ വസ്തുക്കളും പ്രകാശ പൂരിതമായി. തിരുമേനി ﷺ മരിച്ച നാളിൽ അവിടെ എല്ലാറ്റിനും ഇരുട്ടു ബാധിച്ചു. വിശുദ്ധ ശരീരം മണ്ണിൽ മൂടി കൈകുടഞ്ഞെഴുന്നേറ്റപ്പോൾ ഞങ്ങൾക്ക് തന്നെ നഷ്ടപ്പെട്ടതായി തോന്നി. [തിർമിദി]

■

അറുപത്തേഴ്

നബി ﷺയുടെ ഖബർ

ഖബ്റാരാധനയെക്കുറിച്ച് മുന്നറിയിപ്പ്

❒ ആഇശ ؓ പറയുന്നു: അബ്സീനിയായിലെ കനീസയിൽ ഉമ്മു ഹബീബ ؓവും ഉമ്മുസലമ ؓയും കണ്ട് ചില രൂപങ്ങളെക്കുറിച്ച് അവർ നബി ﷺയോട് പറഞ്ഞു. അപ്പോൾ നബി ﷺ പറഞ്ഞു: അക്കൂട്ടരിൽ പെട്ട ഒരു നല്ല മനുഷ്യൻ മരിച്ചാൽ അയാളുടെ ഖബറിന്മേൽ അവർ പള്ളി പണിയും എന്നിട്ട് അതിൽ ആ രൂപങ്ങൾ നിർമ്മിക്കും. അന്ത്യനാളിൽ അല്ലാഹുവിന്റെ അടുത്ത് സൃഷ്ടികളിൽ ഏറ്റവും ദുഷ്ടന്മാർ അവരത്രെ. [ബുഖാരി, മുസ്ലിം]

❒ ജുൻദുബ് ؓ നിവേദനം: റസൂൽ ﷺ അരുളി: "അറിയുക നിങ്ങളുടെ മുമ്പുള്ളവർ അവരുടെ പ്രവാചകന്മാരുടെ ഖബ്റുകൾ ആരാധനാ കേന്ദ്രങ്ങളാക്കി. അറിയുക നിങ്ങൾ ഖബ്റുകളെ ആരാധനാലയങ്ങളാക്കരുത്. നിശ്ചയം ഞാനത് നിങ്ങളോട് വിരോധിക്കുന്നു. [മുസ്ലിം]

❒ ആഇശ ؓ, അബ്ദുല്ലാഹിബ്നു അബ്ബാസ് ؓ എന്നിവർ പറയുന്നു: നബി ﷺക്ക് മരണം ആസന്നമായ സന്ദർഭത്തിൽ അദ്ദേഹം ഒരു വസ്ത്രം മുഖത്തിടാൻ ആരംഭിക്കുകയും ശ്വാസം മുട്ടുമ്പോൾ അത് മുഖത്ത് നിന്ന് മാറ്റുകയും ചെയ്തുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ അവിടുന്ന് പറഞ്ഞു: "യഹൂദികൾക്കും ക്രിസ്ത്യാനികൾക്കും അല്ലാഹുവിന്റെ ശാപം! അവർ അവരുടെ പ്രവാചകന്മാരുടെ ഖബറുകൾ പള്ളികളാക്കിയിരിക്കുന്നു". അവർ ചെയ്യുന്നതിനെകുറിച്ച് അവിടുന്ന് താക്കീത് ചെയ്യുകയാണ്. [ബുഖാരി, മുസ്ലിം]

❒ ജുൻദുബ് ؓ നിവേദനം: നബി ﷺ മരിക്കുന്നതിന് അഞ്ച് ദിവസം മുമ്പ് ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്....

ശ്രദ്ധിക്കുക: നിങ്ങളുടെ മുൻഗാമികൾ തങ്ങളുടെ നബിമാരുടെയും പുണ്യവാന്മാരുടെയും ഖബ്റുകൾ ആരാധനാസ്ഥലമാക്കാറുണ്ടായിരുന്നു. ശ്രദ്ധിക്കുക. എന്നാൽ നിങ്ങൾ ഖബറുകളെ ആരാധന സ്ഥലമാക്കരുത് നിശ്ചയമായും ഞാൻ അതിൽ നിന്നും നിങ്ങളെ വിലക്കുന്നു. [മുസ്ലിം]

❒ ആഇശ ﵂ പറയുന്നു: നബി ﷺ മരണാസന്നനായി കിടക്കുന്ന രോഗത്തിലായിരിക്കെ പറഞ്ഞു: "ജൂതന്മാരെയും ക്രിസ്ത്യാനികളെയും അല്ലാഹു ശപിച്ചിരിക്കുന്നു. അവരുടെ പ്രവാചകന്മാരുടെ ഖബ്റുകൾ അവർ ആരാധന സ്ഥലമാക്കിയതിനാൽ."

❒ ആഇശ ﵂ പറയുന്നു: അവർ അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ തിരുമേനി ﷺ യുടെ ഖബ്റ് പുറത്ത് നിർമ്മിക്കുമായിരുന്നു. പക്ഷെ അത് ആരാധന സ്ഥലമാക്കപ്പെടും എന്ന ഭയത്താൽ അങ്ങനെ ചെയ്തില്ല. [ബുഖാരി, മുസ്ലിം]

കെട്ടിപൊക്കുന്നത് നിരോധിച്ചു

ജാബിർ ﵁ നിവേദനം: ഖബർ കുമ്മായം തേക്കുന്നതും അതിന്മേൽ ഇരിക്കുന്നതും കെട്ടിടം പണിയുന്നതും നബി ﷺ നിരോധിച്ചിരിക്കുന്നു. [മുസ്ലിം]

ജാബിർ ﵁ നിവേദനം: "നിശ്ചയം ഖബ്റിനുമേൽ കെട്ടിടം നിർമ്മിക്കുന്നത് നബി ﷺ നിരോധിച്ചിരിക്കുന്നു. അതിന്മേൽ എന്തെങ്കിലും അധികരിപ്പിക്കുന്നതും. [നസാഈ]

സുമാമത്ത് ﵁ നിവേദനം: "നബി ﷺ പറഞ്ഞത് നീ ഗ്രഹിച്ചിട്ടില്ലേ? നിശ്ചയം നബി ﷺ മുസ്ലിംകളുടെ ഖബ്റുകൾ കെട്ടിപൊക്കുന്നതും കുമ്മായമിടുന്നതും നിരോധിച്ചിരിക്കുന്നു. [മുസന്നഫ്]

നിരപ്പാക്കാൻ കല്പിച്ചു

സുമാമത് ﵁ നിവേദനം: ഞങ്ങൾ ഫദാലത്ത് ബ്നു ഉബൈദി ﵁ന്റെ കൂടെ റോമാ സാമ്രാജ്യത്തിലെ റൊഡേഷ്യാ എന്ന സ്ഥലത്തായിരുന്നപ്പോൾ ഞങ്ങളുടെ ഒരു സ്നേഹിതൻ മരണപ്പെട്ടു. ആ സമയത്ത് ഫദാലത്ത് ബ്നു ഉബൈദ് ﵁ന്റെ കല്പന പ്രാകാരം ഞങ്ങൾ അദ്ദേഹത്തിന്റെ ഖബർ നിരപ്പാക്കി. അനന്തരം ഫദാലത്ത് ﵁ പറഞ്ഞു: ഖബ്റുകൾ നിരപ്പാക്കാൻ നബി ﷺ കല്പിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. [മുസ്ലിം]

പടുത്തുയർത്തിയത് പൊളിച്ചു നീക്കാനും

അബുൽ ഹയ്യാജുൽ അസദ് ﵁ നിവേദനം: അലി ﵁ എന്നോട് പറഞ്ഞു: റസൂൽ ﷺ എന്നെ നിയോഗിച്ച ഒരു കാര്യത്തിന് ഞാൻ താങ്കളെ

നിയോഗിക്കട്ടെയോ? ഒരു പ്രതിമയും തട്ടിളടക്കാതെ വിടരുത്. ഉയർന്നു നിൽക്കുന്ന ഒരു ഖബറും നീ തട്ടിനിരപ്പാക്കാതെ ഉപേക്ഷിക്കരുത്. [മുസ്‌ലിം]

ആഘോഷ സ്ഥലമാക്കരുത്

അബൂഹുറയ്റ നിവേദനം: നബി ﷺ പറഞ്ഞു: എന്റെ ഖബറിനെ നിങ്ങൾ ആഘോഷ സ്ഥലമാക്കരുത്. [അബൂദാവൂദ്]

പ്രാർത്ഥിക്കപ്പെടുന്ന വിഗ്രഹമാക്കരുത്

അത്വാഅ് നിവേദനം: നിശ്ചയം നബി ﷺ ഇപ്രകാരം പ്രാർത്ഥിച്ചു: "അല്ലാഹുവേ എന്റെ ഖബറിനെ ആരാധിക്കപ്പെടുന്ന വിഗ്രഹമാക്കരുതേ. പ്രവാചകന്മാരുടെ ഖബ്റുകളെ ആരാധനാ കേന്ദ്രമാക്കുന്നവരോട് അല്ലാഹുവിന്റെ കോപം കഠിനമായിരിക്കുന്നു. [മുവത്വ]

തീർത്ഥാടനം മൂന്ന് പള്ളികളിലേക്ക് മാത്രം

അബൂഹുറയ്റ നിവേദനം: നബി ﷺ പറഞ്ഞു: കൂടുതൽ പുണ്യം ലഭിക്കാൻ മൂന്ന് പള്ളികളിലേക്കല്ലാതെ യാത്ര പോവേണ്ടതില്ല. മസ്ജിദുൽ ഹറാം, നബി ﷺയുടെ പള്ളി, മസ്ജിദുൽ അഖ്സ, എന്നിവയാണവ. [ബുഖാരി, മുസ്‌ലിം]

നബി ﷺയുടെ ഖബ്ർ നേരിൽ കണ്ടവരുടെ സാക്ഷ്യം

❒ ഖാസിം നിവേദനം: ഒരിക്കൽ ഞാൻ ആഇശ യുടെ അടുത്ത് ചെന്ന് ഇപ്രകാരം പറഞ്ഞു: പ്രിയപ്പെട്ട ഉമ്മാ! റസൂൽ ﷺയുടെയും അവിടുത്തെ രണ്ട് അനുചരന്മാരുടെയും (അബൂബക്കർ, ഉമർ) ഖബർ എനിക്ക് കാണിച്ച് തരൂ. അപ്പോൾ മറ നീക്കി ആ ഖബ്റുകൾ എനിക്ക് കാണിച്ചു തന്നു. അവ ഉയർത്തപെട്ടിട്ടില്ല. ഭൂമിയോടൊപ്പം നിരപ്പാക്കിയിട്ടുമില്ലാത്ത നിലയിൽ ചുകന്ന ചരൽ പൊടിയിട്ട് പരന്ന് കിടക്കുന്നതായാണ് ഞാൻ കണ്ടത്. [അബൂദാവൂദ്, ഹാകിം, ബൈഹകി)

❒ ജാബിർ നിവേദനം: നബി ﷺയുടെ ഖബർ ഏകദേശം ഒരു ചാൺ ഉയർത്തപെട്ട നിലയിലാണ് ഞാൻ കണ്ടത്. [ബൈഹഖി, ഇബ്നു ഹിബ്ബാൻ]

❒ ജാബിർ നിവേദനം: നബി ﷺയുടെ ഖബർ ലഹദായിരുന്നു. അതിന്മേൽ ഇഷ്ടിക നാട്ടി വെക്കുകയും ഖബർ ഒരു ചാണോളം ഉയർത്തുകയും ചെയ്തിരുന്നു. [ഇബ്നു ഹിബ്ബാൻ, ബൈഹഖി]

❒ സുഫ്യാൻ നിവേദനം: നബി ﷺയുടെ ഖബ്ർ കൂമ്പാരമായ നില

യിൽ അദ്ദേഹം കാണുകയുണ്ടായി. [ബുഖാരി]

ഖബ്ർ സിയാറത്ത് (സന്ദർശനം)

❒ ഇബ്നു ബുറൈദ رضي الله عنه തന്റെ പിതാവിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഖബർ സന്ദർശനം ഞാൻ നിങ്ങളോട് നിരോധിച്ചിരുന്നു. ഇനി നിങ്ങൾ അത് സന്ദർശിച്ചു കൊള്ളുക...[മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം.....(നബി ﷺ പറഞ്ഞു) നിങ്ങൾ ഖബർ സന്ദർശിക്കുക അത് നിങ്ങളെ മരണത്തെ ഓർമ്മിപ്പിക്കും. [മുസ്ലിം]

ഖബർ സന്ദർശിക്കുമ്പോഴുള്ള പ്രാർത്ഥന

❒ സുലൈമാനുബ്നു ബുറൈദ رضي الله عنه തന്റെ പിതാവിൽ നിന്ന് നിവേദനം. ശ്മശാനങ്ങളിലേക്ക് പുറപ്പെട്ടാൽ ഇപ്രകാരം പറയേണ്ടതായി നബി ﷺ ഞങ്ങളെ പഠിപ്പിക്കാറുണ്ടായിരുന്നു. 'സത്യവിശ്വാസികളും മുസ്ലിങ്ങളുമായ ശ്മശാന വാസികൾക്ക് അല്ലാഹുവിൽ നിന്നുള്ള ശാന്തിയുണ്ടാകട്ടെ. അല്ലാഹു ഉദ്ദേശിക്കുമ്പോൾ ഞങ്ങളും നിങ്ങളോടൊപ്പം വന്ന് ചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും നന്മയുണ്ടാകുവാൻ ഞങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. [മുസ്ലിം]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: മദീനയിലെ ചില ശ്മശാനങ്ങളിലൂടെ റസൂൽ ﷺ കടന്നുപോയി. അവർക്ക് അഭിമുഖമായി നിന്ന് തിരുമേനി ﷺ പറഞ്ഞു: ശ്മശാനവാസികളേ! നിങ്ങൾക്ക് സമാധാനമുണ്ടാകട്ടെ. അല്ലാഹു ഞങ്ങൾക്കും നിങ്ങൾക്കും പൊറുത്തു തരട്ടെ നിങ്ങൾ ഞങ്ങളുടെ മുൻഗാമികളാണ്. ഞങ്ങൾ നിങ്ങളുടെ പിൻഗാമികളും. [തിർമിദി]

❒ ആഇശ رضي الله عنها നിവേദനം:..... ആഇശ رضي الله عنها പറയുന്നു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ അവർക്ക് വേണ്ടി ഞാൻ പ്രാർത്ഥിക്കേണ്ടത്. തിരുമേനി ﷺ പറഞ്ഞു: നീ ഇപ്രകാരം പ്രാർത്ഥിക്കുക "ഈ പാർപിടങ്ങളിലെ വിശ്വാസികളും മുസ്ലിംകളുമായ നിവാസികളിൽ അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ. നമ്മിൽ നിന്ന് മുമ്പ് കഴിഞ്ഞ് പോയവർക്കും വരാനിരിക്കുന്നവർക്കും അല്ലാഹു കരുണ ചെയ്യട്ടേ. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ ഞങ്ങളും നിങ്ങളോടൊപ്പം ചേരുന്നതാണ്. [മുസ്ലിം]

■

പാഠം 2

നബി ﷺ യെ അറിയുക നബി വചനത്തിലൂടെ

ഒന്ന്

അല്ലാഹുവിനെ അറിയുക

ആരാധനക്കർഹൻ അല്ലാഹു മാത്രം

ഇബ്നു സുബൈർ رضي الله عنه നിവേദനം.....

"അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. അവൻ ഏകനാണ്. അവന് യാതൊരു പങ്കുകാരുമില്ല. അവനാകുന്നു രാജാധിപത്യം. അവനാണ് സർവ്വസ്തുതിയും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. അവനെയല്ലാതെ ഞങ്ങൾ മറ്റാരേയും ആരാധിക്കുന്നില്ല. അവനാകുന്നു അനുഗ്രഹം, അവനാകുന്നു മഹത്വം അവനാകുന്നു ഉത്തമമായ പുകഴ്ച്ച. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല. ഞങ്ങൾ നിഷ്കളങ്കമായി അവന്ന് കീഴ്പ്പെടുന്നു. സത്യനിഷേധികൾ വെറുത്താലും ശരി."

നിവേദകൻ പറയുന്നു എല്ലാ നമസ്കാരാന്തരവും നബി ﷺ ഈ കീർത്തനങ്ങൾ നടത്താറുണ്ടായിരുന്നു. [മുസ്ലിം]

പ്രാർത്ഥന ആരാധന തന്നെയാണ്

നുഅ്മാനുബ്നു ബഷീർ رضي الله عنه നിവേദനം: റസൂൽ ﷺ അരുളി: "പ്രാർത്ഥന അത് ആരാധന തന്നെയാണ്." ശേഷം നബി ﷺ ഓതി. "നിങ്ങളുടെ നാഥൻ പറഞ്ഞിരിക്കുന്നു. എന്നോട് നിങ്ങൾ പ്രാർത്ഥിക്കു നിശ്ചയം ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായികൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്." (ഖുർആൻ 40/60) [തിർമിദി, ഇബ്നുമാജ]

അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുക

അബൂദർറ് رضي الله عنه നിവേദനം: നബി ﷺ ഉന്നതനും അനുഗ്രഹപൂർണ്ണനുമായ

അല്ലാഹു അരുളിയതായി പറഞ്ഞു: "എന്റെ അടിമകളേ, ഞാൻ എന്റെ മേൽ അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. അത് ഞാൻ നിങ്ങൾക്കിടയിലും നിഷിദ്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് എന്റെ അടിമകളേ നിങ്ങൾ പരസ്പരം അക്രമം കാണിക്കരുത്. എന്റെ അടിമകളേ നിങ്ങളെല്ലാവരും വഴി തെറ്റിയവരാണ്. ഞാൻ മാർഗ്ഗദർശനം കാണിക്കുന്നവരൊഴിച്ച്. അതുകൊണ്ട് നിങ്ങൾ എന്നോട് സന്മാർഗ്ഗ ദർശനം തേടുക. ഞാൻ നിങ്ങൾക്ക് മാർഗ്ഗദർശനം നൽകാം. എന്റെ അടിമകളേ, നിങ്ങളെല്ലാവരും വിശക്കുന്നവരാണ്. ഞാൻ ഭക്ഷണം നൽകുന്നവരൊഴിച്ച്, അത് കൊണ്ട് നിങ്ങൾ എന്നോട് ഭക്ഷണം തേടുക. ഞാൻ നിങ്ങൾക്ക് ഭക്ഷണം നൽകാം. എന്റെ അടിമകളേ നിങ്ങളെല്ലാവരും നഗ്നരാണ് ഞാൻ വസ്ത്രം ധരിപ്പിച്ചവരൊഴികെ, അത് കൊണ്ട് നിങ്ങൾ എന്നോട് വസ്ത്രം തേടുക. ഞാൻ നിങ്ങൾക്ക് വസ്ത്രം നൽകാം. എന്റെ അടിമകളേ, നിങ്ങൾ രാവും പകലും തെറ്റ് ചെയ്യുന്നുണ്ട്. ഞാൻ പാപങ്ങളെല്ലാം പൊറുക്കും. നിങ്ങൾ എന്നോട് പൊറുക്കലിനെ തേടുക. ഞാൻ നിങ്ങൾക്ക് പൊറുത്തു തരാം....[മുസ്‌ലിം]

പ്രാർത്ഥന കേൾക്കുന്നവനും പശ്ചാതാപം സ്വീകരിക്കുന്നവനും

❒ അബൂഹുറയ്റ ﷺ പറയുന്നു: നമ്മുടെ നന്മ നിറഞ്ഞ രക്ഷിതാവ് എല്ലാ രാത്രിയിലും രാത്രിയുടെ മൂന്നിലൊരു ഭാഗം അവശേഷിക്കുന്ന സമയത്ത് ആകാശത്തേക്കിറങ്ങിവരും. അവൻ പറയും: ആരെങ്കിലും എന്നെ വിളിച്ച് പ്രാർത്ഥിക്കുന്നുവെങ്കിൽ ഞാനവന് നൽകും. ആരെങ്കിലും എന്നോട് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നുവെങ്കിൽ അവന് ഞാൻ പൊറുത്തു കൊടുക്കും. [ബുഖാരി, മുസ്‌ലിം]

❒ അബൂമൂസാ ﷺ നിവേദനം: നബി ﷺ പറഞ്ഞു: പ്രതാപവാനും മഹാനുമായ അല്ലാഹു രാത്രിയിൽ അവന്റെ കരം നീട്ടുന്നു. പകൽ തെറ്റ് ചെയ്തവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടി. പകൽ അവന്റെ കരം നീട്ടുന്നു രാത്രിയിൽ തെറ്റ് ചെയ്തവന്റെ പശ്ചാത്താപം സ്വീകരിക്കുന്നതിന് വേണ്ടി. സൂര്യൻ പടിഞ്ഞാറ് നിന്ന് ഉദയം ചെയ്യുന്നത് വരെ ഇതുണ്ടാകും' [മുസ്‌ലിം]

അല്ലാഹുവിന്റെ ഔദാര്യവും സ്നേഹവും കാരുണ്യവും

ഇബ്നു അബ്ബാസ് ﷺ പറയുന്നു. നബി ﷺ പറഞ്ഞു: അല്ലാഹു നന്മകളെയും തിന്മകളെയും രേഖപ്പെടുത്തിവെക്കുന്നതാണ്. പിന്നെ തിരുമേനി ﷺ അത് ഇങ്ങനെ വിവരിച്ചു: ഒരാൾ ഒരു നന്മ ചെയ്യാൻ ഉദ്ദേശിച്ചു. പക്ഷെ അത് പ്രവർത്തിച്ചില്ല എന്നാൽ അവന്റെ ഉദ്ദേശത്തെ പൂർണ്ണമായ പുണ്യകർമ്മമായി അല്ലാഹു രേഖപ്പെടുത്തുന്നതാണ്. എന്നാൽ ഒരു പുണ്യകർമ്മം

പ്രവർത്തിക്കാൻ ഉദ്ദേശിക്കുകയും അത് പ്രാവർത്തിക്കുകയും ചെയ്താൽ ആ പുണ്യകർമ്മത്തെ പത്ത് മുതൽ എഴുന്നൂറ് ഇരട്ടിവരെ നന്മയായി അവന് രേഖപ്പെടുത്തിവെക്കും. മറിച്ച് ഒരു ചീത്ത പ്രവർത്തി ചെയ്യുവാൻ ഉദ്ദേശിച്ചു. പക്ഷെ, പ്രവർത്തിച്ചില്ല. എന്നാൽ അത് പൂർണ്ണമായ ഒരു സൽകർമ്മമായി അവന്റെ പേരിൽ അല്ലാഹു രേഖപ്പെടുത്തുന്നു. പ്രവർത്തിച്ചാൽ ഒരു ചീത്ത പ്രവർത്തിയായി മാത്രമെ അല്ലാഹു രേഖപ്പെടുത്തുകയുള്ളൂ. [ബുഖാരി, മുസ്ലിം]

ഔദാര്യവും അനുഗ്രഹവും

അബൂഹുറയ്റ ؓ പറയുന്നു: നബിﷺ പറഞ്ഞു: "ഉന്നതനായ അല്ലാഹു പറഞ്ഞിരിക്കുന്നു. നീ നന്മയുടെ മാർഗ്ഗത്തിൽ ചെലവഴിക്കുക. എന്നാൽ നിനക്ക് വേണ്ടി നാമും ചെലവഴിക്കും." നബിﷺ തുടർന്നു. അല്ലാഹുവിന്റെ കൈ (അനുഗ്രഹത്താൽ) നിറഞ്ഞിരിക്കുകയാണ്. രാപ്പകൽ ഒഴിവില്ലാതെ ചെലവ് ചെയ്താലും അതിൽ യാതൊരു കുറവും വരികയില്ല. ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് മുതൽ അവൻ ചിലവഴിച്ചു കൊണ്ടിരിക്കുന്നത് നിങ്ങൾ കണ്ടില്ലേ? എന്നിട്ട് അവന്റെ കയ്യിലുള്ളതിന്നൊരു കുറവും സംഭവിച്ചിട്ടില്ല. അവന്റെ സിംഹാസനം വെള്ളത്തിന്മേലായിരുന്നു. അവന്റെ കയ്യിലാണ് തുലാസ്. അത് മുഖേന അവൻ ചിലരെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യുന്നു. [ബുഖാരി, മുസ്ലിം]

സ്നേഹവും ഇഷ്ടവും

❒ അബൂഹുറയ്റ ؓ നിവേദനം: നബിﷺ അരുളി: "അല്ലാഹു ഒരു അടിമയെ ഇഷ്ടപ്പെട്ടാൽ ജിബ്രീൽ ؑനെ വിളിച്ച് പറയും: നിശ്ചയം അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ നീയും അവനെ ഇഷ്ടപ്പെടുക. അപ്പോൾ ജിബ്രീലും അയാളെ ഇഷ്ടപ്പെടുന്നു. ജിബ്രീൽ ആകാശത്തുള്ളവരോട് വിളിച്ച് പറയും: നിശ്ചയമായും അല്ലാഹു ഇന്ന വ്യക്തിയെ ഇഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ നിങ്ങളും അയാളെ ഇഷ്ടപ്പെടുക. അപ്പോൾ ആകാശത്തുള്ളവരും അയാളെ ഇഷ്ടപ്പെടുന്നു. പിന്നെ ഭൂമിയിൽ അയാൾക്ക് സ്വീകര്യത ലഭിക്കപ്പെടുന്നു. [ബുഖാരി]

❒ ഉബാദത്ബ്നു സാമിത് ؓ നിവേദനം: നബി ﷺ പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിനെ കണ്ടുമുട്ടുവാൻ ഇഷ്ടപ്പെട്ടാൽ അവനെ കണ്ടുമുട്ടുവാൻ അല്ലാഹുവും ഇഷ്ടപ്പെടും. അല്ലാഹുവിനെ കണ്ടുമുട്ടുന്നത് ആരെങ്കിലും വെറുത്താൽ അവനെ കണ്ടുമുട്ടുന്നത് അല്ലാഹുവും വെറുക്കും.' [ബുഖാരി, മുസ്ലിം]

അല്ലാഹുവിനെ ഓർക്കുക

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: 'അല്ലാഹു പറയുന്നു: 'എന്റെ അടിമ എന്നെ സ്മരിക്കുമ്പോൾ ഞാൻ അവനൊന്നിച്ചായിരിക്കും. അവനെന്നെ മനസ്സിൽ ഓർത്താൽ ഞാനവനെയും മനസ്സിൽ ഓർക്കും. ഒരു സദസ്സിൽ വെച്ചാണ് അവനെന്നെ ഓർത്തതെങ്കിൽ അവരേക്കാൾ ഉത്തമരായ (മലക്കുകളുടെ) സദസ്സിൽ ഞാനവരേയും ഓർക്കും. എന്നിലേക്കവൻ ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. എന്നിലേക്ക് ഒരു മുഴം അടുത്താൽ അവനിലേക്ക് ഞാൻ ഒരു മാറ്അടുക്കും. എന്നിലേക്കവൻ നടന്നടുത്താൽ അവനിലേക്ക് ഞാൻ ഓടിയടുക്കും.' [ബുഖാരി, മുസ്ലിം]

അല്ലാഹുവിന്റെ ഉത്തമ നാമങ്ങൾ

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ അരുളി: നിശ്ചയം അല്ലാഹുവിന്ന് തൊണ്ണൂറ്റിയൊമ്പത് നാമങ്ങളുണ്ട്. ആരെങ്കിലും അവ എണ്ണിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും. മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുണ്ട് "അല്ലാഹു ഒരുവനാണ് പ്രവർത്തനങ്ങളിൽ അവൻ ഒറ്റയെ ഇഷ്ടപ്പെടുന്നു. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: 'അല്ലാഹുവിന് തൊണ്ണൂറ്റി ഒമ്പത് നാമങ്ങളുണ്ട്. ആര് അവ കാണാതെ പഠിച്ചുവോ അവൻ സ്വർഗത്തിൽ പ്രവേശിച്ചു. നിശ്ചയമായും അല്ലാഹു ഒറ്റയാകുന്നു. അവൻ ഒറ്റയെ ഇഷ്ടപ്പെടുന്നു....[മുസ്ലിം]

കരുണാമയന്റെ ദിവ്യ കാരുണ്യം

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ പറഞ്ഞു: സൃഷ്ടിപ്പിൽ നിന്ന് അല്ലാഹു വിരമിച്ചപ്പോൾ എന്റെ കാരുണ്യം എന്റെ കോപത്തെ അതിജയിക്കും എന്ന് തന്റെ അടുക്കൽ അർശിന് മുകളിൽ സൂക്ഷിക്കുന്ന ഒരു ഗ്രന്ഥത്തിൽ അല്ലാഹു രേഖപെടുത്തി വെച്ചു. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബിﷺ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു. "അല്ലാഹു കാരുണ്യത്തെ നൂറ് ഭാഗങ്ങളാക്കി. അതിൽ 99 ഭാഗവും തന്റെയടുക്കൽ പിടിച്ചു വെച്ചു. ഒരു ഭാഗം മാത്രം ഭൂമിയിലേക്കയച്ചു. സൃഷ്ടികൾ പരസ്പരം കാണിക്കുന്ന കരുണ ആ ഒരംശത്തിൽ പെട്ടതാണ്. തന്റെ കുട്ടിക്ക് ആപത്ത് പറ്റാതിരിക്കാനായി ഒരു കുതിര കുളമ്പുയർത്തു

ന്നത് പോലും അതിൽ പെട്ടതാണ്. [ബുഖാരി, മുസ്‌ലിം]

❒ സൽമാൻ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: ആകാശഭൂമികളെ സൃഷ്ടിച്ച ദിവസം അല്ലാഹു നൂറ് കാരുണ്യത്തെ പടച്ചു. അവയെല്ലാം ആകാശ ഭൂമികൾക്കിടയിൽ അടുക്കുകളായി വെക്കപ്പെട്ടിരിക്കുന്നു. അതിൽ നിന്ന് ഒന്ന് മാത്രമാണ് ഭൂമിയിലേക്ക് ഇറക്കിയത്. ആ ഒരു കാരുണ്യം കൊണ്ടാണ് മാതാവ് കുഞ്ഞിനോടും വന്യജീവികളും പക്ഷികളുമൊക്കെ അവർക്കിടയിലും കാരുണ്യം കാണിക്കുന്നത്. അന്ത്യനാളിൽ ഈ കാരുണ്യത്തെ അല്ലാഹു പൂർത്തിയാക്കുന്നതാണ്. [മുസ്‌ലിം]

ധാർമിക രോഷം

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺ അരുളി. നിശ്ചയം അല്ലാഹുവിന് ധാർമിക രോഷമുണ്ടാകും. അല്ലാഹു നിഷിദ്ധമാക്കിയത് ഒരു സത്യവിശ്വാസി പ്രവർത്തിക്കുമ്പോഴാണ് അല്ലാഹുവിന് കൂടുതൽ രോഷമുണ്ടാകുക. [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: അല്ലാഹുവിനേക്കാൾ കൂടുതൽ രോഷം കൊള്ളുന്നവനായി ആരുമില്ല. അതിനാലവൻ പ്രത്യേക്ഷമായതും പരോക്ഷമായതുമായ ദുർവൃത്തികൾ നിഷിദ്ധമാക്കി. പ്രശംസിക്കുന്നത് ഇഷ്ടപ്പെടുന്നവനായി അല്ലാഹുവിനെക്കാൾ ആരുമില്ല. അതിനാൽ അല്ലാഹു തന്നെ സ്വയം പ്രശംസിച്ചു. [ബുഖാരി]

രാജാധിരാജനായ അല്ലാഹു

❒ അബൂഹുറയ്റ رضي الله عنه നിവേദനം: പുനരുത്ഥാന നാളിൽ അല്ലാഹു ഭൂമിയാസകലം അവന്റെ കൈപിടിയിലൊതുക്കും. വാനലോകമോ അവന്റെ വലം കൈയിൽ ചുരുട്ടപ്പെട്ടതാകും. തുടർന്ന് അല്ലാഹു ചോദിക്കും ഞാനാണ് രാജാവ് ഭൂമിയിൽ ചക്രവർത്തിമാരെന്നഹങ്കരിച്ചവർ എവിടെ? [ബുഖാരി, മുസ്‌ലിം]

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: നബിﷺ അരുളി: അന്ത്യനാളിൽ ഭൂമി മുഴുവൻ അല്ലാഹു അവന്റെ കൈപിടിയിലൊതുക്കും. ആകാശലോകം അവന്റെ വലം കയ്യിൽ ചുരുട്ടപെട്ടതാകും. തുടർന്ന് ഞാനാണ് രാജാവെന്ന് അവൻ പ്രഖ്യാപിക്കും. [ബുഖാരി, മുസ്‌ലിം]

സഹനശീലനും പരമകാരുണികനും

❒ അബൂമൂസാ رضي الله عنه നിവേദനം: നബിﷺ അരുളി: തന്നെ പറ്റിയുള്ള ആക്ഷേപങ്ങൾ കേട്ട് അല്ലാഹുവിനേക്കാൾ കൂടുതൽ ക്ഷമിക്കുന്ന ഒരാളും ഇല്ല. ചിലർ അവന് സന്താനങ്ങളുണ്ടെന്ന് വാദിക്കുന്നു. എന്നിട്ടും അവൻ അവർക്ക് സൗഖ്യം പ്രദാനം ചെയ്യുകയും അവർക്ക് അന്നം നൽകുകയും ചെയ്യുന്നു" [ബുഖാരി, മുസ്‌ലിം]

❒ അബൂ അബ്ദുറഹ്മാൻ സുലമിയ്യ് رضي الله عنه നിവേദനം. അബ്ദുല്ലാഹിബ്നു ഖൈസ് നിവേദനം: നബിﷺ പറഞ്ഞു: ഉന്നതനായ അല്ലാഹുവെക്കാൾ കൂടുതലായി ഒരാളും താൻ കേൾക്കുന്ന ഉപദ്രവങ്ങൾ ക്ഷമിക്കുകയില്ല. അവർ അവന് തുല്യനെ ഉണ്ടാക്കുന്നു. അവർ അവന് സന്താനമുണ്ടെന്ന് പറയുന്നു. അവൻ അതോടൊപ്പം അവർക്ക് അന്നം നൽകുകയും, സൗഖ്യം നൽകുകയും, അവർക്ക് (ആവശ്യമായതെല്ലാം) നൽകുകയും ചെയ്യുന്നു. [മുസ്‌ലിം]

അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: അല്ലാഹു പറഞ്ഞു: മനുഷ്യൻ എന്നെ ശകാരിക്കുന്നു. എന്നെ ശകാരിക്കാൻ അവന് പാടില്ലായിരുന്നു. അവനെന്നെ നിഷേധിക്കുകയും ചെയ്തു. അതും അവന് പാടില്ലായിരുന്നു. ശകാരിക്കുന്നു എന്നാൽ എനിക്ക് സന്താനമുണ്ടെന്ന അവന്റെ വാക്കാണ്. "സൃഷ്ടി ആരംഭിച്ചത് പോലെ ഇനി അവനെന്നെ വീണ്ടും സൃഷ്ടിക്കുകയില്ല." എന്ന അവന്റെ വാക്ക് എന്നെ നിഷേധിക്കലാണ്. [ബുഖാരി]

അജയ്യനും മഹോന്നതനും സ്ത്യുത്യർഹനും

അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: പ്രതാപവാനും മഹാനുമായ അല്ലാഹുവേക്കാൾ സ്തുതി ഇഷ്ടപ്പെടുന്ന ആരുമില്ല. അതുകൊണ്ട് അവൻ അവനെ സ്തുതിച്ചു. അല്ലാഹുവെക്കാൾ ആത്മാഭിമാനമുള്ള ആരുമില്ല. അത് കൊണ്ടവൻ നീചകൃത്യങ്ങളെ വിലക്കി. അല്ലാഹുവിനേക്കാൾ ഒഴിവ്കഴിവ് ഇഷ്ടപ്പെടുന്ന ആരുമില്ല. അത് കൊണ്ട് അവൻ വേദം ഇറക്കുകയും ദൂതന്മാരെ അയക്കുകയും ചെയ്തു. [മുസ്‌ലിം]

ആദിമനും അന്തിമനും

ഇംറാബ്ൻ ഇബ്നു ഹുസൈൻ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: അല്ലാഹു ഉണ്ടായിരുന്നു. അവനല്ലാതെ മറ്റൊന്നും ഉണ്ടായിരുന്നില്ല. അവന്റെ സിംഹാസനം ജലത്തിന്മേലായിരുന്നു. ദിക്റിൽ അഥവാ ലൗഹുൽ മഹ്ഫൂദിൽ അവൻ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തി

വെച്ചു. അവൻ ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചു....[ബുഖാരി]

സൽകർമ്മങ്ങൾക്ക് പ്രതിഫലം നൽകുന്നവനും ഔദാര്യവാനും

അബൂഹുറയ്റ رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: തന്റെ വിശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് -പരിശുദ്ധമായതേ അല്ലാഹു സ്വീകരിക്കുകയുള്ളൂ- ഒരു കാരക്കക്ക് തുല്യമായത് ഒരാൾ ധർമ്മം ചെയ്താൽ അല്ലാഹു അത് അവന്റെ വലതു കൈ കൊണ്ട് സ്വീകരിക്കും. പിന്നെ അതിനെ അതിന്റെ ആൾക്ക് (ദാതാവിന്) വേണ്ടി വളർത്തി കൊണ്ടിരിക്കും. നിങ്ങളിലൊരാൾ തന്റെ കുതിര കുട്ടിയെ വളർത്തുന്നത് പോലെ. അങ്ങനെ അത് (ആ സമ്പാദ്യം) ഒരു പർവ്വതത്തോളമായിത്തീരുവോളം. [ബുഖാരി]

അത്യുന്നതനായ അല്ലാഹുവിന്റെ മഹത്വം

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിശ്ചയം അന്ത്യ ദിനത്തിൽ അല്ലാഹു പറയും: എന്റെ മഹത്വം കാരണമായി പരസ്പരം സ്നേഹിച്ചവരെവിടെ? ഇന്ന് ഞാൻ അവർക്ക് എന്റെ തണലിട്ട് കൊടുക്കും. എന്റെ തണലല്ലാതെ മറ്റൊരു തണലും ഇല്ലാത്ത ദിവസം. [മുസ്ലിം]

❒ മുആദ് رضي الله عنه നിവേദനം: റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു: അല്ലാഹു പറഞ്ഞിരിക്കുന്നു: എന്റെ മഹത്വത്തിന്റെ പേരിൽ പരസ്പരം സ്നേഹിക്കുന്നവർക്ക് പ്രകാശപീഠങ്ങൾ ഉണ്ടായിരിക്കും. പ്രവാചകന്മാർ, രക്തസാക്ഷികൾ എന്നിവർ പോലും ആ പദവി ആഗ്രഹിക്കും. [തിർമിദി]

അല്ലാഹുവിന് പ്രിയങ്കരമായ വചനങ്ങൾ

സമൂറത്ബ്നു ജുൻദുബ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: വചനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് നാലെണ്ണമാണ്. അത് 'സുബ്ഹാനല്ലാഹ്' (അല്ലാഹു എത്ര പരിശുദ്ധൻ), അൽ-ഹംദുലില്ലാഹ് (അല്ലാഹുവിന്നാണ് സർവ്വ സ്തുതിയും) ലാഇലാഹ ഇല്ലല്ലാഹ്(അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല) അല്ലാഹു അക്ബർ (അല്ലാഹു ഏറ്റവും മഹാനാണ്) എന്നിവയാണ് അവയിൽ ഏതുകൊണ്ട് തുടങ്ങിയാലും ദോഷമില്ല....[മുസ്ലിം]

അല്ലാഹുവുമായി ഏറ്റവും അടുക്കുന്നത്

അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: ഒരു അടിമ തന്റെ രക്ഷിതാവിനോട് അടുക്കുന്നത് അവൻ സുജൂദ് (സാഷ്ടാംഗം) ചെയ്യുമ്പോഴാണ്. അതുകൊണ്ട് നിങ്ങൾ (സുജൂദിൽ) കൂടുതൽ പ്രാർത്ഥിക്കുക. [മുസ്ലിം]

നല്ലവനും, പരമപരിശുദ്ധനുമായ അല്ലാഹു

അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: ജനങ്ങളേ, അല്ലാഹു നല്ലവനാണ് നല്ലതേ അവൻ സ്വീകരിക്കുകയുള്ളൂ. പ്രവാചകന്മാരോട് എന്താണോ അല്ലാഹു കല്പിച്ചത് അത് തന്നെയാണ് സത്യവിശ്വാസികളോടും കല്പിച്ചിരിക്കുന്നത്. അവൻ പറയുന്നു. ഹേ! ദൂതന്മാരെ, വിശിഷ്ട വസ്തുക്കളിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും ചെയ്യുവിൻ. തീർച്ചയായും ഞാൻ നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി അറിയുന്നവനാകുന്നു. (ഖുർആൻ: 23/51) അവൻ പറയുന്നു: "സത്യവിശ്വാസികളെ നിങ്ങൾക്ക് നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ച് കൊള്ളുക. (ഖുർആൻ 2/172)....[മുസ്ലിം]

അല്ലാഹുവിന്റെ കാരുണ്യവും ശിക്ഷയും

അബൂഹുറയ്റ പറയുന്നു: അല്ലാഹുവിന്റെ റസൂൽﷺ പറയുന്നത് ഞാൻ കേട്ടു. അല്ലാഹുവിന്റെയടുക്കലുള്ള മുഴുവൻ കാരുണ്യത്തെക്കുറിച്ചും ഒരു സത്യനിഷേധി അറിഞ്ഞിരുന്നെങ്കിൽ സ്വർഗത്തെപറ്റി അവൻ നിരാശനാവുകയില്ല. അല്ലാഹുവിന്റെയടുക്കലുള്ള മുഴുവൻ ശിക്ഷയെകുറിച്ചും ഒരു സത്യവിശ്വാസി അറിഞ്ഞിരുന്നുവെങ്കിൽ നരകത്തെകുറിച്ച് അവൻ നിർഭയനാവുകയില്ല. [ബുഖാരി]

സ്വർഗം അല്ലാഹുവിന്റെ കാരുണ്യം

അബൂഹുറയ്റ പറയുന്നു: റസൂൽﷺ പറയുന്നതായി ഞാൻ കേട്ടു: ഒരാളുടെ കർമ്മങ്ങൾ മാത്രം അയാളെ സ്വർഗത്തിൽ പ്രവേശിക്കാൻ പോന്നവയല്ല. അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അങ്ങയും അങ്ങിനെയാണോ? തിരുമേനിﷺ പറഞ്ഞു: അല്ലാഹു അവന്റെ ഔദാര്യവും കാരുണ്യവും കൊണ്ട് എന്നെ പൊതിഞ്ഞാലല്ലാതെ ഞാനും പ്രവേശിക്കുകയില്ല. അതിനാൽ നിങ്ങൾ പ്രവർത്തനങ്ങൾ നന്നാക്കുക. സൽകർമ്മങ്ങൾ കൊണ്ട് അല്ലാഹുവിലേക്ക് അടുക്കുക. നിങ്ങളാരും തന്നെ മരണം ആഗ്രഹിക്കരുത്. നിങ്ങൾ സുകൃതവാന്മാരാണെങ്കിൽ നന്മ വർദ്ധിപ്പിക്കാൻ അവസരം ലഭിക്കും. തിന്മയിലൂടെ ചരിക്കുന്നവനാണെങ്കിൽ അവന് പശ്ചാത്തപിക്കാൻ അവസരം ലഭിക്കുകയും ചെയ്യും. [ബുഖാരി]

അല്ലാഹു തന്റെ ഇഷ്ട ദാസന്മാർക്ക് കനിഞ്ഞ് നൽകുന്ന സ്വർഗം

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറയുന്നു. അല്ലാഹു പറഞ്ഞു: "ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതും മനുഷ്യ മനസ്സിൽ ചിന്തിച്ചിട്ടില്ലാത്തതുമായ നിക്ഷേപങ്ങളാണ് എന്റെ സദ്വൃത്തരായ അടിമകൾക്ക് ഞാൻ ഒരുക്കി വെച്ചിട്ടുള്ളത്. സ്വർഗാനുഗ്രഹങ്ങളെക്കുറിച്ച്

നിങ്ങൾ മനസ്സിലാക്കിയതെല്ലാം വിട്ടേക്കുക" പിന്നെ തിരുമേനി ﷺ ഇപ്രകാരം പാരായണം ചെയ്തു" എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായികൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കി വെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല." (ഖുർആൻ 32/17) [ബുഖാരി]

❒ ഉബാദത്തുബ്നു സ്വാമിത് ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു: സ്വർഗത്തിൽ നൂറ് പദവികളുണ്ട്. ഓരോ പദവികൾക്കുമിടക്ക് ആകാശത്തിനും ഭൂമിക്കും ഇടക്കുള്ള വിധം വിസ്തൃതിയുണ്ടാവും സ്വർഗത്തിൽ ഏറ്റവും ഉയർന്ന പദവിയാണ് ഫിർദൗസ്. അവിടെ നിന്നാണ് സ്വർഗത്തിലെ നാല് അരുവികളും ഉൽഭവിക്കുന്നത്. അതിന് മുകളിലായിട്ടാണ് അർശ് ഉള്ളത്. ആകയാൾ നിങ്ങൾ അല്ലാഹുവോട് ചോദിക്കുന്നുവെങ്കിൽ അവനോട് ഫിർദൗസ് ചോദിക്കുക" [തിർമിദി, അഹ്മദ്]

സ്വർഗത്തിൽ അല്ലാഹുവിന്റെ തൃപ്തി

അബൂസഈദിൽ ഖുദ്രി ﷺ പറയുന്നു. അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അല്ലാഹു, സ്വർഗവാസികളേ, ഓ, സ്വർഗവാസികളേ എന്ന് വിളിക്കും. അപ്പോൾ അവർ പറയും: നാഥാ നിന്റെ വിളിക്ക് ഞങ്ങളിതാ ഉത്തരം നൽകുന്നു. അല്ലാഹു ചോദിക്കും: നിങ്ങൾ തൃപ്തരായോ? അവർ പറയും: ഞങ്ങൾ എങ്ങനെ തൃപ്തരാകാതിരിക്കും. നിന്റെ സൃഷ്ടികളിൽ ഒരാൾക്കും നീ നൽകാത്തത് ഞങ്ങൾക്ക് നീ തന്നിട്ടുണ്ടല്ലോ? അപ്പോൾ അവൻ പറയും: ഞാൻ അതിനേക്കാൾ ശ്രേഷ്ഠകരമായത് നിങ്ങൾക്ക് നൽകുന്നതാണ്. അവർ ചോദിക്കും: നാഥാ, ഇതിനെക്കാളും ശ്രേഷ്ഠമായത് എന്തുണ്ട്? അപ്പോൾ അവൻ പറയും: എന്റെ തൃപ്തി നിങ്ങളുടെ മേൽ ഞാൻ ചൊരിയും. ഒരിക്കലും നിങ്ങളോട് ഞാൻ കോപിക്കുകയില്ല. [ബുഖാരി]

അല്ലാഹുവിനെ കാണൽ

സുഹൈബ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: സ്വർഗവാസികളെല്ലാം സ്വർഗത്തിൽ കടന്നു കഴിഞ്ഞാൽ അനുഗ്രഹപൂർണ്ണനും ഉന്നതനുമായ അല്ലാഹു പറയും: "ഞാൻ നിങ്ങൾക്ക് എന്തെങ്കിലും വർദ്ധിപ്പിച്ച് തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അപ്പോൾ അവർ പറയും: "നീ ഞങ്ങളുടെ മുഖങ്ങൾ പ്രശോഭിതമാക്കിയില്ലേ? നീ ഞങ്ങളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും നരകത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തില്ലേ? നബി ﷺ തുടർന്നു: അതോടെ അല്ലാഹു മറ നീക്കും. അപ്പോൾ പ്രതാപിയും മഹാനുമായ തങ്ങളുടെ രക്ഷിതാവിനെ നേരിൽ കാണുന്നതിനേക്കാൾ പ്രിയങ്കരമായ യാതൊന്നും തങ്ങൾക്ക് നൽകപ്പെട്ടിട്ടില്ലെന്ന് അവർക്ക്

തോന്നും. [മുസ്‌ലിം, തിർമിദി, ഇബ്നുമാജ, അഹ്മദ്]

സ്വർഗത്തിലെ ഏറ്റവും ചെറിയ പദവി!

അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه പറയുന്നു. നബിﷺ പറഞ്ഞു: അവസാനമായി നരകത്തിൽ നിന്ന് പുറത്ത് വരികയും അവസാനം സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നവനെ എനിക്ക് ശരിക്കും അറിയാം. അവൻ നരകത്തിൽ മുഖം കുത്തി നടന്നുകൊണ്ട് പുറത്തു വരുന്നവനായിരിക്കും. അപ്പോൾ അല്ലാഹു അവനോട് പറയും: നീ പോയി സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക. അപ്പോൾ അവൻ അവിടെ ചെന്നെത്തുന്നു. അപ്പോൾ അത് നിറഞ്ഞതായി അവന് തോന്നും. ഉടനെ അവൻ മടങ്ങി വന്ന് പറയും: രക്ഷിതാവേ, അത് നിറഞ്ഞതായിട്ടാണ് ഞാൻ കണ്ടത്. അപ്പോൾ അല്ലാഹു അവനോട് പറയും: നീ പോയി സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക. ഉടനെ അവൻ അവിടെ ചെന്നെത്തുന്നു. അപ്പോഴും അത് നിറഞ്ഞതായി അവന് തോന്നും. എന്നിട്ട് മടങ്ങി വന്നുകൊണ്ട് അവൻ പറയും: രക്ഷിതാവേ, അത് നിറഞ്ഞതായിട്ടാണ് ഞാൻ കണ്ടത്. അപ്പോഴും അല്ലാഹു അവനോട് പറയും: നീ പോയി സ്വർഗത്തിൽ പ്രവേശിച്ചു കൊള്ളുക. തീർച്ചയായും ഇഹലോകത്തോളവും അതിന്റെ പത്തിരട്ടിയും നിനക്ക് ഞാൻ നിശ്ചയിച്ചിട്ടുണ്ട്. അല്ലെങ്കിൽ ഇഹലോകത്തിന്റെ പത്തിരട്ടി നിനക്ക് ഞാൻ നിശ്ചയിച്ചു വെച്ചിട്ടുണ്ട്. അപ്പോൾ അവൻ പറയും: "നീയാണ് രാജാവ് എന്നിരിക്കെ നീ എന്നെ കളിയാക്കുന്നുവോ?." അപ്പോൾ നബിﷺ അവിടുത്തെ അണപ്പല്ലുകൾ വെളിവാക്കത്തക്കവണ്ണം ചിരിക്കുന്നത് ഞാൻ കണ്ടു. ഇത് സ്വർഗത്തിലെ ഏറ്റവും താഴ്ന്ന സ്ഥാനമാനം എന്ന് പറയപ്പെടാറുണ്ട്. [ബുഖാരി, മുസ്‌ലിം]

നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷ

നുഅ്മാനുബ്നു ബഷീർ رضي الله عنه പറയുന്നു: നബിﷺ പറയുന്നതായി ഞാൻ കേട്ടു "അന്ത്യനാളിൽ നരകവാസികളിൽ ഏറ്റവും കുറഞ്ഞ ശിക്ഷ ലഭിക്കുന്നവൻ ഒരാളാണ്. അവന്റെ രണ്ട് ഉള്ളം കാലിൽ രണ്ട് തീകട്ട വെക്കപ്പെടുന്നതാണ്. അത് കാരണം അവന്റെ തലച്ചോറ് തിളച്ച് മറിയും. [ബുഖാരി, മുസ്‌ലിം]

■

ഈമാൻ, ഇസ്‌ലാം, ഇഹ്‌സാൻ

ഈമാൻ, ഇസ്‌ലാം, ഇഹ്‌സാൻ

യഹ്‌യബ്നു യഅ്മർ رحمه الله നിവേദനം..... ഇബ്നു ഉമർ رضي الله عنه പറഞ്ഞു: എന്റെ പിതാവ് ഉമർബ്നുൽ ഖത്ത്വാബ് رضي الله عنه എന്നോടിപ്രകാരം പറഞ്ഞിട്ടുണ്ട് "ഞങ്ങൾ ഒരു ദിവസം പ്രവാചക സന്നിധിയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ശുദ്ധവെള്ള വസ്ത്രം ധരിച്ച തനി കറുത്ത തലമുടിയുള്ള ഒരു മനുഷ്യൻ പെട്ടെന്ന് ഞങ്ങളുടെ അടുക്കൽ പ്രത്യക്ഷപ്പെടുകയുണ്ടായി. യാത്രയുടെ ലക്ഷണമൊന്നും അയാളിൽ ദൃശ്യമല്ല. ഞങ്ങൾക്കാർക്കും അയാളെ പരിചയമില്ല. അദ്ദേഹം തന്റെ ഇരു കാൽമുട്ടുകളും നബി ﷺ യുടേ കാൽമുട്ടുകളുമായി ചേർത്തുരുമ്മി ഇരുന്നു. തന്റെ ഇരു കൈകളും അദ്ദേഹത്തിന്റെ തുടയിൽ വെച്ചു. എന്നിട്ട് പറഞ്ഞു: മുഹമ്മദ്!, ഇസ്‌ലാമിനെകുറിച്ച് നീ എനിക്ക് പറഞ്ഞ് തരണം?

അപ്പോൾ റസൂൽ ﷺ പറഞ്ഞു: "അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്നും നീ സാക്ഷ്യപ്പെടുത്തലും, നമസ്ക്കാരം കൃത്യമായി നിലനിർത്തലും, സകാത്ത് നൽകലും, റമദാനിൽ വ്രതമനുഷ്ഠിക്കലും, സാധ്യമാകുന്നെങ്കിൽ ഹജ്ജ് ചെയ്യലുമാണ് ഇസ്‌ലാം"

ആഗതൻ പറഞ്ഞു: നീ പറഞ്ഞത് ശരിയാണ്..... ആഗതൻ തുടർന്നു: "ഇനി, ഈമാനിനെക്കുറിച്ച് എനിക്ക് പറഞ്ഞ് തരിക"

തിരുമേനി ﷺ പറഞ്ഞു: നീ അല്ലാഹുവിലും, അവന്റെ മലക്കുകളിലും അവന്റെ ദൂതന്മാരിലും, അവന്റെ വേദങ്ങളിലും, അന്ത്യദിനത്തിലും വിധിയിലും -അത് നന്മയാകട്ടെ തിന്മയാകട്ടെ- ഇവയിൽ വിശ്വസിക്കലാണ്"

ആഗതൻ പറഞ്ഞു: നീ പറഞ്ഞത് ശരിയാണ്. "ഇനി ഇഹ്‌സാൻ എന്താണെന്ന് എനിക്ക് പറഞ്ഞ് തരിക"

തിരുമേനി ﷺ പറഞ്ഞു: അല്ലാഹുവിനെ നീ കാണുന്നുണ്ടെന്നപോലെ

അവനെ ആരാധിച്ചുകൊണ്ടിരിക്കുക. നീ അവനെ കാണുന്നില്ലെങ്കിലും അവൻ ഉറപ്പായും നിന്നെ കാണുന്നുണ്ട്.....”

അല്പം കഴിഞ്ഞ് റസൂൽ ﷺ എന്നോട് ചോദിച്ചു: ഉമറേ, ആ ചോദ്യകർത്താവാരാണെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: അല്ലാഹുവും അവന്റെ ദൂതനുമാണ് ഏറ്റവും അറിയുന്നവൻ. റസൂൽ ﷺ പറഞ്ഞു: “അത് ജിബ്‌രീലാണ്. നിങ്ങളുടെ മതം നിങ്ങൾക്കു പഠിപ്പിക്കുവാൻ അദ്ദേഹം നിങ്ങളുടേ അടുക്കൽ വന്നതായിരുന്നു. [മുസ്‌ലിം]

■

വിധി വിശ്വാസം

നന്മയും തിന്മയും അല്ലാഹുവിൽ നിന്ന്

ഹുദൈഫത്ത് ബ്നു അസീദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഗർഭാശയത്തിൽ ബീജം നാല്പത് ദിവസം അല്ലെങ്കിൽ നാല്പത്തഞ്ച് ദിവസം ആയിത്തീരുമ്പോൾ അതിന്മേൽ ഒരു മലക്ക് പ്രവേശിക്കും. എന്നിട്ട് ചോദിക്കും: രക്ഷിതാവേ... ദൗർഭാഗ്യവാനോ അതോ സൗഭാഗ്യവാനോ? എന്നിട്ടത് രേഖപ്പെടുത്തും പിന്നെ ചോദിക്കും രക്ഷിതാവേ, ആണോ പെണ്ണോ? എന്നിട്ടതും രേഖപ്പെടുത്തും അവന്റെ കർമ്മവും അവന്റെ ഫലവും അവന്റെ അവധിയും അവന്റെ ഉപജീവനവും എഴുതപ്പെടും. പിന്നീട് ഏടുകൾ ചുരുട്ടപ്പെടും. അതിൽ ഒന്നും വർദ്ധിപ്പിക്കപ്പെടുകയില്ല. ഒന്നും ചുരുക്കപ്പെടുകയില്ല. [മുസ്ലിം]

വിധിവിശ്വാസം ഒരു വിശദീകരണം

❒ അലിയ്യ് رضي الله عنه പറയുന്നു: ഞങ്ങൾ ബഖീഉൽ ഗർഖദിൽ ഒരു ജനാസയോടൊപ്പമായിരിന്നു. അപ്പോൾ ഞങ്ങളുടെ അടുത്തേക്ക് നബി ﷺ വന്നു. എന്നിട്ട് ഇരുന്നു. ഞങ്ങളും ചുറ്റുമിരുന്നു. തിരുമേനി ﷺയുടെ കൈയിൽ ഒരു വടിയുണ്ടായിരുന്നു. തിരുമേനി ﷺ തല താഴ്ത്തി ആ വടികൊണ്ട് നിലത്ത് കുത്തികൊണ്ടിരുന്നു. എന്നിട്ട് പറഞ്ഞു: "നിങ്ങളിൽ ഏതൊരാളും, സൃഷ്ടിക്കപ്പെട്ട ഏതൊരാത്മാവും അവന്റെ സ്വർഗത്തിലെയും നരകത്തിലേയും സ്ഥാനം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അപ്രകാരം അവൻ സൗഭാഗ്യവാനോ, നിർഭാഗ്യവാനോ എന്നും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അപ്പോൾ ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, എങ്കിൽ ഞങ്ങൾ പ്രവർത്തനങ്ങൾ ഉപേക്ഷിച്ച് ആ നിശ്ചയിക്കപ്പെട്ടതിനെ അവലംബിച്ച് കഴിയട്ടയോ? എങ്കിൽ ഞങ്ങളിൽ സൗഭാഗ്യമർഹിക്കുന്നവർ സൗഭാഗ്യ

ക്കാരുടെ കർമ്മത്തിലേക്കും എത്തിച്ചേരുമല്ലോ? നബി ﷺ പറഞ്ഞു: (അത് പാടില്ല) സൗഭാഗ്യമർഹിക്കുന്നവർക്ക് സൗഭാഗ്യപരമായ പ്രവർത്തനത്തിന് എളുപ്പമാക്കപ്പെടും. നിർഭാഗ്യവാന്മാർക്ക് നിർഭാഗ്യത്തിന് കാരണമായ പ്രവർത്തനങ്ങളും എളുപ്പമാക്കപ്പെടുന്നതാണ്. തുടർന്ന് നബി ﷺ പാരായണം ചെയ്തു: "എന്നാൽ ഏതൊരാൾ ദാനം നൽകുകയും, സൂക്ഷ്മത പാലിക്കുകയും . ഏറ്റവും ഉത്തമമായതിനെ സത്യപ്പെടുത്തുകയും ചെയ്തുവോ. അവന്നു നാം ഏറ്റവും എളുപ്പമായതിലേക്ക് സൗകര്യപ്പെടുത്തി കൊടുക്കുന്നതാണ്. എന്നാൽ ആർ പിശുക്കു കാണിക്കുകയും, സ്വയം പര്യാപ്തത നടിക്കുകയും, ഏറ്റവും ഉത്തമമായതിനെ നിഷേധിച്ചു തള്ളുകയും ചെയ്തുവോ. അവന്നു നാം ഏറ്റവും ഞെരുക്കമുള്ളതിലേക്ക് സൗകര്യമൊരുക്കികൊടുക്കുന്നതാണ്" (ഖുർആൻ 92/5-10) [ബുഖാരി]

■

തൗഹീദ് അഥവാ ഏകദൈവത്വം

തൗഹീദിന്റെ മഹത്വം

അബൂ അയ്യൂബുൽ അൻസാരി رضي الله عنه പറയുന്നു. ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ എന്നെ സ്വർഗത്തിൽ പ്രവേശിക്കുന്ന ഒരു കർമ്മം എനിക്ക് വിവരിച്ചു തന്നാലും....നബി ﷺ പറഞ്ഞു: നീ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ യാതൊന്നും പങ്കുചേർക്കാതിരിക്കു, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, കുടുംബബന്ധം ചേർക്കുക.... [ബുഖാരി, മുസ്ലിം]

❒ ജാബിർ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാത്തവനായി അവനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും. ആരെങ്കിലും അവനിൽ പങ്കു ചേർത്തുകൊണ്ട് അവനെ കണ്ടുമുട്ടുന്നു എങ്കിൽ അവൻ നരകത്തിൽ പ്രവേശിക്കും. [മുസ്ലിം]

❒ ഉഖ്ബത്ത് ബ്നു ആമിർ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാതെ ആര് അല്ലാഹുവിനെ കണ്ടുമുട്ടുന്നുവോ, അവൻ നിഷിദ്ധമായ രക്തം ചിന്തിയിട്ടില്ലെങ്കിൽ സ്വർഗത്തിൽ പ്രവേശിച്ചു. [ഇബ്നുമാജ]

❒ അബുദർറിൽ ഗിഫാരി رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ജിബ്രീൽ എന്റെ അടുക്കൽ വന്ന് പറഞ്ഞു: നിന്റെ സമുദായത്തിൽ നിന്ന് ആരെങ്കിലും അല്ലാഹുവിൽ പങ്ക് ചേർക്കാതെ മരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും: " അപ്പോൾ ഞാൻ ചോദിച്ചു: "(കുറ്റങ്ങൾ) ചെയ്താലും?" തിരുമേനി ﷺ പറഞ്ഞു: അതെ. [ബുഖാരി]

❒ ഉത്ബാൻ رضي الله عنه പറയുന്നു: .....നബി ﷺ പറഞ്ഞു: അല്ലാഹുവിന്റെ തൃപ്തി ഉദ്ദേശിച്ചുകൊണ്ട് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് വല്ലവനും പ്രഖ്യാപിച്ചു കഴിഞ്ഞാൽ അവന് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു. [ബുഖാരി, മുസ്ലിം]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞതായി ഞാൻ കേട്ടു: "ഒരു മുസ്ലിമായ മനുഷ്യൻ മരിക്കുകയും അല്ലാഹുവിൽ യാതൊന്നും പങ്കുചേർക്കാത്തവരായ നാല്പത് ആളുകൾ അയാളുടെ ജനാസ നമസ്ക്കാരം നിർവ്വഹിക്കുകയും ചെയ്താൽ അവന്റെ കാര്യത്തിലുള്ള അവരുടെ ശുപാർശ അല്ലാഹു സ്വീകരിക്കാതിരിക്കുകയില്ല. [മുസ്ലിം]

■

ഇസ്‌ലാമിന്റെ മഹത്വം

മുമ്പ് ചെയ്ത തിന്മകൾക്ക് ശിക്ഷയില്ല

ഇബ്നു മസൂദ് ﷺ നിവേദനം: ഒരാൾ നബി ﷺയോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ഞങ്ങൾ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് ചെയ്ത കർമ്മങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെടുമോ? നബി ﷺ പറഞ്ഞു: നിങ്ങളിൽ നിന്ന് നിഷ്കളങ്കമായി ഇസ്‌ലാമിൽ നന്മചെയ്തവൻ ആദ്യ കർമ്മങ്ങളുടെ പേരിൽ ശിക്ഷിക്കപ്പെടുകയില്ല. എന്നാൽ ഇസ്‌ലാമിൽ നന്മ പ്രവർത്തിക്കാത്തവൻ ആദ്യം ചെയ്തതിന്റെ പേരിലും അവസാനം ചെയ്തതിന്റെ പേരിലും ശിക്ഷിക്കപ്പെടുന്നതാണ്. [ബുഖാരി, മുസ്‌ലിം]

നന്മകൾക്ക് പ്രതിഫലം

ഹകീമിബ്നു ഹിസാം ﷺ പറയുന്നു: അദ്ദേഹം നബി ﷺയോടു ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞാൻ അജ്ഞാത കാലത്ത് (ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ്) പുണ്യ കർമ്മമെന്ന നിലയിൽ ദാനം ചെയ്യുകയും, അടിമകളെ മോചിപ്പിക്കുകയും കുടുംബ ബന്ധം പുലർത്തുകയും ചെയ്യാറുണ്ടായിരുന്നു. എനിക്ക് അതിന് പ്രതിഫലം ലഭിക്കുമോ? അപ്പോൾ നബി ﷺ പറഞ്ഞു: മുമ്പ് നിർവ്വഹിച്ച പുണ്യകർമ്മങ്ങളോട് കൂടി തന്നെയാണ് നീ ഇസ്‌ലാമിൽ പ്രവേശിച്ചിരിക്കുന്നത്. [ബുഖാരി, മുസ്‌ലിം]

പത്ത് മുതൽ എഴുന്നൂറ് വരെ

അബൂ സഈദ് ﷺ നിവേദനം: റസൂൽ ﷺ ഇപ്രകാരം പറയുന്നത് അദ്ദേഹം കേൾക്കുകയുണ്ടായി " ഒരു അടിമ ഇസ്‌ലാം സ്വീകരിക്കുകയും അവന്റെ ഇസ്‌ലാമിക ജീവിതം നല്ല നിലയിൽ ആവുകയും ചെയ്താൽ അവന്റെ കഴിഞ്ഞ കാല പാപങ്ങൾ അല്ലാഹു അവന് പൊറുത്ത് കൊടുക്കും. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിചാരണയുണ്ടാകും. ഒരു നന്മ ചെയ്താൽ പത്ത് മുതൽ എഴുന്നൂറ് ഇരട്ടി വരെ പ്രതിഫലമുണ്ടാകും. എന്നാൽ തിന്മക്ക് അതിന് തുല്യമായ (ശിക്ഷ) മാത്രമാണുള്ളത്. അല്ലാഹു അവ പൊറുത്തു കൊടുക്കുന്നില്ലെങ്കിൽ. [ബുഖാരി]

ആറ്

ഇസ്‌ലാം കാര്യങ്ങൾ

ഇസ്‌ലാം കാര്യങ്ങൾ അഞ്ച്

ഇബ്നു ഉമർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: ഇസ്‌ലാം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് അഞ്ച് തൂണുകളിലാണ്. ആരാധ്യനായി അല്ലാഹു ഒഴികെ മറ്റാരുമില്ല എന്നും മുഹമ്മദ് അല്ലാഹുവിന്റെ സന്ദേശവാഹകനാണ് എന്നും സാക്ഷ്യം വഹിക്കൽ, ശരിയായ ക്രമത്തിൽ നമസ്കാരം നിർവഹിക്കൽ, നിർബന്ധമായ സാമ്പത്തിക ദാനം കൊടുത്തു വീട്ടൽ, വിശുദ്ധ ഭവനത്തെ (കഅ്ബ) ലക്ഷ്യം വെച്ച് (തീർത്ഥാടനം) പോകൽ, റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കൽ എന്നിവയാണവ. [ബുഖാരി, മുസ്‌ലിം, തിർമിദി, നസാഇ, അഹ്മദ്]

സാക്ഷ്യവചനം (ശഹാദത്ത് കലിമ)

ബറാഅ്ബ്നു ആസിബ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: മലക്കുകൾ വന്ന് ഒരു സത്യവിശ്വാസിയെ അവന്റെ ഖബറിൽ എഴുന്നേല്പിച്ചിരുത്തുകയും തുടർന്ന് അവൻ "അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുകയും ചെയ്യുക" എന്നതാണ് "ഐഹിക ജീവിതത്തിലും പരലോകത്തും സുസ്ഥിരമായ വാക്കുകൊണ്ട് സത്യവിശ്വാസികളെ അല്ലാഹു ഉറപ്പിച്ചു നിർത്തുന്നതാണ്" (ഖുർആൻ 14/27) എന്ന വചനത്തിന്റെ പൊരുൾ [ബുഖാരി]

നമസ്കാരം

❒ അബൂഹുറയ്റ رضي الله عنه പറയുന്നു: നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു: "നിങ്ങളിലൊരാൾ തന്റെ വാതിലിന്റെ അരികിൽ കൂടി ഒഴുകുന്ന നദിയിൽ ദിവസവും അഞ്ച് നേരം കുളിക്കുകയാണെങ്കിൽ അവനിൽ വല്ല മാലിന്യ

വും ബാക്കിയാവുമോ? അവർ പറഞ്ഞു: അവന്റെ ശരീരത്തിൽ യാതൊരു മാലിന്യവും ബാക്കിയാവുകയില്ല. അതാണ് അഞ്ച് നമസ്കാരങ്ങളുടെ ഉദാഹരണം. അവ മുഖേന അല്ലാഹു പാപങ്ങൾ മായ്ച്ചുകളയുന്നു. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ പറയുന്നത് ഞാൻ കേട്ടു: മുസ്ലിമായ ഏതൊരു മനുഷ്യനും നിർബന്ധ നമസ്ക്കാര സമയമാവുകയും, എന്നിട്ട് നല്ല നിലയിൽ വുദു എടുക്കുകയും ശേഷം ഭക്തിയോടും നല്ല നിലക്കും നമസ്ക്കരിക്കുകയും ചെയ്താൽ അവൻ വൻ പാപം ചെയ്യാത്ത കാലത്തോളം അതിന് മുമ്പ് അവനിൽ വന്നിട്ടുള്ള സകല പാപങ്ങളും പൊറുക്കാതിരിക്കയില്ല. ഇത് എല്ലാ കാലത്തേക്കും ബാധകമാണ്. [മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ പറഞ്ഞു: വൻപാപങ്ങൾ പ്രവർത്തിക്കപ്പെടാത്ത കാലത്തോളം അഞ്ച് സമയത്തെ നമസ്കാരങ്ങൾ അവയ്ക്കിടയിലുണ്ടാകുന്ന് പാപങ്ങൾക്കും ഒരു ജുമുഅ: അടുത്ത ജുമുഅ വരേക്കുമുള്ള പാപങ്ങൾക്കും പ്രായശ്ചിത്തമാകുന്നു. [മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: "ആരെങ്കിലും തന്റെ വീട്ടിൽ നിന്ന് ശുദ്ധി വരുത്തുകയും എന്നിട്ട് അല്ലാഹു നിർബന്ധമാക്കിയ ബാധ്യതകളിൽ ഒരു ബാധ്യത നിർവഹിക്കുവാനായി അല്ലാഹുവിന്റെ ഭവനങ്ങളിൽ പെട്ട ഒരു ഭവനത്തിലേക്ക് നടന്നു പോവുകയും ചെയ്താൽ അവന്റെ ചവിട്ടടികളിൽ ഒന്ന് പാപം മായ്ച്ചു കളയുന്നതും മറ്റേത് ഉന്നത പദവി നൽകുന്നതുമാന്' [മുസ്ലിം]

നോമ്പ്

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ പറഞ്ഞു: വിശ്വാസത്തോടെയും പ്രതിഫലം ലഭിക്കണമെന്ന ആഗ്രഹത്തോടെയും റമദാൻ മാസത്തിൽ ആരെങ്കിലും വ്രതമനുഷ്ഠിച്ചാൽ അവന്റെ പക്കൽ നിന്ന് മുമ്പ് സംഭവിച്ച പാപങ്ങളെല്ലാം പൊറുക്കപ്പെടും. [ബുഖാരി, മുസ്ലിം]

❒ അബൂസഈദ് നിവേദനം: റസൂൽﷺ പറഞ്ഞു: ഒരു അടിമ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു ദിവസം വ്രതമനുഷ്ഠിച്ചാൽ അതു കാരണം അല്ലാഹു അയാളുടെ മുഖത്തെ എഴുപത് വർഷത്തെ വഴിദൂരം നരകത്തിൽ നിന്ന് ദൂരത്താക്കും. [ബുഖാരി, മുസ്ലിം]

സകാത്ത്

അബൂഹുറയ്റ رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറയുകയുണ്ടായി. അല്ലാഹു ഒരാൾക്ക് ധനം നൽകിയിട്ടും. അവനതിന്റെ സകാത്ത് നൽകിയിട്ടില്ലെങ്കിൽ അവന്റെ ധനം പരലോകത്ത് ഒരു ഉഗ്ര സർപ്പമായി രൂപാന്തരപ്പെടും. അതിന് പുറത്തേക്ക് തള്ളിനിൽക്കുന്ന ഒരു തേറ്റയുണ്ടാകും. ഖിയാമത്ത് നാളിൽ അത് അവന്റെ മീതെ ചുറ്റി പടർന്നു കിടക്കും. അവന്റെ രണ്ട് കവിൾത്തടത്തിലും കടിച്ചുകൊണ്ട് അത് പറയും. ഞാൻ നിന്റെ ധനമാണ് ഞാൻ നിന്റെ നിധിയാണ് എന്നിട്ട് റസൂൽ ﷺ ഓതി. "അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് തങ്ങൾക്ക് തന്നിട്ടുള്ളതിൽ പിശുക്ക് കാണിക്കുന്നവർ അതവർക്ക് ഗുണകരമാണെന്ന് ഒരിക്കലും വിചാരിക്കരുത്. അല്ല. അതവർക്ക് ദോഷകരമാണ്. അവർ പിശുക്കു കാണിച്ച് ധനം കൊണ്ട് ഉയിർത്തെഴുന്നേല്പിന്റെ നാളിൽ അവരുടെ കഴുത്തിൽ മാല ചാർത്തപെടുന്നതാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും അനന്തരവകാശം അല്ലാഹുവിനത്രെ. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു. (ഖുർആൻ 3/180) [ബുഖാരി]

ഹജ്ജ്

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു ഉംറ അടുത്ത ഉംറ വരെയുള്ള കാലഘട്ടത്തിലുണ്ടാകുന്ന തെറ്റ് കുറ്റങ്ങൾക്കുള്ള പ്രായശ്ചിത്തമാണ്. സത്യസന്ധമായി ചെയ്യുന്ന ഹജ്ജിന് സ്വർഗമല്ലാതെ പ്രതിഫലമില്ല. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞതായി ഞാൻ കേട്ടു. "സ്ത്രീ പുരുഷ സംസർഗ്ഗമോ, ദുർവൃത്തികളോ ചെയ്യാതെ, അലലഹുവിന്റെ പ്രീതിമാത്രം കാംക്ഷിച്ച് ഒരാൾ ഹജ്ജ് നിർവ്വഹിച്ചാൽ അവൻ തിരിച്ച് വരുന്നത് അവന്റെ മാതാവ് അവനെ പ്രസവിച്ച ദിവസത്തിലെ പോലെ (പരിശുദ്ധനായി)യാണ്. [ബുഖാരി]

❒ സത്യവിശ്വാസികളുടെ മാതാവ് ആഇശ رضي الله عنها നിവേദനം: അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, സൽക്കർമങ്ങളിൽ ഏറ്റവും ശ്രേഷ്ടമായത് ജിഹാദാണെന്ന് ഞങ്ങൾ മനസിലാക്കുന്നു. അതിനാൽ ഞങ്ങൾ ജിഹാദ് ചെയ്യട്ടെയോ? തിരുമേനി(സ0 അരുളി " വേണ്ട, ഏറ്റവും ശ്രേഷ്ഠമായ ജിഹാദ് സ്വീകാര്യമായ ഹജ്ജാകുന്നു. [ബുഖാരി]

■

സത്യവിശ്വാസി

സത്യവിശ്വാസത്തിന്റെ രുചിയും മാധുര്യവും

❒ അനസ് رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: ഒരാളിൽ മൂന്ന് ഗുണങ്ങൾ ഒത്തിണങ്ങിയിട്ടുണ്ടെങ്കിൽ അയാൾ സത്യവിശ്വാസത്തിന്റെ മാധുര്യം ആസ്വദിച്ചിരിക്കുന്നു. അല്ലാഹുവും അവന്റെ ദൂതനും മറ്റെല്ലാറ്റിനേക്കാളും പ്രിയമുള്ളതാകുക. മനുഷ്യനെ അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് കൊണ്ട് മാത്രം സ്നേഹിക്കുക. സത്യനിഷേധത്തിലേക്ക് മടങ്ങുന്നതിനെ തീയിലേക്ക് എറിയപ്പെടുന്നത് പോലെ വെറുക്കുക. [ബുഖാരി, മുസ്ലിം]

❒ അബ്ബാസ് ബ്നു മുത്തലിബ് رضي الله عنه നിവേദനം: നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു: "അല്ലാഹുവിനെ രക്ഷിതാവായും, ഇസ്ലാമിനെ മതമായും മുഹമ്മദിനെ ദൈവദൂതനായും ആര് തൃപ്തിപെട്ടുവോ അവൻ സത്യവിശ്വാസത്തിന്റെ രുചി ആസ്വദിച്ചിരിക്കുന്നു. [മുസ്ലിം]

ഇഹലോകത്തും പരലോകത്തും സൽകീർത്തി

അബൂദർറ് رضي الله عنه നിവേദനം: നബി ﷺ യോട് ആരോ ചോദിച്ചു: ഒരാളെകുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്? അതായത് അയാൾ നല്ല പ്രവർത്തനം ചെയ്യുന്നു. അതു കാരണം ജനങ്ങൾ അയാളെ പ്രശംസിച്ചു പറയുന്നു. നബി ﷺ പറഞ്ഞു: 'അത് വിശ്വാസിക്ക് ഇവിടെ നിന്ന് ലഭിക്കുന്ന ഒരു സന്തോഷ വാർത്തയാണ്.' [മുസ്ലിം]

ഇഹത്തിലും പരത്തിലും പ്രതിഫലം

❒ അനസ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ

ﷺ പറഞ്ഞു: "നിശ്ചയം, അല്ലാഹു ഒരു സത്യവിശ്വാസിയോടും യാതൊരു നന്മയിലും അക്രമം കാണിക്കുകയില്ല. പ്രസ്തുത നന്മക്ക് ഇഹലോകത്ത് അവന് (നന്മകൾ) നൽകപ്പെടും. പരലോകത്തിലും അവന് പ്രതിഫലം നൽകപ്പെടും. എന്നാൽ അവിശ്വാസി, അല്ലാഹുവിന് വേണ്ടി അവൻ ചെയ്ത സൽപ്രവർത്തികൾക്ക് ഇഹലോകത്ത് വെച്ച് തന്നെ അവന് സുഭിക്ഷത നൽകപ്പെടും. പരലോകത്ത് വന്നെത്തുന്ന അവന് പ്രതിഫലം നൽകപ്പെടുന്ന യാതൊരു നന്മയും ഉണ്ടായിരിക്കില്ല. [മുസ്‌ലിം]

❒ അനസ് ﷺ നിവേദനം: "സത്യനിഷേധി ഒരു നന്മ ചെയ്താൽ അവന്ന് ഇഹലോകത്ത് വെച്ച് അതിന്റെ ഫലം ആസ്വദിപ്പിക്കുന്നു. എന്നാൽ സത്യവിശ്വാസിയാകട്ടെ അവന്റെ നന്മകൾ അല്ലാഹു പരലോകത്തേക്ക് സൂക്ഷിച്ച് വെക്കുകയും അല്ലാഹുവിനെ അനുസരിക്കുന്നതിനാൽ ഇഹലോകത്ത് അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നു. [മുസ്‌ലിം, അഹ്മദ്]

എപ്പോഴും സംതൃപ്തിയും സമാധാനവും

സുഹൈബ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവന്റെ കാര്യം മുഴുവൻ നന്മയാണ്. ഇത് സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അവന് സന്തോഷകരമായത് സംഭവിച്ചാൽ അവൻ നന്ദി കാണിക്കും. അത് അവന് നന്മയാകും. അവന് ഉപദ്രവകരമായത് സംഭവിച്ചാൽ അവൻ ക്ഷമിക്കും അപ്പോൾ അതും അവന് നന്മയാകും.' [മുസ്‌ലിം]

അപകടങ്ങളും രോഗങ്ങളും പരീക്ഷണങ്ങളും അനുഗ്രഹമായി മാറും

നബി പത്നി ആഇശ ﷺ നിവേദനം: അവർ പറഞ്ഞു: നബി ﷺ അരുളി: ഒരു മുസ്‌ലിമിന് ഒരു ആപത്ത് ബാധിച്ചു. അത് അവന്റെ ശരീരത്തിൽ മുള്ള് തറക്കുന്നതായാൽ തന്നെയും, അല്ലാഹു അക്കാരണത്താൽ അവന്റെ പാപങ്ങൾ പൊറുത്തു കൊടുക്കും. [ബുഖാരി, മുസ്‌ലിം]

സത്യത്തിനു വേണ്ടി നിലകൊള്ളുന്നവർ

മുആവിയ ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: "എന്റെ സമൂഹത്തിലെ ഒരു വിഭാഗം അല്ലാഹുവിന്റെ കല്പന പ്രകാരം സത്യത്തിൽ നിലകൊള്ളുന്നവരായിരിക്കും. അവരെ വഞ്ചിക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്ന പ്രതിയോഗികൾക്ക് അവരെ ഉപദ്രവിക്കാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ കല്പന(മരണം) വന്നെത്തുന്നത് വരെ അവർ സത്യത്തിൽ ഉറച്ച് നിൽക്കുന്നവരായിരിക്കും. [ബുഖാരി, മുസ്‌ലിം]

ശുചിത്വത്തിലും വൃത്തിയിലും മുന്നിൽ

❒ അബൂമാലികിൽ അശ്അരിയ്യ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: "ശുദ്ധി സത്യവിശ്വാസത്തിന്റെ പകുതിയാകുന്നു...." [മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: വലിയ അശുദ്ധിക്കാരനായിരിക്കെ മദീനയിലെ വഴിയിൽ വെച്ച് നബി ﷺ അദ്ദേഹത്തെ കാണുകയുണ്ടായി. ഉടനെ അദ്ദേഹം ആരും കാണാതെ പോയി കുളിച്ചു വന്നു. കുറച്ചു നേരം കാണാതിരുന്നതിന് ശേഷം തിരിച്ച് വന്നപ്പോൾ നബി ﷺ ചോദിച്ചു: അബൂഹുറയ്റാ, നീ എവിടെയായിരുന്നു? അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, താങ്കളെന്നെ കണ്ടപ്പോൾ എനിക്ക് വലിയ അശുദ്ധിയുണ്ടായിരുന്നു. അതിനാൽ കുളിക്കാതെ അങ്ങയോടൊപ്പം ഇരിക്കുന്നത് എനിക്ക് ഇഷ്ടമായില്ല' അപ്പോൾ റസൂൽ ﷺ പറഞ്ഞു: അല്ലാഹു എത്ര പരിശുദ്ധൻ! നിശ്ചയമായും സത്യവിശ്വാസി ഒരിക്കലും മലിനമാവുകയില്ല. [ബുഖാരി, മുസ്ലിം]

ദുർവൃത്തിയിലോ അനാശാസ്യ പ്രവർത്തനങ്ങളിലോ ഏർപ്പെടാത്തവർ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: സത്യവിശ്വാസിയായിരിക്കെ ഒരു ദാസനും വ്യഭിചരിക്കുകയില്ല. സത്യവിശ്വാസിയായിരിക്കെ ഒരു ദാസനും മോഷ്ടിക്കുകയില്ല. സത്യവിശ്വാസിയായിരിക്കെ ഒരു ദാസനും മദ്യപിക്കുകയില്ല. സത്യവിശ്വാസിയായിരിക്കെ ഒരാളും കൊള്ളയിലേർപെടുകയില്ല. [ബുഖാരി]

❒ ഇബ്നു മസ്ഊദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: സത്യവിശ്വാസി അധിക്ഷേപിക്കുന്നവനോ, അസഭ്യം പറയുന്നവനോ, അശ്ലീലം പറയുന്നവനോ ആവുകയില്ല. [തിർമിദി]

സ്വാർത്ഥരല്ല പരോപകാരികൾ

അനസ് رضي الله عنه നിവേദം: നബി ﷺ അരുളി: നിങ്ങളിൽ ഒരാളും സത്യവിശ്വാസിയാവുകയില്ല. താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നത് വരെ. [ബുഖാരി, മുസ്ലിം]

വിവേകവും വിചാരവും ദീർഘവീക്ഷണവും

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു സത്യവിശ്വാസിക്ക് ഒരേ മാളത്തിൽ വെച്ച് രണ്ട് തവണ കടിയേൽക്കുകയില്ല. [ബുഖാരി]

ജീവിതം മുഴുവൻ നന്മ

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങളിലൊരാളും മരണം കൊതിക്കരുത്. അത് വന്നെത്തുന്നതിന് മുമ്പ് അതിന് വേണ്ടി പ്രാർത്ഥിക്കുകയുമരുത്. നിശ്ചയമായും ഒരാൾ മരണപ്പെട്ടാൽ അവന്റെ കർമ്മങ്ങൾ നിലച്ചു. തീർച്ചയായും ഒരു സത്യവിശ്വാസിക്ക് അവന്റെ ആയുസ്സ് നന്മയല്ലാതെ വർദ്ധിപ്പിക്കില്ല. [മുസ്ലിം]

മരണം പോലും അനുഗ്രഹം

അബൂഖതാദ رضي الله عنه പറയുന്നു:.....നബി ﷺ പറഞ്ഞു: സത്യവിശ്വാസിയായ ഒരു മനുഷ്യൻ മരിച്ചാൽ ഇഹലോകത്തിലെ ക്ലേശങ്ങളിൽ നിന്നും അതിലെ ഉപദ്രവങ്ങളിൽ നിന്നും അല്ലാഹുവിന്റെ കാരുണ്യത്തിലേക്ക് നീങ്ങികൊണ്ട് വിശ്രമിക്കുന്നു. ദുർമാർഗ്ഗി മരിച്ചാൽ അവനിൽ നിന്ന് മനുഷ്യർക്കും രാജ്യത്തിനും മരങ്ങൾക്കും മൃഗങ്ങൾക്കും വിശ്രമം ലഭിക്കും [ബുഖാരി, മുസ്ലിം]

സ്വർഗം അവർക്ക് മാത്രം

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളാകുന്നത് വരെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കുന്നത് വരെ നിങ്ങൾ സത്യവിശ്വാസികളാവുകയുമില്ല. ഒരു കാര്യം ഞാൻ അറിയിച്ച് തരാം. അത് നിങ്ങൾ പ്രവർത്തിച്ചാൽ നിങ്ങൾക്ക് പരസ്പര സ്നേഹമുണ്ടാകും. നിങ്ങൾ പരസ്പരം സലാം പറയുക. [മുസ്ലിം]

❒ ഉമറുബ്നുൽ ഖത്താബ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "ഖത്താബിന്റെ മകൾ ഉമർ: സത്യവിശ്വാസികളല്ലാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ലെന്ന് താങ്കൾ ജനങ്ങളോട് വിളിച്ച് പറയണം" അദ്ദേഹം പറഞ്ഞു: ഞാൻ പുറപ്പെട്ടു കൊണ്ട് പറഞ്ഞു: "അറിയുക സത്യവിശ്വാസികളല്ലാതെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല തീർച്ച. [മുസ്ലിം]

സത്യവിശ്വാസത്തിന്റെ ശാഖകൾ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു ഈമാൻ (സത്യവിശ്വാസം) എഴുപതിലധികം, അല്ലെങ്കിൽ അറുപതിലധികം ശാഖകളാണ്. അവയിൽ ഏറ്റവും ശ്രേഷ്ടമായത്. അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല (ലാഇലാഹ ഇല്ലല്ലാഹ്) എന്നതും, ഏറ്റവും താഴെയുള്ളത് വഴിയിലെ ഉപദ്രവങ്ങൾ നീക്കലുമത്രെ. ലജ്ജ വിശ്വാസത്തിന്റെ ശാഖയാണ്. [മുസ്ലിം]

❒ അബൂ ഉമാമ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ലജ്ജയും മിത ഭാഷണവും സത്യവിശ്വാസത്തിന്റെ രണ്ട് ശാഖകളാണ്....[തിർമിദി, അഹ്മദ്]

❒ ഇയാസ്ബ്നു സഅ്ലബ് رضي الله عنه നിവേദനം:.....റസൂൽ ﷺ പറഞ്ഞു: നിങ്ങൾ കേട്ടിട്ടില്ലേ ലാളിത്യം വിശ്വാസത്തിന്റെ ഭാഗമാണ്. നിശ്ചയം ലാളിത്യം വിശ്വാസത്തിന്റെ ഭാഗമാണ്. [അബൂദാവൂദ്]

■

എട്ട്

ആദർശ സാഹോദര്യം

വിശ്വാസികൾ തമ്മിലുള്ള ബാധ്യതകൾ

❒ അബൂമൂസ رضي الله عنه പറയുന്നു: സഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരെ ഇസ്‌ലാമിന്റെ ഏത് നടപടിയാണ് ഏറ്റവും ശ്രേഷ്ഠമായത്? നബി ﷺ പറഞ്ഞു: ആരുടെ നാവിൽ നിന്നും കയ്യിൽ നിന്നും മുസ്‌ലിംകൾ സുരക്ഷിതരായിരിക്കുന്നുവോ അവന്റെ നടപടിയാണ് ഏറ്റവും ശ്രേഷ്ഠമായത്. [ബുഖാരി, മുസ്‌ലിം]

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവനെ അക്രമിക്കുകയില്ല. അക്രമിക്കാൻ ഏല്പിച്ചു കൊടുക്കുകയുമില്ല. ആരെങ്കിലും തന്റെ സഹോദരന്റെ ആവശ്യ നിർവ്വഹണത്തിലാണെങ്കിൽ അല്ലാഹു അവന്റെ ആവശ്യപൂർത്തീകരണത്തിലായിരിക്കും. ആരെങ്കിലും ഒരു മുസ്‌ലിമിന്റെ ദുരിതത്തിന് ആശ്വാസം നൽകിയാൽ അന്ത്യനാളിൽ അല്ലാഹുവും അവന്റെ ദുരിതം അകറ്റും. ആരെങ്കിലും ഒരു മുസ്‌ലിമിന്റെ കുറവ് മറച്ച് വെച്ചാൽ അന്ത്യനാളിൽ അല്ലാഹു അവന്റെ ന്യൂനതയും മറച്ച് വെക്കും. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ പരസ്പരം അസൂയ വെക്കരുത്. നിങ്ങൾ വാങ്ങാൻ ഉദ്ദേശമില്ലാത്ത വസ്തുക്കൾക്ക് മറ്റുള്ളവരെ കബളിപ്പിക്കാൻ വേണ്ടി വില പറയരുത്. നിങ്ങൾ പരസ്പരം വിദ്വേഷം വെക്കരുത്. നിങ്ങൾ പരസ്പരം ശത്രുത പുലർത്തരുത്. നിങ്ങൾ അല്ലാഹുവിന്റെ ദാസന്മാരായ സഹോദരന്മാരിയിരിക്കുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ് അവൻ അവനെ അക്രമിക്കുകയില്ല. അവനെ നിന്ദിക്കുകയില്ല. അവനെ അവഹേളിക്കുകയില്ല. തഖ്‌വ (ഭയഭ

ക്തി) ഇവിടെയാണ്. നബി ﷺ തന്റെ നെഞ്ചിലേക്ക് മൂന്ന് പ്രാവശ്യം ചൂണ്ടീ. "ഒരു മനുഷ്യന് തിന്മയായി തന്റെ മുസ്‌ലിം സഹോദരനെ നിന്ദിക്കുന്നത് തന്നെ മതി. ഓരോ മുസ്‌ലിമും മറ്റൊരു മുസ്‌ലിമിന്റെ മേൽ പവിത്രമാണ്. അവന്റെ രക്തവും ധനവും അഭിമാനവും. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: നിങ്ങൾ വിശ്വാസികളാവുന്നത് വരെ സ്വർഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നത് വരെ വിശ്വാസികളാവുകയില്ല. നിങ്ങൾ പ്രവർത്തികമാക്കിയാൽ നിങ്ങൾക്ക് പരസ്പരം സ്നേഹിക്കാവുന്ന സംഗതി ഞാൻ അറിയിച്ച് തരട്ടെയോ? നിങ്ങൾക്കിടയിൽ 'സലാം' വ്യാപിക്കുക. [മുസ്‌ലിം]

❒ അനസ് رضي الله عنه നിവേദനം: നബി ﷺ അരുളി: നിങ്ങൾ പരസ്പരം പകയും അസൂയയും വെച്ച് പുലർത്തരുത്. കുടുംബ ബന്ധം വിച്ഛേദിച്ച് പരസ്പരം തിരിഞ്ഞു കളയുകയുമരുത്. അല്ലാഹുവിന്റെ അടിമകളും സഹോദരന്മാരുമായി ജീവിക്കുക. ഒരു മുസ്‌ലിമിന് തന്റെ സഹോദരനുമായി മൂന്ന് ദിവസത്തിലധികം പിണങ്ങി നിൽക്കുവാൻ പാടില്ല. [ബുഖാരി, മുസ്‌ലിം]

❒ അബൂ അയ്യൂബ് رضي الله عنه നിവേദനം: നബി ﷺ അരുളി: മൂന്ന് ദിവസത്തിലധികം ഒരാൾക്ക് തന്റെ സഹോദരനുമായി പിണങ്ങി അകന്ന് നിൽക്കാൻ പാടില്ല. അവർ രണ്ട് പേരും കണ്ടുമുട്ടുന്നു. അപ്പോൾ അവർ പരസ്പരം മുഖം തിരിച്ചു കളയുന്നു. അവരിൽ ഉത്തമൻ ആദ്യം സലാം പറയുന്നവനാണ്. [ബുഖാരി, മുസ്‌ലിം]

❒ 7 ബറാഅ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: രണ്ട് മുസ്‌ലിംകൾ പരസ്പരം കാണുമ്പോൾ ഹസ്തദാനം ചെയ്യുകയാണെങ്കിൽ അവർ വേർപിരിയുന്നതിന് മുമ്പായി തങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെടാതിരിക്കുകയില്ല. [അബൂദാവൂദ്]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه നിവേദനം: നിങ്ങളിൽ മൂന്നു ആളുകളുണ്ടായാൽ അതിൽ ഒരാളെ ഒഴിവാക്കി മറ്റ് രണ്ട് പേർ രഹസ്യം പറഞ്ഞു കൂടാ. അത് അവന് ദുഃഖമുണ്ടാകും. എന്നാൽ ജനങ്ങളുമായി ഇടകലർന്ന് കഴിഞ്ഞാൽ കുഴപ്പമില്ല. [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه നിവേദനം: നബി ﷺ അരുളി ഒരു വിശ്വാസിയും മറ്റൊരാളുടെ കച്ചവടത്തിന്മേൽ കച്ചവടം ചെയ്യരുത്. ഒരു വിശ്വാസിയും മറ്റൊരു വിശ്വാസിയുടെ വിവാഹനേഷണത്തിന്മേൽ

വിവാഹനേഷണം നടത്തരുത്. വിവാഹമനേഷിച്ചവൻ അതിൽ നിന്ന് പിന്മാറുകയോ അയാൾ മറ്റൊരാൾക്ക് അനുമതി നൽകുകയോ ചെയ്യുന്നുവെങ്കിലല്ലാതെ. [ബുഖാരി, നസാഇ]

❒ അബൂമൂസാ رضي الله عنه നിവേദനം: നബിﷺ അരുളി: ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിക്ക് കെട്ടിടം പോലെയാണ്. അതിലെ ചില ഭാഗങ്ങൾ മറ്റു ഭാഗങ്ങൾക്ക് ശക്തിപകരുന്നു. ഈ ഉപമ വിശദമാക്കാൻ തിരുമേനിﷺ തന്റെ വിരലുകൾ കോർത്തു കാണിച്ചു. [ബുഖാരി, മുസ്‌ലിം]

❒ നുഅ്മാൻ رضي الله عنه നിവേദനം: നബിﷺ അരുളി: വിശ്വാസികൾ പരസ്പരം കാരുണ്യത്തിലും സ്നേഹത്തിലും കൃപയിലും മറൊറ്റ ശരീരം പോലെയാണ് അതിൽ ഒരവയവത്തിന് രോഗം ബാധിച്ചാൽ മറ്റെല്ലാ അവയവങ്ങളും ഉറക്കമിളച്ചും പനിപിടിച്ചും അതിനോട് അനുഭാവം പുലർത്തും. [ബുഖാരി, മുസ്‌ലിം]

❒ തമീമുദ്ദാരി رضي الله عنه നിവേദനം: നബിﷺ പറഞ്ഞിരിക്കുന്നു: 'മതം ഗുണകാംക്ഷയാണ് ഞങ്ങൾ ചോദിച്ചു: ആരോട്? അല്ലാഹുവിനോടും, അവന്റെ ഗ്രന്ഥത്തോടും അവന്റെ ദൂതനോടും മുസ്‌ലിം നേതാക്കളോടും അവരിലെ പൊതു ജനത്തോടും. [മുസ്‌ലിം]

■

കുടുംബ ബന്ധം

ബന്ധുക്കളോടുള്ള ഇടപെടൽ

❒ അബൂ അയ്യൂബുൽ അൻസാരി നിവേദനം: ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! എന്നെ സ്വർഗത്തിൽ പ്രവേശിക്കുന്ന ഒരു കർമ്മം എനിക്ക് വിവരിച്ചു തന്നാലും.... നബി പറഞ്ഞു: നീ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ യാതൊന്നും പങ്കു ചേർക്കാതിരിക്കുക. നമസ്ക്കാരം നിലനിർത്തുക, സകാത്ത് നൽകുക. കുടുംബ ബന്ധം ചേർക്കുക.... [ബുഖാരി, മുസ്ലിം]

❒ ജുബൈർ നിവേദനം: നബി പറയുന്നതായി അദ്ദേഹം കേട്ടു: "കുടുംബ ബന്ധം മുറിക്കുന്നവൻ സ്വർഗത്തിൽ കടക്കുകയില്ല." [ബുഖാരി, മുസ്ലിം]

❒ അനസ് നിവേദനം: അദ്ദേഹം പറഞ്ഞു: നബി ഇങ്ങനെ അരുളുന്നതായി ഞാൻ കേട്ടു: "ഉപജീവനത്തിൽ വിശാലത കിട്ടാനും ദീർഘായുസ്സ് ലഭിക്കാനും ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അവൻ കുടുംബ ബന്ധം ചേർത്തു കൊള്ളട്ടെ. [ബുഖാരി, മുസ്ലിം]

❒ അബൂ മസൂദിൽ അൻസാരി നിവേദനം: നബി പറഞ്ഞു: ഒരു മുസ്ലിം പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് തന്റെ കുടുംബത്തിന് വേണ്ടി ചെലവഴിച്ചാൽ അത് അവൻ ധർമ്മം ചെയ്തതായി കണക്കാകുന്നതാണ്. [ബുഖാരി, മുസ്ലിം]

❒ അംറുബ്നു ആസ് നിവേദനം: നബി പറഞ്ഞു: പ്രത്യുപകാരം

ചെയ്യുന്നവനല്ല കുടുംബ ബന്ധം ചേർക്കുന്നവൻ കുടുംബബന്ധം മുറിഞ്ഞ് പോകുമ്പോൾ അത് വിളക്കി ചേർക്കുന്നവനാണ് കുടുംബ ബന്ധം ചേർക്കുന്നവൻ. [ബുഖാരി]

❒ ആഇശ رضي الله عنها നിവേദനം: റസൂൽ ﷺ പറഞ്ഞു: കുടുംബ ബന്ധം അല്ലാഹുവിന്റെ സിംഹാസനത്തിൽ ബന്ധിച്ചിരിക്കുകയാന്. അത് സദാ സമയവും ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നെ ചേർക്കുന്നവനെ അല്ലാഹു ചേർക്കട്ടെ. എന്നെ മുറിക്കുന്നവനെ അല്ലാഹു മുറിക്കട്ടെ. [ബുഖാരി, മുസ്‌ലിം]

❒ താരീഖുൽ മുഹാരിബി رضي الله عنه നിവേദനം: ഞങ്ങൾ മദീനയിൽ വന്നു. അപ്പോൾ പ്രസംഗ പീഢത്തിൽ നിന്നുകൊണ്ട് റസൂൽ ﷺ ജനങ്ങളോട് പറയുകയാണ്: കൊടുക്കുന്നവന്റെ കൈ ഏറ്റവും മുകളിലാണ്. നീ ജീവിതമാർഗ്ഗം നേടിക്കൊടുക്കുന്നതിലൂടെ തുടങ്ങുക. അതായത്. നിന്റെ ഉമ്മ, നിന്റെ ഉപ്പ, നിന്റെ സഹോദരി, നിന്റെ സഹോദരൻ, പിന്നെ നിനക്ക് അടുപ്പമുള്ളവർ, പിന്നെ അടുപ്പമുള്ളവർ. [നസാഇ]

■

പത്ത്

മാതാപിതാക്കൾ

മാതാപിതാക്കൾ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: ഒരാൾ നബി ﷺ യുടെ അടുത്ത് വന്ന് ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എന്നിൽ നിന്നും ഏറ്റവും നല്ല പെരുമാറ്റം ലഭിക്കുവാൻ ജനങ്ങളിൽ ഏറ്റവും കൂടുതൽ അർഹൻ ആരാണ്? നബി ﷺ പറഞ്ഞു: നിന്റെ മാതാവ്. അയാൾ ചോദിച്ചു: പിന്നെ ആര്? നബ് ﷺ പറഞ്ഞു: നിന്റെ മാതാവ്. അയാൾ ചോദിച്ചു: പിന്നെ ആരാണ്: നബി ﷺ പറഞ്ഞു: നിന്റെ മാതാവ്. വീണ്ടും അയാൾ ചോദിച്ചു പിന്നെ ആരാണ്? നബി ﷺ പറഞ്ഞു: നിന്റെ പിതാവ്. [ബുഖാരി, മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു അംറ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: ഒരാൾ നബി ﷺ യുടെ അടുക്കൽ വന്ന് ജിഹാദിന് പുറപ്പെടുവാൻ അനുമതി നേടി. അപ്പോൾ തിരുമേനി ﷺ അയാളോട് നിന്റെ മാതാപിതാക്കൾ ജീവിച്ചിരിപ്പുണ്ടോ എന്ന് ചോദിച്ചു. ഉണ്ട് എന്ന് അയാൾ മറുപടി നൽകി. പ്രവാചകൻ ﷺ പറഞ്ഞു: "എങ്കിൽ അവർക്ക് സേവനം ചെയ്യുക അതാണ് നിങ്ങൾക്കുള്ള ജിഹാദ്" [ബുഖാരി, മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു അംറ്ബ്നു ആസ് رضي الله عنه നിവേദനം: ഒരാൾ നബി ﷺ യുടെ അടുക്കൽ വന്ന് പറഞ്ഞു: അല്ലാഹുവിൽ നിന്ന് പ്രതിഫലം ആഗ്രഹിച്ച് കൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പാലായനം ചെയ്യാമെന്നും സമരം ചെയ്യാമെന്നും ഞാൻ അങ്ങോട്ട് പ്രതിജ്ഞ ചെയ്യുന്നു. തിരുമേനി ﷺ ചോദിച്ചു: നിന്റെ മാതാ പിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ? അദ്ദേഹം പറഞ്ഞു: അതെ രണ്ട് പേരും ജീവിച്ചിരിപ്പുണ്ട്. തിരുമേനി ﷺ ചോദിച്ചു: നീ അല്ലാഹുവിൽ നിന്ന് പ്രതിഫലം ആഗ്രഹിക്കുന്നുണ്ടോ? അദ്ദേഹം പറഞ്ഞു: ഉണ്ട്. നബി ﷺ പറഞ്ഞു: എങ്കിൽ നീ മാതാപിതാക്കളുടെ അടുക്കൽ ചെന്ന് അവരുടെ സഹവാസം നന്നാകുക. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "നിന്ദ്യനാകട്ടെ, വീണ്ടും നിന്ദ്യനാകട്ടെ, വീണ്ടും നിന്ദ്യനാകട്ടെ.' ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ ദൂതരെ, ആരാണ്? നബി ﷺ പറഞ്ഞു: ആർക്കെങ്കിലും മാതാപിതാക്കളെ വാർദ്ധക്യത്തിൽ ലഭിച്ചു; അവരിൽ ഒരാളെയോ അല്ലെങ്കിൽ രണ്ട് പേരെയുമോ എന്നിട്ടും അവൻ(അവരിലൂടെ) സ്വർഗത്തിൽ പ്രവേശിച്ചില്ല. [മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു അംറ് رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: മാതാപിതാക്കളെ ശപിക്കൽ മഹാപാപങ്ങളിൽ പെട്ടതാണ്. അവർ ചോദിച്ചു:

അല്ലാഹുവിന്റെ ദൂതരെ: ഒരാൾ മാതാപിതാക്കളെ ശപിക്കുമോ? നബിﷺ പറഞ്ഞു: ഒരാൾ മറ്റൊരാളുടെ പിതാവിനെ ശകാരിക്കും. അപ്പോൾ അയാൾ ഇവന്റെ പിതാവിനെയും ശകാരിക്കും. അതുപോലെ അവൻ ഇവന്റെ മാതാവിനെ ചീത്ത പറയും. ഇവൻ അവന്റെ മാതാവിനെയും ചീത്ത പറയും. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: നിങ്ങളുടെ പിതാക്കളെ നിങ്ങൾ വെറുക്കരുത്. ആരെങ്കിലും തന്റെ പിതാവിനെ വെറുത്താൽ അവൻ അവിശ്വാസിയായി. [ബുഖാരി]

❒ അബൂബക്കർന്റെ മകൾ അസ്മാഅ് നിവേദനം: നബിﷺയുടെ കാലത്ത് ബഹുദൈവാരാധകയായ എന്റെ മാതാവ് എന്റെ അടുക്കൽ വന്നു. അങ്ങനെ നബിﷺയോട് ഞാൻ അതിന്റെ വിധി ചോദിച്ചു. അവർ(എന്നിൽ നിന്നും വല്ലതും) ആഗ്രഹിച്ചു കൊണ്ടാണ് വന്നിരിക്കുന്നത്. അതിനാൽ അവരുമായുള്ളബന്ധം ഞാൻ സ്ഥാപിക്കട്ടെ. നബിﷺ പറഞ്ഞു: അതെ നിന്റെ ഉമ്മയുമായുള്ള ബന്ധം സ്ഥാപിച്ചുകൊള്ളുക. [ബുഖാരി, മുസ്‌ലിം]

❒ മാലിക്ബ്നു റബീഅ നിവേദനം: ഞങ്ങൾ നബിﷺയുടെ അടുത്തിരിക്കുമ്പോൾ അബൂസലമ ഗോത്രത്തിൽ പെട്ട ഒരാൾ വന്നു. അയാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എന്റെ മാതാപിതാക്കൾ മരിച്ചു കഴിഞ്ഞാൽ ഞാൻ അവർക്കായി ചെയ്യേണ്ട വല്ല നന്മയും അവശേഷിക്കുന്നുണ്ടോ? തിരുമേനിﷺ പറഞ്ഞു: അതെ! അവർക്ക് വേണ്ടി പ്രാർത്ഥിക്കുക. അവർക്കായി പാപമോചനം തേടുക. അവർക്ക് ശേഷം അവരുടെ വാഗ്ദാനങ്ങൾ നിറവേറ്റുക. അവർ ഇരുവരുടെയും കുടുംബബന്ധം ചേർക്കുക. അവരുടെ സ്നേഹിതരെ ആദരിക്കുക. എന്നിവയാണവ. [അബൂദാവൂദ്]

❒ ആഇശ നിവേദനം: ഒരാൾ നബിﷺയുടെ അടുക്കൽ വന്ന് പറഞ്ഞു. എന്റെ മാതാവ് പെട്ടെന്ന് മരിച്ചു. അവർക്ക് വല്ലതും സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ദാനധർമ്മം ചെയ്യാൻ പറയുമായിരുന്നു എന്ന് ഞാൻ വിചാരിക്കുന്നു. അവർക്ക് വേണ്ടി ഞാൻ ദാനധർമ്മം ചെയ്താൽ അതിന്റെ പ്രതിഫലം അവർക്ക് ലഭിക്കുമോ? നബിﷺ പറഞ്ഞു: അതെ ലഭിക്കുന്നതാണ്. [ബുഖാരി, മുസ്‌ലിം]

❒ മുആവിയത്തു സുലമി നിവേദനം: ജിഹാദിന്റെ വിഷയത്തിൽ കൂടിയാലോചന നടത്താൻ ഞാൻ അല്ലാഹുവിന്റെ റസൂലിന്റെയടുക്കൽ ചെന്നു. അപ്പോൾ നബിﷺ ചോദിച്ചു: "താങ്കൾക്ക് മാതാപിതാക്കൾ ഉണ്ടോ?" ഞാൻ പറഞ്ഞു: 'അതെ' തിരുമേനിﷺ പറഞ്ഞു: അവർ രണ്ട്

പേരെയും വിടാതെ കൂടുക. കാരണം സ്വർഗം അവരുടെ കാലുകൾക്ക് കീഴെയാണ്. [ത്വബ്റാനി]

❒ അനസ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിൽ പങ്കുചേർക്കുക, മാതാപിതാക്കളെ ദ്രോഹിക്കുക, മനുഷ്യരെ കൊലപ്പെടുത്തുക, കള്ളസത്യം ചെയ്യുക എന്നിവയാണ് മഹാപാപങ്ങൾ. [ബുഖാരി, മുസ്ലിം] ■

പതിനൊന്ന്

മക്കൾ

സന്താനങ്ങൾ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരാൾ മരണപ്പെട്ടാൽ അയാളുടെ കർമ്മങ്ങളെല്ലാം നിലച്ചു പോകും. മൂന്ന് കാര്യങ്ങളൊഴികെ. നിലനിൽക്കുന്ന ദാനധർമ്മം, ഉപകാരപെടുന്ന അറിവ്, അയാൾക്ക് വേണ്ടി പ്രാർത്ഥിക്കുന്ന നല്ലവരായ മക്കൾ. [മുസ്ലിം]

❒ അനസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: 'ആരെങ്കിലും രണ്ട് പെൺകുട്ടികളെ പ്രായപൂർത്തിയാകുന്നത് വരെ പോറ്റി വളർത്തിയാൽ, അന്ത്യദിനത്തിൽ ഞാൻ അവനും ഇപ്രകാരമായിരിക്കും.' - നബി ﷺ തന്റെ വിരലുകൾ ചേർത്തുവെച്ചു. [മുസ്ലിം]

❒ ആഇശ رضي الله عنها നിവേദനം: അവർ പറഞ്ഞു: എന്റെ അടുത്തേക്ക് ഒരു സാധു സ്ത്രീ തന്റെ പെൺകുഞ്ഞുങ്ങളെയും വഹിച്ച് കൊണ്ട് വന്നു. ഞാൻ അവർക്ക് മൂന്ന് കാരക്ക തിന്നാൻ നൽകി. അവർ രണ്ട് കുട്ടികൾക്കും ഓരോ കാരക്ക വീതം നൽകി. ഒരു കാരക്ക അവർ തിന്നുവാൻ തന്റെ വായിലേക്ക് ഉയർത്തി. അപ്പോൾ ആ രണ്ട് പെൺകുഞ്ഞുങ്ങൾ ഉമ്മയോട് ആ കാരക്കയും അവർ തിന്നുവാൻ ചോദിച്ചു. അപ്പോൾ ആ ഉമ്മ തിന്നാനുദ്ദേശിച്ച കാരക്ക രണ്ടാക്കി പിളർത്തി അവർകിടയിൽ വീതിച്ചു. അവളുടെ പ്രവർത്തി എന്നെ അൽഭുതപ്പെടുത്തി. അവൾ ചെയ്തത് ഞാൻ അല്ലാഹുവിന്റെ റസൂൽ ﷺ യോടു പറഞ്ഞു. അപ്പോൾ നബി ﷺ പറഞ്ഞു: നിശ്ചയം അല്ലാഹു അവർക് ആ കാരക്ക കൊണ്ട് സ്വർഗം നിർബന്ധമാക്കി. അല്ലെങ്കിൽ അതിനെ കൊണ്ട് അല്ലാഹു അവരെ നരകത്തിൽ നിന്ന് മോചിപ്പിച്ചു. [മുസ്ലിം]

❒ നുഅ്മാൻ رضي الله عنه നിവേദനം: എന്റെ പിതാവ് അദ്ദേഹത്തിന്റെ സമ്പത്തിൽ നിന്ന് ചിലത് എനിക്ക് ദാനമായി നൽകി. അപ്പോൾ എന്റെ മാതാവ് അംറബിത് റവാഅ رضي الله عنها പറഞ്ഞു: റസൂൽ ﷺ സാക്ഷിയാവാതെ ഞാനിത് ഇഷ്ടപ്പെടുകയില്ല. അങ്ങനെ എനിക്ക് നൽകിയ ദാനത്തിന് സാക്ഷിയാകാനായി റസൂൽ ﷺ ന്റെ അടുത്തേക്ക് പിതാവ് പുറപ്പെട്ടു. പിതാവിനോട് റസൂൽ ﷺ ചോദിച്ചു: ഇതുപോലെ നിന്റെ എല്ലാ മക്കൾക്കും നൽകിയോ? അദ്ദേഹം പറഞ്ഞു ഇല്ല. തിരുമേനി ﷺ പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്കിടയിൽ നീതി പുലർത്തുക...[ബുഖാരി, മുസ്ലിം]

■

പന്ത്രണ്ട്

ഭാര്യ ഭർത്തൃ ബന്ധം

ദാമ്പത്യ ബന്ധം

❒ അബ്ദുല്ലാഹ്ബ്നു മസ്ഊദ് ﷺ നിവേദനം: നബി ﷺ ഞങ്ങളോട് പറയുകയുണ്ടായി. "യുവ സമൂഹമേ നിങ്ങളുടെ കൂട്ടത്തിൽ വിവാഹത്തിന് കഴിവുള്ളവർ വിവാഹം ചെയ്യട്ടെ. അവരുടെ കണ്ണുകളെ തിന്മകളിലേക്ക് നോക്കാതെ താഴ്ത്തുവാനും ലൈംഗികാവയവങ്ങൾക്ക് സുരക്ഷിതത്വം നൽകുവാനും സഹായിക്കുന്നു. അതിന് കഴിയാത്തവർ വ്രതമനുഷ്ഠിക്കട്ടെ. അത് അത്തരം ചിന്തകളെ നിയന്ത്രിക്കുവാനുള്ള മുൻകരുതൽ നടപടിയാണ്. [ബുഖാരി, മുസ്ലിം, അബൂദാവൂദ്]

❒ അബൂഹാതിം മുസനി ﷺ നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ ഇഷ്ടപ്പെടുന്ന തരത്തിൽ മതബോധനവും സൽഗുണമുള്ളവരുമായ പുരുഷന്മാർ വിവാഹാലോചനയുമായി വന്നാൽ നിങ്ങൾ അവർക്ക് വിവാഹം ചെയ്തു കൊടുക്കുക. അതല്ലെങ്കിൽ നാട്ടിൽ നിരവധി കുഴപ്പങ്ങളും പരീക്ഷണങ്ങളും ഉണ്ടാകും. [തിർമിദി]

❒ അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: നാല് കാര്യങ്ങൾക്ക് വേണ്ടി സ്ത്രീകൾ വിവാഹം ചെയ്യപ്പെടാറുണ്ട്. സമ്പത്ത്, കുടുംബം, സൗന്ദര്യം, മതബോധം എന്നിവയാണത്. നിങ്ങൾ മതബോധമുള്ളവരെ തെരഞ്ഞെടുക്കുക. നിങ്ങൾക്ക് വിജയിക്കാം. [ബുഖാരി, മുസ്ലിം, അബൂദാവൂദ്]

❒ ആഇശ ﷺ നിവേദനം നബി ﷺ പറയുകയുണ്ടായി. നിങ്ങളുടെ കൂട്ടത്തിൽ മാന്യന്മാർ ഭാര്യയുമായി നല്ലനിലയിൽ വർത്തിക്കുന്നവരാകുന്നു. ഞാൻ എന്റെ ഭാര്യമാരോട് നല്ല നിലയിലാണ് പെരുമാറുന്നത്. [തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: വിശ്വാസികളിൽ പരിപൂർണ്ണർ നല്ല പെരുമാറ്റമുള്ളവരായിരിക്കും. നിങ്ങളിൽ ഏറ്റവും നല്ലവർ ഭാര്യമാരുമായി നല്ല നിലയിൽ വർത്തിക്കുന്നവരാകുന്നു. [തിർമിദി]

❒ അബൂഹുറയ്റ നിവേദനം: നബി ﷺ പറയുകയുണ്ടായി. "ഒരു വിശ്വാസിയും വിശ്വാസിനിയെ പൂർണ്ണമായി വെറുത്തു പോകരുത്. ഏതെങ്കിലുമൊരു സ്വഭാവം അവളിൽ വെറുക്കുന്നുവെങ്കിൽ അവളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട പല സ്വഭാവങ്ങളും ഉണ്ടാവും. [മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു അംറ് നിവേദനം: റസൂൽ ﷺ പറഞ്ഞു: ദുൻയാവ് എന്നാൽ വിഭവങ്ങളാകുന്നു. ദുൻയാവിലെ ഏറ്റവും നല്ല വിഭവം സദ്വൃത്തയായ ഒരു സ്ത്രീയാണ്. [മുസ്ലിം]

❒ അബ്ദുറഹ്മാനിബ്നു ഔഫ് رضي الله عنه നിവേദനം: നബി ﷺ അരുളി: ഒരു വിശ്വാസിനി അഞ്ച് നേരം നമസ്കരിക്കുകയും റമദാനിൽ വ്രതമനുഷ്ഠിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്തു ജീവിച്ചാൽ പരലോകത്ത് വെച്ച് അവളോട് പറയപ്പെടും. "സ്വർഗീയ കവാടങ്ങളിൽ നീ ഇച്ഛിക്കുന്നതിൽ കൂടി പ്രവേശിച്ചു കൊള്ളുക."

[അഹ്മദ്]

❒ ഉമ്മുസലമ رضي الله عنها നിവേദനം: റസൂൽ ﷺ പറഞ്ഞു: ഒരു സ്ത്രീ അവളുടെ ഭർത്താവ് അവളെ സംബന്ധിച്ച് സംതൃപ്തിയുള്ളവനായിരിക്കെ മരിക്കുകയാണെങ്കിൽ അവർ സ്വർഗത്തിൽ പ്രവേശിക്കും. [തിർമിദി]

■

തൊഴിലാളികൾ

അധ്വാനത്തിന്റെ മഹത്വം

❒ മിഖദാദ് നിവേദനം: റസൂൽ പറഞ്ഞു: തന്റെ കൈ കൊണ്ട് അദ്ധ്വാനിച്ച് ഭക്ഷിക്കുന്നതിനേക്കാൾ ഉത്തമായ ഒരു ഭക്ഷണവും ഒരാളും കഴിച്ചിട്ടില്ല. അല്ലാഹുവിന്റെ ദൂതൻ ദാവൂദ് തന്റെ കൈകൊണ്ട് അദ്ധ്വാനിച്ചായിരുന്നു ഉപജീവനം നടത്തിയിരുന്നത്. [ബുഖാരി]

❒ അബൂഹുറയ്റ നിവേദനം: നബി പറഞ്ഞു: അല്ലാഹു നിയോഗിച്ച എല്ലാ പ്രവാചകന്മാരും ആടിനെ മേയ്ച്ചിട്ടുണ്ട്. അപ്പോൾ സ്വഹാബികൾ ചോദിച്ചു: താങ്കളും മേയ്ച്ചിട്ടുണ്ടോ? അവിടുന്ന് പറഞ്ഞു: അതെ, നിശ്ചിത പ്രതിഫല വ്യവസ്ഥയിൽ ഞാനും മക്കക്കാരുടെ ആടുകളെ മേയ്ച്ചിട്ടുണ്ട്. [ബുഖാരി]

❒ റാഫിഅ്ബ്നു ഖാരിജ് നിവേദനം: നബിയോട് ആരോ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഏത് സമ്പാദ്യമാണ് ഏറ്റവും ഉത്തമം. നബി പറഞ്ഞു: മനുഷ്യൻ സ്വന്തം അധ്വാനിച്ചുണ്ടാക്കുന്നതും എല്ലാ നല്ല വ്യാപാരങ്ങളിലൂടെ നേടുന്നത്. [അഹ്മദ്]

❒ അബ്ദുല്ലാഹിബ്നു അംറ് നിവേദനം: നബി പറഞ്ഞു: വിയർപ്പുണങ്ങുന്നതിന് മുമ്പ് തന്നെ തൊഴിലാളികൾക്ക് നിങ്ങൾ അവരുടെ കൂലി നൽകുക. [ഇബ്നുമാജ]

❒ അബൂഹുറയ്റ നിവേദനം: നബി പറഞ്ഞു: അല്ലാഹു പറയുന്നു. മൂന്നാളുകൾ അന്ത്യനാളിൽ എതിരാളികളായിരിക്കും. ഞാൻ ആരുടെയെങ്കിലും എതിരായാൽ, ഞാനവനെ പരാജയപ്പെടുത്തു. എന്നോട് കരാർ ചെയ്ത ശേഷം ലംഘിച്ചവർ, സ്വതന്ത്രനെ അടിമയെന്ന വ്യാജേന വിറ്റ് തിന്നുന്നവർ, ജോലിക്കാരെ കൊണ്ട് ജോലി എടുപ്പിച്ച ശേഷം കൂലി നൽകാത്തവർ. [ബുഖാരി, അഹ്മദ്]■

അനാഥ, അഗതി, വിധവ

❒ സഅ്ലുബ്നു സഅ്ദ് ﷺ നിവേദനം: "നബി ﷺ പറയുകയുണ്ടായി. "ഞാനും അനാഥകളെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇതുപോലെയാണ്." തന്റെ ചൂണ്ടുവിരലും നടുവിരലും അല്പം വിടർത്തിപിടിച്ചാണ് തിരുമേനി ﷺ അങ്ങനെ പറഞ്ഞത്. [ബുഖാരി]

❒ അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: "അനാഥയെ സംരക്ഷിക്കുന്നവൻ -അനാഥ സ്വന്തം കുടുംബത്തിൽ പെട്ടവനാണെങ്കിലും അല്ലെങ്കിലും- ഞാനും അവനും ഇപ്രകാരമാണ്." നിവേദകൻ മാലിക് ബ്നു അനസ് തന്റെ നടുവിരലും കൊണ്ട് ആംഗ്യം കാണിച്ചു. [മുസ്ലിം]

❒ അബൂഹുറയ്റ ﷺ നിവേദനം: ഒരു മനുഷ്യൻ തന്റെ ഹൃദയ കാഠിന്യത്തെ കുറിച്ച് നബി ﷺയോട് ആവലാതിപെട്ടു. തിരുമേനി ﷺ ഇപ്രകാരം അരുളി. താങ്കൾ അനാഥയുടെ ശിരസ്സ് തലോടുകയും അഗതിക്ക് ആഹാരം കൊടുക്കുകയും ചെയ്യുക. [അഹ്മദ്]

❒ ഖുവൈലിദ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവേ, അനാഥകൾ സ്ത്രീകൾ എന്നീ ദുർബല വിഭാഗത്തിന്റെ അവകാശം ഹനിക്കുന്നവരെ ഞാൻ പാപികളായി കാണുന്നു. [നസാഇ]

❒ അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: വിധവകൾക്കും പാവങ്ങൾക്കും വേണ്ടി പരിശ്രമിക്കുന്നവൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പരിശ്രമിക്കുന്നവനെ പോലെയാണ്. അല്ലെങ്കിൽ രാത്രി നിന്ന് നമസ്കരിക്കുകയും പകലിൽ വ്രതമനുഷ്ഠിക്കുകയും ചെയ്യുന്നവനെ പോലെയാണ്. [ബുഖാരി, മുസ്ലിം]

മർദ്ദിതർ

ഇബ്നു അബ്ബാസ് ﷺ മുആദിനെ യമനിലേക്ക് നിയോഗിക്കുമ്പോൾ നബി ﷺ പറഞ്ഞു: മർദ്ദിതന്റെ പ്രാർത്ഥന നീ സൂക്ഷിക്കുക. അതിനും അല്ലാഹുവിനുമിടയിൽ യാതൊരു മറയുമില്ല. [ബുഖാരി, മുസ്ലിം]■

അടിമകൾ

അടിമകളോടുള്ള സഹവർത്തിത്തം

❒ അബൂമൂസൽ അശ്അരി അദ്ദേഹത്തിന്റെ പിതാവിൽ നിന്ന് നിവേദനം: നബി പറഞ്ഞു: മൂന്ന് വിഭാഗമാളുകൾക്ക് ഇരട്ടി പ്രതിഫലം നൽകപ്പെടുന്നതാകുന്നു.

ഒന്ന്. പൂർവ്വ വേദക്കാരിൽ പെട്ട ഒരു മനുഷ്യൻ, അവരിലേക്ക് നിയോഗിതനായ പ്രവാചകനിൽ വിശ്വസിക്കുകയും, നബിയുടെ നിയോഗമുണ്ടായപ്പോൾ നബിയിൽ വിശ്വസിക്കുകയും പിന്തുടരുകയും ചെയ്യുന്നുവെങ്കിൽ.

രണ്ട്: അടിമയായ മുസ്ലിം, തന്റെ യജമാനനോടുള്ള കടമകളും അല്ലാഹുവിനോടുള്ള കടമകളും യഥാവിധി നിറവേറ്റുന്നുവെങ്കിൽ.

മൂന്ന്: തന്റെ കീഴിലുള്ള അടിമ പെൺകുട്ടിയെ നന്നായി വളർത്തുകയും അവളെ സംസ്ക്കാരവും വിജ്ഞാനവും പഠിപ്പിച്ച ശേഷം സ്വതന്ത്രയാക്കുകയും പിന്നീട് അവളെ തന്നെ വിവാഹം കഴിക്കുകയും ചെയ്യുന്നുവെങ്കിൽ. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബി പറഞ്ഞു: ആരെങ്കിലും ഒരു മുസ്ലിം അടിമയെ സ്വതന്ത്രനാക്കിയാൽ ആ അടിമയുടെ ഓരോ അംഗത്തിനു പ്രതിഫലമായി ഇവന്റെ ഓരോ അവയവത്തെയും നരകശിക്ഷയിൽ നിന്ന് അല്ലാഹു മോചിപ്പിക്കുന്നതാണ്. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബി പറഞ്ഞു: നിങ്ങളിലൊരാളും എന്റെ അടിമ എന്ന് പറയരുത്. കാരണം നിങ്ങളെല്ലാവരും അല്ലാഹുവിന്റെ അടിമകളാണ്. പകരം എന്റെ പയ്യൻ എന്ന് പറയുക. അതുപോലെ അടിമ എന്റെ രക്ഷിതാവ് എന്നും പറയരുത്. മറിച്ച് അവൻ എന്റെ യജമാനൻ എന്നും പറയട്ടെ.” മറ്റൊരു റിപ്പോർട്ടിൽ അടിമ യജമാനനെക്കുറിച്ച് രക്ഷാധികാരി എന്ന് പറയരുതെന്നും കാരണം നിങ്ങളുടെ രക്ഷാധികാരി

പ്രതാപവാനും മഹാനുമായ അല്ലാഹുവാണ് എന്നും വന്നിട്ടുണ്ട്. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ പറയുന്നതായി കേട്ടു: "വല്ലവനും നിരപരാധിയായ അടിമയുടെ പേരിൽ വ്യഭിചാരാരോപണം നടത്തിയാൽ അന്ത്യനാളിൽ അവനെ ചാട്ടവാറുകൊണ്ടടിക്കപ്പെടും...[ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും ഒരു അടിമയിലുള്ള ഭാഗികമായ അവകാശം മോചിപ്പിക്കുന്ന പക്ഷം തന്റെ ധനംകൊണ്ട് തന്നെ അടിമയെ സ്വതന്ത്രമാക്കേണ്ടതാണ്. ഇനി അവന്റെ പക്കൽ ധനമില്ലെങ്കിൽ, അടിമക്ക് നീതിപൂർവ്വകമായ വില നിശ്ചയിക്കണം. അടിമതന്നെ അധ്വാനിച്ച് ബാക്കി ഭാഗം സ്വതന്ത്രമാക്കാൻ പണം കണ്ടെത്തണം. എന്നാൽ അവനെ പ്രയാസപ്പെടുത്തരുത്. [ബുഖാരി]

❒ സാദാൻ അബൂ ഉമർ رضي الله عنه നിവേദനം:....നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. "ആരെങ്കിലും തന്റെ അടിമയെ മുഖത്തടിക്കുകയോ തല്ലുകയോ ചെയ്താൽ അതിനുള്ള പ്രായശ്ചിത്തം അവനെ മോചിപ്പിക്കലാണ്. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങളിൽ ആർക്കെങ്കിലും വേണ്ടി തന്റെ ഭൃത്യൻ ഭക്ഷണം ഉണ്ടാക്കുകയും, എന്നിട്ട് തന്റെ അടുക്കൽ കൊണ്ടുവരികയും ചെയ്താൽ അവൻ അത് ഉണ്ടാക്കാൻ അതിന്റെ ചൂടും പുകയും ഏറ്റുവാങ്ങിയിട്ടുണ്ട്. അത് കൊണ്ട് അവനെ തന്റെ കൂടെ ഇരുത്തട്ടെ. എന്നിട്ട് അവൻ അതിൽ നിന്ന് ഭക്ഷിക്കട്ടെ. ഇനി ഭക്ഷണം കുറവ് കാരണം തികഞ്ഞില്ലെങ്കിൽ ഒന്നോ രണ്ടോ ഉരുള അവന്റെ കയ്യിൽ വെച്ച് കൊടുക്കട്ടെ. [മുസ്‌ലിം]

❒ അബൂദർറ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു.... നിങ്ങളുടെ ഭൃത്യന്മാർ നിങ്ങളുടെ സഹോദരന്മാർ തന്നെയാണ്. അവരെ അല്ലാഹു നിങ്ങളുടെ നിയന്ത്രണത്തിലാക്കിയിരിക്കുകയാണ്. ആരുടെയെങ്കിലും നിയന്ത്രണത്തിലായി വല്ല സഹോദരനുമുണ്ടെങ്കിൽ അവൻ തിന്നുന്നതിൽ നിന്ന് അവൻ ഭക്ഷിക്കാൻ കൊടുക്കണം. അവൻ ഉടുക്കുന്നതിൽ നിന്ന് അവർക്ക് ഉടുക്കാൻ നൽകണം. അവർക്ക് പ്രയാസമുണ്ടാക്കുന്ന ജോലികൾ അവരെ നിർബന്ധിച്ച് ചെയ്യിക്കരുത്. ഇനി പ്രയാസകരമായ ജോലി ഏല്പിക്കുകയാണെങ്കിൽ അവരെയതിൽ സഹായിക്കണം. [ബുഖാരി]

■

അയൽവാസി, അതിഥി

അയൽവാസി, അതിഥി, ആതിഥേയൻ

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ അയൽവാസികളെ ഉപദ്രവിക്കാതിരിക്കട്ടെ. വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അതിഥിയെ ആദരിക്കട്ടെ. വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലത് പറയട്ടെ അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: മുസ്ലിം വനിതകളേ, ഒരു അയൽക്കാരിയും തന്റെ അയൽക്കാരിക്ക് എന്തെങ്കിലും കൊടുക്കുന്നത് നിസ്സാരമായി കാണരുത്. അത് ഒരു ആടിന്റെ കുളമ്പാണെങ്കിലും. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: ഏതൊരാളുടെ അയൽവാസി തന്റെ ഉപദ്രവത്തിൽ നിന്ന് നിർഭയനാകുന്നില്ലെയോ അയാൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. [മുസ്ലിം]

❒ അബൂദർറ് നിവേദനം: നബിﷺ പറഞ്ഞു: ഹേ അബൂദർറ്, കറി പാകം ചെയ്താൽ അതിൽ വെള്ളം അധികരിപ്പിക്കുക. അങ്ങനെ അയൽക്കാരെകൂടി പരിഗണിക്കുക. [മുസ്ലിം]

❒ അബൂശുറൈഹ് നിവേദനം: നബിﷺ അരുളി. “വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ

അഥിതിയെ ആദരിക്കട്ടെ. ആദ്യത്തെ രാവും പകലും അവന്റെ സൽക്കാരമാകുന്നു. ആതിഥ്യം മൂന്ന് ദിവസമാണ്. അതിന് ശേഷമുള്ളത് ദാനവും. ആതിഥേയന് വിഷമമാകുവോളം അവന്റെയടുക്കൽ താമസിക്കുന്നത് അതിഥിക്ക് അനുവദനീയമല്ല. [ബുഖാരി, മുസ്‌ലിം]

❒ അനസ് ﷺ നിവേദനം: തന്റെ അയൽവാസി തന്റെ ചാരത്ത് വിശക്കുന്നവനായിരിക്കെ അവനെക്കുറിച്ച് അറിഞ്ഞുകൊണ്ട് വല്ലവനും വയറ് നിറച്ച് അന്തിയുറങ്ങിയാൽ അവൻ എന്നിൽ വിശ്വസിച്ചവനാവുകയില്ല. [ത്വബ്റാനി]

■

ഭരണാധികാരി, ഭരണീയർ

ഭരണകർത്താക്കൾ

❒ മുഖ്ബല്ബ്നു യസാർ പറയുന്നു:..... നബി പറയുന്നതായി ഞാൻ കേട്ടു. "ഒരു മനുഷ്യനെ ഒരു വിഭാഗത്തിന്റെ ഭരണാധികാരിയായി അല്ലാഹു നിശ്ചയിച്ചു. എന്നിട്ട് ഗുണകാംക്ഷയോടുകൂടി അവരെ അവൻ പരിചരിച്ചില്ല. എന്നാൽ അങ്ങനെയുള്ള ഒരു മനുഷ്യന് സ്വർഗത്തിന്റെ സുഗന്ധം ആസ്വദിക്കാൻ കഴിയുകയില്ല. [ബുഖാരി, മുസ്ലിം]

❒ അബൂയഅ്ലാ നിവേദനം: അദ്ദേഹം ഉബൈദുല്ലയുടെ അടുക്കൽ ചെന്നപ്പോൾ ഉബൈദുല്ല ഇങ്ങനെ പറഞ്ഞു: മകനേ റസൂൽ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്" നിശ്ചയം നികൃഷ്ഠനായ ഭരണാധിപൻ, ജനങ്ങളോട് കഠിന മനസ്കനും പ്രതിബദ്ധതയില്ലാത്തവനുമാണ്. അവരിൽ പെട്ടുപോകുന്നത് നീ സൂക്ഷിക്കണം." (മുസ്ലിം)

ഭരണീയർ, പ്രജകൾ

❒ ഇബ്നു ഉമർ നിവേദനം: നബി അരുളി: ഒരു മുസ്ലിമിന് താനിഷ്ടപ്പെടുന്നതാവട്ടെ, വെറുക്കുന്നതാവട്ടെ, തെറ്റായ കാര്യങ്ങൾ കല്പിക്കപ്പെടാതിരിക്കുമ്പോൾ ഭരണകർത്താക്കളെ അനുസരിക്കലും, അവരുടെ വാക്ക് കേൾക്കലും അനിവാര്യമാണ്. തെറ്റായ കാര്യം കല്പിച്ചാൽ അവനത് കേൾക്കുകയും അനുസരിക്കുകയും ചെയ്യരുത്. [ബുഖാരി, മുസ്ലിം]

❒ അനസ് നിവേദനം: അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: ഉണങ്ങിയ മുന്തിരികുലപോലെ തലയുള്ള ഒരു നീഗ്രോ അടിമയാണ് നിങ്ങളുടെ ഭരണകർത്താവായി അവരോധിതനാകുന്നതെങ്കിൽ പോലും അദ്ദേഹത്തെ നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും വേണം. [ബുഖാരി]

❒ അലി നിവേദനം.... തിരുമേനി പറഞ്ഞു: അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ അനുസരണയില്ല. അനുസരണം നന്മയിലാണ്. [മുസ്ലിം]■

മനുഷ്യേതര ജീവജാലങ്ങൾ

പക്ഷി മൃഗാദികൾ

❒ അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ ﷺ നിവേദനം: ഒരാൾ കല്ലുകൊണ്ട് മൃഗത്തെ എറിയുന്നത് അദ്ദേഹം കണ്ടു. അപ്പോൾ അയാളോട് പറഞ്ഞു: നീ ഇങ്ങനെ എറിയരുത്. മൃഗങ്ങളെ കല്ലെറിയുന്നത് റസൂൽ ﷺ വിരോധിച്ചിരിക്കുന്നു. അല്ലെങ്കിൽ കല്ലുകൊണ്ട് എറിയുന്നത് നബി ﷺ വെറുത്തിരുന്നു. നബി ﷺ ഇങ്ങനെ പറഞ്ഞിട്ടുമുണ്ട്. കല്ലെടുത്തെറിഞ്ഞ് മൃഗത്തെ വേട്ടയാടരുത്. ശത്രുവിനെ കല്ലുകൊണ്ടെറിഞ്ഞ് മുറിവേല്പിക്കരുത്. ചിലപ്പോൾ ഏറുകൊണ്ട് പല്ല് പൊട്ടാനും കണ്ണ് നഷ്ടപ്പെടാനുമിടയുണ്ട്...[ബുഖാരി]

❒ അനസ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: മൃഗങ്ങളെ തീറ്റ നൽകാതെ തടഞ്ഞ് വെക്കുന്നത് നബി ﷺ നിരോധിച്ചു. [ബുഖാരി, മുസ്ലിം]

❒ സഈദുബ്നു ജുബൈൽ ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: ഞാൻ ഇബ്നു ഉമറിന്റെ അടുക്കലായിരുന്നു. ഒരിക്കൽ അദ്ദേഹം കോഴിയെ കെട്ടിയിട്ട് അതിനെ ലക്ഷ്യമാക്കി അമ്പെയ്തു കൊണ്ടിരിക്കുന്ന ഒരു സംഘമാളുകളുടെ അടുത്ത് കൂടി നടന്നുപോയി. അപ്പോൾ ഇബ്നു ഉമർ ﷺ ചോദിച്ചു ആരാണിത് ചെയ്തത്? ഇങ്ങനെ ചെയ്യുന്നവരെ നബി ﷺ ശപിച്ചിരിക്കുന്നു. [ബുഖാരി, മുസ്ലിം]

❒ ഇബ്നു അബ്ബാസ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: ആത്മാവുള്ള ഒരു വസ്തുവിനെയും നിങ്ങൾ ഉന്നമാക്കി എടുക്കരുത്. [മുസ്ലിം]

❒ ഇബ്നു ഉമർ ﷺ നിവേദനം:.... അദ്ദേഹം പറഞ്ഞു: ജീവികളെ അംഗ

ഭംഗം വരുത്തുന്നവരെ നബി ﷺ ശപിച്ചിരിക്കുന്നു [ബുഖാരി]

❒ ജാബിർ رضي الله عنه നിവേദനം: മൃഗങ്ങളുടെ മുഖത്ത് അടിക്കുന്നതും മുഖത്ത് ചൂട് വെക്കുന്നതും റസൂൽ ﷺ വിരോധിച്ചിരിക്കുന്നു. [മുസ്‌ലിം]

❒ അബൂയഅ്‌ലാ رضي الله عنه നിവേദനം റസൂൽ ﷺ പറഞ്ഞു: എല്ലാ കാര്യങ്ങളും നന്മയിലധിഷ്ഠിതമായിരിക്കണമെന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ (ഭരണാധികാരികൾ) വധ ശിക്ഷ നടപ്പാക്കുകയാണെങ്കിൽ നല്ല നിലയിൽ വധിക്കുക. നിങ്ങൾ അറുക്കയാണെങ്കിൽ നല്ലനിലയിൽ അറവ് നടത്തുക. അഥവാ നിങ്ങൾ അറവ് കത്തി മൂർച്ച കൂട്ടുകയും മൃഗത്തിന് ആശ്വാസം നൽകുകയും ചെയ്യുക. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "നിങ്ങൾ ഫലഭൂഷ്ടമായ സ്ഥലത്ത് കൂടി യാത്ര ചെയ്യുമ്പോൾ ഒട്ടകങ്ങൾക്ക് ഭൂമിയിൽ നിന്നുള്ള അവയുടെ അവകാശം നൽകുക. നിങ്ങൾ വരണ്ട പ്രദേശങ്ങളിൽ കൂടി യാത്ര ചെയ്യുകയാണെങ്കിൽ യാത്ര വേഗത്തിലാക്കുക. നിങ്ങൾ രാത്രിയിൽ തമ്പടിക്കുകയാണെങ്കിൽ വഴി ഒഴിവാക്കുക. കാരണം രാത്രി ക്ഷുദ്രജീവികളുടെ സങ്കേതമാണ്. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ അരുളി. ഒരിക്കൽ ഒരാൾ നടന്ന് പോകവെ കഠിനമായി ദാഹിച്ചു. അയാൾ വഴിയിലുള്ള ഒരു കിണറ്റിലിറങ്ങി വെള്ളം കുടിച്ചു. കിണറ്റിൽ നിന്നും കരയിൽ കയറിയപ്പോൾ ഒരു നായ കിതച്ച് നാവ് നീട്ടിനിൽക്കുന്നു. ദാഹം സഹിക്കാനാവാതെ അത് മണ്ണ് നക്കുകയാണ്. ഇത് കണ്ട് ആ മനുഷ്യൻ പറഞ്ഞു: ഞാനനുഭവിച്ച വിഷമം ഈ നായക്കും ബാധിച്ചിരിക്കുന്നു. എന്നിട്ടയാൾ കിണറ്റിലിറങ്ങി തന്റെ ഷൂസിൽ വെള്ളം നിറച്ച് വായകൊണ്ട് കടിച്ച് പിടിച്ച് കരക്ക് വന്നു. നായയെ കുടിപ്പിച്ചു. അയാളുടെ ഈ നല്ല പ്രവർത്തനത്തിന് അല്ലാഹു അയാൾക്ക് പ്രതിഫലം നൽകുകയും അയാളുടെ പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്തു." ഇതു കേട്ടപ്പോൾ അനുചരന്മാർ നബി ﷺ യോടു ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ നാൽകാലികൾക്ക് വല്ല ഉപകാരവും ചെയ്താൽ ഞങ്ങൾക്ക് പ്രതിഫലം ലഭിക്കുമോ? നബി ﷺ പറഞ്ഞു: പച്ചകരളുള്ള ഏത് ജീവിക്ക് ഉപകാരം ചെയ്താലും പ്രതിഫലം കിട്ടും. [ബുഖാരി, മുസ്‌ലിം]

■

പൊതുവഴി

വഴി മര്യാദകൾ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു. ഒരു പൊതു വഴിയുടെ കാര്യത്തിൽ ജനങ്ങൾക്കിടയിൽ തർക്കമുണ്ടായാൽ ഏഴു മുഴം വഴിക്ക് വേണ്ടി നീക്കിവെക്കണമെന്ന് നബി ﷺ വിധിച്ചു. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: ഒരിക്കൽ ഒരാൾ വഴിയിലൂടെ നടന്നു പോകുമ്പോൾ മുൾചെടിയുടെ ഒരു കൊമ്പ് വഴിയിൽ കിടക്കുന്നത് കണ്ടു. ഉടനെ അയാൾ അതെടുത്തുമാറ്റി. അപ്പോൾ അല്ലാഹു അവനോട് നന്ദി രേഖപെടുത്തി. അവന്ന് പൊറുത്തുകൊടുക്കുകയും ചെയ്തു. [ബുഖാരി, മുസ്ലിം]

❒ അബൂ സഈദിൽ ഖുദ്രി رضي الله عنه നിവേദനം: നബി ﷺ അരുളി: "നിങ്ങൾ വഴിയിലിരിക്കുന്നത് സൂക്ഷിക്കുക." ഞങ്ങളിരുന്ന് സംസാരിക്കുന്ന സ്ഥലമാണവ. അത് ഉപേക്ഷിക്കുക ഞങ്ങൾക്ക് വിഷമകരമാണെന്ന് അനുചരന്മാർ നബി ﷺ യോടു പറഞ്ഞു: "അവിടെയിരിക്കൽ ഒഴിച്ച് കൂടാത്തതാണെങ്കിൽ വഴിക്ക് അതിന്റെ അവകാശം നൽകികൊണ്ട് ഇരിക്കുക" എന്ന് തിരുമേനി ﷺ അരുളി. വഴിയുടെ അവകാശമെന്താണെന്ന് അവർ ചോദിച്ചു. നബി ﷺ പറഞ്ഞു: കണ്ണ് താഴ്ത്തുക, നോക്കാൻ പാടില്ലാത്തത് നോക്കാതിരിക്കുക, ഉപദ്രവം തടയുക, സലാം മടക്കുക, നന്മകല്പിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുക. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു:ഈമാൻ(സത്യവിശ്വാസം) എഴുപതിലധികം അല്ലെങ്കിൽ അറുപതിലധികം ശാഖകളാണ്.

അവയിൽ ഏറ്റവും ശ്രേഷ്ടമായത്. "അല്ലാഹുവല്ലാതെ ആരാധനകർഹ നില്ല" എന്നതും ഏറ്റവും താഴെയുള്ളത് വഴിയിലെ ഉപദ്രവം നീക്കലുമത്രെ ലജ്ജ വിശ്വാസത്തിന്റെ ശാഖയാണ്. [മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: 'ശാപത്തിന് കാരണമായ രണ്ട് കാര്യങ്ങൾ നിങ്ങൾ സൂക്ഷിക്കുക." അവർ (സഹാബികൾ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ആ രണ്ട് കാര്യങ്ങൾ ഏതാണ്? തിരുമേനി ﷺ പറഞ്ഞു: ജനങ്ങൾ നടക്കുന്ന വഴിയിൽ അല്ലെങ്കിൽ അവർ ഇരിക്കുന്ന തണൽ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യലാകുന്നു. [മുസ്ലിം]

❒ അബൂദർറ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: എന്റെ സമുദായത്തിന്റെ സൽകർമ്മങ്ങളും ദുഷ്കർമ്മങ്ങളും എനിക്ക് കാണിക്കപ്പെടുകയുണ്ടായി. അപ്പോൾ വഴിയിൽ നിന്ന് ഉപദ്രവങ്ങൾ നീക്കുന്നത് അവരുടെ സൽകർമ്മങ്ങളിലും പള്ളിയിലെ 'കഫം' നീക്കം ചെയ്യാതെ വിടുന്നത് ദുഷ്കർമ്മങ്ങളിലും ഞാൻ കണ്ടു: [മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: സ്വർഗത്തിൽ ഒരാൾ വിഹരിക്കുന്നത് ഞാൻ കണ്ടു. വഴിയിൽ നിന്ന് ജനങ്ങൾക്ക് ഉപദ്രവമായിരുന്നു ഒരു മരം മുറിച്ച് നീക്കിയ കാരണത്താൽ. [മുസ്ലിം]

■

നന്മ, പുണ്യം, സൽകർമ്മം, സദാചാരം

നന്മ തിന്മകളുടെ നിർവചനം

❒ നവാസ്ബ്നു സൻആൻ رضي الله عنه നിവേദനം: ഞാൻ റസൂൽ ﷺ യോട് പുണ്യത്തെകുറിച്ചും പാപത്തെകുറിച്ചും ചോദിച്ചു. അപ്പോൾ നബി ﷺ പറഞ്ഞു: "പുണ്യം സൽസ്വഭാവമാണ്, പാപം നിന്റെ മനസ്സിൽ ചൊറിച്ചിലുണ്ടാകുന്നതും മറ്റുള്ളവർ അറിയുന്നത് നീ ഇഷ്ടപ്പെടാത്തതുമാണ്." [മുസ്ലിം]

❒ വാബിസ رضي الله عنه നിവേദനം: ഞാനൊരിക്കൽ റസൂൽ ﷺ യുടെ സന്നിധിയിൽ ചെന്നപ്പോൾ തിരുമേനി ﷺ എന്നോട് ചോദിച്ചു: "നന്മയെ കുറിച്ച് പഠിക്കാനാണോ നീ വന്നിട്ടുള്ളത്?" ഞാൻ പറഞ്ഞു: 'അതെ' തിരുമേനി ﷺ പറഞ്ഞു" നീ നിന്റെ മനസ്സിനോട് വിധിതേടുക, മനസ്സിന് സ്വസ്ഥതയും ഹൃദയത്തിന് സമാധാനവും ലഭിക്കുന്നതെന്തോ അതാണ് നന്മ. മനസിൽ അസ്വസ്തതയും ഹൃദയത്തിൽ ആശങ്കയും ജനിപ്പിക്കുന്നതേതോ അതാണ് തിന്മ. ജനങ്ങൾ നിനക്ക് (അനുവദനീയമെന്ന്) വിധി നൽകിയാലും. [അഹ്മദ്, ദാരിമി]

❒ ഹസനിബ്നു അലിയ്യ് رضي الله عنه പറയുന്നു. ഞാൻ നബി ﷺ യിൽ നിന്ന് ഈ വാക്യം ഹൃദിസ്ഥമാക്കി: "നിനക്ക് സംശയമുള്ളതിനെ വിട്ട് സംശയമില്ലാത്ത ഒന്നിനെ അവലംബിക്കുക. തിർച്ചയായും സത്യം പ്രശാന്തിയാണ്.കള്ളം സന്ദേഹമാണ്. [തിർമിദി, നസാഇ, അഹ്മദ്, ദാരിമി]

നന്മകൾ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: ഏത് കർമ്മമാണ് ഏറ്റവും കൂടുതൽ

ശ്രേഷ്ടമായത്? എന്ന് നബിﷺയോട് ഒരാൾ ചോദിച്ചപ്പോൾ നബിﷺ പറഞ്ഞു: "അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കൽ. വീണ്ടും ചോദിക്കപ്പെട്ടു പിന്നെ എന്താണ്? നബിﷺ പറഞ്ഞു." അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ത്യാഗപരിശ്രമം' വീണ്ടും ചോദിക്കപ്പെട്ടു പിന്നെ എന്താണ്? നബിﷺ പറഞ്ഞു: സ്വീകാര്യയോഗ്യമായ ഹജ്ജ് കർമ്മം" [ബുഖാരി, മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺ പറയുന്നു. നബിﷺയോടു ഞാൻ ചോദിച്ചു: "കർമ്മങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടം ഏതാണ്? നബിﷺ പറഞ്ഞു: നമസ്കാരം അതിന്റെ കൃത്യസമയത്ത് നിർവ്വഹിക്കൽ പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു. നബിﷺ പറഞ്ഞു: "മാതാപിതാക്കൾക്ക് നന്മ ചെയ്യൽ"

പിന്നെ ഏതാണെന്ന് ഞാൻ ചോദിച്ചു.

നബിﷺ പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ധർമ്മ സമരം ചെയ്യൽ... [ബുഖാരി, മുസ്ലിം]

❒ അബൂദർറ്ﷺ പറയുന്നു: ഏറ്റവും ശ്രേഷ്ഠകരമായ പ്രവർത്തനം ഏതാണെന്ന് ഞാൻ ചോദിച്ചു. നബിﷺ പറഞ്ഞു: "അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ മാർഗ്ഗത്തിൽ സമരം ചെയ്യലുമാണ്."

ഞാൻ ചോദിച്ചു: അടിമകളിൽ ഏതാണ് മോചിപ്പിക്കാൻ ഏറ്റവും നല്ലത്? നബിﷺ പറഞ്ഞു: "ഉടമസ്ഥന്റെ അടുക്കൽ കൂടുതൽ വിലപിടിച്ചതും മൂല്യമുള്ളതുമായ അടിമ."

വീണ്ടും ഞാൻ ചോദിച്ചു: അത് ചെയ്യാൻ എനിക്ക് സാധിക്കുന്നില്ലെങ്കിലോ? നബിﷺ പറഞ്ഞു: കൈതൊഴിൽ ചെയ്ത് ജീവിക്കുന്ന ഒരാളെ സഹായിക്കുക. അല്ലെങ്കിൽ തൊഴിൽ അറിയാത്തവന് തൊഴിൽ ചെയ്ത് കൊടുക്കുക. അദ്ദേഹം ചോദിച്ചു: അത് ചെയ്യാനും എനിക്ക് കഴിയുന്നില്ലെങ്കിലോ? നബിﷺ പറഞ്ഞു: നീ ആളുകളെ ശല്യം ചെയ്യുന്നതൊഴിവാക്കുക. നിന്റെ ആത്മാവിന് നൽകുന്ന വലിയൊരു ധർമ്മമാണത്. [ബുഖാരി, മുസ്ലിം]

❒ അബൂമൂസാﷺ പറയുന്നു. നബിﷺ പറഞ്ഞു: "ധർമ്മം ചെയ്യൽ എല്ലാ ഓരോ മുസ്ലിമിനും നിർബന്ധമാണ്." അവർ ചോദിച്ചു: "ഒരാളുടെ അടുക്കൽ ധർമ്മം ചെയ്യാൻ ഒന്നുമില്ലെങ്കിൽ അവനെങ്ങനെ ധർമ്മം ചെയ്യും?"

നബിﷺ പറഞ്ഞു: "അവൻ സ്വന്തം കൈകൊണ്ട് ജോലി ചെയ്ത് അവന്റെ ആവശ്യങ്ങൾ നിർവ്വഹിക്കുകയും ധർമ്മം ചെയ്യുകയും വേണം." അവർ ചോദിച്ചു: അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിലോ? നബിﷺ പറ

ഞ്ഞു: അക്രമിക്കപ്പെട്ടവനെ സഹായിക്കണം.” അവർ ചോദിച്ചു: അങ്ങനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിലോ? അപ്പോൾ നബിﷺ പറഞ്ഞു: “എന്നാൽ അവൻ നന്മ കല്പിക്കട്ടേ” “അതിനും സാധിച്ചില്ലെങ്കിലോ?” നബിﷺ പറഞ്ഞു: അവൻ തിന്മചെയ്യാതിരിക്കട്ടെ തീർച്ചയായും അതും അവനുള്ള ധർമ്മമാണ്. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ(റ) പറയുന്നു: നബിﷺ പറഞ്ഞു: മനുഷ്യശരീരത്തിലെ ഓരോ സന്ധിയും ദിനം പ്രതി ചില ധർമ്മങ്ങൾ ചെയ്യേണ്ടതുണ്ട്. രണ്ട് പേർക്കിടയിൽ നീതി പ്രവർത്തിക്കൽ ഒരു ധർമ്മമാണ്. ഒരാളെ വാഹനത്തിൽ കയറാൻ സഹായിക്കലും, അല്ലെങ്കിൽ അവന്റെ സാധനങ്ങൾ വാഹനത്തിൽ കയറ്റാൻ സഹായിക്കലും ധർമ്മമാണ്. നല്ല വാക്ക് പറയലും ധർമ്മമാണ്. നമസ്ക്കാരത്തിനായി പോകുമ്പോഴുള്ള ഓർ ഓരോ ചവിട്ടടിയും ധർമ്മമാണ്. വഴിയിൽ നിന്ന് ഉപദ്രവം നീക്കലും ധർമ്മമാണ്. [ബുഖാരി, മുസ്‌ലിം]

❒ അബൂദർറ്(റ) നിവേദനം: നബിﷺ പറഞ്ഞു: നിങ്ങളിൽ ഓരോരുത്തരുടെയും എല്ലാ അവയവങ്ങൾക്കും ധർമ്മമുണ്ട്. അല്ലാഹുവിനെ പരിശുദ്ധപ്പെടുത്തുന്ന ഓരോ വാക്കും (സുബ്ഹാനല്ലാഹ്) ധർമ്മമാകുന്നു. എല്ലാ സ്തുതികീർത്തനങ്ങളും (അൽഹംദുലില്ലാ എന്ന് ചൊല്ലൽ) ധർമ്മമാകുന്നു. എല്ലാ ഏകദൈവത്വ കീർത്തനങ്ങളും (ലാഇലാഹ ഇല്ലല്ലാഹ് എന്ന് ചൊല്ലൽ) ധർമ്മമാണ്. എല്ലാ മഹത്വപെടുത്തലും (അല്ലാഹു അക്ബർ എന്ന് ചൊല്ലൽ) ധർമ്മമാണ്. നന്മകല്പിക്കൽ ധർമ്മമാകുന്നു. തിന്മ വിരോധിക്കൽ ധർമ്മമാകുന്നു. രണ്ട് റകഅത്ത് ദുഹാ നമസ്കാരം ഇതിനെല്ലാം പകരമാവുന്നതാണ്. [മുസ്‌ലിം]

❒ ബറാഅ്(റ) നിവേദനം: നബിﷺ ഞങ്ങളോട് ഏഴ് കാര്യങ്ങൾ കല്പിച്ചു. രോഗിയെ സന്ദർശിക്കുക, മൃതദേഹത്തെ അനുഗമിക്കുക, തുമ്മിയവന് അനുഗ്രഹ പ്രാർത്ഥന നടത്തുക, ദുർബലനെ സഹായിക്കുക, മർദ്ദിതനെ സഹായിക്കുക, സലാം പ്രചരിപ്പിക്കുക, പ്രതിജ്ഞ പാലിക്കുക. [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാ ഹിബ്നു അംറ്(റ) പറയുന്നു: നബിﷺയോട് ഒരാൾ ചോദിച്ചു: ഇസ്‌ലാമിന്റെ നടപടികളിൽ ഏതാണ് ഏറ്റവും ഉത്തമം? അപ്പോൾ നബിﷺ മറുപടി പറഞ്ഞു: നീ ആഹാരം നൽകുക. നിനക്ക് പരിചയമുള്ളവർക്കും ഇല്ലാത്തവർക്കും സലാം പറയുക. [ബുഖാരി, മുസ്‌ലിം]

❒ അബൂമൂസാ(റ) പറയുന്നു. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: “നി

ങ്ങൾ ബന്ധികളെ മോചിപ്പിക്കുക, വിശക്കുന്നവന് ഭക്ഷണം നൽകുക, രോഗിയെ സന്ദർശിക്കുക. [ബുഖാരി]

❒ അബൂയൂസുഫ് ﷺ നിവേദനം: റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു: "ജനങ്ങളേ, നിങ്ങൾ സലാം വ്യാപിപിക്കുക, ആഹാരം നൽകുക, ബന്ധങ്ങൾ ചേർക്കുക, ജനങ്ങൾ ഉറക്കിലാവുമ്പോൾ (രാത്രി) നമസ്ക്കാരം നിർവ്വഹിക്കുക എങ്കിൽ സുരക്ഷിതരായി നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാം. [തിർമിദി]

❒ ഉസ്മാൻ ﷺ നിവേദനം:.... നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. "അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് ആരെങ്കിലും ഒരു പള്ളി നിർമ്മിച്ചാൽ അത് പോലുള്ള ഒന്ന് അല്ലാഹു അവന് സ്വർഗത്തിൽ നിർമ്മിച്ച് കൊടുക്കും" [ബുഖാരി, മുസ്ലിം]

❒ അനസ് ﷺ പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "ഒരു മുസ്ലിം ഒരു ചെടി നട്ടു പിടിപ്പിക്കുകയോ, കൃഷി ചെയ്യുകയോ ചെയ്തു. എന്നിട്ടതിൽ നിന്ന് പക്ഷികളോ, മനുഷ്യരോ, മൃഗങ്ങളോ ഭക്ഷിച്ചാൽ അവനത് ധർമ്മമാണ്. [ബുഖാരി]

❒ അബൂദർറ് ﷺ നിവേദനം: എന്നോട് നബി ﷺ പറഞ്ഞു: നീ നന്മയിൽ നിന്നും യാതൊന്നും നിസ്സാരമായി കാണരുത്. പുഞ്ചിരിക്കുന്ന മുഖത്തോട് കൂടി നിന്റെ സഹോദരനെ അഭിമുഖീകരിക്കുന്നത് പോലും. [മുസ്ലിം]

❒ ജാബിറുബ്നു അബ്ദില്ല ﷺ നിവേദനം: നബി ﷺ പറഞ്ഞു: എല്ലാ നല്ല കാര്യങ്ങളും ദാനധർമ്മമാണ്. [ബുഖാരി]

■

സത്യം, നീതി, വിശ്വസ്തത...

സത്യം

❒ അബ്ദുല്ലാഹിബ്നു മസൂദ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നിങ്ങൾ സത്യം പറയുക. കാരണം സത്യസന്ധത പുണ്യത്തിലേക്കാണ് വഴി നടത്തുക. പുണ്യം സ്വർഗത്തിലേക്കും. അങ്ങനെ ഒരാൾ സത്യം പറയുകയും അതിന് വേണ്ടി പരിശ്രമിക്കുകയും ചെയ്താൽ അല്ലാഹുവിന്റെയടുക്കൽ അവൻ സത്യസന്ധനാണെന്ന് രേഖപെടുത്തുന്നതാണ്. നിങ്ങൾ കളവിനെ സൂക്ഷിക്കുക. കാരണം കളവ് ദുർവൃത്തിയിലേക്കാണ് വഴി നടത്തുക. ഒരാൾ കളവ് പറയുകയും അതിന് വേണ്ടി പരിശ്രമിക്കുകയും ചെയ്താൽ അവനെ അല്ലാഹുവിന്റെ അടുത്ത് പെരുങ്കള്ളൻ എന്ന് രേഖപെടുത്തുന്നതാണ്. [ബുഖാരി, മുസ്ലിം]

❒ ഹസനിബ്നു അലി رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂലിൽ നിന്ന് ഞാനൊരു വചനം ഹൃദിസ്ഥമാക്കിയിരിക്കുന്നു. "നിനക്ക് സംശയം തോന്നുന്നത് വിട്ട് സംശയകരമല്ലാത്തത് സ്വീകരിക്കുക. തീർച്ചയായും സത്യസന്ധത സമാധാനമാണ്. കളവ് സംശയമാണുണ്ടാക്കുക. [തിർമിദി, നസാഇ, അഹ്മദ്]

❒ ഉബാദത്ത്ബ്നു സ്വാമിത്ത് رضي الله عنه നിവേദനം:...."എവിടെയായിരുന്നാലും സത്യം മാത്രം പറയുമെന്നും സത്യത്തിന് വേണ്ടി നിലകൊള്ളുമെന്നും, അല്ലാഹുവിന്റെ കാര്യത്തിൽ ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ ഞങ്ങൾ ഭയപ്പെടുകയില്ലെന്നും ഞങ്ങൾ നബി ﷺ യോട് കരാർ ചെയ്തു. [ബുഖാരി]

❒ ഹകീമ്ബ്നു ഹിസാം رضي الله عنه പറയുന്നു: നബിﷺ പറഞ്ഞു: വാങ്ങുന്നവനും വിൽക്കുന്നവനും വേർപിരിയുന്നതിന് മുമ്പ് കച്ചവടം ദുർബലപെടുത്താൻ ഇരുവർക്കും അവകാശമുണ്ട്. ഇരുവരും സത്യം തുറന്ന് പറയുകയും വസ്തു തകൾ വിശദീകരിക്കുകയും ചെയ്യുന്നുവെങ്കിൽ തങ്ങളുടെ ഇടപാടിൽ അനുഗ്രഹമുണ്ടാകും. മറച്ചു വെക്കുകയും കള്ളം പറയുകയുമാണെങ്കിൽ ഇരുവരുടെയും കച്ചവടത്തിൽ അനുഗ്രഹം നഷ്ടമാവുകയും ചെയ്യും. [ബുഖാരി, മുസ്ലിം]

നീതി

സുഹൈർ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: നിശ്ചയം നീതിയിൽ നിലകൊള്ളുന്നവർ അല്ലാഹുവിന്റെ അടുക്കൽ പ്രകാശത്തിന്റെ സ്റ്റേജുക ളിലായിരിക്കും. അവർ പ്രതാപവാനും കാരുണ്യവാനുമായ അല്ലാഹുവിന്റെ വലതു ഭാഗത്തായിരിക്കും. അവർ വിധി പറയുന്നതിലും, കുടുംബത്തിലും ഏല്പിക്കപ്പെട്ട കാര്യങ്ങളിലും നീതി കാണിക്കുന്നവരാണ്. [മുസ്ലിം]

വിശ്വസ്തത

അബൂഹുറയ്റ رضي الله عنه നിവേദനം നബിﷺ പറഞ്ഞു: നിന്നെ വിശ്വസിച്ച വന് നീ അമാനത്തുകൾ (വിശ്വസിച്ചേല്പിച്ചത്) തിരിച്ച് നൽകുക. നിന്നെ വഞ്ചിച്ചവരോട് തിരിച്ച് നീ വഞ്ചന കാണിക്കാതിരിക്കുകയും ചെയ്യുക. [അബൂദാവൂദ്]

ഐക്യം

അബൂബുർദ رضي الله عنه തന്റെ പിതാവിൽ നിന്ന്: മുആദ് رضي الله عنه, അബൂമൂസാ رضي الله عنه എന്നിവരെ യമനിലേക്ക് അയക്കവേ നബിﷺ അവരോട് പറഞ്ഞു: "ജന ങ്ങൾക്ക് നിങ്ങൾ എളുപ്പമുണ്ടാക്കി കൊടുക്കണം. പ്രയാസം ഉണ്ടാക്കരുത്. അവരെ സന്തോഷിപ്പിക്കണം, വെറുപ്പിക്കരുത്. നിങ്ങൾ ഏകോപിച്ച നി ലപാടെടുക്കണം പരസ്പരം ഭിന്നിക്കരുത്. [ബുഖാരി, മുസ്ലിം, നസാഇ, അബൂദാവൂദ്]

സമത്വം

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു:....ജാഹിലിയ്യത്തിലെ (ഇസ്ലാം സ്വീകരിക്കുന്നതിന് മുമ്പ്) പൊങ്ങച്ചവും, പിതാക്കന്മാരുടെ പേരിലുള്ള അഭിമാനം പ്രകടിപ്പിക്കലും അല്ലാഹു നിങ്ങളിൽ നിന്ന് എടു ത്ത് കളയുക തന്നെ ചെയ്തിരിക്കുന്നു. ദൈവ ഭയമുള്ള സത്യവിശ്വാസി, ദൗർഭാഗ്യവാനായ അധർമ്മകാരി എന്നീ രണ്ട് വിഭാഗങ്ങൾ മാത്രമേയുള്ളൂ. മനുഷ്യരൊക്കെയും ആദമിന്റെ സന്തതികളാണ്. ആദം സൃഷ്ടിക്കപ്പെട്ടത്

മണ്ണിൽ നിന്നുമാണ്. [തിർമിദി, അബൂദാവൂദ്]

❒ അബൂഹുറയ്റ നിവേദനം: ചോദിക്കപ്പെട്ടു: "അല്ലാഹുവിന്റെ റസൂലേ ആരാണ് ജനങ്ങളിൽ ഏറ്റവും ആദരണീയൻ? നബിﷺ പറഞ്ഞു: അവരിലെ ഏറ്റവും ധർമ്മ നിഷ്ഠപാലിക്കുന്നവർ....[ബുഖാരി, മുസ്ലിം]

❒ അബൂ സഫ്വാൻ നിവേദനം: റസൂൽﷺ പറഞ്ഞു: ജനങ്ങളാൽ വെച്ച് മഹോന്നതനായിട്ടുള്ളവൻ ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനും, അതോടൊപ്പം സൽകർമ്മങ്ങൾ അനുഷ്ഠിച്ചിട്ടുള്ളവനുമാകുന്നു. [തിർമിദി]

❒ അനസ് നിവേദനം: നബിﷺ പറഞ്ഞു: നിങ്ങളുടെ ഭരണകർത്താവായി ഉണങ്ങിയ മുന്തിരിപോലുള്ള ഒരു ഏത്യോപ്യക്കാരനായ അടിമയാണ് നിയോഗിതനാക്കുന്നതെങ്കിലും അദ്ദേഹത്തിന്റെ കല്പനകൾ നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും വേണം. [ബുഖാരി]

രഞ്ജിപ്പ്

ഉമ്മുകുൽസൂം ബിൻത് ഉഖ്ബ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറയുന്നത് ഞാൻ കേട്ടു: "നന്മയെത്തിച്ച് കൊടുക്കുകയോ നല്ലത് പറയുകയോ ചെയ്ത് ആളുകൾക്കിടയിൽ സമാധാന സന്ധിയുണ്ടാക്കുന്നവൻ കള്ളം പറയുന്നവനല്ല. [ബുഖാരി]

ഉത്തരവാദിത്വബോധം

ഇബ്നു ഉമർ നിവേദനം: നബിﷺ അരുളി: നിങ്ങളെല്ലാം നായകരും കീഴിലുള്ളവരെകുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്. നേതാവ് ജനങ്ങളുടെ നായകനാണ്. ഭരണീയരെ പറ്റി അദ്ദേഹം ചോദിക്കപ്പെടും. പുരുഷൻ കുടുംബത്തിലെ കൈകാര്യ കർത്താവും കീഴിലുള്ളവരെകുറിച്ച് ചോദിക്കപ്പെടുന്നവനുമാണ്. സ്ത്രീ ഭർതൃവീട്ടിലെ നായികയും വീട്ടിലുള്ളവരെക്കുറിച്ച് ചോദിക്കപ്പെടുന്നവളുമാണ്. അടിമ തന്റെ യജമാനനെ സംരക്ഷിക്കുന്നവനാണ്. അതിനെകുറിച്ച് അവൻ ചോദിക്കപ്പെടുക തന്നെ ചെയ്യും. ചുരുക്കത്തിൽ നിങ്ങളെല്ലാവരും ഭരണാധികാരികളാണ്. ഭരണീയരെ കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നവരും." [ബുഖാരി, മുസ്ലിം]

■

ഇരുപത്തിരണ്ട്

ധീരത, അർപണബോധം, വിശ്വാസ ദൃഢത

ധീരത

❒ അബൂസഈദിൽ ഖുദ്‌രിؓ നിവേദനം: നബിﷺ പറഞ്ഞു: ഏറ്റവും ശ്രേഷ്ഠമായ ജിഹാദ് അക്രമിയായ ഭരണാധികാരിയുടെ മുമ്പിൽ വെച്ച് നീതി പറയലാണ്. [അബൂദാവൂദ്, തിർമിദി]

❒ ത്വരീഖ്ബ്നു ശിഹാബ് നിവേദനം: നബിﷺ തന്റെ പാദം ഒട്ടകത്തിന്റെ കാലണിയിൽ വെച്ച് യാത്ര പുറപ്പെടാനിരിക്കെ, ഒരാൾ വന്നിട്ട് നബിﷺയോട് ഏറ്റവും ശ്രേഷ്ഠമായ ജിഹാദ് (ധർമ്മ സമരം) ഏതെന്ന് ആരാഞ്ഞു. തിരുമേനിﷺ പറഞ്ഞു: അക്രമിയായ ഭരണാധികാരിയുടെ മുന്നിൽ സത്യം പറയൽ. [നസാഈ]

❒ ഉബാദത്ത്ബ്നു സാബിത്ത് നിവേദനം:.... എവിടെയായിരുന്നാലും സത്യം മാത്രം പറയുമെന്നും സത്യത്തിന് വേണ്ടി നിലകൊള്ളുമെന്നും അല്ലാഹുവിന്റെ കാര്യത്തിൽ ഒരു ആക്ഷേപകന്റെ ആക്ഷേപത്തെ ഞങ്ങൾ ഭയപ്പെടുകയില്ലെന്നും ഞങ്ങൾ നബിﷺയോടു കരാറ് ചെയ്തു. [ബുഖാരി]

അർപണം (തവക്കുൽ) അല്ലാഹുവിൽ ഭരമേല്പിക്കൽ

❒ ഇംറാൻؓ നിവേദനം: നബിﷺ പറഞ്ഞു: 'എന്റെ സമുദായത്തിൽ നിന്ന് എഴുപതിനായിരം ആളുകൾ വിചാരണയില്ലാതെ സ്വർഗത്തിൽ

കടക്കും' അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അതാരാണ്? തിരുമേനി ﷺ പറഞ്ഞു: മന്ത്രം നടത്താത്ത, ശകുനം നോക്കാത്ത, പൊള്ളിച്ചു ചികിത്സ നടത്താത്ത, ആളുകളാണവർ, തങ്ങളുടെ രക്ഷിതാവിൽ അവർ ഭരമേല്പിക്കുന്നു. [മുസ്‌ലിം]

❒ അബൂഹുറയ്റ ؓ നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ ശരിയാവണ്ണം. അല്ലാഹുവിൽ ഭരമേല്പിക്കുന്നു എങ്കിൽ പക്ഷികൾക്ക് ഭക്ഷണം നൽകുന്നത് പോലെ നിങ്ങൾക്കും ഭക്ഷണം നൽകുമായിരുന്നു. ഒട്ടിയ വയറുമായി അവ രാവിലെ പുറപ്പെടുകയും നിറഞ്ഞ വയറുമായി തിരിച്ച് വരികയും ചെയ്യുന്നു. [തിർമിദി]

വിശ്വാസ ദൃഢത

❒ അബൂഹുറയ്റ ؓ നിവേദനം: നബി ﷺ പറഞ്ഞു: ശക്തനായ വിശ്വാസി, ദുർബലനായ വിശ്വാസിയേക്കാൾ ഉത്തമനും അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടവനുമാണ്. എല്ലാത്തിലും നന്മയുണ്ട്. നിനക്ക് പ്രയോജനപെടുന്നതിൽ താല്പര്യം കാണിക്കുക. അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യുക. നീ അശക്തനാകരുത്. നിനക്ക് വല്ലതും ബാധിച്ചാൽ ഞാൻ ഇന്നതും ഇന്നതും ചെയ്തിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്ന് നീ പറയരുത്. പക്ഷേ നീ അല്ലാഹുവിന്റെ വിധി, അവൻ ഉദ്ദേശിച്ചതു പ്രവർത്തിച്ചു എന്ന് പറയുക. കാരണം ചെയ്തങ്കിൽ എന്നവാക്ക് ചെകുത്താന്റെ പ്രവർത്തനത്തിന് വഴി തുറന്നു കൊടുക്കും. [മുസ്‌ലിം]

❒ ഉമ്മുസലമ ؓ പറഞ്ഞു: റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടു. "തനിക്ക് വിപത്ത് ബാധിക്കുമ്പോൾ അല്ലാഹു പറയാൻ കല്പിച്ചത് (ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ് അവനിലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്) പറയുകയും. അല്ലാഹുവേ ഈ വിപത്തിലൂടെ എനിക്ക് നീ പ്രതിഫലം നൽകുകയും അതിനേക്കാൾ ഗുണകരമായത് എനിക്ക് പകരം നൽകുകയും ചെയ്യേണമേ' എന്ന് പറയുകയും ചെയ്ത മുസ്‌ലിമിന് അതിനേക്കാൾ ഗുണകരമായത് അല്ലാഹു നൽകാതിരിക്കുകയില്ല. [മുസ്‌ലിം, തിർമിദി]

സന്മാർഗ്ഗത്തിൽ ഉറച്ച് നിൽക്കൽ

❒ സുഫ്യാനുബ്നു അബ്ദുല്ലാ ؓ നിവേദനം: "അല്ലാഹുവിന്റെ റസൂലേ, താങ്കൾക്ക് ശേഷം.... ചോദിക്കാൻ ആവശ്യമില്ലാത്തവിധം ഇസ്‌ലാമിനെ കുറിച്ച് സമഗ്രമായി എനിക്ക് പറഞ്ഞ് തന്നാലും"

❒ തിരുമേനിﷺ പറഞ്ഞു: ഞാൻ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു എന്ന് നീ പറയുക. പിന്നെ അതിൽ (നേർവഴിയിൽ, വ്യതിചലിക്കാതെ) അടിയുറച്ച് നിൽക്കുക. [മുസ്‌ലിം]

❒ ഉമർ ബ്നു ഹാനിഅ്ﷺ നിവേദനം. മുആവിയﷺ മിമ്പറിൽ നിന്ന് പറഞ്ഞു: നബിﷺ പറയുന്നതായി ഞാൻ കേട്ടു: 'എന്റെ സമുദായത്തിലെ ഒരു വിഭാഗം അല്ലാഹുവിന്റെ കല്പനയിൽ നിലകൊള്ളുന്നവരായിരിക്കും. അവരെ നിന്ദിക്കുന്നവരോ അവരോട് എതിരാകുന്നവരോ അവർക്ക് ദോഷം വരുത്തുകയില്ല. അല്ലാഹുവിന്റെ കല്പന വരുന്നത് വരെ അവർ ജനങ്ങളുടെ മേൽ വിജയിക്കുന്നവരായിരിക്കും. [മുസ്‌ലിം]

❒ അനസ്ﷺ നിവേദനം: അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: മൂന്ന് കാര്യങ്ങൾ ആരിൽ ഉണ്ടായിത്തീരുന്നുവോ അവർ, അത് മൂലം സത്യവിശ്വാസത്തിന്റെ മധുരവും രുചിയും അനുഭവിക്കും. അല്ലാഹുവും ദൂതനും എല്ലാറ്റിനേക്കാളും പ്രിയങ്കരരാവുക, അല്ലാഹുവിന്റെ പേരിൽ സ്നേഹിക്കുകയും അല്ലാഹുവിന്റെ പേരിൽ വെറുക്കുകയും ചെയ്യുക. ഒരു വലിയ അഗ്നികുണ്ഡം കത്തിച്ച് അതിൽ ചാടുക എന്നത്, അല്ലാഹുവോടൊപ്പം മറ്റെന്തിനെയെങ്കിലും പങ്കാളിയാക്കുന്നതിനേക്കാൾ അയാൾക്ക് ഇഷ്ടമായിത്തീരുക. [നസാഇ]

❒ ഖബ്ബാബ്ﷺ നിവേദനം:....തിരുമേനിﷺ പറഞ്ഞു: നിങ്ങൾക്ക് മുമ്പുള്ളയാളുകളെ അവരുടെ എല്ലിനോട് ചേർന്നുള്ള മാംസവും ഞരമ്പുമെല്ലാം ഇരുമ്പ് ചീർപ്പുകൊണ്ട് ചീകുമായിരുന്നു. അത് അവരെ സത്യമതത്തിൽ നിന്ന് പിന്തിരിപ്പിച്ചിരുന്നില്ല. അവരുടെ മൂർധാവിൽ ഈർച്ചവാൾ ഉപയോഗിച്ച് അത് (തല) രണ്ടായി പിളർക്കുമായിരുന്നു. അത് അവരുടെ ദീനിൽ നിന്ന് അവരെ പിന്തിരിപ്പിച്ചിരുന്നില്ല....[ബുഖാരി, അഹ്മദ്, അബൂദാവൂദ്]

❒ സുഫ്യാൻﷺ നിവേദനം: ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ എനിക്ക് സുരക്ഷയും അവലംബവുമായ ഒരു കാര്യം അറിയിച്ചു തന്നാലും. തിരുമേനിﷺ പറഞ്ഞു: നീ എന്റെ റബ്ബ് അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുകയും സന്മാർഗ്ഗത്തിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക...[തിർമിദി]

■

രക്തസാക്ഷ്യം

അല്ലാഹുവിന്റെ മാർഗത്തിൽ മരിച്ചവർ

❒ അബൂമൂസൽ അശ്അരി رضي الله عنه നിവേദനം: ഒരാൾ വന്ന് നബി ﷺ യോടു ചോദിക്കുകയുണ്ടായി. "അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന്റെ മാർഗ്ഗത്തിലെ യുദ്ധമെന്നാൽ എന്താകുന്നു? പ്രതികാരത്താലും പ്രശസ്തിക്കും വേണ്ടിയുമൊക്കെ യുദ്ധം ചെയ്യുന്നവരുണ്ട്. നബി ﷺ പറഞ്ഞു: അല്ലാഹുവിന്റെ വചനത്തിന്റെ ഉന്നതിക്ക് വേണ്ടി ആരെങ്കിൽ പോരാടുന്നുവെങ്കിൽ അവനാകുന്നു അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവൻ. [ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും നമസ്കാരം നിലനിർത്തുകയും നോമ്പനുഷ്ഠിക്കുകയും ചെയ്തു ജീവിക്കുന്നുവെങ്കിൽ അയാൾ ജിഹാദിന് പോകുകയോ അല്ലെങ്കിൽ തന്റെ ജന്മനാട്ടിൽ തന്നെ നിൽക്കുകയോ ചെയ്താലും അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കാമെന്നത് അല്ലാഹുവിന്റെ കടമയാകുന്നു. അപ്പോൾ ആളുകൾ ചോദിച്ചു. ഞങ്ങൾ ജനങ്ങളോട് അതിനെകുറിച്ച് സന്തോഷവാർത്തയറിക്കട്ടെയോ? അപ്പോൾ നബി ﷺ പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പോരാടുന്നവർക്കായി അല്ലാഹു സ്വർഗത്തിൽ നൂറോളം പദവികൾ ഒരുക്കിയിട്ടുണ്ട്. അവയോരോന്നിനുമിടയിൽ ആകാശ ഭൂമികൾക്കിടയിലെ അന്തരമുണ്ട്....[ബുഖാരി, മുസ്‌ലിം, അബൂദാവൂദ്]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവർ അല്ലാഹുവിന്റെ വചനങ്ങൾ പാരാ

യണം ചെയ്തുകൊണ്ട് നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നവനെ പോലെയാണ്. അയാൾ വീട്ടിലെത്തുന്നത് വരെ അങ്ങനെ തന്നെയായിരിക്കും. [മുസ്ലിം, തിർമിദി]

❒ അനസ് ﷺ നിവേദനം: നബി ﷺ അരുളി: പ്രഭാതത്തിലോ പ്രദോഷത്തിലോ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യാൻ വേണ്ടി പുറപെടൽ ദുൻയാവിനേക്കാളും അതിലുള്ളതിനേക്കാളും ഉത്തമാണ്. [ബുഖാരി, മുസ്ലിം]

❒ അബൂസഈദുൽ ഖുദ്രി ﷺ നിവേദനം: ഒരാൾ ചോദിച്ചു: ദൈവ ദൂതരേ, ജനങ്ങളിൽ വച്ചേറ്റവും ഉത്തമനാരാണ്? തിരുമേനി ﷺ പറഞ്ഞു: തന്റെ ശരീരം കൊണ്ടും ധനം കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമരം ചെയ്യുന്ന സത്യവിശ്വാസി....[ബുഖാരി, മുസ്ലിം]

❒ അനസ് ﷺ നിവേദനം: നബി ﷺ അരുളി: രക്തസാക്ഷിയല്ലാതെ സ്വർഗത്തിൽ പ്രവേശിക്കുന്ന ആരും ദുൻയാവിൽ തനിക്ക് എന്ത് തന്നെയുണ്ടെങ്കിലും ഇഹത്തിലേക്ക് മടങ്ങി വരാൻ ആഗ്രഹിക്കുകയില്ല. രക്തസാക്ഷി തനിക്ക് ലഭിച്ചിട്ടുള്ള സ്ഥാനങ്ങളുടെ പേരിൽ പത്ത് തവണ ഇഹത്തിലേക്ക് വീണ്ടും വീണ്ടും മടങ്ങി വന്ന് രക്തസാക്ഷിയായി മരണം വരിക്കാൻ ആഗ്രഹിക്കും. [ബുഖാരി, മുസ്ലിം]

❒ മിഖ്ദാമിബ്നു മഅ്ദി കരിബ് ﷺ നിവേദം: നബി ﷺ പറഞ്ഞു: രക്തസാക്ഷികൾക്ക് അല്ലാഹുവിന്റെയടുക്കൽ ആറു കാര്യങ്ങളുണ്ട്. ശരീരത്തിൽ നിന്ന് രക്തം വീഴുന്നതോടെ അവന്റെ പാപങ്ങൾ പൊറുക്കപ്പെടുകയും സ്വർഗത്തിൽ തന്റെ ഇരിപ്പിടം കാണുകയും ചെയ്യും. ഖബ്റിലെ ശിക്ഷയിൽ നിന്ന് രക്ഷ ലഭിക്കുകയും ഉയിർത്തെഴുന്നേല്പു നാളിലെ ഭയാനതകളിൽ നിന്ന് സമാധാനം ലഭിക്കുകയും ചെയ്യും. ശഹീദിന്റെ തലയിൽ അഭിമാനത്തിന്റെ മാണിക്യ കിരീടം ധരിപ്പിക്കപ്പെടും. ഇഹലോകത്തിലെ മുഴുവൻ വസ്തുക്കളേക്കാളും അത് ഉത്തമമായിരിക്കും. എഴുപത്തി രണ്ടോളം സ്വർഗ സ്ത്രീകളെ വിവാഹം ചെയ്തു കൊടുക്കപ്പെടും. തന്റെ കുടുംബത്തിലെ ഏഴുപേർക്ക് അയാളുടെ ശുപാർശ ലഭിക്കുന്നതുമായിരിക്കും. [തിർമിദി, ഇബ്നുമാജ]

വിവിധയിനം രക്തസാക്ഷികൾ

❒ അബൂഹുറയ്റ ﷺ നിവേദനം....തിരുമേനി അരുളി: രക്തസാക്ഷികൾ അഞ്ച് വിഭാഗക്കാരാണ്. മഹാ വ്യാധിനിമിത്തം മരണമടഞ്ഞവർ, ഉദര

രോഗത്തിൽ മൃതിയടഞ്ഞവർ, മുങ്ങിമരിച്ചവർ, വല്ലതും തകർന്നുവീണ് അതിന്നിടയിൽ കിടന്നു മരിച്ചവർ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ രക്ത സാക്ഷിയായവർ. [ബുഖാരി, മുസ്‌ലിം]

❒ അനസ് رضي الله عنه നിവേദനം: നബി ﷺ അരുളി: പ്ലേഗ് എല്ലാ മുസ്‌ലിംകൾക്കു മുള്ള രക്തസാക്ഷിത്വമാണ്. [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه പറയുന്നു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു: ആരെങ്കിലും തന്റെ ധനത്തെ സംരക്ഷിക്കാൻ വേണ്ടി പോരാടി മരണമടഞ്ഞാൽ അവൻ രക്തസാക്ഷിയാണ്. [ബുഖാരി, മുസ്‌ലിം]

❒ സഈദ്ബ്നു സൈദ് رضي الله عنه നിവേദനം: റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടു: "ധനത്തിന്റെ സംരക്ഷണാർത്ഥം വധിക്കപ്പെട്ടവൻ രക്തസാക്ഷിയാ ണ്. തന്റെ രക്തത്തിന്റെ മുമ്പിൽ വധിക്കപ്പെട്ടനും രക്തസാക്ഷിയാണ്. തന്റെ ആദർശത്തിന്റെ പേരിൽ വധിക്കപ്പെട്ടവനും രക്തസാക്ഷിയാണ്. തന്റെ കുടുംബത്തിന്റെ സംരക്ഷണാർത്ഥം വധിക്കപ്പെട്ടവനും രക്തസാ ക്ഷിയാണ്. [അബൂദാവൂദ്, തിർമിദി]

■

ഇരുപതിനാല്

ജീവിത വിശുദ്ധി ദൈവ ഭയം, ധർമ്മനിഷ്ഠ സൂക്ഷ്മത

തഖ്വ

❒ അബൂഹുറയ്റ(റ) നിവേദനം: നബിﷺ പറഞ്ഞു: (അന്ത്യനാളിൽ) അല്ലാഹുവിന്റെ തണലല്ലാതെ മറ്റൊരു തണലുമില്ലാത്ത സന്ദർഭത്തിൽ ഏഴുവിഭാഗം ആളുകൾക്ക് അല്ലാഹു തന്റെ തണൽ വിരിച്ചു കൊടുക്കും. നീതിമാനായ ഭരണാധികാരി, തന്റെ രക്ഷിതാവിന് ആരാധന ചെയ്ത് വളർന്ന യുവാവ്, പള്ളികളുമായി ഹൃദയ ബന്ധമുള്ള വ്യക്തി. അല്ലാഹുവിന്റെ കാര്യത്തിൽ പരസ്പരം സ്നേഹിക്കുകയും അവന്റെ കാര്യത്തിൽ പിരിയുകയും ചെയ്ത രണ്ടാളുകൾ, സൗന്ദര്യവും പദവിയും ഉള്ള സ്ത്രീ (വ്യഭിചാരത്തിന്) ക്ഷണിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ ഭയക്കുന്നു എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറിയ ആൾ, വലതു കൈ ചെലവഴിച്ചത് ഇടതുകൈ അറിയാത്തവിധം വളരെ രഹസ്യമായി ദാന ധർമ്മം ചെയ്തവൻ, ഒറ്റക്കിരുന്നു അല്ലാഹുവിനെ ഓർത്ത് കരഞ്ഞവൻ. [ബുഖാരി, മുസ്ലിം]

❒ അബൂദർറ്(റ), മുആദ്(റ) എന്നിവർ നിവേദനം: റസൂൽﷺ പറഞ്ഞു: നീ എവിടെയായിരുന്നാലും അല്ലാഹുവിനെ ഭയപ്പെടുക. തിന്മയെ നന്മ കൊണ്ട് പിന്തുടരുക. അത് തിന്മയെ മായ്ച്ചുകളയും. ജനങ്ങളോട് നല്ല സ്വഭാവത്തിൽ വർത്തിക്കുക. [തിർമിദി]

❒ അബൂഉമാമ ബഹിലി(റ) നിവേദനം: റസൂൽﷺ ഹജ്ജത്തുൽ വിദാഇൽ പ്രസംഗിക്കുന്നത് ഞാൻ കേട്ടു. "നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. അഞ്ച് നേരത്തെ നമസ്കാരം നിർവ്വഹിക്കുക, റമദാനിൽ നോമ്പനുഷ്ഠിക്കുക. നിങ്ങളുടെ സമ്പത്തിൽ നിന്ന് സകാത്ത് കൊടുക്കുക. നിങ്ങളുടെ

ഭരണാധികാരികളെ അനുസരിക്കുക. നിങ്ങളുടെ നാഥന്റെ സ്വർഗത്തിൽ നിങ്ങൾക്ക് പ്രവേശിക്കാം. [തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: കറന്നെടുത്ത പാൽ അകിടിലേക്ക് തിരിച്ച് പോവൽ അസാധ്യമാണെന്നപോലെ, അല്ലാഹുവിനെ ഭയപ്പെട്ട് കരഞ്ഞ മനുഷ്യൻ നരകത്തിൽ പ്രവേശിക്കുകയില്ല. അത് പോലെ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പൊടിപടലവും നരകാഗ്നിയുടെ പുകപടലവും ഒരുമിച്ചു കൂടുകയില്ല. [തിർമിദി]

❒ സഅ്ദ്ബ്നു അബീവഖാസ് رضي الله عنه നിവേദനം: റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു. നിശ്ചയം ഭയഭക്തിയുള്ളവനും, ആരെയും ആശ്രയിക്കാത്തവനും പ്രശസ്തി കൊതിക്കാത്തവനുമായ അടിമയെ അല്ലാഹു ഇഷ്ടപ്പെടുന്നു. [മുസ്ലിം]

❒ അബൂബക്കർ അസ്ലമി رضي الله عنه നിവേദനം: റസൂലുല്ലാഹ് ﷺ പറയുന്നു: "അവസാന നാളിൽ ഒരാളുടെയും കാല്പാദങ്ങൾ മുന്നോട്ട് ചലിപ്പിക്കുവാൻ ആർക്കും സാധ്യമല്ല. അവന്റെ ആയുസ്സ് എങ്ങനെ ചെലവഴിച്ചു. അവന്റെ വിജ്ഞാനം കൊണ്ട് എന്ത് ചെയ്തു, അവന്റെ ധനം എവിടെ നിന്ന് സമ്പാദിച്ചു. എന്തിന് വേണ്ടി ചെലവഴിച്ചു. അവന്റെ ശരീരം എന്തിന് വേണ്ടി ഉപയോഗിച്ചു എന്നിവയെകുറിച്ച് ചോദ്യം ചെയ്യപ്പെടാതെ. [തിർമിദി]

■

ഇരുപത്തഞ്ച്

പശ്ചാതാപമനസ്ഥിതി, ഹൃദയശുദ്ധി...

പശ്ചാതാപ മനസ്ഥിതി

❒ ഇബ്നു അബ്ബാസ്ﷺ നിവേദനം: റസൂൽﷺ പറഞ്ഞു: ആരെങ്കിലും പാപമോചനം തേടൽ പതിവാക്കിയാൽ. അല്ലാഹു അവന് എല്ലാ പ്രതിസന്ധികളിൽ നിന്നും രക്ഷയും, എല്ലാവിധ പ്രയാസങ്ങൾക്കും ആശ്വാസവും നൽകുന്നതും, അവൻ പ്രതീക്ഷിക്കാത്തവിധം ജീവിതവിഭവങ്ങൾ പ്രദാനം ചെയ്യുന്നതുമാണ്. [അബൂദാവൂദ്]

❒ അബൂഹുറയ്റﷺ നിവേദനം: നബിﷺ പറഞ്ഞു: 'നിങ്ങളിലൊരാൾക്ക് അവന് നഷ്ടപ്പെട്ടത് കണ്ടെത്തുമ്പോഴുള്ള ആഹ്ലാദത്തേക്കാൾ കൂടുതൽ അല്ലാഹു നിങ്ങളിലൊരാളുടെ പശ്ചാതാപം കൊണ്ട് സന്തോഷിക്കുന്നുണ്ട്. [മുസ്ലിം]

ഹൃദയ വിശുദ്ധി

നുഅ്മാനുബ്നു ബഷീർﷺ നിവേദനം: റസൂൽ പറയുന്നതായി ഞാൻ കേട്ടു.... "അറിയുക! ശരീരത്തിൽ ഒരു മാംസ കഷ്ണമുണ്ട് അത് നന്നായാൽ ശരീരം മുഴുവനും നന്നായി. അതു ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയായി, അറിയുക! അത് ഹൃദയമാണ്. [ബുഖാരി, മുസ്ലിം]

ഹൃദയ വിശാലത

അബ്ദുല്ലാഹിബ്നു അംറ്ﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ യോട് ചോദിക്കപ്പെട്ടു. ആരാണ് ഏറ്റവും നല്ലയാൾ? തിരുനബിﷺ പറഞ്ഞു: എല്ലാ മഖ്മൂമുൽ ഖൽബും സദൂഖുൽ ലിസാനുമാണ്. അവർ ചോദിച്ചു:

സദൂഖുൽ ലിസാൻ (സംസാരത്തിലെ സത്യസന്ധൻ) ഞങ്ങൾക്കറിയാം. എന്താണ് മഖ്മൂമുൽ ഖൽബ്? നബി ﷺ പറഞ്ഞു: പാപമോ അതിക്രമമോ ചതിയോ അസൂയയോ തീരെ ഇല്ലാത്ത ശുദ്ധനും ഭക്തനുമാണ് അയൾ. [ഇബ്നുമാജ]

ജീവിതവിശുദ്ധി

സഹ്ലുബ്നു സഅദ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: തന്റെ രണ്ട് താടിയെല്ലുകൾക്കിടയിലുള്ളതും (നാവ്) രണ്ട് കാലുകൾക്കിടയിലുള്ളതും (ലൈംഗികാവയവം) നിയന്ത്രിച്ചു നിർത്താമെന്ന് ആര് എനിക്ക് ഉറപ്പ് തരുമോ അവർക്ക് സ്വർഗം ലഭിക്കുമെന്ന് ഞാനും ഉറപ്പ് കൊടുക്കാം. [ബുഖാരി]

ശരീര ശുദ്ധി, ശുചിത്വം, വൃത്തി

അബൂമാലികിൽ അശ്അരിയ്യ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു: ശുദ്ധി 'സത്യവിശ്വാസത്തിന്റെ പകുതിയാകുന്നു..." [മുസ്ലിം]

ഉദ്ദേശശുദ്ധി, സദ്‌വിചാരം

ഉദ്ദേശശുദ്ധി, ആത്മാർത്ഥത, നിയ്യത്ത്

❒ ഉമർബ്നുൽ ഖത്ത്വാബ് ﵁ നിവേദനം: നബി ﷺ പറഞ്ഞു: കർമ്മങ്ങൾ സ്വീകരിക്കപ്പെടുന്നത് ഉദ്ദേശമനുസരിച്ചാണ്. ഓരോ മനുഷ്യനും താൻ ഉദ്ദേശിക്കുന്നതായിരിക്കും ലഭിക്കുക. അല്ലാഹുവിന്റെയും റസൂലിന്റെയും നിർദ്ദേശപ്രകാരമാണ് ഒരാൾ സ്വദേശം വിട്ട് പോകുന്നതെങ്കിൽ അവന്റെ പാലായനം (ഹിജ്റ) ആ മാർഗ്ഗത്തിലുള്ളതായിരിക്കും. ഭൗതിക താല്പര്യങ്ങൾ നേടുവാനോ ഏതെങ്കിലും സ്ത്രീയെ വിവാഹം ചെയ്യുവാനോ ആണ് ഒരാൾ സ്വദേശം വിട്ട് പോകുന്നതെങ്കിൽ അവന്റെ ദേശത്യാഗം ആ മാർഗ്ഗത്തിലുള്ളതായിരിക്കും. [ബുഖാരി, മുസ്‌ലിം, അബൂദാവൂദ്, തിർമിദി]

❒ അബൂഹുറയ്റ ﵁ നിവേദനം: നബി ﷺ പറഞ്ഞു: "അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കും, രൂപങ്ങളിലേക്കും നോക്കുന്നില്ല. അവൻ നിങ്ങളുടെ ഹൃദയങ്ങളിലേക്കാണ് നോക്കുന്നത്." നബി ﷺ തന്റെ വിരലുകൾ കൊണ്ട് നെഞ്ചിലേക്ക് ചൂണ്ടി. [മുസ്‌ലിം]

❒ അബൂഹുറയ്റ ﵁ നിവേദനം: നബി ﷺ പറഞ്ഞു: 'അല്ലാഹു നിങ്ങളുടെ രൂപത്തിലേക്കും സമ്പത്തിലേക്കും നോക്കുന്നില്ല. പക്ഷേ അവൻ നിങ്ങളുടെ ഹൃദയങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ് നോക്കുന്നത്. [മുസ്‌ലിം]

❒ സഹ്ൽ ബ്നു അബി ഉമാമ ﵁ തന്റെ പിതാവിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും സത്യമായും അല്ലാഹുവിനോട് രക്തസാക്ഷിത്വം ചോദിച്ചാൽ അല്ലാഹു അവനെ രക്തസാക്ഷികളുടെ പദവിയിൽ എത്തിക്കും അവൻ വിരിപ്പിൽ കിടന്ന് മരിച്ചാലും ശരി. [മുസ്‌ലിം]

സദ്‌വിചാരം

ജാബിർ ﵁ നിവേദനം: നബി ﷺ തന്റെ മരണത്തിന് മൂന്ന് ദിവസം മുമ്പ് പറയുന്നത് ഞാൻ കേട്ടു: "അല്ലാഹുവിനെകുറിച്ചുള്ള നല്ല വിചാരത്തോടെയല്ലാതെ നിങ്ങളിലൊരാളും മരിക്കാനിടയാവരുത്. [മുസ്‌ലിം]■

സ്വഭാവ വിശുദ്ധി, സൽസ്വഭാവം

സൽസ്വഭാവം

❒ അബൂദർദാഅ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: അന്ത്യനാളിൽ സത്യവിശ്വാസിയുടെ തുലാസിൽ സൽസ്വഭാവത്തെക്കാൾ ഘനം തൂങ്ങുന്ന മറ്റൊരു വസ്തുവുമില്ല. അശ്ലീലം കലർന്ന വാക്ക് പറയുന്ന ദുഃസ്വഭാവിയെ അല്ലാഹു വെറുക്കുന്നു. [തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: ജനങ്ങളെ കൂടുതലായി സ്വർഗത്തിൽ പ്രവേശിപ്പിക്കുന്ന കാര്യമേതാണെന്ന് റസൂൽ ﷺ യോടു ചോദിച്ചു. റസൂൽ ﷺ മറുപടി പറഞ്ഞു: "ദൈവഭക്തിയും സൽസ്വഭാവവും." ജനങ്ങളെ കൂടുതലായി നരകത്തിൽ പ്രവേശിപ്പിക്കുന്ന കാര്യമേതെന്ന് ചോദിക്കപ്പെട്ടു. പ്രവാചകൻ ﷺ പറഞ്ഞു: വായയും ഗുഹ്യസ്ഥാനവും. [തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: സത്യവിശ്വാസികളിൽ വിശ്വാസപരമായി ഏറ്റവുമധികം പൂർണ്ണതവരിച്ചവൻ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവനാണ്. നിങ്ങളിൽ ഏറ്റവും നല്ലവർ തങ്ങളുടെ ഭാര്യ മാരോട് കൂടുതൽ നന്നായി വർത്തിക്കുന്നവരാണ്. [തിർമിദി]

❒ ആഇശ رضي الله عنها നിവേദനം: റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു: "ഒരു സത്യവിശ്വാസി, തന്റെ സൽസ്വഭാവം മുഖേന, വ്രതമനുഷ്ഠിക്കുന്നവന്റെയും നമസ്ക്കരിക്കുന്നവന്റെയും പദവി നേടിയെടുക്കുന്നു. [അബൂദാവൂദ്]

❒ അബൂഉമാമ رضي الله عنه നിവേദനം: പ്രവാചകൻ ﷺ പറഞ്ഞു: സത്യത്തിന് വേണ്ടിയാണെങ്കിലും തർക്കത്തിൽ നിന്ന് വിട്ട് നിൽക്കുന്നവന് സ്വർഗത്തിന്റെ

മുൻവശത്തായി ഒരു ഭവനം നൽകാമെന്ന് ഞാൻ ഉറപ്പ് നൽകുന്നു. അത് പോലെ കളവ് ഉപേക്ഷിച്ചവന് -കളവ് തമാശ രൂപത്തിലാണെങ്കിലും ശരി- സ്വർഗത്തിന്റെ മധ്യത്തിലായി ഒരു ഭവനം നൽകാമെന്നും ഞാൻ ഉത്തരവാദിത്വമേൽക്കുന്നു. സൽസ്വഭാവിക്ക് സ്വർഗത്തിന്റെ ഉപരിഭാഗത്ത് ഒരു ഭവനം നൽകാമെന്നും ഞാൻ ഉറപ്പ് തരുന്നു. [അബൂദാവൂദ്]

❒ ജാബിർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: അന്ത്യനാളിൽ നിങ്ങളിൽ എനിക്ക് പ്രിയങ്കരരും സ്ഥാനത്താൽ എന്നോട് അടുത്തവരും നിങ്ങളിലെ ഏറ്റവും നല്ല സ്വഭാവമുള്ളവരാണ്. അന്ത്യനാളിൽ നിങ്ങളിൽ വെച്ച് എനിക്ക് ഏറ്റവും വെറുപ്പുള്ളവർ അധികം സംസാരിക്കുന്ന വായാടികളും ആത്മ പ്രശംസകരും മുതഫയ്ഹിഖുകളുമാണ്.” അവർ ചോദിച്ചു: റസൂലുല്ലാഹ്.... മുതഫയ്ഹിവുകൾ എന്നാൽ എന്താണ്? തിരുമേനി ﷺ പറഞ്ഞു: അഹങ്കാരികൾ. [തിർമിദി]

❒ ഇബ്നു മസ്ഊദ് رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: നരകത്തെ ആർക്ക് നിഷിദ്ധമാകുമെന്നും ആര് നരകത്തിന് നിഷിദ്ധമാകുമെന്നും ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ? ജനങ്ങളോട് അടുത്തും സ്നേഹത്തോടും മൃദുലമായും പെരുമാറുന്നവൻ. [തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നിശ്ചയം അന്ത്യ നാളിൽ എന്നോട് ഏറ്റവും അടുത്തിരിക്കുന്നവർ നിങ്ങളിലെ ഏറ്റവും നല്ല സ്വഭാവക്കാരായിരിക്കും. അവർ (തങ്ങളുടെ സ്വഭാവം കൊണ്ട്) ഇണങ്ങുകയും ഇണക്കപ്പെടുകയും ചെയ്യുന്നവരായിരിക്കും. [ത്വബ്റാനി]

■

ഖുർആൻ പഠനം

ഖുർആൻ പഠിക്കലും പഠിപ്പിക്കലും

❒ അബൂഹുറയ്റ നിവേദനം: അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: രണ്ടു കാര്യങ്ങളിലല്ലാതെ അസൂയപ്പെടാവതല്ല. ഒരാൾക്ക് അല്ലാഹു ഖുർആൻ പഠിപ്പിച്ചു. രാപകലുകളിൽ അദ്ദേഹം അത് പാരായണം ചെയ്തുകൊണ്ടിരിക്കുന്നു. അയാളുടെ ഒരയൽവാസി ഇത് കേട്ട് പറയുന്നു. ഇയാൾക്ക് ഖുർആൻ പരിജ്ഞാനം നൽകപ്പെട്ടതുപോലെ എനിക്കും നൽകപ്പെട്ടിരുന്നുവെങ്കിൽ അവൻ ചെയ്യുന്നതുപോലെ ഞാനും ചെയ്യുമായിരുന്നു. മറ്റൊരാൾക്ക് അല്ലാഹു ധനം നൽകി. സത്യമാർഗ്ഗത്തിൽ അയാളത് ചെലവഴിക്കുന്നു. അപ്പോൾ ഒരാൾ പറയുന്നു: അവന് നൽകപ്പെട്ടതുപോലെ എനിക്കും നൽകപ്പെട്ടിരുന്നുവെങ്കിൽ അവൻ ചെയ്യുന്നത് പോലെ ഞാനും ചെയ്യുമായിരുന്നു. [ബുഖാരി]

❒ ഉസ്മാൻ നിവേദനം: നബി പറഞ്ഞു: നിങ്ങളിൽ ഉത്തമൻ ഖുർആൻ പഠിക്കുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നവാനാണ്. [ബുഖാരി]

❒ ഉസ്മാൻ നിവേദനം: നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്. [ബുഖാരി]

ആഇശ നിവേദനം: നബി പറഞ്ഞു: ഖുർആൻ മനഃപാഠമാക്കി പാരായണം ചെയ്യുന്നവന്റെ ഉദാഹരണം മാന്യന്മാരും പുണ്യവാന്മാരുമായവരോടൊപ്പമാണവർ. ഖുർആൻ തപ്പിത്തടഞ്ഞുകൊണ്ട് പാരായണം ചെയ്യുന്നവരുടെ ഉദാഹരണം -അത് പാരായണം ചെയ്യാൻ അവർ വളരെ പ്രയാസപെടുന്നു- അത്തരക്കാർക്ക് രണ്ട് പ്രതിഫലമുണ്ട്. [ബുഖാരി]

❒ ബഷീർ നിവേദനം: ഖുർആൻ ശ്രുതിമധുരമായി പാരായണം ചെയ്യാത്തവൻ നമ്മിൽ പെട്ടവനല്ല. [അബൂദാവൂദ്]

❒ 5 അബൂഹുറയ്റ നിവേദനം: റസൂൽﷺ പറഞ്ഞു: ഖുർആൻ പാരായണം ചെയ്തും അതിന്റെ ആശയങ്ങളെകുറിച്ച് പരസ്പരം ചർച്ച നടത്തിയും ഒരു വിഭാഗം ആളുകൾ അല്ലാഹുവിന്റെ ഏതെങ്കിലും ഭവനത്തിൽ സമ്മേളിക്കുകയാണെങ്കിൽ അവരുടെ മേൽ സമാധാനം വന്നിറങ്ങുകയും കാരുണ്യം അവരെ മൂടുകയും മലക്കുകൾ അവരെ പൊതിയുകയും അല്ലാഹു തന്റെ അടുക്കലുള്ളവരോട് അവരെ അനുസ്മരിക്കുകയും ചെയ്യും. [മുസ്ലിം]

❒ അബൂ ഉമാമ നിവേദനം: റസൂൽﷺ പറയുന്നതായി ഞാൻ കേട്ടു: "നിങ്ങൾ ഖുർആൻ പാരായണം ചെയ്യുക. നിശ്ചയം ഖുർആൻ പാരായണം ചെയ്യുന്നവർക്ക് അന്ത്യനാളിൽ ഖുർആൻ ശുപാർശകനായി വരുന്നതാണ്. [മുസ്ലിം]

❒ അബ്ദുല്ലാ നിവേദനം: റസൂൽﷺ പറഞ്ഞു: എന്നിൽ നിന്ന് ഒരു ഖുർആൻ സൂക്തമാണ് നിങ്ങൾ ഗ്രഹിച്ചതെങ്കിലും അത് നിങ്ങൾ പ്രബോധനം ചെയ്യുക....[ബുഖാരി]

അറിവ് സമ്പാദനം

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് നിവേദനം: നബിﷺ പറഞ്ഞു: രണ്ടു പേരുടെ കാര്യത്തിലല്ലാതെ അസൂയ പാടുള്ളതല്ല. ഒരാൾക്ക് അല്ലാഹു ധനം കൊടുക്കുകയും സത്യമാർഗ്ഗത്തിൽ അയാളത് വിനിയോഗിക്കുകയും ചെയ്യുന്നു. മറ്റൊരാൾക്ക് അല്ലാഹു നൽകിയ അറിവ് പ്രകാരം വിധി നടത്തുകയും അത് (മറ്റുള്ളവർക്ക്) പഠിപ്പിക്കുകയും ചെയ്യുന്നു. [ബുഖാരി]

❒ മുആവിയ നിവേദനം: റസൂൽﷺ പറഞ്ഞു: ആർക്കാണോ അല്ലാഹു നന്മ ചെയ്യാൻ ഉദ്ദേശിക്കുന്നത് അയാൾക്ക് അവൻ മതപരമായ വിജ്ഞാനം നൽകുന്നതാണ്. [ബുഖാരി, മുസ്ലിം]

❒ അനസ് നിവേദനം: റസൂൽﷺ പറഞ്ഞു: വിജ്ഞാന സമ്പാദനാർത്ഥം പുറപ്പെട്ടയാൾ അതിൽ നിന്ന് വിരമിക്കുന്നത് വരെ അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ്. [തിർമിദി]

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു.....വിജ്ഞാനം തേടികൊണ്ട് ഒരാൾ ഒരു വഴിയിൽ പ്രവേശിച്ചാൽ സ്വർഗത്തിലേക്കുള്ള പാത അല്ലാഹു അയാൾക്ക് എളുപ്പമാക്കി കൊടുക്കും....[മുസ്ലിം]

■

മനഃസംതൃപ്തി

മനഃസംതൃപ്തി, ആത്മസംതൃപ്തി, മനഃസമാധാനം

❒ 1 അബൂഹുറയ്റ رضي الله عنه പറയുന്നു. നബി ﷺ പറഞ്ഞു: ഭൗതിക സുഖ സൗകര്യങ്ങൾ അധികമുണ്ടാകലല്ല ഐശ്വര്യം. മറിച്ച് മനഃസംതൃപ്തിയാണ്. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ അരുളി: നിങ്ങളിൽ ആരെങ്കിലും തന്നേക്കാൾ ധനവും സൗകര്യമുള്ള ഒരാളെ കണ്ടാൽ ഈ കാര്യങ്ങളിൽ തന്നേക്കാൾ താഴെയുള്ളവരിലേക്ക് നോക്കണം. [ബുഖാരി, മുസ്ലിം]

❒ ഉബൈദുല്ലാ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും തന്റെ കുടുംബത്തിൽ നിഭയനും, ശാരീരികമായി ആരോഗ്യവാനും അതാത് ദിവസത്തെ ആഹാരം കൈവശമുള്ളവനുമാണെങ്കിൽ അയാൾ ഐഹിക ജീവിതത്തിൽ സർവ്വ ഐശ്വര്യങ്ങളും നേടിയവനെപോലെയാണ്. [തിർമിദി]

❒ അബ്ദുല്ലാ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: മുസ്ലിമായവൻ വിജയിച്ചിരിക്കുന്നു. ഉപജീവനത്തിന് മാത്രമുള്ളത് അവന് നൽകപ്പെട്ടിരിക്കുന്നു. അവന് ലഭിച്ചത് കൊണ്ട് അല്ലാഹു അവനെ സംതൃപ്തനാക്കുകയും ചെയ്തിരിക്കുന്നു. [മുസ്ലിം]

❒ മുആദ്ബ്നു അബ്ദുല്ല തന്റെ പിതൃവ്യനിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: സൂക്ഷ്മത പാലിക്കാൻ കഴിയുമെങ്കിൽ സമ്പന്നനാക്കുന്നതിൽ വിരോധമില്ല. ആരോഗ്യമുണ്ടായിരിക്കുക എന്നതാണ് സൂക്ഷമതയോടെ ജീവിക്കുന്നുവെങ്കിൽ പണത്തിലേറെ നല്ലത്. മനഃസ്സമാധാനം ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ പെട്ടതാണ്. [ഇബ്നുമാജ]

■

മുപ്പത്

സാമ്പത്തിക വിശുദ്ധി, നിരാശ്രയത്വം

സാമ്പത്തിക വിശുദ്ധി

ജാബിർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ജീവിതമാർഗ്ഗങ്ങളന്വേഷിക്കുന്നതിൽ മാന്യത പുലർത്തുകയും ചെയ്യുക. വൈകിയാണെങ്കിലും ഒരാത്മാവും അതിന് അല്ലാഹു നിർണ്ണയിച്ച വിഭവങ്ങൾ പൂർണ്ണമായും അനുഭവിക്കുന്നത് വരെ മരണപ്പെടുകയില്ല തന്നെ. അതിനാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും നല്ല നിലയിൽ ജീവിതവിഭവങ്ങൾ തേടുകയും ചെയ്യുക. അല്ലാഹു അനുവദിച്ചത് മാത്രം സ്വീകരിക്കുകയും അവൻ നിഷിദ്ധമാക്കിയത് ഉപേക്ഷിക്കുകയും ചെയ്യുക. [ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ]

നിരാശ്രയത്വം

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: നബി ﷺ ഒരിക്കൽ മിമ്പറിൽ വെച്ച് പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ ദാനത്തേയും അഭിമാന ബോധത്തോടെ മറ്റുള്ളവരോട് ചോദിക്കാതെ ഒഴിഞ്ഞ് മാറി നിൽക്കുന്നതിനെയും യാചനയെയും കുറിച്ച് സംസാരിക്കവേ ഇപ്രകാരം പറഞ്ഞു: മേലെ കയ്യാണ് താഴെ കയ്യിനെക്കാൾ ഉത്തമം. മേലെകൈ ദാനം ചെയ്യുന്നവനും താഴെകൈ അത് വാങ്ങുന്നവനുമാണ്. [ബുഖാരി, മുസ്ലിം]

❒ ഹാകിമിബ്നു ഹിസാം നിവേദനം: നബി ﷺ പറഞ്ഞു: ഉയർന്നു നിൽക്കുന്ന കയ്യാണ് താഴ്ന്ന കയ്യേക്കാൾ ഉത്തമം. നീ ചെലവഴിക്കുമ്പോൾ നിന്നെ ആശ്രയിക്കുന്നവരിൽ നിന്ന് നീ ആരംഭിക്കണം. മനഃസംതൃപ്തിയോടെ നൽകുന്ന ദാനമാണ് ഏറ്റവും നല്ലത്. അന്യരോട് ചോദിക്കാതെ മാന്യത പുലർത്തി ജീവിച്ചാൽ അല്ലാഹു അവന് ജീവിത വിശുദ്ധി നൽകും.

ആരെങ്കിലും മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിച്ചാൽ അല്ലാഹു അവനെ പരാശ്രയരഹിതനാക്കും. [ബുഖാരി, മുസ്‌ലിം]

❒ ഇബ്നു മസൂദ് رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: ആരെയെങ്കിലും വല്ല ദാരിദ്ര്യവും ബാധിക്കുകയും അയാളത് ജനങ്ങൾക്കിടയിൽ അവതരിപ്പിക്കുകയുമാണെങ്കിൽ തന്റെ ദാരിദ്യത്തിന് ഒരിക്കലും പരിഹാരമാവുകയില്ല. എന്നാൽ അയാളത് അല്ലാഹുവിന്റെ മുമ്പിൽ അവതരിപ്പിക്കുകയാണെങ്കിൽ പെട്ടെന്നോ, പിന്നീടോ അല്ലാഹു അതിന് പരിഹാരം കാണും. [തിർമിദി, അബൂദാവൂദ്]

■

മുപ്പത്തൊന്ന്

ദാനശീലം, ഉദാരത

ദാനശീലം

❒ അസ്മാ رضي الله عنها നിവേദനം: നബിﷺ പറഞ്ഞു: നീ സമ്പത്ത് ചെലവഴിക്കുക. അത് നീ എണ്ണികണക്കാക്കി വെക്കരുത്. കാരണം അല്ലാഹു അത് നിനക്കെതിരിലും എണ്ണി കണക്കാക്കി വെക്കും. നീ അത് ആർക്കും നൽകാതെ ഭദ്രമായി പൂട്ടിവെക്കരുത്. കാരണം അപ്രകാരം ചെയ്താൽ അല്ലാഹുവും (നിനക്ക് തരാതെ) ഭദ്രമായി സൂക്ഷിക്കും. [ബുഖാരി, മുസ്‌ലിം]

❒ അബൂ സഈദിൽ ഖുദ്‌രി رضي الله عنه നിവേദനം. റസൂൽﷺ പറഞ്ഞു:.... നിശ്ചയം സമ്പത്ത് പച്ചപിടിച്ചതും മധുരമുള്ളതുമാണ്. സാധുക്കൾക്കും അനാഥർക്കും വഴിയാത്രക്കാർക്കും അതിൽ നിന്ന് നൽകുന്ന പക്ഷം അത് മുസ്‌ലിമിന്റെ എത്ര നല്ല കൂട്ടുകാരനാണ്. എന്നാൽ അത് കരസ്ഥമാക്കുന്നവൻ ഭക്ഷിച്ച് വയറ് നിറയാത്തവനെ പോലെയാണ്. ഖിയാമത്ത് നാളിൽ ആ ധനം അവനെതിരിൽ സാക്ഷിയാകും. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه പറയുന്നു: ഒരാൾ നബിﷺയോടു ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ, ഏത് ദാനമാണ് ഏറ്റവും ശ്രേഷ്ഠകരം? നബിﷺ പറഞ്ഞു: നീ ആരോഗ്യവാനായിരിക്കുകയും, പണത്തോട് ആർത്തിയുള്ളവനായിരിക്കുകയും, ഐശ്വര്യം ആഗ്രഹിക്കുകയും, ദാരിദ്ര്യത്തെ ഭയക്കുകയും ചെയ്യുമ്പോൾ നൽകുന്ന ദാനം. നീ ദാനം ചെയ്യുന്നത് വൈകിക്കരുത്. മരണം തൊണ്ടക്കുഴിയിൽ എത്തിയാൽ നീ പറയും: ഇത്ര ഇന്നവന് കൊടുക്കണം, ഇത്ര ഇന്നവന് എന്നൊക്കെ. പക്ഷെ അപ്പോഴേക്കുമത് മറ്റു ചിലരുടേതായി കഴിയുമല്ലോ. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ പറഞ്ഞു: ധർമ്മം ധനത്തെ കുറച്ചിട്ടില്ല. വിട്ടുവീഴ്ച മൂലം ഒരു അടിമക്കും അല്ലാഹു പ്രതാപമല്ലാതെ വർദ്ധിപ്പിച്ചിട്ടുമില്ല. ആർ അല്ലാഹുവിന് വേണ്ടി വിനയം കാണിച്ചാലും അവരെ അവൻ ഉയർത്താതിരിക്കുകയുമില്ല. [മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: രണ്ടു മലക്കുകൾ ഇറങ്ങി വന്നിട്ടല്ലാതെ മനുഷ്യർക്ക് ഒരു പ്രഭാതവും കടന്നു പോകുന്നില്ല. എന്നിട്ട് അവരിൽ ഒരു മലക്ക് പ്രാർത്ഥിക്കും. അല്ലാഹുവേ, ദാനധർമ്മം ചെയ്യുന്നവന് നീ പകരം നൽകേണമേ, മറ്റേ മലക്ക് പ്രാർത്ഥിക്കും. അല്ലാഹുവേ, പിശുക്കന് നീ വിനാശം വരുത്തേണമേ! [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ പറഞ്ഞു: ആരെങ്കിലും തന്റെ വിശുദ്ധമായ സമ്പാദ്യത്തിൽ നിന്നും -വിശുദ്ധമായത് മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ- ഒരു കാരക്കയുടെ അത്ര ധർമ്മം ചെയ്താൽ നിശ്ചയം, അല്ലാഹു അത് വലതു കൈകൊണ്ട് സ്വീകരിക്കുന്നതാണ്. പിന്നീട് അയാൾക്ക് വേണ്ടി, നിങ്ങളിലൊരാൾ തന്റെ കുതിരകുട്ടിയെ പോറ്റി വളർത്തുന്നത് പോലെ അതിനെ അവൻ വളർത്തി കൊണ്ട് വരുന്നതാണ്. അങ്ങനെ അത് പർവ്വതം പോലെ വളരുന്നതാണ്. [ബുഖാരി, മുസ്ലിം]

■

മുപ്പത്തിരണ്ട്

നന്മ കല്പിക്കൽ, തിന്മ തടയൽ, ഗുണകാംക്ഷ

നന്മ കൽപിക്കൽ

❒ അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: ആരെങ്കിലും സന്മാർഗ്ഗത്തിലേക്ക് ക്ഷണിച്ചാൽ പ്രതിഫലത്തിൽ നിന്ന് അവനെ പിൻപറ്റുന്നവനുള്ളത് പോലുള്ള പ്രതിഫലം അവനുമുണ്ടാകും; അവരുടെ പ്രതിഫലത്തിൽ നിന്ന് യാതൊന്നും കുറക്കപ്പെടുകയുമില്ല. ആരെങ്കിലും വഴികേടിലേക്ക് ക്ഷണിച്ചാൽ പാപത്തിൽ നിന്ന് അവനെ പിൻപറ്റുന്നവർക്കുള്ളത് പോലുള്ള കുറ്റം അവനുമുണ്ടാകും. അതുകാരണം അവരുടെ പാപത്തിൽ നിന്ന് യാതൊന്നും കുറയുകയുമില്ല. [മുസ്ലിം]

❒ അബൂമസൂദ് നിവേദനം....നബിﷺ പറഞ്ഞു: ആരെങ്കിലും ഒരു നന്മ അറിയിച്ചു കൊടുത്താൽ അവന് അത് പ്രവർത്തിച്ചവന്റെ തുല്യ പ്രതിഫലം ലഭിക്കുന്നതാണ്. [മുസ്ലിം]

❒ ഹുദൈഫ നിവേദനം: റസൂൽﷺ പറഞ്ഞു: എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണെ സത്യം. നിശ്ചയം നിങ്ങൾ നന്മ കല്പിച്ചുകൊണ്ടിരിക്കുകയും തിന്മ വിരോധിച്ചുകൊണ്ടിരിക്കുകയും വേണം. അല്ലെങ്കിൽ അടുത്തുതന്നെ അല്ലാഹു നിങ്ങൾക്ക് ശിക്ഷ അയക്കുന്നതാണ്. പിന്നീട് നിങ്ങൾ അവനോട് പ്രാർത്ഥിച്ചാലും ഉത്തരം ലഭിക്കുന്നതല്ല. [തിർമിദി]

❒ ഇബ്നു മസൂദ് നിവേദനം: റസൂൽﷺ പറയുന്നത് ഞാൻ കേട്ടു: നമ്മിൽ നിന്ന് വല്ലതും കേൾക്കുകയും കേട്ടത് യഥാവിധം പ്രബോധനം ചെയ്യുകയും ചെയ്ത വ്യക്തിയെ അല്ലാഹു പ്രശോഭിപ്പിക്കട്ടെ. (അനുഗ്രഹി

ക്കട്ടെ) നേരിട്ട് കേട്ടവനേക്കാൾ പ്രബോധനം എത്തിക്കപ്പെട്ടവർ ഗ്രാഹ്യത കൂടിയവരാകാം. [തിർമിദി]

തിന്മ തടയൽ

❒ അനസ് رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: നിന്റെ സഹോദരൻ അക്രമിയാണെങ്കിലും അക്രമിക്കപ്പെട്ടവനാണെങ്കിലും അവനെ നീ സഹായിക്കുക. അവർ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അക്രമിക്കപ്പെട്ടവനെ ഞങ്ങൾ സഹായിക്കണമെന്നത് ശരിതന്നെ. അക്രമിയെ ഞങ്ങളെങ്ങനെ സഹായിക്കും? തിരുമേനി ﷺ പറഞ്ഞു: അവന്റെ കൈക്കു പിടിച്ച് (അക്രമത്തിൽ നിന്നവനെ) തടയുക. [ബുഖാരി]

❒ അബൂസഈദുൽ ഖുദ്‌രി رضي الله عنه ൽ നിന്ന്: റസൂൽ ﷺ ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. "നിങ്ങളിൽ ആരെങ്കിലും വല്ല തിന്മയും കണ്ടാൽ അതിനെ കൈകൊണ്ട് തടയണം. അതിന് സാധിക്കുന്നില്ലെങ്കിൽ തന്റെ നാവ് കൊണ്ട് തടയണം. അതിനു സാധിക്കുന്നില്ലെങ്കിൽ തന്റെ മനസ്സ് കൊണ്ട് (വെറുക്കണം) അതാണ് സത്യവിശ്വാസത്തിന്റെ ഏറ്റവും ദുർബലമായ പടി [മുസ്‌ലിം]

ഗുണകാംക്ഷ

❒ തമീമുദ്ദാരി رضي الله عنه നിവേദനം: നബി ﷺ പറഞ്ഞിരിക്കുന്നു. മതം ഗുണകാംക്ഷയാണ്. ഞങ്ങൾ ചോദിച്ചു: ആരോട്? നബി ﷺ പറഞ്ഞു: അല്ലാഹുവിനോടും അവന്റെ ഗ്രന്ഥത്തോടും, അവന്റെ ദൂതനോടും മുസ്‌ലിം നേതാക്കളോടും അവരിലെ പൊതുജനത്തോടും (ഉള്ള ഗുണകാംക്ഷ). [മുസ്‌ലിം]

❒ ജരീർ رضي الله عنه നിവേദനം: ഞാൻ നമസ്ക്കാരം നിലനിർത്താമെന്നും, സകാത്ത് നൽകാമെന്നും, എല്ലാ മുസ്‌ലിംകളോടും ഗുണകാംക്ഷ കാണിക്കാമെന്നും ഞാൻ നബി ﷺ യോട് കരാർ ചെയ്തിട്ടുണ്ട്. [മുസ്‌ലിം]

■

മുപ്പത്തിമൂന്ന്

വിശാല മനസ്കത, നിസ്വാർത്ഥത

വിശാലമനസ്കത, ഉദാരത, വിട്ടുവീഴ്ച

❒ ജാബിറുബ്നു അബ്ദുല്ല رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: "വിൽക്കുകയും വാങ്ങുകയും ചെയ്യുമ്പോഴും (കിട്ടനുള്ള) തന്റെ അവകാശം ചോദിക്കുമ്പോഴും ഉദാരത (വിശാലമനസ്കത) കാണിക്കുന്നവന് അല്ലാഹു കരുണ ചെയ്യട്ടെ." [ബുഖാരി]

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരാൾ മറ്റൊരാളെ ഇരിപ്പിടത്തിൽ നിന്ന് എഴുന്നേല്പിച്ച് അവിടെ ഇരിക്കരുത്. സ്ഥലം സൗകര്യപ്പെടുത്തുകയും വിശാലതയുണ്ടാക്കുകയും ചെയ്യുക. [ബുഖാരി]

❒ അബ്ദുല്ലാഹിബ്നു ഖത്താദ رضي الله عنه നിവേദനം:.... നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട് "അന്ത്യദിനത്തിലെ ദുരന്തങ്ങളിൽ നിന്ന് അല്ലാഹു ആരെയെങ്കിലും രക്ഷപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സാമ്പത്തിക പ്രയാസമുള്ളവന് ആശ്വാസം നൽകട്ടെ. അല്ലെങ്കിൽ അവനത് വിട്ട് കൊടുക്കട്ടെ. [മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നിർധനന് അവധി നൽകുകയോ (മുഴുവനായോ ഭാഗികമായോ) വിട്ടുകൊടുക്കുകയോ ചെയ്തവന്, അല്ലാഹുവിന്റെ തണലല്ലാതെ തണലില്ലാത്ത അന്ത്യദിനത്തിൽ അല്ലാഹു അർഷിന്റെ തണലിട്ടു കൊടുക്കുന്നതാണ്. [തിർമിദി]

❒ ഇബ്നുമസൂദ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു. "നിങ്ങളുടെ മുൻഗാമികളിൽ ഒരാൾ വിചാരണ ചെയ്യപ്പെട്ടപ്പോൾ അയാളിൽ ഒരു

നന്മയും കാണപ്പെടുകയുണ്ടായില്ല. എങ്കിലും സമ്പന്നനായിരുന്നപ്പോൾ അദ്ദേഹം ജനങ്ങളുമായി സമ്പർക്കം പുലർത്തുകയും സാമ്പത്തിക ഞെരുക്കമുള്ളവർക്ക് വിട്ടുവീഴ്ച ചെയ്തുകൊടുക്കാൻ തന്റെ ഭൃത്യരോട് കല്പിക്കുകയും ചെയ്തിരിന്നു. അപ്പോൾ അല്ലാഹു പറഞ്ഞു: വിട്ടുവീഴ്ച ചെയ്തുകൊടുക്കാൻ അവനെക്കാൾ അർഹന് നാമാണ്. (മലക്കുകളേ) നിങ്ങൾ അദ്ദേഹത്തിന് വിട്ടുവീഴ്ച നൽകുക. [മുസ്‌ലിം]

❒ ഇബ്നുമസൂദ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് രണ്ട് പ്രാവശ്യം കടം കൊടുത്താൽ ഒരു തവണ ദാനം ചെയ്തത് പോലെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. [ഇബ്നുമാജ]

നിസ്വാർത്ഥത

❒ അനസ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരന്നും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിൽ ഒരാളും സത്യ വിശ്വാസിയാവുകയില്ല. [ബുഖാരി, മുസ്‌ലിം]

❒ അബൂമൂസാ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു: അശ്അരി ഗോത്രക്കാരുടെ സ്വഭാവമിതാണ്. യുദ്ധത്തിൽ അവരുടെ പാഥേയം തീർന്നു പോകുകയോ, അല്ലെങ്കിൽ സ്വദേശത്ത് അവരുടെ ഭക്ഷ്യ വിഭവം കുറഞ്ഞ് പോകുകയോ ചെയ്താൽ അവരുടെ കൈവശമുള്ള ഭക്ഷണമെല്ലാം അവർ ഒരു വസ്ത്രത്തിൽ ശേഖരിക്കും. ശേഷം അവരത് ഒരു പാത്രത്തിൽ തുല്യമായി പങ്കിട്ടെടുക്കും അതിനാൽ അവർ എന്നിൽ പെട്ടവരും ഞാൻ അവരിൽ പെട്ടവനുമാണ്. [ബുഖാരി, മുസ്‌ലിം]

■

മുപ്പത്തിനാല്

വിട്ടുവീഴ്ചയും മാപ്പ് നൽകലും

വിട്ടുവീഴ്ച മനസ്ഥിതി, ഹൃദയ നൈർമല്യം

❒ അബൂഹുറയ്റ നിവേദനം: റസൂൽﷺ പറഞ്ഞു: ദാനം ധനത്തിൽ നിന്നും കുറവ് വരുത്തിയിട്ടില്ല. വീട്ട് വീഴ്ച കൊണ്ട് ഒരു ദാസന് അല്ലാഹു ഒരു ദാസന് പ്രതാപമല്ലാതെ വർദ്ധിപ്പിച്ചിട്ടില്ല...[മുസ്ലിം]

❒ ഇബ്നു മസൂദ് നിവേദനം: പ്രവാചകൻﷺ പറഞ്ഞു: ഞാൻ നിങ്ങൾക്ക് നരകത്തിന് നിഷിദ്ധമായവനെ, അല്ലെങ്കിൽ നരകം നിഷിദ്ധമായവനെ കുറിച്ച് അറിയിച്ച് തരാം. ജനങ്ങളോട് അടുപ്പവും സൗമ്യതയും നൈർമല്യവും വിട്ടുവീഴ്ചാ മനഃസ്ഥിതിയുള്ള എല്ലാവർക്കും അത് നിഷിദ്ധമാണ്. [തിർമിദി]

❒ അബൂഹുറയ്റ നിവേദനം: ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, എനിക്ക് ഒരു ബന്ധുവുണ്ട്. ഞാൻ അവരുമായി ബന്ധം ചേർക്കുന്നു. എന്നാൽ അവർ എന്നോട് ബന്ധം മുറിക്കുന്നു. ഞാൻ അവർക്ക് നന്മ ചെയ്യുന്നു. അവർ എന്നോട് തിന്മചെയ്യുന്നു. ഞാൻ അവരോട് നന്നായി സംസാരിക്കുന്നു. അവർ എന്നോട് മോശമായി പെരുമാറുന്നു.” അപ്പോൾ തിരുദൂതർﷺ പറഞ്ഞു: നീ പറഞ്ഞതു പോലെയാണെങ്കിൽ നീ അവരെ ചൂടുള്ള വെണ്ണീർ തീറ്റിക്കുന്നത് പോലെയാണ്. നീ അങ്ങനെയായിരിക്കുന്ന കാലത്തോളം അവർക്കെതിരിൽ നിനക്ക് അല്ലാഹുവിൽ നിന്ന് ഒരു ഒരു സഹായിയുമുണ്ടാകും. [മുസ്ലിം]

❒ അലി പറയുന്നു: നബിﷺ ഇപ്രകാർഅം പറഞ്ഞു: നിന്നോട് ബന്ധം വിച്ഛേദിച്ചവരോട് നീ ബന്ധം ചേർക്കുക. നിന്നോട് മോശമായി പെരുമാറിയവരോട് നീ നല്ല രീതിയിൽ വർത്തിക്കുക. സ്വന്തത്തിനെതിരായാൽ പോലും

നീ സത്യം പറയുക. [ജാമിഉസ്സഗിർ 7217, സിൽസില സ്വഹീഹ്അ 1911]

❒ നബി ﷺ പറഞ്ഞു: "ഏയ്! ആമിറിന്റെ പുത്രൻ ഉഖ്ബാ! താങ്കളോട് ബന്ധം മുറിച്ചവരോട് താങ്കൾ ബന്ധം ചേർക്കുക. താങ്കൾക്ക് (നന്മ) തടഞ്ഞവർക്ക് താങ്കൾ (നന്മ) നൽകുക. താങ്കളോട് അന്യായം പ്രവർത്തിച്ചവർക്ക് താങ്കൾ മാപ് നൽകുക. [അഹ്മദ്, സിൽസില സ്വഹീഹ 891]

■

വിനയം, ലാളിത്യം, ലജ്ജ

വിനയം, ലാളിത്യം, താഴ്മ

❒ ഹാരിസ്ബ്നു വഹബ് رضي الله عنه നിവേദനം: നബി ﷺ പറയുന്നത് ഞാൻ കേട്ടു. സ്വർഗക്കാരെകുറിച്ച് നിങ്ങൾക്ക് ഞാൻ പറഞ്ഞ് തരട്ടെയോ? "വിനീതരായ ദുർബലരാണവർ, അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്താൽ അവരത് നിറവേറ്റും. നരകവാസികളെ കുറിച്ച് നിങ്ങൾക്ക് പറഞ്ഞു തരട്ടേ." ക്രൂരനും നന്മ തടയുന്നവനും. അഹങ്കാരിയുമാണ്. [ബുഖാരി]

❒ ആമിർബ്നു സഅ്ദ് رضي الله عنه നിവേദനം....നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. "അല്ലാഹു, സൂക്ഷ്മതയുള്ളവനും, ഐശ്വര്യവാനും ലാളിത്യമുള്ളവനുമായ ദാസനെയാണ് ഇഷ്ടപ്പെടുന്നത്. [മുസ്ലിം]

❒ ഇയാദ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നിങ്ങൾ പരസ്പരം വിനയമുള്ളവരായി ജീവിക്കണമെന്ന് അല്ലാഹു എനിക്ക് ദിവ്യബോധനം നൽകിയിട്ടുണ്ട്. അതിനാൽ ഒരാളും മറ്റുള്ളവന്റെ മേൽ അഹങ്കരിക്കുകയോ, അതിക്രമം കാണിക്കുകയോ ചെയ്യരുത്. [മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ആരെങ്കിലും ലോലനും, മൃദുലനും വിനയാനിതനുമാണെങ്കിൽ അല്ലാഹു അയാൾക്ക് നരകം നിഷിദ്ധമാക്കും. [ഹാക്കിം, ബൈഹഖി]

❒ ഇയാസ്ബ്നു സഅ്ലബ് رضي الله عنه നിവേദനം: ഒരു ദിവസം റസൂൽ ﷺ യുടെ അടുത്ത് വെച്ച് ഐഹിക ജീവിതത്തെകുറിച്ച് പരാമർശിക്കുകയുണ്ടായി. അപ്പോൾ റസൂൽ ﷺ പറഞ്ഞു: നിങ്ങൾ കേട്ടിട്ടില്ലേ, ലാളിത്യം വിശ്വാസത്തിന്റെ

ഭാഗമാണ്. നിശ്ചയം ലാളിത്യം വിശ്വാസത്തിന്റെ ഭാഗമാണ്. [അബൂദാവൂദ്]

ലജ്ജ, മര്യാദ

❒ അബൂഹുറയ്റ നിവേദനം: നബി പറഞ്ഞു: സത്യവിശ്വാസത്തിന് അറുപതിലധികം ശാഖകളുണ്ട്. അതിൽ ഒരു ശാഖയാണ് ലജ്ജ. [ബുഖാരി, മുസ്ലിം]

❒ ഇബ്നു ഉമർ നിവേദനം: നബി അൻസാരികളിലൊരാളുടെ അരികിലൂടെ നടന്നുപ്പോയി. അപ്പോൾ ആ വ്യക്തി തന്റെ സഹോദരന് ലജ്ജയെകുറിച്ച് ഉപദേശിക്കുകയായിരുന്നു. നബി പറഞ്ഞു: "അദ്ദേഹത്തെ വിട്ടേക്കുക ലജ്ജ സത്യ വിശ്വാസത്തിൽ പെട്ട ഒന്നാണ്. [ബുഖാരി, മുസ്ലിം]

❒ ഇംറാനുബ്നു ഹുസൈൻ നിവേദനം: നബി പറഞ്ഞു: ലജ്ജ നന്മയല്ലാതെ മറ്റൊന്നും കൊണ്ട് വരികയില്ല. [ബുഖാരി, മുസ്ലിം]

■

മുപ്പത്താറ്

സൗമ്യത

സൗമ്യത, ശാന്തത, അവധാനത, വിവേകം

❒ ആഇശ رضي الله عنها നിവേദനം: നബി ﷺ പറഞ്ഞു: നിശ്ചയം അല്ലാഹു സൗമ്യതയുള്ളവനും എല്ലാ കാര്യങ്ങളിലും സൗമ്യത ഇഷ്ടപ്പെടുന്നവനുമാണ്. [ബുഖാരി, മുസ്‌ലിം]

❒ ആഇശ رضي الله عنها നിവേദനം: നബി ﷺ പറഞ്ഞു: ആഇശ, അല്ലാഹു സൗമ്യനാണ്, അവൻ സൗമ്യത ഇഷ്ടപ്പെടുന്നു. പാരുഷ്യത്തിന് നൽകാത്തത് അവൻ സൗമ്യതക്ക് നൽകുന്നു. മറ്റൊന്നിനും നൽകാത്തത് അവൻ സൗമ്യതക്ക് നൽകും. [മുസ്‌ലിം]

❒ ജരീർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: സൗമ്യത നിഷേധിക്കപ്പെട്ടവന് നന്മ നിഷേധിക്കപ്പെട്ടു. [മുസ്‌ലിം]

❒ ജരീർ رضي الله عنه നിവേദനം: റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടു: സൗമ്യതയെ കൈവെടിഞ്ഞവൻ സർവ്വ നന്മകളും കൈവെടിഞ്ഞവനാണ്. [മുസ്‌ലിം]

❒ നബി ﷺ യുടെ പത്നി ആഇശ رضي الله عنها നിവേദനം: നബി ﷺ പറഞ്ഞു: 'സൗമ്യത ഒരു കാര്യത്തിലുണ്ടോ അത് അതിനെ ഭംഗിയാക്കിയിട്ടല്ലാതെ ഇല്ല. അത് ഏതൊന്നിൽ നിന്നും ഒഴിവാക്കപ്പെടുന്നുവോ അത് അതിനെ വികൃതമാക്കിയിട്ടില്ലാതെയും ഇല്ല. [മുസ്‌ലിം]

❒ അനസ് رضي الله عنه നിവേദനം: പ്രവാചകൻ ﷺ പറഞ്ഞു: നിങ്ങൾ ആശ്വാസം പകരുക; ഞെരുക്കാതിരിക്കുക, അവർക്ക് സംതൃപ്തി കൈവരുത്തുക.

അസന്തുഷ്ടി ഉണ്ടാക്കാതിരിക്കുക. [ബുഖാരി, മുസ്‌ലിം]

❒ ഇബ്നു അബ്ബാസ് رضي الله عنه ൽ നിന്ന്: അശജ്ജ്ബ്നു അബ്ദുൽ ഖൈസ് رضي الله عنه വിനോട് റസൂൽ ﷺ പറഞ്ഞു: അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ട് വിശിഷ്ട ഗുണങ്ങൾ നിങ്ങൾക്കുണ്ട്. വിവേകം, അവധാനത. [മുസ്‌ലിം]

■

മുപ്പത്തേഴ്

ക്ഷമ

ക്ഷമ, സഹനം, മനഃകരുത്ത്, ആത്മ നിയന്ത്രണം

❒ അബൂ സഈദുൽ ഖുദ്‌രി رضي الله عنه നിവേദനം:... തിരുമേനി ﷺ പറഞ്ഞു: "ആരെങ്കിലും അന്യരോട് ചോദിക്കാതെ മാന്യത പുലർത്തി ജീവിച്ചാൽ അല്ലാഹു അവന് ജീവിത വിശുദ്ധി നൽകും. ആരെങ്കിലും മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിച്ചാൽ അല്ലാഹു അവനെ പരാശ്രയ രഹിതനാക്കും. ആര് ക്ഷമ കാണിക്കുന്നുവോ അല്ലാഹു അവനെ ക്ഷമാശീലനാക്കും. ക്ഷമയേക്കാൾ വിശാലവും ഉത്തമവുമായ ഒരു ദാനം ഒരാൾക്കും നൽകപ്പെട്ടിട്ടില്ല. [മുസ്‌ലിം]

❒ സുഹൈബ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: 'വിശ്വാസിയുടെ കാര്യം അൽഭുതം തന്നെ. അവന്റെ കാര്യം മുഴുവനും നന്മയാണ്. ഇത് വിശ്വാസിക്കല്ലാതെ മറ്റാർക്കുമില്ല. അവന് സന്തോഷകരമായത് സംഭവിച്ചാൽ അവൻ നന്ദി കാണിക്കും അത് അവന് നന്മയാകും. അവന് ഉപദ്രവകരമായത് സംഭവിച്ചാൽ അവൻ ക്ഷമിക്കും. അപ്പോൾ അതും അവന് നന്മയാകും. [മുസ്‌ലിം]

❒ അബൂ സഈദ് رضي الله عنه, അബൂഹുറയ്‌റ رضي الله عنه, എന്നിവരിൽ നിന്ന് നിവേദനം: നബി ﷺ അരുളി: ഒരു മുസ്‌ലിമിന് വല്ല ക്ഷീണമോ, രോഗമോ, ദുഃഖമോ, അസുഖമോ ബാധിച്ചാൽ അതുവഴി അല്ലാഹു അവന്റെ പാപങ്ങൾ പൊറുത്തുകൊടുക്കും. അത് അവന്റെ ശരീരത്തിൽ തറക്കുന്ന മുള്ളായാലും ശരി. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്‌റ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:

അല്ലാഹു ഒരാൾക്ക് നന്മ ഉദ്ദേശിച്ചാൽ അല്ലാഹു അവനെ ആപത്തുകളാൽ പരീക്ഷിക്കും. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹു പറയുന്നു: സത്യവിശ്വാസിയായ എന്റെ ഒരു അടിമയുടെ പ്രിയപ്പെട്ടവനെ ഞാൻ മരിപ്പിക്കുകയും എന്നിട്ട് അവൻ എന്നിൽ നിന്നുള്ള പുണ്യം ആഗ്രഹിച്ച് ക്ഷമിക്കുകയും ചെയ്താൽ അവന്ന് പ്രതിഫലം സ്വർഗമല്ലാതെ മറ്റൊന്നില്ല. [ബുഖാരി]

❒ അനസ് رضي الله عنه നിവേദനം: നബി ﷺ പറയുന്നതായി ഞാൻ കേട്ടു: "അല്ലാഹു പറഞ്ഞു: എന്റെ അടിമയെ അവന്റെ രണ്ട് പ്രിയപ്പെട്ടവ കൊണ്ട് ഞാൻ പരീക്ഷിച്ചിട്ട് അവൻ ക്ഷമിച്ചാൽ അതിന് പകരമായി ഞാൻ അവന് സ്വർഗം നൽകും. അവന്റെ രണ്ട് കണ്ണുകളാണത്. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: സത്യവിശ്വാസിയുടെയും സത്യവിശ്വാസിനിയുടെയും ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷണങ്ങൾ സംഭവിച്ചു കൊണ്ടേയിരിക്കും. അവസാനം പാപരഹിതമായ അവസ്ഥയിൽ അയാൾ അല്ലാഹുവിനെ അഭിമുഖീകരിക്കുന്നത് വരെയും. [തിർമിദി]

❒ അനസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ആപത്ത് ബാധിക്കുമ്പോൾ ആരംഭത്തിലാണ് ക്ഷമിക്കേണ്ടത്. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നിങ്ങളാരും മരണം ആഗ്രഹിക്കരുത്. അവൻ സച്ചരിതനാണെങ്കിൽ നന്മ കൂടുതൽ വർദ്ധിപ്പിക്കാമല്ലോ. അവൻ ദുഷ്കർമ്മിയാണെങ്കിൽ അവന്ന് പശ്ചാത്തപിക്കാൻ അവസരം ലഭിച്ചേക്കും. [ബുഖാരി]

❒ അനസ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: തനിക്ക് ബാധിച്ച ഒരു വിപത്തിന്റെ പേരിൽ നിങ്ങളിലൊരാളും മരണം കൊതിക്കരുത്. മരണത്തെ ആഗ്രഹിക്കൽ അനിവാര്യമാണെങ്കിൽ അവൻ ഇങ്ങനെ പ്രാർത്ഥിക്കട്ടെ" അല്ലാഹുവേ, ജീവിതമാണെനിക്ക് നല്ലതെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ, മരണമാണ് ഉത്തമമെങ്കിൽ എന്നെ മരിപ്പിക്കേണമേ. [ബുഖാരി, മുസ്‌ലിം]

❒ ശദ്ദാദ്ബ്നു ഔസ് رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: നിശ്ചയം അല്ലാഹു പറഞ്ഞു: സത്യവിശ്വാസിയായ എന്റെ ഒരു ദാസനെ ഞാൻ (രോഗം കൊണ്ട്) പരീക്ഷിക്കുകയും ഞാൻ പരീക്ഷിച്ചതിന്റെ

പേരിൽ അവൻ എന്നെ സ്തുതിക്കുകയും ചെയ്താൽ അവനെ മാതാവ് പ്രസവിച്ച ദിനം പാപങ്ങളിൽ നിന്ന് അവൻ എങ്ങനെ സുരക്ഷിതനാണോ അതുപോലെ അവൻ അവന്റെ കിടപ്പിൽ നിന്ന് എഴുന്നേൽക്കുന്നതാണ്. റബ്ബ്(മലക്കുകളോട്) പറയും: എന്റെ ദാസനെ ഞാൻ തടഞ്ഞു വെക്കുകയും, പരീക്ഷിക്കുകയും ചെയ്തു. അതിനാൻ അവൻ ആരോഗ്യവാനായിരിക്കെ എത്രമാത്രം പുണ്യകർമ്മങ്ങൾ എഴുതുമോ അത്രത്തോളം പുണ്യകർമ്മങ്ങൾ നിങ്ങൾ അവന് രേഖപ്പെടുത്തുക. [അഹ്മദ്]

❒ അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: ശക്തൻ മൽപിടുത്തത്തിൽ മലർത്തിയടിക്കുന്നവനല്ല. കോപം വരുമ്പോൾ മനസ്സിനെ നിയന്ത്രിക്കുന്നവനാണ് ശക്തൻ. [ബുഖാരി]

❒ മുആദ് ബ്നു ജബൽ ﷺ നിവേദനം. റസൂൽ ﷺ പറഞ്ഞു: "കഠിന ദേഷ്യം വരികയും ദേഷ്യമനുസരിച്ച് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയും ചെയ്തിരിക്കെ അത് ഒതുക്കി നിർത്തിയ ആളെ ഉയിർത്തെഴുനേല്പു നാളിൽ അല്ലാഹു മറ്റു സൃഷ്ടികളുടെ മുമ്പാകെ വിളിക്കുകയും സ്വർഗസ്ത്രീകളിൽ നിന്ന് അവന് ഇഷ്ടമുള്ള ഇണകളെ തെരഞ്ഞെടുക്കാൻ അവസരം നൽകുകയും ചെയ്യും. (അബൂദാവൂദ്, തിർമിദി, ഇബ്നുമാജ, അഹ്മദ്)

■

കാരുണ്യം

കരുണ, ദയ, അലിവ്, ആർദ്രത, അനുകമ്പ

❒ ജരീറുബ്നു അബ്ദുല്ല رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: കരുണ കാണിക്കാത്തവന് കാരുണ്യം ലഭിക്കുകയില്ല. [ബുഖാരി, മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു അംറ് നിവേദനം: നബി ﷺ പറഞ്ഞു: കാരുണ്യവാന്മാരിലാണ്' അല്ലാഹു കരുണ ചൊരിയുന്നത്. ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക. എങ്കിൽ ഉപരിയിലുള്ളവൻ(അല്ലാഹു) നിങ്ങളോട് കരുണ കാണിക്കും. [അബൂദാവൂദ്, തിർമിദി]

❒ അബ്ദുല്ലാഹിബ്നു അംറ് നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ കരുണ കാണിക്കുക. നിങ്ങൾക്ക് കാരുണ്യം ലഭിക്കും. നിങ്ങൾ മാപ്പ് കൊടുക്കുക. നിങ്ങൾക്ക് അല്ലാഹു മാപ്പ് തരും. [അഹ്മദ്]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: പ്രതാപവാനും മഹാനുമായ അല്ലാഹു അന്ത്യദിനത്തിൽ പറയും: 'ആദമിന്റെ പുത്രാ, ഞാൻ രോഗിയായി പക്ഷേ നീ എന്നെ സന്ദർശിച്ചില്ല.' അവൻ പറയും: 'രക്ഷിതാവേ, ഞാൻ എങ്ങനെയാന് നിന്നെ സന്ദർശിക്കുക. നീ ലോക രക്ഷിതാവാണല്ലോ! അല്ലാഹു പറയും: 'നീ അറിഞ്ഞില്ലേ എന്റെ ഇന്ന അടിമ രോഗിയായിരുന്നു. പക്ഷേ നീ അവനെ സന്ദർശിച്ചില്ല. നിനക്ക് അറിയില്ലേ, നീ അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ അവന്റെ അടുക്കൽ എന്നെ കാണുമായിരുന്നു. ആദമിന്റെ പുത്രാ ഞാൻ നിന്നോട് ഭക്ഷണം ചോദിച്ചു. പക്ഷേ നീ എനിക്ക് ഭക്ഷണം നൽകിയില്ല! അവൻ പറയും: ലോക രക്ഷിതാവേ, എങ്ങനെയാണ് ഞാൻ നിനക്ക് ഭക്ഷണം നൽകുക!

നീ ലോക രക്ഷിതാവാണല്ലോ? അല്ലാഹു പറയും:

"നിനക്ക് അറിയില്ലേ എന്റെ ഇന്ന അടിമ നിന്നോട് ഭക്ഷണം ചോദിച്ചു. പക്ഷെ നീ അവന് ഭക്ഷണം നൽകിയില്ല. നിനക്ക് അറിയില്ലേ നീ അവന് ഭക്ഷണം നൽകിയിരുന്നെങ്കിൽ അത് എന്റെ അടുക്കൽ നീ കാണുമായിരുന്നു. ആദമിന്റെ പുത്രാ, ഞാൻ നിന്നോട് വെള്ളം ചോദിച്ചു. നീ എനിക്ക് വെള്ളം നൽകിയില്ല. അവൻ പറയും എന്റെ രക്ഷിതാവെ എങ്ങനെയാണ് ഞാൻ നിനക്ക് വെള്ളം നൽകുക. നീ ലോക രക്ഷിതാവാണല്ലോ. അല്ലാഹു പറയും: എന്റെ ഇന്ന അടിമ നിന്നോട് വെള്ളം ചോദിച്ചു. നീ അവന് വെള്ളം നൽകിയില്ല. എന്നാൽ നീ അവന് വെള്ളം നൽകിയിരുന്നുവെങ്കിൽ അത് നിനക്ക് എന്റെ അടുത്ത് കാണാമായിരുന്നു. [മുസ്‌ലിം]

❒ ഹൻദല ﷺ നിവേദനം: നബി ﷺ പറഞ്ഞു: ആർക്കെങ്കിലും അല്ലാഹു തന്റെ തണൽ നൽകണമെന്നാഗ്രഹമുണ്ടെങ്കിൽ പ്രയാസബാധിതരുടെ കടങ്ങൾ അവധി നീട്ടികൊടുക്കുകയോ വിട്ട് കൊടുക്കുകയോ ചെയ്യട്ടേ [ഇബ്നുമാജ]

❒ അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു.....ഒരാൾ തന്റെ ദാസനെ സഹായിക്കുന്നിടത്തോളം അല്ലാഹു അയാളുടെ സഹായത്തിനുണ്ടാകുന്നതാണ്. [മുസ്‌ലിം, തിർമിദി, അബൂദാവൂദ്]

■

സൽ പ്രവർത്തികളും സൽഗുണങ്ങളും

❒ അബൂഹുറയ്റ നിവേദനം: ഒരു ഗ്രാമീണ അറബി അല്ലാഹുവിന്റെ റസൂൽ ന്റെ അടുക്കൽ വന്നു. അയാൾ പറഞ്ഞു: ഞാൻ ചെയ്താൽ എനിക്ക് സ്വർഗത്തിൽ പ്രവേശിക്കാനുതകുന്ന ഒരു കർമ്മം എനിക്ക് അറിയിച്ച് തരിക. നബി പറഞ്ഞു: നീ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുക. നിർബന്ധ നമസ്കാരം നീ മുറപോലെ നമസ്ക്കരിക്കുക. നിർബന്ധദാനത്തെ നീ കൊടുത്തു വീട്ടുക. നീ റമദാനിൽ നോമ്പനുഷ്ഠിക്കുക. അയാൾ പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാനെ സത്യം! ഇതിനേക്കാൾ ഞാൻ യാതൊന്നിനെയും വർദ്ധിപ്പിക്കുകയില്ല."

അയാൾ തിരിഞ്ഞുപോയപ്പോൾ നബി പറഞ്ഞു: സ്വർഗവാസികളിൽ പെട്ട ഒരാളെ നോക്കുന്നത് ആർക്കെങ്കിലും സന്തോഷകരമാണെങ്കിൽ ഇയാളിലേക്ക് നോക്കികൊള്ളട്ടെ. [ബുഖാരി, മുസ്ലിം]

❒ ഇബ്നു അബ്ബാസ് പറയുന്നു: മുആദിനെ യമനിലേക്കയച്ചപ്പോൾ നബി ഇപ്രകാരം പറഞ്ഞു. "വേദക്കാരായ ഒരു ജനതയുടെ അടുത്തേക്കാണ് നിങ്ങൾ പോകുന്നത്. അതിനാൽ ആദ്യമായി ആരാധ്യനായ അല്ലാഹുവിലേക്ക് നിങ്ങൾ അവരെ ക്ഷണിക്കുക. അതവർ മനസ്സിലാക്കിയാൽ എല്ലാ ദിവസവും രാവും പകലുമായി അഞ്ച് നേരത്തെ നമസ്ക്കാരം അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു എന്ന് അവരെ അറിയിക്കുക. അത് അവർ ചെയ്തു കഴിഞ്ഞാൽ അല്ലാഹു അവരുടെ ധനങ്ങളിൽ നിന്നും സകാത്ത് നിർബന്ധമാക്കിയിട്ടുണ്ടെന്നും ആ സകാത്ത് അവരിലെ ധനികന്മാരിൽ നിന്ന് വാങ്ങി അവരിൽ നിന്ന് തന്നെയുള്ള ദരിദ്രരിലേക്ക് വിതരണം ചെയ്യപ്പെടേണ്ടതുണ്ടെന്നും. അവരെ അറിയിക്കുക. അതും അവർ അനുസരിച്ച് കഴിഞ്ഞാൽ നീ അവരിൽ നിന്നും അത് എടുക്കുമ്പോൾ മേത്തരമായത് സൂക്ഷിക്കുക. [ബുഖാരി, മുസ്ലിം]

❒ അബൂബുർദ തന്റെ പിതാവിൽ നിന്ന് നിവേദനം: മുആദ് رضي الله عنه അബൂ മുസാ رضي الله عنه എന്നിവരെ യമനിലേക്ക് നിയോഗിക്കവെ നബിﷺ പറഞ്ഞു: "ജനങ്ങക്ക് നിങ്ങൾ എളുപ്പമുണ്ടാക്കി കൊടുക്കണം, പ്രയാസം ഉണ്ടാക്കരുത്, അവരെ സന്തോഷിപ്പിക്കണം. വെറുപ്പിക്കരുത്. നിങ്ങൾ ഏകോപിച്ച നിലപാടെടുക്കണം പരസ്പരം ഭിന്നിക്കരുത്. [ബുഖാരി, മുസ്ലിം, നസാഇ, അബൂദാവൂദ്]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: അദ്ദേഹം പറയുന്നത്: ഒരിക്കൽ ഞാൻ നബിﷺയുടെ പിറകിൽ യാത്ര ചെയ്യുകയായിരുന്നു. അപ്പോൾ തിരുമേനിﷺ ഇങ്ങനെ പറഞ്ഞു: "കുട്ടീ, ഞാൻ നിന്നെ ചില വചനങ്ങൾ പഠിപ്പിക്കാം. നീ അല്ലാഹുവിനെ സൂക്ഷിക്കുക. അവൻ നിന്നെ സംരക്ഷിക്കുന്നതാണ്. നീ അല്ലാഹുവിനെ സൂക്ഷിക്കുന്നുവെങ്കിൽ നിനക്കവനെ നിന്റെ മുമ്പിൽ കാണാവുന്നതാണ്. നീ വല്ലതും ചോദിക്കുകയാണെങ്കിൽ അല്ലാഹുവിനോട് ചോദിക്കുക. നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക. നീ അറിയുക! ജനങ്ങൾ മുഴുവൻ നിനക്ക് വല്ല ഉപകാരവും ചെയ്ത് തരാൻ സംഘടിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ ഒരു ഉപകാരവും ചെയ്യാൻ അവർക്ക് കഴിയുകയില്ല. ഇനി അവർ നിനക്ക് വല്ല ഉപദ്രവും ചെയ്യാൻ സംഘടിക്കുകയാണെങ്കിലും അല്ലാഹു നിനക്ക് വിധിച്ചതല്ലാത്ത ഒരു ഉപദ്രവവും അവർ ചെയ്യാൻ സാധ്യമല്ല. പേനകൾ ഉയർത്തപെടുകയും ഏടുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു. [തിർമിദി]

❒ സഹ്ല് رضي الله عنه നിവേദനം: ഒരാൾ നബിﷺയുടെ സന്നിധിയിൽ വന്നിട്ട് ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ! താങ്കൾ എനിക്കൊരു കർമ്മം അറിയിച്ച് തന്നാലും. ഞാനത് പ്രവർത്തിച്ചാൽ അല്ലാഹുവും ജനങ്ങളും എന്നെ ഇഷ്ടപ്പെടുന്നതായിരിക്കണം." തിരുമേനിﷺ പറഞ്ഞു: നീ ഐഹിക ജീവിതത്തിൽ വിരക്തിയുള്ളവനായിരിക്കുക. അപ്പോൾ അല്ലാഹു നിന്നെ ഇഷ്ടപ്പെടുന്നതാണ്. ജനങ്ങളുടെ പക്കലുള്ളവയിൽ നീ വിരക്തിയുള്ളവനായിരിക്കുക. അപ്പോൾ ജനങ്ങളും നിന്നെ ഇഷ്ടപ്പെടുന്നതാണ്. [ഇബ്നുമാജ]

❒ ഉബാദത്ത്ബ്നു സാമിത് رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: "ആറ് കാര്യങ്ങളിൽ നിങ്ങളെനിക്ക് ജാമ്യം നിൽക്കാമെങ്കിൽ സ്വർഗം ലഭിക്കുമെന്നതിൽ ഞാനും നിങ്ങൾക്ക് ജാമ്യം നിൽക്കാം. നിങ്ങൾ സംസാരിച്ചാൽ സത്യം പറയുക, കരാർ ചെയ്താൽ നിങ്ങൾ പാലിക്കുക, വിശ്വസിച്ചേല്പിച്ചാൽ നിങ്ങളത് തിരിച്ചേല്പിക്കുക, ഗുഹ്യാവയവങ്ങളെ നിങ്ങൾ സൂക്ഷിക്കുക, നിങ്ങളുടെ കണ്ണുകളെ നിങ്ങൾ താഴ്ത്തുക, നിങ്ങളുടെ കൈകളെ നിങ്ങൾ തടഞ്ഞ് വെക്കുകയും ചെയ്യുക. [അഹ്മദ്, ഹാക്കിം]

❐ റസൂൽ ﷺ പറഞ്ഞു: എന്റെ റബ്ബ് എനിക്ക് ഏഴ് കാര്യങ്ങൾ വസിയ്യത്ത് നൽകി. അത് ഞാൻ നിങ്ങളോടും വസിയ്യത്ത് നൽകുന്നു. "രഹസ്യത്തിലും പരസ്യത്തിലും ആത്മാർത്ഥത നിലനിർത്താൻ എനിക്ക് വസിയ്യത് നൽകി. സന്തോഷത്തിലും കോപത്തിലും നീതി നടപ്പാക്കാനും, ദാരിദ്ര്യത്തിലും ഐശ്വര്യത്തിലും മിതത്വം പാലിക്കാനും, എന്നോട് അക്രമം കാണിച്ചവന് വിട്ടുവീഴ്ച നൽകാനും, എനിക്ക് തടഞ്ഞവന് നൽകുവാനും, എന്റെ മൗനം ചിന്തിക്കുവാനും എന്റെ മൗനം ദൈവ സ്മരണകളാക്കുവാനും, എന്റെ നോട്ടം ഗുണപാഠമുൾകൊള്ളാനും വസിയ്യത്ത് ചെയ്യുകയുണ്ടായി. [മിശ്കാത്ത്]

❐ അബൂഹുറയ്യ റ നിവേദനം: റസൂൽ ﷺ പറഞ്ഞു:...."നീ നിഷിദ്ധങ്ങളെ സൂക്ഷിക്കുക. എങ്കിൽ നീയായിരിക്കും ജനങ്ങളിൽ കൂടുതൽ ആരാധനകൾ ചെയ്യുന്നവൻ, അല്ലാഹു നിനക്ക് നൽകിയതിൽ തൃപ്തി പെടുക എങ്കിൽ നീയായിരിക്കും ജനങ്ങളിൽ ഏറ്റവും ഐശ്വര്യവാൻ. നീ നിന്റെ അയൽവാസിയോട് നന്മ കാണിക്കുക എങ്കിൽ നീ വിശ്വാസിയാകും. നിനക്ക് നീ ഇഷ്ടപ്പെടുന്നത് ജനങ്ങൾക്കും ഇഷ്ടപ്പെടുക എങ്കിൽ നിനക്ക് മുസ്ലിമാവാം. നീ ചിരി അധികരിപ്പിക്കരുത് കാരണം അധികമായ ചിരി ഹൃദയത്തെ മരിപ്പിക്കുന്നതാണ്. [തിർമിദി, അഹ്മദ്]

❐ മുആദ് ബ്നു ജബൽ റ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ എനിക്ക് പത്ത് കാര്യങ്ങൾ വസിയ്യത്ത് നൽകുകയുണ്ടായി. "നീ വധിക്കപ്പെട്ട് അംഗവിച്ഛേദം ചെയ്താലും, കത്തികരിക്കപ്പെട്ടാലും അല്ലാഹുവിൽ ആരെയും പങ്ക് ചേർക്കരുത്. നിന്റെ മാതാപിതാക്കളെ ഒരിക്കലും ധിക്കരിക്കരുത്, അവർ നിന്നോട് നിന്റെ സമ്പത്തിൽ നിന്നും കുടുംബത്തിൽ നിന്നും പുറത്ത് പോവാൻ പറഞ്ഞാലും ശരി. മനഃപൂർവ്വം ഒരു നിർബന്ധ നമസ്ക്കാരവും നീ ഉപേക്ഷിക്കരുത്. മനഃപ്പൂർവ്വം ഒരു നിർബന്ധ നമസ്ക്കാരം നീ ഉപേക്ഷിച്ചാൽ അല്ലാഹുവിന്റെ സംരക്ഷണത്തിൽ നിന്ന് നീ ഒഴിവായിരിക്കുന്നു. ഒരിക്കലും നീ മദ്യപിക്കരുത്. കാരണമത് എല്ലാ മ്ലേച്ഛതകളുടെയും തിന്മകളുടെ അടിസ്ഥാനമാകുന്നു. പാപങ്ങളെ നീ സൂക്ഷിക്കുക കാരണം പാപങ്ങൾ അല്ലാഹുവിന്റെ കോപത്തിനിരയാക്കുന്ന കാര്യമാകുന്നു. യുദ്ധത്തിൽ നിന്ന് ഒരിക്കലും നീ പിന്തിരിഞ്ഞോടരുത്. ജനങ്ങളെല്ലാം നശിച്ചാലും ജനങ്ങൾക്ക് മരണം ബാധിച്ചാലും നീ ഉറച്ച് നിൽക്കുക. നീ ജീവിക്കുന്ന കാലമത്രയും നിന്റെ കുടുംബത്തിനായി ചെലവഴിക്കുക. അവരെ സംസ്കരിക്കുന്ന വടിയെ നീ ഒഴിവാക്കാതിരിക്കുക. അവരിൽ നീ അല്ലാഹുവിനെ സൂക്ഷിക്കുക. [അഹ്മദ്]

■

നാല്പത്

തിന്മ, പാപം, ദുഷ്കർമ്മം, ദുസ്വഭാവം, ദുർവൃത്തി

നന്മ തിന്മകളുടെ നിർവചനം

❒ നവാസ്ബ്നു സൻആൻ ؓ നിവേദനം: ഞാൻ റസൂൽﷺയോട് പുണ്യത്തെകുറിച്ചു പാപത്തെകുറിച്ചും ചോദിച്ചു. അപ്പോൾ നബിﷺ പറഞ്ഞു: പുണ്യം സൽസ്വഭാവമാണ്. നിന്റെ മനസ്സിൽ അസ്വസ്തത ഉണ്ടാകുന്നതും ജനങ്ങളറിയുന്നത് നിനക്കിഷ്ടമില്ലാത്തതുമായ കാര്യമേതോ അതത്രെ പാപം. [മുസ്ലിം]

❒ വാബിസ ؓ നിവേദനം: ഞാനൊരിക്കൽ റസൂൽﷺയുടെ സന്നിധിയിൽ ചെന്നപ്പോൾ തിരുമേനിﷺ എന്നോട് ചോദിച്ചു: "നന്മയെ കുറിച്ച് പഠിക്കാനാണോ നീ വന്നിട്ടുള്ളത്?" ഞാൻ പറഞ്ഞു: 'അതെ' തിരുമേനിﷺ പറഞ്ഞു: "നീ നിന്റെ മനസ്സിനോട് വിധി തേടുക. മനസ്സിന് സ്വസ്ഥതയും ഹൃദയത്തിന് സമാധാനവും ലഭിക്കുന്നതെന്തോ അതാണ് നന്മ. മനസ്സിൽ അസ്വസ്തതയും ഹൃദയത്തിൽ ആശങ്കയും ജനിപ്പിക്കുന്നതേതോ അതാണ് തിന്മ. ജനങ്ങൾ നിനക്ക് (അനുവദനീയമാണെന്ന്) വിധി നൽകിയാലും. [അഹ്മദ്, ദാരിമി]

❒ ഹസനിബ്നു അലി ؓ പറയുന്നു: അല്ലാഹുവിന്റെ റസൂലിൽ നിന്ന് ഞാനൊരു വചനം ഹൃദിസ്ഥമാക്കിയിരിക്കുന്നു. "നിനക്ക് സംശയം തോന്നുന്നത് വിട്ട് സംശയകരമല്ലാത്ത സ്വീകരിക്കുക. തീർച്ചയായും സത്യസന്ധത സമാധാനമാണ്. കളവ് സംശയമാണുണ്ടാക്കുക. [തിർമിദി, നസാഇ, അഹ്മദ്]

തിന്മകൾ

❒ അബ്ദുല്ലാഹ് ബ്നു മസ്ഊദ് رضي الله عنه പറയുന്നു: ഞാൻ നബി ﷺ യോട് ചോദിച്ചു. ഏത് പാപമാണ് അല്ലാഹുവിങ്കൽ ഏറ്റവും കഠിനമായത്. നബി ﷺ പറഞ്ഞു: നിന്നെ സൃഷ്ടിച്ച നിന്റെ രക്ഷിതാവിൽ നീ പങ്കു ചേർക്കലാണ്. ഞാൻ പറഞ്ഞു: അത് വളരെ ഗൗരവമുള്ളത് തന്നെ പിന്നെ ഏതാണ്? നബി ﷺ പറഞ്ഞു: നിന്റെ കൂടെ ഭക്ഷണം കഴിക്കുമെന്ന ഭയത്താൽ നിന്റെ സന്താനത്തെ വധിക്കലാണ്. ഞാൻ ചോദിച്ചു: പിന്നെ ഏതാണ്? നബി ﷺ പറഞ്ഞു: അയൽവാസിയുടെ ഭാര്യയെ നീ വ്യഭിചരിക്കലാണ്. [ബുഖാരി, മുസ്ലിം]

❒ അനസ് رضي الله عنه പറയുന്നു: വൻപാപങ്ങളെ കുറിച്ച് നബി ﷺ യോട് ചോദിക്കപ്പെട്ടു അപ്പോൾ നബി ﷺ പറഞ്ഞു: അല്ലാഹുവിൽ പങ്കുചേർക്കൽ, മാതാപിതാക്കളെ ധിക്കരിക്കൽ, അന്യായമായി വധിക്കൽ, കള്ള സാക്ഷ്യം വഹിക്കൽ. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: "നബി ﷺ പറഞ്ഞു: ഏഴു മഹാപാപങ്ങൾ നിങ്ങൾ വർജ്ജിക്കുവീൻ" അവർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ അവ ഏതെല്ലാമാണ്? തിരുമേനി ﷺ പറഞ്ഞു: അല്ലാഹുവിൽ പങ്കുചേർക്കുക, മാരണം ചെയ്യുക, അല്ലാഹു പവിത്രമാക്കിയ മനുഷ്യ ശരീരങ്ങളെ അന്യായമായി വധിക്കുക, അനാഥകളുടെ സമ്പത്ത് തിന്നുക, പലിശ മുതൽ ഭക്ഷിക്കുക, യുദ്ധദിനത്തിൽ പിന്തിരിഞ്ഞോടുക, പതിവ്രതകളും ദുർവിചാരമില്ലാത്തവരുമായ സത്യവിശ്വാസിനികളെ കുറിച്ച് അപവാദം പറയുക. [ബുഖാരി, മുസ്ലിം]

❒ മുഗീറ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ അരുളി: "മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കലും, പെൺ മക്കളെ ജീവനോട് കുഴിച്ച് മൂടലും, കൂടുതൽ നേടാൻ വേണ്ടി മറ്റുള്ളവരോട് ആവശ്യപ്പെടുകയും ചെയ്യുന്നതും അല്ലാഹു നിഷിദ്ധമാക്കിയിരിക്കുന്നു. അതുപോലെ കണ്ടതും കേട്ടതും പറഞ്ഞ് നടക്കലും, ധാരാളമായി ചോദ്യങ്ങൾ ചോദിക്കലും, ധനം ദുർവ്യയം ചെയ്യലും അല്ലാഹു വെറുത്തിരിക്കുന്നു. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: മൂന്നു വിഭാഗം ആളുകളുണ്ട്. അന്ത്യദിനത്തിൽ അല്ലാഹു അവരുടെ നേരെ നോക്കുകയോ പരിശുദ്ധപെടുത്തുകയോ ചെയ്യുകയില്ല. അവർക്ക് കഠിനമായ ശിക്ഷയുണ്ട്. വഴിയരികിൽ ആവശ്യം കഴിഞ്ഞ് ബാക്കി വെള്ളമുണ്ടായിട്ട് അത് യാത്രക്കാരന് കൊടുക്കാതെ തടഞ്ഞുവെക്കുന്ന മനുഷ്യൻ. ഭൗതിക

നേട്ടം ലക്ഷ്യം വെച്ച് നേതാവിനോട് പ്രതിജ്ഞ ചെയ്യുകയും ദുൻയാവിൽ വല്ല കാര്യലാഭവും നേടികൊടുത്താൽ സംതൃപ്തനാവുകയും ഇല്ലെങ്കിൽ വെറുക്കുകയും ചെയ്യുന്ന മനുഷ്യൻ. തന്റെ ചരക്ക് അസറിന് ശേഷം അങ്ങാടിയിലിറക്കി അല്ലാഹുവാണെ സത്യം ഞാനീ സാധനം ഇന്ന നിലവാരത്തിൽ വാങ്ങിയതാണെന്ന് കള്ള സത്യം ചെയ്ത് മറ്റുള്ളവരെ വിശ്വസിപ്പിച്ച് ചരക്ക് വിറ്റഴിക്കുന്ന മനുഷ്യൻ. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ ﷺ നിവേദനം: നബി ﷺ പറഞ്ഞു: 'മൂന്ന് വിഭാഗം ആളുകളോട് അന്ത്യനാളിൽ അല്ലാഹു സംസാരിക്കുകയോ പാപങ്ങളിൽ നിന്ന് അവരെ സംസ്കരിക്കുകയോ ഇല്ല... വൃദ്ധനായ വ്യഭിചാരി, കളവ് പറയുന്ന ഭരണാധികാരി, അഹങ്കാരിയായ ദരിദ്രൻ. [മുസ്‌ലിം]

❒ ഇബ്നു അബ്ബാസ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിന് ഏറ്റവും കോപമുള്ളവർ മൂന്ന് വിഭാഗം ആളുകളാണ്. ഹറമിൽ വെച്ച് അക്രമം കാണിക്കുന്നവർ, ഇസ്‌ലാമിൽ ജാഹിലിയ്യാ കാലത്തെ നടപടികൾ ആഗ്രഹിക്കുന്നവർ, ന്യായരഹിതമായി ഒരാളുടെ രക്തം ചിന്താൻ വഴി തേടുന്നവർ. [ബുഖാരി]

❒ അബൂദർറ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: അന്ത്യനാളിൽ മൂന്ന് വിഭാഗം ആളുകളോട് അല്ലാഹു സംസാരിക്കുകയോ, അവരിലേക്ക് നോക്കുകയോ അവരെ സംസ്കരിക്കുകയോ ഇല്ല... വസ്ത്രം വലിച്ചിഴക്കുന്നവൻ, ദാനം ചെയ്തത് എടുത്ത് പറയുന്നവൻ, കള്ള സത്യം ചെയ്ത് കച്ചവടം ചെയ്യുന്നവൻ. [മുസ്‌ലിം]

❒ അബൂ തുഫൈൽ ﷺ നിവേദനം....അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു: "തന്റെ പിതാവിനെ ശപിച്ചവനെ അല്ലാഹു ശപിച്ചിരിക്കുന്നു, അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ബലിയറുത്തവനെ അല്ലാഹു ശപിച്ചിരിക്കുന്നു. കുഴപ്പമുണ്ടാകുന്നവന് അഭയം നൽകുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. ഭൂമിയിലെ അതിർത്തി അടയാളങ്ങൾ മാറ്റുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. [മുസ്‌ലിം]

❒ ഇബ്നു അബ്ബാസ് നിവേദനം: റസൂൽ ﷺ പറഞ്ഞു: സ്വന്തം പിതാവിനെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവനാണ്. സ്വന്തം മാതാവിനെ ശപിക്കുന്നവൻ ശപിക്കപ്പെട്ടവനാണ്. അല്ലാഹു അല്ലാത്തവർക്ക് വേണ്ടി ബലി നടത്തുന്നവൻ ശപിക്കപ്പെട്ടവനാണ്. (മറ്റുള്ളവരുടെ ഭൂമി കവർന്നെടുക്കുന്നതിനായി) ഭൂമിയുടെ അതിരുകൾ മാറ്റുന്നവൻ ശപിക്കപ്പെട്ടവനാണ്. മൃഗങ്ങളുമായി ലൈംഗിക വേഴ്ച നടത്തുന്നവൻ ശപിക്കപ്പെട്ടവനാണ്. ലൂത്ത് നബിയുടെ

സമുദായം ചെയ്ത പ്രവർത്തനം (സ്വർഗ്ഗരതി) ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാണ്. [അഹ്മദ്]

❒ അബൂമാലിക് അശ്അരി ﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: എന്റെ സമുദായത്തിൽ ജാഹിലിയ്യാ കാര്യങ്ങളിൽ നിന്ന് നാല് കാര്യങ്ങളുണ്ട്. അതവർ ഒഴിവാക്കുകയില്ല. കുലമഹിമയിൽ അഹങ്കരിക്കൽ, തറവാടിനെ കുത്തിപറയൽ, നക്ഷത്രങ്ങൾ കാരണമാണ് മഴ വർഷിച്ചതെന്ന് വാദിക്കൽ, മരണപ്പെട്ടവർക്ക് വേണ്ടി വിലപിച്ചട്ടഹസിക്കൽ....[മുസ്ലിം]

■

നാല്പത്തൊന്ന്

ശിർക്കും കുഫ്റും

ശിർക്ക് (ബഹുദൈവാരാധന)

❒ അബ്ദുല്ലാഹിബ്നു മസൂദ് رضي الله عنه നിവേദനം: ഒരാൾ നബി ﷺ യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ! ഏതാണ് അല്ലാഹുവിൽ ഏറ്റവും ഗുരുതരമായ പാപം? നബി ﷺ പറഞ്ഞു: 'നിന്നെ സൃഷ്ടിച്ച അല്ലാഹുവിന് പങ്കാളിയെ നിശ്ചയിച്ച് അവനോട് പ്രാർത്ഥിക്കലാണ്...[മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه പറയുന്നു: "വിശ്വസിക്കുകയും തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടികലർത്താതിരിക്കുകയും ചെയ്തവർ" എന്ന ഖുർആൻ വചനമതവരിപ്പിച്ചപ്പോൾ മുസ്ലിംകൾക്കത് വിഷമകരമായി തോന്നി. അപ്പോൾ അവർ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ! ഞങ്ങളിൽ ആരാണ് സ്വദേഹത്തോട് അക്രമം പ്രവർത്തിക്കാത്ത വരായുള്ളത്? നബി ﷺ പറഞ്ഞു: ഇത് അതല്ല. തീർച്ചയായും ശിർക്കാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. നിങ്ങൾ കേട്ടിട്ടില്ലേ ലുഖ്മാൻ തന്റെ മകന് നൽകിയ ഉപദേശം. അതായത് എന്റെ കുഞ്ഞുമോനേ നീ അല്ലാഹുവോട് പങ്ക് ചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു." [ബുഖാരി, മുസ്ലിം]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും വല്ലതിനെയും അല്ലാഹുവിൽ പങ്കുചേർത്തു കൊണ്ട് മരിച്ചാൽ അവൻ നരകത്തിൽ പ്രവേശിച്ചു. അപ്പോൾ ഞാൻ (അബ്ദുല്ല) പറഞ്ഞു: ആരെങ്കിലും അല്ലാഹുവിൽ പങ്കു ചേർക്കാതെ മരിച്ചാൽ അവൻ സ്വർഗത്തിൽ പ്രവേശിച്ചു കഴിഞ്ഞു. [ബുഖാരി, മുസ്ലിം]

❒ അനസ് ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: റസൂൽ ﷺ പറഞ്ഞു: അക്രമം മൂന്ന് തരമാണ്. അല്ലാഹു ഉപേക്ഷിക്കാത്ത അക്രമം, പൊറുക്കപ്പെടുന്ന അക്രമം, പൊറുക്കപ്പെടാത്ത അക്രമം, എന്നിവയാണവ. അല്ലാഹു പൊറുക്കാത്ത അക്രമം ശിർക്കാണ്. ശിർക്ക് അല്ലാഹു പൊറുക്കുകയില്ല. എന്നാൽ പൊറുക്കപ്പെടുന്ന അക്രമം അടിമയുടെയും റബ്ബിന്റെയും ഇടയിലുള്ള ഇതര പാപങ്ങളാണ്. എന്നാൽ ഉപേക്ഷിക്കപ്പെടാത്ത അക്രമം (അത് അടിമകൾ അന്യോന്യം ചെയ്യുന്ന അക്രമങ്ങളാണ്) അല്ലാഹു അതിൽ അന്യോന്യം പ്രതിക്രിയ ചെയ്യിക്കും. [അബൂദാവൂദ്]

❒ അബൂഹുറയ്റ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു: പരിശുദ്ധനും അത്യുന്നതനുമായ അല്ലാഹു പറഞ്ഞിരിക്കുന്നു. "ഞാൻ പങ്കാളികളുടെ പങ്കുചേർക്കലിനെല്ലാം അതീതമായ മഹത്വമുള്ളവനാകുന്നു. ആരെങ്കിലും ഒരു കർമ്മമനുഷ്ഠിച്ചിട്ട് അതിൽ എന്റെ കൂടെ മറ്റുള്ളവരെ പങ്കുചേർത്താൽ അവനെയും അവന്റെ പങ്കുചേർക്കലിനെയും ഞാൻ കൈവെടിഞ്ഞിരിക്കുന്നു." [മുസ്ലിം, ഇബ്നുമാജ, അഹ്മദ്]

കുഫ്ർ (സത്യനിഷേധം, അവിശ്വാസം)

മുആവിയ ﷺ നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടു: "എല്ലാ പാപങ്ങളും ഒരു പക്ഷേ അല്ലാഹു പൊറുത്തേക്കാം, കരുതികൂട്ടി ഒരു വിശ്വാസിയെ കൊല്ലുന്നവനും സത്യനിഷേധിയായി മരിക്കുന്നവനും ഒഴിച്ച്. [നസാഇ, അഹ്മദ്, ഹാകിം]

അഹങ്കാരം, ആത്മ പ്രശംസ

അഹങ്കാരം, അഹന്ത, ദുരഭിമാനം, അഹംഭാവം

❒ അബ്ദുല്ലാഹ് ؓ നിവേദനം: നബിﷺ പറഞ്ഞു: 'ഒരു കടുക് മണിത്തൂക്കം വിശ്വാസം ഹൃദയത്തിലുള്ളവൻ (ശാശ്വതമായി) നരകത്തിൽ പ്രവേശിക്കുകയില്ല. ഒരു കടുകു മണിത്തൂക്കം അഹങ്കാരം ഹൃദയത്തിലുള്ളവൻ സ്വർഗത്തിലും പ്രവേശിക്കുകയില്ല. [മുസ്ലിം]

❒ ഹാരിസ്ബ്നു വഹബ് ؓ നിവേദനം: നബിﷺ പറഞ്ഞു: നരകവാസികളെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടയോ? അവർ പറഞ്ഞു: അതെ! നബിﷺ പറഞ്ഞു: എല്ലാ അസത്യവാദിയും, നന്മതടയുന്നവനും, അഹങ്കാരിയും. [മുസ്ലിം]

❒ അബൂ സഈദുൽ ഖുദ്രി ؓ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: നരകവും സ്വർഗവും തർക്കിച്ചു. അപ്പോൾ നരകം പറഞ്ഞു: എന്നിൽ അഹങ്കാരികളും ധിക്കാരികളും പ്രവേശിക്കും. അപ്പോൾ സ്വർഗം പറഞ്ഞു: എന്നിൽ ദുർബലരും സാധുക്കളും പ്രവേശിക്കും....[മുസ്ലിം]

❒ മുആവിയ ؓ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "ആളുകൾ നിന്നുകൊണ്ട് തന്നെ ആദരിക്കുന്നത് വല്ലവനെയും ഇഷ്ടപ്പെടുത്തുന്നുവെങ്കിൽ അവൻ നരകത്തിയിൽ തന്റെ ഇരിപ്പിടം ഒരുക്കട്ടെ. [അബൂദാവൂദ്]

❒ അബൂഹുറയ്റ ؓ നിവേദനം: റസൂൽﷺ പറഞ്ഞു: അഹങ്കാരത്തോടെ വസ്ത്രം വലിച്ചിഴച്ച് നടക്കുന്നവനിലേക്ക് അന്ത്യനാളിൽ അല്ലാഹു

നോക്കുകയില്ല. [ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: "അണുമണിത്തൂക്കം അഹങ്കാരം ഹൃദയത്തിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല." അപ്പോൾ ഒരാൾ പറഞ്ഞു: "ഒരു മനുഷ്യൻ തന്റെ വസ്ത്രവും ചെരുപ്പും നല്ലതാകാൻ ഇഷ്ടപ്പെടുമല്ലോ? അപ്പോൾ നബിﷺ പറഞ്ഞു: അല്ലാഹു ഭംഗിയുള്ളവനാണ്. ഭംഗിയെ അവൻ ഇഷ്ടപ്പെടുന്നു. എന്നാൽ അഹങ്കാരം എന്നത് സത്യത്തെ നിരാകരിക്കലും ജനങ്ങളെ നിന്ദ്യരായി കാണലുമാണ്. [മുസ്‌ലിം]

ആത്മ പ്രശംസ; സ്വയം പുകഴ്ത്തൽ

സലമ رضي الله عنه നിവേദനം: റസൂൽﷺ പറഞ്ഞു: ഒരു മനുഷ്യൻ സ്വയം പ്രശംസിച്ചു കൊണ്ടിരിക്കും. അവസാനം അവനെ സ്വേച്ഛാധിപതികളിലായിരിക്കും രേഖപെടുത്തുക. അവരുടെ പരിണിതി അവനെ ബാധിക്കുകയും ചെയ്യും. [തിർമിദി]

■

കോപവും പരുഷസ്വഭാവവും

കോപം, ദേഷ്യം

❒ അബൂഹുറയ്റ നിവേദനം: ഒരാൾ നബിﷺയോടു പറഞ്ഞു: എനിക്ക് ഉപദേശം തന്നാലും. നബിﷺ പറഞ്ഞു: നീ കോപിക്കരുത്. പലതവണം ഉപദേശം ആവശ്യപ്പെട്ടപ്പോഴും നബിﷺ പറഞ്ഞു: "നീ കോപിക്കരുത്" [ബുഖാരി]

❒ അബൂഹുറയ്റ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ഗുസ്തിയിൽ ജയിക്കുന്നവനല്ല ശക്തൻ, കോപം വരുമ്പോൾ തന്റെ മനസ്സിനെ നിയന്ത്രിക്കുന്നവനാണ് ശക്തൻ. [ബുഖാരി, മുസ്ലിം]

❒ അബൂബക്റ നിവേദനം: റസൂൽﷺ പറയുന്നത് ഞാൻ കേട്ടു. "ഒരു വിധികർത്താവും കോപാകുലനായിരിക്കെ രണ്ടാൾക്കിടയിൽ വിധി കല്പിക്കരുത്. [ബുഖാരി]

❒ ഇബ്നു ഉമർ നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞിരിക്കുന്നു: ജനങ്ങളിൽ അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടക്കാരൻ (കോപം അടക്കുന്നവനാണ്). ഒരാൾ ദേഷ്യം അടക്കിയാൽ അല്ലാഹു അയാളുടെ നഗ്നത മറക്കുന്നതാണ്. അയാളുദ്ദേശിച്ചാൽ തന്റെ കോപം തീർക്കാൻ അയാൾക്ക് സാധിക്കുന്നതാണ് എന്നിട്ടും അയാൾ അത് ഒതുക്കിയാൽ അന്ത്യനാളിൽ അയാളുടെ ഹൃദയം അല്ലാഹു തൃപ്തികൊണ്ട് നിറക്കുന്നതാണ്. [ത്വബ്റാനി]

പാരുഷ്യം ഹൃദയ കാഠിന്യം, നിർദയത

❒ ഹസൻ رضي الله عنه നിവേദനം: ഉബൈദുല്ല പറഞ്ഞു: നബി ﷺ പറയുന്നതായി ഞാൻ കേട്ടു. ഇടയന്മാരിൽ ഏറ്റവും മോശമായത് ഹുതമ (പരുഷമായി പെരുമാറുന്നവൻ) ആണ് നീ അവരി പെട്ടവനാകരുത്. [മുസ്‌ലിം]

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിനെ സ്മരിക്കാതെ നിങ്ങൾ സംസാരം വർദ്ധിപ്പിക്കരുത്. അല്ലാഹുവിനെ സ്മരിക്കാതെയുള്ള അധിക സംസാരം ഹൃദയത്തെ കഠിനമാകും. നിശ്ചയം ജനങ്ങളിൽ വെച്ച് അല്ലാഹുവിൽ നിന്ന് അകന്നവൻ കഠിന ഹൃദയമുള്ളവനാണ്. [തിർമിദി]

■

കാപട്യം, വഞ്ചന, കരാർ ലംഘനം

കാപട്യം

❒ അബ്ദുല്ലാഹിബ്നു അംറ് നിവേദനം: നബി ﷺ പറഞ്ഞു: ഒരാളിൽ നാല് ലക്ഷണങ്ങൾ ഒത്തിണങ്ങിയാൽ അവർ തികഞ്ഞ കപട വിശ്വാസിയാണ്. അവയിൽ ഏതെങ്കിലും ഒരു ലക്ഷണം ഒരാളിലുണ്ടെങ്കിൽ അത് വർജ്ജിക്കുന്നത് വരേക്കും അവനിൽ കപടവിശ്വാസത്തിന്റെ ഒരംശം ഉണ്ടെന്ന് വരും. വിശ്വസിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവ് പറയുക, കരാർ ചെയ്താൽ ലംഘിക്കുക, പിണങ്ങിയാൽ തെറി പറയുക. [ബുഖാരി മുസ്ലിം]

❒ അബൂ ഉമാമ ﷺ പറയുന്നു: നബി ﷺ പറഞ്ഞു: ലജ്ജയും മിതഭാഷണവും സത്യവിശ്വാസത്തിന്റെ രണ്ട് ശാഖകളാണ്. നീചവാക്കും, അമിതഭാഷണവും കാപട്യത്തിന്റെ രണ്ട് ശാഖകളാണ്. [തിർമിദി, അഹ്മദ്]

വഞ്ചന, കരാർ ലംഘനം

❒ ഇബ്നു ഉമർ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു: അന്ത്യനാളിൽ വഞ്ചകനു വേണ്ടി ഒരു കൊടി നാട്ടപ്പെടും. എന്നിട്ടിങ്ങനെ വിളിച്ച് പറയും "ഇന്നവന്റെ മകനായ ഇന്നവന്റെ വഞ്ചനയാണിത്" [ബുഖാരി, മുസ്ലിം]

❒ അബൂ സഈദ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: എല്ലാ ഓരോ വഞ്ചകനും അന്ത്യനാളിൽ തന്റെ ആസനത്തിന് സമീപം ഒരു പതാകയുണ്ടായിരിക്കും. അത് തന്റെ വഞ്ചനയുടെ തോതനുസരിച്ച് ഉയർന്നിരിക്കും. അറിയുക, പൊതു ജനങ്ങളെ വഞ്ചിക്കുന്ന ഭരണമേധാവിയാണ് ഏറ്റവും

വലിയ വഞ്ചകൻ. [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം. നബി ﷺ പറഞ്ഞു: അല്ലാഹു പറയുന്നു അന്ത്യനാളിൽ ഞാൻ മൂന്ന് വിഭാഗം ആളുകളുടെ ശത്രുവായിരിക്കും. എന്റെ പേരിൽ കരാർ ചെയ്തിട്ട് അത് ലംഘിച്ചവൻ, സ്വതന്ത്രനെ വിറ്റ് അതിന്റെ പണം ഭക്ഷിച്ചവൻ, തൊഴിലാളിയെ വിളിച്ച് പരമാവധി പണിയെടുപ്പിച്ച് മാന്യമായ വേതനം നൽകാത്തവൻ. [ബുഖാരി]

❒ അംറ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും മറ്റൊരാൾക്ക് അഭയം നൽകുകയും പിന്നീട് വധിക്കുകയാണെങ്കിൽ കൊല്ലപ്പെട്ടവൻ സത്യനിഷേധിയാണെങ്കിലും ഘാതകനുമായി നമുക്കൊരു ബന്ധവുമില്ല. [ഇബ്നു ഹിബ്ബാൻ]

ലോക മാന്യത, പ്രകടന പരത

❒ ജുൻദുബ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും പ്രശ്സ്തിയാഗ്രഹിച്ച് വല്ല കർമ്മവും ചെയ്താൽ അല്ലാഹു അയാളുടെ ദുഷ്ടലാക്ക് ജനങ്ങൾക്ക് വെളിപ്പെടുത്തും. ആരെങ്കിലും ജനങ്ങൾ കാണുന്നതിന് വല്ലതും ചെയ്താൽ അല്ലാഹു അവന് ദുഷ്കീർത്തി നൽകും. [ബുഖാരി, മുസ്‌ലിം]

❒ അബൂ സഈദ് رضي الله عنه പറയുന്നു. റസൂൽ ﷺ പറഞ്ഞു: "അന്ത്യനാളിൽ നമ്മുടെ നാഥൻ അവന്റെ കണങ്കാലുകൾ വെളിപെടുത്തും . ഓരോ വിശ്വാസിയും, വിശ്വാസിനിയും അപ്പോൾ അവന് സാഷ്ടാംഗം നമിക്കും. എന്നാൽ മറ്റുള്ളവരെ കാണിക്കുവാനും പ്രശസ്തിക്കും വേണ്ടി ഇഹലോകത്ത് സാഷ്ടാംഗം ചെയ്തിരുന്നവർ സുജൂദ് ചെയ്യാനായി ശ്രമിക്കുമെങ്കിലും അവരുടെ മുതുക് ഓരേ നിരപ്പിലായിരിക്കും (വളയുകയില്ല). [ബുഖാരി, മുസ്‌ലിം, തിർമിദി, നസാഇ, ഇബ്നു മാജ, അഹ്മദ്]

❒ മഹ്മൂദ്ബ്നു ലബീദ് رضي الله عنه നിവേദനം: റസൂൽ ﷺ ഇങ്ങനെ പറഞ്ഞു: "നിങ്ങൾക്ക് ഞാൻ ഏറ്റവും ഭയപ്പെടുന്ന കാര്യമാണ് ചെറിയ ശിർക്ക്. അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ എന്താണ് ചെറിയ ശിർക്ക്? തിരുമേനി ﷺ പറഞ്ഞു: ജനങ്ങൾക്ക് അന്ത്യനാളിൽ അവരുടെ പ്രവർത്തനങ്ങൾ അനുഷ്ഠിച്ചവരോട്) അല്ലാഹു പറയും: "ഇഹലോകത്ത് ആരെയാണൊ നിങ്ങൾ (പ്രവർത്തനങ്ങൾ) കാണിച്ചു കൊണ്ടിരുന്നത് അവരുടെ അടുത്തേക്ക് ചെല്ലൂ. അവരുടെ അടുക്കൽ നിന്ന് വല്ല കൂലിയും നിങ്ങൾക്ക് കിട്ടാനുണ്ടോ എന്ന് നോക്കിക്കോളൂ. [അഹ്മദ്]

ഇരുമുഖം

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു..... ഏറ്റവും അധമന്മാരായി നിങ്ങൾ കാണുക ഇരട്ടമുഖമുള്ളവനെയായിരിക്കും. അവർ ഒരു കൂട്ടരുടെ അടുക്കൽ ഒരു മുഖത്തോടു കൂടിയും മറ്റൊരു കൂട്ടരുടെ അടുക്കൽ മറ്റൊരു മുഖത്തോടുമായിരിക്കും വരിക. [ബുഖാരി, മുസ്ലിം]

പകൽ മാന്യത

സൗബാൻ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "എന്റെ സമുദായത്തിൽപെട്ട ഒരു വിഭാഗം ആളുകളെ ഞാൻ അറിയും തീർച്ച. അവർ അന്ത്യനാളിൽ വെളുത്ത തിഹാമാ മലകളെ പോലുള്ള നന്മകളുമായി വരുന്നതാണ്. അപ്പോൾ അല്ലാഹു നന്മകൾ ചിതറപെട്ട ധൂളികളാക്കുന്നതാണ്...." നിശ്ചയം അവർ നിങ്ങളുടെ സഹോദരങ്ങളാണ്. നിങ്ങളുടെ കൂട്ടത്തിൽപെട്ടവരുമാണ്. നിങ്ങൾ രാവിലെ ആരാധനകൾ നിർവഹിക്കുന്നത് പോലെ അവരും നിർവ്വഹിക്കും. പക്ഷേ അല്ലാഹു ഹറാമാക്കിയതിൽ (നിഷിദ്ധമാക്കിയത്) അവർ ഒറ്റക്കായിരുന്നാൽ പ്രസ്തുത ഹറാമുകളെ അവർ യഥേഷ്ടം പ്രവർത്തിക്കും. [ഇബ്നു മാജ]

പ്രവർത്തികാത്തത് പറയൽ

ഉസാമ رضي الله عنه നിവേദനം: ഞാൻ നബി ﷺ യിൽ നിന്ന് കേട്ടത് "അന്ത്യനാളിൽ ഒരു മനുഷ്യനെ കൊണ്ട് വരും. എന്നിട്ടവനെ നരകത്തിലിടും. നരകത്തിൽ വെച്ച് അവന്റെ കുടൽ മാല പുറത്ത് ചാടും. കഴുത ആസുകല്ലിന് ചുറ്റും തിരിയും പോലെ അവൻ അതു കൊണ്ട് തിരിഞ്ഞ് കൊണ്ടിരിക്കും. അപ്പോൾ നരകവാസികൾ ചുറ്റും കൂടിയിട്ട് പറയും: "മനുഷ്യാ നിങ്ങൾക്കെന്തുപറ്റി? നീ ഞങ്ങളോട് നന്മകല്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്നവനായിരുന്നവനായിരുന്നില്ലേ? അപ്പോൾ അയാൾ പറയും: ഞാൻ നിങ്ങളോട് നന്മ കല്പിച്ചിരുന്നു. പക്ഷേ ഞാനത് സ്വയം ചെയ്യാറുണ്ടായിരുന്നില്ല. ഞാൻ നിങ്ങളോട് തിന്മ വിരോധിച്ചിരുന്നു. ഞാനാകട്ടെ തിന്മ പ്രവർത്തിക്കുകയും ചെയ്തിരുന്നു. [ബുഖാരി, മുസ്ലിം]

■

അസൂയ, പക, സ്വാർത്ഥത, അശ്രദ്ധ

അസൂയ, പക

❒ അനസ് رضي الله عنه നിവേദനം: നബി ﷺ അരുളി: നിങ്ങൾ പരസ്പരം അസൂയയും പകയും വെച്ച് പുലർത്തരുത്. കുടുംബ ബന്ധം വിച്ഛേദിച്ച് പരസ്പരം തിരിഞ്ഞ് കളയരുത്...[ബുഖാരി, മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു മസൂദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: രണ്ടു പേരുടെ കാര്യത്തിലല്ലാതെ അസൂയ പാടില്ല. ഒരാൾക്ക് അല്ലാഹു ധനം കൊടുക്കുകയും സത്യമാർഗ്ഗത്തിൽ അയാളത് വിനിയോഗിക്കുകയും ചെയ്യുന്നു. മറ്റൊരാൾക്ക് അല്ലാഹു നൽകിയ അറിവ് പ്രകാരം വിധി നടത്തുകയും അത് പഠിപ്പിക്കുകയും ചെയ്യുന്നു. [ബുഖാരി]

❒ വസീല رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: നീ നിന്റെ സഹോദരന്റെ ദുരന്തത്തിൽ സന്തോഷം പ്രകടിപ്പിക്കരുത്. അതു മൂലം അല്ലാഹു അവനെ അനുഗ്രഹിക്കുകയും നിന്നെ അവൻ ദുരന്തത്തിലാക്കുകയും ചെയ്യും. [തിർമിദി]

സ്വാർത്ഥത

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: ഒരു വിജ്ഞാനം ചോദിച്ചിട്ട് അത് മറച്ചു വെച്ചവനെ അന്ത്യനാളിൽ തീയിന്റെ കടിഞ്ഞാൺ അണിയിക്കുന്നതാണ്. [തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിന്റെ

പ്രീതി നേടാനുതകുന്ന വിജ്ഞാനം ഒരാൾ അഭ്യസിക്കുന്നത് ഐഹിക വിഭവങ്ങൾ നേടിയെടുക്കാനായി മാത്രമാണെങ്കിൽ അയാൾ അന്ത്യനാളിൽ സ്വർഗത്തിന്റെ പരിമളം പോലും ആസ്വദിക്കുകയില്ല. [അബൂദാവൂദ്]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: മൂന്ന് വിഭാഗം ആളുകളുണ്ട്. അന്ത്യനാളിൽ അല്ലാഹു അവരുടെ നേരെ നോക്കുകയോ പരിശുദ്ധപെടുത്തുകയോ ചെയ്യുകയില്ല. അവർക്ക് കഠിന ശിക്ഷയുണ്ട്. വെള്ളമുണ്ടായിട്ടും അത് യാത്രക്കാരന് കൊടുക്കാതെ തടഞ്ഞു വെച്ച യാൾ...[ബുഖാരി, മുസ്ലിം]

അശ്രദ്ധ/സമയം പാഴാക്കൽ

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അധിക ജനങ്ങൾക്കും നഷ്ടപ്പെടുന്ന (അവർ പാഴാക്കിക്കളയുന്ന) രണ്ടു അനുഗ്രഹങ്ങളാണ് ആരോഗ്യവും ഒഴിവ് സമയവും. [ബുഖാരി]

■

അക്രമം, മർദ്ദനം, മനുഷ്യവധം

അക്രമം, പീഢനം, മർദ്ദനം

❒ അബൂദർർ رضي الله عنه നിവേദനം: ഉന്നതനും അനുഗ്രഹപൂർണ്ണനുമായ അല്ലാഹു അരുളിയതായി നബി ﷺ പറഞ്ഞു: "എന്റെ അടിമകളേ ഞാൻ എന്റെ മേൽ അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. അത് ഞാൻ നിങ്ങൾക്കിടയിലും നിഷിദ്ധമാക്കിയിരിക്കുന്നു. അതു കൊണ്ട് എന്റെ അടിമകളേ. നിങ്ങൾ പരസ്പരം അക്രം കാണിക്കരുത്....[മുസ്‌ലിം]

❒ ജാബിർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "നിങ്ങൾ അക്രമം സൂക്ഷിക്കുക, കാരണം അക്രമം അന്ത്യദിനത്തിലെ അന്ധകാരങ്ങളാണ്...[മുസ്‌ലിം]

❒ ഹിശാമിബ്നു ഹകീം رضي الله عنه നിവേദനം:.... നബി ﷺ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ദുൻയാവിൽ ശിക്ഷിക്കുന്നവരെ അല്ലാഹുവും ശിക്ഷിക്കും. [മുസ്‌ലിം]

❒ ഇബ്നു അബ്ബാസ് നിവേദനം: മുആദിനെ യമനിലേക്ക് നിയോഗിച്ചപ്പോൾ നബി ﷺ പറഞ്ഞു: അക്രമിക്കപ്പെട്ടവരുടെ (മർദ്ദിതരുടെ) പ്രാർത്ഥന നീ സൂക്ഷിക്കുക. അതിനും അല്ലാഹുവിനുമിടയിൽ യാതൊരു മറയുമില്ല. [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരാൾ തന്റെ സഹോദരനെ അഭിമാനം ക്ഷതപെടുത്തികൊണ്ടോ മറ്റോ അക്രമിച്ചിട്ടുണ്ടെങ്കിൽ സ്വർണ്ണവും വെള്ളിയും പ്രയോജനപെടാത്ത നാളിന് മുമ്പായി ഇന്ന് തന്നെ അവനോട് മാപ്പ് ചോദിക്കട്ടെ: അല്ലെങ്കിൽ തന്റെ സുകൃതങ്ങളിൽ നിന്ന്

അക്രമത്തിന്റെ തോതനുസരിച്ച് പിടിക്കപ്പെടുന്നതാണ്. ഇനി അവന് സുകൃതങ്ങളില്ലെങ്കിൽ തന്റെ സഹോദരന്റെ തിന്മകൾ അവന്റെ മേൽ ചാർത്തപെടുന്നതാണ്. [ബുഖാരി]

❒ 6 അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: "ആരാണ് പാപ്പരായവൻ എന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: "ഞങ്ങളിലെ പാപ്പരായവർ ദിർഹമും വിഭവങ്ങളുമില്ലാത്തവനാണ്. അപ്പോൾ നബിﷺ പറഞ്ഞു: "എന്റെ സമുദായത്തിലെ പാപരായവർ അന്ത്യദിനത്തിൽ നമസ്ക്കാരവും നോമ്പും സകാത്തുമായി വരുന്നവരാണ്. അവൻ ഒരുവനെ ചീത്തപറയുകയും, ഒരുവന്റെ മേൽ വ്യഭിചാരമാരോപിക്കുകയും, ഒരുവന്റെ ധനം ഭക്ഷിക്കുകയു, ഒരുവന്റെ രക്തം ചിന്തുകയും, ഒരുവനെ അടിക്കുകയും ചെയ്തുകൊണ്ടാണ് അവിടെ വന്നത്. അങ്ങനെ അവന്റെ നന്മയിൽ നിന്ന് അക്രമത്തിന് വിധേയമായവർക്ക് നൽകും. ഇനി അവന്റെ മേൽ ബാധ്യതയുള്ളത് വീട്ടുന്നതിന് മുമ്പ് അവന്റെ നന്മ തീർന്നു പോയാൽ ഇവരുടെ (അക്രമിക്കപ്പെട്ടവരുടെ) പാപങ്ങൾ അവന്റെ മേൽ വെച്ച് കൊടുക്കും പിന്നീട് അവനെ നരകത്തിലെറിയും. [മുസ്ലിം]

❒ അബൂമൂസാ നിവേദനം: നബിﷺ പറഞ്ഞു: "നിശ്ചയം അല്ലാഹു അക്രമിക്ക് അവധി നീട്ടികൊടുക്കും പിന്നീട് അവനെ പിടികൂടി കഴിഞ്ഞാൽ കുതറി ചാടുക സാധ്യമല്ല. പിന്നീട് നബിﷺ ഇത് പാരായണം ചെയ്തു: "വിവിധ രാജ്യക്കാർ അക്രമികളായിരിക്കെ അവരെ പിടികൂടി ശിക്ഷിക്കുമ്പോൾ നിന്റെ രക്ഷിതാവിന്റെ പിടുത്തം അപ്രകാരമാകുന്നു. തീർച്ചയായും അവന്റെ പിടുത്തം വേദനയേറിയതും കഠിനമായതുമാണ്. (ഖുർആൻ 11/102) [ബുഖാരി, മുസ്ലിം]

കൊലപാതകം

❒ ഇബ്നു മസൂദ് നിവേദനം: റസൂൽﷺ അരുളി: ഒരു ആത്മാവും അന്യായമായി വധിക്കപ്പെടുന്നില്ല. അതിന്റെ പാപത്തിന്റെ ഒരു ഓഹരി ആദമിന്റെ മകൻ ഖാബിലിന് ലഭിച്ചിട്ടല്ലാതെ, കാരണം അവനാണ് ഭൂമിയിൽ കൊലപാതം തുടങ്ങിവെച്ചത്. [ബുഖാരി, മുസ്ലിം]

❒ ഇബ്നു മസൂദ് നിവേദനം. നബിﷺ അരുളി: അന്ത്യനാളിൽ ജനങ്ങൾക്കിടയിൽ ആദ്യമായി വിധിക്കപ്പെടുന്നത് രക്തം ചീന്തിയതിനെകുറിച്ചായിരിക്കും. [ബുഖാരി, മുസ്ലിം]

❒ അനസ് നിവേദനം: നബിﷺ പറഞ്ഞു: "അല്ലാഹുവിൽ പങ്ക്ചേർ

ക്കുക, മാതാപിതാക്കളെ ദ്രോഹിക്കുക, മനുഷ്യരെ കൊലപ്പെടുത്തുക, കള്ള സത്യം ചെയ്യുക എന്നിവയാണ് മഹാപാപങ്ങൾ.” [മുസ്‌ലിം]

❒ അബ്ദുല്ലാ ഇബ്നു അബ്ബാസ് ﷺ നിവേദനം: നബി ﷺ പറഞ്ഞു: കൊല്ലപ്പെട്ടവൻ കൊലയാളിയെയും കൊണ്ട് അന്ത്യനാളിൽ വരും ഘാതകന്റെ മൂർധാവും തലയും കൊല്ലപ്പെട്ടവന്റെ കയ്യിലായിരിക്കും. കൊല്ലപ്പെട്ടവന്റെ കണ്ഠനാഡികൾ രക്തം നിറഞ്ഞൊലിച്ചു കൊണ്ടുമായിരിക്കും. അയാൾ പറയും: രക്ഷിതാവേ, ഇയാൾ എന്നെ കൊലചെയ്തു. എത്രത്തോളമെന്നാൽ കൊല്ലപ്പെട്ടവൻ കൊലയാളിയെ (പ്രതികാരം ചോദിച്ചുകൊണ്ട്) അർശിനോട് മുട്ടിക്കുമാറാകും. [തിർമിദി]

കൊള്ളയും അംഗഛേദവും

അബ്ദുല്ലാഹിബ്നു യസീദ് ﷺ നിവേദനം: പിടിച്ച് പറിയും അംഗഛേദം ചെയ്യുന്നതും നബി ﷺ വിരോധിച്ചിരിക്കുന്നു. [ബുഖാരി]

■

കളവ്, കള്ള സാക്ഷ്യം, ഊഹം, കുതർക്കം

കളവ്

അബ്ദുല്ലﷺ നിവേദനം: അല്ലഹുവിന്റെ റസൂൽﷺ പറഞ്ഞു: കള്ളം നിങ്ങൾ സൂക്ഷിക്കണം (വർജ്ജിക്കണം). എന്തെന്നാൽ കള്ളം അധാർമികതയിലേക്കും അധാർമികത നരകത്തിലേക്കും തന്നെയാണ് നയിച്ചുകൊണ്ടിരിക്കുക. കള്ളം പറയുകയും അത് തന്നെ തെരെഞ്ഞെടുക്കുകയും ചെയ്യുന്ന മനുഷ്യൻ അല്ലാഹുവിന്റെയടുക്കൽ തനി വ്യാജനായി രേഖപെടുത്തുന്നു...[അബൂദാവൂദ്]

കള്ള സാക്ഷ്യം

ഇബ്നു ഉമർﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: ഏറ്റവും വലിയ വ്യാജ ആരോപണം കണ്ടിട്ടില്ലാത്തത് കണ്ടെന്ന് പറയലാണ്. [ബുഖാരി]

ഊഹം, ചാരവൃത്തി

അബൂഹുറയ്റﷺ നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: നിങ്ങൾ ഊഹത്തെ സൂക്ഷിക്കുക. നിശ്ചയം വർത്തമാനങ്ങളിൽ ഏറ്റവും കളവായിട്ടുള്ളത് ഊഹമാണ്. നിങ്ങൾ മറ്റുള്ളവരുടെ രഹസ്യങ്ങൾ ചികഞ്ഞു നോക്കരുത്. അന്യരുടെ കുറവുകൾ അന്വേഷിക്കുകയുമരുത്. നിങ്ങൾ അന്യോന്യം കിടമൽസരം നടത്തരുത്. പരസ്പരം അസൂയപ്പെടരുത്. നിങ്ങൾ പരസ്പരം വിദ്വേഷം വെച്ച് പുലർത്തരുത്. നിങ്ങൾ പരസ്പരം ശത്രുത പുലർത്തരുത്. നിങ്ങൾ അല്ലാഹുവിന്റെ ദാസന്മാരായ സഹോദരന്മാരായിത്തീരുക. [മുസ്ലിം]

കിംവദന്തി, അനാവശ്യ ചോദ്യം

ശഅ്ബി നിവേദനം: മുആവിയ رضي الله عنه മുഗീറ رضي الله عنه ക്ക് എഴുതി: "താങ്കൾ നബി ﷺ യിൽ നിന്ന് കേട്ട ഒരു കാര്യം എനിക്ക് എഴുതി അറിയിച്ച് തന്നാലും: അപ്പോൾ അദ്ദേഹം എഴുതി: "നബി ﷺ പറയുന്നതായി ഞാൻ കേട്ടു: അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യങ്ങൾ വെറുത്തിരുന്നു. കിംവദന്തി; ധനം പാഴാക്കൽ, അനാവശ്യമായ അമിത ചോദ്യം. [മുസ്ലിം]

കുതർക്കം

ആഇശ رضي الله عنها നിവേദനം: നബി ﷺ അരുളി: "ജനങ്ങളിൽ അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ളവൻ പിടിവാശിക്കാരനായ കുതർക്കിയാണ്. [ബുഖാരി, മുസ്ലിം]

അനാവശ്യം പറയൽ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറയുന്നത് അദ്ദേഹം കേട്ടു: മുന്നാലോചയില്ലാതെ ദുരർത്ഥം വരാവുന്ന ഒരു വർത്തമാനം ഒരാൾ പറഞ്ഞാൽ ചക്രവാളത്തെക്കാൾ അഗാധമായ നരക കുണ്ഢത്തിൽ അവൻ പതിക്കുന്നതാണ്. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു ദാസൻ അല്ലാഹുവിന് തൃപ്തികരമായ ഒരു വാക്ക് പറയുന്നു: പ്രധാന്യം കല്പിച്ചു (മനസ്സറിഞ്ഞു) കൊണ്ടല്ല അത് പറയുന്നത്. എങ്കിൽ അത് മുഖേന അല്ലാഹു അവന്റെ പദവികൾ ഉയർത്തുന്നു. ഒരു ദാസൻ അല്ലാഹുവിന് കോപമുണ്ടാക്കുന്ന വാക്കുകൾ പറയുന്നു. അയാൾ അത് പറഞ്ഞത് പ്രധാന്യം കല്പിച്ച് കൊണ്ടൊന്നുമല്ല. എന്നാലും അതുമുഖേന അവൻ നരകത്തിൽ പതിക്കും. [ബുഖാരി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരാരോ അവർ നല്ലത് പറയട്ടെ അല്ലെങ്കിൽ മൗനം പാലിച്ചു കൊള്ളട്ടെ. [ബുഖാരിം മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: കേട്ടതെല്ലാം പറയൽ മനുഷ്യന് കള്ളം പറയുന്നവനാകാൻ മതിയാവുന്നതാണ്. [മുസ്ലിം]

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിനെ ഓർമ്മിക്കാതെ നിങ്ങൾ സംസാരം വർദ്ധിപ്പിക്കരുത്. അല്ലാഹുവിനെ ഓർക്കാതെയുള്ള അധിക സംസാരം ഹൃദയത്തെ കഠിനമാക്കും. നിശ്ചയം

ജനങ്ങളിൽ വെച്ച് അല്ലാഹുവിൽ നിന്ന് അകന്നവൻ കഠിന ഹൃദയമുള്ള വനാണ്. [തിർമിദി]

❒ അബൂഹുറയ്റ ﷺ നിവേദനം: റസൂൽ ﷺ പറഞ്ഞു: ഒരാളെ താടിയെല്ലുകൾക്കിടയിലുള്ളതിന്റെ (നാവ്) തിന്മയിൽ നിന്നും, രണ്ട് കാലുകൾക്കിടയിലുള്ളതിന്റെ (ലൈംഗികാവയവം) തിന്മയിൽ നിന്നും അല്ലാഹു സംരക്ഷിച്ചുവെങ്കിൽ അയാൾ സ്വർഗത്തിൽ പ്രവേശിച്ചു. [തിർമിദി]

■

അസഭ്യം, പരനിന്ദ, ശാപവർഷം

ചീത്ത വാക്ക്, അസഭ്യം

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് ؓ നിവേദനം: നബി ﷺ പറഞ്ഞു: മുസ്ലിമിനെ ചീത്ത പറയുന്നത് ദുർമാർഗ്ഗവും അവനോട് കലഹിക്കൽ സത്യനിഷേധവുമാണ്. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ ؓ നിവേദനം: നബി ﷺ പറഞ്ഞു: ജനങ്ങൾക്കിടയിലുള്ള രണ്ട് സ്വഭാവങ്ങൾ അവ രണ്ടും സത്യനിഷേധമാണ്. കുലത്തിന്റെ പേരിൽ ആക്ഷേപിക്കലും, മരിച്ച് പോയവരുടെ പേരിൽ അലമുറയിട്ട് കരയലും. [മുസ്ലിം]

❒ അബൂഹുറയ്റ ؓ നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ പരസ്പരം ചീത്ത പറയരുത്, നിങ്ങൾ പരസ്പരം ശത്രുത പുലർത്തരുത്....[മുസ്ലിം]

❒ ആഇശ ؓ പറയുന്നു. നബി ﷺ പറയുകയുണ്ടായി: "നിങ്ങൾ മരണപ്പെട്ടവരെ ശകാരിക്കരുത്. അവർ മുമ്പ് ചെയ്ത പ്രവർത്തനങ്ങളിലേക്ക് (അതിന്റെ ഫലത്തിലേക്ക്) എത്തിച്ചേർന്ന് കഴിഞ്ഞിരിക്കുന്നു. [ബുഖാരി]

❒ ഇബ്നു മസ്ഊദ് ؓ നിവേദനം: റസൂൽ ﷺ പറഞ്ഞു: സത്യവിശ്വാസി അധിക്ഷേപിക്കുന്നവനോ, അസഭ്യം പറയുന്നവനോ, അശ്ലീലം പറയുന്നവനോ ആവുകയില്ല. [തിർമിദി]

ശപിക്കൽ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു സത്യവിശ്വാസിക്ക് അവൻ ശപിക്കുന്നവനാകുന്നത് യോജിച്ചതല്ല. [മുസ്ലിം]

❒ അബൂദർദാഅ് رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ശപിക്കുന്നവൻ അന്ത്യദിനത്തിൽ ശുപാർശകനോ സാക്ഷികളോ ആവുകയില്ല. [മുസ്ലിം]

❒ സമൂറ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ. അവന്റെ കോപമുണ്ടാവട്ടെ, നരകമുണ്ടാവട്ടെ എന്നിങ്ങനെ നിങ്ങൾ പരസ്പരം ശപിക്കരുത്. [അബൂദാവൂദ്, തിർമിദി]

■

ഏഷണി, പരദൂഷണം, ആരോപണം, മുഖസ്തുതി

ഏഷണി, പരദൂഷണം

❒ ഹുദൈഫ رضي الله عنه പറയുന്നു: നബി ﷺ പറയുന്നത് ഞാൻ കേട്ടു: "ഏഷണിക്കാരൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല." [ബുഖാരി, മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: "പരദൂഷണം എന്തെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: "നിന്റെ സഹോദരനെകുറിച്ച് അവൻ ഇഷ്ടപ്പെടാത്തത് പറയുക." അപ്പോൾ ആരോ പറഞ്ഞു: "ഞാൻ പറയുന്നത് എന്റെ സഹോദരനിൽ ഉണ്ടെങ്കിലോ? നബി ﷺ പറഞ്ഞു: "നീ പറയുന്നത് അവനിൽ ഉണ്ടെങ്കിൽ നീ അവനെക്കുറിച്ച് പരദൂഷണം പറഞ്ഞു. അത് അവനിൽ ഇല്ലെങ്കിൽ നീ അവനെക്കുറിച്ച് കളവ് പറഞ്ഞു." [മുസ്‌ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു അടിമ ദുൻയാവിൽ വെച്ച് മറ്റൊരു അടിമയുടെ ന്യൂനതകൾ മറച്ച് വെച്ചാൽ അന്ത്യദിനത്തിൽ വെച്ച് അല്ലാഹു അവന്റെ കുറവുകളും മറച്ചു വെക്കും. [മുസ്‌ലിം]

❒ അബ്ദുല്ലാഹിബ്നു മസ്ഊദ് رضي الله عنه നിവേദനം: മുഹമ്മദ് നബി ﷺ പറഞ്ഞു: നിഷിദ്ധവും അങ്ങേയറ്റം നികൃഷ്ടവുമായത് ഞാൻ നിങ്ങൾക്ക് പറഞ്ഞ് തരട്ടയോ? അത് ജനങ്ങൾക്കിടയിൽ പറയപ്പെടുന്ന പരദൂഷണമാണ്... [മുസ്‌ലിം]

വ്യാജവാദങ്ങൾ

❒ വാഇലത്ത്ബ്നുൽ അസ്ഖഅ് رضي الله عنه പറയുന്നു: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: ഒരാൾ തന്റെ പിതാവല്ലാത്തവരിലേക്ക് പിതൃത്വം ചേർത്തി പറയലും തന്റെ കണ്ണ് കൊണ്ട് കാണാത്തതിനെ കണ്ടെന്ന് പറയലും അല്ലാഹുവിന്റെ റസൂൽ പറഞ്ഞിട്ടില്ലാത്തത് അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കലും ഗുരുതരമായ വ്യാജാരോപണങ്ങളാകുന്നു. [ബുഖാരി]

❒ അബൂദർറ് رضي الله عنه നിവേദനം: നബി ﷺ പറയുന്നത് അദ്ദേഹം കേട്ടു: "ഒരാൾ മറ്റൊരാളുടെ പേരിൽ അധർമ്മമോ സത്യനിഷേധമോ ആരോപിക്കരുത്. ആരുടെ പേരിലാണോ ആരോപിച്ചത് അയാൾ അത്തരക്കാരനല്ലെങ്കിൽ ആരോപണം ഉന്നയിച്ചവനിലേക്ക് തന്നെ അത് മടങ്ങും. [ബുഖാരി]

മുഖസ്തുതി

അബൂ മൂസാ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: ഒരാൾ മറ്റൊരാളെ അതിരുകവിഞ്ഞ് പ്രശംസിക്കുന്നത് നബി ﷺ കേൾക്കാനിടയായി. അപ്പോൾ തിരുമേനി ﷺ പറഞ്ഞു: അയാളെ താങ്കൾ വധിച്ചു കളഞ്ഞല്ലോ. [ബുഖാരി, മുസ്ലിം]

■

വർഗ്ഗീയത, തീവ്രവാദം, യുക്തിവാദം

വർഗ്ഗീയത

❒ നബി ﷺ പറഞ്ഞു: വർഗ്ഗീയതയിലേക്ക് ക്ഷണിച്ചവൻ നമ്മിൽ പെട്ടവനല്ല. വർഗ്ഗീയതയുടെ പേരിൽ യുദ്ധത്തിലേർപെട്ടവൻ നമ്മിൽ പെട്ടവനല്ല. വർഗ്ഗീയതയുടെ പേരിൽ മരിച്ചവനും നമ്മിൽ പെട്ടവനല്ല. [അബൂദാവൂദ്]

❒ വാസിലത്തുബ്നുൽ അസ്ഖഅ് ﷺ നിവേദനം: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ! എന്താണ് വിഭാഗീയത? തിരുമേനി ﷺ പറഞ്ഞു: സ്വന്തം ആളുകളെ അന്യായത്തിൽ പിന്തുണക്കൽ. [അബൂദാവൂദ്]

പക്ഷാപാതിത്വം

ജുൻദുബ്നു അബ്ദുല്ല ﷺ നിവേദനം: നബി ﷺ പറഞ്ഞു: "ആരെങ്കിലും പക്ഷാപതത്തിലേക്ക് ക്ഷണിച്ചു കൊണ്ടും, പക്ഷപാതത്തെ സഹായിച്ചു കൊണ്ടും, അന്ധമായ പക്ഷപാതത്തിന്റെ കൊടിക്കീഴിൽ യുദ്ധം ചെയ്താൽ അവൻ കൊല്ലപെടുന്നത് ജാഹിലിയത്തിലായിരിക്കും. [മുസ്ലിം]

തീവ്രവാദം

അബ്ദുല്ലാ ﷺ നിവേദനം: നബി ﷺ പറഞ്ഞു: "തീവ്രവാദികൾ നശിച്ചു" അവിടുന്ന് അത് മൂന്ന് തവണ ആവർത്തിച്ചു. [മുസ്ലിം]

യുക്തിവാദം, ദൈവനിഷേധം, സന്ദേഹവാദം

അബൂഹുറയ്റ ﷺ പറയുന്നു: നബി ﷺ പറഞ്ഞു: നിങ്ങളുടേ അടുക്കൽ പിശാച് വന്ന് ചോദിക്കും: ആരാണ് ഇത് സൃഷ്ടിച്ചത്? ആരാണ് അത് സൃഷ്ടിച്ചത്? അങ്ങനെ അവസാനം അവൻ ചോദിക്കും. നിന്റെ രക്ഷിതാവിനെ ആരാണ് സൃഷ്ടിച്ചത്? അത് വരെ എത്തികഴിഞ്ഞാൽ നിങ്ങൾ അല്ലാഹുവിനോട് രക്ഷതേടുക. അതിൽ നിന്ന് വിരമിക്കുകയും ചെയ്യുക. [ബുഖാരി, മുസ്ലിം]■

അമ്പത്തൊന്ന്

പിശുക്ക്, ആഡംബരം, ധൂർത്ത്, ആർത്തി

പിശുക്ക്

ജാബിറ്ബ്നു അബ്ദുല്ല رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: "നിങ്ങൾ അക്രമം സൂക്ഷിക്കുക. കാരണം അക്രമം അന്ത്യദിനത്തിലെ അന്ധകാരങ്ങളാണ്. നിങ്ങൾ പിശുക്കിനെ സൂക്ഷിക്കുക. കാരണം പിശുക്ക് നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചിട്ടുണ്ട്. അത് അവരെ രക്തം ചീന്താൻ പ്രേരിപ്പിക്കുകയും, നിഷിദ്ധമായവ അനുവദനീയമാകുകയും ചെയ്തു. [മുസ്ലിം]

ആഡംബരം

അബൂ സഈദുൽ ഖുദ്രി رضي الله عنه നിവേദനം: ഒരിക്കൽ റസൂൽﷺ പ്രസംഗപീഠത്തിൽ ഇരിക്കുകയായിരുന്നു. റസൂലിന്റെ ചുറ്റും ഞങ്ങളും ഇരിക്കുന്നുണ്ടായിരുന്നു. അപ്പോൾ അവിടുന്നു പറഞ്ഞു: നിശ്ചയം എന്റെ കാലശേഷം ഞാൻ നിങ്ങളുടെ മേൽ ഭയപ്പെടുന്നത് ഐഹിക ആഡംബരവും സമ്പൽ സമൃദ്ധിയും ലഭിക്കുന്നതിനെയാണ്. [ബുഖാരി, മുസ്ലിം]

ധൂർത്ത്, ദുർവ്യയം

അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: "അല്ലാഹു നിങ്ങൾക്ക് മൂന്ന് കാര്യം തൃപ്തിപെടുകയും മൂന്ന് കാര്യം വെറുക്കുകയും ചെയ്യുന്നു. നിങ്ങൾ അവനെ ആരാധിക്കുന്നതും അവനിൽ ആരെയും പങ്കുചേർക്കാതിരിക്കുന്നതും അവൻ ഇഷ്ടപ്പെടുന്നു. നിങ്ങൾ ഭിന്നിക്കാതെ അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കുന്നതും അവൻ ഇഷ്ടപ്പെടുന്നു. നിങ്ങൾ കിംവദന്തി പ്രചരിപ്പിക്കുന്നത് അവൻ വെറുക്കുന്നു. അമിതമായ ചോദ്യവും, ധനം പാഴാക്കുന്നതും അവൻ വെറുക്കുന്നു. [മുസ്ലിം]

അമിത ഭോജനം, ആർത്തി

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: നബിﷺ അരുളി: നിശ്ചയം സത്യവിശ്വാസി ഒരു കുടലിൽ ഭക്ഷിക്കുന്നു. സത്യനിഷേധി അല്ലെങ്കിൽ കപടവിശ്വാസി ഏഴു കുടലിൽ ഭക്ഷിക്കുന്നു. [ബുഖാരി, മുസ്ലിം]

❒ മിഖ്ദാദ് رضي الله عنه നിവേദനം: പ്രവാചകൻﷺ പറയുന്നതായി ഞാൻ കേട്ടു. "വയറിനെക്കാൾ വിനാശകരമായ ഒരു പാത്രവും ഒരാളും നിറച്ചിട്ടില്ല. തന്റെ മുതുകിനെ നിവർത്തി പിടിക്കാൻ ഒരു മനുഷ്യന് ഏതാനും പിടികൾ മതി. കൂടുതൽ ആവശ്യമെങ്കിൽ, വയറിന്റെ മൂന്നിലൊന്ന് ഭക്ഷണത്തിന്, മൂന്നി

ലൊന്ന് പാനീയത്തിന്, മൂന്നിലൊന്ന് ശ്വാസോച്ഛ്വാസത്തിന്. [തിർമിദി]

❒ അബൂഹുറയ്റ ؓ നിവേദനം: അദ്ദേഹം പറഞ്ഞു: നബി ﷺ അരുളി. രണ്ടാളുകൾക്കുള്ള ഭക്ഷണം മൂന്നാളുകൾക്ക് മതിയാകുന്നതാണ്. മൂന്നാളുകൾക്ക് കഴിക്കാനുള്ളത് നാല് പേർക്കും മതിയാകുന്നതാണ്. [ബുഖാരി, മുസ്ലിം]

■

അത്യാഗ്രഹം, അധികാരമോഹം, അഴിമതി

അത്യാഗ്രഹം, ദുരാഗ്രഹം

❒ അനസ്ﷺ നിവേദനം: നബിﷺ പറഞ്ഞു: മനുഷ്യൻ വാർദ്ധക്യം പ്രാപിക്കുമ്പോൾ രണ്ട് കാര്യങ്ങളിൽ അവന് ആഗ്രഹം വർദ്ധിക്കും ദീർഘായുസ്സിനും സമ്പത്തിനുമുള്ള ആഗ്രഹമാണത്. [ബുഖാരി, മുസ്‌ലിം]

❒ ഇബ്നു അബ്ബാസ്ﷺ പറയുന്നു: നബിﷺ പറയുന്നത് ഞാൻ കേട്ടു. "മനുഷ്യൻ ഒരു താഴ്‌വര നിറയെ സമ്പത്തുണ്ടെങ്കിൽ അതു പോലുള്ള ഒന്നും കൂടി ഉണ്ടാവാൻ അവൻ കൊതിക്കും. മനുഷ്യൻ മരിച്ച് മണ്ണിൽ ലയിക്കുന്നത് വരെ ആ ആഗ്രഹം അവനിൽ നിലനിൽക്കുന്നതാണ്. [ബുഖാരി, മുസ്‌ലിം]

❒ കഅ്ബ്ബ്നു മാലിക്ﷺ നിവേദനം: റസൂൽﷺ പറഞ്ഞു: ആട്ടിൻ കൂട്ടത്തിലേക്ക് അഴിച്ച് വിട്ട, വിശന്ന് വലഞ്ഞ രണ്ട് ചെന്നായ്ക്കൾ ആടുകളിൽ സൃഷ്ടിക്കുന്ന വിനാശം എത്രത്തോളമുണ്ടോ, അതിനേക്കാൾ ഭീകരമാണ് സമ്പത്തിനോടും, പ്രശസ്തിയോടുമുള്ള മനുഷ്യന്റെ ദുരാഗ്രഹം തന്റെ മതത്തിൽ സൃഷ്ടിക്കുന്നത്. [തിർമിദി]

അധികാരമോഹം

❒ അബ്ദുറഹ്മാനുബ്നു സമൂറﷺ നിവേദനം: നബിﷺ എന്നോട് പറഞ്ഞു: 'ഹേ അബ്ദുറഹ്മാൻ, നീ നേതൃത്വം ചോദിക്കരുത്. ചോദിച്ചത് കാരണം അത് നൽകപ്പെട്ടാൽ നിനക്കത് (ബാധ്യതയായി) ഏൽപിക്കപ്പെടും.

ചോദിക്കാതെ അത് ലഭിച്ചാൽ അക്കാര്യത്തിൽ നീ സഹായിക്കപ്പെടും. [ബുഖാരി, മുസ്‌ലിം]

❒ അബൂമൂസാ رضي الله عنه നിവേദനം: ഞാനും എന്റെ പിതൃവ്യപുത്രന്മാരിൽ രണ്ട് പേരും കൂടി പ്രവാചക സന്നിധിയിൽ ചെന്നു. ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അല്ലാഹു താങ്കളെ ചുമതലപെടുത്തിയതിൽ ചിലതിന്റെ നേതൃത്വം ഞങ്ങളെ ഏല്പിച്ചാലും. മറ്റെയാളും അങ്ങനെ തന്നെ പറഞ്ഞു. അപ്പോൾ നബി ﷺ പറഞ്ഞു: അല്ലാഹുവാണ് സത്യം! ഈ ചുമതല ഞാൻ ചോദിക്കുന്നവനെ ഏല്പിക്കുകയില്ല. അതിന് ആർത്തിയുള്ളവന് അത് നൽകുകയുമില്ല. [മുസ്‌ലിം]

അഴിമതി, അവിഹിത സമ്പാദ്യം

അബൂ സഈദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു....”തീർച്ചയായും ധനം പച്ചപിടിച്ചതും മധുരമുള്ളതുമാണ്. അപ്പോൾ അഗതികൾക്കും, അനാഥർക്കും, വഴിയാത്രക്കാരനും കൊടുക്കുന്ന കാലത്തോളം മുസ്‌ലിമിന്റെ ഏറ്റവും നല്ല കൂട്ടുകാരനാകുന്നു ധനം.” നബി ﷺ ഇതു കൂടി പറഞ്ഞു: “അന്യായമായ നിലയിൽ ധനം ആരെങ്കിലും കരസ്ഥമാക്കിയാൽ അവന്റെ അവസ്ഥ തിന്നിട്ട് വയർ നിറയാത്തവനെ പോലെയാണ്. ആ ധനം പരലോകത്ത് അവനെതിരിൽ സാക്ഷിയായി വരുന്നതാണ്. [ബുഖാരി, മുസ്‌ലിം]

■

യാചന, കടം, ദാനം തിരിച്ച് വാങ്ങൽ

യാചന

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങളിൽ ഒരാൾ യാചിച്ചുകൊണ്ടേയിരിക്കും. അവസാനം അയാളുടെ മുഖത്ത് മാംസമില്ലാത്ത അവസ്ഥയിലാവും അയാൾ അല്ലാഹുവിനെ അഭിമുഖീകരിക്കേണ്ടിവരിക. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه പറയുന്നു: നബി ﷺ പറഞ്ഞു: നിങ്ങളിൽ ഒരാൾ വിറക് കെട്ടി തന്റെ മുതുകിൽ വെച്ച് കൊണ്ട് വന്ന് വിറ്റ് ഉപജീവനം കഴിക്കുന്നതാണ് ദാനം ലഭിക്കട്ടെ, ലഭിക്കാതിരിക്കട്ടെ. മറ്റുള്ളവരോട് ചോദിക്കുന്നതിനേക്കാൾ ഏറ്റവും നല്ലത്. [ബുഖാരി, മുസ്ലിം]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: തന്റെ സ്വത്ത് വർദ്ധിപ്പിക്കാൻ വേണ്ടി ജനങ്ങളോട് യാചിക്കുന്നവൻ തീകനലാണ് ചോദിക്കുന്നത്. യാചന കൂടുതലോ കുറവോ ആകട്ടെ. [മുസ്ലിം]

കടം വീട്ടാതിരിക്കൽ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും ആളുകളുടെ ധനം തിരിച്ച് കൊടുക്കാൻ ഉദ്ദേശിച്ചു കൊണ്ട് വാങ്ങിയാൽ അല്ലാഹു അവന് വേണ്ടി അത് വീട്ടികൊടുക്കും. അത് നശിപ്പിക്കണമെന്ന് ഉദ്ദേശിച്ച് കൊണ്ട് (തിരിച്ച് കൊടുക്കണമെന്ന് ഉദ്ദേശമില്ലാതെ) വാങ്ങിയാൽ അല്ലാഹു അത് നശിപ്പിക്കും. [ബുഖാരി]

❒ സൗബാൻ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: കടം, വഞ്ചന, അഹങ്കാരം. എന്നീ മൂന്ന് കാര്യങ്ങളിൽ നിന്ന് ഒഴിവായ നിലയിലാണ് ആരുടെയെങ്കിലും ആത്മാവ് മരണവേളയിൽ വേർപിരിയുന്നതെങ്കിൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. [തിർമിദി, ഇബ്നുമാജ]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: പണമുണ്ടായിട്ടും വായ്പ തിരിച്ച് നൽകാതെ കബളിപ്പിക്കുന്ന സമ്പന്നൻ അക്രമിയാണ്..... [ബുഖാരി, മുസ്ലിം]

ദാനം തിരിച്ചു വാങ്ങൽ

❒ ഉമർ رضي الله عنه നിവേദനം:....നബിﷺ അരുളി: "നിങ്ങൾ ദാനം ചെയ്തത് തിരിച്ചു വാങ്ങരുത്! അത് അവൻ ഒരു ദിർഹമിന് നൽകാൻ തയ്യാറായാലും. ദാനം ചെയ്തതു തിരിച്ച് വാങ്ങുന്നവൻ ഛർദ്ദിച്ചത് വീണ്ടും ഭക്ഷിക്കുന്നവനെ പോലെയാണ്. [ബുഖാരി, മുസ്ലിം]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: നബിﷺ അരുളി: ഒരാൾക്ക് ദാനം നൽകിയത് തിരിച്ചു വാങ്ങുന്നവൻ ഛർദ്ദിച്ചത് ഭക്ഷിക്കുന്ന നായയെ പോലെയാണ്. [ബുഖാരി, മുസ്ലിം]

രൂപമുണ്ടാക്കൽ

ഇബ്നു മസൂദ് رضي الله عنه നിവേദനം: റസൂൽﷺ പറയുന്നത് ഞാൻ കേട്ടു: "അന്ത്യനാളിൽ ജനങ്ങളിൽ ഏറ്റവും കഠിനമായ ശിക്ഷക്ക് വിധേയമാകുന്നവർ പ്രതിരൂപം ഉണ്ടാക്കുന്നവരാണ്. [ബുഖാരി, മുസ്ലിം]

■

■ അമ്പത്തിനാല്

ചതി, ഭൂമി കയ്യേറ്റം, കൈകൂലി, പൂഴ്ത്തിവെപ്പ്

ചതി

അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ ഒരു ധാന്യകൂമ്പാരത്തിന്റെ സമീപത്ത് കൂടി കടന്നുപോയി. കൈ അതിനുള്ളിലേക്ക് പ്രവേശിച്ചപ്പോൾ വിരലുകൾക്ക് നനവ് അനുഭവപെട്ടു. അപ്പോൾ തിരുമേനി ﷺ ചോദിച്ചു: വില്പനക്കാരാ, ഇതെന്താണ്? അപ്പോൾ അയാൾ പറഞ്ഞു: 'മഴമൂലം നനഞ്ഞതാന്. പ്രവാചകരേ! നബി ﷺ പറഞ്ഞു: 'എങ്കിൽ ജനങ്ങൾ കാണുന്നവിധം (ആ ഭാഗം) മുകളിലാക്കാമായിരുന്നില്ലേ. ആരെങ്കിലും വഞ്ചന നടത്തുന്നുവെങ്കിൽ അവൻ എന്നിൽ പെട്ടവനല്ല. [മുസ്ലിം]

ഭൂമി കയ്യേറ്റം

❒ സഈദ്ബ്നു സൈദ് رضي الله عنه നിവേദനം:..... റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടതായി സാക്ഷ്യം വഹിക്കുന്നു. "അന്യായമായി ഒരു ചാൺ ഭൂമി ആരെങ്കിലും കവർന്നെടുത്താൽ അന്ത്യനാളിൽ ഏഴു ഭൂമിയിൽ നിന്ന് അത്രയും അവന്റെ കഴുത്തിൽ അണിയിക്കുന്നതാണ്. [ബുഖാരി, മുസ്ലിം]

❒ വാഇലുബ്നു ഹുജ്ർ رضي الله عنه നിവേദനം:....നബി ﷺ പറഞ്ഞു: "വല്ലവനും അക്രമമായി (അന്യരുടെ) ഭൂമി സ്വന്തമാക്കിയാൽ അവനോട് കോപിഷ്ഠനായ നിലക്ക് അല്ലാഹുവിനെ അവൻ കാണും. [മുസ്ലിം]

കൈകൂലി

അബ്ദുല്ലാഹിബ്നു അംറ് നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: കൈകൂലി വാങ്ങുന്നവന്റെയും കൊടുക്കുന്നവന്റെയും മേൽ അല്ലാഹു ശാപം വർഷിക്കട്ടെ. [ഇബ്നുമാജ]

പൂഴ്ത്തിവെപ്പ്

മഅ്മർ നിവേദനം: നബിﷺ പറഞ്ഞു: ആരെങ്കിലും പൂഴ്ത്തിവെപ്പ് നടത്തിയാൽ അവൻ കുറ്റവാളിയാണ്. [മുസ്ലിം]

■

പലിശയും നിഷിദ്ധ സമ്പാദ്യങ്ങളും

പലിശ

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ അരുളി: "നിങ്ങൾ ഏഴ് മഹാ പാപങ്ങൾ വെടിയുക." അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ അവ ഏതെല്ലാമാണ്? തിരുമേനി ﷺ പറഞ്ഞു: അല്ലാഹുവിൽ പങ്കുചേർക്കൽ. ആഭിചാരം ചെയ്യൽ, അല്ലാഹു പവിത്രത നൽകിയ മനുഷ്യജീവൻ അന്യായമായി ഹനിക്കൽ, പലിശ തിന്നൽ, അനാഥയുടെ ധനം ഭക്ഷിക്കൽ, യുദ്ധമുന്നണിയിൽ നിന്ന് പിന്തിരിഞ്ഞോടൽ. പതിവ്രതകളായ സത്യവിശ്വാസിനികളെ കുറിച്ച് ദുർനടപ്പ് ആരോപിക്കൽ. [ബുഖാരി, മുസ്ലിം, അബൂദാവൂദ്]

❒ ജാബിർ رضي الله عنه നിവേദനം: "പലിശ തിന്നുവനെയും, അത് തീറ്റിപിക്കുന്നവനെയും, പലിശ ഇടപാടുകൾ എഴുതുന്നവരെയും, അതിന് സാക്ഷ്യം വഹിക്കുന്നവരെയും നബി ﷺ ശപിച്ചിരിക്കുന്നു." തിരുമേനി (തുടർന്നു) പറഞ്ഞു: "അവർ സമമാണ്" [മുസ്ലിം]

❒ ഇബ്നു മസ്ഊദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: പലിശ ഉപയോഗം വർദ്ധിപ്പിക്കുന്നവരുടെയെല്ലാം അവസാനം അതുകൂടുന്നതിനനുസരിച്ച് അയാൾ പാപ്പരകുമെന്നാതാണ്. [ഇബ്നുമാജ]

നിഷിദ്ധ സമ്പാദ്യങ്ങൾ

❒ ജാബിറുബ്നു അബ്ദില്ല رضي الله عنه നിവേദനം: മക്കാ വിജയ വർഷം നബി ﷺ പറയുന്നതായി അദ്ദേഹം കേട്ടു: "മദ്യം, ശവം, പന്നി, വിഗ്രഹങ്ങൾ എന്നിവ

യുടെ വില്പനയെ അല്ലാഹു നിരോധിച്ചിരിക്കുന്നു....[ബുഖാരിം മുസ്ലിം]

❒ അബൂമസ്ഊദ് ﷺ നിവേദനം "നായയുടെ വില, വേശ്യയുടെയും ജോത്സ്യന്റെയും കൂലി നബി ﷺ നിഷിദ്ധമാക്കിയിരിക്കുന്നു. [ബുഖാരി, മുസ്ലിം]

❒ ആഇശ ﷺ നിവേദനം: സൂറത്തുൽ ബഖറയുടെ അവസാന ആയത്തുകൾ അവതരിച്ചപ്പോൾ നബി ﷺ അവ ജനങ്ങൾക്ക് ഓതികൊടുക്കുകയും എന്നിട്ട് മദ്യം വില്പന നടത്തുന്നത് നിഷിദ്ധമാണെന്നറിയിക്കുകയും ചെയ്തു. [ബുഖാരി, മുസ്ലിം, അബൂദാവൂദ്]

■

ആത്മഹത്യ

ആത്മഹത്യ

❒ അബൂഹുറയ്റ പറയുന്നു: നബിﷺ പറഞ്ഞു: ഒരാൾ മലമുകളിൽ നിന്ന് താഴോട്ട് ചാടികൊണ്ട് ആതമഹത്യ ചെയ്തു, എന്നാൽ അവന്റെ വാസസ്ഥലം നരകമായിരിക്കും. ശാശ്വതമായി അവനതിൽ വസിച്ചു കൊണ്ട് വീണുകൊണ്ടിരിക്കും. ആരെങ്കിലും വിഷം കഴിച്ച് ആത്മഹത്യ ചെയ്താൽ ശാശ്വതമായി അവൻ നരകത്തിൽ വസിച്ചുകൊണ്ട് വിഷം കഴിച്ചുകൊണ്ടേയിരിക്കും. ഒരു ആയുധം ഉപയോഗിച്ച് ഒരാൾ ആത്മഹത്യ ചെയ്താൽ ശാശ്വതമായി നരകത്തിൽ വസിച്ച് ആയുധം കയ്യിൽ പിടിച്ച് അവൻ തന്റെ വയറ് കുത്തിക്കീറി കൊണ്ടേയിരിക്കും. [ബുഖാരി, മുസ്ലിം]

❒ ജുൻദുബ് നിവേദനം: നബിﷺ പറഞ്ഞു: ഒരാൾക്ക് ഒരു മുറിവ് പറ്റിയിരുന്നു. അയാൾ അതിനാൽ ആത്മഹത്യ ചെയ്തു. അപ്പോൾ അല്ലാഹു പറഞ്ഞു: "എന്റെ അടിമ അവന്റെ ആത്മാവിന്റെ കാര്യത്തിൽ എന്നെ (മറികടക്കാൻ) ധൃതികൂട്ടി. അതിനാൽ അവനു ഞാൻ സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. [ബുഖാരി]

❒ സാബിതുബ്നു ദഹ്ഹാക്ക് പറയുന്നു: നബിﷺ പറഞ്ഞു: "ഇസ്ലാമിക മാർഗ്ഗത്തിന് വിരുദ്ധമായികൊണ്ട് ആരെങ്കിലും കളവായി സത്യം ചെയ്താൽ അവൻ ആ പറഞ്ഞ പോലെ തന്നെ ആയിരിക്കും. ഒരാൾ ആത്മഹുതി ചെയ്യുന്നത് എന്തുകൊണ്ടാണോ അതുകൊണ്ട് തന്നെ നരകത്തിൽ അവൻ ശിക്ഷിക്കപ്പെടുന്നതാണ്. വിശ്വാസിയെ ശപിക്കുന്നത് അവനെ വധിക്കുന്നതുപോലെയാണ്. ഒരു വിശ്വാസിയിൽ അവിശ്വാസം ആരോപിക്കുന്നതും അവനെ വധിക്കുന്നതിനു തുല്യമാണ്. [ബുഖാരി,

മുസ്‌ലിം, തിർമിദി]

❒ അബൂഹുറയ്റ رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങളാരും മരണം ആഗ്രഹിക്കരുത്. അവൻ സദ്‌വൃത്തനാണെങ്കിൽ നന്മകൾ കൂടുതൽ വർദ്ധിപ്പിക്കാമല്ലോ. അവൻ ദുർവൃത്തനാണെങ്കിൽ അവന്ന് പശ്ചാതപിക്കാൻ അവസരം ലഭിച്ചേക്കാം. [ബുഖാരി]

❒ അനസ് رضي الله عنه നിവേദനം: നബി ﷺ അരുളി തനിക്ക് ബാധിച്ച് ഒരു വിപത്തിന്റെ പേരിൽ നിങ്ങളിലൊരാളും മരണം കൊതിക്കരുത്. മരണത്തെ ആഗ്രഹിക്കൽ അനിവാര്യമാണെങ്കിൽ അവൻ ഇങ്ങനെ പ്രാർത്ഥിക്കട്ടെ. "അല്ലാഹുവേ ജീവിതമാണെനിക്ക് നല്ലതെങ്കിൽ എന്നെ നീ ജീവിപ്പിക്കേണമേ. മരണമാണ് ഉത്തമമെങ്കിൽ എന്നെ മരിപ്പിക്കേണമേ. [ബുഖാരി, മുസ്‌ലിം]

■

മദ്യവും ലഹരി വസ്തുക്കളും

മദ്യം രോഗമാണ്, ശമനമല്ല

വാഇൽ ഇബ്നു ഹദ്റമി رضي الله عنه നിവേദനം: നബിﷺ പറഞ്ഞു: നിശ്ചയം അത്(മദ്യം) രോഗമാണ്. ഔഷധമല്ല. [അഹ്മദ്]

തിന്മകളുടെ താക്കോൽ

ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതർﷺ പറഞ്ഞു: "നിങ്ങൾ മദ്യം വെടിയുക. കാരണം അത് എല്ലാ തിന്മകളുടെയും താക്കോലാകുന്നു തീർച്ച. (ഹാകിം, ബൈഹഖി)

എല്ലാ ലഹരി വസ്തുക്കളും മദ്യം

അബ്ദുല്ലാഹ്ബ്നു ഉമർ رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: എല്ലാ ലഹരി വസ്തുക്കളും മദ്യമാകുന്നു. എല്ലാ ലഹരിയുണ്ടാക്കുന്നതും നിഷിദ്ധമാകുന്നു. [മുസ്ലിം]

കുറച്ചായാലും കൂടുതലായാലും സമം

ജാബിർ رضي الله عنه നിവേദനം: റസൂൽﷺ പറഞ്ഞു: കൂടുതൽ (ഉപയോഗിച്ചാൽ) ലഹരിയുണ്ടാക്കുന്നത് കുറച്ചാണെങ്കിലും നിഷിദ്ധമാണ്. [അബൂദാവൂദ്]

സമ്പാദ്യവും നിഷിദ്ധം

അബൂഹുറയ്റ رضي الله عنه നിവേദനം: നിശ്ചയം അല്ലാഹുവിന്റെ ദൂതർ പറഞ്ഞു: "നിശ്ചയം അല്ലാഹു കള്ളും അതിന്റെ വിലയും നിഷിദ്ധമാക്കിയിരിക്കുന്നു. ശവവും അതിന്റെ വിലയും നിഷിദ്ധമാക്കിയിരിക്കുന്നു. പന്നിയും അതിന്റെ വിലയും നിഷിദ്ധമാക്കിയിരിക്കുന്നു. [തിർമിദി]

മദ്യം വിളമ്പുന്ന സദ്യകളിൽ ഇരിക്കരുത്

ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: വല്ലവനും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ മദ്യം സേവിക്കപ്പെടുന്ന തീൻ മേശകളിൽ അവൻ ഇരിക്കരുത്. [അബൂദാവൂദ്]

മദ്യപാനി വിഗ്രഹാരാധകനെ പോലെ

ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: അദ്ദേഹം പറഞ്ഞു: റസൂൽ ﷺ പറഞ്ഞു "മദ്യപാനി മരണപ്പെടുകയാണെങ്കിൽ വിഗ്രഹാരാധകനെ പോലെ അല്ലാഹുവിനെ കണ്ടുമുട്ടും. [അഹ്മദ്]

സ്വർഗപ്രവേശനത്തിന് അർഹനല്ല

❒ അബ്ദുല്ലാഹിബ്നു ഉമർ رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: മൂന്ന് കൂട്ടർ അവരുടെ മേൽ അല്ലാഹു സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. മുഴുകുടിയൻ, മാതാപിതാക്കളെ ദ്രോഹിക്കുന്നവൻ, സ്വന്തം കുടുംബത്തിൽ വൃത്തികേടിന് സമ്മതം നൽകുന്നവൻ. [അഹ്മദ്]

❒ അബൂ സഈദുൽ ഖുദ്രി رضي الله عنه നിവേദനം: അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: അഞ്ച് (പാപങ്ങളുടെ) ആളുകൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. മുഴുകുടിയൻ, സിഹ്റിനെ സത്യപ്പെടുത്തുന്നവൻ, കുടുംബബന്ധം മുറിക്കുന്നവൻ, ജ്യോത്സ്യൻ, ദാനം ചെയ്തത് എടുത്ത് പറയുന്നവൻ" [ഇബ്നുമാജ]

■

അന്ത്യത്തിയെട്ട്

വ്യഭിചാരം

വ്യഭിചാരങ്ങളുടെ ഇനങ്ങൾ

അബൂഹുറയ്റ നിവേദനം: നബിﷺ പറഞ്ഞു: 'ആദമിന്റെ പുത്രന്റെ മേൽ വിഭിചാരത്തിൽ നിന്നുള്ള അവന്റെ ഓഹരി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അവൻ അതിലേക്ക് എത്തുക തന്നെ ചെയ്യും. രണ്ട് കണ്ണുകൾ അവയുടെ വ്യഭിചാരം നോട്ടമാണ്. രണ്ട് കാതുകൾ അവയുടെ വ്യഭിചാരം കേൾവിയാണ്. നാവിന്റെ വ്യഭിചാരം സംസാരമാണ്. കൈ അതിന്റെ വ്യഭിചാരം പിടുത്തമാണ്. കാൽ അതിന്റെ വ്യഭിചാരം നടത്തമാണ്. മനസ്സ് ആഗ്രഹിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നു. ലൈംഗികാവയവം അത് പ്രാവർത്തികമാക്കുന്നു അല്ലെങ്കിൽ നിഷേധിക്കുന്നു. [മുസ്ലിം]

സ്ത്രീ സൗന്ദര്യപ്രകടനം

❒ അബൂഹുറയ്റ നിവേദനം: അല്ലാഹുവിന്റെ റസൂൽ പറയുകയുണ്ടായി "രണ്ട് വിഭാഗം ആളുകൾ നരകവാസികളാകുന്നു. ഒരു വിഭാഗം ആളുകൾ അവരുടെ കൈകളിൽ പശുവിന്റെ വാൽ പോലുള്ള ചാട്ടവാറുണ്ട്. അത് കൊണ്ടവർ ജനങ്ങളെ അടിക്കുന്നു. അതുപോലെ ചില സ്ത്രീകൾ അവർ വസ്ത്രം ധരിച്ചിട്ടുണ്ട്. എന്നാൽ അവർ നഗ്നകളാണ്. ചാഞ്ഞും ചെരിഞ്ഞുമാണ് അവർ നടക്കുന്നത്. അവരുടെ തലകൾ ഒട്ടകങ്ങളുടെ പൂഞ്ഞപോലെയാകുന്നു. ഇങ്ങനെയുള്ളവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അതിന്റെ സുഗന്ധം പോലും ആസ്വദിക്കാൻ അവർക്ക് കഴിയുകയില്ല. സ്വർഗത്തിന്റെ പരിമളം ഇത്രയിത്ര വഴിദൂരം വരെ എത്തുന്നതാണ്. [മുസ്ലിം]

❒ അബൂ മൂസൽ അശ്അരി നിവേദനം: റസൂൽﷺ പറഞ്ഞു: ഒരു സ്ത്രീ സുഗന്ധം പൂശിയ ശേഷം അത് മണപ്പിക്കുന്നതിനായി ഒരു കൂട്ടം പുരുഷ

ന്മാരുടെ ഇടയിലൂടെ നടന്നാൽ (അത് മൂലം) അവൾ വ്യഭിചാരിണിയായി. [അബൂദാവൂദ്, തിർമിദി]

അന്യ പുരുഷന്മാരോടൊപ്പം തനിച്ചാകൽ

❒ ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: നബി ﷺ പറയുകയുന്നതായി ഞാൻ കേട്ടു. "യാതൊരു പുരുഷനും ഒരു സ്ത്രീയുമായി അവളുമായി വിവാഹ ബന്ധം സ്ഥാപിക്കാൻ പാടില്ലാത്ത പുരുഷന്റെ സാന്നിധ്യമില്ലാതെ ഒറ്റക്ക് ഒഴിഞ്ഞ് നിൽക്കരുത്. അത് പോലെ തന്നെ വിവാഹ ബന്ധം സ്ഥാപിക്കാൻ പാടില്ലാത്ത പുരുഷന്റെ കൂടെയല്ലാതെ ഒരു സ്ത്രീയും യാത്ര ചെയ്യരുത്... [ബുഖാരി, മുസ്ലിം]

❒ ഉമർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: പിശാച് മൂന്നാമനായി കൊണ്ടല്ലാതെ ഒരു പുരുഷനും സ്ത്രീയോടൊപ്പം ഒറ്റക്കാവുകയില്ല. [തിർമിദി, ഇബ്നുമാജ]

പരസ്ത്രീ വർണ്ണന

ഇബ്നു മസൂദ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: ഒരു സ്ത്രീ മറ്റൊരു സ്ത്രീയുമായി പരസ്പരം അടുത്തിടപഴകിയ ശേഷം അവളെ നേരിൽ കാണുന്ന വിധം തന്റെ ഭർത്താവിന് വണ്ണിച്ച് കൊടുക്കരുത്. [ബുഖാരി]

കിടപ്പറ രഹസ്യം പരസ്യമാക്കൽ

അബൂ സഈദ് رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: ഭാര്യ ഭർത്താക്കന്മാർ ബന്ധപെടുകയും എന്നിട്ട് അവളുടെ രഹസ്യം പരസ്യപ്പെടുത്തുകയും ചെയ്യുന്ന പുരുഷൻ അന്ത്യനാളിൽ അല്ലാഹുവിന്റെ അടുക്കൽ ജനങ്ങളിൽ വെച്ച് ഏറ്റവും നീചനായ വ്യക്തിയായിരിക്കും. [മുസ്ലിം]

കുടുംബത്തിലെ ആഭാസത്തിന് സമ്മതം നൽകൽ, കൂട്ടികൊടുപ്പ്

❒ അബ്ദുല്ലാഹിബ്നു അംറുബിനുൽ ആസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: മൂന്ന് വിഭാഗം ആളുകളോട് അല്ലാഹു അന്ത്യനാളിൽ സംസാരിക്കുകയില്ല. മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കുന്നവൻ, പുരുഷവേഷത്തിൽ നടക്കുന്ന സ്ത്രീകൾ, സ്വന്തം സംരക്ഷണത്തിലുള്ള സ്ത്രീകളെ മറ്റുള്ളവർക്ക് കാഴ്ചവെക്കുന്നവൻ....[നസാഇ, അഹ്മദ്]

❒ ഇബ്നു ഉമർ رضي الله عنه നിവേദനം: റസൂൽ ﷺ പറഞ്ഞു: മൂന്നാളുകളുടെ മേൽ സ്വർഗം നിഷിദ്ധമാണ്. മദ്യപാനത്തിന് അടിമപെട്ടവൻ, മാതാപിതാക്കളോട്

അനുസരണക്കേട് കാണിക്കുന്നവൻ. സ്വന്തം കുടുംബത്തിലെ മ്ലേച്ഛത അംഗീകരിക്കുന്ന ദയ്യൂസ്(കൂട്ടികൊടുപ്പുകാരൻ). [അഹ്മദ്, ഹാകിം]

വേഷങ്ങളിലെ വൈകൃതം

ഇബ്നു അബ്ബാസ് رضي الله عنه പറയുന്നു: പുരുഷവേഷം കെട്ടുന്ന സ്ത്രീകളെയും സ്ത്രീവേഷം കെട്ടുന്ന പുരുഷനെയും നബി ﷺ ശപിച്ചിരിക്കുന്നു. നബി ﷺ പറഞ്ഞു: അത്തരക്കാരെ നിങ്ങളുടെ വീടുകളിൽ നിന്ന് പുറത്താക്കുക... [ബുഖാരി]

സ്വവർഗ്ഗഭോഗവും മൃഗരതിയും

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: അല്ലാഹു അല്ലാത്തവർക്ക് ബലിയർപിക്കുന്ന ആളെ അല്ലാഹു ശപിച്ചിരിക്കുന്നു; ഭൂമിയുടെ അതിര് നിർണ്ണയിക്കാനുള്ള കല്ല് മാറ്റി മറിക്കുന്ന ആളെ അല്ലാഹു ശപിച്ചിരിക്കുന്നു. കണ്ണ് കാണാത്തവനെ വഴി തെറ്റിക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. ലൈംഗിക സംഭോഗം മൃഗങ്ങളുടെ മേൽ ചെയ്യുന്ന ആളുകളെ അല്ലാഹു ശപിച്ചിരിക്കുന്നു; തന്റെ മാതാപിതാക്കളെ ചീത്തവിളിക്കുന്ന ആളെ അല്ലാഹു ശപിച്ചിരിക്കുന്നു. തന്റെ പിതൃത്വം മറ്റുള്ളവരിലേക്ക് ചേർക്കുന്നവനെ അല്ലാഹു ശപിച്ചിരിക്കുന്നു. സ്വവർഗ്ഗ സംഭോഗം നടത്തുന്ന ആളെ അല്ലാഹു ശപിച്ചിരിക്കുന്നു. (ഇത് മാത്രം നബി മൂന്ന് തവണ ആവർത്തിച്ചു). [അഹ്മദ്, അബൂയഅ്ല]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ലൂത്തിന്റെ ജനം ചെയ്ത തിന്മ (സ്വവർഗ്ഗരതി) ചെയ്യുന്നതായി ആരെങ്കിലും കണ്ടാൽ (പിടിക്കപ്പെട്ടാൽ) അത് ചെയ്തവനെയും ചെയ്യപ്പെട്ടവനെയും (ഇസ്ലാമിക ഭരണകൂടം) വധിച്ചു കളയുക. [ഇബ്നുമാജ, അബൂദാവൂദ്]

❒ ജാബിർ رضي الله عنه നിവേദനം: നബി ﷺ അരുളി: "ലൂത്തിന്റെ സമുദായം ചെയ്ത പ്രവൃത്തി (സ്വവർഗ്ഗഭോഗം) ചെയ്യുന്നവരെ അല്ലാഹു ശപിക്കട്ടെ, മൃഗങ്ങളെ കാമപൂർത്തീകരണത്തിന് വേണ്ടി ഉപയോഗിക്കുന്നവരെയും അല്ലാഹു ശപിക്കട്ടെ" നബി ﷺ മൂന്ന് തവണ ആവർത്തിച്ചു. [തിർമിദി, ഇബ്നുമാജ]

❒ ഇബ്നു അബ്ബാസ് رضي الله عنه നിവേദനം: അല്ലാഹുവിന്റെ ദൂതൻ ﷺ അരുളി: മൃഗങ്ങളുടെ മേൽ ലൈംഗിക സംഭോഗം നടത്തുന്നവനെയും ആ മൃഗത്തേയും കൊന്നുകളയുക. [അഹ്മദ്]

❒ അബൂസഈദ് رضي الله عنه നിവേദനം: നബി ﷺ പറഞ്ഞു: ഒരു പുരുഷൻ മറ്റൊരു

പുരുഷന്റെ ഗുഹ്യസ്ഥാനത്തേക്ക് നോക്കരുത്. ഒരു സ്ത്രീ മറ്റൊരു സ്ത്രീയുടെ ഗുഹ്യസ്ഥാനത്തേക്കും നോക്കരുത്. (അത്പോലെ) ഒരു പുരുഷൻ മറ്റൊരു പുരുഷനോട് ചേർന്ന് ഒരേ വിരിപ്പിൽ കിടക്കരുത്. ഒരു സ്ത്രീ മറ്റൊരു സ്ത്രീയോട് ചേർന്ന് ഒരേ വിരിപ്പിൽ കിടക്കരുത്. [മുസ്ലിം]

പാഠം 3

നബി ﷺ യെ അറിയുക ഖുർആനിൽ നിന്ന്

ഒന്ന്

എന്താണ് വിശുദ്ധ ഖുർആൻ

ദൈവിക ഗ്രന്ഥം

❒ അലിഫ്-ലാം-മീം ഈ ഗ്രന്ഥത്തിന്റെ അവതരണം സർവ്വലോകര ക്ഷിതാവിങ്കൽ നിന്നാകുന്നു. ഇതിൽ യാതൊരു സംശയവുമില്ല. [32/ 1,2]

❒ പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവൻ അവതരിപ്പിച്ചതത്രെ ഇത്. (ഖുർആൻ). [36/5]

❒ അലിഫ് ലാം മീം. അല്ലാഹു - അവനല്ലാതെ ഒരു ദൈവവുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. അവൻ ഈ വേദഗ്രന്ഥത്തെ മുൻ വേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൌറാത്തും ഇൻജീലും അവതരിപ്പിച്ചു. [3/1-3]

❒ തീർച്ചയായും യുക്തിമാനും സർവ്വജ്ഞനുമായിട്ടുള്ളവന്റെ പക്കൽ നിന്നാകുന്നു നിനക്ക് ഖുർആൻ നൽകപ്പെടുന്നത്. (27/6)

ദൈവിക വചനം

ബഹുദൈവവിശ്വാസികളിൽ വല്ലവനും നിന്റെ അടുക്കൽ അഭയം തേടി വന്നാൽ അല്ലാഹുവിന്റെ വചനം അവൻ കേട്ടു ഗ്രഹിക്കാൻ വേണ്ടി അവന്ന് അഭയം നൽകുക. എന്നിട്ട് അവന്ന് സുരക്ഷിതത്വമുള്ള സ്ഥലത്ത് അവനെ എത്തിച്ചുകൊടുക്കുകയും ചെയ്യുക. അവർ അറിവില്ലാത്ത ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടാണത്. (9/6)

സദുപദേശം, ശമനം, കാരുണ്യം, വഴികാട്ടി

മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്കു വന്നുകിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു.) (10/57)

നബിയിലൂടെ അവതരിപ്പിക്കപ്പെട്ട സത്യവേദം

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും മുഹമ്മദ് നബിയുടെ മേൽ അവതരിപ്പിക്കപ്പെട്ടതിൽ -അതത്രെ അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം - വിശ്വസിക്കുകയും ചെയ്തവരാരോ അവരിൽ നിന്ന് അവരുടെ തിൻമകൾ അവൻ (അല്ലാഹു) മായ്ച്ചുകളയുകയും അവരുടെ അവസ്ഥ അവൻ നന്നാക്കിതീർക്കുകയും ചെയ്യുന്നതാണ്. (47/2)

ഉൽബോധനം

❒ സ്വാദ്- ഉൽബോധനം ഉൾകൊള്ളുന്ന ഖുർആൻ തന്നെ സത്യം. (38/1)

❒ അദ്ദേഹത്തിന് (നബിക്ക്) നാം കവിത പഠിപ്പിച്ചിട്ടില്ല. അത് അദ്ദേഹത്തിന് അനുയോജ്യമാകുകയുമില്ല. ഇത് ഒരു ഉൽബോധനവും കാര്യങ്ങൾ സ്പഷ്ടമാക്കുന്ന ഖുർആനും മാത്രമാകുന്നു. (36/69)

❒ തീർച്ചയായും അത് നിനക്കും നിന്റെ ജനതയ്ക്കും ഒരു ഉൽബോധനം തന്നെയാകുന്നു. വഴിയെ നിങ്ങൾ ചോദ്യം ചെയ്യപ്പെടുന്നതുമാണ്. (43/44)

സന്മാർഗ്ഗ ദർശനം

ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ....(2/185)

അസത്യം കടന്ന് വരാത്തത്

❒ സത്യത്തോടുകൂടിയാണ് നാം അത് (ഖുർആൻ) അവതരിപ്പിച്ചത്. സത്യത്തോട് കൂടിത്തന്നെ അത് അവതരിക്കുകയും ചെയ്തിരിക്കുന്നു.... (17/105)

❒ അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം

വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്. (41/42)

വൈരുദ്ധ്യങ്ങളോ പൊരുത്തക്കേടുകളോ ഇല്ലാത്തത്

അവർ ഖുർആനിനെപ്പറ്റി ചിന്തിക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരുടെ പക്കൽ നിന്നുള്ളതായിരുന്നെങ്കിൽ അവരതിൽ ധാരാളം വൈരുദ്ധ്യം കണ്ടെത്തുമായിരുന്നു. (4/82)

അനുഗ്രഹീതമീ ഗ്രന്ഥം

നിനക്ക് നാം അവതരിപ്പിച്ചുതന്ന അനുഗൃഹീത ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാൻമാർ ഉൽബുദ്ധരാകേണ്ടതിനും വേണ്ടി. (38/29)

വിവരണം, മാർഗ്ഗ ദർശനം, സുവിശേഷം, ശുഭവൃത്താന്തം

എല്ലാകാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗദർശനവും കാരുണ്യവും കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്. (16/89)

ന്യായപ്രമാണവും വെളിച്ചവും

മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു. (4/174)

ഉന്നതവും വിജ്ഞാന സമ്പന്നവും

തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ നമ്മുടെ അടുക്കൽ (സൂക്ഷിക്കപ്പെട്ടതത്രെ.) അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു. (43/4)

ആദരണീയം

തീർച്ചയായും ഇത് ആദരണീയമായ ഒരു ഖുർആൻ തന്നെയാകുന്നു. ഭദ്രമായി സൂക്ഷിക്കപ്പെട്ട ഒരു രേഖയിലാകുന്നു അത്. (56/77,78)

തത്വങ്ങൾ നിറഞ്ഞ് നിൽക്കുന്നത്

യാസീൻ . തത്വസമ്പൂർണമായ ഖുർആൻ തന്നെയാണ സത്യം; (36/1,2)

അതി മഹത്വം

അല്ല, അത് മഹത്വമേറിയ ഒരു ഖുർആനാകുന്നു. സംരക്ഷിതമായ ഒരു ഫലകത്തിലാണ് അതുള്ളത്. (85/21,22)

വിളമ്പരവും സാരോപദേശവും

ഇത് മനുഷ്യർക്കായുള്ള ഒരു വിളംബരവും, ധർമ്മനിഷ്ഠപാലിക്കുന്നവർക്ക് മാർഗദർശനവും, സാരോപദേശവുമാകുന്നു. (3/138)

നിത്യ ചൈതന്യ സന്ദേശം

അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കല്പനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു....(42/52)

ആശയ ഭദ്രതയുള്ള വചനങ്ങൾ

അലിഫ്-ലാം-റാ. ഒരു പ്രമാണഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിന്റെ അടുക്കൽ നിന്നുള്ളതത്രെ അത്. (11/1)

ഏറ്റവും നല്ല ചരിത്ര കഥാ വിവരണം

നിനക്ക് ഈ ഖുർആൻ ബോധനം നൽകിയത് വഴി ഏറ്റവും നല്ല ചരിത്രവിവരണമാണ് നാം നിനക്ക് നൽകിക്കൊണ്ടിരിക്കുന്നത്..... (12/3)

ഏറ്റവും നല്ല വർത്തമാനം

അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളുള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമ്മങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു.....(39/23)

പൂർവ്വ വേദങ്ങളെ സത്യപ്പെടുത്തുന്നു

(നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്.... (5/48)

എളുപ്പവും ലളിതവും

തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ഖുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ? (54/17)

ശരിയും തെറ്റും വേർതിരിച്ച് തരുന്നു

തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു....(25/1)

ശുഭവാർത്തയും മുന്നറിയിപ്പും നൽകുന്നു. ശരിയിലേക്ക് വഴി നടത്തുന്നു

തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു. പരലോകത്തിൽ വിശ്വസിക്കാത്തവരാരോ അവർക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് എന്നും (സന്തോഷവാർത്ത അറിയിക്കുന്നു.) (17/9,10)

ഇരുളിൽ നിന്ന് പ്രകാശത്തിലേക്ക്, സ്രഷ്ടാവിന്റെ മാർഗത്തിലേക്ക്

അലിഫ് ലാം റാ. മനുഷ്യരെ അവന്റെ രക്ഷിതാവിന്റെ അനുമതി പ്രകാരം ഇരുട്ടുകളിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ വേണ്ടി നിനക്ക് അവതരിപ്പിച്ചു തന്നിട്ടുള്ള ഗ്രന്ഥമാണിത്. അതായത്, പ്രതാപിയും സ്തുത്യർഹനും ആയിട്ടുള്ളവന്റെ മാർഗത്തിലേക്ക്. (14/1)

നേരായ പാതയിലേക്ക്

അലിഫ് ലാം മീം. ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്. (2/1,2)

സമാധാനത്തിന്റെ വഴികളിലൂടെ

അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരുകയും, നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു. (5:16)

കുറ്റമറ്റത്, വളവില്ലാത്തത്

തന്റെ ദാസന്റെ മേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും, അതിന് ഒരു വക്രതയും വരുത്താതിരിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. (18/1)

മാറ്റത്തിരുത്തലുകളില്ലാതെ സംരക്ഷിക്കപ്പെട്ടത്

തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്. (15:9)

വിശുദ്ധ ഖുർആൻ വെല്ലുവിളിക്കുന്നു

❒ നമ്മുടെ ദാസന് നാം അവതരിപ്പിച്ചുകൊടുത്തതിനെ (വിശുദ്ധ ഖുർആനെ) പറ്റി നിങ്ങൾ സംശയാലുക്കളാണെങ്കിൽ അതിന്റേത്പോലുള്ള ഒരു അദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അല്ലാഹുവിന് പുറമെ നിങ്ങൾക്കുള്ള സഹായികളേയും വിളിച്ചുകൊള്ളുക. നിങ്ങൾ സത്യവാൻമാരണെങ്കിൽ (അതാണല്ലോ വേണ്ടത്). നിങ്ങൾക്കത് ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്. (2:23,24)

❒ അതല്ല, അദ്ദേഹം അത് കെട്ടിച്ചമച്ചു എന്നാണോ അവർ പറയുന്നത്? പറയുക: എന്നാൽ ഇതുപേലെയുള്ള പത്ത് അദ്ധ്യായങ്ങൾ ചമച്ചുണ്ടാക്കിയത് നിങ്ങൾ കൊണ്ട് വരൂ. അല്ലാഹുവിന് പുറമെ നിങ്ങൾക്ക് സാധിക്കുന്നവരെയെല്ലാം നിങ്ങൾ വിളിച്ചുകൊള്ളുകയും ചെയ്യുക. നിങ്ങൾ സത്യവാൻമാരാണെങ്കിൽ. അവരാരും നിങ്ങളുടെ വിളിക്ക് ഉത്തരം നൽകിയില്ലെങ്കിൽ, അല്ലാഹുവിന്റെ അറിവോട് കൂടി മാത്രമാണ് ഇത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും, അവനല്ലാതെ യാതൊരു ദൈവവുമില്ലെന്നും നിങ്ങൾ മനസ്സിലാക്കുക. ഇനിയെങ്കിലും നിങ്ങൾ കീഴ്പെടാൻ സന്നദ്ധരാണോ? (11/13,14)

■

രണ്ട്

ആരാണ് അല്ലാഹു

സർവ്വ ലോകരക്ഷിതാവ് ന്യായവിധിനാളിലെ അധിപതി, അളവറ്റ ദയാപരൻ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ . സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിന്നാകുന്നു. പരമകാരുണികനും കരുണാനിധിയും. പ്രതിഫല ദിവസത്തിന്റെ ഉടമസ്ഥൻ. (1/1-4)

ഏകനും അതുല്യനും നിരാശ്രയനും, പിതാവോ, പുത്രനോ അല്ലാത്തവനും

(നബിയേ,) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. (1) അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. (2) അവൻ (ആർക്കും) ജൻമം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. (3) അവന്ന് തുല്യനായി ആരും ഇല്ലതാനും. (112/1-4)

സാക്ഷാൽ ആരാധ്യനും, സജീവനും, നിയന്താവും, അത്യുന്നതനും മഹോന്നതനും

അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട് ? അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽ നിന്ന് അവൻ ഇച്ചരിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ കുർസിയ്യ് ആകാശഭൂമികളെ മുഴുവൻ ഉൾകൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന്ന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. (2/255)

എല്ലാം സൃഷ്ടിച്ചവൻ, എല്ലാം അറിയുന്നവൻ നമ്മുടെ നാഥൻ

ആകാശങ്ങളുടെയും ഭൂമിയുടെയും നിർമാതാവാണവൻ. അവന്ന്

എങ്ങനെ ഒരു സന്താനമുണ്ടാകും? അവന്നൊരു കൂട്ടുകാരിയുമില്ലല്ലോ? എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിച്ചതാണ്. അവൻ എല്ലാകാര്യത്തെപ്പറ്റിയും അറിയുന്നവനുമാണ്. അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണ് അവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകലകാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു. കണ്ണുകൾ അവനെ കണ്ടെത്തുകയില്ല. കണ്ണുകളെ അവൻ കണ്ടെത്തുകയും ചെയ്യും. അവൻ സൂക്ഷ്മജ്ഞാനിയും അഭിജ്ഞനുമാകുന്നു. (6/100-103)

പരമ കാരുണികനും, പരമപരിശുദ്ധനും, രാജാധിരാജനും, അന്യൂനനും

താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു. താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ! സ്രഷ്ടാവും നിർമാതാവും രൂപം നൽകുന്നവനുമായ അല്ലാഹുവത്രെ അവൻ. അവന് ഏറ്റവും ഉത്തമമായ നാമങ്ങളുണ്ട്. ആകാശങ്ങളിലും ഭൂമിയിലുള്ളവ അവന്റെ മഹത്വത്തെ പ്രകീർത്തിക്കുന്നു. അവനത്രെ പ്രതാപിയും യുക്തിമാനും. (59/22-24)

സർവ്വാധിപതി, അനാദ്യനും, അനന്തനും, സർവ്വശക്തനും, സർവ്വജ്ഞാനിയും

ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന് പ്രകീർത്തനം ചെയ്തിരിക്കുന്നു. അവൻ പ്രതാപിയും യുക്തിമാനുമത്രെ. അവന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ്വകാര്യത്തിനും കഴിവുള്ളവനുമാണ്. അവൻ ആദ്യിയും അന്തിമനും പ്രത്യക്ഷമായവനും പരോക്ഷമായവനുമാണ്. അവൻ സർവ്വകാര്യങ്ങളെക്കുറിച്ചും അറിവുള്ളവനുമാണ്. (57/1-3)

സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയും, മഴപെയ്യിപ്പിക്കുന്നവനും

❒ തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മ

ജ്ഞാനിയുമാകുന്നു. (31/34)

❒ അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ, പച്ചയോ, ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല. (6/59)

ജീവിതം, ഉപജീവനം, ആയുസ്സ്, മരണം എല്ലാം നിർണ്ണയിക്കുന്നവൻ

മണ്ണിൽ നിന്നും, പിന്നെ ബീജകണത്തിൽ നിന്നും, പിന്നെ ഭ്രൂണത്തിൽ നിന്നും നിങ്ങളെ സൃഷ്ടിച്ചത് അവനാകുന്നു. പിന്നീട് ഒരു ശിശുവായി നിങ്ങളെ അവൻ പുറത്തു കൊണ്ട് വരുന്നു. പിന്നീട് നിങ്ങൾ നിങ്ങളുടെ പൂർണ്ണശക്തി പ്രാപിക്കുവാനും പിന്നീട് നിങ്ങൾ വൃദ്ധരായിത്തീരുവാനും വേണ്ടി. നിങ്ങളിൽ ചിലർ മുമ്പേതന്നെ മരണമടയുന്നു. നിർണിതമായ ഒരു അവധിയിൽ നിങ്ങൾ എത്തിച്ചേരുവാനും നിങ്ങൾ ഒരു വേള ചിന്തിക്കുന്നതിനും വേണ്ടി. അവനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവൻ. ഒരു കാര്യം അവൻ തീരുമാനിച്ചു കഴിഞ്ഞാൽ ഉണ്ടാകൂ എന്ന് അതിനോട് അവൻ പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അത് ഉണ്ടാകുന്നു. (40/67-68)

❒ അല്ലാഹു നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജകണത്തിൽ നിന്നും സൃഷ്ടിച്ചു. പിന്നെ അവൻ നിങ്ങളെ ഇണകളാക്കി. അവന്റെ അറിവനുസരിച്ചല്ലാതെ ഒരു സ്ത്രീയും ഗർഭം ധരിക്കുന്നില്ല, പ്രസവിക്കുന്നുമില്ല. ഒരു ദീർഘായുസ്സ് നൽകപ്പെട്ട ആൾക്കും ആയുസ്സ് നീട്ടികൊടുക്കപ്പെടുന്നതോ അയാളുടെ ആയുസ്സിൽ കുറവ് വരുത്തപ്പെടുന്നതോ ഒരു രേഖയിൽ ഉള്ളത് അനുസരിച്ചല്ലാതെ നടക്കുന്നില്ല. തീർച്ചയായും അത് അല്ലാഹുവിന് എളുപ്പമുള്ളതാകുന്നു. (35/11)

മക്കളെ നൽകുന്നവൻ

അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം.അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു. (42/49-50)

എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാ നിയന്ത്രിക്കുന്നവൻ

അലിഫ് ലാം മീം. അല്ലാഹു - അവനല്ലാതെ ഒരു ദൈവവുമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. അവൻ ഈ വേദഗ്രന്ഥത്തെ മുൻ വേദങ്ങളെ ശരിവെക്കുന്നതായിക്കൊണ്ട് സത്യവുമായി നിനക്ക് അവതരിപ്പിച്ചു തന്നിരിക്കുന്നു. അവൻ തൌറാത്തും ഇൻജീലും അവതരിപ്പിച്ചു. ഇതിനു മുമ്പ്; മനുഷ്യർക്ക് മാർഗദർശനത്തിനായിട്ട് സത്യാ സത്യവിവേചനത്തിനുള്ള പ്രമാണവും അവൻ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചവരാരോ അവ ർക്ക് കഠിനമായ ശിക്ഷയാണുള്ളത്. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി സ്വീകരിക്കുന്നവനുമാകുന്നു. ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരു കാര്യവും അല്ലാഹുവിന് അവ്യക്തമായിപ്പോകുകയില്ല; തീർച്ച. (3/1-5)

മഹത്വത്തിനുടമ, അജയ്യനും ഏറെ മാപ്പേകുന്നവനും

ആധിപത്യം ഏതൊരുവന്റെ കയ്യിലാണോ അവൻ അനുഗ്രഹപൂ ർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു. നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു. (67/1-2

പാശ്ചാതാപം സ്വീകരിക്കുന്നവൻ, കഠിനമായി ശിക്ഷിക്കുന്നവൻ

ഹാ-മീം. ഈ ഗ്രന്ഥത്തിന്റെ അവതരണം പ്രതാപിയും സർവ്വജ്ഞ നുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു. പാപം പൊറുക്കുന്നവനും പശ്ചാ ത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും വിപുലമായ കഴിവുള്ളവനുമത്രെ അവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവങ്കലേക്ക് തന്നെയാകുന്നു മടക്കം. (40/1-3)

രാവൊരുക്കി തന്നവൻ, പകൽ പ്രകാശ പൂരിതമാക്കിയവൻ, ഔദാര്യവാനും

അല്ലാഹുവാകുന്നു നിങ്ങൾക്കു വേണ്ടി രാത്രിയെ നിങ്ങൾക്കു ശാന്ത മായി വസിക്കാൻ തക്കവണ്ണവും, പകലിനെ വെളിച്ചമുള്ളതും ആക്കിയവൻ. തീർച്ചയായും അല്ലാഹു ജനങ്ങളോട് ഔദാര്യമുള്ളവനാകുന്നു. പക്ഷെ മനുഷ്യരിൽ അധികപേരും നന്ദികാണിക്കുന്നില്ല. (40/61)

നമ്മുടെ രക്ഷിതാവ്, പ്രപഞ്ച നാഥൻ, അനുഗ്രഹപൂർണ്ണൻ

അല്ലാഹുവാകുന്നു നിങ്ങൾക്ക് വേണ്ടി ഭൂമിയെ വാസസ്ഥലവും ആകാശത്തെ മേൽപുരയും ആക്കിയവൻ. അവൻ നിങ്ങളെ രൂപപ്പെടുത്തു കയും ചെയ്തു. അങ്ങനെ അവൻ നിങ്ങളുടെ രൂപങ്ങൾ മികച്ചതാക്കി. വിശിഷ്ട വസ്തുക്കളിൽ നിന്ന് അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും

ചെയ്തു. അവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അപ്പോൾ ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹു അനുഗ്രഹപൂർണ്ണനായിരിക്കുന്നു. (40/64)

നീതിമാനും, പ്രതാപിയും യുക്തിമാനും ആരാധനക്കർഹനും

താനല്ലാതെ ഒരു ദൈവവുമില്ലെന്നതിന് അല്ലാഹു സാക്ഷ്യം വഹിച്ചിരിക്കുന്നു. മലക്കുകളും അറിവുള്ളവരും (അതിന്ന് സാക്ഷികളാകുന്നു.) അവൻ നീതി നിർവഹിക്കുന്നവനത്രെ. അവനല്ലാതെ ദൈവമില്ല. പ്രതാപിയും യുക്തിമാനുമത്രെ അവൻ. (3/18)

ഏറെ സ്നേഹിക്കുന്നവൻ മഹത്തായ സിംഹാസനത്തിന്റെ ഉടമയും

തീർച്ചയായും അവൻ തന്നെയാണ് ആദ്യമായി ഉണ്ടാക്കുന്നതും ആവർത്തിച്ച് ഉണ്ടാക്കുന്നതും. അവൻ ഏറെ പൊറുക്കുന്നവനും ഏറെ സ്നേഹമുള്ളവനും, സിംഹാസനത്തിന്റെ ഉടമയും, മഹത്വമുള്ളവനും, താൻ ഉദ്ദേശിക്കുന്നതെന്തോ അത് തികച്ചും പ്രാവർത്തികമാക്കുന്നവനുമാണ്. (85/13-16)

കനിവുള്ളവനും, അന്നദാതാവും, കരുത്തനും, പ്രതാപശാലിയും

അല്ലാഹു തന്റെ ദാസൻമാരോട് കനിവുള്ളവനാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം നൽകുന്നു. അവനാകുന്നു ശക്തനും പ്രതാപശാലിയുമായിട്ടുള്ളവൻ. (42/19)

യഥാർത്ഥ രാജാവ്, അത്യുന്നതൻ, മഹത്തായ സിംഹാസനത്തിന്റെ നാഥൻ

എന്നാൽ യഥാർത്ഥ രാജാവായ അല്ലാഹു ഉന്നതനായിരിക്കുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. മഹത്തായ സിംഹാസനത്തിന്റെ നാഥനത്രെ അവൻ. (23/116)

തെളിഞ്ഞതും മറഞ്ഞതും അറിയുന്നവൻ, സൂക്ഷ്മജ്ഞാനമുള്ളവനും

അവനത്രെ ആകാശങ്ങളും ഭൂമിയും മുറപ്രകാരം സൃഷ്ടിച്ചവൻ. അവൻ ഉണ്ടാകൂ എന്ന പറയുന്ന ദിവസം അതുണ്ടാകുക തന്നെ ചെയ്യുന്നു. അവന്റെ വചനം സത്യമാകുന്നു. കാഹളത്തിൽ ഊതപ്പെടുന്ന ദിവസം അവന്ന് മാത്രമാകുന്നു ആധിപത്യം. അദൃശ്യവും ദൃശ്യവും അറിയുന്നവനാണവൻ. അവൻ യുക്തിമാനും സൂക്ഷ്മജ്ഞാനമുള്ളവനുമത്രെ. (6/73)

തെറ്റുകൾക്ക് മാപ്പ് നൽകുന്നവനും, പാശ്ചാത്താപം സ്വീകരിക്കുന്നവനും

അവനാകുന്നു തന്റെ ദാസൻമാരിൽ നിന്ന് പശ്ചാത്താപം സ്വീകരിക്കുന്നവൻ. അവൻ ദുഷ്കൃത്യങ്ങൾക്ക് മാപ്പുനൽകുകയും ചെയ്യുന്നു.

നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അവൻ അറിയുകയും ചെയ്യുന്നു. (42/25)

■

പ്രവാചകന്മാരുടെ മുഖ്യ പ്രബോധനം

നൂഹ് നബി عليه السلام

നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക് ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു. (7/59)

ഇബ്റാഹീം നബി عليه السلام

ഇബ്രാഹീമിനെയും (നാം അയച്ചു,) അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമത്രെ.): നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, അവനെ സൂക്ഷിക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ. നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്. (29/16-17)

ഹൂദ് നബി عليه السلام

ആദ് ജനതയിലേക്ക് അവരുടെ സഹോദരനായ ഹൂദിനെയും (നാം നിയോഗിക്കുകയുണ്ടായി.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. നിങ്ങൾ കെട്ടിച്ചമച്ച് പറയുന്നവർ മാത്രമാകുന്നു. (11/50)

സ്വാലിഹ് നബി عليه السلام

ഥമൂദ് ജനതയിലേക്ക് അവരുടെ സഹോദരനായ സ്വാലിഹിനെയും (നാം നിയോഗിക്കുകയുണ്ടായി.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ച് വളർത്തുകയും നിങ്ങളെ അവിടെ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ അവനോട് പാപമോചനം തേടുകയും, എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു. (11/61)

ശുഐബ് നബി عليه السلام

മദ്യൻകാരിലേക്ക് അവരുടെ സഹോദരനായ ശുഐബിനേയും (നാം നിയോഗിക്കുകയുണ്ടായി.) അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. നിങ്ങൾക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അളവിലും തൂക്കത്തിലും നിങ്ങൾ കുറവ് വരുത്തരുത്. തീർച്ചയായും നിങ്ങളെ ഞാൻ കാണുന്നത് ക്ഷേമത്തിലായിട്ടാണ്. നിങ്ങളെ ആകെ വലയം ചെയ്യുന്ന ഒരു ദിവസത്തെ ശിക്ഷ നിങ്ങളുടെ മേൽ തീർച്ചയായും ഞാൻ ഭയപ്പെടുന്നു. (11/84)

നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ കരുണയുള്ളവനും ഏറെ സ്നേഹമുള്ളവനുമത്രെ. (11/90)

ഇൽയാസ് നബി عليه السلام

ഇൽയാസും ദൂതൻമാരിലൊരാൾ തന്നെ. അദ്ദേഹം തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? നിങ്ങൾ ബഅ്ൽനെ വിളിച്ച് പ്രാർത്ഥിക്കുകയും, ഏറ്റവും നല്ല സൃഷ്ടികർത്താവിനെ വിട്ടുകളയുകയുമാണോ? അഥവാ നിങ്ങളുടെയും നിങ്ങളുടെ പൂർവ്വപിതാക്കളുടെയും രക്ഷിതാവായ അല്ലാഹുവെ. (37/123-126)

യൂസുഫ് നബി عليه السلام

ജയിലിലെ രണ്ട് സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം; അതല്ല, ഏകനും സർവ്വാധികാരിയുമായ അല്ലാഹുവാണോ? അവന്നുപുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല. അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ല. വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതം അതത്രെ. പക്ഷെ

മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല. (12/39-40)

ഈസാ നബി عليه السلام

വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായഭിന്നത പുലർത്തികൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. തീർച്ചയായും അല്ലാഹു തന്നെയാകുന്നു എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ പാത. (43/63-64)

മുഹമ്മദ് നബി ﷺ

എന്തെന്നാൽ അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. തീർച്ചയായും അവങ്കൽ നിന്ന് നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട താക്കീതുകാരനും സന്തോഷവാർത്തക്കാരനുമത്രെ ഞാൻ. (11/2)

എല്ലാ പ്രവാചകന്മാരും

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി.).....(16/36)

ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല. (21/25)

■

നാല്

തൗഹീദ് ഏകദൈവവിശ്വാസം

ആരാധ്യൻ അല്ലാഹു മാത്രം

തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല. അതിനാൽ എന്നെ നീ ആരാധിക്കുകയും, എന്നെ ഓർമിക്കുന്നതിനായി നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. (20/14)

മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചത് അവനെ ആരാധിക്കാനാണ്

ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്ന് ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും. (51/56-58)

അല്ലാഹുവെ മാത്രം ആരാധിക്കുക

❒ ജനങ്ങളേ, നിങ്ങളേയും നിങ്ങളുടെ മുൻഗാമികളേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്. (2/21-22)

❒ ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും

രക്ഷിതാവത്രെ അവൻ. അതിനാൽ അവനെ താങ്കൾ ആരാധിക്കുകയും അവന്നുള്ള ആരാധനയിൽ ക്ഷമയോടെ ഉറച്ചുനിൽക്കുകയും ചെയ്യുക. അവന്ന് പേരൊത്ത ആരെയെങ്കിലും താങ്കൾക്കറിയാമോ? (19/65)

അല്ലാഹുവിനെ സ്നേഹിക്കുക

അല്ലാഹുവിന് പുറമെയുള്ളവരെ അവന് സമൻമാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നത് പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ..(2/165)

ഭയപ്പെടുക

അവരെ നിങ്ങൾ ഭയപ്പെടുകയാണോ? എന്നാൽ നിങ്ങൾ ഭയപ്പെടാൻ ഏറ്റവും അർഹതയുള്ളത് അല്ലാഹുവെയാണ്; നിങ്ങൾ വിശ്വാസികളാണെങ്കിൽ. (19/13)

ഭക്തി കാണിക്കുക

അവന്റെതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും. നിരന്തരമായിട്ടുള്ള കീഴ്വണക്കം അവന്ന് മാത്രമാകുന്നു. എന്നിരിക്കെ അല്ലാഹു അല്ലാത്തവരോടാണോ നിങ്ങൾ ഭക്തികാണിക്കുന്നത്? (16/52)

ഉപമകൾ അരുത്

ആകയാൽ അല്ലാഹുവിനു നിങ്ങൾ ഉപമകൾ പറയരുത്. തീർച്ചയായും അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല. (16/74)

മനഃശാന്തിക്ക് അല്ലാഹുവിനെ ഓർക്കുക

....ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്. (13/28)

അളവറ്റ അനുഗ്രഹം നൽകുന്നവൻ

അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കതിന്റെ കണക്കെടുക്കാനാവില്ല. (14/34)

ഏറ്റവുമടുത്തവനും മനസ്സുകളറിയുന്നവനും

❒ തീർച്ചയായും മനുഷ്യനെ നാം സൃഷ്ടിച്ചിരിക്കുന്നു. അവന്റെ മനസ്സ് മന്ത്രിച്ചു കൊണ്ടിരിക്കുന്നത് നാം അറിയുകയും ചെയ്യുന്നു. നാം (അവന്റെ) കണ്ഠനാഡി യെക്കാൾ അവനോട് അടുത്തവനും ആകുന്നു. (50/16)

❒ നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുക. അല്ലെങ്കിൽ പരസ്യമാക്കിക്കൊള്ളുക. തീർച്ചയായും അവൻ (അല്ലാഹു) ഹൃദയങ്ങളിലുള്ളത് അറിയുന്നവനാകുന്നു. സൃഷ്ടിച്ചുണ്ടാക്കിയവൻ (എല്ലാം) അറിയുകയില്ലേ? അവൻ നിഗൂഢരഹസ്യങ്ങൾ അറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാകുന്നു. (67/13-14)

തെറ്റുകളും കുറ്റങ്ങളും പൊറുത്തു തരുന്ന പരമദയാലു

❒ പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും. (39/53)

❒ ....പാപങ്ങൾ പൊറുക്കുവാൻ അല്ലാഹുവല്ലാതെ ആരാണുള്ളത്?-(3/135)

അല്ലാഹുവോട് മാത്രം പാപമോചനം തേടുക

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈക്കൊണ്ട് മടങ്ങുക. നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ നിങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തേക്കാം....(66/8)

ഭരമേല്പിക്കാൻ അർഹൻ, എല്ലാത്തിനും മതിയായവൻ

തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെ പറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്ന പക്ഷം അവന്ന് വഴി കാട്ടാൻ ആരുമില്ല. വല്ലവനെയും അല്ലാഹു നേർവഴിയിലാക്കുന്ന പക്ഷം അവനെ വഴിപിഴപ്പിക്കുവാനും ആരുമില്ല. അല്ലാഹു പ്രതാപിയും ശിക്ഷാനടപടി എടുക്കുന്നവനും അല്ലയോ? ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് ആരെന്ന് നീ അവരോട് ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹു എന്ന്. നീ പറയുക: എങ്കിൽ അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവയെപ്പറ്റി നിങ്ങൾ ചിന്തിച്ച് നോക്കിയിട്ടുണ്ടോ? എനിക്ക് വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്ക്ക് അവന്റെ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക് വല്ല അനുഗ്രഹവും ചെയ്യുവാൻ ഉദ്ദേശിച്ചാൽ അവയ്ക്ക് അവന്റെ അനുഗ്രഹം പിടിച്ചു വെക്കാനാകുമോ? പറയുക: എനിക്ക് അല്ലാഹു മതി. അവന്റെ മേലാകുന്നു

ഭരമേൽപിക്കുന്നവർ ഭരമേൽപിക്കുന്നത്. (39/36-38)

അല്ലാഹു പ്രാർത്ഥന കേൾക്കുന്നവനും ഉത്തരം നൽകുന്നവനും

തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർത്ഥന കേൾക്കുന്നവനാണ്. (14/39)

തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർത്ഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു. (11/61)

കഷ്ടപ്പെടുന്നവന്റെ വിളി കേൾക്കുന്നവൻ

അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കികൊടുക്കുകയും, നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ(27/62)

പ്രാർത്ഥന ആരാധന തന്നെയാണ്

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച. (40/60)

അതിനാൽ അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുക

നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്. (2/186)

ഏറ്റവും നല്ല നാമങ്ങൾ കൊണ്ട്

അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക,...(7/180)

വിനയത്തോടും രഹസ്യമായും

താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. (7/55)

പേടിയോടും പ്രതീക്ഷയോടും

ഭൂമിയിൽ നൻമവരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശ മുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു. (7/56)

ആത്മാർത്ഥമായി നിഷ്കളങ്കമായി

അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർത്ഥിക്കുക. ലോകങ്ങളുടെ രക്ഷിതാവായ അല്ലാഹുവിന് സ്തുതി. (40/65)

അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കരുത്, അവർക്ക് സഹായിക്കാൻ കഴിയില്ല

അവന്ന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്ക് തന്നെയും അവർ സഹായം ചെയ്യുകയില്ല. (7/197)

പ്രാർത്ഥന കേൾക്കില്ല ഉത്തരം ചെയ്യില്ല.

❒ .....നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല.....(35/14)

❒ ....അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല..... (13/14)

അവർ അടിമകളാണ്

തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസൻമാർ മാത്രമാണ്. എന്നാൽ അവരെ നിങ്ങൾ വിളിച്ച് പ്രാർത്ഥിക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ. (7/194)

മരിച്ചവരാണ്, ജീവനില്ലാത്തവർ

അല്ലാഹുവിന് പുറമെ നിങ്ങൾ ആരെയൊക്കെ വിളിച്ച് പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്. അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപി

ക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല. (16/20-21)

അല്ലാഹുവിലേക്ക് അടുക്കാൻ ആഗ്രഹിക്കുന്നവർ, ശിക്ഷ ഭയക്കുന്നവർ, കാരുണ്യം തേടുന്നവർ

(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ (ദൈവങ്ങളെന്ന്) വാദിച്ച് പോന്നവരെ നിങ്ങൾ വിളിച്ച് നോക്കൂ. നിങ്ങളിൽ നിന്ന് ഉപദ്രവം നീക്കുവാനോ (നിങ്ങളുടെ സ്ഥിതിക്ക്) മാറ്റം വരുത്തുവാനോ ഉള്ള കഴിവ് അവരുടെ അധീനത്തിലില്ല. അവർ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു.) അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു, നിന്റെ രക്ഷിതാവിന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടതാകുന്നു. (17/56-57)

പ്രാർത്ഥനയെക്കുറിച്ച് അശ്രദ്ധരായവർ, ന്യായവിധിനാളിലെ ശത്രുക്കൾ

അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും. (46/5-6)

അവർ ഈത്തപ്പനക്കുരുവിന്റെ പാടപോലും ഉടമപെടുത്തുന്നില്ല

....അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. (35/13)

അണുമണി തൂക്കം പോലും

പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരോടെല്ലാം നിങ്ങൾ പ്രാർത്ഥിച്ച് നോക്കുക. ആകാശത്തിലാകട്ടെ ഭൂമിയിലാകട്ടെ ഒരു അണുവിന്റെ തൂക്കം പോലും അവർ ഉടമപ്പെടുത്തുന്നില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരുടെ കൂട്ടത്തിൽ അവന്ന് സഹായിയായി ആരുമില്ല.(34/22)

ഏറ്റവും ബലഹീനൻ

മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല.

അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ. അല്ലാഹുവെ കണക്കാക്കേണ്ട മുറപ്രകാരം അവർ കണക്കാക്കിയിട്ടില്ല. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു. (22/73-74)

അല്ലാഹു അല്ലാത്തവരോടു പ്രാർത്ഥിക്കാൻ തെളിവില്ല

വല്ലവനും അല്ലാഹുവോടൊപ്പം മറ്റ് വല്ല ദൈവത്തെയും വിളിച്ച് പ്രാർത്ഥിക്കുന്ന പക്ഷം- അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ -....(23/117)

ഊഹങ്ങളും കളവുകളും മാത്രം

ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരുമെല്ലാം. അല്ലാഹുവിന് പുറമെ പങ്കാളികളെ വിളിച്ചു പ്രാർത്ഥിക്കുന്നവർ എന്തൊന്നിനെയാണ് പിൻപറ്റുന്നത്? അവർ ഊഹത്തെ മാത്രമാണ് പിന്തുടരുന്നത്. അവർ അനുമാനിച്ച് (കള്ളം) പറയുക മാത്രമാണ് ചെയ്യുന്നത്. (10/66)

ശുപാർശ ചെയ്യുമെന്ന വ്യാമോഹവും

അല്ലാഹുവിന് പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ,) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ലകാര്യവും നിങ്ങളവന് അറിയിച്ചു കൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു. (10/18)

ഇടയാളരും മധ്യവർത്തികളുമാണവരെന്ന ജല്പനവും

അറിയുക: അല്ലാഹുവിന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം. അവന്നു പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു:) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടിമാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്...(39/3)

അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നവരാണ് ഏറ്റവും വഴിപിഴച്ചവർ

(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ

അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദ ഗ്രന്ഥമോ, അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടു വന്നു തരൂ. അല്ലാഹുവിനു പുറമെ, ഉയിർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. (46/4-5)

ഏറ്റവും വലിയ അക്രമിയും അവൻ തന്നെ

അല്ലാഹുവിന് പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. (10/106)

അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന, പാഴായതും, നഷ്ടത്തിലായതും

അവനോടുള്ളതുമാത്രമാണ് ന്യായമായ പ്രാർത്ഥന. അവന്നു പുറമെ ആരോടെല്ലാം അവർ പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല. വെള്ളം തന്റെ വായിൽ (തനിയെ) വന്നെത്താൻ വേണ്ടി തന്റെ ഇരുകൈകളും അതിന്റെ നേരെ നീട്ടിക്കാണിക്കുന്നവനെപ്പോലെ മാത്രമാകുന്നു അവർ. അത് (വെള്ളം) വായിൽ വന്നെത്തുകയില്ലല്ലോ. സത്യനിഷേധികളുടെ പ്രാർത്ഥന നഷ്ടത്തിൽ തന്നെയാകുന്നു. (13/14)

വിദൂരമായ വഴികേട്

അല്ലാഹുവിന് പുറമെ അവന്ന് ഉപദ്രവമോ ഉപകാരമോ ചെയ്യാത്ത വസ്തുക്കളെ അവൻ വിളിച്ചു പ്രാർത്ഥിക്കുന്നു. അതു തന്നെയാണ് വിദൂരമായ വഴികേട്. (22/12)

ശിർക്ക്

രാവിനെ അവൻ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ രാവിലും പ്രവേശിപ്പിക്കുന്നു. സൂര്യനെയും ചന്ദ്രനെയും അവൻ (തന്റെ നിയമത്തിന്) വിധേയമാക്കുകയും ചെയ്തിരിക്കുന്നു. അവയോരോന്നും നിശ്ചിതമായ ഒരു പരിധി വരെ സഞ്ചരിക്കുന്നു. അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവനു പുറമെ ആരോട് നിങ്ങൾ പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈന്തപ്പഴക്കുരുവിന്റെ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങൾ അവരോട് പ്രാർത്ഥിക്കുന്ന പക്ഷം

അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളികളാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ (അല്ലാഹുവെ) പ്പോലെ നിനക്ക് വിവരം തരാൻ ആരുമില്ല. (35/13-14)

■

■ അഞ്ച്

ശിർക്ക് അഥവാ ബഹുദൈവവിശ്വാസം

സ്വർഗ പ്രവേശം നിഷിദ്ധം

....അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്. (5/72)

സൽകർമ്മങ്ങൾ ചെയ്തതുകൊണ്ട് ഫലമില്ലാതാവും

തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിന്റെ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. (39/65)

പൊറുക്കപ്പെടാത്ത അപരാധം

❒ തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർത്തുവോ അവൻ തീർച്ചയായും ഗുരുതരമായ ഒരു കുറ്റകൃത്യമാണ് ചമച്ചുണ്ടാക്കിയിരിക്കുന്നത്. (4/48)

❒ തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ

ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. (4/116)

ഏറ്റവും വലിയ അക്രമം

നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു. (31/13)

പിശാചിന് അധികാരം

വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ അവന് (പിശാചിന്) യാതൊരു അധികാരവുമില്ല; തീർച്ച. അവന്റെ അധികാരം അവനെ രക്ഷാധികാരിയാക്കുന്നവരുടെയും അല്ലാഹുവോട് പങ്കുചേർക്കുന്നവരുടെയും മേൽ മാത്രമാകുന്നു. (16/99-100)

■

ആറ്

ഇസ്‌ലാം എന്നാൽ

ദൈവിക മതം

"തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്‌ലാമാകുന്നു" (3/19)

ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.(5/3)

സത്യമാർഗ്ഗം, നേർവഴി, ചൊവ്വായ പാത

കീഴ്‌വണക്കം അല്ലാഹുവിന് മാത്രം ആക്കി കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം (98/5)

അജയ്യമായ ആദർശം

അവർ അവരുടെ വായ്കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു. സൻമാർഗവും സത്യമതവും കൊണ്ട് -എല്ലാ മതങ്ങൾക്കും മീതെ അതിനെ തെളിയിച്ചു കാണിക്കുവാൻ വേണ്ടി-തന്റെ ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. ബഹുദൈവാരാധകർക്ക് (അത്) അനിഷ്ടകരമായാലും ശരി. (61/8-9)

ദൈവത്തിങ്കൽ സ്വീകാര്യമായ ഒരേ ഒരു മതം

ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെ

ങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. (3/85)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറ പ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്. (3/102)

എല്ലാ പ്രവാചകന്മാരും നിലകൊണ്ട മതം

.....നിങ്ങളുടെ പിതാവായ ഇബ്രാഹീമിന്റെ മാർഗമത്രെ അത്. മുമ്പും (മുൻവേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്ലിംകളെന്ന് പേര് നൽകിയിരിക്കുന്നു. .... (22/78)

ശുദ്ധപ്രകൃതിയുടെ മതം

അപ്പോൾ അല്ലാഹുവിന്റെ മതമല്ലാത്ത മറ്റു വല്ല മതവുമാണോ അവർ ആഗ്രഹിക്കുന്നത്? (വാസ്തവത്തിൽ) ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം അനുസരണയോടെയോ നിർബന്ധിതമായോ അവന്ന് കീഴ്പെട്ടിരിക്കുകയാണ്. അവനിലേക്ക് തന്നെയാണ് അവർ മടക്കപ്പെടുന്നതും. (3/83)

സ്രഷ്ടാവിനുള്ള സമ്പൂർണ്ണ സമർപണം, ജാതിപേരല്ല

❒ ആർക്കെങ്കിലും) സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ,) പറയുക; നിങ്ങൾ സത്യവാൻമാരാണെങ്കിൽ (അതിന്ന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടുവരൂ എന്ന്. എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമ്മകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്തുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല ; അവർ ദുഃഖിക്കേണ്ടിവരികയുമില്ല. (2/111-112)

❒ ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും. (16/97)

❒ ആണാകട്ടെ പെണ്ണാകട്ടെ , ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല. (4/124)

മനുഷ്യ സമത്വവും ശുദ്ധ ഏകദൈവത്വവും വിളംബരം ചെയ്യുന്നു

❒ ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു. (49/13)

❒ തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർ തന്നെയാകുന്നു സൃഷ്ടികളിൽ ഉത്തമർ. (98/7)

❒ (മനുഷ്യരേ,) തീർച്ചയായും ഇതാണ് നിങ്ങളുടെ സമുദായം. ഏക സമുദായം. ഞാൻ നിങ്ങളുടെ രക്ഷിതാവും. അതിനാൽ നിങ്ങൾ എന്നെ ആരാധിക്കുവിൻ. (21/92)

നന്മകൾക്ക് വേണ്ടി നിലകൊള്ളുന്നു, തിന്മകൾക്കെതിരിലും

മനുഷ്യവംശത്തിനു വേണ്ടി രംഗത്ത് കൊണ്ടുവരപ്പെട്ട ഉത്തമസമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.(3/110)

ഹൃദയ വിശാലതയുടെയും മനഃശാന്തിയുടെയും ദർശനം

❒ ഏതൊരാളെ നേർവഴിയിലേക്ക് നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്ലാമിലേക്ക് അവൻ തുറന്നുകൊടുക്കുന്നതാണ്. ഏതൊരാളെ അല്ലാഹു പിഴവിലാക്കാൻ ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇടുങ്ങിയതും ഞെരുങ്ങിയതുമാക്കിത്തീർക്കുന്നതാണ്. അവൻ ആകാശത്തിലൂടെ കയറിപ്പോകുന്നത് പോലെ. വിശ്വസിക്കാത്തവരുടെ മേൽ അപ്രകാരം അല്ലാഹു ശിക്ഷ ഏർപെടുത്തുന്നു. (6/125)

❒ അപ്പോൾ ഏതൊരാളുടെ ഹൃദയത്തിന് ഇസ്ലാം സ്വീകരിക്കാൻ അല്ലാഹു വിശാലത നൽകുകയും അങ്ങനെ അവൻ തന്റെ രക്ഷിതാ

വിങ്കൽ നിന്നുള്ള പ്രകാശത്തിലായിരിക്കുകയും ചെയ്തുവോ (അവൻ ഹൃദയം കടുത്തുപോയവനെപ്പോലെയാണോ?) എന്നാൽ അല്ലാഹുവിന്റെ സ്മരണയിൽ നിന്ന് അകന്ന് ഹൃദയങ്ങൾ കടുത്തുപോയവർക്കാകുന്നു നാശം. അത്തരക്കാർ വ്യക്തമായ ദുർമാർഗത്തിലത്രെ. (39/22)

സമാധാനത്തിന്റെ മതം

❒ അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമ്മം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്? നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. (41/33-35)

ബലപ്രയോഗത്തിന്റെ മതമല്ല

❒ മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടി പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (2/256)

❒ തീർച്ചയായും നാം മനുഷ്യർക്ക് വേണ്ടി സത്യപ്രകാരമുള്ള വേദഗ്രന്ഥം നിന്റെ മേൽ ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ വല്ലവനും സൻമാർഗം സ്വീകരിച്ചാൽ അത് അവന്റെ ഗുണത്തിന് തന്നെയാണ്. വല്ലവനും വഴി പിഴച്ചു പോയാൽ അവൻ വഴിപിഴച്ചു പോകുന്നതിന്റെ ദോഷവും അവന് തന്നെ. നീ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല. (39/41)

❒ യുക്തിദീക്ഷയോടു കൂടിയും, സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗത്തിലേക്ക് നീ ക്ഷണിച്ച് കൊള്ളുക. ഏറ്റവും നല്ല രീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. തീർച്ചയായും നിന്റെ രക്ഷിതാവ് തന്റെ മാർഗം വിട്ട് പിഴച്ച് പോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനത്രെ. സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും നല്ലവണ്ണം അറിയു

ന്നവനത്രെ. (125)

ഭീകരതയുടെ മതമല്ല

മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു. (5/32)

നീതിയുടെ മതം

❒ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്ന് വേണ്ടി നിലകൊള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമർഷം നീതി പാലിക്കാതിരിക്കാൻ നിങ്ങൾക്ക് പ്രേരകമാകരുത്. നിങ്ങൾ നീതി പാലിക്കുക. അതാണ് ധർമ്മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു. (5/8)

❒ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു. (4/135)

❒ മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു. (60/8)

കാരുണ്യത്തിന്റെ മതം

❒ എന്നിട്ട് ആ മലമ്പാതയിൽ അവൻ തള്ളിക്കടന്നില്ല. ആ മലമ്പാത

എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുക. അല്ലെങ്കിൽ പട്ടിണിയുള്ള നാളിൽ ഭക്ഷണം കൊടുക്കുക. കുടുംബബന്ധമുള്ള അനാഥയ്ക്ക് അല്ലെങ്കിൽ കടുത്ത ദാരിദ്ര്യമുള്ള സാധുവിന് പുറമെ, വിശ്വസിക്കുകയും, ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്യുക (90/11-17)

❒ തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരുണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക.. (17/23-24)

ഇസ്‌ലാം മനുഷ്യരോട് കല്പിക്കുന്നത്

❒ സത്യവിശ്വാസികളേ, അല്ലാഹുവിലും, അവന്റെ ദൂതനിലും, അവന്റെ ദൂതന്ന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും മുമ്പ് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും, അവന്റെ മലക്കുകളിലും, അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതൻമാരിലും, അന്ത്യ ദിനത്തിലും വല്ലവനും അവിശ്വസിക്കുന്ന പക്ഷം തീർച്ചയായും അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു. (4/136)

❒ നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയ അടിമകളോടും നല്ലനിലയിൽ വർത്തിക്കുക. പൊങ്ങച്ചക്കാരനും ദുരഭിമാനിയുമായിട്ടുള്ള ആരെയും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല. (4/36)

❒ തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും

നൻമചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനു മാണ് . അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽ നിന്നും അതിക്രമത്തിൽ നിന്നുമാണ്. നിങ്ങൾ ചിന്തിച്ചു ഗ്രഹിക്കുവാൻ വേണ്ടി അവൻ നിങ്ങൾക്കു ഉപദേശം നൽകുന്നു. (16/90)

❒ പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമാ യതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മവും, ന്യായം കൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നി ട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്. (7/33)

■

ഏഴ്

പരലോകം

ഇഹലോകത്തിന്റെ നശ്വരത

❒ നിങ്ങൾ അറിയുക: ഇഹലോകജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുകളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്- ഒരു മഴ പോലെ. അതു മൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടതു തുരുമ്പായിപ്പോകുന്നു. എന്നാൽ പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്വൃത്തർക്ക്) അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹികജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല. (57/20)

❒ സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമ്മങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും. (18/46)

❒ ഐഹികജീവിതമെന്നത് കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. പാരത്രിക ലോകമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമമായിട്ടുള്ളത്. നിങ്ങളെന്താണ് ചിന്തിക്കാത്തത്? (6/32)

❒ (അന്ന്) ആർ അതിരുകവിയുകയും ഇഹലോകജീവിതത്തിനു കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവോ (അവന്ന്) കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം. അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ

നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം. (79/37-41)

മരണം

❒ ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ നിങ്ങൾക്ക് പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല. (3/185)

❒ ഓരോ വ്യക്തിയും മരണം ആസ്വദിക്കുകതന്നെ ചെയ്യും. ഒരു പരീക്ഷണം എന്ന നിലയിൽ തിൻമ നൽകിക്കൊണ്ടും നൻമ നൽകിക്കൊണ്ടും നിങ്ങളെ നാം പരിശോധിക്കുന്നതാണ്. നമ്മുടെ അടുത്തേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. (21/35)

❒ (നബിയേ,) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽ നിന്ന് നിങ്ങൾ ഓടി അകലുന്നുവോ അത് തീർച്ചയായും നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും, ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെ പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്. (62/8)

പരലോകത്തിനെ സൂക്ഷിക്കുക

❒ മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനം ചെയ്യാത്ത, ഒരു സന്തതിയും പിതാവിന് ഒട്ടും പ്രയോജനകാരിയാവാത്ത ഒരു ദിവസത്തെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹികജീവിതം നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിച്ചു കളയാതിരിക്കട്ടെ. (31/33)

❒ ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒരു ഉപകാരവും ചെയ്യുവാൻ പറ്റാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശുപാർശയും പ്രയോജനപ്പെടാത്ത, ആർക്കും ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസത്തെ (ന്യായവിധിയുടെ ദിവസത്തെ) നിങ്ങൾ

സൂക്ഷിക്കുകയും ചെയ്യുക. (2/123)

ഉയിർത്തെഴുന്നേല്പ്

❒ ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്ന പ്രകാരം ആകാശത്തെ നാം ചുരുട്ടിക്കളയുന്ന ദിവസം! ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്. (2/104)

❒ തങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ലെന്ന് ആ അവിശ്വാസികൾ ജൽപിച്ചു.(നബിയേ,)പറയുക: അതെ; എന്റെ രക്ഷിതാവിനെ തന്നെയാണ, നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും. പിന്നീട് നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി നിങ്ങൾക്ക് വിവരമറിയിക്കപ്പെടുകയും ചെയ്യും. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (64/7)

മഹ്ഷറ

❒ അല്ലാഹു- അവനല്ലാതെ യാതൊരു ദൈവവുമില്ല. ഉയിർത്തെഴുന്നേൽപിന്റെ ദിവസത്തേക്ക് അവൻ നിങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും. അതിൽ സംശയമേ ഇല്ല. അല്ലാഹുവെക്കാൾ സത്യസന്ധമായി വിവരം നൽകുന്നവൻ ആരുണ്ട്? (4/87)

❒ ഭൂമിയിലുള്ള ഏതൊരു ജന്തുവും, രണ്ട് ചിറകുകൾ കൊണ്ട് പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലെയുള്ള ചില സമൂഹങ്ങൾ മാത്രമാകുന്നു. ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല. പിന്നീട് തങ്ങളുടെ രക്ഷിതാവിങ്കലേക്ക് അവർ ഒരുമിച്ചുകൂട്ടപ്പെടുന്നതാണ്. (6/38)

ന്യായവിധിനാൾ നീതിയുടെ ദിവസം

❒ ഈ ദിവസം ഓരോ വ്യക്തിക്കും താൻ സമ്പാദിച്ചതിനുള്ള പ്രതിഫലം നൽകപ്പെടും. ഈ ദിവസം അനീതിയില്ല. തീർച്ചയായും അല്ലാഹു അതിവേഗം കണക്കു നോക്കുന്നവനാകുന്നു. (40/17)

❒ തീർച്ചയായും അല്ലാഹു ഒരു അണുവോളം അനീതി കാണിക്കുകയില്ല. വല്ല നൻമയുമാണുള്ളതെങ്കിൽ അതവൻ ഇരട്ടിച്ച് കൊടുക്കുകയും, അവന്റെ പക്കൽ നിന്നുള്ള വമ്പിച്ച പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. (4/40)

❒ അന്നേ ദിവസം യാതൊരാളോടും അനീതി ചെയ്യപ്പെടുകയില്ല. നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിനല്ലാതെ നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുകയുമില്ല. (36/54)

നരകം

❒ സത്യനിഷേധികൾ കൂട്ടം കൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യും. അങ്ങനെ അവർ അതിന്നടുത്തു വന്നാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടും. നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ ഓതികേൾപിക്കുകയും, നിങ്ങൾക്കുള്ളതായ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെ പറ്റി നിങ്ങൾക്ക് താക്കീത് നൽകുകയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെയുള്ള ദൂതൻമാർ നിങ്ങളുടെ അടുക്കൽ വന്നിട്ടില്ലേ. എന്ന് അതിന്റെ (നരകത്തിന്റെ) കാവൽക്കാർ അവരോട് ചോദിക്കുകയും ചെയ്യും. അവർ പറയും: അതെ. പക്ഷെ സത്യനിഷേധികളുടെ മേൽ ശിക്ഷയുടെ വചനം സ്ഥിരപ്പെട്ടു പോയി. (അവരോട്) പറയപ്പെടും: നിങ്ങൾ നരകത്തിന്റെ വാതിലുകളിലൂടെ പ്രവേശിക്കുക. നിങ്ങളതിൽ നിത്യവാസികളായിരിക്കും. എന്നാൽ അഹങ്കാരികളുടെ പാർപ്പിടം എത്ര ചീത്ത! (39/71-72)

❒ തിൻമകൾ പ്രവർത്തിച്ചവർക്കാകട്ടെ തിൻമയ്ക്കുള്ള പ്രതിഫലം അതിന് തുല്യമായതു തന്നെയായിരിക്കും. അപമാനം അവരെ ബാധിക്കുകയും ചെയ്യും. അല്ലാഹുവിൽ നിന്ന് അവരെ രക്ഷിക്കുന്ന ഒരാളുമില്ല. ഇരുണ്ട രാവിന്റെ കഷ്ണങ്ങൾകൊണ്ട് അവരുടെ മുഖങ്ങൾ പൊതിഞ്ഞതു പോലെയിരിക്കും. അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യ വാസികളായിരിക്കും. (10/27)

❒ ഇതാ, നിങ്ങൾക്ക് മുന്നറിയിപ്പ് നൽകപ്പെട്ടിരുന്ന നരകം! നിങ്ങൾ അവിശ്വസിച്ചിരുന്നതിന്റെ ഫലമായി അതിൽ കടന്നു എരിഞ്ഞ് കൊള്ളുക. (36/63-64)

❒ അതത്രെ അവർക്കുള്ള പ്രതിഫലം. അവിശ്വസിക്കുകയും, എന്റെ ദൃഷ്ടാന്തങ്ങളെയും, ദൂതൻമാരെയും പരിഹാസ്യമാക്കുകയും ചെയ്തതിന്നുള്ള (ശിക്ഷയായ) നരകം. (18/106)

❒ തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ട് കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റികൊടുക്കുന്നതാണ്. അവർ ശിക്ഷ

ആസ്വദിച്ചു കൊണ്ടിരിക്കാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു. (4/56)

❒ ആകാശം ഉരുകിയ ലോഹം പോലെ ആകുന്ന ദിവസം! പർവ്വതങ്ങൾ കടഞ്ഞരോമം പോലെയും. ഒരുറ്റ ബന്ധുവും മറ്റൊരു ഉറ്റബന്ധുവിനോട് (അന്ന്) യാതൊന്നും ചോദിക്കുകയില്ല. അവർക്ക് അന്യോന്യം കാണിക്കപ്പെടും. തന്റെ മക്കളെ പ്രായശ്ചിത്തമായി നൽകി കൊണ്ട് ആ ദിവസത്തെ ശിക്ഷയിൽ നിന്ന് മോചനം നേടാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് കുറ്റവാളി ആഗ്രഹിക്കും. തന്റെ ഭാര്യയെയും സഹോദരനെയും തനിക്ക് അഭയം നൽകിയിരുന്ന തന്റെ ബന്ധുക്കളെയും ഭൂമിയിലുള്ള മുഴുവൻ ആളുകളെയും. എന്നിട്ട് അതവനെ രക്ഷപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ എന്ന് സംശയം വേണ്ട, തീർച്ചയായും അത് ആളിക്കത്തുന്ന നരകമാകുന്നു. തലയുടെ തൊലിയുരിച്ചു കളയുന്ന നരകാഗ്നി. (70/8-16)

❒ എന്നാൽ ആ സത്യനിഷേധികൾക്ക് നാം കഠിനമായ ശിക്ഷ ആസ്വദിപ്പിക്കുക തന്നെചെയ്യും. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ അതിനീചമായതിന്നുള്ള പ്രതിഫലം നാം അവർക്ക് നൽകുക തന്നെചെയ്യും. അതത്രെ അല്ലാഹുവിന്റെ ശത്രുക്കൾക്കുള്ള പ്രതിഫലമായ നരകം. അവർക്ക് അവിടെയാണ് സ്ഥിരവാസത്തിന്നുള്ള വസതി. നമ്മുടെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിച്ച് കളഞ്ഞിരുന്നതിനുള്ള പ്രതിഫലമത്രെ അത്. (41/27-28)

❒ അല്ല, അന്ത്യസമയത്തെ അവർ നിഷേധിച്ചു തള്ളിയിരിക്കുന്നു. അന്ത്യസമയത്തെ നിഷേധിച്ച് തള്ളിയവർക്ക് കത്തിജ്വലിക്കുന്ന നരകം നാം ഒരുക്കിവെച്ചിരിക്കുന്നു. ദൂരസ്ഥലത്ത് നിന്ന് തന്നെ അത് അവരെ കാണുമ്പോൾ ക്ഷോഭിച്ചിളകുന്നതും ഇരമ്പുന്നതും അവർക്ക് കേൾക്കാവുന്നതാണ്. അതിൽ (നരകത്തിൽ) ഒരു ഇടുങ്ങിയ സ്ഥലത്ത് ചങ്ങലകളിൽ ബന്ധിക്കപ്പെട്ട നിലയിൽ അവരെ ഇട്ടാൽ അവിടെ വെച്ച് അവർ നാശമേ, എന്ന് വിളിച്ചുകേഴുന്നതാണ്. ഇന്ന് നിങ്ങൾ ഒരു നാശത്തെ വിളിക്കേണ്ടതില്ല. ധാരാളം നാശത്തെ വിളിച്ചുകൊള്ളുക. (എന്നായിരിക്കും അവർക്ക് കിട്ടുന്ന മറുപടി) (25/11-14)

❒ (അല്ലാഹു മലക്കുകളോട് കൽപിക്കും:) സത്യനിഷേധിയും ധിക്കാരിയുമായിട്ടുള്ള ഏതൊരുത്തനെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക. അതായത് നൻമയെ മുടക്കുന്നവനും അതിക്രമകാരിയും സംശയാലുവുമായ ഏതൊരുത്തനെയും. അതെ, അല്ലാഹുവോടൊപ്പം വേറെ ദൈവത്തെ സ്ഥാപിച്ച ഏതൊരുവനെയും. അതിനാൽ കഠിനമായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക. (50/24-26)

❒ അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (ആളുകളെ) തടയുകയും ചെയ്തവരാരോ അവർക്ക് നാം ശിക്ഷയ്ക്കുമേൽ ശിക്ഷ കൂട്ടികൊടുക്കുന്നതാണ്. അവർ കുഴപ്പം സൃഷ്ടിച്ച് കൊണ്ടിരുന്നതിന്റെ ഫലമത്രെ അത്. (16/88)

❒ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ, അല്ലാഹുവിന്റെ പേരിൽ കള്ളം പറഞ്ഞവരുടെ മുഖങ്ങൾ കറുത്തിരുണ്ടതായി നിനക്ക് കാണാം. നരകത്തിലല്ലയോ അഹങ്കാരികൾക്കുള്ള വാസസ്ഥലം! (39/60)

❒ തീർച്ചയായും കുറ്റവാളികൾ നരകശിക്ഷയിൽ നിത്യവാസികളായിരിക്കും. അവർക്ക് അത് ലഘൂകരിച്ച് കൊടുക്കപ്പെടുകയില്ല. അവർ അതിൽ ആശയറ്റവരായിരിക്കും. നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷെ അവർ തന്നെയായിരുന്നു അക്രമകാരികൾ. (43/74-76)

സ്വർഗം

❒ തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്ന് വെക്കപ്പെട്ട നിലയിൽ അവർ അതിന്നടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചു കൊള്ളുക. അവർ പറയും: നമ്മളോടുള്ള തന്റെ വാഗ്ദാനം സത്യമായി പാലിക്കുകയും സ്വർഗത്തിൽ നിന്ന് നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്ന വിധം ഈ (സ്വർഗ) ഭൂമി നമുക്ക് അവകാശപ്പെടുത്തിത്തരികയും ചെയ്ത അല്ലാഹുവിന് സ്തുതി. അപ്പോൾ പ്രവർത്തിച്ചവർക്കുള്ള പ്രതിഫലം എത്ര വിശിഷ്ടം! (39/73-74)

❒ സൂക്ഷ്മത പാലിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ (ഇതത്രെ:) അതിന്റെ താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അതിലെ കനികളും അതിലെ തണലും ശാശ്വതമായിരിക്കും. അതത്രെ സൂക്ഷ്മത പാലിച്ചവരുടെ പര്യവസാനം. സത്യനിഷേധികളുടെ പര്യവസാനം നരകമാകുന്നു. (13/35)

❒ എന്റെ ദാസൻമാരേ, ഇന്ന് നിങ്ങൾക്ക് യാതൊരു ഭയവുമില്ല. നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും കീഴ്പെട്ടു ജീവിക്കുന്നവരായിരിക്കുകയും ചെയ്തവരത്രെ(നിങ്ങൾ) നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷഭരിതരായികൊണ്ട് സ്വർഗത്തിൽ പ്രവേ

ശിച്ചു കൊള്ളുക. സ്വർണത്തിന്റെ തളികകളും പാനപാത്രങ്ങളും അവർക്ക് ചുറ്റും കൊണ്ടു നടക്കപ്പെടും. മനസ്സുകൾ കൊതിക്കുന്നതും കണ്ണുകൾക്ക് ആനന്ദകരവുമായ കാര്യങ്ങൾ അവിടെ ഉണ്ടായിരിക്കും. നിങ്ങൾ അവിടെ നിത്യവാസികളായിരിക്കുകയും ചെയ്യും. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി നിങ്ങൾക്ക് അവകാശപ്പെടുത്തിത്തന്നിട്ടുള്ള സ്വർഗമത്രെ അത്. (43/68-72)

❒ ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തികൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും. (28/83)

❒ തങ്ങൾ ഉദ്ദേശിക്കുന്നതെന്തും അവർക്കവിടെ ഉണ്ടായിരിക്കുന്നതാണ്. അവർ നിത്യവാസികളായിരിക്കും. അത് നിന്റെ രക്ഷിതാവ് ബാധ്യത ഏറ്റിട്ടുള്ള വാഗ്ദാനമാകുന്നു. ചോദിക്കപ്പെടാവുന്നതുമാകുന്നു. (25/16)

❒ ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണെന്ന് പറയുകയും, പിന്നീട് നേരാംവണ്ണം നിലകൊള്ളുകയും ചെയ്തിട്ടുള്ളവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്: നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരുന്ന സ്വർഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞ് കൊള്ളുക. ഐഹികജീവിതത്തിലും പരലോകത്തിലും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാകുന്നു. നിങ്ങൾക്കവിടെ (പരലോകത്ത്) നിങ്ങളുടെ മനസ്സുകൾ കൊതിക്കുന്നതെല്ലാമുണ്ടായിരിക്കും. നിങ്ങൾക്കവിടെ നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാമുണ്ടായിരിക്കും. ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായ അല്ലാഹുവിങ്കൽ നിന്നുള്ള സൽക്കാരമത്രെ അത്. (41/30-32)

❒ തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അവർക്ക് സൽക്കാരം നൽകാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ. അവരതിൽ നിത്യവാസികളായിരിക്കും. അതിൽ നിന്ന് വിട്ട് മാറാൻ അവർ ആഗ്രഹിക്കുകയില്ല. (18/107-108)

❒ വിശ്വസിക്കുകയും സൽപ്രവൃത്തികളിൽ ഏർപെടുകയും ചെയ്തവരാകട്ടെ, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോട്ടങ്ങളിൽ നാം അവരെ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അവർക്കവിടെ പരിശുദ്ധരായ ഇണകളുണ്ടായിരിക്കും. സ്ഥിരവും ഇടതൂർന്നതുമായ തണലിൽ നാമവരെ പ്രവേശിപ്പിക്കുകയും ചെയ്യും. (4/57)

❒ അതിന്റെ(നരകത്തിന്റെ) നേരിയ ശബ്ദം പോലും അവർ കേൾക്കുകയില്ല. തങ്ങളുടെ മനസ്സുകൾക്ക് ഇഷ്ടപ്പെട്ട സുഖാനുഭവങ്ങളിൽ അവർ നിത്യവാസികളായിരിക്കും. (21/102)

❒ അനാവശ്യവാക്കോ കുറ്റപ്പെടുത്തലോ അവർ അവിടെ വെച്ച് കേൾക്കുകയില്ല. സമാധാനം! സമാധാനം! എന്നുള്ള വാക്കല്ലാതെ. (56/25-26)

❒ തീർച്ചയായും സൂക്ഷ്മത പാലിച്ചവർ തോട്ടങ്ങളിലും അരുവികളിലുമായിരിക്കും. നിർഭയരായി ശാന്തിയോടെ അതിൽ പ്രവേശിച്ച് കൊള്ളുക. (എന്ന് അവർക്ക് സ്വാഗതം ആശംസിക്കപ്പെടും.) അവരുടെ ഹൃദയങ്ങളിൽ വല്ല വിദ്വേഷവുമുണ്ടെങ്കിൽ നാമത് നീക്കം ചെയ്യുന്നതാണ്. സഹോദരങ്ങളെന്ന നിലയിൽ അവർ കട്ടിലുകളിൽ പരസ്പരം അഭിമുഖമായി ഇരിക്കുന്നവരായിരിക്കും. അവിടെവെച്ച് യാതൊരു ക്ഷീണവും അവരെ ബാധിക്കുന്നതല്ല. അവിടെ നിന്ന് അവർ പുറത്താക്കപ്പെടുന്നതുമല്ല. (15/45-48)

❒ തീർച്ചയായും സ്വർഗവാസികൾ അന്ന് ഓരോ ജോലിയിലായിക്കൊണ്ട് സുഖമനുഭവിക്കുന്നവരായിരിക്കും. അവരും അവരുടെ ഇണകളും തണലുകളിൽ അലംകൃതമായ കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും. അവർക്കവിടെ പഴവർഗങ്ങളുണ്ട്, അവർക്ക് തങ്ങൾ ആവശ്യപ്പെടുന്നതല്ലാമുണ്ട്. സമാധാനം! അതായിരിക്കും കരുണാനിധിയായ രക്ഷിതാവിങ്കൽ നിന്ന് അവർക്കുള്ള അഭിവാദ്യം. (36/55-58)

❒ എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല. (32/17)

■

ഏട്ട്

ആർക്കാണ് സ്വർഗം?

❒ പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപര മായി മറുപടി നൽകുന്നവരുമാകുന്നു. തങ്ങളുടെ രക്ഷിതാവിന് പ്രണാമം ചെയ്യുന്നവരായിക്കൊണ്ടും, നിന്ന് നമസ്കരിക്കുന്നവരായിക്കൊണ്ടും രാത്രി കഴിച്ചുകൂട്ടുന്നവരുമാകുന്നു അവർ. ഇപ്രകാരം പറയുന്നുവരുമാ കുന്നു അവർ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരകശിക്ഷ നീ ഒഴിവാക്കിത്തരേണമേ, തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു. ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ, പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മി തമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ. അല്ലാഹുവോടൊപ്പം വേറെയൊരു ദൈവത്തെയും വിളിച്ചു പ്രാർത്ഥിക്കാത്തവരും, അല്ലാഹു പവിത്രമാക്കി വെച്ചിട്ടുള്ള ജീവനെ ന്യായമായ കാരണത്താലല്ലാതെ ഹനിച്ചു കളയാത്തവരും, വ്യഭിചരിക്കാത്തവരുമാകുന്നു അവർ. ആ കാര്യങ്ങൾ വല്ലവനും ചെയ്യുന്ന പക്ഷം അവൻ പാപഫലം കണ്ടെത്തുക തന്നെ ചെയ്യും. (25/63-68)

❒ വ്യാജത്തിന് സാക്ഷി നിൽക്കാത്തവരും, അനാവശ്യവൃത്തികൾ നടക്കു ന്നേടത്തു കൂടി പോകുകയാണെങ്കിൽ മാന്യൻമാരായിക്കൊണ്ട് കടന്നുപോ കുന്നവരുമാകുന്നു അവർ. തങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ

മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ. അത്തരക്കാർക്ക് തങ്ങൾ ക്ഷമിച്ചതിന്റെ പേരിൽ (സ്വർഗത്തിൽ) ഉന്നത മായ സ്ഥാനം പ്രതിഫലമായി നൽകപ്പെടുന്നതാണ്. അഭിവാദ്യത്തോടും സമാധാനാശംസയോടും കൂടി അവർ അവിടെ സ്വീകരിക്കപ്പെടുന്നതു മാണ്. അവർ അതിൽ നിത്യവാസികളായിരിക്കും. എത്ര നല്ല താവളവും പാർപ്പിടവും! (25/72-76)

❒ സത്യവിശ്വാസികൾ വിജയം പ്രാപിച്ചിരിക്കുന്നു. തങ്ങളുടെ നമ സ്കാരത്തിൽ ഭക്തിയുള്ളവരായ, അനാവശ്യകാര്യത്തിൽ നിന്ന് തിരി ഞ്ഞുകളയുന്നവരുമായ, സകാത്ത് നിർവഹിക്കുന്നവരുമായ. തങ്ങളുടെ ഗുഹ്യാവയവങ്ങളെ കാത്തുസൂക്ഷിക്കുന്നവരുമത്രെ അവർ. തങ്ങളുടെ ഭാര്യമാരുമായോ, തങ്ങളുടെ അധീനത്തിലുള്ള അടിമസ്ത്രീകളുമായോ ഉള്ള ബന്ധം ഒഴികെ. അപ്പോൾ അവർ ആക്ഷേപാർഹരല്ല. എന്നാൽ അതി ന്നപ്പുറം ആരെങ്കിലും ആഗ്രഹിക്കുന്ന പക്ഷം അവർ തന്നെയാണ് അതിക്ര മകാരികൾ. തങ്ങളുടെ അനാമത്തുകളും കരാറുകളും പാലിക്കുന്നവരും, തങ്ങളുടെ നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ചു പോരുന്നവരുമത്രെ (ആ വിശ്വാസികൾ.) അവർ തന്നെയാകുന്നു അനന്തരാവകാശികൾ. അതാ യത് ഉന്നതമായ സ്വർഗം അനന്തരാവകാശമായി നേടുന്നവർ. അവരതിൽ നിത്യവാസികളായിരിക്കും. (23/1-11)

❒ തീർച്ചയായും തങ്ങളുടെ രക്ഷിതാവിനെപ്പറ്റിയുള്ള ഭയത്താൽ നടുങ്ങു ന്നവർ,തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും, തങ്ങളുടെ രക്ഷിതാവിനോട് പങ്കുചേർക്കാത്തവരും, രക്ഷിതാവിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടു കൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരും ആരോ അവരത്രെ നൻമകളിൽ ധൃതിപ്പെട്ട് മുന്നേറുന്നവർ. അവരത്രെ അവയിൽ മുമ്പേ ചെന്നെത്തുന്നവരും. (23/57-61)

❒ ....സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുക ളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും (അവർക്കുണ്ടായിരിക്കും.) കൂടാതെ അല്ലാഹുവിന്റെ പ്രീതിയും. അല്ലാഹു തന്റെ ദാസൻമാരുടെ കാര്യങ്ങൾ കണ്ടറിയുന്നവനാകുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും, നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ എന്ന് പ്രാർത്ഥിക്കുന്നവരും, ക്ഷമ കൈക്കൊള്ളുന്നവരും, സത്യം പാലിക്കുന്നവരും, ഭക്തിയുള്ളവരും ചെലവഴിക്കുന്നവരും, രാത്രി

യുടെ അന്ത്യയാമങ്ങളിൽ പാപമോചനം തേടുന്നവരുമാകുന്നു അവർ (അല്ലാഹുവിന്റെ ദാസൻമാർ.) (17) (3/15-17)

❒ അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ. നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽ നിന്ന് ചെലവഴിക്കുകയും ചെയ്യുന്നവർ. അവർ തന്നെയാണ് യഥാർത്ഥത്തിൽ വിശ്വാസികൾ. അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പല പദവികളുണ്ട്. പാപമോചനവും ഉദാരമായ ഉപജീവനവുമുണ്ട്. (8/2-4)

❒ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർത്ഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും, നിനക്കും നിന്റെമുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ നാഥൻ കാണിച്ച നേർവഴിയിലാകുന്നു അവർ. അവർ തന്നെയാകുന്നു സാക്ഷാൽ വിജയികൾ. (2/3-5)

❒ ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുകയും പിന്നീട് ചൊവ്വെ നിലകൊള്ളുകയും ചെയ്തവരാരോ അവർക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. അവരാകുന്നു സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമത്രെ അത്. (46/13-14)

❒ വിശ്വസിക്കുകയും സ്വദേശം വെടിഞ്ഞ് പോകുകയും അല്ലാഹുവിന്റെ മാർഗത്തിൽ സമരത്തിൽ ഏർപെടുകയും ചെയ്തവരും, അവർക്ക് അഭയം നൽകുകയും സഹായിക്കുകയും ചെയ്തവരും തന്നെയാണ് യഥാർത്ഥത്തിൽ സത്യവിശ്വാസികൾ. അവർക്ക് പാപമോചനവും മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും. (8/74)

❒ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമ്മങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക്

മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു. (3/133-136)

❒ നേർച്ച അവർ നിറവേറ്റുകയും ആപത്തു പടർന്ന് പിടിക്കുന്ന ഒരു ദിവസത്തെ അവർ ഭയപ്പെടുകയും ചെയ്യും. ആഹാരത്തോട് പ്രിയമുള്ള തോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരനും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്കു ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്നു യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. മുഖം ചുളിച്ചു പോകുന്നതും, ദുസ്സഹവുമായ ഒരു ദിവസത്തെ ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് തീർച്ചയായും ഞങ്ങൾ ഭയപ്പെടുന്നു. അതിനാൽ ആ ദിവസത്തിന്റെ തിൻമയിൽ നിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും, പ്രസന്നതയും സന്തോഷവും അവർക്കു അവൻ നൽകുകയും ചെയ്യുന്നതാണ്. അവർ ക്ഷമിച്ചതിനാൽ സ്വർഗത്തോപ്പും പട്ടു വസ്ത്രങ്ങളും അവർക്കവൻ പ്രതിഫലമായി നൽകുന്നതാണ്. (76/5-12)

■

ഒമ്പത്

മുഹമ്മദ് നബി ﷺ ഖുർആനിൽ

മനുഷ്യ വിമോചകൻ

(അതായത്) തങ്ങളുടെ പക്കലുള്ള തൌറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷര ജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ് നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്.) അവരോട് അദ്ദേഹം സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് അവരെ വിലക്കുകയും ചെയ്യുന്നു. നല്ല വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ പിന്തുണക്കുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതരിപ്പിക്കപ്പെട്ടിട്ടുള്ള ആ പ്രകാശത്തെ പിൻപറ്റുകയും ചെയ്തവരാരോ, അവർ തന്നെയാണ് വിജയികൾ. (7/157)

പൂർവ്വ വേദങ്ങളിൽ പ്രവചിക്കപ്പെട്ട ദൂതൻ

മുഹമ്മദ് അല്ലാഹുവിന്റെ റസൂലാകുന്നു. അദ്ദേഹത്തോടൊപ്പമുള്ളവർ സത്യനിഷേധികളുടെ നേരെ കർക്കശമായി വർത്തിക്കുന്നവരാകുന്നു. അവർ അന്യോന്യം ദയാലുക്കളുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടിക്കൊണ്ട് അവർ കുമ്പിട്ടും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്നതായി നിനക്ക് കാണാം. സുജൂദിന്റെ ഫലമായി അവരുടെ അടയാളം അവരുടെ മുഖങ്ങളിലുണ്ട്. അതാണ് തൌറാത്തിൽ അവരെ പറ്റിയുള്ള ഉപമ. ഇൻജീലിൽ അവരെ പറ്റിയുള്ള ഉപമ ഇങ്ങനെയാകുന്നു: ഒരു വിള, അത് അതിന്റെ കൂമ്പ് പുറത്ത് കാണിച്ചു. എന്നിട്ടതിനെ പുഷ്ടിപ്പെടുത്തി. എന്നിട്ടത് കരുത്താർജിച്ചു. അങ്ങനെ അത് കർഷകർക്ക്

കൌതുകം തോന്നിച്ചു കൊണ്ട് അതിന്റെ കാണ്ഡത്തിൻമേൽ നിവർന്നു നിന്നു. (സത്യവിശ്വാസികളെ ഇങ്ങനെ വളർത്തിക്കൊണ്ട് വരുന്നത്) അവർ മൂലം സത്യനിഷേധികളെ അരിശം പിടിപ്പിക്കാൻ വേണ്ടിയാകുന്നു. അവരിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്കു അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും വാഗ്ദാനം ചെയ്തിരിക്കുന്നു. (48/29)

മുൻപ്രവാചകന്മാരെയും പൂർവ്വ വേദങ്ങളെയും സത്യപ്പെടുത്തുന്നു

❒ (നബിയേ,) പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതി (ഖുർആൻ) ലും, ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ട (ദിവ്യസന്ദേശം) തിലും, മൂസായ്ക്കും ഈസായ്ക്കും മറ്റു പ്രവാചകൻമാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു. (3/84)

❒ അല്ല, സത്യവും കൊണ്ടാണ് അദ്ദേഹം വന്നത്. (മുമ്പ് വന്ന) ദൈവദൂതൻമാരെ അദ്ദേഹം സത്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (37/37)

അബ്രഹാം പ്രവാചകന്റെ പ്രാർത്ഥനയുടെ ഫലം, ആദർശ പിൻഗാമിയും

❒ ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതികേൾപിച്ചു കൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു. (2/129)

❒ തീർച്ചയായും ജനങ്ങളിൽ ഇബ്രാഹീമിനോട് കൂടുതൽ അടുപ്പമുള്ളവർ അദ്ദേഹത്തെ പിന്തുടർന്നവരും, ഈ പ്രവാചകനും (അദ്ദേഹത്തിൽ) വിശ്വസിച്ചവരുമാകുന്നു. അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരിയാകുന്നു. (3/68)

❒ പിന്നീട്, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായിരുന്ന ഇബ്രാഹീമിന്റെ മാർഗത്തെ പിന്തുടരണം എന്ന് നിനക്ക് ഇതാ ബോധനം നൽകിയിരിക്കുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. (16/123)

യേശുക്രിസ്തു പറഞ്ഞ `ആ' പ്രവാചകൻ

മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൌറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു. (61/6)

അക്ഷരജ്ഞാനമില്ലാത്ത പ്രവാചകൻ

ഇതിന് മുമ്പ് നീ വല്ല ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിന്റെ വലതുകൈ കൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്കു സംശയിക്കാമായിരുന്നു. (29/48)

അല്ലാഹുവിന്റെ അടിമ

❒ അല്ലാഹുവിന്റെ ദാസൻ (നബി) അവനോട് പ്രാർത്ഥിക്കുവാനായി എഴുന്നേറ്റ് നിന്നപ്പോൾ അവർ അദ്ദേഹത്തിന് ചുറ്റും തിങ്ങിക്കൂടുവാനൊരുങ്ങി എന്നും. (72/19)

❒ തന്റെ ദാസനെ (നബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് - അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു - നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ! നമ്മുടെ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹത്തിന് നാം കാണിച്ചുകൊടുക്കാൻ വേണ്ടിയത്രെ അത്. തീർച്ചയായും അവൻ (അല്ലാഹു) എല്ലാം കേൾക്കുന്നവനും കാണുന്നവനുമത്രെ. (17/1)

മനുഷ്യനായ ദൈവദൂതൻ

❒ (നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. ...(18/110)

❒ തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു. (39/30)

പ്രവാചകന്മാരിലൊരാൾ

❒ മുഹമ്മദ് അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. (3/144)

❒ (നബിയേ,) നൂഹിനും അദ്ദേഹത്തിന്റെ ശേഷമുള്ള പ്രവാചകൻമാർക്കും നാം സന്ദേശം നൽകിയത് പോലെ തന്നെ നിനക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്. യഅ്ഖൂബ് സന്തതികൾ, ഈസാ, അയ്യൂബ്, യൂനുസ്, ഹാറൂൻ, സുലൈമാൻ എന്നിവർക്കും നാം സന്ദേശം നൽകിയിരിക്കുന്നു. ദാവൂദിന് നാം സബൂർ (സങ്കീർത്തനം) നൽകി. നിനക്ക് നാം മുമ്പ് വിവരിച്ചുതന്നിട്ടുള്ള ദൂതൻമാരെയും, നിനക്ക് നാം വിവരിച്ചുതന്നിട്ടില്ലാത്ത ദൂതൻമാരെയും (നാം നിയോഗിക്കുകയുണ്ടായി.) മൂസായോട് അല്ലാഹു നേരിട്ട് സംസാരിക്കുകയും ചെയ്തു. സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതൻമാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിനെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. (4/163-165)

ഇച്ഛാശക്തിയും, മനഃകരുത്തുമുള്ള അഞ്ച് നബിമാരിലൊരാൾ

❒ ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചത് പോലെ നീ ക്ഷമിക്കുക. (46/35)

❒ നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം - നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. എന്നകാര്യം - അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു.....(42/13)

❒ പ്രവാചകൻമാരിൽ നിന്ന് തങ്ങളുടെ കരാർ നാം വാങ്ങിയ സന്ദർഭം (ശ്രദ്ധേയമാണ്.) നിന്റെ പക്കൽ നിന്നും നൂഹ്, ഇബ്രാഹീം, മൂസാ, മർയമിന്റെ മകൻ ഈസാ എന്നിവരിൽ നിന്നും (നാം കരാർ വാങ്ങിയ സന്ദർഭം.) ഗൌരവമുള്ള ഒരു കരാറാണ് അവരിൽ നിന്നെല്ലാം നാം വാങ്ങിയത്. (33/7)

നിസ്വാർത്ഥനായ പ്രബോധകൻ

വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത തന്റെ ദാസൻമാർക്ക് അല്ലാഹു സന്തോഷവാർത്ത അറിയിക്കുന്നതത്രെ

അത്. നീ പറയുക: അതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ആവശ്യപ്പെടുന്നില്ല. അടുത്ത ബന്ധത്തിന്റെ പേരിലുള്ള സ്നേഹമല്ലാതെ. (42/23)

പ്രവാചകന്മാരിൽ അന്തിമൻ

മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു. (33/40)

മനുഷ്യർക്കെല്ലാമുള്ള ദൈവ ദൂതൻ

❒ നിന്നെ നാം മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനും ആയികൊണ്ട് തന്നെയാണ് അയച്ചിട്ടുള്ളത്. പക്ഷെ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല. (34/28)

❒ പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ.) അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു....(7/158)

❒ ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യവുമായി നിങ്ങളുടെ അടുക്കലിതാ റസൂൽ വന്നിരിക്കുന്നു. അതിനാൽ നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ വിശ്വസിക്കുക. നിങ്ങൾ നിഷേധിക്കുകയാണെങ്കിലോ, ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാണ്. (എന്ന് നിങ്ങൾ ഓർത്തു കൊള്ളുക.) അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു. (4/170)

ജിന്നുകൾക്കുള്ള ദൂതൻ

നബിയേ,) പറയുക: ജിന്നുകളിൽ നിന്നുള്ള ഒരു സംഘം ഖുർആൻ ശ്രദ്ധിച്ചു കേൾക്കുകയുണ്ടായി എന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു. എന്നിട്ടവർ (സ്വന്തം സമൂഹത്തോട്) പറഞ്ഞു: തീർച്ചയായും അത്ഭുതകരമായ ഒരു ഖുർആൻ ഞങ്ങൾ കേട്ടിരിക്കുന്നു. അത് സൻമാർഗത്തിലേക്ക് വഴി കാണിക്കുന്നു. അതു കൊണ്ട് ഞങ്ങൾ അതിൽ വിശ്വസിച്ചു. മേലിൽ ഞങ്ങളുടെ രക്ഷിതാവിനോട് ആരെയും ഞങ്ങൾ പങ്കുചേർക്കുകയേ ഇല്ല. (72/1-2)

ലോകത്തിനു കാരുണ്യവും

ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല. (21/107)

അല്ലാഹുവിന്റെ അനുഗ്രഹം

തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽ നിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതികേൾപിക്കുകയും, അവരെ സംസ്കരിക്കുകയും, അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽ തന്നെയായിരുന്നു. (3/164)

ഉന്നത സ്വഭാവം അനുപമ വ്യക്തിത്വം

തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു. (68/4)

കൃപയും വാത്സല്യവുമുള്ളവൻ

തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്ത വനും, നിങ്ങളുടെ കാര്യത്തിൽ അതീവതാൽപര്യമുള്ളവനും, സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം. (9/128)

പരുഷ പ്രകൃതനോ കഠിന മനസ്കനോ അല്ല

(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൌമ്യമായി പെരുമാറിയത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്. (3/159)

സാക്ഷി, സുവിശേഷകൻ, പ്രബോധകൻ, മുന്നറിയിപ്പുകാരൻ, വിളക്ക്

നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷ വാർത്ത അറിയിക്കുന്നവനും, താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും, പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്. (33/45-46)

പിന്തുടരപ്പെടേണ്ട വ്യക്തിത്വം, ഉത്തമ മാതൃക

തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്. (33/21)

വിശ്വാസികളുടെ ജീവന്റെ ജീവൻ, നബി പത്നിമാർ വിശ്വാസികളുടെ ഉമ്മമാരും

പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു. അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു. (33/6)

സന്മാർഗവും സത്യമതവുമായി വന്നു

സൻമാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തിനും മീതെ തെളിയിച്ചുകാണിക്കാൻ വേണ്ടി. സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി. (48/28)

സത്യവും അസത്യവും വേർതിരിച്ച് വ്യക്തമാക്കി കൊടുത്തു

തന്റെ ദാസന്റെ മേൽ സത്യാസത്യവിവേചനത്തിനുള്ള പ്രമാണം (ഖുർആൻ) അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണനാകുന്നു. അദ്ദേഹം (റസൂൽ) ലോകർക്ക് ഒരു താക്കീതുകാരൻ ആയിരിക്കുന്നതിനു വേണ്ടിയത്രെ അത്. (25/1)

ഐക്യത്തിലേക്കും മോക്ഷത്തിലേക്കും വിളിച്ചു

(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്) . എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക. (3/64)

അല്ലാഹുവിലേക്ക് ക്ഷണിച്ചു

(നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോട് കൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്) പങ്കുചേർക്കുന്ന കൂട്ടത്തിലല്ല തന്നെ. (12/108)

നേർവഴിയിലൂടെ നടത്തിച്ചു

തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. (42/52)

ഇരുളിൽ നിന്ന് പ്രകാശത്തിലേക്ക് നയിച്ചു

അഥവാ അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതികേൾപിച്ചു തരുന്ന ഒരു ദൂതനെ നിങ്ങളുടെ അടുത്തേക്കിറക്കിത്തന്നിരിക്കുന്നു; വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ അന്ധകാരങ്ങളിൽ നിന്ന് പ്രകാശത്തിലേക്ക് ആനയിക്കുവാൻ വേണ്ടി. ...(65/11)

സൃഷ്ടിപൂജയുടെ അധമത്വത്തിൽനിന്ന് ഏകദൈവാരാധനയിലേക്ക്

എന്തെന്നാൽ അല്ലാഹുവിനെയല്ലാതെ നിങ്ങൾ ആരാധിക്കരുത്. തീർച്ചയായും അവങ്കൽ നിന്ന് നിങ്ങളിലേക്ക് നിയോഗിക്കപ്പെട്ട താക്കീതുകാരനും സന്തോഷവാർത്തക്കാരനുമത്രെ ഞാൻ. (11/2)

അല്ലാഹുവിന്റെ കാരുണ്യ വർഷം, മാലാഖമാരുടെ കാരുണ്യ പ്രാർത്ഥന

തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർത്ഥിക്കുക. (33/56)

അല്ലാഹുവിന്റെ സ്നേഹം, സഹായം, ആശ്രയം, അഭയം, ഐശ്വര്യം

❒ (നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല. വെറുത്തിട്ടുമില്ല. (93/3)

❒ നിന്നെ അവൻ ഒരു അനാഥയായി കണ്ടെത്തുകയും , എന്നിട്ട് (നിനക്ക്) ആശ്രയം നൽകുകയും ചെയ്തില്ലേ? നിന്നെ അവൻ വഴി അറിയാത്തവനായി കണ്ടെത്തുകയും എന്നിട്ട് (നിനക്ക്) മാർഗദർശനം നൽകുകയും ചെയ്തിരിക്കുന്നു. നിന്നെ അവൻ ദരിദ്രനായി കണ്ടെത്തുകയും എന്നിട്ട് അവൻ ഐശ്വര്യം നൽകുകയും ചെയ്തിരിക്കുന്നു. (93/6-8)

ഹൃദയ വിശാലതയും സൽകീർത്തിയും

നിനക്ക് നിന്റെ ഹൃദയം നാം വിശാലതയുള്ളതാക്കി തന്നില്ലേ? നിന്നിൽ നിന്ന് നിന്റെ ആ ഭാരം നാം ഇറക്കിവെക്കുകയും ചെയ്തു. നിന്റെ മുതുകിനെ ഞെരിച്ചു കളഞ്ഞതായ (ഭാരം) നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിത്തരികയും ചെയ്തിരിക്കുന്നു. (94/1-4)

മഖാമൻ മഹ്മൂദ് (സ്തുത്യർഹമായ സ്ഥാനം

രാത്രിയിൽ നിന്ന് അൽപസമയം നീ ഉറക്കമുണർന്ന് അതോടെ (ഖുർആൻ പാരായണത്തോടെ) നമസ്കരിക്കുകയും ചെയ്യുക. അത് നിനക്ക് കൂടുതലായുള്ള ഒരു പുണ്യകർമ്മമാകുന്നു. നിന്റെ രക്ഷിതാവ് നിന്നെ സ്തുത്യർഹമായ ഒരു സ്ഥാനത്ത് നിയോഗിച്ചേക്കാം. (17/79)

വിശുദ്ധ ഖുർആൻ നൽകപ്പെട്ടു

❒ തീർച്ചയായും നിന്റെ രക്ഷിതാവ് തന്നെയാകുന്നു പ്രതാപിയും കരുണാനിധിയും തീർച്ചയായും ഇത് (ഖുർആൻ) ലോകരക്ഷിതാവ് അവതരിപ്പിച്ചത് തന്നെയാകുന്നു വിശ്വസ്താത്മാവ് (ജിബ്രീൽ) അതും കൊണ്ട് ഇറങ്ങിയിരിക്കുന്നു നിന്റെ ഹൃദയത്തിൽ നീ താക്കീത് നൽകുന്നവരുടെ കൂട്ടത്തിലായിരിക്കുവാൻ വേണ്ടിയത്രെ അത് സ്പഷ്ടമായ അറബി ഭാഷയിലാണ് (അത് അവതരിപ്പിച്ചത്) തീർച്ചയായും അത് മുൻഗാമികളുടെ വേദഗ്രന്ഥങ്ങളിലുണ്ട് (26/191-196)

❒ ആവർത്തിച്ചു പാരായണം ചെയ്യപ്പെടുന്ന ഏഴ് വചനങ്ങളും മഹത്തായ ഖുർആനും തീർച്ചയായും നിനക്ക് നാം നൽകിയിട്ടുണ്ട്. (15/87)

❒ സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. (96/1)

സ്വന്തം ഇഷ്ടപ്രകാരം സംസാരിക്കുന്നില്ല

❒ നിങ്ങളുടെ കൂട്ടുകാരൻ വഴിതെറ്റിയിട്ടില്ല. ദുർമാർഗിയായിട്ടുമില്ല. അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു. (53/2-4)

❒ ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു. നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈ കൊണ്ട് പിടികൂടുകയും, എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. (63/43-46)

പ്രവാചകത്വം ആഗ്രഹിച്ചതല്ല, അല്ലാഹു കനിഞ്ഞരുളിയതാണ്

❒ നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല. പക്ഷെ നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യത്താൽ (അതു ലഭിച്ചു)

..... (28/86)

❒ അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്കറിയുമായിരുന്നില്ല. പക്ഷെ, നാം അതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. അതുമുഖേന നമ്മുടെ ദാസൻമാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവർക്ക് നാം വഴി കാണിക്കുന്നു. തീർച്ചയായും നീ നേരായ പാതയിലേക്കാകുന്നു മാർഗദർശനം നൽകുന്നത്. (42/52)

❒ പറയുക: അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ നിങ്ങൾക്ക് ഞാനിത് ഓതികേൾപിക്കുകയോ, നിങ്ങളെ അവൻ ഇത് അറിയിക്കുകയോ ചെയ്യില്ലായിരുന്നു. ഇതിനു മുമ്പ് കുറെ കാലം ഞാൻ നിങ്ങൾക്കിടയിൽ ജീവിച്ചിട്ടുണ്ടല്ലോ. നിങ്ങൾ ചിന്തിക്കുന്നില്ലേ? (10/16)

സത്യനിഷേധികളുടെ വിമർശനങ്ങളും ആരോപണങ്ങളും

❒ അവരിൽ നിന്നുതന്നെയുള്ള ഒരു താക്കീതുകാരൻ അവരുടെ അടുത്തു വന്നതിൽ അവർക്ക് ആശ്ചര്യം തോന്നിയിരിക്കുന്നു. സത്യനിഷേധികൾ പറഞ്ഞു: ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരനാകുന്നു ഇവൻ പല ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കുകയാണോ? തീർച്ചയായും ഇത് ഒരു അത്ഭുതകരമായ കാര്യം തന്നെ (38/4-5)

❒ നിന്നെ അവർ കാണുമ്പോൾ നിന്നെ ഒരു പരിഹാസപാത്രമാക്കിക്കൊണ്ട്, അല്ലാഹു ദൂതനായി നിയോഗിച്ചിരിക്കുന്നത് ഇവനെയാണോ? എന്ന് ചോദിക്കുക മാത്രമായിരിക്കും അവർ ചെയ്യുന്നത്. (25/41)

❒ സത്യനിഷേധികൾ പറഞ്ഞു: ഇത് (ഖുർആൻ) അവൻ കെട്ടിച്ചമച്ചതുണ മാത്രമാകുന്നു. വേറെ ചില ആളുകൾ അവനെ അതിന് സഹായിച്ചിട്ടുമുണ്ട്. എന്നാൽ അന്യായത്തിലും വ്യാജത്തിലും തന്നെയാണ് ഈ കൂട്ടർ വന്നെത്തിയിരിക്കുന്നത്. ഇത് പൂർവ്വികൻമാരുടെ കെട്ടുകഥകൾ മാത്രമാണ്. ഇവൻ അത് എഴുതിച്ചുവെച്ചിരിക്കുന്നു, എന്നിട്ടത് രാവിലെയും വൈകുന്നേരവും അവന്ന് വായിച്ചുകേൾപിക്കപ്പെടുന്നു എന്നും അവർ പറഞ്ഞു. (25/4-5)

❒ അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ അവർ അഹങ്കാരം നടിക്കുമായിരുന്നു. ഭ്രാന്തനായ ഒരു കവിക്ക് വേണ്ടി ഞങ്ങൾ ഞങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിച്ച് കളയണമോ എന്ന്

ചോദിക്കുകയും ചെയ്യുമായിരുന്നു. (37/35-36)

❒ അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്. (25/8)

❒ സത്യനിഷേധികൾ പറഞ്ഞു: ഇയാൾ സ്പഷ്ടമായും ഒരു മാരണക്കാരൻ തന്നെയാകുന്നു. (10/2)

❒ ആരോ പഠിപ്പിച്ചുവിട്ടവൻ, ഭ്രാന്തൻ എന്നൊക്കെ അവർ പറയുകയും ചെയ്തു. (44/14)

❒ അവർ (അവിശ്വാസികൾ) പറഞ്ഞു: ഹേ; ഉൽബോധനം അവതരിപ്പിക്കപ്പെട്ടിട്ടുള്ള മനുഷ്യാ! തീർച്ചയായും നീ ഒരു ഭ്രാന്തൻ തന്നെ. (15/6)

അല്ലാഹുവിന്റെ ആശ്വാസവാക്കുകളും ക്ഷമിക്കാനുള്ള കല്പനയും

❒ നീ ക്ഷമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമാണ് നിനക്ക് ക്ഷമിക്കാൻ കഴിയുന്നത്. അവരുടെ (സത്യനിഷേധികളുടെ) പേരിൽ നീ വ്യസനിക്കരുത്. അവർ കുതന്ത്രം പ്രയോഗിക്കുന്നതിനെപ്പറ്റി നീ മനഃക്ലേശത്തിലാവുകയും അരുത്. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്വൃത്തരായിട്ടുള്ളവരോടൊപ്പവും. (16/127-128)

❒ ആകയാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ആളുകൾ നിനക്ക് ചാഞ്ചല്യം വരുത്താതിരിക്കുകയും ചെയ്യട്ടെ. (30/60)

❒ ആകയാൽ ദൃഢമനസ്കരായ ദൈവദൂതൻമാർ ക്ഷമിച്ചത് പോലെ നീ ക്ഷമിക്കുക. (46/35)

❒ അതിനാൽ അവർ പറയുന്നതിന്റെ പേരിൽ നീ ക്ഷമിച്ചു കൊള്ളുക. (50/39)

❒ എന്നാൽ (നബിയേ,) നീ ഭംഗിയായ ക്ഷമ കൈക്കൊള്ളുക. (70/5)

❒ ആകയാൽ നീ ഉൽബോധനം ചെയ്യുക. നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്താൽ നീ ഒരു ജ്യോത്സ്യനോ, ഭ്രാന്തനോ അല്ല. (52/29)

❒ നിനക്ക് മുമ്പ് പല ദൂതൻമാരും പരിഹസിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ട് അവരെ കളിയാക്കിയിരുന്നവർക്ക് അവർ പരിഹസിച്ചു കൊണ്ടിരുന്നതെന്തോ അത് വന്നുഭവിക്കുക തന്നെ ചെയ്തു. (6/10)

❒ തീർച്ചയായും നിന്നെ നാം അയച്ചിരിക്കുന്നത് സത്യവും കൊണ്ടാണ്. ഒരു സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനുമായിട്ട്. ഒരു താക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല. അവർ നിന്നെ നിഷേധിച്ചു തള്ളുന്നുവെങ്കിൽ അവർക്ക് മുമ്പുള്ളവരും നിഷേധിച്ചു തള്ളിയിട്ടുണ്ട്. അവരിലേക്കുള്ള ദൂതൻമാർ പ്രത്യക്ഷലക്ഷ്യങ്ങളും ന്യായപ്രമാണങ്ങളും വെളിച്ചം നൽകുന്ന ഗ്രന്ഥവും കൊണ്ട് അവരുടെ അടുത്ത് ചെല്ലുകയുണ്ടായി. (35/2425)

നബി ﷺയെ അനുസരിക്കുക. അനുധാവനം ചെയ്യുക

....നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്. (59/7)

മുൻകടന്ന് ഒന്നും ചെയ്യരുത്

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും മുമ്പിൽ (യാതൊന്നും) മുൻകടന്നു പ്രവർത്തിക്കരുത്. അല്ലാഹുവിനെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (49/1)

സ്വതന്ത്ര തീരുമാനവും അഭിപ്രായവും അരുത്

അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു. (33/36)

സ്രഷ്ടികളിൽ ഏറ്റവും പ്രിയങ്കരൻ നബിയായിരിക്കണം

(നബിയേ,) പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും

അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളും പ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നത് വരെ നിങ്ങൾ കാത്തിരിക്കുക. അല്ലാഹു ധിക്കാരികളായ ജനങ്ങളെ നേർവഴിയിലാക്കുന്നതല്ല. (9/24)

തർക്കവും ഭിന്നതയുമുണ്ടാകുമ്പോൾ മടങ്ങേണ്ടത്

❒ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും. (4/59)

❒ ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല. (4/65)

വിശ്വാസികൾ പറയേണ്ടത്

തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പുകൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്ന് പറയുക മാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ. (24/51)

അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചവർ വിജയികൾ

അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ. (24/52)

അല്ലാഹുവെയും അവന്റെ ദൂതനെയും ആർ അനുസരിക്കുന്നുവോ അവൻ മഹത്തായ വിജയം നേടിയിരിക്കുന്നു. (33/71)

കാരുണ്യത്തിൽ നിന്നുള്ള ഓഹരി, പ്രകാശവും പാപവിമുക്തിയും

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്നു രണ്ട് ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്.

ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപെടുത്തിത്തരികയും ചെയ്യും. അതുകൊണ്ട് നിങ്ങൾക്ക് (ശരിയായ പാതയിലൂടെ) നടന്നു പോകാം. നിങ്ങൾക്കവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാനിധിയുമാണ്. (57/28)

സ്നേഹവും പാപമോചനവും

നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. (3/31)

അല്ലാഹുവിന്റെ അനുഗ്രവും

നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ അനുഗൃഹീതരായേക്കാം. (3/132)

സ്വർഗത്തിലെ നിത്യവാസവും പുണ്യവാന്മാരോടൊപ്പമുള്ള സഹവാസവും

അല്ലാഹുവിന്റെ നിയമപരിധികളാകുന്നു ഇവയൊക്കെ. ഏതൊരാൾ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവനെ അല്ലാഹു താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ വിജയം. (4/13)

ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ! (4/69)

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാത്തവൻ സത്യനിഷേധികൾ

പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച. (3/32)

അവർ നിത്യ നരകത്തിൽ കത്തിയെരിയും

ആർ അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും, അവന്റെ (നിയമ) പരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവന്നുള്ളത്. (4/14)

തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും

ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും, സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും, നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം! (4/115)

നബി ﷺക്ക് അദൃശ്യമറിയില്ല

പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണ് എന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിന്തുടരുന്നില്ല. പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ ? നിങ്ങളെന്താണ് ചിന്തിച്ച് നോക്കാത്തത്? (6/50)

ഉപകാരോപദ്രവം സ്വന്തം അധീനതയിലല്ല

പറയുക: നിങ്ങൾക്ക് ഉപദ്രവം ചെയ്യുക എന്നതോ (നിങ്ങളെ) നേർവഴിയിലാക്കുക എന്നതോ എന്റെ അധീനതയിലല്ല. പറയുക: അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല. അല്ലാഹുവിങ്കൽ നിന്നുള്ള പ്രബോധനവും അവന്റെ സന്ദേശങ്ങളും ഒഴികെ (മറ്റൊന്നും എന്റെ അധീനതയിലില്ല.) വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം തീർച്ചയായും അവന്നുള്ളതാണ് നരകാഗ്നി. അത്തരക്കാർ അതിൽ നിത്യവാസികളായിരിക്കും. (72/21-23)

എന്ത് സംഭവിക്കുമെന്നറിയില്ല

(നബിയേ,) പറയുക: ഞാൻ ദൈവദൂതൻമാരിൽ ഒരു പുതുമക്കാരനൊന്നുമല്ല. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടും എന്ന് എനിക്ക് അറിയുകയുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു. (46/9)

സ്വന്തത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയില്ല

(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിൻമ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന

ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്. (7/188)

ഇഷ്ടപ്പെട്ടവരെ നേർവഴിയിലാക്കാനാവില്ല

❒ തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷെ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു. (28/56)

❒ അവരെ നേർവഴിയിലാക്കാൻ നീ ബാധ്യസ്ഥനല്ല. എന്നാൽ അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു.(2/272)

അന്ത്യനാൾ എപ്പോഴാണെന്നറിയില്ല

അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു; അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്.....(7/187)

പ്രബോധകൻ മാത്രം കൈകാര്യകർത്താവല്ല

തീർച്ചയായും നാം മനുഷ്യർക്ക് വേണ്ടി സത്യപ്രകാരമുള്ള വേദഗ്രന്ഥം നിന്റെ മേൽ ഇറക്കിത്തന്നിരിക്കുന്നു. ആകയാൽ വല്ലവനും സൻമാർഗം സ്വീകരിച്ചാൽ അത് അവന്റെ ഗുണത്തിന് തന്നെയാണ്. വല്ലവനും വഴിപിഴച്ചു പോയാൽ അവൻ വഴിപിഴച്ചു പോകുന്നതിന്റെ ദോഷവും അവന് തന്നെ. നീ അവരുടെ മേൽ കൈകാര്യകർത്താവൊന്നുമല്ല. (39/41)

സ്വന്തം ഇഷ്ടപ്രകാരം അൽഭുതം പ്രവർത്തിക്കാൻ കഴിയില്ല!

അവർ പറഞ്ഞു: ഈ ഭൂമിയിൽ നിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ് ഒഴുക്കിത്തരുന്നത് വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല. അല്ലെങ്കിൽ നിനക്ക് ഈന്തപ്പനയുടെയും മുന്തിരിയുടെയും ഒരു തോട്ടമുണ്ടായിരിക്കുകയും, അതിന്നിടയിലൂടെ നീ സമൃദ്ധമായി അരുവികൾ ഒഴുക്കുകയും ചെയ്യുന്നത് വരെ. അല്ലെങ്കിൽ നീ ജൽപിച്ചത് പോലെ ആകാശത്തെ ഞങ്ങളുടെ മേൽ കഷ്ണം കഷ്ണമായി നീ വീഴ്ത്തുന്നത് വരെ. അല്ലെങ്കിൽ അല്ലാഹുവെയും മലക്കുകളെയും കൂട്ടം കൂട്ടമായി നീ കൊണ്ട് വരുന്നത് വരെ. അല്ലെങ്കിൽ നിനക്ക് സ്വർണം കൊണ്ടുള്ള ഒരു വീടുണ്ടാകുന്നത് വരെ, അല്ലെങ്കിൽ ആകാശത്ത് കൂടി നീ കയറിപ്പോകുന്നത് വരെ. ഞങ്ങൾക്ക് വായിക്കാവുന്ന ഒരു ഗ്രന്ഥം ഞങ്ങളുടെ അടുത്തേക്ക് നീ ഇറക്കികൊണ്ട് വരുന്നത് വരെ നീ കയറിപ്പോയതായി ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല. (നബിയേ,) പറയുക: എന്റെ രക്ഷിതാവ് എത്ര പരിശുദ്ധൻ! ഞാനൊരു

മനുഷ്യൻ മാത്രമായ ദൂതനല്ലേ ? (17/90-93)

നബി ﷺ യുടെ ആദർശ പ്രഖ്യാപനം

❒ പറയുക: തീർച്ചയായും എന്റെ രക്ഷിതാവ് എന്നെ നേരായ പാതയിലേക്ക് നയിച്ചിരിക്കുന്നു. വക്രതയില്ലാത്ത മതത്തിലേക്ക്. നേർമാർഗത്തിൽ നിലകൊണ്ട ഇബ്രാഹീമിന്റെ ആദർശത്തിലേക്ക്. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും, എന്റെ ആരാധനാകർമ്മങ്ങളും, എന്റെ ജീവിതവും, എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്പെടുന്നവരിൽ ഞാൻ ഒന്നാമനാണ്. (6/161-163)

❒ (നബിയേ,)പറയുക: ഞാൻ എന്റെ രക്ഷിതാവിനെ മാത്രമേ വിളിച്ചു പ്രാർത്ഥിക്കുകയുള്ളൂ. അവനോട് യാതൊരാളെയും ഞാൻ പങ്കുചേർക്കുകയില്ല. (72/20)

❒ എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിന്റെ നാഥൻ. (9/129)

❒ അവനാണ് എന്റെ രക്ഷിതാവ്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനിലേക്കാണ് എന്റെ മടക്കം. (13/30)

❒ തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു എന്റെ രക്ഷാധികാരി. അവനാണ് സജ്ജനങ്ങളുടെ സംരക്ഷണമേൽക്കുന്നത്. (7/196)

നബി ﷺ യുടെ അചഞ്ചല വിശ്വാസവും അല്ലാഹുവിന്റെ സഹായവും

❒ ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിന്റെ പ്രീതി

യെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു. (3/173-174)

❒ നിന്നെ ബന്ധനസ്ഥനാക്കുകയോ കൊല്ലുകയോ നാട്ടിൽ നിന്ന് പുറത്താക്കുകയോ ചെയ്യാൻ വേണ്ടി നിനക്കെതിരായി സത്യനിഷേധികൾ തന്ത്രം പ്രയോഗിച്ചിരുന്ന സന്ദർഭം (ഓർക്കുക.) അവർ തന്ത്രം പ്രയോഗിക്കുന്നു. അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവരിൽ മെച്ചപ്പെട്ടവൻ. (8/30)

❒ നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക.) തുടരെത്തുടരെയായി ആയിരം മലക്കുകളെ അയച്ചുകൊണ്ട് ഞാൻ നിങ്ങൾക്ക് സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്കു മറുപടി നൽകി. (8/9)

❒ നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ടുപേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, ദുഃഖിക്കേണ്ട. തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട് എന്ന് പറയുന്ന സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കികൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. (9/40)

■

അനുബന്ധം

യേശുക്രിസ്തുവും ക്രിസ്തുവിന്റെ മതവും ഖുർആനിൽ

മർയം ജനിക്കുന്നു

ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക:) എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിനക്കായ് ഉഴിഞ്ഞുവെക്കാൻ ഞാൻ നേർച്ച നേർന്നിരിക്കുന്നു. ആകയാൽ എന്നിൽ നിന്ന് നീ അത് സ്വീകരിക്കേണമേ. തീർച്ചയായും നീ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ. എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ.- എന്നാൽ അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ -ആണ് പെണ്ണിനെപ്പോലെയല്ല. ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചിൽ നിന്നും അവളെയും അവളുടെ സന്തതികളെയും രക്ഷിക്കുവാനായി ഞാൻ നിന്നിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നു. (3/35-36)

മർയമിലൂടെ വെളിപ്പെട്ട അത്ഭുതം

അങ്ങനെ അവളുടെ (മർയമിന്റെ) രക്ഷിതാവ് അവളെ നല്ല നിലയിൽ സ്വീകരിക്കുകയും, നല്ല നിലയിൽ വളർത്തിക്കൊണ്ടു വരികയും, അവളുടെ സംരക്ഷണച്ചുമതല അവൻ സകരിയ്യായെ ഏൽപിക്കുകയും ചെയ്തു. മിഹ്റാബിൽ (പ്രാർത്ഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നു ചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു: മർയമേ, നിനക്ക് എവിടെ നിന്നാണിത് കിട്ടിയത്? അവൾ മറുപടി പറഞ്ഞു. അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ നൽകുന്നു. (3/37)

ലോക വനിതകളിൽ ഉത്തമ, വിശുദ്ധയും തെരഞ്ഞെടുക്കപ്പെട്ടവളും

മലക്കുകൾ പറഞ്ഞ സന്ദർഭവും (ശ്രദ്ധിക്കുക:) മർയമേ, തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും, നിനക്ക് പരിശുദ്ധി നൽകുകയും, ലോകത്തുള്ള സ്ത്രീകളിൽ വെച്ച് ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു. മർയമേ, നിന്റെ രക്ഷിതാവിനോട് നീ ഭയഭക്തി കാണിക്കുകയും, സാഷ്ടാംഗം ചെയ്യുകയും, തലകുനിക്കുന്നവരോടൊപ്പം തലകുനിക്കുകയും ചെയ്യുക. (3/42-43)

ചാരിത്രവതിയും ഭക്തയും സത്യവിശ്വാസികൾക്ക് ഉദാഹരണവും

സത്യവിശ്വാസികൾക്ക് ഒരു ഉപമയായി അല്ലാഹു ഫിർഔന്റെ ഭാര്യയെ എടുത്തുകാണിച്ചിരിക്കുന്നു. അവൾ പറഞ്ഞ സന്ദർഭം: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ അടുക്കൽ സ്വർഗത്തിൽ ഒരു ഭവനം ഉണ്ടാക്കിത്തരികയും, ഫിർഔനിൽ നിന്നും അവന്റെ പ്രവർത്തനത്തിൽ നിന്നും എന്നെ നീ രക്ഷിക്കേണമേ. അക്രമികളായ ജനങ്ങളിൽ നിന്നും എന്നെ നീ രക്ഷിക്കുകയും ചെയ്യേണമേ. തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ച ഇംറാന്റെ മകളായ മർയമിനെയും (ഉപമയായി എടുത്ത് കാണിച്ചിരിക്കുന്നു.) അപ്പോൾ നമ്മുടെ ആത്മചൈതന്യത്തിൽ നിന്നു നാം അതിൽ ഊതുകയുണ്ടായി. തന്റെ രക്ഷിതാവിന്റെ വചനങ്ങളിലും ഗ്രന്ഥങ്ങളിലും അവൾ വിശ്വസിക്കുകയും അവൾ ഭയഭക്തിയുള്ളവരുടെ കൂട്ടത്തിലാവുകയും ചെയ്തു. (66/11-12)

പരിശുദ്ധാത്മാവ് (ജിബ്രീൽ മാലാഖ) മനുഷ്യരൂപത്തിലെത്തുന്നു

വേദഗ്രന്ഥത്തിൽ മർയമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. അവൾ തന്റെ വീട്ടുകാരിൽ നിന്നകന്ന് കിഴക്ക് ഭാഗത്തുള്ള ഒരു സ്ഥലത്തേക്ക് മാറിത്താമസിച്ച സന്ദർഭം. എന്നിട്ട് അവർ കാണാതിരിക്കാൻ അവൾ ഒരു മറയുണ്ടാക്കി. അപ്പോൾ നമ്മുടെ ആത്മാവിനെ (ജിബ്രീലിനെ) നാം അവളുടെ അടുത്തേക്ക് നിയോഗിച്ചു. അങ്ങനെ അദ്ദേഹം അവളുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു. (19/16-17)

പതിവ്രതയായ മർയം അല്ലാഹുവിൽ അഭയം തേടുന്നു

അവൾ പറഞ്ഞു: തീർച്ചയായും നിന്നിൽ നിന്ന് ഞാൻ പരമകാരുണികനിൽ ശരണം പ്രാപിക്കുന്നു. നീ ധർമ്മനിഷ്ഠയുള്ളവനാണെങ്കിൽ (എന്നെ വിട്ട് മാറിപ്പോകൂ.) (19/18)

ഗബ്രിയേൽ മാലാഖ യേശുവിന്റെ തിരുപിറവി അറിയിക്കുന്നു

അദ്ദേഹം (ജിബ്രീൽ) പറഞ്ഞു: പരിശുദ്ധനായ ഒരു ആൺകുട്ടിയെ നിനക്ക് ദാനം ചെയ്യുന്നതിന് വേണ്ടി നിന്റെ രക്ഷിതാവ് അയച്ച

ദൂതൻ മാത്രമാകുന്നു ഞാൻ. അവൾ പറഞ്ഞു: എനിക്കെങ്ങനെ ഒരു ആൺകുട്ടിയുണ്ടാകും? യാതൊരു മനുഷ്യനും എന്നെ സ്പർശിച്ചിട്ടില്ല. ഞാൻ ഒരു ദുർനടപടിക്കാരിയായിട്ടുമില്ല. അദ്ദേഹം പറഞ്ഞു: (കാര്യം) അങ്ങനെതന്നെയാകുന്നു. അത് തന്നെ സംബന്ധിച്ചിടത്തോളം നിസ്സാര മായ ഒരു കാര്യമാണെന്ന് നിന്റെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. അവനെ (ആ കുട്ടിയെ) മനുഷ്യർക്കൊരു ദൃഷ്ടാന്തവും, നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും ആക്കാനും (നാം ഉദ്ദേശിക്കുന്നു.) അത് തീരുമാനിക്കപ്പെട്ട ഒരു കാര്യമാകുന്നു. (19/19-21)

മാലാഖമാരുടെ ശുഭവാർത്ത

മലക്കുകൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമേ, തീർച്ചയായും അല്ലാഹു നിനക്ക് അവന്റെ പക്കൽ നിന്നുള്ള ഒരു വചനത്തെപ്പറ്റി സന്തോ ഷവാർത്ത അറിയിക്കുന്നു. അവന്റെ പേർ മർയമിന്റെ മകൻ മസീഹ് ഈസാ എന്നാകുന്നു. അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും. തൊട്ടിലിലായിരിക്കുമ്പോഴും മദ്ധ്യ വയസ്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽ പെട്ടവനുമായിരിക്കും. അവൾ (മർയം) പറഞ്ഞു: എന്റെ രക്ഷിതാവേ, എനിക്ക് എങ്ങനെയാണ് കുട്ടിയുണ്ടാവുക? എന്നെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ലല്ലോ. അല്ലാഹു പറഞ്ഞു: അങ്ങനെ ത്ത ന്നെയാകുന്നു. താൻ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. അവൻ ഒരു കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു. (3/45-47)

മർയം യേശുവിനെ ഗർഭം ധരിക്കുന്നു

അങ്ങനെ അവനെ ഗർഭം ധരിക്കുകയും, എന്നിട്ട് അതുമായി അവൾ അകലെ ഒരു സ്ഥലത്ത് മാറിത്താമസിക്കുകയും ചെയ്തു. (19/22)

മർയമിനെതിരെ നാട്ടുകാരുടെ വ്യഭിചാരാരോപണം

അനന്തരം അവനെ (കുട്ടിയെ) യും വഹിച്ചുകൊണ്ട് അവൾ തന്റെ ആളുകളുടെ അടുത്ത് ചെന്നു. അവർ പറഞ്ഞു: മർയമേ, ആക്ഷേപകര മായ ഒരു കാര്യം തന്നെയാകുന്നു നീ ചെയ്തിരിക്കുന്നത്. ഹേ; ഹാറൂന്റെ സഹോദരീ, നിന്റെ പിതാവ് ഒരു ചീത്ത മനുഷ്യനായിരുന്നില്ല. നിന്റെ മാതാവ് ഒരു ദുർനടപടിക്കാരിയുമായിരുന്നില്ല. (19/27-28)

മാതാവിന്റെ ചാരിത്ര്യ ശുദ്ധി ചോദ്യം ചെയ്തവർക്ക് യേശുവിലൂടെ അൽഭുതം

അപ്പോൾ അവൾ അവന്റെ (കുട്ടിയുടെ) നേരെ ചൂണ്ടിക്കാണിച്ചു. അവർ പറഞ്ഞു: തൊട്ടിലിലുള്ള ഒരു കുട്ടിയോട് ഞങ്ങൾ എങ്ങനെ സം

സാരിക്കും? അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. ഞാൻ എവിടെയായിരുന്നാലും എന്നെ അവൻ അനുഗൃഹീതനാക്കിയിരിക്കുന്നു. ഞാൻ ജീവിച്ചിരിക്കുന്ന കാലമത്രയും നമസ്കരിക്കുവാനും സകാത്ത് നൽകുവാനും അവൻ എന്നോട് അനുശാസിക്കുകയും ചെയ്തിരിക്കുന്നു. (അവൻ എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു.) അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യം കെട്ടവനുമാക്കിയിട്ടില്ല. ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും ജീവനോടെ എഴുന്നേൽപിക്കപ്പെടുന്ന ദിവസവും എന്റെ മേൽ ശാന്തി ഉണ്ടായിരിക്കും. (19/29-33)

യേശുക്രിസ്തു അല്ലാഹുവിന്റെ അടിമ

❒ അദ്ദേഹം നമ്മുടെ ഒരു ദാസൻ മാത്രമാകുന്നു. അദ്ദേഹത്തിന് നാം അനുഗ്രഹം നൽകുകയും അദ്ദേഹത്തെ ഇസ്രായീൽ സന്തതികൾക്ക് നാം ഒരു മാതൃകയാക്കുകയും ചെയ്തു. (43/59)

❒ അല്ലാഹുവിന്റെ അടിമയായിരിക്കുന്നതിൽ മസീഹ് ഒരിക്കലും വൈമനസ്യം കാണിക്കുന്നതല്ല. (അല്ലാഹുവിന്റെ) സാമീപ്യം സിദ്ധിച്ച മലക്കുകളും (വൈമനസ്യം കാണിക്കുന്നതല്ല.) അവനെ (അല്ലാഹുവെ) ആരാധിക്കുന്നതിൽ ആർ വൈമനസ്യം കാണിക്കുകയും, അഹംഭാവം നടിക്കുകയും ചെയ്യുന്നുവോ അവരെ മുഴുവനും അവൻ തന്റെ അടുക്കലേക്ക് ഒരുമിച്ചുകൂട്ടുന്നതാണ്. (4/172)

❒ അവൻ (കുട്ടി) പറഞ്ഞു: ഞാൻ അല്ലാഹുവിന്റെ ദാസനാകുന്നു. അവൻ എനിക്ക് വേദഗ്രന്ഥം നൽകുകയും എന്നെ അവൻ പ്രവാചകനാക്കുകയും ചെയ്തിരിക്കുന്നു. (19/30)

മനുഷ്യനായ ദൈവദൂതൻ

മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണംകഴിക്കുന്നവരായിരുന്നു. (5/75)

സദ്വൃത്തനായ ദൈവദാസന്മാർ

അവൻ ഇഹത്തിലും പരത്തിലും മഹത്വമുള്ളവനും സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമായിരിക്കും. തൊട്ടിലിലായിരിക്കുമ്പോഴും മദ്ധ്യ

വയസ്കനായിരിക്കുമ്പോഴും അവൻ ജനങ്ങളോട് സംസാരിക്കുന്നതാണ്. അവൻ സദ്വൃത്തരിൽ പെട്ടവനുമായിരിക്കും. (3/45-46)

ഇസ്ലാമിന്റെ പ്രവാചകൻ

❒ മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം (അവർ ഭിന്നിച്ച പ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും, (നിഷേധി കൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകൻമാരെ നിയോ ഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പുകൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു. (2/213)

❒ അദ്ദേഹത്തിന്(ഇബ്റാഹിം) നാം ഇസഹാഖിനെയും യഅ്ഖൂബിനെ യും നൽകുകയും ചെയ്തു. അവരെയെല്ലാം നാം നേർവഴിയിലാക്കിയിരി ക്കുന്നു. അദ്ദേഹത്തിന് മുമ്പ് നൂഹിനെയും നാം നേർവഴിയിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്താനങ്ങളിൽ നിന്ന് ദാവൂദിനെയും സുലൈമാനെയും അയ്യൂബിനെയും യൂസുഫിനെയും മൂസായെയും ഹാറൂനെയും (നാം നേ ർവഴിയിലാക്കി.) അപ്രകാരം സദ്വൃത്തർക്ക് നാം പ്രതിഫലം നൽകുന്നു. സകരിയ്യാ, യഹ്യാ, ഈസാ, ഇൽയാസ് എന്നിവരെയും (നേർവഴിയിലാക്കി.) അവരെല്ലാം സജ്ജനങ്ങളിൽ പെട്ടവരത്രെ. ഇസ്മാഈൽ, അൽയസഅ്, യൂനുസ്, ലൂത്വ് എന്നിവരെയും (നേർവഴിയിലാക്കി.) അവരെല്ലാവരെയും നാം ലോകരിൽ വെച്ച് ശ്രേഷ്ഠരാക്കിയിരിക്കുന്നു. (6/84-86)

❒ അല്ലാഹു അനുഗ്രഹം നൽകിയിട്ടുള്ള പ്രവാചകൻമാരത്രെ അവർ. ആദമിന്റെ സന്തതികളിൽ പെട്ടവരും, നൂഹിനോടൊപ്പം നാം കപ്പലിൽ കയ റ്റിയവരിൽപെട്ടവരും ഇബ്രാഹീമിന്റെയും ഇസ്രായീലിന്റെയും സന്തതികളിൽ പെട്ടവരും, നാം നേർവഴിയിലാക്കുകയും പ്രത്യേകം തെരഞ്ഞെടുക്കുകയും ചെയ്തവരിൽ പെട്ടവരുമത്രെ അവർ. പരമകാരുണികന്റെ തെളിവുകൾ അവർക്ക് വായിച്ചുകേൾപിക്കപ്പെടുന്ന പക്ഷം പ്രണമിക്കുന്നവരും കരയു ന്നവരുമായി ക്കൊണ്ട് അവർ താഴെ വീഴുന്നതാണ്. (19/58)

❒ അവരെ നാം നമ്മുടെ കൽപനപ്രകാരം മാർഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. നല്ല കാര്യങ്ങൾ ചെയ്യണമെന്നും, നമ സ്കാരം മുറപോലെ നിർവഹിക്കണമെന്നും, സകാത്ത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെയായിരുന്നു അവർ ആരാധിച്ചിരുന്നത്. (21/73)

ദൃഢമനസ്ക്കരായ അഞ്ച് ദൈവദൂതന്മാരിലൊരാൾ

നൂഹിനോട് കൽപിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കൽപിച്ചതുമായ കാര്യം - നിങ്ങൾ മതത്തെ നേരാംവണ്ണം നിലനിർത്തുക, അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. എന്നകാര്യം - അവൻ നിങ്ങൾക്ക് മതനിയമമായി നിശ്ചയിച്ചിരിക്കുന്നു. (42/13)

ആദമിനെ പോലെ ഉണ്ടാകുക എന്ന ദൈവ വചനത്തിൽ സൃഷ്ടിക്കപ്പെട്ടു

അല്ലാഹുവെ സംബന്ധിച്ചിടത്തോളം ഈസായെ ഉപമിക്കാവുന്നത് ആദമിനോടാകുന്നു. അവനെ (അവന്റെ രൂപം) മണ്ണിൽ നിന്നും അവൻ സൃഷ്ടിച്ചു. പിന്നീട് അതിനോട് ഉണ്ടാകൂ എന്ന് പറഞ്ഞപ്പോൾ അവൻ (ആദം) അതാ ഉണ്ടാകുന്നു. (3/59)

വചനവും ആത്മാവും

വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി. (4/171)

അന്ത്യനാളിന്റെ അടയാളം

തീർച്ചയായും അദ്ദേഹം അന്ത്യസമയത്തിന്നുള്ള ഒരു അറിയിപ്പാകുന്നു. അതിനാൽ അതിനെ (അന്ത്യസമയത്തെ) പ്പറ്റി നിങ്ങൾ സംശയിച്ചു പോകരുത്. എന്നെ നിങ്ങൾ പിന്തുടരുക. ഇതാകുന്നു നേരായ പാത. (43/61)

ദൈവിക ദൃഷ്ടാന്തം

മർയമിന്റെ പുത്രനെയും അവന്റെ മാതാവിനെയും നാം ഒരു ദൃഷ്ടാന്തമാക്കിയിരിക്കുന്നു. നിവാസയോഗ്യമായതും ഒരു നീരുറവുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അവർ ഇരുവർക്കും നാം അഭയം നൽകുകയും ചെയ്തു. (21/50)

യേശുക്രിസ്തുവിന് പരിശുദ്ധാത്മാവിന്റെ പിൻബലം

ആ ദൂതൻമാരിൽ ചിലർക്ക് നാം മറ്റു ചിലരെക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അല്ലാഹു (നേരിൽ) സംസാരിച്ചിട്ടുള്ളവർ അവരിലുണ്ട്. അവരിൽ ചിലരെ അവൻ പല പദവികളിലേക്ക് ഉയർത്തിയിട്ടുമുണ്ട്. മർയമിന്റെമകൻ ഈസായ്ക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നൽകുകയും, പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തിന് നാം പിൻബലം നൽകുകയും ചെയ്തിട്ടുണ്ട്. (2/253)

യേശുക്രിസ്തു ഇസ്രായേൽ ജനതയിലേക്ക് ദൂതനായി വന്നു

അവന് (ഈസാക്ക്) അല്ലാഹു ഗ്രന്ഥവും ജ്ഞാനവും തൌറാത്തും ഇൻജീലും പഠിപ്പിക്കുകയും ചെയ്യും. ഇസ്രായീൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കുകയും....(3/48-49)

ന്യായപ്രമാണം സത്യപ്പെടുത്താനും ദൈവത്തിന്റെ സുവിശേഷം പഠിപ്പിക്കാനും

അവരെ (ആ പ്രവാചകൻമാരെ) ത്തുടർന്ന് അവരുടെ കാൽപാടുകളിലായിക്കൊണ്ട് മർയമിന്റെ മകൻ ഈസായെ തന്റെ മുമ്പിലുള്ള തൌറാത്തിനെ ശരിവെക്കുന്നവനായിക്കൊണ്ട് നാം നിയോഗിച്ചു. സൻമാർഗനിർദേശവും, സത്യപ്രകാശവും അടങ്ങിയ ഇൻജീലും അദ്ദേഹത്തിന് നാം നൽകി. അതിന്റെ മുമ്പിലുള്ള തൌറാത്തിനെ ശരിവെക്കുന്നതും, സൂക്ഷ്മത പാലിക്കുന്നവർക്ക് സദുപദേശവുമത്രെ അത്. (5/46)

മുഹമ്മദ് നബി ﷺ യുടെ വരവിനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കാനും

മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൌറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും, എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നുപേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. (61/6)

ഏകദൈവ വിശ്വാസത്തിലേക്ക് ഇസ്രായീല്യരെ വിളിച്ചു

❒ വ്യക്തമായ തെളിവുകളും കൊണ്ട് ഈസാ വന്നിട്ട് ഇപ്രകാരം പറഞ്ഞു: തീർച്ചയായും വിജ്ഞാനവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. നിങ്ങൾ അഭിപ്രായഭിന്നത പുലർത്തികൊണ്ടിരിക്കുന്ന കാര്യങ്ങളിൽ ചിലത് ഞാൻ നിങ്ങൾക്ക് വിവരിച്ചുതരാൻ വേണ്ടിയും. ആകയാൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. തീർച്ചയായും അല്ലാഹു തന്നെയാകുന്നു

എന്റെ രക്ഷിതാവും, നിങ്ങളുടെ രക്ഷിതാവും. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതാകുന്നു നേരായ പാത. (43/63-64)

❐ (ഈസാ പറഞ്ഞു:) തീർച്ചയായും അല്ലാഹു എന്റെയും നിങ്ങളുടെയും രക്ഷിതാവാകുന്നു. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. ഇതത്രെ നേരെയുള്ള മാർഗം. (19/36)

ഏക സത്യ ദൈവമായ അല്ലാഹുവോട് മാത്രം പ്രാർത്ഥിച്ചു

മർയമിന്റെ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഞങ്ങൾക്ക് നീ ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ. ഞങ്ങൾക്ക്, ഞങ്ങളിലെ ആദ്യത്തിലുള്ളവന്നും, അവസാനത്തിലുള്ളവന്നും ഒരു പെരുന്നാളും, നിന്റെ പക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം അത്. ഞങ്ങൾക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. നീ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ. (5/114)

ബഹുദൈവ വിശ്വാസത്തിന്റെ ഗൗരവം മനുഷ്യരെ ബോധ്യപ്പെടുത്തി

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല. എന്നാണ്. (5/72)

അല്ലാഹുവിന്റെ അനുമതിപ്രകാരം അത്ഭുത പ്രവൃത്തികൾ ചെയ്തു

ഇസ്രായീൽ സന്തതികളിലേക്ക് (അവനെ) ദൂതനായി നിയോഗിക്കുകയും ചെയ്യും. അവൻ അവരോട് പറയും:) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ദൃഷ്ടാന്തവും കൊണ്ടാണ് ഞാൻ നിങ്ങളുടെ അടുത്ത് വന്നിരിക്കുന്നത്. പക്ഷിയുടെ ആകൃതിയിൽ ഒരു കളിമൺ രൂപം നിങ്ങൾക്കു വേണ്ടി ഞാൻ ഉണ്ടാക്കുകയും, എന്നിട്ട് ഞാനതിൽ ഊതുമ്പോൾ അല്ലാഹുവിന്റെ അനുവാദപ്രകാരം അതൊരു പക്ഷിയായി തീരുകയും ചെയ്യും. അല്ലാഹുവിന്റെ അനുവാദപ്രകാരം ജൻമനാ കാഴ്ചയില്ലാത്തവനെയും പാണ്ഡുരോഗിയെയും ഞാൻ സുഖപ്പെടുത്തുകയും, മരിച്ചവരെ ഞാൻ ജീവിപ്പിക്കുകയും ചെയ്യും. നിങ്ങൾ തിന്നുതിനെപ്പറ്റിയും, നിങ്ങൾ നിങ്ങളുടെ വീടുകളിൽ സൂക്ഷിച്ചു വെക്കുന്നതിനെപ്പറ്റിയും ഞാൻ നിങ്ങൾക്ക് പറഞ്ഞറിയിച്ചു തരികയും ചെയ്യും. തീർച്ചയായും അതിൽ നിങ്ങൾക്ക്

ദൃഷ്ടാന്തമുണ്ട്; നിങ്ങൾ വിശ്വസിക്കുന്നവരാണെങ്കിൽ. (3/49)

യേശുക്രിസ്തു ദൈവമല്ല

മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. (നബിയേ,) പറയുക: മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും, ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവന്റെ വല്ല നടപടിയിലും സ്വാധീനം ചെലുത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ. (5/17)

ദൈവ പുത്രനുമല്ല

ഉസൈർ (എസ്രാ പ്രവാചകൻ) ദൈവപുത്രനാണെന്ന് യഹൂദൻമാർ പറഞ്ഞു. മസീഹ് (മിശിഹാ) ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും പറഞ്ഞു. അതവരുടെ വായ കൊണ്ടുള്ള വാക്ക് മാത്രമാണ്. മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയാകുന്നു. അല്ലാഹു അവരെ ശപിച്ചിരിക്കുന്നു എങ്ങനെയാണവർ തെറ്റിക്കപ്പെടുന്നത്? അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും മർയമിന്റെ മകനായ മസീഹിനെയും അല്ലാഹുവിന് പുറമെ അവർ രക്ഷിതാക്കളായി സ്വീകരിച്ചു. എന്നാൽ ഏകദൈവത്തെ ആരാധിക്കാൻ മാത്രമായിരുന്നു അവർ കൽപിക്കപ്പെട്ടിരുന്നത്. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധൻ! (9/30-31)

ത്രിയേകത്വത്തിൽ ഒരാളുമല്ല

അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ലതന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും. (കയാൽ അവർ അല്ലാഹുവിലേക്ക് ഖേദിച്ചുമടങ്ങുകയും, അവനോട് പാപമോചനം തേടുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ. മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണംകഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്. (5/73-75)

തന്നെ ആരാധിക്കണമെന്ന് പറഞ്ഞിട്ടുമില്ല

അല്ലാഹു പറയുന്ന സന്ദർഭവും (ശ്രദ്ധിക്കുക.) മർയമിന്റെ മകൻ ഈസാ, അല്ലാഹുവിന് പുറമെ എന്നെയും, എന്റെ മാതാവിനെയും ദൈവങ്ങളാക്കിക്കൊള്ളുവിൻ. എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്? അദ്ദേഹം പറയും: നീയെത്ര പരിശുദ്ധൻ! എനിക്ക് (പറയാൻ) യാതൊരു അവകാശവുമില്ലാത്തത് ഞാൻ പറയാവതല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീയത് അറിഞ്ഞിരിക്കുമല്ലോ. എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. നീ എന്നോട് കൽപിച്ച കാര്യം അഥവാ എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കണം എന്ന കാര്യം മാത്രമേ ഞാനവരോട് പറഞ്ഞിട്ടുള്ളൂ. ഞാൻ അവർക്കിടയിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. പിന്നീട് നീ എന്നെ പൂർണ്ണമായി ഏറ്റെടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ. നീ എല്ലാകാര്യത്തിനും സാക്ഷിയാകുന്നു. (5/116-117)

യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിട്ടില്ല

❒ അവരുടെ സത്യനിഷേധം കാരണമായും മർയമിന്റെ പേരിൽ അവർ ഗുരുതരമായ അപവാദം പറഞ്ഞതിനാലും അല്ലാഹുവിന്റെ ദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നു എന്നവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു.) വാസ്തവത്തിൽ അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടുമില്ല, ക്രൂശിച്ചിട്ടുമില്ല. പക്ഷെ (യാഥാർത്ഥ്യം) അവർക്ക് തിരിച്ചറിയാതാവുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹത്തിന്റെ (ഈസായുടെ) കാര്യത്തിൽ ഭിന്നിച്ചവർ അതിനെപ്പറ്റി സംശയത്തിൽ തന്നെയാകുന്നു. ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അക്കാര്യത്തെപ്പറ്റി യാതൊരു അറിവുമില്ല. ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല. എന്നാൽ അദ്ദേഹത്തെ അല്ലാഹു അവങ്കലേക്ക് ഉയർത്തുകയത്രെ ചെയ്തത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. (4-156-158)

❒ അല്ലാഹു പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക:) ഹേ; ഈസാ, തീർച്ചയായും നിന്നെ നാം പൂർണ്ണമായി ഏറ്റെടുക്കുകയും, എന്റെ അടുക്കലേക്ക് നിന്നെ ഉയർത്തുകയും, സത്യനിഷേധികളിൽ നിന്ന് നിന്നെ നാം ശുദ്ധമാക്കുകയും, നിന്നെ പിന്തുടർന്നവരെ ഉയിർത്തെഴുന്നേൽപിന്റെ നാൾ വരേക്കും സത്യനിഷേധികളെക്കാൾ ഉന്നതൻമാരാക്കുകയും ചെയ്യുന്നതാണ്. പിന്നെ എന്റെ അടുത്തേക്കാണ് നിങ്ങളുടെ മടക്കം. നിങ്ങൾ ഭിന്നിച്ചു

കൊണ്ടിരിക്കുന്ന കാര്യത്തിൽ അപ്പോൾ ഞാൻ നിങ്ങൾക്കിടയിൽ തീർപ്പു കൽപിക്കുന്നതാണ്. (3/55)

ഇത് യേശുക്രിസ്തുവിന്റെ ശരിയായ ചരിത്രം

❒ അതത്രെ മർയമിന്റെ മകനായ ഈസാ അവർ ഏതൊരു വിഷയത്തിൽ തർക്കിച്ച് കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർത്ഥമായ വാക്കത്രെ ഇത്. (19/34)

❒ തീർച്ചയായും ഇത് യഥാർത്ഥമായ സംഭവ വിവരണമാകുന്നു. അല്ലാഹുവല്ലാതെ യാതൊരു ദൈവവും ഇല്ല തന്നെ. തീർച്ചയായും അല്ലാഹു തന്നെയാകുന്നു പ്രതാപവാനും യുക്തിമാനും. (3/62)

■

അവലംബം

1. വിശുദ്ധ ഖുർആൻ വിവരണം - മുഹമ്മദ് അമാനി മൗലവി ﵀
2. വിശുദ്ധ ഖുർആൻ സമ്പൂർണ്ണ പരിഭാഷ - ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ.
3. ബുഖാരി മുസ്‌ലിം സമ്പൂർണ്ണ പരിഭാഷയും വ്യാഖ്യാനവും - സി.പി സ്വലാഹുദ്ധീൻ സ്വലാഹി
4. സ്വഹീഹുൽ ബുഖാരി പരിഭാഷയും വ്യാഖ്യാനവും - അബ്ദുൽ ഹഖ് സുല്ലമി ആമയൂർ
5. സ്വഹീഹ് മുസ്‌ലിം സമ്പൂർണ്ണ പരിഭാഷ - ഒരു സംഘം പണ്ഡിതർ, മുഖ്യപരിശോധന അബൂബക്കർ സലഫി
6. ഹദീസ് വിജ്ഞാന കോശം, സുകൃതരുടെ പൂങ്കാവനം - വിവർത്തനം അബ്ദുല്ലാ നദ്‌വി
7. രിയാളുസ്വാലിഹീൻ സംഗ്രഹ പരിഭാഷ - അബ്ദുറഹ്മാൻ മദീനി
8. അൽ വജീസ് കർമ്മ ശാസ്ത്ര സംഗ്രഹം - വിവ: ഉമർ കോയ മദീനി
9. വിശ്വാസം ഹദീസ് സമാഹാരം - ചീഫ് എഡിറ്റർ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി
10. അല്ലാഹു, വിശ്വാസ കാര്യങ്ങൾ - അബ്ദുൽ ഹഖ് സുല്ലമി ആമയൂർ
11. അല്ലാഹുവിനെ അറിയുക - എം.എം അക്ബർ
12. വിശ്വാസം ഭാഗം ഒന്ന് - കെ.പി മുഹമ്മദ് മൗലവി ﵀
13. അസ്മാഉൽ ഹുസ്നാ - സഅ്ഫർ സാദിഖ് മദീനി
14. അസ്മാഉല്ലാഹ് - അബ്ദുൽ ജബ്ബാർ അബ്ദുല്ല.
15. അസ്മാഅ് വസ്വിഫാത്ത് അടിസ്ഥാനവും വ്യതിനായനവും - ശൈഖ് ഉസൈമീൻ ﵀ വിവ: മിഷാൽ സലീം
16. തൗഹീദുൽ അസ്മാഉ വസ്സിഫാത്ത് - ശൈഖ് ഉസൈമീൻ ﵀ വിവ: ഹംസ ജമാലി.
17. അന്യൂനമായ ദൈവ വിശ്വാസം - കോയക്കുട്ടി ഫാറൂഖി
18. അത്തൗഹീദ് - പി.അബ്ദുൽ ഖാദർ മൗലവി ﵀ കണ്ണൂർ
19. തൗഹീദും ശിർക്കും തിരുമൊഴികളിൽ - ശൈഖ് സ്വലാഹ് ബുദൈർ വിവ: അബ്ദുൽ ജബ്ബാർ അബ്ദുല്ല.
20. ശിർക്ക്, വിവരണം, വിഭജനം, വിധികൾ ഫത്‌വകൾ -മൊഴിമാറ്റം അബ്ദുൽ ജബ്ബാർ അബ്ദുല്ല
21. വിധിവിശ്വാസം - മുഹമ്മദ് അൽജിബാലി. വിവ: മുഹമ്മദ് സിയാദ്
22. വിധി വിശ്വാസം ലളിത പാഠങ്ങൾ - യൂസുഫൽ ഖറദാവി, അലൈവ മുസ്തഫ, അലി ജമ്മാസ്. വിവ: അബ്ബുല്ലാത്തീഫ് കൊടുവള്ളി
23. ഖുർആനിന്റെ മഹത്വങ്ങൾ - അബ്ദുൽ ജബ്ബാർ അബ്ദുല്ല
24. ഖുർആൻ നാം അറിയേണ്ടത് - ഫദലുൽ ഹഖ് ഉമരി ആമയൂർ
25. ഖുർആനിന്റെ മൗലികത ഭാഗം 1, 2 - എം. എം അക്ബർ
26. ഖുർആനിൻ ക്രോഡീകരണം ചരിത്രവും, വിമർശനങ്ങളും - എം.എം അക്ബർ
27. മരണവും ഖബ്ർ ജീവിതവും - അബ്ദുൽ ജബ്ബാർ അബ്ദുല്ല
28. അന്ത്യനാളിനെ അടയാളങ്ങൾ - അബ്ദുൽ ജബ്ബാർ അബ്ദുല്ല
29. അന്ത്യനാളും വിചാരണയും - അബ്ദുൽ ജബ്ബാർ അബ്ദുല്ല
30. നരകം - അബ്ദുൽ ജബ്ബാർ അബ്ദുല്ല
31. സ്വർഗം - അബ്ദുൽ ജബ്ബാർ അബ്ദുല്ല
32. മുഹമ്മദ് നബി ﷺ ചരിത്ര സംഗ്രഹം - അബ്ദുൽ ലത്തിഫ് സുല്ലമി
33. മുഹമ്മദ് നബി ﷺ ബൈബിളിൽ - ഫാദർ ബെഞ്ചമിൻ, വിവ: കെ.എ ഖാദർ
34. മുഹമ്മദ് നബി ﷺ യും യുക്തിവാദികളും - ശൈഖ് മുഹമ്മദ് കാരക്കുന്ന്.
35. മുഹമ്മദ് നബി ﷺ ചരിത്ര സ്രോതസ്സുകളും ചരിത്ര പരതയും - എം.എം അക്ബർ
36. മുഹമ്മദ് നബി ﷺ ബഹു മതസ്ഥർക്കിടയിൽ - റാഗിബ് അസ്സർജാനി വിവ: സി മുഹമ്മദ് സലീം സുല്ലമി
37. മുഹമ്മദ് നബി ﷺ പ്രവാചകത്വത്തിന്റെ തെളിവുകൾ - അബ്ദുൽ മജീദ് വാരാണക്കര
38. മുഹമ്മദ് നബി ﷺ സ്വഭാവ വിശേഷങ്ങൾ - ഇമാം തുർമിദി, വിവ: സി.മുഹമ്മദ് സലീം സുല്ലമി
39. മുഹമ്മദ് നബി ﷺ മാതൃകാധ്യാപകൻ - സി.മുഹമ്മദ് സലീം സുല്ലമി.

40. മുഹമ്മദ് നബി ﷺ ചന്തമാർന്ന വ്യക്തിത്വം - കബീർ. എം പറളി
41. മുഹമ്മദ് നബി ﷺ യെ അറിയുക നബി നിന്ദകരെയും - എം.എം അക്ബർ
42. നബി ﷺ യുടെ വിവാഹം വസ്തു തയെന്ത് - മുഹമ്മദ് അമാനി മൗലവി ﷺ
43. നബി ﷺ യുടെ മുഅ്ജിസത്തുകൾ - സയ്യിദ് സഅ്ഫർ സാദിഖ് മദീനി
44. നബി ﷺ യുടെ ഖബർ യദാർത്ഥ്യമെന്ത്? - എസ്.എസ് ചങ്ങലീരി
45. നബിഗേഹത്തിൽ ഒരു ദിവസം - അൽ മാലിക് അൽ വാസിം - വിവ: മിഷാൽ സലിം
46. നബി ﷺ യുടെ പ്രാർത്ഥനകൾ - അബ്ദുൽ ജബ്ബാർ അബ്ദുല്ല
47. നബിനിന്ദ ചരിത്രം, പ്രത്യയ ശാത്രം പ്രതിരോധം - മുസ്തഫ തൻവീർ
48. നബി ചരിത്ര രചന, വളർച്ചയും വികാസവും - അല്ലാമ ശിബ്ലി നുഅ്മാനി, വിവ: അബ്ദുറഹ്മാൻ
49. നബി വ്യക്തിത്വം അധികാരത്തിന് മുമ്പും ശേഷവും - എം.എം അക്ബർ
50. നബിദിനാഘോഷം ഇസ്ലാമിക വീക്ഷണത്തിൽ - എസ്.എസ് ചങ്ങലീരി
51. തീന്മേശയിലെ നബി മര്യാദകൾ - മിഷാൽ സലീം
52. സമാധാനത്തിന്റെ ദൂതൻ - എം.എം അക്ബർ
53. ദയാനിധിയായ ദൈവ ദൂതൻ - ടി.കെ ഇബ്റാഹീം
54. പ്രവാചക ചരിത്ര സംഗ്രഹം - ശർഖാൻ അൽഗാംദി - വിവ: സയ്യിദ് സഅ്ഫർ സ്വാദിഖ്
55. പ്രവാചകന്റെ 117 വസിയ്യത്തുകൾ - സയ്യിദ് സഅ്ഫർ സ്വാദിഖ്
56. പ്രവാചകൻ പറഞ്ഞ കഥകൾ - ഫദ്ലുൽ ഹഖ് ഉമരി ആമയൂർ
57. പ്രവാചകന്റെ സർവ്വ സാനിധ്യം - അബ്ദുറഹ്മാൻ അമീൻ, വിവ: മുഹമ്മദ് കൊടിയത്തൂർ
58. പ്രവാചകൻ ﷺ കോപിച്ച സന്ദർഭങ്ങൾ - അബ്ദുറഹ്മാൻ ആദ്യശ്ശേരി
59. പ്രവാചക ചരിത്രം ക്വിസ് - ശംസുദ്ധീൻ ഫരീദ്
60. പ്രവാചകന്റെ ചികിത്സാ വിധികളും ആധുനിക വൈദ്യ ശാസ്ത്രവും - ടി.കെ യൂസുഫ്
61. പ്രവാചകൻ തെറ്റ് തിരുത്തിച്ച രീതികൾ - ശൈഖ് സ്വാലിഹ് അൽ മുനജ്ജിദ്, വിവ; കെടി ഹനീഫ്
62. അന്ത്യപ്രവാചകന്റെ അന്ത്യനിമിഷങ്ങൾ - ഫദ്ലുൽ ഹഖ് ഉമരി ആമയൂർ
63. ബൈബിളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ - എം.എം അക്ബർ
64. ഇതാണ് പ്രവാചകൻ - ഇ.കെ.എം പന്നൂർ
65. പ്രതികരണത്തിന്റെ പ്രവാചക മാതൃകകൾ - ശമീർ മദീനി (ലേഖനം)
66. ശത്രുക്കളോടും കാരുണ്യത്തോടെ - ശമീർ മദീനി (ലേഖനം)
67. ഹിജ്റയുടെ പാഠങ്ങൾ - എം.എം അക്ബർ
68. ഇത്തിബാഉസ്സുന്ന - ശൈഖ് ഫൈസൽ ബിൻ അലി ബുഅ്കാനി വിവ: അബ്ദുൽ ജബ്ബാർ അബ്ദുല്ല
69. സുന്നത്ത് ഇസ്ലാമിക ശരീഅത്തിൽ - മുസ്തഫ ഹസനിസ്സിബാഈ വിവ: കെ.എ ഖാദർ ഫൈസ്
70. സുന്നത്ത് സ്വർഗത്തിന്റെ താക്കോൽ - ഇമാം സുയൂത്തി ﷺ വിവ: ശമീർ മദീനി
71. പ്രബോധനം ഹദീസ് പതിപ്പ് - ഒരു സംഘം ലേഖകർ
72. ഹദീസ് ക്രോഡീകരണ ചരിത്രം - ഡോ. മുഹമ്മദ് ഇബ്നു മത്വർ അസ്സഹ്റാനി, ആശയ സംഗ്രഹം: മിശാൽ സലീം
73. യേശുക്രിസ്തുവിനെ അറിയുക - സലീം പട്ടള
74. പാപമോചന മാർഗങ്ങൾ - മുഹമ്മദ് സാദിഖ് മദീനി
75. എന്താണ് ഇസ്ലാം - എം.എം അക്ബർ
76. ഇസ്ലാം അടിസ്ഥാന പാഠങ്ങൾ - ശമിർ മദീനി
77. ഇസ്ലാമിക മര്യാദകൾ - അബ്ദുൽ ജബ്ബാർ അബ്ദുല്ല.
78. ജിഹാദ് സഹനവും സമരവും - എം.എം അക്ബർ
79. മസ്ജിദുകളെ മഖ്ബറകളാക്കുന്നവർക്ക് താക്കീത് - ഇമാം അൽബാനി ﷺ വിവ: സയ്യിദ് സഅ്ഫർ സാദിഖ് മദീനി
80. വൻപാപങ്ങൾ - ഇമാം ദഹബി, വിവ: അബു അബ്ദില്ല, ജിദ്ദ

81. ശ്രദ്ധിക്കപ്പെടാത്ത നിഷിദ്ധങ്ങൾ - ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ-മുജദ്ദി വിവ: അബ്ദുൽ ജബ്ബാർ അബ്ദുല്ല
82. മാർഗദീപം - ശൈഖ് മുഹമ്മദ് കാരക്കുന്ന്
83. മദ്യം ഇസ്ലാമിക നിലപാട് - അബ്ദുൽ ജബ്ബാർ അബ്ദുല്ല
84. സെക്സ് ഇസ്ലാമിക പാഠങ്ങൾ - മുഹമ്മദ് അൽ ജിബാലി - വിവ: പി.എസ് അബ്ദുന്നാസിർ, മുഹമ്മദ് സിയാദ്
85. സ്വവർഗരതി, അവകാശമോ, വൈകൃതമോ? എം.എം അക്ബർ